21 വെള്ളി
ഫെബ്രുവരി 2003

ദേശാഭിമാനി

Established in 1942 | KOZHIKODE ▪ KOCHI ▪ THIRUVANANTHAPURAM ▪ KANNUR ▪ KOTTAYAM ▪ THRISSUR ▪ www.deshabhimani.com

...ാരണ ഇന്ന്

...ലത്തുമായി ...നമന്ത്രി

...ഒരു മൽസരത്തിലും കളിക്കു... ...ന നാട്ടിലേക്കു തിരിച്ചയച്ചു... ...ഭാരം കുറയാനു... ...റ്റിക്സ് ഹൈ...

ഒരുതരത്തിലുള്ള അന്വേഷണവും ഇല്ല: മുഖ്യമന്ത്രി

തിരു: മുത്തങ്ങയിൽ സർക്കാർ പറഞ്ഞതാണ് പൊലീസ് നടപ്പാക്കിയതെന്നും അതിനാൽ ഒരുതരത്തിലുള്ള അന്വേഷണത്തെക്കുറിച്ചും ആലോചിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി എ കെ ആൻറണി മന്ത്രിസഭായോഗത്തിനുശേഷം വാർത്താലേഖകരോട് പറഞ്ഞു.

ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട പൊലീസ് കോൺസ്റ്റബിൾ വിനോദിൻെറ കുടുംബത്തിന് അഞ്ചുലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ വനംവകുപ്പ് ഉദ്യോഗസ്ഥൻ സി കെ ശശിധരന് ഒരുലക്ഷം രൂപയും അടിയന്തര ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വെടിയേറ്റു മരിച്ച ആദിവാസി യുവാവിൻെറ കുടുംബത്തിനും പരിക്കേറ്റ ആദിവാസികൾക്കും സഹായം നൽകുമോയെന്ന ചോദ്യത്തിന് തീരുമാനിച്ചിട്ടില്ലെന്നായിരുന്നു ആദ്യം മുഖ്യമന്ത്രി നൽകിയ മറുപടി. ചോദ്യം ആവർത്തിച്ചപ്പോൾ മരിച്ചയാളുടെ ബാക്ക് ഗ്രൗണ്ട് പരിശോധിച്ചശേഷം തീരുമാനിക്കുമെന്നായിരുന്നു പ്രതികരണം.

മുത്തങ്ങയിലെ ആദിവാസി സമരം സായുധകലാപമായി വളരുമെന്ന് സർക്കാർ പ്രതീക്ഷിച്ചില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ആദിവാസികൾക്കു പിന്നിൽ പല ശക്തികളുമുണ്ട്. എന്നാൽ, അവർ ആരൊക്കെയാണെന്ന് കൃത്യമായി പറയാൻ കഴിയില്ലെന്നും കലാപത്തിനുപിന്നിലെ ശക്തികളെക്കുറിച്ച് അന്വേഷിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വനംകയ്യേറിയവർ ഇത്രയും പോകുമെന്ന് കരുതിയില്ല. നല്ല വാക്കുപറഞ്ഞ് പിരിച്ചുവിടാൻ ശ്രമിക്കുകയായിരുന്നു. അനൗപചാരികമായി ചർച്ചകളും നടത്തിവരികയായിരുന്നു.

ഏറ്റുമുട്ടലിലും വെടിവെപ്പിലും രണ്ടുപേർ മരിച്ചുവെന്നാണ് ഇപ്പോഴും തനിക്ക് കിട്ടിയ ഔദ്യോഗിക വിവരം. പൊലീസ് തെരച്ചിൽ തുടരുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മുത്തങ്ങയിൽ വ്യാപക റെയ്ഡ്; 240 പേർ കസ്റ്റ...



◆ പൊലീസ് മർദനത്തിൽ പരിക്കേറ്റ് ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച രാധയും മക്കൾ വിഷ്ണുവും വിനീതയും

സ്വന്തം പ്രതിനിധി

മുത്തങ്ങ: ബുധനാഴ്ച വൈകീട്ട് ഗോത്രമഹാസഭക്കാരും പൊലീസും തമ്മിൽ ഏറ്റുമുട്ടിയ മുത്തങ്ങയിലും പരിസര പ്രദേശങ്ങളിലും സ്ഥിതി നിയന്ത്രണാധീനം. ഉത്തര മേഖലാ ഐ ജി വേണുഗോപാൽ കെ നായരുടെ നേതൃത്വത്തിൽ അഞ്ച് കമ്പനി സായുധ സേന സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. ഏറ്റുമുട്ടലിൽ ഒരു പൊലീസുകാരനും ഒരു ഗോത്രമഹാസഭാ പ്രവർത്തകനുമാണ് കൊല്ലപ്പെട്ടത്. മാനന്തവാടി പയ്യമ്പള്ളി ചെറുമാട് കോളനിയിലെ ജോഗി (55)യാണ് മരിച്ച ആദിവാസി.

ഇവരുടെ ജഡങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ഉച്ചയോടെ ബന്ധുക്കൾ ഏറ്റുവാങ്ങി സ്വദേശത്തേക്ക് കൊണ്ടുപോയി.

മുത്തങ്ങ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ ഗോത്രമഹാസഭക്കാർ കയ്യേറിയ കൗണ്ടർവയൽ, മരത്തുപാടി, തകരപ്പാടി തുടങ്ങിയ പ്രദേശങ്ങളിൽ പൊലീസ് അരിച്ചുപെറുക്കിയെങ്കിലും ആരെയും കണ്ടെത്താനായില്ല. വെടിവെപ്പിൽ ഒന്നിലേറെ പേർ മരിച്ചിട്ടുണ്ടെന്നായിരുന്നു പൊലീസിൽ നിന്നും ബുധനാഴ്ച രാത്രി ലഭിച്ച അനൗദ്യോഗിക വിവരം. എന്നാൽ സംഭവസ്ഥലത്തുനിന്നും കൂടുതൽ ജഡങ്ങളൊന്നും കണ്ടെത്താനായില്ല. അതേ സമയം അമ്പും വില്ലും, വാരിക്കുന്തം, സ്പ്രിംഗ് ചുറ്റിയ മരവടികൾ, വടിവാൾ, മഴു തുടങ്ങിയ മാരകായുധങ്ങൾ പൊലീസ് കണ്ടെടുത്തു. കീഴടങ്ങിയ 148 പേർ ഉൾപ്പെടെ 240 പേർ പൊലീസ് കസ്റ്റഡിയിലുണ്ട്. സമരത്തിന് നേതൃത്വം നൽകിയ

(ശേഷം രണ്ടാം പേജിൽ ഏഴാം കോളം)



◆ പൊലീസ് നശിപ്പിച്ച ആദിവാസി കുടിലുകൾ

വഴിനീളെ ആദിവാസികളെ പിടികൂടുന്നു

അന്വേഷണമില്ല; പ്രതിപക്ഷം വാക്കൗട്ട് നടത്തി

തിരു: മുത്തങ്ങയിലെ കൂട്ടക്കൊല നിയമസഭയെ പിടിച്ചുലച്ചു. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചു. പിന്നീട് സഭ ബഹിഷ്കരിച്ച് സഭാകവാടത്തിൽ ധർണ നടത്തി. അതോടെ മൂല്യവർധിതനികുതി(വാറ്റ്) ബിൽ ചർച്ചകൂടാതെ ഞൊടിയിടയിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് സഭ വ്യാഴാഴ്ച പിരിഞ്ഞു.

കറുത്ത ബാഡ്ജ് ധരിച്ച് പ്ലക്കാർഡുകളുമായി വ്യാഴാഴ്ച സഭയിലെത്തിയ പ്രതിപക്ഷം ആദ്യം നിശബ്ദ പ്രതിഷേധത്തിലൂടെ ചോദ്യോത്തരവേള ബഹിഷ്കരിച്ചു. ചോദ്യോത്തരവേളയിൽ രണ്ടാമത്തെ ചോദ്യത്തിൻെറ സമയത്ത് 'മുത്തങ്ങയിലെ കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ഞങ്ങൾ ചോദ്യം ചോദിക്കുന്നില്ല' എന്ന് പ്രതിപക്ഷ വിപ്പ് കെ രാധാകൃഷ്ണൻ അറിയിച്ചു.

ചോദ്യോത്തരവേളയ്ക്കുശേഷം ശൂന്യവേളയിൽ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ മുത്തങ്ങസംഭവത്തെപ്പറ്റി സഭനിർത്തി ചർച്ചചെയ്യാൻ ആവശ്യപ്പെട്ട് ആദിനത്തെ പ്രമേയത്തിന് അവതരണാനുമതി തേടി. ആദിവാസികളെ പൊലീസ് വെടിവെച്ചുകൊല്ലുന്നത് സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ആദ്യമാണ്. 2002 ഡിസംബർ 31നകം ആദിവാസികൾക്ക് ഭൂമി വിതരണംചെയ്യുമെന്ന ഉറപ്പ് ആൻറണിസർക്കാർ പാലിച്ചില്ല. അതാണ് കുഴപ്പങ്ങൾക്കു കാരണമായതെന്ന് കോടിയേരി ചൂണ്ടിക്കാട്ടി.

എന്നാൽ, ജുഡീഷ്യൽ അന്വേഷണാവശ്യം മുഖ്യമന്ത്രി എ കെ ആൻറണി നിരാകരിച്ചു. സംഭവം ഗൗരവമുള്ളതാണെങ്കിലും

(ശേഷം രണ്ടാം പേജിൽ ഏഴാം കോളം)

പ്രതിപക്ഷസംഘം മുത്തങ്ങയിലേക്ക്

തിരു: മുത്തങ്ങസംഭവത്തെക്കുറിച്ച് അന്വേഷിക്കാനായി പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദൻെറ നേതൃത്വത്തിലുള്ള സംഘം വയനാട്ടിലേക്ക് തിരിച്ചു.

സംഭവത്തെക്കുറിച്ച് നേരിട്ട് അന്വേഷണം നടത്തി വസ്തുതകൾ മനസ്സിലാക്കാനാണ് മുത്തങ്ങ സന്ദർശിക്കുന്നതെന്ന് വി എസ് പറഞ്ഞു.

പ്രതിക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, എം വി ജയരാജൻ, കെ രാധാകൃഷ്ണൻ, കെ പി രാജേന്ദ്രൻ, എ സി ഷൺമുഖദാസ് തുടങ്ങിയവരാണ് സംഘത്തിലുള്ളത്.

മുഖ്യമന്ത്രി പൊലീസിനെ ന്യായീകരിക്കുന്നു പേജ് 2

'വാറ്റ്' ബിൽ ചർച്ചകൂടാതെ സബ്ജക്ട് കമ്മിറ്റിക്ക്

തിരു: സുപ്രധാനമായ മൂല്യവർധിതനികുതി ബിൽ നിയമസഭയിൽ ചർച്ച നടത്താതെ സർക്കാർ താൽപര്യപ്രകാരം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. മുത്തങ്ങ സംഭവത്തിൻെറ പശ്ചാത്തലത്തിൽ പ്രതിപക്ഷം വ്യാഴാഴ്ച നിയമസഭ സ്തംഭിപ്പിച്ചിരുന്നു.

കേരളത്തിൻെറ ഭാവിയെ ബാധിക്കുന്ന ബില്ലെന്ന നിലയിൽ ഇത് പരിഗണിക്കുന്നത് മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കണമെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദനും ഉപനേതാവ് കോടിയേരി ബാലകൃഷ്ണനും സഭയിൽ ആവശ്യപ്പെട്ടെങ്കിലും ഗവർമെണ്ട് വഴങ്ങിയില്ല.

ഇറാൻ വിമാനാപകടം: മരണം 302

തെഹ്റാൻ: ഇറാൻെറ സൈനിക വിമാനം തകർന്ന് അതിനകത്തുണ്ടായിരുന്ന 302 പേരും കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചു. വ്യാഴാഴ്ച പുലർച്ചെയാണ് രാജ്യത്തിൻെറ ചരിത്രത്തിലെ ഏറ്റവും വലിയ വിമാനദുരന്തമുണ്ടായത്.

ഇറാൻസേനയിലെ പ്രത്യേക വിഭാഗമായ ഇസ്ലാമിക് റവല്യൂഷണറി ഗാർഡിൽപ്പെട്ട 284 ജവാന്മാരും 18 വിമാനജോലിക്കാരുമാണ് കൊല്ലപ്പെട്ടത്. പാക്ക് അതിർത്തിയിലുള്ള സിസ്താൻ – ബലൂചിസ്ഥാൻ പ്രവിശ്യയിലെ പർവതനിരയിൽ വിമാനാവശിഷ്ടങ്ങളും മൃതദേഹങ്ങളും കണ്ടെത്തി. പ്രവിശ്യാ തലസ്ഥാനമായ സഹിദാനിൽനിന്ന് കെർമാൻനഗരത്തെ ലക്ഷ്യമാക്കി നീങ്ങുകയായിരുന്നു റഷ്യൻ നിർമിത വിമാനം. രാജ്യത്തിൻെറ തെക്കുകിഴക്കൻ മേഖലയിൽ തെഹ്റാനിൽനിന്ന് 800 കിലോമീറ്റർ അകലെയാണ് അപകടസ്ഥലം.

മോശമായ കാലാവസ്ഥയാണ് അപകടത്തിനിടയാക്കിയതെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായതായി പ്രവിശ്യാ ഗവർണർ മുഹമ്മദലി കരിമി പറഞ്ഞു. മോശം കാലാവസ്ഥ കാരണം കെർമാൻ താവളത്തിൽ വിമാനമിറക്കാനാവുന്നില്ലെന്ന് പൈലറ്റ് അപകടത്തിനു തൊട്ടുമുമ്പ് എയർ ട്രാഫിക് കൺട്രോളർമാരെ അറിയിച്ചിരുന്നു.

അമേരിക്കൻ ഉപരോധംമൂലം തങ്ങളുടെ വിമാനങ്ങൾക്ക് അറ്റകുറ്റപ്പണി സാധ്യമാകുന്നില്ലെന്നും ഇത് ദുരന്തത്തിനിടയാക്കുമെന്നും ഇറാൻ ഗതാഗതമന്ത്രി അഹമ്മദ് ഖൊറാം ഈയിടെ പ്രസ്താവിച്ചിരുന്നു.

പാക്ക് വ്യോമസേനാ തലവൻ വിമാനം തകർന്നു മരിച്ചു

ഇസ്ലാമാബാദ്: പാക്കിസ്ഥാൻ വ്യോമസേനാ മേധാവി മുഷാഫ് അലി മിറും രണ്ട് ഉപമേധാവികളും വിമാനാപകടത്തിൽ കൊല്ലപ്പെട്ടു. മിറിൻെറ ഭാര്യ ബീഗം ബൽക്കീസും ആറ് ഉന്നത ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടവരിൽപെടും.

ഇവർ സഞ്ചരിച്ച സൈനിക വിമാനം പഞ്ചാബ് പ്രവിശ്യയിലെ തൊലാനി പർവതനിരയിൽ തകർന്നുവീഴുകയായിരുന്നു. വിമാനത്തിലുണ്ടായിരുന്ന 17 പേരും കൊല്ലപ്പെട്ടു. സ്ഥലത്ത് മോശം കാലാവസ്ഥയായിരുന്നു. വടക്കു പടിഞ്ഞാറൻ പാക്കിസ്ഥാനിലെ കോഹാത്തിലുള്ള വ്യോമസേനാ ക്യാമ്പിൽ വാർഷിക പരിശോധനക്കു പോയതായിരുന്നു വ്യോമമേധാവിയും സംഘവും.

പോട്ട ദുരുപയോഗം: ലോകസഭയിലും ഇറങ്ങിപ്പോക്ക്

ദില്ലി: സംസ്ഥാന ഗവർമെണ്ടുകൾ ഭീകരവാദവിരുദ്ധ നിയമം (പോട്ട) ദുരുപയോഗിക്കുന്നതിനോടുള്ള കേന്ദ്രനിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ലോകസഭയിൽ നിന്ന് ഇറങ്ങിപ്പോയി. ശൂന്യവേളയിൽ പ്രശ്നമുയർത്തിയ പ്രതിപക്ഷാംഗങ്ങൾ പോട്ട പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. വൈക്കോയുടെ അറസ്റ്റിലൂടെ തമിഴ്നാട്ടിൽ പോട്ട ദുരുപയോഗം ചെയ്യപ്പെടുകയാണുണ്ടായതെന്ന് എൻഡിഎ സഖ്യകക്ഷിയായ ഡിഎംകെയിലെ പളനിമാണിക്യം പറഞ്ഞു.

സമാജ്‌വാദി പാർടി നേതാവ് രാംജിലാൽ സുമനാണ് ശൂന്യവേളയിൽ അടിയന്തിരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് പോട്ട നിയമം വിവിധ സംസ്ഥാനങ്ങളിൽ ദുരുപയോഗം ചെയ്യുന്ന കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തിയത്. പോട്ട ദുരുപയോഗപ്പെടുത്തിയതിന് ഒരു തെളിവുമില്ലെന്ന ഉപപ്രധാനമന്ത്രി എൽ കെ അദ്വാനിയുടെ പരാമർശത്തെ സുമൻ തെളിവുകൾ നിരത്തി ഖണ്ഡിച്ചു. യുപിയിൽ സ്വതന്ത്ര എം എൽ എ രാജഭയ്യയെ പോട്ട പ്രകാരം അറസ്റ്റുചെയ്തതിൽ ബിജെപി നേതാക്കളായ കൽരാജ്മിശ്രക്കും വിനയ്കത്യാറിനും കൃഷിമന്ത്രി അജിത്സിങ്ങിനും പ്രതിഷേധമുള്ള കാര്യം അദ്ദേഹം സഭയുടെ ശ്രദ്ധയിൽ പെടുത്തി. 81 വയസ്സുള്ളയാളും നിരപരാധികളായ കുട്ടികളും പോട്ട പ്രകാരം അറസ്റ്റിലായെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ശിക്ഷാനിയമവും സിആർപിസിയും അപ്രസക്തമാവുന്ന നിലയിലേക്ക് പോട്ടയുടെ ദുരുപയോഗം വളർന്നിരിക്കയാണെന്ന് സിപിഐ എം ലോകസഭാകക്ഷി നേതാവ് സോമനാഥ് ചാറ്റർജി പറഞ്ഞു. വൈക്കോയുടെ അറസ്റ്റ് പോട്ട ദുരുപയോഗത്തിൻെറ തെളിവാണ്. വൈക്കോയുടെ രാഷ്ട്രീയത്തിന് ഞങ്ങളെതിരാണ്. എന്നാൽ, അദ്ദേഹത്തിൻെറ പൗരാവകാശങ്ങൾ ഹനിക്കുന്നത് അംഗീകരിക്കാനാവില്ല. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ കയ്യിൽ വെക്കുന്നവരെ പോട്ട പ്രകാരം അറസ്റ്റ് ചെയ്യുമെന്ന് വ്യവസ്ഥ ഒരു സംസ്ഥാനത്തുണ്ട്. ഈ കിരാതനിയമത്തിന് വോട്ടുചെയ്തവർ തന്നെയാണ് ഇപ്പോൾ ദുരിതമനുഭവിക്കുന്നത്–സോമനാഥ് പറഞ്ഞു.

ചർച്ചകൾക്ക് മറുപടി പറഞ്ഞ ആഭ്യന്തരസഹമന്ത്രി ഹരേൻ പഥക്, പോട്ട ദുരുപയോഗത്തെക്കുറിച്ച് സംസ്ഥാനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയാണെന്ന് പറഞ്ഞു. പോട്ട പുന:പരിശോധിക്കില്ലെന്ന് പഥക് പറഞ്ഞതോടെ പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ടിറങ്ങുകയായിരുന്നു.

പണമില്ല; ഫാക്ട് പ്ലാൻറുകൾ പൂട്ടുന്നു

സ്വന്തം പ്രതിനിധി

കളമശേരി: അസംസ്കൃത വസ്തുക്കൾ വാങ്ങാൻ പണമില്ലാത്തതിനാൽ ഫാക്ടിൻെറ എല്ലാ പ്ലാൻറുകളും അടച്ചിടാൻ മാനേജ്മെൻറ് തീരുമാനിച്ചു. ഉദ്യോഗമണ്ഡൽ ഡിവിഷനിലെ അമോണിയ പ്ലാൻറിൻെറ പ്രവർത്തനം വ്യാഴാഴ്ചതന്നെ നിർത്തി. രണ്ടാഴ്ചത്തേക്ക് മറ്റു പ്ലാൻറുകളും നിർത്താനാണ് തീരുമാനം.

നാഫ്തയും ബെൻസിനും ഫർണസ് ഓയിലുമാണ് ഫാക്ടിൻെറ പ്രവർത്തനത്തിനു വേണ്ടത്. കൊച്ചി റിഫൈനറിയാണ് ഇവ നൽകേണ്ടത്. പണം നൽകാത്തതിനാൽ അവർ ഇന്ധനം നൽകുന്നില്ല. ഫെബ്രുവരി എട്ടുമുതൽ കൊച്ചിൻ ഡിവിഷനിലെ പ്ലാൻറുകൾ അടഞ്ഞുകിടക്കുകയാണ്. ഇവിടെ യൂറിയ, അമോണിയ പ്ലാൻറുകൾ പ്രവർത്തിക്കുന്നില്ല.

ഉദ്യോഗമണ്ഡൽ ഡിവിഷനിൽ ഫെബ്രുവരി 18 വരെ പ്രവർത്തിപ്പിക്കാനുള്ള അസംസ്കൃത വസ്തു ഉണ്ടായിരുന്നു. ഇപ്പോൾ അതും തീർന്നതിനാൽ പ്ലാൻറ് അടയ്ക്കുകയാണെന്ന് മാനേജ്മെൻറ് വ്യാഴാഴ്ച ഉച്ചയ്ക്കാണ് യൂണിയൻ നേതാക്കളെ അറിയിച്ചത്.

സാമ്പത്തിക പ്രതിസന്ധിമൂലം പ്ലാൻറുകൾ അടയ്ക്കുകയാണെന്നും ആ സമയത്ത് വാർഷിക അറ്റകുറ്റപ്പണി നടത്തുമെന്നുമാണ് മാനേജ്മെൻറ് ഔദ്യോഗിക പത്രക്കുറിപ്പിൽ പറയുന്നത്. അറ്റകുറ്റപ്പണി നേരത്തെയാക്കുകയാണെന്ന വിശദീകരണവുമുണ്ട്.

ഇന്ധനം വാങ്ങിയ ഇനത്തിൽ 90 കോടി രൂപ നൽകാനുള്ളതിനാലാണ് റിഫൈനറി ഫാക്ടിനെതിരെ നടപടി തുടങ്ങിയത്. എന്നാൽ റിഫൈനറി ഉൽപാദിപ്പിക്കുന്ന നാഫ്തയുടെ 10 ശതമാനം വാങ്ങുന്ന ഫാക്ടിനോട് കുറേക്കൂടി അയഞ്ഞ സമീപനം വേണമെന്നാണ് ഫാക്ടിൻെറ നിലപാട്. ഒരു മാസമായി ഓരോ ദിവസവും പണം നൽകിയാണ് നാഫ്ത വാങ്ങിയിരുന്നത്. ഇനി അതിനും പണമില്ല.

മൂന്നരലക്ഷം ടൺ ഉൽപന്നങ്ങൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മഴയില്ലാത്തതാണ് ഇതിനു കാരണം. അതുമൂലം പ്രവർത്തനത്തിനാവശ്യമായ പണം വരുന്നില്ല.

ഫാക്ടിനെ പ്രതിസന്ധിയിലാക്കി പ്ലാൻറുകൾ പൂട്ടുന്ന നടപടിയിൽ പ്രതിഷേധിച്ച് സേവ് ഫാക്ട് ആക്ഷൻ കമ്മിറ്റി നേതൃത്വത്തിൽ വ്യാഴാഴ്ച തൊഴിലാളികൾ കോർപറേറ്റ് ഓഫീസ് മാർച്ച് നടത്തി. പ്രതിസന്ധി സൃഷ്ടിക്കുന്ന ടെക്നിക്കൽ ഡയറക്ടറുടെ കോലം തൊഴിലാളികൾ കത്തിച്ചു.

ബുധനാഴ്ച ഡിവിഷൻ ഹെഡ്മാരുടെ യോഗം വിളിച്ചാണ് പ്ലാൻറുകൾ നിർത്താനുള്ള തീരുമാനമെടുത്തത്. ട്രേഡ് യൂണിയനുകൾ ഇക്കാര്യമറിയാൻ സിഎംഡി പി ബാലസുബ്രഹ്മണ്യത്തെ കാണാൻ ചെന്നപ്പോൾ വിസമ്മതിച്ചു. ഇത് തൊഴിലാളികളെ രോഷാകുലരാക്കി. കോർപറേറ്റ് ഓഫീസ് മാർച്ചിനുശേഷം ചേർന്ന യോഗത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറി കെ ചന്ദ്രൻപിള്ള, ബി ശശിധരൻ (ഐഎൻടിയുസി), കെ വിജയൻപിള്ള (എഐടിയുസി), എം എസ് ശിവശങ്കരൻ, സാജൻ വർഗീസ്, ജോർജ് തോമസ് എന്നിവർ സംസാരിച്ചു.

THE SAFEST NAME IN ELECTRICAL WIRES
JUST GOT SAFER.
Presenting three new ways to prevent shocks, short circuits and electrical fires.



HOUSEGARD
FLAMEGARD
HOTGARD
Flame Retardant
PVC electrical wires
Finolex Cables Limited
AN IS/ISO 9002 COMPANY
Finolex gets people together
THARA ELECTRICALS
CORPORATION SHOPPING COMPLEX
PONNURUNNI, KOCHI - 682 019. PH: 2304404

www.deshabhimani.com
ദേശാഭിമാനി – വെബ്‌ലോകം
ഇന്നത്തെ ശബ്ദം
ഓൺലൈൻ അഭിപ്രായവോട്ട്
www.weblokam.com
മുത്തങ്ങയിൽ ജാനുവിന്റെ മാർഗം സ്വീകാര്യമാണോ?
അതെ 31.03 %
അല്ല 65.52 %
അഭിപ്രായമില്ല 3.45 %
ഇന്നത്തെ ചോദ്യം
എണ്ണക്കമ്പനികളുടെ സ്വകാര്യവൽക്കരണം ദേശതാൽപര്യത്തിനു അനുയോജ്യമാണോ?
ദേശാഭിമാനി ഓൺലൈനിലോ വെബ് ലോകം സോട്ട്കോമിലോ സന്ദർശിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്.
അഭിപ്രായങ്ങൾ ദേശാഭിമാനി, വെബ്‌ലോകം ഇന്റർനെറ്റ് വരിക്കാരുടെ മാത്രം അഭിപ്രായമാണ്. അത് പൊതുജനാഭിപ്രായമായിരിക്കണമെന്നില്ല.

രക്ഷാബന്ധൻ





GET WIRED TO SAFETY

നിലവാരം കുറഞ്ഞ കേബിളുകൾ ഷോർട്ട് സർക്യൂട്ട്, ഷോക്ക്, തീപിടുത്തം എന്നീ ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തും.

ഉന്നത ഗുണമേന്മയുള്ള വി-ഗാർഡ് പിവിസി ഇൻസുലേറ്റഡ് കേബിളുകൾ മാത്രം വാങ്ങൂ. സുരക്ഷയുടേയും സമാധാനത്തിന്റേയും തണലിൽ ദീർഘകാലം ജീവിതം ആസ്വദിക്കൂ.

V-GUARD®
PVC INSULATED CABLES

സവിശേഷതകൾ: ❖ സവിശേഷ ഫയർ റിട്ടാർഡന്റ് പിവിസി ഇൻസുലേഷൻ ❖ സ്പാർക്ക് ടെസ്റ്റ് ചെയ്തത് ❖ മാർക്കുള്ളത് ❖ ISO 9002 സർട്ടിഫിക്കേഷൻ ലഭിച്ചത് ❖ ട്രേസർ ലൈൻ ❖ നീളം ഉറപ്പാക്കുന്ന പ്രത്യേക സീൽ ❖ 45 & 90 മീറ്റർ നീളങ്ങളിൽ ലഭ്യം ❖ 0.5 sq.mm മുതൽ 10.0 sq.mm വരെയുള്ള കനത്തിൽ കേബിളുകൾ ലഭ്യം.

AUTHORISED DEALERS: Ernakulam: Monarch Electricals Ph: 2350892, Jos Electricals Ph: 2354924, Appollo Electricals Ph: 2352990, Bijus Electricals Ph: 2390269. Valanjambalam: Rose Traders Ph: 2360234. Kaloor: St. Antony's Electricals Ph: 2539885. Palarivattom: J.J. Electricals Ph: 2344008. Alinchuvadu: Bright Electricals Ph: 2349534. Kakkanad: Asha Agencies Ph: 2421244. Edappally: Chambady Electricals Ph: 2335248. Kalamassery: Base Electricals Ph: 2543016. Muppathadam: Thalakkatt Electricals Ph: 2559368. Thoppumpady: C.K. Electricals Ph: 2232131, Thejus Electricals Ph: 2231307. Moolamkuzhy: Ambily Electricals, Ph: 2220918. Cherthala: Cherupushpam Electricals Ph: 2812863. Koothattukulam: General Marketing Federation Ph: 2252401, Vipins Electricals Ph: 2252697. Muvattupuzha: St. Joseph Electricals Ph: 2834623, Paramban Electricals Ph: 2833408. Kolencherry: Popular Electricals Ph: 2761602. Puthencruz: National Electricals Ph : 2730973. Thiruvaniyoor: St.George Electricals Ph: 2732957. Udayamperoor: Sunnies Electricals Ph: 2792492. Trippunithura: Premier Electricals Ph : 2778741, Antons Electricals Ph : 2784252. Alwaye: Kooran Electricals Ph: 2622319. Angamaly: Chirackal Electricals Ph: 2452466. Kalady: Deepa Equipments Ph: 2462814. Pattimattom: Newlight Electricals Ph: 2680393. Pukkattupady: Geo Electricals Ph: 2681872. S. Vazhakkulam: Labeeda Electricals Ph: 2678273. Perumbavoor: Current Electronics Ph: 2522434. Kuruppumpady: Star Agencies Ph: 2527744. Kothamangalam: Kalloor Electricals Ph: 2823688. Alappuzha: Matha Electricals Ph: 2260017, Orient Electricals Ph: 2262263; Mahadeva Electricals, Ph: 2238809. Choonad: Shalimar Hardwares Ph: 2335251. Edathua: Raju's Trade Links Ph: 2212658. Harippad: E.V.Electricals Ph: 2412788. Ochira: Chaitanya Glass House and Electricals. Ph: 2690484. Kayamkulam: Arvee Electricals Ph: 2442663, Elco Electricals Ph: 2443447, Sreevalsam Electricals Ph: 2440839. Mannar: Tharayil Enterprises Ph: 2312664. Muthukulam: Koikaltharayil Electricals Ph: 472390(PP). Podiyadi: Mas Enterprises Ph: 643551. Pullukulangara: Pranavam Electricals Ph: 2430425. Charumood: Elite Electricals Ph: 2383078. Mavelikkara: Ninan's Electricals Ph: 2306233, Naveena Electricals Ph: 2341073. Thattarambalam: Babu's Electricals Ph: 2308844. Kollakadavu: Kuttiyil Agencies Ph: 357857.

Maitri.com

21 വെള്ളി
ഫെബ്രുവരി 2003

ദേശാഭിമാനി

1178 കുംഭം 9
കോഴിക്കോട്

Established in 1942 | KOZHIKODE ▪ KOCHI ▪ THIRUVANANTHAPURAM ▪ KANNUR ▪ KOTTAYAM ▪ THRISSUR ▪ www.deshabhimani.com | പേജ് 12 ▪ വില 3.25 രൂപ

മുത്തങ്ങയിൽ വ്യാപക റെയ്ഡ്; 240 പേർ കസ്റ്റഡിയിൽ

സ്വന്തം പ്രതിനിധി

മുത്തങ്ങ: ബുധനാഴ്ച വൈകീട്ട് ഗോത്രമഹാസഭക്കാരും പൊലീസും തമ്മിൽ ഏറ്റുമുട്ടിയ മുത്തങ്ങയിലും പരിസര പ്രദേശങ്ങളിലും സ്ഥിതി നിയന്ത്രണാധീനം. ഉത്തര മേഖലാ ഐ ജി വേണുഗോപാൽ കെ നായരുടെ നേതൃത്വത്തിൽ അഞ്ച് കമ്പനി സായുധ സേന സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. ഏറ്റുമുട്ടലിൽ ഒരു പൊലീസുകാരനും ഒരു ഗോത്രമഹാസഭാ പ്രവർത്തകനുമാണ് കൊല്ലപ്പെട്ടത്. മാനന്തവാടി പയ്യമ്പള്ളി ചെറുമാട് കോളനിയിലെ ജോഗി (55) യാണ് മരിച്ച ആദിവാസി.

മരിച്ച കോൺസ്റ്റബിൾ വിനോദിന്റെയും ആദിവാസി ജോഗിയുടെയും ജഡങ്ങൾ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ഉച്ചയോടെ ബന്ധുക്കൾ ഏറ്റുവാങ്ങി സ്വദേശത്തേക്ക് കൊണ്ടുപോയി.

മുത്തങ്ങ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ ഗോത്രമഹാസഭക്കാർ കയ്യേറിയ കൗണ്ടർവയൽ, മരത്തുപാടി, തകരപ്പാടി തുടങ്ങിയ പ്രദേശങ്ങളിൽ പൊലീസ് അരിച്ചുപെറുക്കിയെങ്കിലും ആരെയും കണ്ടെത്താനായില്ല. വെടിവെപ്പിൽ ഒന്നിലേറെ പേർ മരിച്ചിട്ടുണ്ടെന്നായിരുന്നു പൊലീസിൽ നിന്നും ബുധനാഴ്ച രാത്രി ലഭിച്ച അനൗദ്യോഗിക വിവരം. എന്നാൽ സംഭവസ്ഥലത്തുനിന്നും കൂടുതൽ ജഡങ്ങളൊന്നും കണ്ടെത്താനായില്ല. അതേ സമയം അമ്പുംവില്ലും, വാരിക്കുന്തം, സ്പ്രിംഗ് ചുറ്റിയ മരവടികൾ, വടിവാൾ, മഴു തുടങ്ങിയ മാരകായുധങ്ങൾ പൊലീസ് കണ്ടെടുത്തു. കീഴടങ്ങിയ 148 പേർ ഉൾപ്പെടെ 240 പേർ പൊലീസ് കസ്റ്റഡിയിലുണ്ട്. സമരത്തിന് നേതൃത്വം നൽകിയ സി കെ ജാനുവും സഹായി ഗീതാനന്ദനും മുങ്ങിയിരിക്കയാണ്.

സമരക്കാരുടെ നേരെ പൊലീസ് 18 ചുറ്റ് വെടിവെച്ചിരുന്നു. ഇതോടെ ഇവർ ചിതറിയോടുകയായിരുന്നു. പൊലീസ് ഓടിച്ചിട്ട് പിടിച്ചവരിൽ വെടിയേറ്റ ഏതാനും പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് കൂടുതൽ പേർ മരിച്ചെന്ന അഭ്യൂഹത്തിനിടയാക്കിയത്. വെടിയേറ്റ സമരക്കാർ വനത്തിലെ ഊടുവഴിയിലൂടെ രക്ഷപ്പെട്ടതായും അഭ്യൂഹമുണ്ട്.

സംഘട്ടനത്തിൽ പരിക്കേറ്റ 32 ആദിവാസികളും 13 പൊലീസുകാരും ഒരു ഫോറസ്റ്റ് ഗാർഡും ബത്തേരി സർക്കാർ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സയിലാണ്. ഇതിൽ നാല്വയസുകാരായ ഇരട്ട ആദിവാസി കുട്ടികൾ കൂടിയുണ്ട്. ആരുടെ നിലയും ഗുരുതരമല്ല. ആശുപത്രിയിൽ കഴിയുന്ന ആദിവാസികൾ പൊലീസ് കസ്റ്റഡിയിലാണ്.

പൊലീസ് കസ്റ്റഡിയിലുള്ളവരിൽ തമിഴ് സംസാരിക്കുന്ന ഏതാനും പേരുണ്ട്. ഇത് സമരക്കാർക്ക് ബാഹ്യശക്തികളുമായി ബന്ധമുണ്ടെന്നതിന്റെ സൂചനയാണെന്ന് പൊലീസ് പറഞ്ഞു. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ ഐ ജി വേണുഗോപാൽ കെ നായർ വിസമ്മതിച്ചു.

പൊലീസ് പരക്കെ റെയ്ഡ് തുടരുകയാണ്. മാനന്തവാടിയിൽ

ശേഷം പേജ് 2 കോളം 1



പൊലീസ് വെടിവെപ്പിനെ തുടർന്ന് ഗോത്രമഹാസഭക്കാർ ഉപേക്ഷിച്ചുപോയ വസ്ത്രങ്ങളും പാത്രങ്ങളും — ഫോട്ടോ: പി വി സുജിത്



പാക്ക് വ്യോമസേനാ തലവൻ വിമാനം തകർന്നു മരിച്ചു

ഇസ്ലാമാബാദ്: പാക്കിസ്ഥാൻ വ്യോമസേനാ മേധാവി മുഷാഫ് അലി മിറും രണ്ട് ഉപമേധാവികളും വിമാനാപകടത്തിൽ കൊല്ലപ്പെട്ടു. മിറിന്റെ ഭാര്യ ബീഗം ബൽക്കീസും ആറ് ഉന്നത ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടവരിൽപെടും.

ഇവർ സഞ്ചരിച്ച സൈനിക വിമാനം പഞ്ചാബ് പ്രവിശ്യയിലെ തൊലാനി പർവതനിരയിൽ തകർന്നുവീഴുകയായിരുന്നു. വിമാനത്തിലുണ്ടായിരുന്ന 17 പേരും കൊല്ലപ്പെട്ടു. അപകടകാരണം വ്യക്തമല്ല. വ്യാഴാഴ്ച വിമാനം തകർന്ന വേളയിൽ സ്ഥലത്ത് മോശം കാലാവസ്ഥയായിരുന്നു. സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണത്തിന് പാക്ക് വ്യോമസേന ഉത്തരവിട്ടിട്ടുണ്ട്.

വടക്കു പടിഞ്ഞാറൻ പാക്കിസ്ഥാനിലെ കോഹാത്തിലുള്ള വ്യോമസേനാ ക്യാമ്പിൽ വാർഷിക പരിശോധനക്കു പോയതായിരുന്നു വ്യോമമേധാവിയും സംഘവും. അഫ്ഗാൻ അതിർത്തിയിലാണ് ഈ ക്യാമ്പ്. 56കാരനായ മുഷാഫ് അലി മിറിനെ 2000 നവംബറിലാണ് പ്രസിഡണ്ട് മുഷാറഫ് എയർമാർഷലായി അവരോധിച്ചത്. ആക്ടിങ് എയർ ചീഫായി എയർ വൈസ് മാർഷൽ സെയ്ദ് കയ്സർ ഹുസൈൻ ചാർജെടുത്തിട്ടുണ്ട്. എയർ വൈസ് മാർഷൽ അബ്ദുൾ റസാഖ്, എയർ വൈസ് മാർഷൽ സലിം എ നവാസ് എന്നിവരാണ് കൊല്ലപ്പെട്ട ഉപ വ്യോമമേധാവികൾ.

ബലിയാടായത് ആദിവാസികൾ

സ്വന്തം പ്രതിനിധി

മുത്തങ്ങ: സി കെ ജാനുവിന്റെ വഴിവിട്ട സമരം ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾക്ക് തിരിച്ചടിയായി. ജാനുവിന്റെ സമരം ഉയർത്തിക്കാട്ടി ആദിവാസികളുടെ ഭൂമി പ്രശ്നത്തിൽനിന്നും തലയൂരാൻ സർക്കാരിന് വഴിയൊരുങ്ങി.

ആദിവാസി ഭൂമി പ്രശ്നത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന സി കെ ജാനുവും കൂട്ടരും മുഖ്യമന്ത്രി ഏ കെ ആന്റണിയും യുഡിഎഫ് നേതാക്കളും തമ്മിലുള്ള ഒത്തുകളിയാണ് വർഷങ്ങളായി നടന്നതെന്ന് ഒരിക്കൽകൂടി വ്യക്തമായി. ജാനു നടത്തിയ സമരത്തിന്റെ പേരിൽ ആദിവാസി സമൂഹത്തെയാകെ ഒറ്റപ്പെടുത്താനും നിക്ഷിപ്ത കേന്ദ്രങ്ങൾ ശ്രമിക്കുന്നുണ്ട്.

1975–ൽ കൊണ്ടുവന്ന 'അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുപിടിക്കൽ നിയമം' എങ്ങുമെത്താത്ത സാഹചര്യത്തിൽ കഴിഞ്ഞ എൽഡിഎഫ് ഭരണകാലത്ത് ആദിവാസികൾക്ക് ഭൂമി പതിച്ചുനൽകാൻ നടപടിയെടുത്തിരുന്നു. എന്നാൽ 1975ലെ നിയമം അതേപടി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ജാനു സമരം തുടങ്ങുകയായിരുന്നു. ഇതോടെ ഭൂമി വിതരണം തടസ്സപ്പെട്ടു.

എൽഡിഎഫ് ഗവർമെണ്ടിനെതിരെ നിരന്തരം സമരം നടത്തിയ ജാനു യുഡിഎഫിനുവേണ്ടി പരസ്യമായി രംഗത്തിറങ്ങി. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജാനു യുഡിഎഫിന്റെയും ബിജെപിയുടെയും സ്ഥാനാർഥിയായി. എന്നാൽ കെട്ടിവെച്ച കാശുപോലും കിട്ടിയിട്ടില്ല. ഇത്രയും ജനപിന്തുണയില്ലാതിരുന്നിട്ടും യുഡിഎഫും മാധ്യമങ്ങളും ജാനുവിനെ വാഴ്ത്തിനടന്നു.

ആൻറണി ഭരണത്തിലെത്തിയതോടെ ജാനു സെക്രട്ടറിയറ്റ് പടിക്കൽ സമരം നടത്തി. ഒടുവിൽ ജാനുവും ആൻറണിയും 'കൈകോർത്ത് പിരിഞ്ഞു'. എന്നാൽ ആദിവാസികൾക്ക് ആൻറണി വാഗ്ദാനം ചെയ്ത ഭൂമിമാത്രം നൽകിയില്ല. ഇതിനെതിരെ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടന്നുവരവെയാണ് ഈ സമരത്തെ തകർക്കാനും ജനശ്രദ്ധ തിരിച്ചുവിടാനും ജാനു വീണ്ടും രംഗത്തെത്തിയത്.

ഇതാകട്ടെ ആൻറണിയുടെ

ശേഷം പേജ് 2 കോളം 1



സമരക്കാർ ഉപേക്ഷിച്ചു പോയ ആയുധങ്ങൾ പൊലീസ് കണ്ടെടുത്തപ്പോൾ

കേന്ദ്രം വിശദീകരണം തേടി

ദില്ലി: മുത്തങ്ങയിൽ പൊലീസും ചില ആദിവാസിഗ്രൂപ്പുകളും തമ്മിൽ ഏറ്റുമുട്ടിയതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സംസ്ഥാന ഗവർമെണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര വനം–പരിസ്ഥിതിമന്ത്രി ടി ആർ ബാലു പറഞ്ഞു. മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ചചെയ്തതിനുശേഷമാണ് ഈ തീരുമാനമെടുത്തതെന്നും അദ്ദേഹം വെളിപ്പെടുത്തി.

വനഭൂമി ഒരു കാരണവശാലും വിതരണംചെയ്യാൻ അനുവദിക്കില്ല. ഭൂരഹിതരായ ആദിവാസികൾക്ക് അഞ്ചേക്കർ ഭൂമി സംസ്ഥാനസർക്കാർ വാഗ്ദാനം ചെയ്തത് കേന്ദ്രവുമായി ആലോചിക്കാതെയായിരുന്നു. ഒരു ആലോചനയും കൂടാതെയാണ് സംസ്ഥാന ഗവർമെണ്ട് പ്രശ്നം കൈകാര്യംചെയ്തത്. സംരക്ഷിത വനഭൂമി ഒരു കാരണവശാലും ആർക്കും വിട്ടുകൊടുക്കില്ലെന്നും ഇത് കേന്ദ്ര ഗവർമെണ്ടിന്റെ വ്യക്തമായ തീരുമാനമാണെും മാധ്യമപ്രവർത്തകരോട് ബാലു പറഞ്ഞു.

വി എസും പിണറായിയും ഇന്ന് മുത്തങ്ങയിൽ

തിരു: മുത്തങ്ങ സംഭവത്തെക്കുറിച്ച് അന്വേഷിക്കാനായി പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദനും സിപിഐ–എം സംസ്ഥാന സെക്രട്ടറി പിണറായി വിജയനും മറ്റു പ്രതിപക്ഷ പാർടി നേതാക്കളും വെള്ളിയാഴ്ച മുത്തങ്ങയിലെത്തും.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, എം വി ജയരാജൻ, കെ രാധാകൃഷ്ണൻ, കെ പി രാജേന്ദ്രൻ, എ സി ഷൺമുഖദാസ് തുടങ്ങിയ നേതാക്കളുമടങ്ങുന്നസംഘം രാവിലെ ഒമ്പതുമണിക്ക് കൽപറ്റയിലെത്തും. പത്തരക്ക് മുത്തങ്ങസന്ദർശിക്കും.

www.deshabhimani.com
ദേശാഭിമാനി–വെബ്ലോകം
ഇന്നത്തെ ശബ്ദം
ഓൺലൈൻ അഭിപ്രായവോട്ട്
www.weblokam.com
മുത്തങ്ങയിൽ ജാനുവിന്റെ മാർഗം സ്വീകാര്യമാണോ?
അതെ 31.03 %
അല്ല 65.52 %
അഭിപ്രായമില്ല 3.45 %
ഇന്നത്തെ ചോദ്യം
എണ്ണക്കമ്പനികളുടെ സ്വകാര്യവൽക്കരണം ദേശതാൽപര്യത്തിനു അനുയോജ്യമാണോ?
ദേശാഭിമാനി ഓൺലൈനിലോ വെബ് ലോകം പോട്ടുകോയിലോ സൗജന്യമായി വോട്ട് രേഖപ്പെടുത്താവുന്നതാണ്.
അഭിപ്രായങ്ങൾ ദേശാഭിമാനി, വെബ്ലോകം ഇൻറർനെറ്റ് വരിക്കാരുടെ മാത്രം അഭിപ്രായമാണ്. അത് പൊതുജനാഭിപ്രായമായിരിക്കണമെന്നില്ല

മുത്തങ്ങയും പരിസരവും ശ്മശാന മൂകം

കൽപ്പറ്റ: ഗോത്രമഹാസഭക്കാരും പൊലീസും ഏറ്റുമുട്ടിയ മുത്തങ്ങ വന്യ ജീവി സംരക്ഷണ കേന്ദ്രവും പരിസരവും യുദ്ധം കഴിഞ്ഞ പടക്കളം പോലെ ഭീതിദമായ നിശ്ശബ്ദതയിൽ. എങ്ങും ചോര തളംകെട്ടി നിൽക്കുന്നു. ചോര പുരണ്ട വസ്ത്രങ്ങളും പൊലീസ് യൂണിഫോറവും മറ്റും അങ്ങിങ്ങ് ചിതറിക്കിടക്കുന്നു.

പൊലീസിനെ അകറ്റാൻ സമരക്കാർ തിയിട്ട സ്ഥലങ്ങളിൽ ഇപ്പോഴും അണയാത്ത തീ. പൊലീസുകാർ കത്തിച്ച ഷെഡ്ഡുകളിലെ തീ ഇപ്പോഴും അണഞ്ഞിട്ടില്ല. അങ്ങിങ്ങ് സമരക്കാർ ഉപയോഗിച്ച വസ്ത്രങ്ങളും പാത്രങ്ങളും മറ്റും കത്തിക്കരിഞ്ഞ് കിടക്കുന്നു.

ഇതിനിടയിൽ സമരക്കാർ പല ഭാഗങ്ങളിലായി ഒളിപ്പിച്ചുവെച്ച മാരകായുധങ്ങൾ പൊലീസ് കണ്ടെടുത്തു. സ്പ്രിംഗ് ഘടിപ്പിച്ച ദണ്ഡുകൾ, വടിവാൾ, മഴു തുടങ്ങിയ മാരകായുധങ്ങളാണ് പൊലീസ് കണ്ടെടുത്തത്. വമ്പിച്ച സായുധ പൊലീസ് സന്നാഹം ഈ പ്രദേശമാകെ തെരച്ചിൽ നടത്തിയെങ്കിലും സമരക്കാരെ കണ്ടെത്താനായിട്ടില്ല.

ഒരുതരത്തിലുള്ള അന്വേഷണവും ഇല്ല: മുഖ്യമന്ത്രി

തിരു: മുത്തങ്ങയിൽ സർക്കാർ പറഞ്ഞതാണ് പൊലീസ് നടപ്പാക്കിയതെന്നും അതിനാൽ ഒരുതരത്തിലുള്ള അന്വേഷണത്തെക്കുറിച്ചും ആലോചിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി എ കെ ആൻറണി മന്ത്രിസഭായോഗത്തിനുശേഷം വാർത്താലേഖകരോട് പറഞ്ഞു.

ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട പൊലീസ് കോൺസ്റ്റബിൾ വിനോദിന്റെ കുടുംബത്തിന് അഞ്ചുലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ വനംവകുപ്പ് ഉദ്യോഗസ്ഥൻ സി കെ ശശിധരന് ഒരുലക്ഷം രൂപയും അടിയന്തര ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വെടിയേറ്റു മരിച്ച ആദിവാസി യുവാവിന്റെ കുടുംബത്തിനും പരിക്കേറ്റ ആദിവാസികൾക്കും സഹായം നൽകുമോയെന്ന ചോദ്യത്തിന് തീരുമാനിച്ചിട്ടില്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി.

ഗോത്രസഭാ നേതാക്കൾക്കായി നിലമ്പൂരിൽ തെരച്ചിൽ

നിലമ്പൂർ: മുത്തങ്ങയിലെ സംഭവത്തിനുശേഷം ഒളിവിൽപോയ ആദിവാസി ഗോത്രസഭാ നേതാക്കൾക്കായുള്ള തിരച്ചിൽ നിലമ്പൂർ മേഖലയിൽ ഊർജിതമാക്കി. സി കെ ജാനു അടക്കമുള്ള നേതാക്കൾ നിലമ്പൂർ വനമേഖലയിലെ കോളനികളിലേക്ക് രക്ഷപ്പെട്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം.

ജാനു എത്തിപ്പെടാൻ സാധ്യതയുള്ള വനമേഖലകളും കോളനികളും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും പൊലീസിന്റെയും നിരീക്ഷണത്തിലാണ്. വയനാട് കഴിഞ്ഞാൽ ഗോത്രസഭക്ക് വേരോട്ടമുള്ള മേഖലയാണ് നിലമ്പൂർ വനപ്രദേശം. മുത്തങ്ങയിൽനിന്നും നിലമ്പൂർ ആദിവാസി കോളനികളിലേക്ക് കാട്ടിലൂടെ വഴിയുണ്ട്. ഗോത്രസഭാ നേതാക്കൾ ബന്ദിപ്പൂർ വഴി ആന്ധ്രാപ്രദേശിലേക്ക് കടക്കാനും സാധ്യതയുണ്ടെന്ന് നിലമ്പൂർ ഡി എഫ് ഒ പറഞ്ഞു.

മുത്തങ്ങ കൂട്ടക്കൊല: പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു

സ്വന്തം പ്രതിനിധി

തിരു: മുത്തങ്ങയിലെ കൂട്ടക്കൊല നിയമസഭയെ പിടിച്ചുലച്ചു. ആദിവാസികളെ കൂട്ടക്കൊലചെയ്യുകയും ഒരു പൊലീസുകാരൻ കൊല്ലപ്പെടുകയുംചെയ്ത സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചു. പിന്നീട് സഭ ബഹിഷ്കരിച്ച് സഭാകവാടത്തിൽ ധർണ നടത്തി. അതോടെ മുല്യവർധിത നികുതി(വാറ്റ്) ബിൽ ചർച്ചകൂടാതെ ഞൊടിയിടയിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് സഭ വ്യാഴാഴ്ച പിരിഞ്ഞു.

തുടർന്ന് സർക്കാരിന്റെ പിടിപ്പുകേടാണ് മുത്തങ്ങ കൂട്ടക്കുരുതിക്ക് കാരണമെന്ന് വിളിച്ചറിയിക്കുന്ന പ്ലക്കാർഡുമായി പ്രതിപക്ഷാംഗങ്ങൾ സഭാകവാടത്തിൽ ധർണനടത്തി. അരമണിക്കൂറിനുശേഷം സഭാമന്ദിരത്തിൽനിന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദന്റെ നേതൃത്വത്തിൽ എംഎൽഎമാർ പ്രകടനമായി സഭയുടെ പുറത്തുള്ള ഗേറ്റിലെത്തി.

കറുത്ത ബാഡ്ജ് ധരിച്ച് പ്ലക്കാർഡുകളുമായി വ്യാഴാഴ്ച സഭയിലെത്തിയ പ്രതിപക്ഷം ആദ്യം നിശബ്ദ പ്രതിഷേധത്തിലൂടെ ചോദ്യോത്തരവേള ബഹിഷ്കരിച്ചു. ചോദ്യോത്തരവേളയിൽ രണ്ടാമത്തെ ചോദ്യത്തിന്റെ സമയത്ത് 'മുത്തങ്ങയിലെ കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ഞങ്ങൾ ചോദ്യം ചോദിക്കുന്നില്ല' എന്ന് പ്രതിപക്ഷവിപ്പ് കെ രാധാകൃഷ്ണൻ അറിയിച്ചു.

ചോദ്യോത്തരവേളയ്ക്കുശേഷം ശൂന്യവേളയിൽ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ മുത്തങ്ങ സംഭവത്തെപ്പറ്റി സഭനിർത്തി ചർച്ചചെയ്യാൻ ആവശ്യപ്പെട്ട് അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടി. ആദിവാസികളെ പൊലീസ് വെടിവെച്ചുകൊല്ലുന്നത് സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. 2002 ഡിസംബർ 31നകം ആദിവാസികൾക്ക് ഭൂമി വിതരണംചെയ്യുമെന്ന ഉറപ്പ് ആൻറണിസർക്കാർ പാലിച്ചില്ല. അതാണ് കുഴപ്പങ്ങൾക്കു കാരണമായതെന്ന് കോടിയേരി ചൂണ്ടിക്കാട്ടി.

എന്നാൽ, ജുഡീഷ്യൽ അന്വേഷണാവശ്യം മുഖ്യമന്ത്രി എ കെ ആൻറണി നിരാകരിച്ചു. ആദിവാസികൾക്ക് ഇത്രയധികം ആനുകൂല്യം നൽകിയ മറ്റൊരു സർക്കാരില്ല. ഒരു പ്രദേശത്തെ സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ച് സായുധസമരം നടത്തുന്നതിനെ അടിച്ചമർത്തുമെന്ന് ആൻറണി പറഞ്ഞു. സംഭവം ഗൗരവമുള്ളതാണെങ്കിലും മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണെന്ന് സ്പീക്കർ വക്കം പുരുഷോത്തമൻ റൂൾചെയ്തു. ഇതോടെ സഭ ബഹിഷ്കരണത്തിന് പ്രതിപക്ഷം നിർബന്ധിതമായിരിക്കുന്നുവെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദൻ വ്യക്തമാക്കി. മുദ്രാവാക്യം വിളിയോടെ പ്രതിപക്ഷാംഗങ്ങൾ സഭയ്ക്കു പുറത്തുവന്ന് കവാടത്തിൽ ധർണ നടത്തി.

ജാനുവും ഗീതാനന്ദനും മുങ്ങി പേജ് 2

രക്ഷാബന്ധൻ





GET WIRED TO SAFETY

നിലവാരം കുറഞ്ഞ കേബിളുകൾ ഷോർട്ട് സർക്യൂട്ട്, ഷോക്ക്, തീപിടുത്തം എന്നീ ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തും.

ഉന്നത ഗുണമേന്മയുള്ള വി-ഗാർഡ് പിവിസി ഇൻസുലേറ്റഡ് കേബിളുകൾ മാത്രം വാങ്ങു. സുരക്ഷയുടേയും സമാധാനത്തിന്റേയും തണലിൽ ദീർഘകാലം ജീവിതം ആസ്വദിക്കൂ.

V-GUARD®
PVC INSULATED CABLES

സവിശേഷതകൾ: ❖ സവിശേഷ ഫയർ റിട്ടാർഡന്റ് പിവിസി ഇൻസുലേഷൻ ❖ സ്പാർക്ക് ടെസ്റ്റ് ചെയ്തത് ❖ മാർക്കുള്ളത് ❖ ISO 9002 സർട്ടിഫിക്കേഷൻ ലഭിച്ചത് ❖ ട്രേസർ ലൈൻ ❖ നീളം ഉറപ്പാക്കുന്ന പ്രത്യേക സീൽ ❖ 45 & 90 മീറ്റർ നീളങ്ങളിൽ ലഭ്യം ❖ 0.5 sq.mm മുതൽ 10.0 sq.mm വരെയുള്ള കനത്തിൽ കേബിളുകൾ ലഭ്യം.

AUTHORISED DEALERS : Calicut : Indo Electricals Ph: 2301560, Par Energy Ph: 2766135. Mannur: Indian Electricals Ph: 2473164. Balussery: Premier Electricals Ph: 2644480. Perambra: Current Electricals Ph: 2611149. Kakkattil: Muruchandi Electricals Ph: 2587563. Kallachi: Aida Sales & Corporation Ph: 2550742. Orkattery: National Electricals Ph: 2545290. Nadapuram: Noble Electricals Ph: 2550889. Vadakara: Elco Agencies Ph: 2525355, Sreevas Electricals Ph: 2522339, K.P.R. Electricals Ph: 2512094. Payyoli: National Electricals Ph: 2602455; Bright Electricals Ph: 2601490. Quilandi: Febin Associates Ph: 2630557. Kunnamangalam: Amrutha Electricals Ph: 2800635. Koduvally: Elite Electricals Ph: 2211716. Thiruvambadi: Thomarakkattil Electricals Ph: 2253601. Mokkam: Lavanya Electricals Ph: 2297410. Thamarassery: Lavanya Electricals Ph: 2222827. Engampuzha: Hi-Tech Electricals Ph: 2235059. Mavoor: Electric World Ph: 2483436. Poovattuparamba: Noble Electricals, Ph: 2492949. Thiruvaloor : Relax Electricals. Meppadi: Wayanad Electricals Ph: 2682445. Kalpetta: Indson Electricals Ph: 602908, Standard Electricals Ph: 602194. Meenangadi: Panchami Electricals Ph: 648662. Panamaram: Key Tee Electricals Ph: 521190. Mananthavadi: Archana Electricals Ph: 540982, Malabar Electricals Ph: 540181. Pulpally: Standard Electricals Ph: 640842. Kamblakkad: Standard Electricals Ph: 686359. Sulthan Bathery: Lucky Electricals Ph: 620417. Malappuram : United Engineering Enterprise Ph: 734273. Vazhakkad: M.K. Electricals Ph: 724295. Areakode: Excellent Electricals Ph: 750065. Manjeri: Earanad Electricals Ph: 767320. Edavanna: Peevees Electricals Ph: 787606. Nilambur: Deeptham Electricals Ph: 221130, Electra Agencies Ph: 221981. Edakkara: Padma Hardwares Ph: 275417. Wandoor: Grand Electricals Ph: 247429. Pandikkad: Janatha Electricals Ph: 783157. Karuvarakundu: Reshmi Electricals Ph: 280625. Perinthalmanna: K M T Electricals Ph: 327801. Mankada: Royal Electricals Ph: 338697. Koottilangadi: Friends Electricals Ph: 383727. Kottakkal: Sajida Electricals Ph: 742117. Vengara: New Kerala Electricals Ph: 450768. Kunnumpuram: S K Electricals Ph: 2491300. Kolappuram: Friends Electricals Ph: 2461456. Chettippadi: Oasis Electricals Ph: 2413547. Chemmad: Pamba Electricals Ph: 2460600, Akbar Electricals Ph: 2463135. Tanur: Manson Power Ph: 2441520. Tirur: New Light Electricals Ph: 2426563. Karathur: K P Electricals Ph: 2602708. Kuttippuram: Lumino Electricals Ph: 2608705. Ponnani: Mepparambath Traders Ph: 2666707. Edappal: Pullayil Traders Ph: 2680246. Valanchery: New Light Electricals Ph: 2644267. Puthanathani: Bharath Electricals Ph: 2547121. Vailathur: Rahiman Electricals Ph: 2586502. Thirunavaya : Indian Electricals Ph 2608438. Mannarkad: Nalakath Electricals Ph: 2422622.

Maitri.com

മുഖ്യമന്ത്രിയും സി കെ ജാനുവും തമ്മിലുള്ള ഒത്തുകളിയുടെ പരിണതഫലം: സിപിഐ-എം

സ്വന്തം പ്രതിനിധി

മുത്തങ്ങ: ഗോത്ര മഹാസഭാ നേതാവ് സി കെ ജാനുവും മുഖ്യമന്ത്രി ഏ കെ ആൻറണിയും തമ്മിലുള്ള ഒത്തുകളിയുടെ പരിണത ഫലമാണ് മുത്തങ്ങയിലുണ്ടായ ദൗർഭാഗ്യകരമായ സംഭവളെന്ന് സിപിഐ-എം നേതാക്കൾ പറഞ്ഞു. സംഭവത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് സിപിഐ-എം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളായ ഇ പി ജയരാജൻ, എ കണാരൻ, ജില്ലാ സെക്രട്ടറി പി എ മുഹമ്മദ് എന്നിവർ ആവശ്യപ്പെട്ടു. മുത്തങ്ങയിൽ ആദിവാസികളും പൊലീസും തമ്മിൽ ഏറ്റുമുട്ടലുണ്ടായ സ്ഥലം സന്ദർശിച്ച ശേഷം വാർത്താ ലേഖകരോട് സംസാരിക്കുകയായിരുന്നു നേതാക്കൾ.

കഴിഞ്ഞ 45 ദിവസം മുത്തങ്ങ വനത്തിൽ കേരളത്തിന് വെളിയിൽ നിന്നുള്ള തീവ്രവാദികളുടെ നേതൃത്വത്തിൽ ആയുധ പരിശീലനം നടക്കുകയായിരുന്നു. ഈ തീവ്രവാദി സംഘത്തെ സംരക്ഷിക്കുന്ന നിലപാടാണ് പൊലീസ് സ്വീകരിച്ചത്. കലക്ടറേറ്റിൽ നിന്നും ഇവർക്ക് മരുന്നും വൈദ്യസഹായവും എത്തിച്ചു.

കഴിഞ്ഞ തിങ്കളാഴ്ച്ച ഗോത്രമഹാ സഭക്കാർ 18 പേരെ ബന്ദികളാക്കിയ ശേഷവും പൊലീസ് ഫലപ്രദമായി ഇടപ്പെട്ടില്ല. ഇവരെ തോൽപ്പിക്കുന്നതിന് പകരം സമരക്കാരുമായി ഒത്തുകളിക്കുകയായിരുന്നു. സമരക്കാരെ പ്രീണിപ്പിക്കുകയും നിരപരാധികളായ നാട്ടുകാരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

ആദിവാസി ക്ഷേമ സമിതി നേതൃത്വത്തിൽ നടത്തുന്ന സമരത്തെ തകർക്കാൻ ആൻറണി തീവ്രവാദി സംഘത്തെ വളർത്തുകയായിരുന്നു. ഗവർമെണ്ടിൻെറ പിടിപ്പുകേടും പ്രീണനവും മൂലം നാടിൻെറ സമാധാന ജീവിതത്തെ തകർത്തിരിക്കുയാണ്.

ഇപ്പോൾ യഥാർത്ഥ കുറ്റവാളികളെ പിടിക്കുന്നതിന് പകരം നിരപരാധികളെ വേട്ടയാടാനാണ് പൊലിസ് ശ്രമിക്കുന്നത്. കുടാതെ നിക്ഷിപ്ത താൽപ്പര്യക്കാർ ഈ വിഷയം ചൂണ്ടിക്കാട്ടി ആദിവാസി സമൂഹത്തെയാകെ ഒറ്റപ്പെടുത്താനും ശ്രമിക്കുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കാൻ ഗോത്രമഹാ സഭയുടെ നേതാക്കളായ കുറ്റവാളികളെ ഉടൻ അറസ്റ്റ് ചെയ്യണം. കസ്റ്റഡിയിലെടുത്തവരിൽ നിരപരാധികൾ ഉണ്ടെങ്കിൽ വിട്ടയക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

ആദിവാസി ക്ഷേമ സമിതി നേതാവ് പി വി വേലായുധൻ, സിപിഐ-എം ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളായ ടി എസ് രാധാകൃഷ്ണൻ, സി കെ ശശീന്ദ്രൻ, സി ഭാസ്കരൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.



സമരക്കാരുടെ കുടിലിന് പൊലീസ് വെച്ച തീ വനത്തിലേക്ക് പടർന്നപ്പോൾ

ഇറാൻ വിമാനാപകടം: മരണം 302

തെഹ്റാൻ: ഇറാൻെറ സൈനിക വിമാനം തകർന്ന് അതിനകത്തുണ്ടായിരുന്ന 302 പേരും കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചു. വ്യാഴാഴ്ച പുലർച്ചെയാണ് രാജ്യത്തിൻെറ ചരിത്രത്തിലെ ഏറ്റവും വലിയ വിമാനദുരന്തമുണ്ടായത്.

ഇറാൻസേനയിലെ പ്രത്യേക വിഭാഗമായ ഇസ്ലാമിക് റവല്യൂഷണറി ഗാർഡിൽപ്പെട്ട 284 ജവാന്മാരും 18 വിമാനജോലിക്കാരുമാണ് കൊല്ലപ്പെട്ടത്. പാക്ക് അതിർത്തിയിലുള്ള സിസ്താൻ - ബലൂചിസ്ഥാൻ പ്രവിശ്യയിലെ പർവതനിരയിൽ വിമാനാവശിഷ്ടങ്ങളും മൃതദേഹങ്ങളും കണ്ടെത്തി. പ്രവിശ്യാ തല സ്ഥാനമായ സഹിദാനിൽനിന്ന് കെർമാൻനഗരത്തെ ലക്ഷ്യമാക്കി നീങ്ങുകയായിരുന്നു റഷ്യൻ നിർമിത വിമാനം. രാജ്യത്തിൻെറ തെക്കുകിഴക്കൻ മേഖലയിൽ തെഹ്റാനിൽനിന്ന് 800 കിലോമീറ്റർ അകലെയാണ് അപകടസ്ഥലം.

മോശമായ കാലാവസ്ഥയാണ് അപകടത്തിനിടയാക്കിയതെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായതായി പ്രവിശ്യാ ഗവർണർ മുഹമ്മദലി കരിമി പറഞ്ഞു.

പോട്ട ദുരുപയോഗം: ലോകസഭയിലും ഇറങ്ങിപ്പോക്ക്

ദില്ലി: സംസ്ഥാന ഗവർമെണ്ടുകൾ ഭീകരവാദവിരുദ്ധ നിയമം (പോട്ട) ദുരുപയോഗിക്കുന്നതിനോടുള്ള കേന്ദ്രനിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ലോകസഭയിൽ നിന്ന് ഇറങ്ങിപ്പോയി. ശൂന്യവേളയിൽ പ്രശ്നമുയർത്തിയ പ്രതിപക്ഷാംഗങ്ങൾ പോട്ട പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. വൈക്കോയുടെ അറസ്റ്റിലൂടെ തമിഴ്നാട്ടിൽ പോട്ട ദുരുപയോഗം ചെയ്യപ്പെടുകയാണുണ്ടായതെന്ന് എൻഡിഎ സഖ്യകക്ഷിയായ ഡിഎംകെയിലെ പളനിമാണിക്യം പറഞ്ഞു.

സമാജ്വാദി പാർടി നേതാവ് രാംജിലാൽ സുമനാണ് ശൂന്യവേളയിൽ അടിയന്തിരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് പോട്ട നിയമം വിവിധ സംസ്ഥാനങ്ങളിൽ ദുരുപയോഗം ചെയ്യുന്ന കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തിയത്.

ഇന്ത്യൻ ശിക്ഷാനിയമവും സിആർപിസിയും അപ്രസക്തമാവുന്ന നിലയിലേക്ക് പോട്ടയുടെ ദുരുപയോഗം വളർന്നിരിക്കയാണെന്ന് സിപിഐ എം ലോകസഭാകക്ഷി നേതാവ് സോമനാഥ് ചാറ്റർജി പറഞ്ഞു. വൈക്കോയുടെ അറസ്റ്റ് പോട്ട ദുരുപയോഗത്തിൻെറ തെളിവാണ്. വൈക്കോയുടെ രാഷ്ട്രീയത്തിന് ഞങ്ങളെതിരാണ്. എന്നാൽ, അദ്ദേഹത്തിൻെറ പൗരാവകാശങ്ങൾ ഹനിക്കുന്നത് അംഗീകരിക്കാനാവില്ല. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ കയ്യിൽ വെക്കുന്നവരെ പോട്ടപ്രകാരം അറസ്റ്റ് ചെയ്യുമെന്ന് വ്യവസ്ഥ ഒരു സംസ്ഥാനത്തുണ്ട്. ഈ കിരാതനിയമത്തിന് വോട്ടുചെയ്തവർ തന്നെയാണ് ഇപ്പോൾ ദുരിതമനുഭവിക്കുന്നത്-സോമനാഥ് പറഞ്ഞു.



പൊലീസ് മർദനത്തിൽ പരിക്കേറ്റ് ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച രാധയും മക്കൾ വിഷ്ണുവും വിനീതയും

16 ആദിവാസികൾ കൊല്ലപ്പെട്ടെന്ന്

തിരു: മുത്തങ്ങയിൽ മൂന്നു കുട്ടികളും മൂന്ന് സ്ത്രീകളും ഉൾപ്പെടെ പതിനാറ് ആദിവാസികൾ പൊലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടെന്ന് സംശയിക്കുന്നതായി ആദിവാസി ദളിത് സമരസഹായസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

വനത്തിൽ ഒറ്റപ്പെട്ടുപോയ സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തരസഹായം എത്തിക്കണമെന്നും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സമിതി ഭാരവാഹികളായ ആർ പ്രസാദ്, വിനോദൻ, സി എസ് ചന്ദ്രിക എന്നിവർ ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ പൊലീസ് നടപടി ശരി: മുഖ്യമന്ത്രി

തിരു: മുത്തങ്ങയിൽ കൂട്ടക്കുരുതിക്ക് വഴിവെച്ച പൊലീസ്നടപടി മുഖ്യമന്ത്രി എ കെ ആൻറണി നിയമസഭയിൽ ന്യായീകരിച്ചു. പ്രതിപക്ഷം നോട്ടീസ് നൽകിയ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിലാണ് മുഖ്യമന്ത്രി ഈ നിലപാട് സ്വീകരിച്ചത്.

പൊലീസിനെ ആക്രമിക്കുകയും ഉദ്യോഗസ്ഥരെ ബന്ദികളാക്കുകയും വനം കയ്യേറുകയുംചെയ്ത സാഹചര്യത്തിലാണ് വെടിവെപ്പ് നടത്തേണ്ടിവന്നതെന്ന് ആൻറണി പറഞ്ഞു.

സംഭവം നിർഭാഗ്യകരമാണ്. ഒഴിവാക്കാനാകാത്ത സാഹചര്യത്തിലാണ് ഇതുണ്ടായത്. ഒരു പൊലീസുകാരൻ ആദിവാസികളുടെ വെട്ടേറ്റും ഒരു ആദിവാസി പൊലീസ്വെടിവെപ്പിലും മരിച്ചതായാണ് ഔദ്യോഗിക റിപ്പോർട്ട്.

ജനുവരി അഞ്ചിന് എണ്ണൂറോളം ആദിവാസികൾ മുത്തങ്ങ വന്യജീവി സംരക്ഷണകേന്ദ്രത്തിൽ പ്രവേശിച്ച് കുറെ പ്രദേശം സ്വന്തമാക്കി. മരങ്ങൾ വെട്ടിനശിപ്പിച്ചു. അടിക്കാട് തീയിട്ടു. ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് ഇവിടേക്ക് ഉദ്യോഗസ്ഥരെയടക്കം പ്രവേശിക്കാൻ അനുവദിച്ചില്ല.

വനത്തിൽ തീപടർന്ന സാഹചര്യത്തിലാണ് വനപാലകർ സ്ഥലത്തെത്തിയത്. ഇവരെ ആദിവാസികൾ ബന്ദികളാക്കി. 16 പേരെ ഇങ്ങനെ കുടുക്കി. ഇവരെ 18ന് വിട്ടയച്ചു. കാട്ടിൽനിന്ന് കയ്യേറ്റക്കാരെ ഒഴിവാക്കണമെന്ന് കേന്ദ്രനിർദേശമുണ്ടായിരുന്നു. ഇതിൻെറ ഭാഗമായാണ് 19ന് പൊലീസും വനപാലകരും സംയുക്തമായി അതിനുള്ള നടപടി സ്വീകരിച്ചത്. ഇവിടെനിന്ന് പുറത്തുപോകാൻ ആവശ്യപ്പെട്ടെങ്കിലും ആദിവാസികൾ തയ്യാറായില്ല. ആയുധങ്ങളുപയോഗിച്ച് ആദിവാസികൾ ഉദ്യോഗസ്ഥരെ ആക്രമിച്ചു. രണ്ടുപേരെ ബന്ദികളാക്കി. ഇവരെ തീയിട്ട് കൊല്ലാൻ ശ്രമിച്ചപ്പോഴാണ് പൊലീസ്നടപടിയുണ്ടായത്. ടിയർഗ്യാസ് പ്രയോഗമുൾപ്പെടെ നടത്തിയിട്ടും അക്രമികൾ പിരിഞ്ഞുപോയില്ല. ആക്രമണം തുടർന്നതിനെത്തുടർന്നാണ് 15 റൗണ്ട് വെടിവെപ്പുവേണ്ടിവന്നത്. എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിൻെറ സാന്നിധ്യത്തിലാണ് നടപടി സ്വീകരിച്ചത്. 13 പൊലീസുകാർക്കും 31 ആദിവാസികൾക്കും പരിക്കേറ്റു. ആറ് കേസ് രജിസ്റ്റർചെയ്തു. 36 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

മുത്തങ്ങ കൂട്ടക്കൊല: ജുഡീഷ്യൽ അന്വേഷണം വേണം- വി എസ്

തിരു: മുത്തങ്ങസംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവർമെണ്ട് തയ്യാറാകണമെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

നിയമസഭാ കോൺഫറൻസ് ഹാളിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുത്തങ്ങവനത്തിൽ കൂട്ട മനുഷ്യക്കുരുതി ഉണ്ടായസംഭവത്തിന് ഏറെ ഗൗരവമുണ്ട്. ഈ സംഭവത്തിന് ഉത്തരവാദിയായവർ ശിക്ഷിക്കപ്പെടണം. മുഖ്യമായും പ്രതിസ്ഥാനത്ത് നിൽക്കുന്നത് സംസ്ഥാനസർക്കാരും പൊലീസുമാണ്. സംസ്ഥാനത്ത് ആദ്യമായാണ് പൊലീസ് വെടിവെപ്പിൽ ആദിവാസികൾ കൊല്ലപ്പെടുന്നത്. ദൗർഭാഗ്യകരമായ ഈ സംഭവത്തിൻെറ നിജസ്ഥിതിയും വീഴ്ചകളും കണ്ടെത്തണമെങ്കിൽ ജുഡീഷ്യൽ അന്വേഷണംതന്നെ വേണം.

പൊലീസിൻെറ വിശദീകരണവും ഗവർമെണ്ടു തല അന്വേഷണവും വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരില്ല. നിയമസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടെങ്കിലും ഗവർമെണ്ട് അതിന് തയ്യാറായില്ല. സർക്കാരിൻെറ ഭാഗത്ത് വീഴ്ച ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണക്കാർ ജുഡീഷ്യൽ അന്വേഷണത്തെ ഭയപ്പെടുന്നതെന്ന് വി എസ് ചോദിച്ചു. സ്വന്തം പരാജയങ്ങളും കുറ്റങ്ങളും മറച്ചുവെക്കുന്നതിനുവേണ്ടിയാണ് ജുഡീഷ്യൽ അന്വേഷണാവശ്യത്തോട് മുഖ്യമന്ത്രി എ കെ ആൻറണി പ്രതികരിക്കാതിരുന്നത്.

നിയമസഭയിൽ മുഖ്യമന്ത്രി പറഞ്ഞ കണക്കുപ്രകാരം രണ്ടു മരണമാണ് സംഭവിച്ചത്. എന്നാൽ, ദൃക്സാക്ഷികളും മാധ്യമങ്ങളും കൂടുതൽ മരണങ്ങൾ ഉണ്ടായതായി ചൂണ്ടിക്കാട്ടുന്നു. ഇങ്ങനെയുള്ള ഒരു സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നത് തികച്ചും ന്യായമാണ്.

ഇത്തരമൊരു ദുഃഖകരമായ സംഭവം ഉണ്ടായ സ്ഥിതിക്ക് മറ്റു സഭാനടപടികൾ നിർത്തിവെച്ച് പ്രശ്നം ചർച്ചചെയ്യുകയാണ് വേണ്ടിയിരുന്നത്. അല്ലെങ്കിൽ ദുരന്തത്തിൽ അനുശോചിച്ച് നടപടികൾ ഒഴിവാക്കി സഭ പിരിയണമായിരുന്നു. അടിയന്തരപ്രമേയ ചർച്ചയ്ക്ക് അനുമതി നിഷേധിച്ച സർക്കാർ സഭാനടപടികളുമായി മുന്നോട്ടുപോകുകയാണുണ്ടായത്. പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയ സാഹചര്യത്തിൽ 'വാറ്റ്' പോലുള്ള വളരെ പ്രധാനപ്പെട്ട ബില്ലിൻെറ അവതരണം മറ്റൊരുദിവസത്തേക്കു മാറ്റണമെന്ന ആവശ്യംപോലും സർക്കാർ അംഗീകരിച്ചില്ല. ഈ സാഹചര്യത്തിലാണ് സഭാനടപടികൾ സ്തംഭിപ്പിക്കാൻ പ്രതിപക്ഷം നിർബന്ധിതമായത്. മുത്തങ്ങസംഭവത്തിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേളയും പ്രതിപക്ഷം ബഹിഷ്കരിക്കുകയുണ്ടായി. ചർച്ച കൂടാതെ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ട സർക്കാർനടപടി പ്രതിഷേധാർഹമാണ്. സംസ്ഥാനത്തിൻെറ ഭാവിയെ വളരെയേറെ സ്വാധീനിക്കുന്നതാണ് മൂല്യവർധിത നികുതിയുമായി ബന്ധപ്പെട്ട നിയമനിർമാണം. ഇതിൻെറ ചർച്ച ഒഴിവാക്കി പ്രതിപക്ഷത്തിന് അഭിപ്രായം പറയാനുള്ള അവസരം നഷ്ടപ്പെടുത്തിയ സർക്കാർനടപടി ഒരുവിധത്തിലും ന്യായീകരിക്കാനാകില്ല.

മുത്തങ്ങസംഭവത്തിൻെറ ഉത്തരവാദിത്തം മറ്റാരുടെമേലും കെട്ടിവെക്കാൻ സർക്കാരിന് കഴിയില്ലെന്ന് പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോകുംമുമ്പ് വി എസ് അച്യുതാനന്ദൻ പറഞ്ഞു.

സമരംചെയ്യുന്ന ആദിവാസി സംഘടനകളുമായി നടത്തിയ ചർച്ചയിലെ വാഗ്ദാനം ഗവർമെണ്ട് പാലിക്കാതിരുന്നത് ആദിവാസികളെ വീണ്ടും സമരത്തിലേക്ക് നയിച്ചു. ആദിവാസിക്ഷേമ സമിതി പ്രവർത്തകർ സമാധാനപരമായി സമരം നടത്തിവരികയാണ്. സി കെ ജാനു നേതൃത്വം നൽകുന്ന ഗോത്രമഹാസഭാപ്രവർത്തകരാണ് നിയമം കയ്യിലെടുത്തത്. ഇവരെ നിയന്ത്രിക്കുന്നത് ചില നക്സൽ തീവ്രവാദി ഗ്രൂപ്പുകളാണെന്നു പുറത്തുവന്നിട്ടുണ്ട്. ഭൂരഹിതരായ ആദിവാസികൾക്കെല്ലാം ഡിസംബർ 31നുമുമ്പ് ഭൂമി നൽകാമെന്നായിരുന്നു ഗവർമെണ്ട് വാഗ്ദാനം. അതുണ്ടായില്ല.

ടാറ്റ അമ്പതിനായിരം ഏക്കറും പോപ്സൺ ഗ്രൂപ്പ് പതിനായിരം ഏക്കറും സർക്കാർഭൂമി അനധികൃതമായി കൈവശംവെക്കുന്നുണ്ട്. ഈ ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് നൽകാനാകും. ഇതിനുപുറമെ റവന്യൂവകുപ്പിൻെറയും പ്ലാൻേറഷൻ കോർപറേഷൻെറയും മറ്റും കയ്യിൽ ഭൂമിയുണ്ട്. ഇടുക്കി ജില്ലയിൽ കഞ്ചാവ് കൃഷിചെയ്യുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. ഇവിടെയെല്ലാം ആദിവാസികൾക്ക് നൽകാവുന്നതാണ്. അതൊന്നും ചെയ്യാതെയാണ് നിബിഡവനം ചുണ്ടിക്കാട്ടി ആദിവാസികളെ ഗവർമെണ്ട് പ്രലോഭിപ്പിച്ചത്. ഇടുക്കി ജില്ലയിലെ മറയൂരിൽ കുറച്ച് ആദിവാസികൾക്ക് ഭൂമി നൽകിയശേഷം മുഖ്യമന്ത്രിയും സി കെ ജാനുവും അവിടെ ആഹ്ലാദനൃത്തം ചവിട്ടി. സെക്രട്ടറിയറ്റിനു മുന്നിൽ കുടിൽകെട്ടി സമരം നടത്തുന്നതിന് യഥേഷ്ടം സൗകര്യംചെയ്തുകൊടുത്തതും മുഖ്യമന്ത്രിതന്നെയാണ്. ജാനുവിനെ ഉപയോഗിച്ച് ആദിവാസികളുടെ പിന്തുണ നേടാനാണ് ആൻറണി ശ്രമിച്ചത്. ഇതേ ജാനുവും അനുയായികളുമാണ് നിയമം കയ്യിലെടുത്ത് ഗവർമെണ്ടിനെ വെല്ലുവിളിക്കുന്നത്.

മുത്തങ്ങയിൽ നിബിഡവനം കയ്യേറി എണ്ണൂറോളം ആദിവാസികൾ അനധികൃത താമസം തുടങ്ങിയിട്ട് ആഴ്ചകളായി. പ്രസ്തുത പ്രദേശം അവരുടെ സ്വതന്ത്രമേഖലയായി പ്രഖ്യാപിച്ചു. ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് ഉദ്യോഗസ്ഥർ അവിടേക്ക് പ്രവേശിക്കുന്നത് തടഞ്ഞു. വനങ്ങൾ വെട്ടിയിട്ടു. നിരവധി കുടിലുകൾ കെട്ടി. അടിക്കാടുകൾക്ക് തീയിട്ടു. അപ്പോഴൊന്നും ഒരു നടപടിയും ഗവർമെണ്ട് സ്വീകരിച്ചില്ല. ഉയർന്ന പൊലീസ് ഉദ്യോഗസ്ഥർതന്നെ വെളിപ്പെടുത്തിയത് അവിടേക്ക് ആന്ധ്രയിൽനിന്നും ശ്രീലങ്കയിൽനിന്നും തീവ്രവാദികൾ എത്തിയിട്ടുണ്ടെന്നാണ്. ഉദ്യോഗസ്ഥരെ ബന്ദിയാക്കിയപ്പോഴും ഉണർന്ന് പ്രവർത്തിക്കാൻ സർക്കാരിനായില്ല. വേണ്ടത്ര ജാഗ്രതയും അവധാനതയും ഇല്ലാതെയാണ് മുത്തങ്ങയിൽ പൊലീസ് നടപടി ഉണ്ടായത്. ഒരു പൊലീസുകാരൻേറതടക്കം നിരവധിപേരുടെ മരണത്തിനിടയാക്കിയ ദുരന്തം ഗവർമെണ്ടിന് ഒഴിവാക്കാൻ കഴിയുമായിരുന്നു. ഇനിയെങ്കിലും ആ നിലയ്ക്കുള്ള നടപടികൾ ഉണ്ടാകണം. സമയബന്ധിതമായി ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകണം. അവരുമായി ചർച്ചയ്ക്ക് തയ്യാറാകണം. കേരളത്തിലെ ആദിവാസികളെ തീവ്രവാദികളുടെയും കലാപകാരികളുടെയും കൈകളിലേക്ക് എറിഞ്ഞുകൊടുക്കരുതെന്ന് വി എസ് ഗവർമെണ്ടിന് മുന്നറിയിപ്പ് നൽകി.



മൂല്യവർധിത നികുതി നടപ്പാക്കരുതെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായി സമിതി നടത്തിയ സെക്രട്ടറിയറ്റ് മാർച്ച്.

വ്യാപാരി ഹർത്താൽ പൂർണം

തിരു: മൂല്യവർധിത നികുതി (വാറ്റ്) ക്കെതിരെ വ്യാപാരി വ്യവസായികൾ നടത്തിയ ഹർത്താൽ പൂർണം. സമരത്തിൽനിന്ന് വിട്ടുനിൽക്കാൻ ആഹ്വാനം ചെയ്ത ഏകോപനസമിതി ടി നസറുദീൻ വിഭാഗത്തിന് ഇത് കനത്ത തിരിച്ചടിയായി.

നിയമസഭയിൽ അവതരിപ്പിച്ച മൂല്യവർധിതനികുതി ബില്ലിനെതിരെ വ്യാപാരിവ്യവസായി ഏകോപനസമിതിയുടെയും വ്യാപാരിവ്യവസായി സമിതിയുടെയും നേതൃത്വത്തിൽ ആയിരക്കണക്കിനു വ്യാപാരികൾ സെക്രട്ടറിയറ്റിലേക്ക് മാർച്ച് നടത്തി.

ഗാന്ധിപാർക്കിൽനിന്ന് വ്യാപാരി വ്യവസായിസമിതി ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ വമ്പിച്ച പ്രകടനമായാണ് സെക്രട്ടറിയറ്റിനുമുന്നിൽ എത്തിയത്. മാർച്ച് വ്യാപാരി വ്യവസായി സമിതി സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഗിരീഷ് ഉദ്ഘാടനം ചെയ്തു. എ സമ്പത്ത്, സമിതി സംസ്ഥാന വൈസ്പ്രസിഡണ്ട് പനങ്ങോട്ടുകോണം വിജയൻ, സംസ്ഥാന സെക്രട്ടറി എം എ റഹിം, ജില്ലാ വൈസ്പ്രസിഡണ്ട് ജി ലക്ഷ്മണൻ എന്നിവർ സംസാരിച്ചു.

ഈ വിഷയം സംബന്ധിച്ച് മറ്റു ജില്ലകളിൽ കരിദിനാചരണവും 'വാറ്റി'ൻെറ കോപ്പി കത്തിക്കുകയും പ്രകടനങ്ങൾ നടത്തുകയും ചെയ്തു. സെക്രട്ടറിയറ്റ് മാർച്ചിനുശേഷം സമിതി നേതാക്കൾ മന്ത്രിമാർക്ക് നിവേദനം നൽകി.

മുപ്പതിനായിരത്തോളം പേർ മാർച്ചിൽ പങ്കെടുത്തതായി സംഘാടകർ അറിയിച്ചു.

നാളത്തെ ജാക്ക്പോട്ട്
രൂ. 1 കോടി
മിനി ജാക്ക്പോട്ട്
രൂ. 25 ലക്ഷം

വേഗം! നിങ്ങളുടെ ടിക്കറ്റ് ഉടനെ വാങ്ങൂ!

ഇപ്പോൾ 10 രൂ. മാത്രം

BONUS BALL MEGAWIN

ജയിക്കാൻ എക്സ്ട്രാ ചാൻസ്.

2003 ഫെബ്രുവരി 15ന് നടന്ന ബോണസ് ബോൾ നറുക്കെടുപ്പിൽ വിജയം നേടിയ നമ്പരുകൾ : 09, 14, 15, 17, 30, 44 ബോണസ് ബോൾ: 07. ജയിക്കൂ ഇന്നു, ജയിക്കൂ.

Ambience D'Arcy/PLAY/02-238

ഒന്നാം ചരമവാർഷികം (21-2-2003)



സി. സുരേന്ദ്രൻ
ഓഫീസർ, കനറാ ബാങ്ക്, ബാംഗ്ലൂർ
ബീനാ നിവാസ്, പന്തലായനി, കൊയിലാണ്ടി

- സന്തപ്ത കുടുംബം
അച്ചൻ: സി.ആർ. നായർ
അമ്മ: ലക്ഷ്മിക്കുട്ടി അമ്മ

15-ാം ചരമവാർഷികം (21-2-2003)



സി. ചിന്നൻ നായർ
ചെട്ടേരി വീട്, ചേവരമ്പലം

- കുടുംബാംഗങ്ങൾ

19-ാം ചരമവാർഷികം



കെ.കെ. രാധ
എടച്ചേരി

- നിത്യസ്മരണകളോടെ
ഭർത്താവ്: എം. ചാത്തു
മക്കൾ: ഷൈനി, സജിത്, ധന്യ
അമ്മ: ജാനകി.

നന്ദി ! നന്ദി !! നന്ദി !!!
ഇതുവരെ ഞങ്ങളോട് സഹകരിച്ച എല്ലാ മാന്യ ഉപഭോക്താക്കൾക്കും ഹൃദയംനിറഞ്ഞ നന്ദി!
നിങ്ങളുടെ അസൗകര്യം കണക്കിലെടുത്ത്
4000 സ്ക്വയർഫീറ്റിൽ കൂടി വികസനം നടത്തി ഷോറും വിപുലമാക്കുന്നു
ഞായറാഴ്ചകളിൽ കട മുടക്കം

പ്രീതി സിൽക്സ് ഫനോക്ക് Ph: 2403701
പ്രീതി ഗോൾഡ് പാർക്ക് ഫനോക്ക് Ph: 2403703
പ്രീതി ബൂട്ട്സ് ഫനോക്ക് Ph: 2403704
പ്രീതി സൂപ്പർ മാർക്കറ്റ് & മെറ്റൽസ് ഫനോക്ക് Ph: 2403700

പി ആർ ബേക്കറി എന്നും തുറന്നു പ്രവർത്തിക്കുന്നു

Vol: 59 No.67 - RNI Reg. No. 3036/57, Regd. No. KL/NR/5-6/2003-05 Printed and Published by P. Karunakaran for Pinarayi Vijayan, Secretary CPI(M) Kerala State Committee at Deshabhimani Printing & Publishing House Ltd., Kozhikode. Chief Editor: V.S. Achuthanandan. Phone: 2365286, 2365129, 2366178. FAX 2365883 Email: deshclt@sify.com

2003 ഫെബ്രുവരി
21
വെള്ളി
കോഴിക്കോട്

മാധ്യമം

■ പുസ്തകം 16 ■ ലക്കം 260 ■ പേജ് 12 ■ വില 3.25 രൂപ

MADHYAMAM DAILY, PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, KANNUR, MALAPPURAM & BANGALORE. FRIDAY FEBRUARY 21, 2003

സൗദി വിസാ സർവീസ്
ഹജ്ജ്, ഉംറാ വിസാ സർവീസ്, കുറഞ്ഞ നിരക്കിൽ എയർ ടിക്കറ്റ്
كرياتف انتربرائزز
Creative Enterprises IATA
LIC NO: 000420/BOM/PER/1000+/3/570/84
REGD. OFF: 82/10, BADRIKESHWAR BLDG.,
PATAN JAIN MANDAL MARG, MARINE DRIVE, MUMBAI -400 002
Tel 22814421. 22819913. 22817978 FAX: 22818961
CALICUT- 727605, 727673 COHIN- 374064, TRIVANDRUM-321195, MUVATTUPUZHA- 812614, KODUNGALLUR - 802695



പ്രതികാരാഗ്നി: മുത്തങ്ങയിലെ പൊൻകുഴിയിൽ ആദിവാസികളുടെ അവശേഷിക്കുന്ന കുടിലുകളും പോലിസ് തീവെക്കുന്നു

ഫോട്ടോ: അജീബ് കൊമാച്ചി

മരണസംഖ്യയിൽ ദുരൂഹത

കൽപറ്റ: മുത്തങ്ങയിലെ പോലിസ് വെടിവെപ്പിൽ മരിച്ചവരുടെ എണ്ണത്തെക്കുറിച്ച ഔദ്യോഗിക കണക്കിൽ ദുരൂഹത. സ്ത്രീകളും കുട്ടികളുമടക്കമുള്ള 250ഓളം ആദിവാസികൾക്കുനേരെ നിരവധി ചുറ്റ് വെടിവെച്ചതിൽ ഒരാൾ മാത്രമാണ് മരിച്ചതെന്നാണ് പോലിസ് പറയുന്നത്. എന്നാൽ നിരവധി പേർ മരിച്ചിട്ടുണ്ടാവുമെന്ന അഭ്യൂഹത്തിന് ഇപ്പോഴും വിരാമമായില്ല.

മൂന്നു കുട്ടികളും മൂന്നു സ്ത്രീകളുമടക്കം 14 പേർ വെടിയേറ്റു മരിച്ചതായി ചില ആദിവാസി നേതാക്കൾ പറയുന്നു. 14 പേർ മരിച്ചതായി വിവിധ പത്രമോഫീസുകളിൽ അവർ അറിയിച്ചു.

മൃതദേഹങ്ങൾ ഉൾക്കാട്ടിൽ കഴിയുന്ന തങ്ങളുടെ പക്കലുണ്ടെന്നും പോലിസ് നടപടിയുണ്ടാവില്ലെന്ന് ഉറപ്പുനൽകിയാൽ പുറത്തുകൊണ്ടുവന്ന് മറവുചെയ്യുമെന്നുമാണ് അവർ പറയുന്നത്.

സ്ത്രീകളും കുട്ടികളും മുദ്രാവാക്യം വിളികളോടെ ഗോത്രസഭയുടെ ഷെഡ്ഡിൽ നിൽക്കുമ്പോഴാണ് പോലിസ് വലിയ മുന്നറിയിപ്പൊന്നും നൽകാതെ തുരുതുരാ വെടിയുതിർത്തത്. കൈരളി ടി.വി കാമറാമാൻ ഷാജി പട്ടണം ഈ രംഗങ്ങൾ പകർത്തിയിട്ടുണ്ട്. ഷാജിയെ പോലിസ് പിന്നീട് മർദിച്ച് അവശനാക്കി. സ്ഥലത്തുണ്ടായിരുന്ന ഏഷ്യാനെറ്റ് വാർത്താ സംഘത്തെയും പോലിസ് വിരട്ടിക്കൊണ്ടിരുന്നു.

കൽപറ്റയിലെ ചില പത്രപ്രവർത്തകർ പോലിസ് വെടിവെപ്പും വീണുകിടക്കുന്നവർക്കു നേരെ നടത്തിയ മർദനവും കണ്ടിട്ടുണ്ട്. ഇവരെയും പോലിസ് ഭീഷണിപ്പെടുത്തി സ്ഥലം വിടാൻ പറഞ്ഞു. കുട്ടികളെ അടിച്ചുവീഴ്ത്തിയിരുന്നു. മാത്രവുമല്ല പോലിസ് വീണ്ടും വീണ്ടും തോക്ക് ഉപയോഗിക്കുകയും ചെയ്തു. ഓടിപ്പോയവർക്കു നേരെയും പോലിസ് നിറയൊഴിക്കുന്നുണ്ടായിരുന്നു.

ആൾക്കൂട്ടത്തിനു നേരെയാണ് കെ.എ.പിക്കാർ വെടിവെച്ചത്. അപ്പോൾ തോക്കിനു മുന്നിൽ ഉണ്ടായിരുന്നതിൽ അധികവും സ്ത്രീകളും കുട്ടികളുമാണ്. വെടിവെപ്പ് നടന്നയുടൻ പത്രപ്രവർത്തകരെ സ്ഥലത്തുനിന്ന് ആട്ടിയോടിച്ചതും ദുരൂഹതയേറ്റുന്നു. ഇന്നലെ ഉച്ചയോടെ മാത്രമാണ് പത്രലേഖകരെ പ്രദേശത്തേക്കു കടക്കാൻ അനുവദിച്ചത്.

കാലത്ത് രണ്ടാംഘട്ട ഓപറേഷൻെറ ഭാഗമായി എത്തിയ പോലിസും വനപാലകരും ചേർന്ന് വെടിവെപ്പുണ്ടായ സ്ഥലത്തെ ഷെഡ്ഡുകളും മറ്റും കത്തിച്ചു. ഇന്നലെ രാവിലെ 11 മണിയോടെ പത്രലേഖകരെത്തുമ്പോഴും കാട് എരിയുന്നുണ്ടായിരുന്നു. വെടിവെപ്പ് നടന്ന പ്രദേശം മുഴുവൻ അഗ്നിക്കിരയായ നിലയിലാണ്.

സർക്കാർ പറഞ്ഞ ജോലി പോലിസ് ചെയ്തു: മുഖ്യമന്ത്രി

തിരുവനന്തപുരം: മുത്തങ്ങയിൽ പോലിസ് കടമ നിറവേറ്റിയെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി. സർക്കാർ പോലിസിനോട് പറഞ്ഞ ജോലി അവർ നിർവഹിച്ചു. വനംവകുപ്പും മറ്റ് എല്ലാവരും ആവശ്യപ്പെട്ടതനുസരിച്ചാണ് നടപടിയെടുത്തതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

മന്ത്രിസഭാ യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഭവത്തിൽ ഒരു ആദിവാസിയും ഒരു പോലിസുകാരനും മരിച്ചു. [illegible] ഔദ്യോഗിക റിപ്പോർട്ടെന്ന് മുഖ്യമന്ത്രി ആവർത്തിച്ചു.

ഡി.ജി.പി അടക്കം ഉയർന്ന ഉദ്യോഗസ്ഥരുമായി താൻ ചർച്ച നടത്തി. മാധ്യമപ്രവർത്തകരെ ഉൾപ്പെടെ വനപ്രദേശത്ത് കൊണ്ടുപോയി കാണാൻ അനുവദിച്ചുവെന്നാണ് തനിക്ക് കിട്ടിയ റിപ്പോർട്ട്. ഒരു പത്രത്തിൽ മൂന്ന് മൃതദേഹങ്ങളുടെ പടം വന്ന കാര്യം ചോദിച്ചപ്പോൾ ഔദ്യോഗിക കണക്കേ താൻ പറയൂവെന്ന് മുഖ്യമന്ത്രി അറിയിച്ചു.

സ്ഥലത്ത് തെരച്ചിൽ നടക്കുന്നു. നാട്ടുകാരൊക്കെ സ്ഥലത്തുണ്ട്. ഇരുമ്പുമറയൊന്നുമില്ല. പ്രതിപക്ഷ നേതാക്കൾ ഇന്ന് അവിടെ പോകുന്നുണ്ട്. മുത്തങ്ങയിൽ പത്രപ്രവർത്തകരെ മർദിച്ചതും സർക്കാർ നിർദേശപ്രകാരമാണോ എന്ന് ചോദിച്ചപ്പോൾ ചില രംഗങ്ങളിൽ പോയാൽ... എന്ന് പറഞ്ഞു തുടങ്ങിയ മുഖ്യമന്ത്രി പൂർത്തിയാക്കിയില്ല.

സംഭവത്തെക്കുറിച്ച് അന്വേഷണം തിരുമാനിച്ചോ

ശേഷം പേജ് 7 കോളം 4

▼ പേജ് 9

ആദിവാസി കോളനികളിൽ പോലിസ് റെയ്ഡ്; 35 പേർ അറസ്റ്റിൽ

മുത്തങ്ങ: പ്രതിപക്ഷം സഭ സ്തംഭിപ്പിച്ചു

വിഹ്വലതയോടെ ഗീതാനന്ദൻെറ കുടുംബം

മുത്തങ്ങ നിയന്ത്രണാധീനം; 300 പേർ പിടിയിൽ

വി. മുഹമ്മദലി

മുത്തങ്ങ: ആദിവാസി ഗോത്രമഹാസഭയുടെ വനം കൈയേറ്റം ഒഴിപ്പിക്കാൻ നടത്തിയ നീക്കത്തെതുടർന്ന് യുദ്ധക്കളമായ മുത്തങ്ങ വനമേഖല നിയന്ത്രണാധീനം. മുഴുവൻ കൈയേറ്റക്കാരെയും ഒഴിപ്പിച്ചതായി പോലിസ് അവകാശപ്പെട്ടു. വനഭൂമിയിൽ കുടിൽകെട്ടി താമസമുറപ്പിച്ച ചില ഗോത്രസഭാ പ്രവർത്തകർ ഉൾക്കാട്ടിലേക്ക് രക്ഷപ്പെട്ടതായും സൂചനയുണ്ട്.

ഗോത്രസഭാ ബന്ധം ആരോപിച്ച് വനത്തിന് പുറത്തുനിന്ന് പോലിസ് ആദിവാസികളെ കൂട്ടത്തോടെ കസ്റ്റഡിയിലെടുത്തു. മുത്തങ്ങ മുതൽ ബത്തേരി വരെയുള്ള ഭാഗങ്ങളിൽ നിന്നായി രണ്ടു ദിവസത്തിനിടെ മുന്നൂറോളം പേരെ കസ്റ്റഡിയിലെടുത്തു. 275 പേരെ അറസ്റ്റ് ചെയ്തതായി പോലിസ് സ്ഥിരീകരിച്ചു. പരിക്കേറ്റ് സുൽത്താൻ ബത്തേരി ആശുപത്രിയിൽ കഴിയുന്ന 38 പേർക്ക് പുറമെയാണിത്. ഫോറസ്റ്ററെയും പോലിസിനെയും വെട്ടി പരിക്കേൽപിച്ച കേസിലെ പ്രതി നെയ്യാറ്റിൻകര സ്വദേശി ബിനുവും ഇവരിലുണ്ട്. വനമേഖലയിലെ തെരച്ചിൽ പോലിസ് ഇന്നലെ തൽക്കാലം നിർത്തിയെങ്കിലും വൻ പോലിസ് സന്നാഹം മുത്തങ്ങയിൽ ക്യാമ്പ് ചെയ്തു വരികയാണ്.

ഗോത്രമഹാസഭാ നേതാക്കളായ സി.കെ. ജാനുവും എം. ഗീതാനന്ദനും നിലമ്പൂരിലേക്ക് കടന്നതായ സൂചനകളെ തുടർന്ന് പോലിസും വനംവകുപ്പും നിലമ്പൂർ വനാന്തരങ്ങളിൽ നിതാന്ത ജാഗ്രതയിലാണ്. പ്രത്യേക പോലിസ് സേന നിലമ്പൂരിൽ എത്തിയിട്ടുണ്ട്. ജാനുവിൻെറ സന്തത സഹചാരി തങ്കമണിയ മുത്തങ്ങയിൽ പോലിസ് പിടികൂടിയതായി അറിയുന്നു. എന്നാൽ, പോലിസ് ഇത് സ്ഥിരീകരിച്ചിട്ടില്ല. സ്ഥിതി വിലയിരുത്താൻ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻെറ നേതൃത്വത്തിൽ ഇടതുമുന്നണി നേതാക്കൾ ഇന്ന് മുത്തങ്ങയിലെത്തും.

സ്ഥിതി പൂർണമായും നിയന്ത്രണാധീനമാണെന്ന് ഐ.ജി വേണുഗോപാൽ കെ. നായർ അറിയിച്ചു. വെടിവെപ്പിൽ മരിച്ചത് ഒരു ആദിവാസി മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. പോലിസുകാരനെ ഗോത്രസഭക്കാർ വെട്ടിക്കൊന്നിരുന്നു. രണ്ട് ദിവസത്തെ പോലിസ് നടപടിയുമായി ബന്ധപ്പെട്ട് ജീവഹാനി ഇതുമാത്രമാണ്. എന്നാൽ പോലിസ് വെടിവെപ്പിലെ മരണസംഖ്യയെ കുറിച്ച് ദുരൂഹത തുടരുകയാണ്.

സുൽത്താൻ ബത്തേരി ടൗൺ, മാനന്തവാടി കല്ലൂർ, പൊൻകുഴി എന്നിവിടങ്ങളിൽ നിന്ന് പോലിസ് ആദിവാസികളെ പിടികൂടിയിട്ടുണ്ട്. പുലിതൂക്കി കോളനിയിൽ നിന്ന് 12ഓളം ഗോത്രസഭക്കാരെ അറസ്റ്റ് ചെയ്തു. ഇന്നലെ വൻ സന്നാഹത്തോടെ സായുധ പോലിസ് അരിച്ചു പെറുക്കിയെങ്കിലും കാട്ടിൽ നിന്ന് ആരെയും പിടികൂടിയിട്ടില്ല. മുത്തങ്ങയിലെ അനധികൃത കൈയേറ്റം പൂർണമായും ഒഴിപ്പിച്ചതായി ജില്ലാ കലക്ടർ കെ. ഗോപാലൻ പറഞ്ഞു. കൈയേറ്റം അവസാനിപ്പിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര സർക്കാർ നിർദേശം നൽകിയിരുന്നതായും അദ്ദേഹം വെളിപ്പെടുത്തി. കുടിയിറക്കിലും സംഘർഷത്തിലും ജില്ലാ ഭരണകൂടം പരമാവധി സംയമനം പാലിച്ചതായി അദ്ദേഹം അവകാശപ്പെട്ടു.

കേന്ദ്രം റിപ്പോർട്ട് ആവശ്യപ്പെട്ടു

ന്യൂദൽഹി: മുത്തങ്ങയിൽ ആദിവാസികൾ വനഭൂമി കൈയേറിയതിനെക്കുറിച്ച് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രി ടി.ആർ. ബാലു സംസ്ഥാന സർക്കാറിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. വന്യജീവി സംരക്ഷണ കേന്ദ്രത്തിൻെറ ഭൂമി ആദിവാസികൾ കൈയേറിയ സംഭവം അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇതേക്കുറിച്ച് മന്ത്രി മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.



നിശ്ശബ്ദമായ നിലവിളികൾ: സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആദിവാസി സ്ത്രീകളും കുട്ടികളും



കാട് കാക്കാൻ കാക്കിപ്പട: പോലിസ്സംഘം അമ്പുകുത്തി മലയിലേക്ക്

വിമാനം തകർന്ന് പാക് വ്യോമസേനാ മേധാവിയടക്കം 17 പേർ മരിച്ചു

ഇസ്‌ലാമാബാദ്: സൈനികവിമാനം തകർന്ന് പാക് വ്യോമസേനാ മേധാവി മുശാഫ് അലി മീറും ഭാര്യയുമടക്കം 17 പേർ മരിച്ചു. നാലു ഉന്നത വ്യോമസേനാ ഉദ്യോഗസ്ഥരും മരിച്ചവരിൽ പെടും. വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ കൊഹാത്തിന് സമീപമാണ് സൈന്യത്തിൻെറ ഫോക്കർ വിമാനം തകർന്നുവീണത്. കാലാവസ്ഥാ തകരാറാണ് അപകടകാരണമെന്നു കരുതുന്നു.



മുശാഫ് അലി മീർ

മുശാഫ് അലി മീർ, ഭാര്യ ബിൽഖീസ്, എയർ മാർഷൽ സലിം നവാസ്, എയർമാർഷൽ റസാഖ്, എയർ കോമഡോർ ജാവീദ്, എയർ കോമഡോർ രാജാ റിസ്‌വാൻ എന്നിവരുടെ മൃതദേഹം തിരിച്ചറിഞ്ഞതായി 'ജിയോ ന്യൂസ്' ചാനൽ റിപ്പോർട്ട് ചെയ്തു. മൃതദേഹങ്ങൾ ഹെലികോപ്ടറിൽ അപകടസ്ഥലത്തുനിന്ന് നീക്കിയതായും ചാനൽ അറിയിച്ചു. അപകടത്തിൽ മരിച്ച വ്യോമസേനാ ഉദ്യോഗസ്ഥരുടെ പേര് ഔദ്യോഗികമായി വെളിപ്പെടുത്തിയിട്ടില്ല.

കൊഹാത്തിലെ വ്യോമസേനാ താവളത്തിൽ വാർഷിക പരിശോധന നടത്താൻ ചക്‌ലാലയിൽ നിന്ന് പുറപ്പെട്ടതായിരുന്നു വ്യോമസേനാ മേധാവിയും സംഘവും. അപകടത്തെക്കുറിച്ച് ഉന്നതതല അന്വേഷണത്തിന് വ്യോമസേന ഉത്തരവിട്ടു.

പർവതമേഖലയിൽ പ്രവേശിച്ച ഉടൻ വിമാനവുമായുള്ള റേഡിയോബന്ധം നഷ്ടപ്പെട്ടതായി സൈനികവൃത്തങ്ങൾ അറിയിച്ചു. കനത്ത മഴയും കാറ്റും നാലു ദിവസമായി പാക്കിസ്ഥാൻെറ വ

ശേഷം പേജ് 7 കോളം 1

രക്ഷാബന്ധൻ





GET WIRED TO SAFETY

നിലവാരം കുറഞ്ഞ കേബിളുകൾ ഷോർട്ട് സർക്യൂട്ട്, ഷോക്ക്, തീപിടുത്തം എന്നീ ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തും.

ഉന്നത ഗുണമേന്മയുള്ള വി-ഗാർഡ് പിവിസി ഇൻസുലേറ്റഡ് കേബിളുകൾ മാത്രം വാങ്ങൂ. സുരക്ഷയുടേയും സമാധാനത്തിന്റേയും തണലിൽ ദീർഘകാലം ജീവിതം ആസ്വദിക്കൂ.

V-GUARD®
PVC INSULATED CABLES

സവിശേഷതകൾ: ❖ സവിശേഷ ഫയർ റിട്ടാർഡന്റ് പിവിസി ഇൻസുലേഷൻ ❖ സ്പാർക്ക് ടെസ്റ്റ് ചെയ്തത് ❖ ISI മാർക്കുള്ളത് ❖ ISO 9002 സർട്ടിഫിക്കേഷൻ ലഭിച്ചത് ❖ ട്രേസർ ലൈൻ ❖ നീളം ഉറപ്പാക്കുന്ന പ്രത്യേക സീൽ ❖ 45 & 90 മീറ്റർ നീളങ്ങളിൽ ലഭ്യം ❖ 0.5 sq.mm മുതൽ 10.0 sq.mm വരെയുള്ള കനത്തിൽ കേബിളുകൾ ലഭ്യം.

AUTHORISED DISTRIBUTORS: Kochi : 41/2956, St.Vincent Road. Ph : 2395404. Kollam : Door No: QMC - IX/714 A, Narayana Shopping Complex, Kadappakada. Ph : 2744621. Thiruvananthapuram : TC-22/1063, Mannammoola, Peroorkada Ph: 2433174. Kozhikode : 2/2038 D, E.K.Building, Behind Varkey's Supermarket. Ph : 2374911. Kannur : RAZ Complex, Near Coimbatore Engineering Works, Kakkad Road, South Bazaar. Ph: 2701653. Available with all leading dealers.

Maitri.com

ഭൂമി തേടി വന്നവർ എല്ലു നുറുങ്ങി മടങ്ങി

കെ. ബാബുരാജ്

സുൽത്താൻ ബത്തേരി: മുത്തങ്ങ ഇപ്പോൾ ശാന്തമാണ്. യുദ്ധം കഴിഞ്ഞ പ്രതീതി! വന്യജീവി സങ്കേതത്തിൽനിന്ന് അവസാനത്തെ ആദിവാസിയും ഒഴിഞ്ഞുപോയെന്ന് ഉറപ്പുവരുത്തി കെ.എ.പി ബറ്റാലിയൻ കാട്ടിലെ തെരച്ചിൽ പൂർത്തിയാക്കി. പോലിസിന്റെ അടിയേറ്റ് എല്ലു നുറുങ്ങിയ ആദിവാസികൾ ആശുപത്രി കിടക്കയിൽ അശരണരായി കഴിയുന്നു. ആദിവാസികളുടെ വെട്ടേറ്റ പോലിസുകാരും വേദന കടിച്ചിറക്കുന്നു.

ബത്തേരി താലൂക്ക് ആശുപത്രിയിൽ കൈക്കും കാലിനും പ്ലാസ്റ്ററിട്ട് കിടക്കുന്ന വൃദ്ധനായ അപ്പുവിന് അറിയില്ല..., പോലിസ് അയാളുടെ എല്ലുകൾ അടിച്ചു ഒടിച്ചത് എന്തിനാണെന്ന്. നെന്മേനിക്കുന്നിൽ താമസിക്കുന്ന അപ്പുവിനെ അയൽവാസി കുമ്പിളിയാണ് വിളിച്ചുകൊണ്ടുപോയത്. മുത്തങ്ങയിൽ പോയി കുടുംബസമേതം പാർത്താൽ ഭൂമി കിട്ടുമെന്ന് പറഞ്ഞു. അത് വിശ്വസിച്ച് ഭാര്യ പാലയെയും രണ്ട് മക്കളെയും കൂട്ടി പോയതാണ്. ഇപ്പോൾ ഭാര്യയും മക്കളും എവിടെയാണെന്നറിയില്ല.

പോലിസ് അറസ്റ്റ് ചെയ്ത 274 ആദിവാസികളിൽ ഭൂരിഭാഗം പേരുടെയും അവസ്ഥ ഇതാണ്. മുത്തങ്ങയിൽ കുടിയേറിയാൽ അഞ്ചേക്കർ കിട്ടുമെന്നാണ് അവരെ ഗോത്ര മഹാസഭാ നേതാക്കൾ ധരിപ്പിച്ചത്. പണിയില്ലാതെ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന പാവങ്ങൾ അതു വിശ്വസിച്ച് ജനുവരി ആദ്യം വന്യജീവി സങ്കേതത്തിൽ കുടിയേറി. അന്ന് സി.കെ. ജാനുവും ഗീതാനന്ദനും അവരെ എതിരേൽക്കാനുണ്ടായിരുന്നു. ഇന്നിപ്പോൾ ഇരുവരും എവിടെയാണെന്നറിയില്ല. 250 രൂപ കൊടുത്താണത്രെ ഓരോ കുടുംബവും പ്രവേശനം വാങ്ങിയത്. ഒരു മാസത്തേക്കുള്ള അരിയും മറ്റും കൊണ്ടുവന്നിരുന്നു. അത് തീർന്നപ്പോൾ വയർ മുറുക്കി ഉടുക്കാൻ തുടങ്ങി.

റോഡിൽനിന്ന് രണ്ട് കിലോമീറ്റർ ഉള്ളിൽ ആനക്കടവ്, കാക്കപ്പാടം, അമ്പുകുത്തി എന്നിവിടങ്ങളിലാണ് ആദിവാസികൾ കുടിൽ കെട്ടിയത്. ജനുവരി അഞ്ചിന് അവർ വന്നശേഷം ഈയടുത്ത ദിവസം വരെ നല്ല ബന്ധമായിരുന്നുവെന്ന് ഫോറസ്റ്റർമാരായ രാജനും മാധവൻ നായരും ഗാർഡ് സുരേഷ് ബാബുവും ഉറപ്പിച്ചുപറയുന്നു. ഇവരെ ഗോത്ര മഹാസഭ ബന്ദികളാക്കിയതാണ് മുത്തങ്ങ സംഭവത്തിന്റെ തുടക്കം.

കാട്ടിൽ മരത്തിനു മുകളിൽ കെട്ടിയ മച്ചാനിൽ കാവൽ നിന്ന ആദിവാസി വാച്ചർ തിങ്കളാഴ്ച ഉച്ചക്ക് കാടുകത്തുന്ന വിവരം ഫോറസ്റ്റർമാരെ അറിയിച്ചു. ടാക്സി ജീപ്പ് വിളിച്ച് കാട്ടിൽ പോയി തീ കെടുത്തി വരുമ്പോൾ ആദിവാസികൾ തടഞ്ഞു. ജീപ്പിന്റെ കാറ്റഴിച്ചുവിട്ടു. ഡ്രൈവർ പുഷ്പനെ അടിച്ചുവീഴ്ത്തി. ആദിവാസികളായ വാച്ചർമാരോടൊപ്പം ഫോറസ്റ്റർമാരെയും ഗീതാനന്ദൻ 'കസ്റ്റഡി'യിലെടുത്തു. 'നിങ്ങൾ കാടിന് തീയിട്ടില്ലേ. ഇനി എ.ഡി.എം. വന്നശേഷം തിരുമാനിക്കാം എന്ന് ഗീതാനന്ദൻ പറഞ്ഞു. വാച്ചർമാരെ ആദ്യം ഗീതാനന്ദനാണ് തല്ലിയതെന്ന് ഫോറസ്റ്റർമാർ വെളിപ്പെടുത്തി. പിന്നീട് ഗോത്രമഹാസഭക്കാരും ക്രൂരമായി പെരുമാറി.

കൈയും കാലും കെട്ടി മഞ്ഞുപെയ്യുന്ന രാത്രി മുഴുവൻ അവരെ പുറത്തുനിർത്തി. പിറ്റേന്ന് വെയിലത്ത് നിർത്തി. തീ കെടുത്തി ദാഹിച്ചുവന്ന അവർക്ക് ഒരു തുള്ളി വെള്ളംപോലും കൊടുത്തില്ല. പിറ്റേന്ന് പോലിസും റവന്യൂ ഉദ്യോഗസ്ഥരും വരുന്നതുവരെ ബന്ധനത്തിൽ കഴിഞ്ഞു.

വയനാട്ടിലെ ആദിവാസിയുടെ സംസ്കാരമല്ല കാട്ടിൽ കുടിയേറിയവരിൽ കണ്ടതെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. അവർക്കിടയിൽ തിരുവനന്തപുരം, കൊല്ലം സ്വദേശികൾ ഉണ്ടായിരുന്നു. പോലിസ് ആക്ഷൻ നടക്കുമ്പോൾ 400ൽ താഴെ പേരേ കാട്ടിലുണ്ടാകാൻ സാധ്യതയുള്ളൂ. ആദ്യം വന്നവരിൽ കുറേ പേർ തിരിച്ചുപോയി. അവർക്ക് പകരം വന്നത് തീവ്രവാദികളായിരുന്നു. പീപ്പിൾസ് വാർ ഗ്രൂപ്പ് മോഡലിലായിരുന്നു അവരുടെ പ്രവർത്തനം. ആളുകളെ ബന്ദികളാക്കുന്നതും ഒരു പോയന്റിൽനിന്ന് മറ്റൊരു പോയന്റിലേക്ക് കൊണ്ടുപോകുന്നതുമെല്ലാം ആസൂത്രിമായിട്ടായിരുന്നു.

'ഗീതാനന്ദനായിരുന്നു എല്ലാറ്റിന്റെയും നേതൃത്വം. ജാനു ഒരലങ്കാരം പോലെയേ തോന്നിയുള്ളൂ. രണ്ടാഴ്ചയായി ഗീതാനന്ദൻ



ഗോത്രമഹാസഭ ആദ്യം ബന്ദികളായി പിടിച്ച ഫോറസ്റ്റർമാരായ രാജൻ, മാധവൻ നായർ, ഫോറസ്റ്റ് ഗാർഡ് സുരേഷ് ബാബു എന്നിവർ

ഗ്രൂപ്പ് യോഗങ്ങൾ ചേർന്ന് കാട്ടിൽ മരിച്ചുവീഴാൻ വരെ തയാറാകണം എന്ന് കുടിയേറ്റക്കാരെ ഓർമിപ്പിച്ചുകൊണ്ടിരുന്നു. കുടിയേറ്റം ഒന്നര മാസം പിന്നിട്ടിട്ടും സർക്കാർ അനങ്ങാതിരുന്നതിനാൽ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന വാശിയിലായിരുന്നു ഗീതാനന്ദനും ഗോത്രസഭാ പ്രസിഡിയവും. ഇതിനാണ് അവർ കാടിന് തീയിട്ടതും വനംവകുപ്പുകാരെ പിടിച്ചതും. അങ്ങിനെ ചെയ്താൽ പോലിസ് ഒഴിപ്പിക്കാൻ നിർബന്ധിതരാകും എന്ന കണക്കുകൂട്ടലിലായിരുന്നു നേതൃത്വം. കരുതിവെച്ചിരുന്ന ഭക്ഷണം തീർന്ന് ആകെ ഗതികേടിലായികഴിഞ്ഞിരുന്നു അവർ. പിടിച്ചുനിൽക്കാൻ പറ്റാത്ത അവസ്ഥയിലെത്തിയിരുന്നു. ഞങ്ങൾക്ക് അവരോട് സഹതാപവും അനുകമ്പയും ഉണ്ടായിരുന്നു. ഇപ്പോൾ ജനവികാരം മുഴുവൻ എതിരായി - ഫോറസ്റ്റർമാർ പറഞ്ഞു.

തിങ്കളാഴ്ച വരെ ജാനു കാട്ടിൽ ഉണ്ടായിരുന്നതായാണ് ആദിവാസികളിൽനിന്ന് അറിയാൻ കഴിഞ്ഞത്. പോലിസ് ആക്ഷൻ നടന്ന ബുധനാഴ്ച ഉച്ചവരെ ഗീതാനന്ദനും ഉണ്ടായിരുന്നു. പിന്നീട് ഇരുവരും മുങ്ങി. ഇവരെ കണ്ടുപിടിക്കാൻ പോലിസ് വ്യാപകമായി തെരച്ചിൽ നടത്തുകയാണെന്ന് ഉത്തര മേഖലാ ഡി.ഐ.ജി എൻ. ശങ്കർ റെഡ്ഡി പറഞ്ഞു. ഒരു ആദിവാസി മാത്രമേ വെടിവെപ്പിൽ മരിച്ചിട്ടുള്ളൂവെന്നാണ് ആക്ഷന് നേതൃത്വം നൽകിയ ഡി.ഐ.ജി പറയുന്നത്.

പോലിസുകാരനെ ബന്ദിയാക്കി പിടിച്ച് വൈക്കോലിൽ കിടത്തി തീവെക്കാൻ ഒരുങ്ങിയപ്പോഴാണ് വെടിവെച്ചത്. തീവെക്കാൻ പന്തം കൊളുത്തിപ്പിടിച്ച ആളാണ് വെടിയേറ്റുമരിച്ചത്. വെടിവെച്ചെങ്കിലും പോലിസുകാരന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും അയാളുടെ തലക്ക് മാരകമായി വെട്ടിപരിക്കേൽപിച്ചിരുന്നു.

സ്ത്രീകളും കുട്ടികളും ധാരാളം ഉള്ളതിനാലാണ് നടപടി വൈകിച്ചത്. പോലിസുകാരനെ പിടിച്ച് കൊല്ലാൻ നിർത്തിയിട്ടും നടപടി വൈകുന്നതു മറ്റ് പോലിസുകാരിൽ ആശങ്കയും അമർഷവും ഉണ്ടാക്കിയിരുന്നു. ആദിവാസികൾ വിദ്യാഭ്യാസമില്ലാത്തവരാണെന്നും അവരോട് മയത്തിൽ പെരുമാറണമെന്നുമൊക്കെ പലതവണ പറഞ്ഞാണ് വിട്ടത്. പ്രതീക്ഷിച്ചതിൽ കുറഞ്ഞ അത്യാഹിതമേ സംഭവിച്ചിട്ടുള്ളൂവെന്ന് ഡി.ഐ.ജി പറഞ്ഞു.

ശിവഗിരി ആക്ഷന് നേതൃത്വം നൽകിയ ശങ്കർറെഡ്ഡിയുടെ ഔദ്യോഗിക ജീവിതത്തിലെ രണ്ടാമത്തെ അഗ്നിപരിക്ഷണമായിരുന്നു ഇത്. മഴു, വെട്ടുകത്തി, കൂർപിച്ച മുളവടി, അമ്പ്, തെറ്റാലി തുടങ്ങിയ നാടൻ ആയുധങ്ങളുമായാണ് ആദിവാസികൾ പോലിസിനെ നേരിട്ടതെന്ന് റെഡ്ഡി പറഞ്ഞു. ആദിവാസികളെപോലൊരു സമൂഹത്തിൽനിന്ന് പ്രതീക്ഷിച്ചതല്ല ഇത്.

കാലിൽ വെട്ടേറ്റ് ബത്തേരി ആശുപത്രിയിൽ കഴിയുന്ന കെ.എ.പിയിലെ സോമൻ പറയുന്നതും ഇതുതന്നെയാണ്. ചെറുത്തുനിൽപ് ഉണ്ടാകുമെങ്കിലും ആദിവാസികൾ കീഴടങ്ങുമെന്നാണ് കരുതിയത്. അവർ വെട്ടുകത്തിയുമായി കുതിക്കുമെന്ന് പോലിസ് കണക്കുകൂട്ടിയില്ല.

ആദിവാസികൾ പ്രതിരോധം തീർത്തപ്പോൾ പോലിസ് അവരെ ചതച്ചുപിഴിഞ്ഞതിന്റെ തെളിവുകൾ ബത്തേരി ആശുപത്രിയിലുണ്ട്. തലക്കും കാലിനും അടിയേറ്റ പിഞ്ചുകുഞ്ഞുങ്ങളെ അവിടെ കാണാം. ജാനുവും കൂട്ടരും വഞ്ചിച്ചു എന്ന് പറയുന്നവരെ കാണാം. ഇന്നലെ വരെ ഹീറോ ആയിരുന്ന ജാനു ഒറ്റപ്പെടലിന്റെ വക്കിലാണ്.

സർക്കാറിന്റെ കഴിവുകേടിന്റെയും ആദിവാസികളുടെ തിരിച്ചറിവില്ലായ്മയുടെയും പരിണതിയാണ് മുത്തങ്ങ സംഭവം. സൂചികൊണ്ടെടുക്കാമായിരുന്നത് തൂമ്പകൊണ്ടെടുക്കേണ്ടിവന്ന അവസ്ഥ.

'മുത്തങ്ങ സംഭവത്തിന് പിന്നിൽ സർക്കാറുകളുടെ ആദിവാസി വിരുദ്ധ പ്രവർത്തനങ്ങൾ'

ബാംഗ്ലൂർ: മുത്തങ്ങയിലെ ആദിവാസി പ്രക്ഷോഭം ഇത്രത്തോളം വഷളാക്കിയത് മാറിമാറി വന്ന സംസ്ഥാന സർക്കാറുകളുടെ ആദിവാസി വിരുദ്ധ പ്രവർത്തനങ്ങളാണെന്ന് 'പോരാട്ടം' സംഘടനയുടെ പ്രസിഡൻറ് മുണ്ടൂർ രാവുണ്ണി ആരോപിച്ചു. അടുത്തമാസം ഒന്നിന് ഇവിടെ നടക്കുന്ന യുദ്ധവിരുദ്ധ റാലിയിൽ പങ്കെടുക്കാനെത്തിയതായിരുന്നു അദ്ദേഹം. ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകാതെ കറുപ്പിനെ വെളുപ്പാക്കാനുള്ള ശ്രമങ്ങളാണ് ആൻറണി നടത്തുന്നത്. ശത്രുരാജ്യത്തേക്ക് സൈന്യത്തെ അയക്കുന്നതുപോലെയാണ് സംസ്ഥാന സർക്കാർ മുത്തങ്ങയിലേക്ക് പോലിസിനെ അയച്ചത്. അതുകൊണ്ടുതന്നെ ആദിവാസികൾ നിയമം കൈയിലെടുക്കരുതെന്ന് പറയാൻ ആൻറണിക്ക് അവകാശമില്ല. പോലിസിനെ ആക്രമിക്കാൻ ആദിവാസികൾ നിർബന്ധിതരാവുകയായിരുന്നു. എന്നിട്ടും സംഭവത്തിന്റെ ഉത്തരവാദിത്തം നക്സലൈറ്റുകളെന്ന് മുദ്രകുത്തി ആദിവാസികളുടെ തലയിൽ കെട്ടിവെക്കാനാണ് മുഖ്യമന്ത്രിയുടെ ശ്രമം -അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയും ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനുവും സഹകരിച്ചുകൊണ്ട് ആദിവാസികളെ വഞ്ചിക്കുകയാണെന്ന് രാവുണ്ണി ആരോപിച്ചു. മുത്തങ്ങയിൽനിന്ന് പോലിസിനെ പിൻവലിച്ച് ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകുകയാണ് ആൻറണി സർക്കാർ ചെയ്യേണ്ടത്. സംഭവത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ആൻറണി രാജിവെക്കണമെന്നും രാവുണ്ണി ആവശ്യപ്പെട്ടു.

കരിപ്പൂരിൽ നൈറ്റ് ലാൻറിംഗ് നടപടി ത്വരിതപ്പെടുത്താൻ നിർദേശം

കൊണ്ടോട്ടി: കരിപ്പൂരിലെ 'നൈറ്റ് ലാൻറിംഗ്' നടപടി ത്വരിതപ്പെടുത്താൻ വ്യോമയാന മന്ത്രാലയം എയർപോർട്ട് അതോറിറ്റിക്ക് നിർദേശം നൽകി. മൂന്നുമാസത്തിനകം നടപടി പൂർത്തിയാക്കാനാണ് നിർദേശം. വിദേശ നിർമിത ലീഡ്-ഇൻ-ലൈറ്റുകൾ ലഭ്യമാകുന്നതിൽ ഉണ്ടായ കാലതാമസമാണ് മാർച്ചിനകം പൂർത്തിയാക്കാനിരുന്ന നൈറ്റ് ലാൻറിംഗ് നടപടികൾ വൈകിച്ചത്.

ലീഡ് ഇൻ ലൈറ്റിനായി ആഗോള ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും പ്രതികരണം ഉണ്ടായില്ല. ഈയാഴ്ച വീണ്ടും ടെണ്ടർ ക്ഷണിച്ച് ലീഡ് ഇൻ ലൈറ്റിനുള്ള ഓർഡർ നൽകാനാണ് ഉദ്ദേശം.

ലീഡ് ഇൻ ലൈറ്റ് സ്ഥാപിക്കാനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൊണ്ടോട്ടി, നെടിയിരുപ്പ്, മൊറയൂർ വില്ലേജുകളിലെ 0.03 ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. റൺവെയുടെ കിഴക്കേ അതിരിൽനിന്നും ഒന്നര കിലോമീറ്റർ ഇടവിട്ട് നാല് ലീഡ് ഇൻ ലൈറ്റുകളാണ് സ്ഥാപിക്കുന്നത്.

ലീഡ് ഇൻ ലൈറ്റുകൾക്ക് ഒപ്പം റൺവെക്ക് ചുറ്റിലുമുള്ള മലകളിൽ സൗരോർജ ലൈറ്റുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്.

ജാനുവിനെ തേടി നിലമ്പൂരിൽ പോലിസ് കാവൽ

നിലമ്പൂർ: സി.കെ. ജാനുവും എം. ഗീതാനന്ദനും അടക്കമുള്ള ആദിവാസി ഗോത്രസഭ പ്രവർത്തകർ നിലമ്പൂർ കാടുകളിൽ എത്താനിടയുണ്ടെന്ന് സൂചന ലഭിച്ചതിനെ തുടർന്ന് പോലിസ്-വനംവകുപ്പ് നിരീക്ഷണം ശക്തമാക്കി. വയനാട് കാടിനടുത്ത പ്രധാന പോയിൻറുകളിലും ഉൾവനങ്ങളിലെ ആദിവാസി ഊരുകളിലുമാണ് നിരീക്ഷണം ശക്തമാക്കിയത്.

മുത്തങ്ങ വന്യജീവി സങ്കേതത്തിൽ നിന്ന് ഏറ്റവുമെളുപ്പം എത്താൻ കഴിയുന്ന മേഖലയാണ് നിലമ്പൂർ കാടുകൾ. ആദിവാസി ഗോത്രമഹാസഭക്ക് നിലമ്പൂരിൽ സ്വാധീനമുണ്ട്. ഉൾവനങ്ങളിലെ ആദിവാസി ഊരുകളായ പുഞ്ചക്കൊല്ലി, അളക്കൽ, അപ്പൻകാപ്പ്, വാണിയമ്പുഴ, ഉച്ചക്കുളം, മാഞ്ചീരി, നെടുങ്കയം എന്നിവിടങ്ങളിലാണ് വനംവകുപ്പ് കാവൽ ഏർപ്പെടുത്തിയത്. നിലമ്പൂർ, വയനാട് വനാതിർത്തിയിലെ മേപ്പാടി, ചൂരൽമല ഭാഗത്തും വനപാലകരുടെ നിരീക്ഷണമുണ്ട്. ഡി.വൈ.എ.സ്.പി പി.വി. ഏലിയാസിന്റെ നേതൃത്വത്തിലാണ് പോലിസ് നിരീക്ഷണം. എടക്കര, വഴിക്കടവ്, നിലമ്പൂർ സ്റ്റേഷൻ പരിധിയിൽ പട്രോളിംഗ് തുടരുകയാണ്. നാടുകാണി ചുരത്തിൽ വാഹനപരിശോധനയും നടക്കുന്നുണ്ട്. എ.ആർ. ക്യാമ്പിലെ ഒന്നര ബറ്റാലിയൻ റിസർവ് ഫോഴ്സ് നിലമ്പൂരിൽ ക്യാമ്പ് ചെയ്യുകയാണ്. സുരക്ഷാ സന്നാഹം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുത്തങ്ങയിൽ കുടിയൊഴിപ്പിക്കലിന് പോയ നിലമ്പൂരിലെ വനപാലകസംഘം ഇന്നലെ മടങ്ങി.

ജാനുവും സംഘവും തമിഴ്നാട്ടിലേക്ക് കടക്കുന്നതു തടയാൻ അതിർത്തി ചെക്കുപോസ്റ്റുകളിലും പോലിസ് കാവൽ ഏർപ്പെടുത്തി.

ആദിവാസി സമരത്തെ സർക്കാർ കണ്ടത് ലാഘവത്തോടെ -കെ. വേണു

തലശ്ശേരി: മുത്തങ്ങ സംഭവം ആദിവാസികളോട് മുഖ്യമന്ത്രി ഇതുവരെ എടുത്ത നിലപാടിന് വിരുദ്ധമായിപ്പോയെന്ന് മുൻ നക്സലൈറ്റ് കെ. വേണു. വളരെ ലാഘവത്തോടെയാണ് സർക്കാർ ആദിവാസി സമരത്തെ കണ്ടത്. അവരെ പ്രകോപിതരാക്കുന്നതിൽ സർക്കാറിന്റെയും പോലിസിന്റെയും സമീപനം ഏറെ സഹായകമായി. ഇതുവരെ ആൻറണി സ്വീകരിച്ച ഉദാരമനസ്ഥിതി വ്യാഖ്യാനിക്കാനാവില്ല. പക്ഷേ, സർക്കാർ മെഷിനറിയുടെ ഭാഗത്തുനിന്നും എടുത്തുചാട്ടം ഉണ്ടാവരുതായിരുന്നു. ബലം പ്രയോഗിച്ച് സംഘർഷം ഉണ്ടാക്കുകയാണ് മുത്തങ്ങയിലുണ്ടായത്.

ഇൻറർസോൺ കലോൽസവം: സ്റ്റേജിതര മൽസരങ്ങൾക്ക് ഇന്ന് തുടക്കം

മലപ്പുറം: 1200-ഓളം യുവകലാകാരന്മാർ മാറ്റുരക്കുന്ന കാലിക്കറ്റ് സർവകലാശാലാ ഇൻറർസോൺ കലാമേളക്ക് മലപ്പുറം ഗവ. കോളജിൽ ഇന്ന് തുടക്കം കുറിക്കും. സ്റ്റേജിതര മൽസരങ്ങളുടെ ഉദ്ഘാടനം രാവിലെ 10ന് പ്രശസ്ത കാർട്ടൂണിസ്റ്റ് ബി.എം. ഗഫൂർ നിർവഹിക്കും.

വൈകിട്ട് മൂന്നിന് നടക്കുന്ന സാംസ്കാരിക സദസ്സിൽ കൈതപ്രം ദാമോദരൻ നമ്പൂതിരി, ഡോ. പി.കെ. ഗോപി, പി.കെ. പാറക്കടവ്, മണമ്പൂർ രാജൻബാബു, കാവിൽ പി. മാധവൻ, ജി.പി. രാമചന്ദ്രൻ, കെ.പി.എസ്. പയ്യനാടം തുടങ്ങിയവർ സംബന്ധിക്കും.

പ്രബന്ധരചന, കഥ, കവിതാരചന, ചിത്രരചന, കാർട്ടൂൺ, എംബ്രോയ്ഡറി, ക്ലേ മോഡലിംഗ്, പ്രസംഗം, കൊളാഷ്, പോസ്റ്റർ നിർമാണം, പൂക്കളം, കിറ്റ് [illegible] സരങ്ങളാണ് ഇന്ന് കോളജ് ഓഡിറ്റോറിയത്തിൽ നടക്കുക.

സർവകലാശാലാ പരിധിയിലെ കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിലെ നാല് മേഖലകളിൽനിന്ന് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് 102 ഇനങ്ങളിൽ മൽസരിക്കുന്നത്.

മലപ്പുറത്ത് ആദ്യമായി നടക്കുന്ന കലോൽസവത്തിന്റെ ഔപചാരിക ഉദ്ഘാടനം നാളെ വൈകിട്ട് അഞ്ചിന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവഹിക്കും. പ്രസിദ്ധ ചലച്ചിത്രനടൻ ഭരത്ഗോപി മുഖ്യാതിഥിയാകും. മന്ത്രി എം.കെ. മുനീർ സമ്മാനദാനം നിർവഹിക്കും. കാലിക്കറ്റ് സർവകലാശാലാ വൈസ് ചാൻസലർ ഡോ. സയ്യിദ് ഇഖ്ബാൽ ഹസനൈൻ പ്രസംഗിക്കും.

ഉദ്ഘാടനച്ചടങ്ങിന് മുന്നോടിയായി വൈകിട്ട് മൂന്നിന് സാംസ്കാരിക ഘോഷയാത്ര നടക്കും. മലപ്പുറം എം.എസ്.പി പരിസരത്തുനിന്ന് ആരംഭിക്കുന്ന ഘോഷയാത്ര കുന്നുമ്മൽ ചുറ്റി മലപ്പുറം ഗവ. കോളജിൽ സമാപിക്കും.

ഉദ്ഘാടനച്ചടങ്ങിനുശേഷം സ്റ്റേജ് മൽസരങ്ങൾ ആരംഭിക്കും. തിങ്കളാഴ്ച കലോൽസവത്തിന് സമാപനമാവും.

മോണോ ആക്ട്: കോടതി ഉത്തരവുമായി ശ്രാവണ

മഞ്ചേരി: മലപ്പുറം ഗവ. കോളജിൽ ഇന്ന് ആരംഭിക്കുന്ന കാലിക്കറ്റ് യൂനിവേഴ്സിറ്റി ഇൻറർസോൺ മൽസരത്തിൽ മോണോ ആക്ടിൽ ഫാറൂഖ് കോളജിലെ കെ. ശ്രാവണയെ പങ്കെടുപ്പിക്കാൻ മഞ്ചേരി മുൻസിഫ് കോടതി ഉത്തരവായി.

ഫാറൂഖ് കോളജിലെ മൂന്നാം വർഷ ബി.കോം വിദ്യാർഥിനിയായ ശ്രാവണക്ക് ബി സോൺ മൽസരത്തിൽ മൂന്നാംസ്ഥാനമാണ് ലഭിച്ചത്. ബി സോൺ കലോൽസവ വേദിയിൽ മോണോ ആക്ട് മൽസരത്തിനിടെ തന്റെ ഊഴം വന്നപ്പോൾ ഓപറേറ്റർ മൈക്ക് സ്ഥാനം മാറ്റിയതിനാൽ അപശബ്ദം വന്നുവെന്നും ഇക്കാരണത്താലാണ് മൂന്നാംസ്ഥാനത്തായതെന്നുമായിരുന്നു ശ്രാവണയുടെ വാദം.

പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പ്രൊഫ. ടി.എൻ. രവീന്ദ്രൻ, കൺവീനർ ബിജു സക്കറിയ എന്നിവരാണ് കേസിലെ എതിർകക്ഷികൾ.

ബി സോൺ മൽസരത്തിൽ ശ്രാവണക്ക് ഭരതനാട്യത്തിൽ ഒന്നാം സ്ഥാനവും കുച്ചിപ്പുടിയിൽ രണ്ടാം സ്ഥാനവും ലഭിച്ചിരുന്നു.

ദുരൂഹ സാഹചര്യത്തിൽ ജിദ്ദയിൽ കാണാതായി

പൂക്കോട്ടൂർ: മുണ്ടിതൊടികയിലെ പാറക്കൽ ഹംസയെ (32) ദുരൂഹ സാഹചര്യത്തിൽ ജിദ്ദയിൽ കാണാതായതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചു. ശറഫിയ്യയിലെ കന്തൂറ എന്ന സ്ഥാപനത്തിലെ ജോലിക്കാരനായ ഹംസയെ കഴിഞ്ഞ ആറാം തീയതിയാണ് കാണാതായത്. അന്ന് പതിവുപോലെ ജോലിക്ക് ഹാജരായിരുന്നു.

പിറ്റേന്നു മുതൽ ബലിപെരുന്നാൾ അവധിയായിരുന്നു.

ഹജ്ജിന് പോകണമെന്ന് ചില സുഹൃത്തുക്കളോട് പറഞ്ഞതായി വിവരമുണ്ട്. കാണാതായപ്പോൾ അങ്ങനെ പോയതായിരിക്കുമെന്നാണ് കൂടെ താമസിക്കുന്നവരും കരുതിയത്. അവധി കഴിഞ്ഞ് ഓഫീസ് തുറന്നിട്ടും ഹംസ ജോലിക്കെത്താതിരുന്നതിനെ തുടർന്നാണ് അന്വേഷണം നടത്തിയത്.

റസിഡൻഷ്യൽ പെർമിറ്റും (ഇഖാമ) മൊബൈൽ ഫോണും കൊണ്ടുപോയിട്ടില്ല.

മരുന്നുമാറി കുത്തിവയ്പ്: ആറു പേരൊഴികെ ആശുപത്രി വിട്ടു

തിരുവനന്തപുരം: മരുന്നുമാറി കുത്തിവെച്ച് അവശനിലയിലായി തലസ്ഥാനത്തിന്റെ വിവിധ ആശുപത്രികളിൽ ചികിൽസയിൽ കഴിഞ്ഞിരുന്ന കുട്ടികളിൽ ആറ് പേർ ഒഴികെ മറ്റെല്ലാവരും ആശുപത്രി വിട്ടു.

അഞ്ച് കുട്ടികളും ഒരു സ്ത്രീയുമാണ് ആശുപത്രിയിൽ കഴിയുന്നത്. ജനറൽ ആശുപത്രിയിൽ മൂന്നും എസ്.എ.ടി.യിൽ രണ്ടും കുട്ടികളും മെഡിക്കൽ കോളജിൽ ഒരു സ്ത്രീയുമാണ് ഇപ്പോൾ ചികിൽസയിലുള്ളത്.

പെരിങ്ങമ്മല, കല്ലിയൂർ സ്വദേശികളായ അഖിൽ (അഞ്ച്), വിപിൻ (എട്ട്), ജോബിൻ (നാല്), ഉണ്ണി (ഒരു വയസ്സ്), സൂര്യൻ (മൂന്ന്), ബിന (30) എന്നിവരാണ് ഇപ്പോഴും നിരീക്ഷണത്തിൽ കഴിയുന്നത്.

ശാരീരിക ക്ഷീണം പൂർണമായും വിട്ടുമാറാത്തതിനാലാണ് ചികിൽസ തുടരുന്നതെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

നിയമം ലംഘിച്ച് വി.ഐ.പി പരിഗണനയിൽ ഉത്തരക്കടലാസ് പുനഃപരിശോധന

തേഞ്ഞിപ്പലം: പി.ജി പരീക്ഷക്ക് പുനഃപരിശോധന പുനഃസ്ഥാപിക്കുന്നതിനുമുമ്പ്, കാലിക്കറ്റ് സർവകലാശാലയിൽ എം.എ (ഫൈനൽ) ഇക്കണോമിക്സ് ഉത്തരക്കടലാസുകൾ വി.ഐ.പി പരിഗണനയിൽ പുനഃപരിശോധന നടത്തിയത് വിവാദമാകുന്നു.

കോഴിക്കോട് സെൻറ് ജോസഫ്സ് ദേവഗിരി കോളജിൽ 2001 ഏപ്രിലിൽ എം.എ പരീക്ഷ എഴുതിയ വിദ്യാർഥിനിക്കാണ് നിയമം മറികടന്ന് പുനഃപരിശോധന നടത്തിയത്. വിദ്യാർഥിനി എട്ട് പേപ്പറുകളാണ് പുനഃപരിശോധനക്ക് അപേക്ഷിച്ചത്.

അടിയന്തരമായി പുനർമൂല്യനിർണയം നടത്തി തിരിച്ചെത്തിയ നാല് പേപ്പറുകളിലും വിദ്യാർഥിനിക്ക് മാർക്ക് വർധന ഉണ്ടായിട്ടുണ്ട്. പേപ്പർ നാലിന് 81 മാർക്ക് 105 ആയും പേപ്പർ അഞ്ചിന് 63 മാർക്ക് 79 ആയും വർധിച്ചു. പേപ്പർ ആറിന് 81 മാർക്ക് 97 ആയും പേപ്പർ ഏഴിന് 65 മാർക്ക് 73 ആയുമാണ് ഉയർന്നത്.

കാലിക്കറ്റിൽ പി.ജി പരീക്ഷക്ക് പുനഃപരിശോധന അനുവദിച്ചത് 2002 മുതൽ നടന്ന പരീക്ഷകൾക്കാണ്. 2001ൽ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ എങ്ങനെ മാല്യനിർണയം നടത്തിയെന്നത് ദുരൂഹമായി തുടരുന്നു. പുനഃപരിശോധനക്ക് വിദ്യാർഥിനി നൽകിയ അപേക്ഷ സ്വീകരിച്ചുകൊണ്ട് പരീക്ഷാ കൺട്രോളർ ബന്ധപ്പെട്ട സെക്ഷനിലേക്ക് നിർദേശം നൽകിയെങ്കിലും നിയമം അനുവദിക്കുന്നില്ലെന്ന കാരണം കാണിച്ച് സെക്ഷൻ ഓഫീസർ ഫയൽ തിരിച്ചയക്കുകയുമായിരുന്നു.

വീണ്ടും സമ്മർദം വന്നതിനെ തുടർന്ന് ഉത്തരക്കടലാസുകൾ പുനഃപരിശോധനക്ക് അയക്കുകയും രണ്ടുമാസത്തിനകം നാല് പേപ്പറുകളുടെ ഫലം പുറത്തുകൊണ്ടുവരികയും ചെയ്തു. സെക്ഷൻ ഓഫീസർ തിരിച്ചയച്ച ഫയൽ മുക്കിയതായും ആക്ഷേപമുണ്ട്.

മുൻ അധ്യാപക സംഘടനാ നേതാവിന്റെ മകൾക്കാണ് നിയമം ലംഘിച്ച് പുനഃപരിശോധന അനുവദിച്ചത്.

കേരള സർവകലാശാലയിലെ ഒരു അധ്യാപകനെക്കൊണ്ടാണ് പുനഃപരിശോധന നടത്തിയത്. വിദ്യാർഥിനിക്ക് 55 ശതമാനം മാ

വെടിയൊച്ചകൾ നിലച്ചിട്ടും നടുക്കം മാറാതെ.....

മുത്തങ്ങ: നിലവിളികളും വെടിയൊച്ചകളും നിലച്ചിട്ടും മുത്തങ്ങയിലെ കൂട്ടക്കൊലയുടെ ആഘാതത്തിലാണ് വയനാട്. കേരളത്തെ നടുക്കിയ സംഭവവികാസങ്ങളോട് ജില്ലയിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ പ്രതികരിക്കുന്നു.

കൽപറ്റ: ആദിവാസികളുടെ ആവശ്യങ്ങളോട് സംസ്ഥാന സർക്കാർ അനുഭാവ പൂർണമായ നിലപാടാണ് സ്വീകരിച്ചത്. ഗവൺമെൻറ് മൃദുലമായ സമീപനം സ്വീകരിച്ചത് ആദിവാസികളോടുള്ള സഹാനുഭൂതിക്ക് മുൻതൂക്കം നൽകിയാണ്. എന്നാൽ പാവപ്പെട്ട ആദിവാസികൾ ഉൾപ്പെട്ട 18ഓളം പേരെ ഗോത്രമഹാ സഭക്കാർ ബന്ദിയാക്കി മർദിക്കുകയും അവരെ വെച്ച് വിലപേശാൻ മുതിരുകയും കൈയേറ്റ പ്രദേശം സ്വയം ഭരണ പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ മാത്രമാണ് സർക്കാർ പ്രശ്നത്തിൽ ഇടപെട്ടതെന്നും ജില്ലാ ഓഫീസിൽ ചേർന്ന കോൺഗ്രസ് കമ്മിറ്റി വ്യക്തമാക്കി.

ഡി.സി.സി പ്രസിഡൻറ് കെ.പി. തോമസ് അധ്യക്ഷത വഹിച്ചു. ഐ.എൻ.ടി.യു.സി സംസ്ഥാന ജന. സെക്രട്ടറി പി.കെ. ഗോപാലൻ, ഡി.സി.സി വൈ. പ്രസിഡൻറ് കെ.സി. നാണു, കെ.എസ്. ജോസഫ്, കെ.വി. പോക്കർ ഹാജി, എം. സുബ്രഹ്മണ്യൻ, സി.പി. വർഗീസ്, എം. രാഘവൻ, ടി.ജെ. ഐസക്ക്, കെ.കെ. അബ്രഹാം, വി.എ. മജീദ്, കെ.കെ. വിശ്വനാഥൻ മാസ്റ്റർ, യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡൻറ് പി.ഡി. സജി, കെ.എസ്.യു ജില്ലാ പ്രസിഡൻറ് ഗോകുൽദാസ് കോട്ടയിൽ, പി. ചാത്തു, നജീബ് എന്നിവർ പ്രസംഗിച്ചു. എം.എം. രമേശൻ മാസ്റ്റർ സ്വാഗതവും ആര്യപ്പള്ളി തോമസ് നന്ദിയും പറഞ്ഞു.

മുത്തങ്ങ സംഭവത്തിൽ അന്വേഷണം വേണമെന്ന് വിവിധ പാർട്ടികളും നേതാക്കളും ആവശ്യപ്പെട്ടു. ആൻറണി സർക്കാറിൻെറ കുൽസിത നീക്കങ്ങളാണ് മുത്തങ്ങയിൽ കൂട്ടക്കുരുതിക്കിടവരുത്തിയതെന്ന് സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് ആരോപിച്ചു.

ആദിവാസി ഭൂസമരമെന്ന പേരിൽ മുത്തങ്ങയിൽ സി.കെ. ജാനുവിൻെറയും ഗീതാനന്ദൻെറയും മറ്റും നേതൃത്വത്തിൽ ഒന്നര മാസമായി ആയുധ പരിശീലനവും സ്വയം ഭരണ പ്രഖ്യാപനവുമായിരുന്നു നടന്നു കൊണ്ടിരുന്നത്. ചില തീവ്രവാദികളും വിദേശ ഏജൻസികളും ജാനുവിനും കൂട്ടർക്കും ഒത്താശ ചെയ്തതായി ഇപ്പോൾ വ്യക്തമായിട്ടുണ്ട്. ഫെബ്രുവരി 18ന് വർഗീസ് രക്തസാക്ഷി ദിനം കൂടി മുൻനിർത്തി ആരംഭിച്ച ബന്ദി നാടകത്തിന് എല്ലാവിധ സംരക്ഷണവും നൽകാനാണ് ഭരണകൂടം തയാറായത്.

സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തണം. വിവിധ കേന്ദ്രങ്ങളിൽ സമാധാന പരമായി കുടിയേറി താമസിക്കുന്ന ആദിവാസികളെ അക്രമിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും സി.പി.എം സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ സംഘർഷാവസ്ഥയും അതിക്രമങ്ങളും അത്യന്തം ആശങ്കാജനകമാണെന്ന് സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് ചൂണ്ടിക്കാട്ടി. ജില്ലയിലെ എം.എൽ.എമാർ ഉടൻ രാജിവെക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവെച്ച് അന്വേഷണം നടത്തണം. ജില്ലാ സെക്രട്ടറി ടി. സുരേഷ് ചന്ദ്രൻ അധ്യക്ഷത വഹിച്ചു.

മുത്തങ്ങയിലെ അനിഷ്ട സംഭവങ്ങൾക്ക് പൂർണ ഉത്തരവാദി സംസ്ഥാന സർക്കാറാണെന്നും വെടിവെപ്പും കൂട്ടക്കൊലയും സംബന്ധിച്ച നിജസ്ഥിതി അറിയാൻ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ബി.ജെ.പി സംസ്ഥാന പ്രസിഡൻറ് സി.കെ. പത്മനാഭൻ ആവശ്യപ്പെട്ടു. ഗോത്രമഹാസഭ കൈയേറിയിട്ടും വന്യജീവി സങ്കേതം 45 ദിവസത്തോളം അനങ്ങാപ്പാറനയം സ്വീകരിച്ച സർക്കാർ അനിഷ്ട സംഭവങ്ങൾ ക്ഷണിച്ചുവരുത്തുകയായിരുന്നെന്ന് അദ്ദേഹം മുത്തങ്ങയിൽ വർത്താലേഖകരോട് പറഞ്ഞു.

കൈയേറ്റക്കാർക്ക് ആയുധം സംഭരിക്കാനും നിലയുറപ്പിക്കാനും ഇതുവഴി സാധിച്ചു. സത്വര നടപടി എടുക്കേണ്ടതിനു പകരം സർക്കാർ ഉറങ്ങി.

അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുനൽകണമെന്ന 1975ലെ ഭൂനിയമം കേരളത്തിലെ ഭരണ-പ്രതിപക്ഷങ്ങൾ ഐകകണ്ഠ്യേന പാസാക്കിയതാണ്. സ്ഥാപിത താൽപര്യക്കാർക്കായി പിന്നീട് ഇടത്-വലത് സർക്കാറുകൾ ഇത് നടപ്പാക്കിയില്ല. ജാനുവിൻെറ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് പടിക്കൽ നടന്ന സമരത്തെ തുടർന്ന് 37 ആദിവാസി സംഘടനകൾക്ക് സർക്കാർ നൽകിയ ഉറപ്പ് പാലിച്ചില്ല.

അന്തർദേശീയ ബന്ധമുള്ള ശക്തികളാണ് ജാനുവിന് ഉപദേശവും പണവും നൽകുന്നത്. ദേശവിരുദ്ധ ശക്തികളുടെ പുകമറ മാത്രമാണ് ജാനു. ഇതിൻെറ പേരിൽ ആദിവാസികളെ പോലിസ് പീഡിപ്പിക്കരുത്. സർക്കാറിൻെറ നിഷ്ക്രിയ നിലപാട് കേന്ദ്രത്തിൻെറ ശ്രദ്ധയിൽപെടുത്തിയതായി അദ്ദേഹം പറഞ്ഞു.

മുത്തങ്ങ സംഭവത്തിൽ പി.സി. തോമസ് എം.പി ഉത്കണ്ഠ രേഖപ്പെടുത്തി. പോലിസിൻെറ സംയമനം കൊണ്ടു മാത്രമാണ് ആദിവാസികളുടെ മരണസംഖ്യ കുറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ഈ സംഭവം പാഠമാകണം. ഭരണകൂടത്തിൻെറ കഴിവുകേടാണ് മുത്തങ്ങയിൽ പ്രകടമായതെന്നും അദ്ദേഹം ആരോപിച്ചു.

ജാനുവും കൂട്ടരും ഇപ്പോൾ ചെയ്യുന്നത് കടുത്ത ആദിവാസി ദ്രോഹവും ജനവഞ്ചനയുമാണെന്ന് കെ.കെ. രാമചന്ദ്രൻ മാസ്റ്റർ എം.എൽ.എ പ്രസ്താവനയിൽ പറഞ്ഞു.

വികസന രാജ്യങ്ങളിലെ സമാധാന ജീവിതം തകർക്കാൻ ശിഥില ശക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പിന്നിൽ വിദേശ ശക്തികളാണെന്ന് അദ്ദേഹം ആരോപിച്ചു.

ആന്ധ്രയിലെ പീപ്പിൾസ്വാർ ഗ്രൂപ്പും ആസാമിലെ ഉൾഫ തീവ്രവാദികളും ഛത്തീസ്ഗഢിലെ തീവ്രവാദികളും ഇത്തരത്തിൽ വിദേശ സഹായം പറ്റുന്ന സംഘടനകളാണെന്നും മുത്തങ്ങ സംഭവത്തിൻെറ പശ്ചാത്തലത്തിൽ ഇത്തരം സംഘടനകളെ കുറിച്ച് സർക്കാർ സമഗ്രമായ അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജാനു ഗോത്രമഹാ സഭയുടെ യഥാർഥ നേതാവല്ലെന്നും നിക്ഷിപ്ത താൽപര്യങ്ങളുള്ള ചില കേന്ദ്രങ്ങളുടെ ചട്ടുകമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ആദിവാസികൾക്കു നേരെ നടന്ന വെടിവെപ്പും കൂട്ടക്കൊപ്പും സർക്കാറിൻെറ കഴിവുകേടിന് ഉത്തമ ഉദാഹരണമാണെന്ന് സി.പി.എം നേതാവ് ഇ.പി. ജയരാജൻ. ഗോത്രമഹാസഭ ബന്ദിയാക്കിയവരെ രക്ഷിക്കാൻ പ്രദേശത്തെ ജനങ്ങൾ തയാറായിട്ടും പോലിസ് നിഷ്ക്രിയത്വം പാലിച്ചു. ഒന്നുമറിയാത്ത കുട്ടികളെ ക്രൂരമായി മർദിച്ചത് നീതീകരിക്കാനാവില്ല. പ്രതികാരബുദ്ധിയോടെ പോലിസ് കണ്ണിൽകണ്ട ആദിവാസികളെ മുഴുവൻ കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുകയാണ്. ഇത് അവസാനിപ്പിക്കണം.

ആൻറണി സർക്കാറിനേറത് ചുണകെട്ട പോലിസാണെന്ന് സി.പി.എം നേതാവ് എ. കണാരൻ. ആരോപിച്ചു. മണിക്കൂറുകളോളം ബന്ദിയായ സഹപ്രവർത്തകനെ രക്ഷിക്കാൻ പോലും അവർക്ക് ധൈര്യമുണ്ടായില്ല. ഇതിന് മുഖ്യമന്ത്രി സമാധാനം പറയണം. എത്രപേർ മരിച്ചെന്ന് കൃത്യമായി പറയാൻ അധികൃതർക്ക് ഇതുവരെ സാധിച്ചിട്ടില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കുട്ടികളുടെ അടക്കം ജഡങ്ങൾ നരിമാളത്തിൽ തള്ളി കൊല്ലപ്പെട്ടവരുടെ എണ്ണത്തിൽ കൃത്രിമം കാട്ടിയതായി പരാതിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മുത്തങ്ങയിലെ അനിഷ്ടസംഭവങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രി എ.കെ. ആൻറണി ആഭ്യന്തര വകുപ്പെങ്കിലും ഒഴിയണമെന്ന് എൻ.സി.പി സംസ്ഥാന പ്രസിഡൻറ് സിറിയക് ജോൺ ആവശ്യപ്പെട്ടു. നടപ്പാക്കാൻ പറ്റാത്ത വാഗ്ദാനങ്ങൾ നൽകി ജാനുവിനെയും കൂട്ടരെയും മുഖ്യമന്ത്രി കബളിപ്പിക്കുകയാണ്.

പരിസ്ഥിതി പ്രാധാന്യമുള്ള മുത്തങ്ങ വനം കൈയേറിയതും ഉടൻ ഒഴിപ്പിക്കാത്തതും സർക്കാറിൻെറ പിടിപ്പുകേടാണ്. മന്ത്രിമാരെ തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചെന്നും മറ്റും കള്ളക്കഥ കെട്ടിച്ചമക്കുകയാണ് മുഖ്യമന്ത്രിയെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

മുത്തങ്ങ സംഭവത്തിൻെറ മറവിൽ ബത്തേരിയിലും പരിസര പ്രദേശങ്ങളിലും ആദിവാസികളുടെ നേരെ നടക്കുന്ന പോലിസ് വേട്ട ഉടൻ അവസാനിപ്പിക്കണമെന്ന് സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ ആവശ്യപ്പെട്ടു.

മുത്തങ്ങ വെടിവെപ്പിനെ കുറിച്ച് ഗവർണർ അന്വേഷിക്കണമെന്നും മുഖ്യമന്ത്രി അധികാരം ഒഴിയണമെന്നും ആർ.വൈ.എഫ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. നെടിയഞ്ചേരി ബാബു അധ്യക്ഷത വഹിച്ചു. നെടിയഞ്ചേരി വാസു, എം. മോഹൻദാസ്, ശാന്ത കുമാരി എന്നിവർ പ്രസംഗിച്ചു.

മുത്തങ്ങയിൽ നടന്ന ആദിവാസി കൂട്ടക്കൊലയെ കുറിച്ച് അന്വേഷിക്കണമെന്ന് ഭാരതീയ ദലിത് കോൺഗ്രസ് ജില്ലാ ജന. സെക്രട്ടറി ആർ. രാജൻ പ്രസ്താവനയിൽ പറഞ്ഞു.

മുത്തങ്ങ സംഭവത്തിൽ മുഖ്യമന്ത്രിക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് നാഷനലിസ്റ്റ് യൂത്ത് കോൺഗ്രസ് സംസ്ഥാന ജന. സെക്രട്ടറി പ്രദീപ് പാറപ്പുറം, ജില്ലാ പ്രസിഡൻറ് സുരേഷ് ബാബു വാളൽ ആവശ്യപ്പെട്ടു.

മുത്തങ്ങ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് കേരള ദലിത് പാന്തേഴ്സ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് ബിനു അധ്യക്ഷത വഹിച്ചു. രമേശൻ, ശ്രീനാഥ്, രാമദാസ്, സുരേഷ്, സന്തോഷ്, മധു, വിനോദ്കുമാർ, പ്രേംനാഥ് എന്നിവർ പ്രസംഗിച്ചു.

മുത്തങ്ങ സംഭവത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡൻറ് സി.കെ. മാധവൻ അധ്യക്ഷത വഹിച്ചു. ബാലൻ പൂതാടി, എം. നാരായണൻ, വി.എസ്. ജയാനന്ദൻ, ബാലൻ മാക്കുറ്റി എന്നിവർ പ്രസംഗിച്ചു.

മുത്തങ്ങ സംഭവം കേന്ദ്ര സർക്കാർ അന്വേഷിക്കണമെന്ന് സമതാ പാർട്ടി ദേശീയ സമിതി അംഗം എബ്രഹാം ബെൻഹർ ആവശ്യപ്പെട്ടു.

സി.കെ. ജാനുവിനെയും ഗീതാനന്ദനെയും ഉടൻ അറസ്റ്റ് ചെയ്യണമെന്നും ഇവരുടെ ക്രിസ്ത്യൻ, മുസ്ലിം തീവ്രവാദി ബന്ധങ്ങൾ അന്വേഷിക്കണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി ഭാരവാഹികളായ എൻ. ബാദുഷ, തോമസ് അമ്പലവയൽ എന്നിവർ ആവശ്യപ്പെട്ടു.

മന്ത്രി കുട്ടപ്പൻെറ പേഴ്സനൽ സ്റ്റാഫിൻെറ മൊബൈൽ ഫോണാണ് ജാനു ഉപയോഗിച്ചിരുന്നതെന്നും അവർ കുറ്റപ്പെടുത്തി. ആദിവാസികളുടെ മറവിൽ തീവ്രവാദ പ്രവർത്തനം നടത്തിയവർ രക്ഷപ്പെടുകയും നിരപരാധികളായ ആദിവാസികൾ വേട്ടയാടപ്പെടുകയുമാണ്. മുഖ്യമന്ത്രിയും മന്ത്രി കുട്ടപ്പനും ഇതിന് മറുപടി പറയണം- സമിതി ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ കൂട്ടക്കൊലയിൽ ആദിവാസി ക്ഷേമസമിതി ശക്തമായി പ്രതിഷേധിച്ചു. മുഖ്യമന്ത്രി ആൻറണിയാണ് ഈ കൂട്ടക്കൊലക്ക് ഉത്തരവാദി. ഭൂരഹിതരായ ആദിവാസികൾ ഭൂമിക്കുവേണ്ടി നടത്തുന്ന പോരാട്ടങ്ങളെ തുടർച്ചയായി ആൻറണി വഞ്ചിക്കുകയായിരുന്നു. സംഭവത്തെപറ്റി ജുഡീഷ്യൽ അന്വേഷണം നടത്തി എല്ലാ വസ്തുതകളും പുറത്തുകൊണ്ടു വരണമെന്ന് ആദിവാസി ക്ഷേമസമിതി ആവശ്യപ്പെട്ടു.

മുത്തങ്ങയിൽ അരങ്ങേറിയത് ആഗോള ക്രിസ്ത്യൻ തീവ്രവാദ പ്രവർത്തനത്തിൻെറ ഭാഗമായ സംഭവമാണെന്നും ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയാറാകണമെന്നും ആർ.എസ്.എസ് ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ജില്ലാ കാര്യവാഹ് സി.കെ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

വാഗ്ദാനം നൽകി ഒന്നും നടപ്പാക്കാത്ത സർക്കാറിൻെറ പുതിയ ശൈലിയാണ് മുത്തങ്ങ പ്രശ്നത്തിൻെറ അടിസ്ഥാന കാരണമെന്ന് ഇൻഫാം കുറ്റപ്പെടുത്തി. സർക്കാറിൻെറ സഹായമില്ലാതെ പൊതുജനം സ്വയം പരിഹാരം തേടേണ്ടുന്ന സാഹചര്യമാണ് കേരളത്തിലുള്ളതെന്നും ഇത് സമാധാന പ്രിയരായ ജനങ്ങളെ തീവ്രവാദപരമായ നടപടികളിലേക്കെത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കുമെന്നും ഇൻഫാം ജില്ലാ ഡയറക്ടർ ഫാ. റോബിൻ പറഞ്ഞു.



മുത്തങ്ങ പൊൻകുഴി ഭാഗത്ത് കുടിലുകൾ തീയിട്ട് നശിപ്പിക്കുന്നതിനിടയിൽ തീ പടർന്നപ്പോൾ കെടുത്താൻ ശ്രമിക്കുന്ന പോലിസുകാർ

ഗോത്രസഭാ രജിസ്റ്റർ പ്രകാരം ജില്ലയിൽ റെയ്ഡ്

സുൽത്താൻ ബത്തേരി: വനത്തിലെ ഗോത്രമഹാ ഓഫീസിൽ നിന്ന് ലഭിച്ച രജിസ്റ്ററുകളിലെയും തിരിച്ചറിയൽ കാർഡുകളിലെയും വിവരങ്ങൾ പ്രകാരം വയനാട് ജില്ലയിലുടനീളം ആദിവാസി കോളനികളിൽ പോലിസ് റെയ്ഡ് നടത്തുന്നു. പോലിസിനെ ഭയന്ന് കോളനികളിൽ നിന്ന് പുറത്തിറങ്ങിയവരെ പോലിസ് പലഭാഗത്തു നിന്നും കസ്റ്റഡിയിലെടുത്തു.

ഇന്നലെ ബസുകളിൽ റെയ്ഡ് നടത്തി 60ഓളം പേരെ പിടികൂടി. കൂലിപണിക്കും മറ്റും പോകുന്നവരെയാണ് പോലിസ് പിടിച്ചു കൊണ്ടു പോയത്.

മുത്തങ്ങ വനത്തിലെ പൊൻകുഴി, തകരപ്പാടി, അമ്പുകുത്തി പ്രദേശങ്ങൾ പോലിസ് സംഘങ്ങൾ അരിച്ചു പെറുക്കിയെങ്കിലും ആരെയും കിട്ടിയില്ല. ജാനുവടക്കമുള്ള നേതാക്കളെ പിടികൂടാനുള്ള ശ്രമവും നീളുകയാണ്. പ്രമുഖ ഗോത്രസഭാ നേതാക്കൾ വനത്തിൻെറ ഇതര ഭാഗങ്ങളിലേക്ക് കടക്കാനുള്ള സാധ്യതകളും പോലിസ് കാണുന്നുണ്ട്. വനപാലകരുടെ സഹായത്തോടെ അന്വേഷണം വ്യാപിപ്പിക്കാനാണ് നീക്കം.

റെഡ്ഫ്ളാഗ് ഇന്ന് ഉപവസിക്കും

സുൽത്താൻ ബത്തേരി: ആദിവാസി വേട്ട അവസാനിപ്പിക്കുക, നിരപരാധികളെ വിട്ടയക്കുക, പരിക്കേറ്റവർക്ക് വൈദ്യസഹായം ഉറപ്പ് വരുത്തുക, മുത്തങ്ങ സംഭവത്തെ കുറിച്ച് അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻെറ നേതൃത്വത്തിൽ ഇന്ന് രാവിലെ മുതൽ ബത്തേരി സ്വതന്ത്ര മൈതാനിയിൽ പാർട്ടി ഭാരവാഹികൾ ഉപവാസം നടത്തും.



ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് കൃപാപ്ട്നർമാർക്കുള്ള ഹിമാലയ വുഡ് ബാഡ്ജ് അവാർഡിനർഹയായ സിസ്റ്റർ ഗ്രേസി മരിയ (ഏച്ചോം സർവോദയ ഹൈസ്കൂൾ)

നിർമാണ തൊഴിലാളി ദേശീയ സമ്മേളനം വിജയിപ്പിക്കും

കൽപറ്റ: മാർച്ച് ഒന്നുമുതൽ ഒൻപതു വരെ എറണാകുളം മറൈൻ ഡ്രൈവിൽ നടത്തുന്ന നിർമാണ തൊഴിലാളി ദേശീയ സമ്മേളനവും അഖിലേന്ത്യാ പ്രദർശനവും വിജയിപ്പിക്കാൻ ബിൽഡിംഗ് ആൻറ് റോഡ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.എൻ.ടി.യു.സി) ജില്ലാ പ്രവർത്തക സമിതി തീരുമാനിച്ചു.

നിർമാണ മേഖലയിൽ ഇന്നനുഭവപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് പി.കെ. കുഞ്ഞുമൊയ്തീൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എ.പി. ശ്രീകുമാർ, ആർ. രാജൻ, ജില്ലാ നേതാക്കളായ പി.കെ. വാസു, ജോർജ് മണ്ണത്താനി, എ.വി. മുഹമ്മദലി, ജോണി, എൻ.സി. കൃഷ്ണകുമാർ, പി.വി. വാസവൻ, കെ.കെ. കുഞ്ഞനാശാരി, വി.കെ. ശാന്ത, കെ.എ. എൽദോ, സി.പി. മാത്യു, സി.എം. മാത്യു, കെ.പി. ജോയി, മുത്തുവോടൻ മൊയ്തു, എം.എൻ. കൃഷ്ണൻ, പി.എം. ജോസഫ്, വി.എ. അബ്രഹാം, പ്രദീപ്കുമാർ എന്നിവർ പ്രസംഗിച്ചു.

ഇറാഖ് യുദ്ധം സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ

മാനന്തവാടി: ആയുധ വ്യവസായം വഴി സാമ്പത്തിക പ്രതിസന്ധി മറികടക്കാനാണ് അമേരിക്ക ഇറാഖിനെ ആക്രമിക്കാനൊരുങ്ങുന്നതെന്ന് സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ് സംസ്ഥാന സെക്രട്ടറി പി.സി. ഉണ്ണിച്ചെക്കൻ പ്രസ്താവിച്ചു. വർഗീസ് രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് മാനന്തവാടി ഗാന്ധി പാർക്കിൽ അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അമേരിക്കയാണ് ലോകത്തിൽ ഏറ്റവും കൂടുതൽ ഭീകര പ്രവർത്തനം നടത്തിയിട്ടുളതെന്നും ബുഷിൻെറ പിടിവാശി എതിർക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ബസ്സ്റ്റാൻറ് പരിസരത്തു നിന്ന് ആരംഭിച്ച പ്രകടനത്തിന് വിജയൻ കുഴിവേലി, ചോമൻ മുപ്പൻ, എ.എൻ. സലീംകുമാർ, സേവ്യർ സെബാസ്റ്റ്യൻ, അഡ്വ. എ. വർഗീസ്, ചന്ദ്രമതി, സത്യഭാമ എന്നിവർ നേതൃത്വം നൽകി. വിജയൻ കുഴിവേലി സ്വാഗതം പറഞ്ഞു.

വിദ്യാർഥികൾക്ക് സഹവാസ ക്യാമ്പ്

മാനന്തവാടി: ഉദയഗിരി ജി.എൽ.പി സ്കൂളിലെ കുട്ടികൾക്കായി ദ്വിദിന സഹവാസ ക്യാമ്പ് നടത്തും. കൂട് കൂട്ടാം, പഠിക്കാം' എന്ന മുദ്രാവാക്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്.

പാട്ടും പഠനവും സമന്വയിപ്പിച്ച് ഒരു രാത്രി സ്കൂളിൽ തന്നെ താമസിച്ചായിരിക്കും ക്യാമ്പ് നടത്തുക.

പ്രകൃതി സംരക്ഷണം അനിവാര്യം

കൽപറ്റ: പ്രകൃതി സംരക്ഷണം അനിവാര്യമാണെന്നും അല്ലാത്തപക്ഷം ഗുരുതരമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും പ്രശസ്ത നരവംശ ശാസ്ത്രജ്ഞനും ടോക്യോവിലെ ഷിസൻ യൂനിവേഴ്സിറ്റി ആന്ത്രപ്പോളജി പ്രൊഫസറുമായ പ്രൊഫ. സുയുഷി നാരാ അഭിപ്രായപ്പെട്ടു. പുതുതായി രൂപവത്കരിച്ച ഓയിസ്ക ഇൻറർനാഷനൽ കൽപറ്റ ചാപ്റ്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുട്ടിൽ ഡബ്ല്യു.എം.ഒ കോളജ് പ്രിൻസിപ്പൽ പ്രൊഫ. എ. അബ്ദുൽ ലത്തീഫ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.എൽ. പൗലോസ് മുഖ്യപ്രഭാഷണം നടത്തി. കോളജ് മാനേജർ എം.എ. മുഹമ്മദ് ജമാൽ, മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സരസമ്മ ടീച്ചർ, ഓയിസ്ക സൗത്ത് ഇന്ത്യാ ചാപ്റ്റർ സെക്രട്ടറി പ്രൊഫ. തോമസ് തേവര, പ്രസിഡൻറ് സി.വി. ജോയ്, സൗത്ത് ഇന്ത്യാ കൗൺസിലർ പി. കബീർ എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി.

'കരിപ്പൂരിലെ യൂസേഴ്സ് ഫീ പിൻവലിക്കാൻ സാധ്യത'

കോഴിക്കോട്: കരിപ്പൂർ വിമാനത്താവളത്തിലെ യൂസേഴ്സ് ഫീ താമസിയാതെ പിൻവലിക്കാനാവുമെന്ന് മലബാർ ഇൻറർനാഷനൽ എയർപോർട്ട് ഡെവലപ്മെൻറ് സൊസൈറ്റി (മിയാഡ്സ്) മാനേജിംഗ് ഡയറക്ടറായ കോഴിക്കോട് ജില്ലാ കലക്ടർ ടി.ഒ. സൂരജ് പത്രസമ്മേളനത്തിൽ അറിയിച്ചു. ഹഡ്കോവിന് അടക്കാനുള്ള 21,32,50,000 രൂപയും പലിശയും എയർപോർട്ട് അതോറിറ്റി നൽകാൻ തയാറാണെന്ന് കേന്ദ്ര വ്യോമയാന സെക്രട്ടറി റോയ്പോൾ അറിയിച്ചിട്ടുണ്ടെന്ന് കലക്ടർ പറഞ്ഞു.

യൂസേഴ്സ് ഫീ പിരിക്കുന്നതിനെതിരെ കോടതിയെ സമീപിച്ചവർ കേസ് പിൻവലിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഈമാസം 27ന് കോഴിക്കോട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ടെന്ന് കലക്ടർ അറിയിച്ചു.

55 കോടി രൂപയാണ് മിയാഡ്സ് ഹഡ്കോയിൽനിന്ന് വായ്പയെടുത്തത്. ജനങ്ങളിൽനിന്ന് പിരിച്ചെടുത്ത തുക സഹിതം 60 കോടി രൂപ മിയാഡ്സ് എയർപോർട്ട് അതോറിറ്റിക്ക് നൽകി. 33,67,50,000 രൂപ ഹഡ്കോയിൽ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി 21,32,50,000 കോടി രൂപയും 11 ശതമാനം പലിശയും തിരിച്ചടക്കാമെന്ന് എയർപോർട്ട് അതോറിറ്റി സമ്മതിച്ചിട്ടുണ്ട്. യൂസേഴ്സ് ഫീ പിരിക്കുന്നതിനെതിരെ നിലവിലുള്ള എഴ് കേസുകളും പിൻവലിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. യൂസേഴ്സ് ഫീ ഇനത്തിൽ ഇക്കഴിഞ്ഞ ജനുവരി 15 വരെ 52,22,93,625 കോടി രൂപ പിരിച്ചെടുത്തതായി കലക്ടർ വെളിപ്പെടുത്തി. 1,32,75,000 രൂപ ഇന്ദിരാ വികാസ് പത്ര മുഖാന്തരവും 78,81,449 രൂപ പലിശയില്ലാത്ത ബോണ്ടായും ലഭിച്ചു. മിയാഡ്സിൻെറ കൈവശം 3.60 കോടി രൂപ ബാക്കിയുണ്ടെന്നും കലക്ടർ ചൂണ്ടിക്കാട്ടി.

സംഘർഷ ഭൂമിയിൽ മുളങ്കാടുകളുടെ മർമരം മാത്രം

മുത്തങ്ങ (വയനാട്): മുത്തങ്ങ വന്യജീവി സങ്കേതത്തിലെ പെരുങ്കുഴി മേഖല ഇപ്പോൾ ശാന്തം. വെടിവെപ്പും ബന്ദിനാടകവും ദാരുണ രംഗങ്ങളും അരങ്ങേറിയ സംഘർഷ ഭൂമിയിൽ മുളങ്കാടുകളുടെ മർമരം മാത്രം.

അഗ്നി വിഴുങ്ങിയ ദുരന്ത ഭൂമിയിൽ രക്തം വീണു കുതിർന്ന വസ്ത്രങ്ങളിൽ നിന്ന് പുകചുരുളുകൾ ഇപ്പോഴും ഉയരുന്നുണ്ട്.

മൺകലത്തിൽ ചോറും ചട്ടിയിൽ കറിയും അവിടെയുണ്ട്. മൺകുടങ്ങളും ചിരട്ട തവികളും ഈറ്റ മുറവും, തഴപായയും ചിന്നി ചിതറിയ പെരുങ്കുഴിയിലെ ദുരന്ത ഭൂമിയിൽ ഗോത്ര സംസ്കാരത്തിൻെറ പുനർജനി തന്നെ ആദിവാസി

മുത്തങ്ങ: പ്രതിപക്ഷം സഭ സ്തംഭിപ്പിച്ചു

തിരുവനന്തപുരം: മുത്തങ്ങ വനത്തിലെ പോലീസ് നടപടിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം നിയമസഭാ നടപടികൾ സ്തംഭിപ്പിച്ചു. ശൂന്യവേളയിൽ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കിയ എൽ.ഡി.എഫ് അംഗങ്ങൾ പിന്നീട് സഭാ ഹാളിന് പുറത്ത് ധർണ നടത്തി.

സഭയുടെ മറ്റ് നടപടികൾ നിറുത്തിവെച്ച് മുത്തങ്ങ സംഭവത്തെക്കുറിച്ച് ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സഭയിൽ മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ പ്രമേയത്തിന് അനുമതി നിഷേധിച്ചു. സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും സഭനിർത്തിവെച്ച് ചർച്ചചെയ്യുകയും വേണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ സഭയിൽ ആവർത്തിച്ച് ആവശ്യപ്പെട്ടു. പ്രമേയം അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോക്ക് നടത്തിയ പ്രതിപക്ഷം തിരിച്ചുവന്ന ശേഷമാണ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് നടുത്തളത്തിൽ ഇറങ്ങിയത്.

ഇന്നലെ സഭ സമ്മേളിച്ചതുതന്നെ പ്രതിപക്ഷത്തിന്റെ പ്രതിഷേധ പ്രകടനം കണ്ടുകൊണ്ടാണ്. പോലീസ് നടപടിയിൽ പ്രതിഷേധം പ്രകടിപ്പിച്ച് കറുത്ത ബാഡ്ജ് ധരിച്ചാണ് പ്രതിപക്ഷാംഗങ്ങൾ ഹാജരായത്. 'ജുഡീഷ്യൽ അന്വേഷണം നടത്തുക' 'ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകൾ ഡസ്കിനു മുകളിൽ പ്രദർശിപ്പിച്ച് പ്രതിപക്ഷം മിണ്ടാതിരുന്നു. രാജു എബ്രഹാം, കെ.രാധാകൃഷ്ണൻ, ടി.പി. രാമകൃഷ്ണൻ, ഗിരിജാ സുരേന്ദ്രൻ എന്നീ സി.പി.എം അംഗങ്ങൾ നോട്ടീസ് നൽകിയിരുന്ന ചോദ്യം ഉന്നയിക്കാൻ ക്ഷണിച്ചപ്പോൾ അവർ നിസ്സഹകരിച്ചു. മുത്തങ്ങയിൽ നടന്ന കൂട്ടക്കുരുതിയിൽ പ്രതിഷേധിച്ച് തങ്ങൾ നടപടിയിൽ നിന്ന് വിട്ടുനിൽക്കുകയാണെന്ന് അവർ അറിയിച്ചു. ചോദ്യോത്തര വേളയിൽ ഭരണകക്ഷി അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്.

ചോദ്യോത്തരവേള കഴിഞ്ഞയുടൻ സി.പി.എം. ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ അടിയന്തര പ്രമേയത്തിന് അനുമതി തേടി എഴുന്നേറ്റു. എന്നാൽ മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയത്തിന് അനുമതി നിഷേധിക്കുന്നതായി സ്പീക്കർ അറിയിച്ചു. സഭ നിറുത്തിവെച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് സ്പീക്കർ പ്രഖ്യാപിച്ചു. തുടർന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ വിശദീകരണം നടത്താനായി എഴുന്നേറ്റു. സഭ നിറുത്തിവെച്ച് ചർച്ച ചെയ്യാത്തതിലും ജുഡീഷ്യൽ അന്വേഷണം നടത്താത്തിലും പ്രതിഷേധിച്ച് ഇറങ്ങിപ്പോവുകയാണെന്ന് അദ്ദേഹം അറിയിച്ചു. എൽ.ഡി.എഫ് കക്ഷി നേതാക്കളായ കെ.പി. രാജേന്ദ്രൻ, നീല ലോഹിതദാസൻ നാടാർ, ഡോ: കെ.സി ജോസഫ്, കോവൂർ കുഞ്ഞുമോൻ തുടങ്ങിയവരും പ്രസംഗിച്ചു.

പ്രതിപക്ഷ നേതാക്കൾ സംസാരിക്കുമ്പോൾ ഭരണകക്ഷി അംഗങ്ങളും മുഖ്യമന്ത്രി സംസാരിക്കുമ്പോൾ പ്രതിപക്ഷ അംഗങ്ങളും ബഹളം വെച്ചുകൊണ്ടിരുന്നു. ഇത് പലപ്പോഴും ശബ്ദായമാനമായ രംഗങ്ങൾക്കിടയാക്കി. ഒരു ഘട്ടത്തിൽ സ്പീക്കർ വക്കം പുരുഷോത്തമൻ എഴുന്നേറ്റ് നിന്ന് അംഗങ്ങളെ ശാസിച്ചു. പ്രതിപക്ഷം പറയുന്നത് മുഖ്യമന്ത്രിക്കും മുഖ്യമന്ത്രി പറയുന്നത് പ്രതിപക്ഷത്തിനും കേൾക്കാൻ അവസരമുണ്ടാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഇറങ്ങിപ്പോക്കിന് ശേഷം തിരിച്ചുവന്നപ്പോൾ കോടിയേരി വീണ്ടും ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടു. പ്രതിപക്ഷ നേതാക്കളുടെ സംസാരത്തിൽ നിന്ന് കാര്യങ്ങൾ ബോധ്യപ്പെട്ട മുഖ്യമന്ത്രി ഇനിയെങ്കിലും ജുഡീഷ്യൽ അന്വേഷണത്തിന് തയാറാണോ എന്ന് കോടിയേരി ചോദിച്ചു. എന്നാൽ, നിർബന്ധിച്ച് മുഖ്യമന്ത്രിയെകൊണ്ട് ഉത്തരം പറയിക്കാൻ ആർക്കും അവകാശമില്ലെന്ന് ചൂണ്ടിക്കാട്ടി സ്പീക്കർ മറ്റ് നടപടികളിലേക്ക് തിരിഞ്ഞു. ഇതോടെ പ്രതിപക്ഷം മുദ്രാവാക്യം മുഴക്കി സഭയുടെ നടുത്തളത്തിൽ ഇറങ്ങി. കക്ഷി നേതാക്കൾ സ്വന്തം സീറ്റിൽ എഴുന്നേറ്റു നിന്ന പ്പോൾ മറ്റ് അംഗങ്ങൾ സ്പീക്കറുടെ വേദിക്കുമുന്നിൽ കൂടിനിന്ന് മുദ്രാവാക്യം മുഴക്കി. ഇതിനിടെ മൂല്യ വർധിത നികുതി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടുകൊണ്ട് സ്പീക്കർ സഭാനടപടികൾ പൊടുന്നനെ അവസാനിപ്പിച്ചു. തുടർന്ന് പുറത്തിറങ്ങിയ അംഗങ്ങൾ സഭാഹാളിന്റെ പടിയിൽ ഇരുന്ന് മുദ്രാവാക്യം മുഴക്കി.

വിഹ്വലതയോടെ ഗീതാനന്ദന്റെ കുടുംബം

സി.കെ.എ. ജബ്ബാർ

കണ്ണൂർ: ആദിവാസി വിമോചനം ജീവിതലക്ഷ്യമാക്കിയപ്പോൾ മകൻ വീട്ടിലെ വെറുമൊരു സന്ദർശകനായി മാറിയിരുന്നു. മുത്തങ്ങയിൽ സായുധകലാപത്തിന് ജാനുവിനോടൊപ്പം നേതൃത്വം നൽകിയതിന്റെ പേരിൽ ഒളിവിൽ പോയ മകൻ ഗീതാനന്ദനെ ഇനി എന്ന് കാണാനാവുമെന്ന ആശങ്കയിലാണ് കേരള ഹരിജൻ സമാജം മുൻ സംസ്ഥാന പ്രസിഡന്റായ പി. അമ്പു. 'അവൻ നല്ല ബുദ്ധിയും കഴിവും ഉള്ളവനായിരുന്നു'വെന്ന് മകനെ അച്ചരൻ വിശേഷിപ്പിക്കുമ്പോൾ ഉമ്മറപ്പടി ചാരി നിന്ന് ഗീതാനന്ദന്റെ ഭാര്യ വൽസല വിതുമ്പി.

കണ്ണൂർ സിറ്റി പടന്നയിലെ അമ്പുവിന്റെ വീട്ടിൽ ഫോൺ ഇന്നലെ ഇടതടവില്ലാതെ ശബ്ദിച്ചു. പലപേരുകളിലായി വിളികളാണ്. കൂട്ടത്തിൽ പോലീസും വിളിച്ചു. ഗീതാനന്ദൻ വിളിച്ചോ, വന്നോ, തുടങ്ങിയ അന്വേഷണങ്ങൾ. ടെലിവിഷൻ ചാനലുകാർ ഗീതാനന്ദന്റെ ഭാര്യയുമായി അഭിമുഖത്തിന് വന്നപ്പോൾ അമ്പു പൊട്ടിത്തെറിച്ചു. 'നിങ്ങൾ ഇവിടെ എന്തിന് വന്നു? ഒന്നും ചോദിക്കരുത്. ഞങ്ങൾ ഒന്നും പറയില്ല.'

ഉച്ചയോടെ പോലിസ് അമ്പുവിന്റെ വീട് വളഞ്ഞു. സ്ത്രീകളെ മാറ്റി നിർത്തി വീടാകെ അവർ പരിശോധിച്ചു. ഒന്നും കിട്ടിയില്ല.

'ആദിവാസികൾക്ക് വേണ്ടിയുള്ള അവന്റെ പ്രവർത്തനത്തോട് ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ, കുടുംബം ശ്രദ്ധിക്കാതെ സാമൂഹിക പ്രവർത്തനം നടത്തുന്നതിനോടാണ് എതിർപ്പ്. ആദിവാസി വിമോചന മുന്നണിയുമായി ബന്ധപ്പെട്ടത് മുതൽ ഗീതാനന്ദൻ വീട്ടിൽ വെറും സന്ദർശകനെപ്പോലെയാണ്. ഒന്നോ ഒന്നരയോ മാസം കഴിഞ്ഞാണ് വരാറ്. കുട്ടികൾക്ക് സുഖമില്ലെന്നും മറ്റുംവിളിച്ചു പറഞ്ഞാൽ വരും. വീടിനെക്കുറിച്ച് മറ്റൊരു ചിന്തയുമില്ല' -അമ്പു 'മാധ്യമ'ത്തോട് പറഞ്ഞു.

1976ൽ സബ്ജഡിസ്ട്രാറായി സർവീസിൽ നിന്ന് പിരിഞ്ഞ അമ്പു ആൺമക്കളിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസത്തിന് അയച്ചത് ഗീതാനന്ദനെയാണ്. കൊച്ചിൻ യൂനിവേഴ്സിറ്റിയിൽ നിന്ന് മറൈൻ ബയോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവുമെടുത്ത ഗീതാനന്ദൻ സെക്രട്ടേറിയറ്റിൽ എൽ.ഡി.ക്ലാർക്കും പിന്നിട് ഏജീസ് ഓഫീസിൽ ഓഡിറ്ററുമായി ജോലിയിലിരിക്കെയാണ് പൊതു പ്രവർത്തനത്തിലേക്ക് കടന്നതെന്ന അമ്പു പറയുന്നു. തിരുവനന്തപുരത്തെ യൂനിയൻ ഓഫീസിൽ നിത്യസന്ദർശകനും യൂനിയന്റെ സജീവപ്രവർത്തകനുമായി മാറിയതോടെ പതിവായി ഹാജരില്ലാതായി. ഒടുവിൽ നടപടിക്ക് വിധേയമായി. പക്ഷേ അതിന് വഴങ്ങാതെ വളൻററി റിട്ടയർമെൻറ് നേടി ഗീതാനന്ദൻ മുഴുസമയ പൊതുപ്രവർത്തകനായി. ഇതിനിടയിൽ പരിചയപ്പെട്ട വർക്കല സ്വദേശി പ്രകാശിന്റെ സഹോദരി വൽസലയെ ജീവിതപങ്കാളിയാക്കി. പത്താം ക്ലാസിൽ പഠിക്കുന്ന മകളും രണ്ടാം ക്ലാസ് വിദ്യാർഥിയായ മകനും ഇവർക്കുണ്ട്. ഗീതാനന്ദന് ഏറ്റവും കൂടുതൽ ബന്ധമുണ്ടായിരുന്നത് നക്സൽ ഗ്രൂപ്പുകളുമായാണ്. വേണുവിന്റെ ഗ്രൂപ്പുമായി ആദ്യം അടുത്തു.



ഗീതാനന്ദന്റെ അച്ഛൻ അമ്പുവും ഭാര്യ വൽസലയും

തുടർന്ന് മെയ്ദിനതൊഴിലാളി കേന്ദ്രവുമായി രംഗത്തിറങ്ങി. ഒടുവിൽ ആദിവാസിവിമോചന മുന്നണിയുടെ ജിവാത്മാവായി. ആന്ധ്രയിലെ പീപ്പിൾസ്വാർ ഗ്രൂപ്പിന്റെ സമരരീതികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ച വിഭാഗമാണിത്.

ഗീതാനന്ദന്റെ അനുജൻ ബാബു വളപട്ടണം സർക്കിൾ ഇൻസ്പെക്ടറുടെ ഡ്രൈവറാണ്. കണ്ണൂർ ട്രഷറി ജീവനക്കാരനായ ജിതാനന്ദൻ മറ്റൊരു സഹോദരൻ. ഇളയസഹോദരൻ ബോബൻ കോഴിക്കോട്ടാണ് താമസം. രണ്ട് സഹോദരിമാരും ഉണ്ട്.

ആദിവാസികൾക്ക് ഭൂമി നൽകും -മുഖ്യമന്ത്രി

തിരുവനന്തപുരം: ആദിവാസികൾക്ക് ആവശ്യമായ ഭൂമി നൽകുമെന്നും എന്നാൽ അവരെ മുന്നിൽ നിർത്തി നിയമലംഘത്തിനും സായുധ കലാപത്തിനും ആരെങ്കിലും മുതിർന്നാൽ അടിച്ചമർത്തുമെന്നും മുഖ്യമന്ത്രി എ.കെ.ആൻറണി നിയമസഭയിൽ വ്യക്തമാക്കി. പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് വിശദീകരണം നൽകുകയായിരുന്നു അദ്ദേഹം.

2002 ജനുവരി ഒന്നുമുതൽ ഇതുവരെ 843 കുടുംബങ്ങൾക്കായി 1747.82 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 1839.12 ഏക്കർ ഭൂമി ഏതാനും മാസങ്ങൾക്കകം വിതരണം ചെയ്യും.

മുത്തങ്ങയിൽ ആദിവാസികൾ കൈയേറ്റം നടത്തിയപ്പോൾ സാധാരണയിൽ കവിഞ്ഞ സംയമനം സർക്കാർ കാണിച്ചു എന്നത് ശരിയാണ്. ദുർബലരിൽ ദുർബലരായ ഒരു വിഭാഗം കുറച്ച് കടന്ന പ്രവർത്തി ച്ചാലും സൗമ്യമായും ഉദാരമായും പെരുമാറാം എന്ന് കരുതി. അത് ദുർബലത കൊണ്ടല്ല. ആ വിഭാഗത്തോട് സർക്കാർ എടുത്ത സമീപനത്തിന്റെ ഫലമാണത്. ആദിവാസികളോട് ഇത്രയും ഉദാരമായ സമീപനം സ്വീകരിച്ച സർക്കാർ വേറെയില്ല. ആദിവാസികൾക്ക് ഭൂമി മാത്രമല്ല; ഭൂമി വികസിപ്പിക്കാൻ പണവും നൽകിയ സർക്കാറാണിത്. ആദിവാസികളുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചുവെന്ന് 1997 ഒക്ടോബറിൽ എൽ.ഡി.എഫ് സർക്കാർ പത്രത്തിൽ പരസ്യം ചെയ്തതാണ്. എന്നിട്ടും എങ്ങനെ പ്രശ്നം നിലനിന്നു? എൽ.ഡി.എഫ് സർക്കാർ പാറക്കെട്ടാണ് കൊടുത്തത്. യു.ഡി.എഫ് വന്നതിന് ശേഷം നിരന്തരം ഭൂമി കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ആരുടെയോ പ്രേരണയാൽ സായുധ കലാപത്തിന്റെ അന്തരീക്ഷം ഉണ്ടാക്കി ഉദ്യോഗസ്ഥരെ കെട്ടിയിട്ട് തീകൊടുത്ത് കൊല്ലാൻ ശ്രമിച്ചപ്പോഴാണ് പോലിസ് നടപടിയെടുത്തത്.

ആദിവാസി ഭൂമി പ്രശ്നത്തിന് ഈ ഗവൺമെൻറിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് പരിഹാരം കാണും. കണ്ണൂർ ജില്ലയിലെ ഏഴായിരം ഹെക്ടർ വിസ്തീർണമുള്ള ആറളം ഫാം കേന്ദ്രത്തിൽ നിന്ന് ഏറ്റെടുത്ത് അതിൽനിന്ന് 7000 ഏക്കർ ആദിവാസികൾക്ക് നൽകാൻ ചർച്ചകൾ നടത്തി വരികയായിരുന്നു. അപ്പോഴാണ് ഫാം ആദിവാസികൾക്ക് കൊടുക്കരുതെന്ന് പറഞ്ഞ് സി.പി.എം എം.പിമാർ കേന്ദ്രത്തിന് കത്ത് കൊടുത്തത്.

ഇടുക്കിയിലെ ചിന്നക്കനാൽ(1200 ഏക്കർ) കോഴിക്കോട്ടെ വട്ടച്ചിറ(240) തൃശൂർ ആനമല സഹകരണ സംഘം വക 166 ഏക്കർ, വയനാട് കാരാപ്പുഴയിൽ 187 ഏക്കർ, ആലപ്പുഴയിൽ കല്ലട ഇറിഗേഷന്റെ31 ഏക്കർ, കൊല്ലത്ത് കൊട്ടാരക്കരയിൽ 14.66 ഏക്കർ - ഇത്രയും ഭൂമി ഏതാനും മാസങ്ങൾക്കുള്ളിൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ആദിവാസികളെ ദ്രോഹിക്കുന്നത് നീചം: ഒ.വി. വിജയൻ

കോട്ടയം: ആദിവാസികൾ കാട് നശിപ്പിക്കുമെന്ന ധാരണ അബദ്ധമാണെന്ന് പ്രശസ്ത സാഹിത്യകാരൻ ഒ.വി. വിജയൻ അഭിപ്രായപ്പെട്ടു. അവരുടെ ജീവിതം തന്നെ കാടിനെയും പ്രകൃതിയെയും പരിപോഷിപ്പിക്കുന്നതാണ്. നമ്മുടെ ആദിവാസികളെ അധികാരം പ്രയോഗിച്ചു ഉപദ്രവിക്കുന്നത് നീചവും അപലപനീയവുമാണെന്ന് വിജയൻ പ്രസ്താവനയിൽ പറഞ്ഞു.

ആദിവാസി കോളനികളിൽ പോലിസ് റെയ്ഡ്; 35 പേർ അറസ്റ്റിൽ

കേളകം: ആദിവാസി ശോത്രമഹാസഭയുടെ നേതാക്കളായ സി.കെ. ജാനു, എം. ഗീതാനന്ദൻ, ശ്രീരാമൻ കൊയ്യോൻ എന്നിവരെ പിടികൂടുന്നതിനായി ആദിവാസി കോളനികളിൽ പോലിസ് റെയ്ഡ്. റെയ്ഡിനിടെ മുൻകരുതലെന്ന പേരിൽ ആറളം പോലിസ് 32 പേരെയും പേരാവൂർ പോലിസ് രണ്ടുപേരെയും കേളകം പോലിസ് ഒരാളെയും അറസ്റ്റുചെയ്തു. കൂടുതൽ അറസ്റ്റ് ഉണ്ടാവുമെന്ന് സൂചനയുണ്ട്.

ആറളം പോലിസ്സ്റ്റേഷൻ അതിർത്തിയിൽപെട്ട പേലാവയൽ കോളനിയിലെ ഏഴുപേരെയും കോയിയോട് കോളനിയിലെ ആറുപേരെയും കൈതക്കൊല്ലിയിലെ രണ്ടുപേരെയും ചെങ്കായത്തോട് കോളനിയിലെ ആറുപേരെയും വിൻപാട് കോളനിയിലെ പത്തുപേരെയും പേരാവൂർ പോലിസ് രണ്ടുപേരെയുമാണ് മുൻകരുതലായി അറസ്റ്റുചെയ്തത്. കേളകം പോലിസ് കൈതക്കൊല്ലി കോളനിയിലെ ഗോത്രസഭാ പ്രവർത്തകൻ ശശിയെ അറസ്റ്റുചെയ്തു. കേളകത്ത് ഭീഷണിസ്വരത്തിൽ സംസാരിച്ചതാണ് അറസ്റ്റിനു കാരണം.

ആറളം കൈതക്കൊല്ലി കോളനിയിൽ റെയ്ഡിനെത്തിയ പോലിസ് പരക്കെ അതിക്രമങ്ങൾ നടത്തിയതായി കോളനിക്കാർ പരാതിപ്പെട്ടു.

കോളനിയിലെ രാജു, ഷൈജൻ എന്നീ യുവാക്കൾക്ക് പരിക്കേറ്റിട്ടുണ്ട്. ആറളം കൈതക്കൊല്ലി കോളനിയിൽ റെയ്ഡ് നടത്തിയ പോലിസ് രാജുവിനെ പിടികൂടി ക്രൂരമായി മർദിച്ചതായി കോളനിക്കാർ പറഞ്ഞു.

കോളനിയിലെ വിടുകൾ മുഴുവൻ ആദിവാസി നേതാക്കൾക്കായി പോലിസ് അരിച്ചുപെറുക്കി. വിടുകളിൽനിന്നും പണിയായുധങ്ങൾ ഉൾപ്പെടെ കൊണ്ടുപോയതായും ആദിവാസികൾ പറഞ്ഞു.

ഇരിട്ടി സി.ഐ ബേബി ചാൾസ്, ആറളം എസ്.ഐ സി.വി. കരുണാകരൻ, എ.എസ്.ഐ കെ.ടി. പ്രഭാകരൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്. കണ്ണൂർ എ.ആർ ക്യാമ്പിൽനിന്നും 30 അംഗ സായുധസേനയും റെയ്ഡിൽ പങ്കെടുത്തു.

സർക്കാറിന്റെ പിടിപ്പുകേടിന്റെ ഫലം- പിണറായി

തിരുവനന്തപുരം: വയനാട്ടിലെ മുത്തങ്ങയിലെ കൂട്ടക്കൊല സർക്കാറിന്റെ പിടിപ്പുകേടിന്റെ ഫലമാണെന്ന് സി.പി.എം കുറ്റപ്പെടുത്തി. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും സി.പി.എം സംസ്ഥാനസെക്രട്ടറി പിണറായി വിജയൻ ആവശ്യപ്പെട്ടു.

നാല് ആദിവാസികളും ഒരു പോലിസുകാരനും മരിക്കാനിടയായത് ഒഴിവാക്കേണ്ടിയിരുന്ന ദാരുണസംഭവമാണ്. യു.ഡി.എഫ് ഭരണം വന്നശേഷം പോലിസ് വെടിവെപ്പിൽ ആളുകൾ മരിക്കുന്നത് നിത്യസംഭവമാകുകയാണ്. പോലിസ് ഭരണത്തിന്റെ ജനദ്രോഹമുഖമാണ് ഇതിൽ തെളിയുന്നത്.

ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിൽ ആൻറണി സർക്കാർ വരുത്തിയ വീഴ്ചയും മുത്തങ്ങ സംഭവത്തിന് വഴിതെളിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി കിട്ടുക എന്നതടക്കമുള്ള ആവശ്യങ്ങൾ നേടുന്നതിന് ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ആദിവാസികളുടെ വമ്പിച്ച പങ്കാളിത്തത്തോടെ സംസ്ഥാനവ്യാപകമായി പ്രക്ഷോഭം നടക്കുകയും അവസാനം സർക്കാർ ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തതാണ്.

പക്ഷേ ആ കരാർ നടപ്പാക്കാൻ സർക്കാർ വേണ്ടത്ര താൽപര്യം കാട്ടിയില്ല. സി.കെ ജാനുവിന്റെ നേതൃത്വത്തിൽ നടത്തിവന്ന വിഭാഗീയസമരത്തെ ഒളിഞ്ഞും തെളിഞ്ഞും പ്രോൽസാഹിപ്പിക്കുന്ന നയമായിരുന്നു മുഖ്യമന്ത്രി ആൻറണിയും യു.ഡി.എഫിലെ ഒരു വിഭാഗവും സ്വീകരിച്ചിരുന്നത്.

ആദിവാസികളുടെ ജനകീയസമരത്തെ ഒറ്റപ്പെടുത്താനുള്ള ഉദ്ദേശത്തോടെയായിരുന്നു ഇതു ചെയ്തത്. തലതിരിഞ്ഞ ഈ രാഷ്ട്രീയനയത്തിന്റെ ദുരന്തം കൂടിയാണ് ഇപ്പോൾ മുത്തങ്ങയിലുണ്ടായിരിക്കുന്നത്.

ആദിവാസികളെ വെടിവെച്ചുകൊല്ലുന്ന സർക്കാർനടപടിയോട് ശക്തമായ പ്രതിഷേധമുണ്ടെന്ന് പിണറായി പ്രസ്താവനയിൽ പറഞ്ഞു.

ജുഡീഷ്യൽ അന്വേഷണം വേണം

തിരുവനന്തപുരം: മുത്തങ്ങയിലെ ആദിവാസി സമരത്തെ ചോരചിന്തുന്ന ഘട്ടത്തിലേക്കെത്തിച്ചതിൽ അധികൃതർക്കുള്ള പങ്കിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് വിവിധ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ശാന്തമായി നടന്നുവന്ന സമരവുമായി ബന്ധപ്പെട്ട് ചർച്ചയുടെ മാർഗം തേടാതെ തീയും തോക്കും ഉപയോഗിച്ച് നേരിട്ടതിന്റെ ഫലമാണ് മുത്തങ്ങയിലുണ്ടായത്. സംഭവങ്ങളുടെ ഉത്തരവാദിത്തം പൂർണമായും സർക്കാറിനാണെന്ന് ഡോ.എം.ഗംഗാധരൻ, അജിത, ദിലീപ് രാജ്, ബി.ആർ.പി ഭാസ്കർ, സിവിക് ചന്ദ്രൻ, മൈത്രേയൻ, ഡോ.ജയശ്രീ, സി.പി.വിജയൻ, ഡോ. എ.കെ. രാമകൃഷ്ണൻ, സി.ആർ. നീലകണ്ഠൻ നമ്പൂതിരി, എലിസബത്ത് ഫിലിപ്പ്റേഷ്മ ഭരദ്വാജ്, കെ. ഗിരീഷ് കുമാർ എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുമെന്നും ആദിവാസി കേന്ദ്രങ്ങൾ പട്ടിക പ്രദേശങ്ങളായി പ്രഖ്യാപിക്കാൻ നടപടി കൈക്കൊള്ളുമെന്നും വാഗ്ദാനം ചെയ്ത് ഗോത്ര സഭയുമായി ഉണ്ടാക്കിയ കരാർ സർക്കാർ പാലിക്കാത്ത സാഹചര്യത്തിലാണ് അവർ വീണ്ടും സമരരംഗത്തെത്തിയത്.

സർക്കാർ കരാർ പാലിക്കാത്തിനാലാണ് കരാർ സ്വയം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച് ആദിവാസികൾ അവകാശഭൂമി പിടിച്ചെടുത്തത്. എന്നാൽ സർക്കാർ ചർച്ചക്ക് തയാറായില്ല. ഗോത്രസഭാ നേതാക്കളടക്കമുള്ളവരെക്കുറിച്ച് ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളില്ലാത്ത ദുരൂഹാവസ്ഥയാണുള്ളത്. മാധ്യമ പ്രവർത്തകരെ പോലിസ് സ്ഥലത്തുനിന്ന് അടിച്ചോടിക്കുകയും ചെയ്തു. ഇത് സംശയാസ്പദമാണ്. സർക്കാറിന്റെ വാഗ്ദാന ലംഘനത്തിനെതിരെ സമരം ചെയ്ത നിസ്സഹായരായ ജനവിഭാഗത്തിന്റെ ചോര ചിന്തിയ മുഖ്യമന്ത്രിക്ക് അധികാരത്തിൽ തുടരാനുള്ള ധാർമികാവകാശം നഷ്ടപ്പെട്ടു. കൈയേറ്റഭൂമിയിൽ നിന്ന് ആദിവാസികളെ ഒഴിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും ഗോത്രസഭയുമായി ഉണ്ടാക്കിയ കരാർ പാലിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു.

മനസ്സിൽ തട്ടാതൊരു പ്രതിഷേധം

തിരുവനന്തപുരം: ആദിവാസി ഗോത്രമഹാസഭയോടൊ ആദിവാസി ദലിത് സമരസമിതിയോടൊ പ്രതിപക്ഷത്തിന് അനുഭാവമുണ്ടായിരുന്നില്ല. എന്നാൽ സംസ്ഥാന സർക്കാറിനോടവർക്ക് എതിർപ്പുണ്ടായിരുന്നു. സി.കെ. ജാനുവിനെയും അവരുടെ സംഘടനയെയും വളർത്തി വലുതാക്കിയതും ഇന്നത്തെ സ്ഥിതിയിലെത്തിച്ചതും എ.കെ. ആൻറണിയും അദ്ദേഹത്തിന്റെ സർക്കാറുമായതിനാൽ മുത്തങ്ങ സംഭവത്തിന്റെ പൂർണ ഉത്തരവാദിത്തം സർക്കാറിനാണെന്നായിരുന്നു പ്രതിപക്ഷവാദം. നിയമസഭക്കകത്ത് പ്രതിഷേധപ്രകടനവും വെല്ലിലിറക്കവും നടത്തിയതും ബഹളമുണ്ടാക്കിയതുമൊക്കെ ആദിവാസി സംഘടനകളോടുള്ള അനുഭാവം കൊണ്ടല്ലെന്ന് വ്യക്തമാക്കാനവർ ആഗ്രഹിച്ചിരുന്നു. അതിനാൽ തന്നെ സഭയിലുണ്ടായ സംഭവങ്ങളിൽ പ്രതിപക്ഷത്തിന്റെ ആത്മാർഥത നിഴലിച്ചുകണ്ടില്ല. ചുരുക്കത്തിൽ പ്രകടനാത്മകം മാത്രമായി പ്രതിപക്ഷ പ്രതിഷേധം. മുത്തങ്ങയിൽ ഒരു പോലിസ് കാരനും ഒരു ആദിവാസിയുമടക്കം രണ്ട് പേർ മാത്രമേ മരിച്ചുള്ളൂവെന്ന മുഖ്യമന്ത്രിയുടെ വാദം മുഖവിലക്കെടുക്കാൻ പ്രതിപക്ഷം തയാറായിരുന്നില്ല. മൂന്ന് പേർ വെടിയേറ്റുകിടക്കുന്ന ചിത്രമുള്ള 'മാധ്യമം' പത്രം ഇടക്കിടെ പ്രതിപക്ഷം എടുത്തുകാട്ടി. നിരവധി പേർ മരിച്ചിട്ടുണ്ടെന്ന സംശയം അവർ പ്രകടിപ്പിച്ചു. സംഭവത്തെ പറ്റി ജുഡീഷ്യൽ അന്വേഷണവും അവർ ആവശ്യപ്പെട്ടു.

മുത്തങ്ങ സംഭവത്തിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള പ്രതിപക്ഷം ബഹിഷ്കരിച്ചിരുന്നു. കറുത്ത ബാഡ്ജ് കുത്തിയ അവർ സർക്കാറിനെതിരെ പ്ലക്കാർഡുകളും ഉയർത്തിയിരുന്നു. ശൂന്യവേളയിൽ കോടിയേരി ബാലകൃഷ്ണനാണ് അടിയന്തര ചർച്ച ആവശ്യപ്പെട്ടത്.

ആദിവാസികൾക്കിടയിൽ തീവ്രവാദ വിഭാഗത്തെ വളർത്തിയത് മുഖ്യമന്ത്രിയാണെന്ന ആരോപണം കോടിയേരി ആവർത്തിച്ചു. അതേസമയം ജാനുവിനോടുള്ള എതിർപ്പ് പ്രകടിപ്പിക്കാൻ അവർ മടിച്ചില്ല. മുത്തങ്ങ കൈയേറിയ ജാനുവിനെ മാതൃകയാക്കാൻ പറഞ്ഞ പട്ടികവിഭാഗ മന്ത്രി എം.എ. കുട്ടപ്പനെയും ജാനുവിനെയും സംഘത്തെയും ഒഴിപ്പിക്കുമെന്ന് അന്നുതന്നെ പറഞ്ഞ വനം മന്ത്രി കെ. സുധാകരനെയും അദ്ദേഹം പരിഹസിച്ചു. മുഖ്യമന്ത്രിയുടെ വീടിന് മുമ്പിലും സെക്രട്ടേറിയറ്റിന് മുമ്പിലും സമരം നടത്തിയ ജാനുവും കൂട്ടരുമായി മുഖ്യമന്ത്രി കോൽകളി നടത്തിയ സംഭവം ഹാസ്യാത്മകമായി കോടിയേരി വിമർശിച്ചു. ഭസ്മാസുരന് വരം കൊടുത്തപോലെ ജാനുവിനെ സഹായിച്ച് തിരിച്ചടി വാങ്ങിയതിലും കോടിയേരി കളിയാക്കി.

പോലിസിന്റെ കഴിവില്ലായ്മയായിരുന്നു കോടിയേരിയുടെ മറ്റൊരു വിഷയം. കൊയിലാണ്ടിയിൽ യുവജനോൽസവം കൈയേറാൻ പോയ എസ്.പി സുരേഷ്



മൂർച്ചയേറിയ സമരവീര്യം: പോലിസ് തെരച്ചിലിൽ കണ്ടുകിട്ടിയ ആദിവാസികളുടെ ആയുധങ്ങൾ



ഡി.ഐ.ജി ശങ്കർ റെഡ്ഢി, കെ.എ.പി കമാൻറൻറ് സുരേഷ്രാജ് പുരോഹിത്, ഐ.ജി. വിൻസൻ എം. പോൾ തുടങ്ങിയവർ മുത്തങ്ങ ക്യാമ്പിൽ



പരിക്കേറ്റ് സുൽത്താൻ ബത്തേരി ആശുപത്രിയിലുള്ള പോലിസുകാർ

ആദിവാസി ഭൂമി: വീണ്ടെടുപ്പിൻെറ നിയമവഴികൾ



വാഴ്വിൻെറ ശേഷിപ്പുകൾ: പൊൻകുഴി ഭാഗത്തെ കുടിലുകൾ നശിപ്പിക്കുന്നതിനിടയിൽ മണ്ണിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയ അരിയും ഭക്ഷ്യ വസ്തുക്കളും

സുഗതൻ പി. ബാലൻ

കൊച്ചി: വർഷങ്ങളായി ആദിവാസികൾ ഉയർത്തിക്കൊണ്ടുവന്ന ഭൂപ്രശ്നത്തിൻെറ ഗതിമാറ്റി യു.ഡി.എഫ് സർക്കാറിന് പ്രിയങ്കരിയായ സി.കെ. ജാനു ഒടുവിൽ സർക്കാറിന് തലവേദനയാകുന്നു. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകാൻ താൽപര്യമില്ലാതിരുന്ന സർക്കാർ അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി മതിയെന്നതാണ് ആദിവാസികളുടെ ആവശ്യമെന്ന് ജാനുവിലൂടെ സ്ഥാപിച്ചെടുക്കാനാണ് ശ്രമിച്ചത്.

അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കാൻ 1975ലാണ് നിയമം കൊണ്ടുവന്നത്. കേരള ഷെഡ്യൂൾസ് ട്രൈബ്സ് -റെസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ഓഫ് ലാൻറ് ആൻറ് റെസ്റ്റോറേഷൻ ഓഫ് ഏലിയനേറ്റഡ് ലാൻറ്സ്-ആക്ട് എന്ന പേരിൽ കൊണ്ടുവന്ന നിയമം ഭരണഘടനയുടെ ഒമ്പതാംഷെഡ്യൂളിൽ പെടുത്തുകയും ചെയ്തിരുന്നു.

എന്നാൽ, ഈ നിയമത്തിൻെറ അടിസ്ഥാനത്തിൽ ഭൂമി വീണ്ടെടുത്ത് നൽകാൻ മാറിമാറിവന്ന സർക്കാറുകൾക്ക് താൽപര്യമില്ലായിരുന്നു. ഇതേത്തുടർന്ന് ആക്ട് പ്രകാരം ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകാൻ സർക്കാറിന് നിർദേശം നൽകണമെന്നാവശ്യപ്പെട്ട് സുൽത്താൻ ബത്തേരിയിലെ ഡോ. നല്ലതമ്പി തേര ഹൈക്കോടതിയെ സമീപിച്ചു.

അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുത്ത് നൽകാനായിരുന്നു ഹൈക്കോടതിയുടെ നിർദേശം. എന്നാൽ, സർക്കാറുകൾ പല കുറി സമയം നീട്ടിവാങ്ങിയതല്ലാതെ കോടതി വിധി നടപ്പാക്കാൻ താൽപര്യം കാണിച്ചില്ല.

വയനാട്, ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിലെ കുടിയേറ്റ കർഷകരെയും തോട്ടം ഉടമകളെയും ദോഷകരമായി ബാധിക്കും എന്നതിനാലാണ് കോടതി ഉത്തരവ് പാലിക്കാൻ സർക്കാറുകൾ വിമുഖത കാട്ടിയത്.

പിന്നീട് ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹരജി സമർപ്പിക്കപ്പെട്ടു. ഇതിൽ 2000 ഡിസംബർ ആറിന് ചീഫ് സെക്രട്ടറിക്ക് കോടതിയലക്ഷ്യത്തിന് കുറ്റപത്രം നൽകാൻ ഡിവിഷൻബെഞ്ച് ഉത്തരവിട്ടിരുന്നു. സുപ്രീംകോടതിയിൽ സർക്കാർ അപ്പീൽ നൽകിയതിനെത്തുടർന്ന് ഈ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോൾതന്നെ '96-ൽ സർക്കാർ '75-ലെ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നു. ആദിവാസി താൽപര്യങ്ങൾക്ക് വിരുദ്ധമാണ് പുതിയ ഭേദഗതി ബില്ലെന്ന് ചൂണ്ടിക്കാട്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങൾ കടുത്ത എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചു.

എന്നിട്ടും '75-ലെ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ തയാറല്ലായിരുന്ന സർക്കാർ '99-ൽ പുതിയ നിയമം കൊണ്ടുവരാനാണ് തയാറായത്. കേരള റെസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ആൻറ് റെസ്റ്റോറേഷൻ ഓഫ് ലാൻറ്സ് ടു ഷെഡ്യൂൾഡ് ട്രൈബ് ആക്ട് എന്ന പേരിൽ കൊണ്ടുവന്ന നിയമത്തിൻെറ ഏതാനും വകുപ്പുകൾ ഹൈക്കോടതി സ്റ്റേ ചെയ്തുകയായിരുന്നു.

ഈ നിയമം ആദിവാസികളുടെ താൽപര്യത്തിന് എതിരാണെന്നാണ് കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചത്. '75-ലെ നിയമത്തിലെ ലക്ഷ്യങ്ങളെ തകിടം മറിക്കുന്നതാണ് പുതിയ നിയമമെന്നും കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടിയിരുന്നു.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകുന്നത് ഒഴിവാക്കാൻ പഴുതുകൾ തേടി നടക്കുമ്പോഴാണ് സി.കെ. ജാനുവിനെ സർക്കാറിന് ലഭിക്കുന്നത്. ഉപജാപങ്ങളിൽ വീണ ജാനു ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിക്ക് പകരംഭൂമി മതിയെന്ന നിലപാടിൽ ഉറച്ചുനിന്നു. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകണമെന്ന വാദം ദുർബലപ്പെടുത്താൻ കഴിയുമെന്നു കണ്ടതോടെ ജാനു സർക്കാറിൻെറയും മുഖ്യമന്ത്രിയുടെയും പ്രിയങ്കരിയായി മാറി. ആദിവാസി സമൂഹത്തിലെ ഏക നേതാവെന്ന ഇമേജ് ഇവർക്ക് ചാർത്തിക്കൊടുക്കാൻ സർക്കാറും ബോധപൂർവം അവസരമൊരുക്കി.

മറയൂരിലും കുണ്ടള്ളയിലും മതിക്കൊനിലുമെല്ലാം ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ യുദ്ധകാലാടിസ്ഥാനത്തിലായിരുന്നു തീരുമാനം വന്നത്.

മറയൂരിലെ വനഭൂമി നൽകുന്നതിനെ ആദ്യംതന്നെ വനം വകുപ്പ് എതിർത്തു. റേഞ്ച് ഓഫിസർക്കെതിരെ കേരളത്തിലങ്ങോളമിങ്ങോളം പത്രസമ്മേളനം നടത്തി ജാനു ആഞ്ഞടിച്ചപ്പോൾ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനെ തുരങ്കംവെച്ചാൽ ദൈവകോപം ഉണ്ടാകുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം.

ആദിവാസി സംരക്ഷണത്തിന് നിലകൊണ്ടുവെന്ന് വരുത്തിത്തീർക്കാനും കോടതിയലക്ഷ്യ നടപടികളിൽ നിന്ന് രക്ഷനേടാനുമായി സർക്കാർ അമിതോൽസാഹം കാട്ടുകയായിരുന്നു. മതികെട്ടാനിൽ അപൂർവമായ ചോലവനം കൈയേറുന്നതിന് സാഹചര്യമൊരുക്കിയതും ഈ നടപടികളാണ്.

അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് കൊടുക്കുന്നത് ഒഴിവാക്കാനാണ് ആളെത്തും മറ്റും ഭൂമി കണ്ടെത്താൻ സർക്കാർ തത്രപ്പെട്ടത്. ജാനുവിൻെറ നിലപാടിലൂടെ ആശ്വാസം കണ്ടിരുന്ന സർക്കാർ ഇപ്പോൾ ഇവരുടെ വനം കൈയേറ്റത്തിലൂടെ ഊരാക്കുടുക്കിൽ പെട്ടിരിക്കുകയാണ്.

വനഭൂമി നഷ്ടമായാലും ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകാൻ തയാറില്ലെന്നതാണ് സർക്കാർ നിലപാട്. ഇക്കാരണംകൊണ്ടുതന്നെ പ്രശ്നങ്ങൾ ഇതോടെ അവസാനിക്കുമെന്ന് കരുതാനും കഴിയില്ല.



തകർന്ന സ്വപ്നങ്ങൾ: വനഭൂമിയിൽ ആദിവാസികൾ കെട്ടിയുണ്ടാക്കിയ കുടിലുകൾ പോലിസ് തകർത്തപ്പോൾ



ദാഹജലം തേടി: മുത്തങ്ങ മേഖലയിൽ പോലിസുകാർ പാറക്കെട്ടിലെ നീരൊഴുക്കിൽ നിന്ന് കുടിക്കാൻ വെള്ളമെടുക്കുന്നു

ആദിവാസികളെ നക്സലൈറ്റുകളുടെ കൈയിലെത്തിച്ചത് ആൻറണി: വി.എസ്

തിരുവനന്തപുരം: ആദിവാസികളെ നക്സലൈറ്റുകളുടെ കൈയിൽ എത്തിച്ചത് മുഖ്യമന്ത്രി എ.കെ.ആൻറണിയുടെ നയമാണെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ കുറ്റപ്പെടുത്തി. മുത്തങ്ങ സംഭവത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ഇന്നലെ നിയമ സഭയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രിയും ജാനുവും കൂടി ചേർന്ന് നടത്തിയ ഗൂഢനീക്കങ്ങളുടെ ഫലമാണ് ഇതൊക്കെ. ആദിവാസികൾക്ക് നൽകിയ ഭൂമിയിൽ വിളവ് എടുപ്പ് കഴിഞ്ഞു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രിയും ജാനുവും കൂടി സന്തോഷത്തോടെ വിളവ് എടുക്കുകയായിരുന്നു. ആരാണ് ചതിവ് കാണിച്ചത്?. എൽ.ഡി.എഫും കമ്മ്യൂണിസ്റ്റ്കാരുമാണോ?. അതോ നിങ്ങൾ വളർത്തിക്കൊണ്ടുവന്ന ജാനുവോ?

2002 ജൂൺ 18ന് ആദിവാസി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ നൽകിയ വാഗ്ദാനം പാലിക്കാൻ സർക്കാർ തയാറായോ?. ആദിവാസിക്ഷേമ സമിതി തികച്ചും സമാധാനപരമായാണ് സമരം നടത്തുന്നത്. നിങ്ങൾ തോളിൽ കൈയിട്ട് വളർത്തിയതാണ് ജാനുവിനെ. ഇപ്പോൾ ആദിവാസികൾക്ക് ചെയ്ത കാര്യങ്ങളെകുറിച്ച് പർവത പ്രസംഗം നടത്തുകയാണ് മുഖ്യമന്ത്രി.

പോലിസിനെ അയച്ച് ആദിവാസികളെ വെടിവെക്കുകയല്ല ചെയ്യേണ്ടിയിരുന്നത്. അവരെ വിളിച്ച് കാര്യം പറഞ്ഞ് മനസ്സിലാക്കി സമാധാനപരമായി പ്രശ്നം പരിഹരിക്കുകയാണ് വേണ്ടിയിരുന്നത്.

വന്യമൃഗ സംരക്ഷണ മേഖല സംരക്ഷിക്കപ്പെടണം. ആദിവാസികൾക്ക് ഉപകാരപ്പെടുന്ന ഭൂമിയാണ് കൊടുക്കേണ്ടത്. കേരളത്തിലെ പ്രമാണിമാർ നിരവധിയേക്കർ റവന്യൂഭൂമി കൈവശം വെക്കുന്നുണ്ട്. ടാറ്റ കൈവശം വച്ചിരിക്കുന്ന 5000 ഏക്കറും നെല്ലിയാമ്പതിയിൽ പോബ്സൺ കൈവശം വെച്ചിരിക്കുന്ന ഭൂമിയും ഏറ്റെടുത്താൽ പ്രശ്നം തീരും.

ഇടുക്കിയിലെ വട്ടവടയിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലത്ത് കബ്ജാവ് കൃഷി നടക്കുന്നുണ്ട്. അത് തടയാൻ ആയില്ലെങ്കിൽ ആ സ്ഥലം ആദിവാസികൾക്ക് കൊടുക്കണം. വൻകിട പ്രമാണിമാരുടെ ഭൂമി ഏറ്റെടുക്കാൻ സർക്കാറിന് ധൈര്യമില്ലാത്തതാണ് പ്രശ്നം. സർക്കാറിൻെറ നയമാണ് ആദിവാസികളെ നക്സലൈറ്റുകളുടെ കൈയിൽ എത്തിച്ചത്.

സംഭവത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ആരുടെ ഭാഗത്താണ് തെറ്റ് എന്ന് മനസ്സിലാക്കാൻ അന്വേഷണം കൊണ്ട് കഴിയും. -വി.എസ്. പറഞ്ഞു.

സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ആദ്യമായാണ് ആദിവാസികൾ വെടിയേറ്റ് മരിച്ചതെന്ന് അടിയന്തര പ്രമേയത്തിന് അനുമതിതേടിയ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ആദിവാസികൾക്ക് സർക്കാർ നൽകിയ ഉറപ്പ് പാലിക്കാത്തതുകൊണ്ടാണ് പ്രശ്നം വഷളായത്. ആദിവാസികൾക്കിടയിൽ തീവ്രവാദം വളർന്ന് വരികയാണ്. അതിന് പ്രോൽസാഹനം നൽകിയത് മുഖ്യമന്ത്രിയും മന്ത്രി കുട്ടപ്പനുമാണ്. ജാനുവിനെ മാതൃകയാക്കണമെന്നാണ് കുട്ടപ്പൻ കഴിഞ്ഞ ദിവസം പ്രസ്താവിച്ചത്.

ആ പ്രസ്താവന തീവ്രവാദികൾക്ക് പ്രോൽസാഹനമായി. മുൻകൂട്ടി പ്രസ്താവിച്ചിട്ടാണ് ആദിവാസികൾ വന്യജീവി സങ്കേതത്തിലേക്ക് പോയത്. ഒരു ഘോഷയാത്രപോയ ആഘോഷത്തോടെയായിരുന്നു ആ പോക്ക്.

തീവ്രവാദികളെ ഒറ്റപ്പെടുത്തുന്നതിന് പകരം വന്യ ജീവികളെ നേരിടുന്നതുപോലെ ആദിവാസികളെ നേരിടുകയാണ് പോലിസ് ചെയ്തത്. പോലിസ് ഓപറേഷൻ ആരുടെ നിർദ്ദേശപ്രകാരമാണ് നടന്നതെന്ന് വെളിപ്പെടുത്തണം. കോടിയേരി ആവശ്യപ്പെട്ടു.

വിനോദിൻെറ ഓർമയിൽ നടുക്കം മാറാതെ ശശിധരൻ

ബാബു ചെറിയാൻ

കോഴിക്കോട്: 'ഫോഴ്സ് എത്തും, എങ്ങനെയും നമ്മെ രക്ഷിക്കും' മുത്തങ്ങ വനത്തിൽ ആദിവാസി ഗോത്രസഭ ബന്ദിയാക്കിയ കണ്ണൂർ കെ.എ.പി ബറ്റാലിയൻ കോൺസ്റ്റബിൾ കെ.വി. വിനോദിൻെറ അവസാന വാക്കുകൾ അനുസ്മരിക്കുകയാണ് ഫോറസ്റ്റർ പി.കെ. ശശിധരൻ. സാഹസികനായ വിനോദ് കൊല്ലപ്പെടാൻ കാരണം രക്ഷകർ എത്താൻ വൈകിയതാണെന്ന് പറയുമ്പോൾ ശശിധരൻ വികാരാധീനനായി. അപകടനില തരണം ചെയ്ത ശശിധരന് വനാന്തരത്തിൽ നടന്ന രംഗങ്ങൾ ഓർക്കുമ്പോൾ ഇപ്പോഴും നടുക്കം. വയനാട് തോൽപെട്ടി റെയ്ഞ്ചിലെ ഫോറസ്റ്ററാണ് 52കാരനായ ഇദ്ദേഹം.

'ചൊവ്വാഴ്ച മുതലെ ഞാൻ മുത്തങ്ങ ഡ്യൂട്ടിക്കുണ്ട്. ബുധനാഴ്ച പുലർച്ചെ ആറു മണിയോടെയാണ് 'ഓപറേഷൻ' ആരംഭിച്ചത്. കുടിയൊഴിപ്പിക്കൽ ആദിവാസികൾ എതിർത്തതിനെ തുടർന്ന് രണ്ട് മണിക്കൂറോളം വനംവകുപ്പ് ജീവനക്കാരും വൻ പോലിസ് സന്നാഹവും കാട്ടിൽ തന്നെ കഴിച്ചുകൂട്ടി. ഉത്തരവ് ലഭിച്ചതിനുശേഷം എട്ടുമണിയോടെ ആദിവാസി കുടിലുകൾ ലക്ഷ്യമാക്കി നീങ്ങി. അപ്പോഴേക്കും ഗോത്രസഭയുടെ ഭാഗത്തുനിന്ന് ശക്തമായ ചെറുത്തുനിൽപാരംഭിച്ചു. അമ്പും വില്ലും മഴുവും വടിവാളും, നീളൻ വടിയും ഉപയോഗിച്ച് അവർ പാഞ്ഞടുത്തു. ആദ്യം തെല്ല് പതറിയ പോലിസ് ആദിവാസികളെ ഒതുക്കി മുന്നേറ്റമാരംഭിച്ചു. ഇതോടെ സ്ത്രീകളും യുവാക്കളുമടങ്ങുന്ന ആദിവാസി സംഘം കൊടുംവനത്തിലേക്ക് ഉൾവലിഞ്ഞു'.

'വനത്തെക്കുറിച്ച് ഒരറിവുമില്ലാത്ത പോലിസിന് വഴികാണിക്കുകയായിരുന്നു എൻെറ ചുമതല. ഏകദേശം 11.30 ആയിക്കാണും. 15 പേരടങ്ങുന്ന ചെറുസംഘങ്ങളായി ഞങ്ങൾ തെരച്ചിൽ ആരംഭിച്ചു. ഉൾവനത്തിൽനിന്ന് ആക്രോശങ്ങളും വെല്ലുവിളികളും ഉയർന്നുകേട്ടു. പെട്ടെന്ന് മരക്കൂട്ടങ്ങൾക്ക് മറഞ്ഞുനിന്നിരുന്ന സായുധരായ ആദിവാസികൾ നാലുഭാഗത്തുനിന്നും ഞങ്ങളെ വളഞ്ഞു. പതറിപ്പോയ തോക്കുധാരികളടക്കമുള്ള പോലിസുകാർ പല വഴിക്കും ചിതറിയോടി. ഫോഴ്സിനെ നയിക്കാൻ ആരുമുണ്ടായില്ല. രക്ഷപ്പെടാനുള്ള പരാക്രമത്തിലായിരുന്നു എല്ലാവരും. ഞാനും കോൺസ്റ്റബിൾ വിനോദും ആദിവാസികളെ വെട്ടിച്ച് കുറെ ദൂരം മുന്നേറി. പൊടുന്നനെ എവിടെനിന്നോ പ്രത്യക്ഷപ്പെട്ട അവർ ഞങ്ങൾ ഇരുവരേയും തലക്കടിച്ച് വീഴ്ത്തി. വെട്ടെടാ, കൊല്ലെടാ തുടങ്ങിയ ആക്രോശവുമായി പാഞ്ഞടുത്ത ആറംഗ സംഘം വീണുകിടന്ന ഞങ്ങളെ കൈകൾ പിന്നിലാക്കി ബന്ധിച്ചു. ആദിവാസികളുണ്ടാക്കിയ ചതിക്കുഴിയിൽ ഞങ്ങൾ വീണതാണെന്ന പ്രചാരണം ശരിയല്ല. ഇത്തരത്തിലൊരു ചതിക്കുഴി ഞാൻ എവിടെയും കണ്ടില്ല.'

'ഇതിനിടെ ചെറുത്തുനിൽക്കാനും രക്ഷപ്പെടാനും ശ്രമിച്ച വിനോദിന് ക്രൂരമായി മർദനമേറ്റു. ആദിവാസികളെ കുറിച്ചറിയാവുന്ന ഞാൻ എതിർക്കാൻ ശ്രമിച്ചില്ല. കാട്ടിലൂടെ വലിച്ചിഴച്ച് ഞങ്ങളെ തകരപ്പാടിയിലെ അവരുടെ കുടിലിലേക്ക് കൊണ്ടുപോയി. അമ്പും വില്ലും മഴുവുമേന്തിയ നാലുപേർ ഞങ്ങൾക്ക് കാവലിരുന്നു. ഈ സമയം വിനോദ് രക്ഷപ്പെടാൻ വിഫലശ്രമം നടത്തി. ഇതുകണ്ട് പാഞ്ഞടുത്ത ആദിവാസികൾ അദ്ദേഹത്തിൻെറ കഴുത്തിന് മഴുകൊണ്ട് വെട്ടി. മഴുത്തായ കൊണ്ട് എൻെറ തലക്കടിച്ചു. ഈ സമയം മുറിവേറ്റ ഏതാനും ആദിവാസികളെ മറ്റു ചിലർ ചുമന്ന് കുടിലിൽ എത്തിച്ചു. ഇതു കണ്ടതോടെ ഞങ്ങൾക്കുനേരെ വീണ്ടും മർദനമുണ്ടായി'.

'മുറിവേറ്റ ആദിവാസികൾക്ക് ചികിൽസ ലഭ്യമാക്കാൻ കുടിലിലേക്ക് ഡോക്ടറെ അയക്കണമെന്ന ആവശ്യം അധികൃതർ നിരസിച്ചതാണ് അവരെ കൂടുതൽ പ്രകോപിതരാക്കിയത്. ചികിൽസ കിട്ടില്ലെന്നറിഞ്ഞ് ക്ഷുഭിതരായ അവർ ഞങ്ങളെ വീണ്ടും മർദിച്ചു.

പന്തം കത്തിച്ച് മുഖവും കഴുത്തും പൊള്ളിച്ചു. എതിർക്കാൻ ശ്രമിച്ച വിനോദിനെ കഠിനമായി മർദിച്ചു. അരുതേയെന്ന് ഞാൻ വിളിച്ചുപറയുന്നുണ്ടായിരുന്നു. പോലിസുകാരോടായിരുന്നു അവർക്ക് കൂടുതൽ ദേഷ്യം. വിനോദിൻെറ കഴുത്തിലെ മുറിവിൽനിന്ന് രക്തം വാർന്നൊഴുകി. ഇതിനിടെ എൻെറ മൂന്നുപവൻെറ മാല, വിവാഹ മോതിരം, വാച്ച്, മൂവായിരം രൂപയടങ്ങിയ പേഴ്സ് എന്നിവ പിടിച്ചുവാങ്ങി. വിനോദിൻെറ പേഴ്സും ബലമായി പിടിച്ചെടുത്തു'.

'അർധപ്രാണനായി കിടന്ന വിനോദ് ഉടൻ ഫോഴ്സ് എത്തി നമ്മളെ രക്ഷിക്കുമെന്ന് ഇടക്കിടെ പുലമ്പുന്നുണ്ടായിരുന്നു. സന്ധ്യയോടെ വെടിവെപ്പ് ആരംഭിച്ചു. ആദിവാസികളെ വിരട്ടിയോടിച്ച് പോലിസ് സംഘം കുടിൽ വളഞ്ഞു. അവിടെനിന്ന് കൊണ്ടുപോകും വരെ വിനോദിന് ജീവനുണ്ടായിരുന്നു.

ബന്ദിയായി കഴിഞ്ഞ ആറു മണിക്കൂർ നേരവും രക്ഷപ്പെടുന്നതിനെക്കുറിച്ചായിരുന്നു അദ്ദേഹത്തിൻെറ ആലോചന. പക്ഷേ.....ശശിധരന് വാക്കുകൾ മുഴുമിക്കാനായില്ല. 24 വർഷം സർവീസുള്ള ശശിധരന് ഭാര്യയും രണ്ട് മക്കളുമുണ്ട്. മെഡിക്കൽ കോളജിൽ ഫാർമസിസ്റ്റാണ് ഭാര്യ ലളിത.



ഫോറസ്റ്റർ പി.കെ. ശശിധരൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ

RADO
SWITZERLAND
0484-2371386
2350553, 2354959
94470 47098
GCDA Complex,
Marine Drive, Kochi
www.swisstimehouse.com
Official Agent
RADO
SWITZERLAND
SWISS TIME HOUSE
Since 1946

WANTED
CICS COLLEGE OF TEACHER EDUCATION (UN AIDED)
M.G. NAGAR, G.A. COLLEGE. P.O, CALICUT-14

1. **PRINCIPAL:** Qualifications Prescribed for Lecturer by NCTE and 10 years experience of which at least 5 years should be in a Secondary Teacher Education Institution.
2. **LECTURERS** IN PHYSICAL SCIENCE, COMPUTER SCIENCE, EDUCATION, SOCIAL SCIENCE, NATURAL SCIENCE, MATHEMATICS AND ENGLISH.
Qualifications:
   1. MA/MSc with 55% Marks and M.Ed/MA (Education) with 50% marks of Good Academic record and
   2. NET/M.Phil/Ph.D.
3. **PART TIME LECTURES:** Physical Education, Music & Work Experience: Qualification: As per Govt./University Norms.

Age limit up to 62 years.
Apply with all testimonials within 10 days.
MANAGER

KERALA FEEDS LTD.
(A Govt. of Kerala Undertaking)
Kallettumkara, Thrissur Dist., Kerala-680 683.
Ph: 0488-720179, 720192 & 721256. Fax: 0488-720194.
E-mail: kfl@satyam.net.in website: www.keralafeeds.com

No. KFL/477/99 15th February 2003

AUCTION CUM TENDER
Sale of Old Gunnies

Sealed item rates are invited from reputed Gunny Traders for sale of empty Gunny bags (Minimum 3 Lakhs) and empty P.P. Bags. Sealed item rates are also invited for sale of empty gunny/pp bags in the temporary shed in the company premises in "as is where is condition".
Details along with Tender form can be had from the office of the undersigned on any working day from 22-02-03 to 26-02-03 on request by paying Rs. 150/- (non-refundable) by cash or crossed Demand draft payable at Irinjalakuda / Chalakudy in favour of The Managing Director, Kerala Feeds Ltd., Kallettumkara, Thrissur.
Tenders with EMD of Rs. 50,000/- (Rupees Fifty Thousand only) by crossed demand draft payable at Irinjalakuda / Chalakudy in favour of The Managing Director, Kerala Feeds Ltd., Kallettumkara, Thrissur will be accepted up to 1 pm on 26th February 2003 and opened at 2 p.m. at the same day.
Sd/- MANAGING DIRECTOR.

Vol. XVI NO. 260 Reg. No. KL/NR/5-19/2003-05; R.N.44596/87. Edited, Printed and Published by Mohammed Ali A. for and on behalf of Ideal Publications Trust, Silver Hills, Kozhikode-12. Printed and Published from Roshni Press, Silver Hills, Kozhikode-12. Phones: 2730703, 2731500, 2731600. Fax: 0495 2731319. E-Mail: madhyamam@vsnl.com
Kochi Phones: 2370616, 2370216, 2370217 Fax: 0484 2374311. E-Mail: madhyamamkochi@eth.net Thiruvananthapuram Phones: 2460792, 2463790, 2459013 Fax: 0471 2459810. Kannur 2701707, 2709101, 2727180. Malappuram 323000, 323001, 323002 Fax:0493 321331. Bangalore Phone: 2863762

2003 ഫെബ്രുവരി 21 വെള്ളി

വർത്തമാനം

വാള്യം 1, ലക്കം 5 VARTHAMANAM MALAYALAM DAILY PUBLISHED FROM KOZHIKODE പേജ് 12. വില 3.25 രൂപ

The Complete Furniture Solution
Mesco ASSOCIATES
YMCA Cross Road, Calicut
Ph: Shop: 2767382, 2767537
Resi: 2420805



ഫാക്ട് പ്രതിസന്ധി രൂക്ഷമാകുന്നു 5



ഇറാഖ്, ഫലസ്തീൻ പ്രശ്ന പരിഹാരത്തിന് സമിതി 7



ലോക കപ്പ് ക്രിക്കറ്റ്: ഓസീസിന് ജയം 11

പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു

തിരുവനന്തപുരം: മുത്തങ്ങ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് സി.പി.എം. നിയമസഭാക്ഷി ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. തിരിച്ചെത്തിയ പ്രതിപക്ഷം ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് നടുത്തളത്തിലിറങ്ങി. ചോദ്യോത്തര വേളയും പ്രതിപക്ഷം ബഹിഷ്കരിച്ചിരുന്നു.

2003-04 ലെ മൂല്യവർദ്ധിത നികുതി ബിൽ വിഷയനിർണ്ണയസമിതിക്ക് വിട്ട ശേഷം സഭ 10.30 ന് പിരിഞ്ഞു. ഒരു പോലീസുകാരനും ഒരു ആദിവാസിയുമാണ് മുത്തങ്ങയിൽ മരിച്ചതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ചോദ്യം ചെയ്ത പ്രതിപക്ഷം പ്രസംഗം തടസ്സപ്പെടുത്തി. കുറഞ്ഞത് അഞ്ചുപേർ മുത്തങ്ങയിലെ ഏറ്റുമുട്ടലിൽ മരിച്ചതായി അടിയന്തിരപ്രമേയം അവതരിപ്പിച്ച് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. പീപ്പിൾസ് വാർ ഗ്രൂപ്പിലെ തീവ്രവാദികൾ മുത്തങ്ങയിൽ തമ്പടിച്ച് ഗോത്രമഹാസഭാ പ്രവർത്തകരെ അക്രമത്തിന് പ്രേരിപ്പിച്ചതായി അറിയുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ നിഷ്ക്രിയത്വമാണ് സംഭവത്തിന് വഴിതെളിച്ചത്. ശ്രീലങ്കൻ തീവ്രവാദി സ്ഥലത്തുണ്ടായിരുന്നതായി ഡി.ഐ.ജി. തന്നെ പറഞ്ഞതായി അറിയുന്നു. ആദിവാസികളെ അക്രമത്തിലേക്ക് തള്ളിവിട്ട സർക്കാരിന്റെ കഴിവുകേടാണ് കുഴപ്പത്തിന് കാരണം. സർക്കാർ പിന്തുണച്ച അക്രമസമരത്തന് ജാനു നേതൃത്വം നൽകുകയായിരുന്നുവെന്ന് പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. തങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേറ്റാത്തതു മൂലമാണ് ആദിവാസികൾ അക്രമാസക്തരായത്. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നദ്ദേഹം ആവശ്യപ്പെട്ടു. കറുത്ത ബാഡ്ജ് ധരിച്ച് പ്ലക്കാർഡുകളുമേന്തിയാണ് പ്രതിപക്ഷം സഭയിലെത്തിയത്.



പൊൻകുഴിയിൽ ആദിവാസികൾ കയ്യേറി കെട്ടിയ കുടിലുകൾ പൊലീസ് തീവെച്ച് നശിപ്പിക്കുന്നു

ആദിവാസികൾ കയ്യേറിയ ഭൂമി തിരിച്ചുപിടിച്ചു

ഷിബു ടി ജോസഫ്

മുത്തങ്ങ: ആദിവാസികൾ കയ്യേറിയ മുത്തങ്ങയിലെ വനഭൂമി പൂർണ്ണമായും ഒഴിപ്പിച്ചെടുത്തു. പൊലീസ് നടപടിക്കിടെ വെടിയേറ്റ് മരിച്ച ആദിവാസിയെ തിരിച്ചറിഞ്ഞു. മാനന്തവാടി പയുമ്പള്ളി ചെമ്മാട് കോളനിയിലെ ജോഗി (55) ആണ് പൊൻകുഴിയിലെ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. കയ്യേറ്റക്കാരെ ഒഴിപ്പിച്ച് വനഭൂമിയിൽ സായുധ പൊലീസ് ഇന്നലെ രാവിലെ മുതൽ തെരച്ചിൽ നടത്തി. പൊലീസ് നടപടിയിൽ കൂടുതൽ പേർ കൊല്ലപ്പെട്ടിട്ടുണ്ടാകാമെന്ന അഭ്യൂഹങ്ങൾക്കിടയിലാണ് പൊലീസ് വനത്തിനുള്ളിൽ തിരച്ചിൽ നടത്തിയത്. തിരച്ചിലിൽ ആദിവാസികളുടെ സങ്കേതങ്ങളും ആയുധ സംഭരണ കേന്ദ്രങ്ങളും കണ്ടെത്തിയിട്ടുണ്ട്. വനത്തിനുള്ളിൽ ആദിവാസികൾ നിർമ്മിച്ച കുടിലുകൾ പൊലീസും വനപാലകരും ചേർന്ന് തീയിട്ട് നശിപ്പിച്ചു. പൊൻകുഴി, അമ്പുകുത്തി എന്നീ മേഖലകളിലാണ് സായുധസേന തിരച്ചിൽ നടത്തിയത്.

വനപാലകരെയും നാട്ടുകാരെയും ആദിവാസികൾ ബന്ദികളാക്കിയതിനെ തുടർന്നാണ് വനഭൂമി ഒഴിപ്പിച്ചെടുക്കാൻ പൊലീസ് തയ്യാറായത്. ബുധനാഴ്ച കെ എ പി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിളായ വിനോദിനെ ആദിവാസികൾ ബന്ദിയാക്കി വെട്ടി കൊലപ്പെടുത്തിയതിനെ തുടർന്ന് സായുധ നടപടികളിലൂടെ ആദിവാസികളെ തുരത്തിയാണ് പൊലീസ് വനഭൂമി വീണ്ടെടുത്തത്. മുത്തങ്ങയിലെ സംഘർഷത്തിൽ ഒരു പൊലീസുകാരനും ആദിവാസിയും മാത്രമേ കൊല്ലപ്പെട്ടിട്ടുള്ളൂ എന്ന് സർക്കാർ ആണയിടുമ്പോഴും സംശയങ്ങളും ദുരൂഹതകളും ബാക്കിയാവുന്നുണ്ട്. പൊലീസ് കോൺസ്റ്റബിളിന്റെ മരണത്തെ തുടർന്ന് സേന നടത്തിയ വെടിവെപ്പും ക്രൂരമായ മർദ്ദനങ്ങളും മാധ്യമങ്ങളിലൂടെ പുറം ലോകത്തെത്തിയിരുന്നു. പൊലീസ് നടപടികൾക്ക് വിധേയരായവരെ പലരെയും പിന്നീട് കണ്ടെത്താനാകാത്തതും ഈ സംശയങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്. മാരകമായ മുറിവേറ്റ പല ആദിവാസികളും ഇപ്പോഴും കാടിന് പുറത്ത് എത്തിയിട്ടില്ലെന്നതും മരണസംഖ്യയെ പറ്റിയുള്ള ആശങ്ക നിലനിർത്തുന്നുണ്ട്. വെടിവെപ്പിൽ പരിക്കേറ്റ 26 ആദിവാസികളെ കോഴിക്കോട് മെഡിക്കൽ കോളേജ്, സുൽത്താൻ ബത്തേരി ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു. 12 പൊലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്.

ഇതിനോടകം 300 ആദിവാസികളെ കസ്റ്റഡിയിലെടുത്തതായി പൊലീസ് അറിയിച്ചു. ചിലരിൽ നിന്ന് മാരകായുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. തെളിവെടുപ്പ് പൂർത്തിയാക്കി ഇവരെ ഇന്ന് കോടതിയിൽ ഹാജരാക്കും.

മുത്തങ്ങയിലും അമ്പുകുത്തിയിലും ഇന്നലെ രാത്രി വൈകിയും തെരച്ചിൽ തുടർന്നെങ്കിലും ആദിവാസി ഗോത്ര മഹാസഭ നേതാക്കളായ ജാനുവിനെയും ഗീതാനന്ദനേയും പിടികൂടാനായില്ല. ബുധനാഴ്ച രാത്രി മുതൽ പൊലീസിന്റെ നിയന്ത്രണത്തിലായിരുന്നു മുത്തങ്ങയും പരിസരങ്ങളും. ഇന്നലെ രാവിലെ കെ എ പി നാലാം ബറ്റാലിയൻ കമാണ്ടന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിലുള്ള സംഘം പൊൻകുഴിയും തകരപ്പാടിയും അരിച്ചുപെറുക്കി.

ഉത്തര മേഖല ഡി ഐ ജി ശങ്കർ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള സംഘം പൊൻകുഴിയ്ക്ക് അര കിലോമീറ്റർ ചുറ്റളവിൽ വലയം തീർത്ത് തെരച്ചിൽ നടത്തി. സായുധസേന അഞ്ചാം ബറ്റാലിയൻ കമാണ്ടന്റ് ദേവേന്ദ്ര കശ്യപിന്റെയും ഒന്നാം ബറ്റാലിയൻ കമാണ്ടന്റ് പി വിജയന്റെയും നേതൃത്വത്തിൽ തകരപ്പാടിയിലെ ബത്തേരി - മൈസൂർ റോഡിൽ പോലീസ് വലയം തീർത്തു. രാവിലെ 10.45-ന് തകരപ്പാടിയിലേക്ക് നീങ്ങിയ വനം - പോലീസ് സേനകൾ അവിടെ ആദിവാസികൾ കെട്ടിയ കുടിലുകൾക്ക് തീയിട്ടു. പിന്നീട് തീ കാട്ടിലേയ്ക്ക് പടരുമെന്ന് കണ്ട് പോലീസ് സേന തീയണയ്ക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.20-ന് പൊലീസ് - വനം സേനയെ മുത്തങ്ങയിലെ വനം വകുപ്പിന്റെ ഓഫീസിലേയ്ക്ക് മടക്കി വിളിച്ചു. ഇതിനിടയിൽ ബി ജെ പി സംസ്ഥാന പ്രസിഡണ്ട് സി കെ പത്മനാഭൻ തകരപ്പാടിയിലെത്തി പത്രപ്രതിനിധികളും പൊലീസ് ഉദ്യോഗസ്ഥരുമായി സംസാരിച്ചു.

മുത്തങ്ങയിലെ വനം വകുപ്പിന്റെ ഓഫീസിലിരുന്ന് ഐ ജി വേണുഗോപാൽ കെ നായരും വയനാട് എസ്. പി. യു എൻ നടരാജൻ ഓപ്പറേഷന് നേതൃത്വം നൽകി.

ഇതിനിടെ സായുധസേന വിഭാഗം ഐ ജി വിൻസന്റ് എം പോൾ മുത്തങ്ങയിലെത്തി.

ബുധനാഴ്ച രാവിലെ മുതൽ പ്രകോപനം സൃഷ്ടിക്കുന്നതിനായി ആദിവാസികളെ സജ്ജരാക്കുകയായിരുന്നു നേതാക്കൾ. ബുധനാഴ്ച രാവിലെ 8.45-ന് പോലീസ് തകരപ്പാടിയിലേക്ക് നീങ്ങി. ഒരു മണിക്കൂറിന് ശേഷം തകരപ്പാടി സംഘർഷഭരിതമായി. തുടർന്ന് ആദിവാസികൾ പൊലീസ് കോൺസ്റ്റബിൾ വിനോദിനെ വെട്ടി പരിക്കേൽപിച്ചു.

മുഖ്യവനപാലകൻ ശുചീന്ദ്രപാൽ സിംഗ് കൽപ്പറ്റ ഡി വൈ എസ് പി കെ ഉണ്ണി മാനന്തവാടി ഡി വൈ എസ് പി കെ വി സതീശൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു വനം-പൊലീസ് സേനകൾ ആദിവാസി കയ്യേറ്റ ഭൂമിയിലേക്ക് നീങ്ങിയത്.

നേതാക്കൾ ഇന്ന് മുത്തങ്ങയിൽ

തിരുവനന്തപുരം: മുത്തങ്ങയിലെ സ്ഥിതിഗതി നേരിട്ട് മനസ്സിലാക്കാൻ പ്രതിപക്ഷ നേതാക്കൾ ഇന്ന് മുത്തങ്ങയിലെത്തുമെന്ന് പ്രതിപക്ഷ നേതാവ് വി എസ് അച്യുതാനന്ദൻ പറഞ്ഞു. പ്രതിപക്ഷ നേതാവിനെക്കൂടാതെ എം എൽ എമാരായ നീലലോഹിതദാസൻ നാടാർ, എ.സി. ഷൺമുഖദാസ്, ഡോ: കെ. സി. ജോസഫ്, കെ പി രാജേന്ദ്രൻ, വി.സി. കബീർ, തുടങ്ങിയവരാണ് സംഘത്തിലുള്ളത്.

ആദിവാസി നേതാവ് ജാനുവിന്റെയും കൂട്ടരുടെയും പിന്നിൽ നക്സലൈറ്റ് ഗ്രൂപ്പുകൾ ഉണ്ടെന്ന് സംശയിക്കുന്നതായി വി.എസ് അച്യുതാനന്ദൻ 'വർത്തമാന'ത്തോടു പറഞ്ഞു. ജാനുവിനെയും കൂട്ടരെയും പല തീവ്രവാദി സംഘങ്ങളും ഉപയോഗിക്കുന്നുവെന്ന് കേൾക്കുന്നതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞവർഷം ജൂണിൽ മുഖ്യമന്ത്രി എ.കെ.ആന്റണി ജാനുവുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിൽ സമ്മതിച്ചതു പ്രകാരം എട്ടു മാസം കഴിഞ്ഞിട്ടും ആദിവാസികൾക്ക് ഭൂമി അനുവദിച്ചു നൽകിയില്ല. ഒത്തുതീർപ്പുകളും വാഗ്ദാനങ്ങളും വഞ്ചനയാണെന്ന് ആദിവാസികൾ തിരിച്ചറിഞ്ഞതാണ് അക്രമാസക്തമായ സമരത്തിലേക്ക് അവരെ നയിച്ചത്. അതുകൊണ്ട് മുത്തങ്ങ സംഭവത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും യു.ഡി.എഫ് സർക്കാരിനാണെന്ന് വി.എസ് പറഞ്ഞു.

പാർട്ടി നേതൃത്വത്തിലുള്ള ആദിവാസിക്ഷേമ സംഘടനയുടെ സമരം പൊളിക്കാനാണ് അന്ന് ആന്റണി സന്ധിയുണ്ടാക്കിയതെന്നും അദ്ദേഹം ആരോപിച്ചു.

കിട്ടുകയില്ലെന്നറിഞ്ഞുകൊണ്ടുതന്നെ കേന്ദ്രത്തിൽ നിന്ന് 25,000 ഏക്കർ വനഭൂമി ആവശ്യപ്പെട്ടത് ആദിവാസികളെ കബളിപ്പിക്കാൻ വേണ്ടിയാണ്. ആദിവാസികൾക്ക് നൽകാനുള്ള ഭൂമി കേരളത്തിൽ തന്നെയുണ്ട്. അമ്പതിനായിരം ഏക്കറിലധികം സർക്കാർഭൂമി ടാറ്റാകമ്പനിയുടെ കൈവശമുള്ളതായി ഔദ്യോഗിക റിപ്പോർട്ടുണ്ട്.

വാടാനപ്പള്ളിയിൽ പൊലീസ് മർദ്ദനം

മുത്തങ്ങ വെടിവെപ്പ്: പ്രതിഷേധ പ്രകടനക്കാരെ അറസ്റ്റുചെയ്തു

കോഴിക്കോട്: മുത്തങ്ങയിൽ ആദിവാസികൾക്കുനേരെയുണ്ടായ പൊലീസ് വെടിവപ്പിൽ പ്രതിഷേധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകടനം നടത്തിയവരെ പൊലീസ് അറസ്റ്റു ചെയ്തു. തൃശൂർ ജില്ലയിലെ വാടാനപ്പള്ളിയിൽ പ്രതിഷേധക്കാരെ പൊലീസ് മർദ്ദിച്ചു.

തൃശ്ശൂരിൽ പ്രകടനം നടത്തിയ ഒമ്പതുപേരെ പൊലീസ് അറസ്റു ചെയ്തു. വാടാനപ്പള്ളിയിൽ കടകളടപ്പിക്കാൻ ശ്രമിച്ച വിവിധ സംഘടനാപ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചതായി പരാതിയുണ്ട്.

ദളിത് മൈനോറിറ്റി ഫ്രണ്ട് പ്രവർത്തകർ എ.എം.ഗഫൂർ, പുരോഗമന ജനാധിപത്യ സംഘടനാ പ്രവർത്തകൻ വെട്ടുകാട് മാന്ദാമംഗലം സ്വദേശി പുത്തൻകാട് കോലയിൽ ശങ്കരനാരായണൻ, കോഴിക്കണക്കൻ മോഹനൻ, വലപ്പാട് ബീച്ച് സ്വദേശി ഭഗവതിപ്പറമ്പിൽ ബാബുരാജ് മാസ്റ്റർ, കഴിമ്പ്രം തൊടുവിൽ രാജു, സാംസ്കാരിക പ്രവർത്തകനായ കളരിക്കൽ മണിമാസ്റ്റർ മാങ്ങാട്ട് ലക്ഷ്മണൻ എന്നിവരാണ് അറസ്റ്റിലായത്. കടകളടച്ച് സഹകരിക്കാൻ അഭ്യർത്ഥിച്ചെത്തിയ പ്രർത്തകരെ പൊലീസ്, ജവഹർ തിയ്യേറ്ററിനു മുന്നിലിട്ടും ജീപ്പിൽ വച്ചും ഭീകരമായി മർദ്ദിച്ചെന്ന് പരിസരവാസികൾ പറഞ്ഞു. ആദിവാസി ദലിത് ഏകോപന സമിതി, പി.യു.സി.എൽ., പോരാട്ടം, പെരിയാർ മലിനീകരണ വിരുദ്ധ സമിതി, വിദേശ കുത്തക മുതൽ മുടക്കുവിരുദ്ധ സമിതി മെയ്ദിന തൊഴിലാളികേന്ദ്രം, കേരള സ്ത്രീവേദി എന്നീ സംഘടനകളിൽപ്പെട്ട പതിനഞ്ചോളം പ്രവർത്തകരെയാണ് കൊച്ചിയിൽ അറസ്റ്റു ചെയ്തത്.

സർക്കാർ വാഗ്ദാനം നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങയിൽ ഭൂമിക്കുവേണ്ടി സമരം ചെയ്ത ആദിവാസികളെ ഭരണപ്രതിപക്ഷ ഒത്താശയോടെ, കൂട്ടക്കൊല ചെയ്തതിലും മാധ്യമ പ്രതിനിധികളെ മർദ്ദിച്ചതിലും വിവിധ വിപ്ലവ പുരോഗമന മനുഷ്യാവകാശ പരിസ്ഥിതി പ്രവർത്തകർ പ്രതിഷേധിച്ചു.

അറസ്റ്റുചെയ്ത മുഴുവൻ ആദിവാസികളേയും വിട്ടയക്കുക, കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുക, കൊലചെയ്യപ്പെട്ട ആദിവാസികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുക, ആദിവാസി ഭൂപ്രശ്നം ഉടൻ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ വിവിധ സംഘടനാനേതാക്കൾ ഉന്നയിച്ചു.

അതിനിടെ ഗോത്ര മഹാസഭ ആഹ്വാനം ചെയ്ത ഹർത്താലിൽ കോട്ടയത്ത് കെ.എസ്.ആർ.ടി.സി ബസുകൾക്ക് നേരെ ആക്രമണമുണ്ടായി. കുറിച്ചി ഔട്ട് പോസ്റ്റിനും മന്ദിരം കവലക്കും ഇടയിലാണ് ബസുകൾക്കുനേരെ കല്ലേറുണ്ടായത്. തിരുവനന്തപുരം- മാട്ടുപ്പെട്ടി, ആലപ്പുഴ- കോട്ടയം, ചങ്ങനാശ്ശേരി- പാല, ചങ്ങനാശ്ശേരി -കോട്ടയം റൂട്ടുകളിൽ സർവീസു നടത്തിയ ബസുകളുടെ ചില്ലുകൾ കല്ലേറിൽ തകർന്നു. കഴിഞ്ഞദിവസം രാത്രിയിൽ രണ്ടുബസുകൾക്ക് നേരെ കല്ലേറുണ്ടായി.

പ്രായിപ്പാട് സ്വകാര്യബസ് സർവീസ് തടഞ്ഞ എട്ടുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

പത്തനംതിട്ട ജില്ലയുടെ വിവിധയിടങ്ങളിലും ഗതാഗതം തടസ്സപ്പെട്ടു.

റാന്നിയിൽ വാഹന ഗതാഗതം തടസ്സപ്പെടുത്തിയ രണ്ടുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

പാലക്കാട് നഗരത്തിൽ പ്രകടനം നടത്തിയ ആദിവാസി സംരക്ഷണ മുന്നണി പ്രവർത്തകരെ പൊലീസ് അറസ്റ്റു ചെയ്തു. മുൻകൂട്ടി അനുമതി വാങ്ങാത്തിനാലാണ് പ്രകടനക്കാരെ അറസ്റ്റു ചെയ്തതെന്ന് പൊലീസ് അറിയിച്ചു.



പരിക്കേറ്റ ആദിവാസി സ്ത്രീകളും കുട്ടികളും ആശുപത്രിയിൽ

ആദിവാസികൾ വീണ്ടും വഞ്ചിതരായി

ജീമോൻ ജേക്കബ്

മുത്തങ്ങ: അരയവർ നിറയാത്ത ആദിവാസികൾ ഒരിക്കൽകൂടി വഞ്ചിതരായി. ഭരണകൂടവും ഗോത്രനേതൃത്വവും ഒരുക്കിയ വാരിക്കുഴിയിൽ വീണ അവർക്ക് നഷ്ടപ്പെട്ടത് ഒരുതുണ്ട് ഭൂമിയെന്ന സ്വപ്നവും വെടിയുണ്ടയേറ്റ ഒരു ജീവനും. ഇന്നലെ പോലീസ് ക്രൂരമായി അവരെ വേട്ടയാടിയപ്പോൾ ആരും രക്ഷക്കെത്തിയില്ല. ഭീതി പുണ്ട രാവിന് മുമ്പിൽ അവർ പകച്ചുനിന്നു, കുനിഞ്ഞ ശിരസ്സോടെ നിറഞ്ഞ കണ്ണുകളോടെ. ബത്തേരി മുതൽ മുത്തങ്ങ വരെയുള്ള നാൽക്കവലകളിൽ ജനങ്ങൾ ആദിവാസികളെ ക്രൂശിച്ചു. പൊലീസിനെ ഭയന്ന് ഓടിരക്ഷപ്പെടാൻ ശ്രമിച്ചവരെ നാട്ടുകാർ പിടികൂടി പൊലീസിലേൽപ്പിച്ചു. 225 ആദിവാസികളെയാണ് വയനാട്ടിലെ വിവിധ ഭാഗങ്ങളിൽനിന്ന് പൊലീസ് പിടികൂടിയത്.

എന്നാൽ ആദിവാസി ഗോത്രമഹാസഭയുടെ മുൻനിരക്കാരിൽ ഒരാളെപ്പോലും പൊലീസിന് പിടികൂടാനായില്ല. ആദിവാസി നേതാവ് ജാനുവിനും ഗീതാനന്ദനും വേണ്ടിയുള്ള തെരച്ചിൽ ഊർജിതമായി നടക്കുമ്പോഴും ലോക്കപ്പുകളിൽ പാവം ആദിവാസിയുടെ രോദനം മുഴങ്ങുകയാണ്. ചിലർ ആണയിട്ട് പറയുന്നുണ്ടായിരുന്നു, അവർ നിഷ്കളങ്കരാണെന്ന്. പക്ഷേ ആ രോദനങ്ങൾ പൊൻകുഴിക്കപ്പുറം മുഴങ്ങിയില്ല.

ഇന്നലെ പുലരും മുമ്പേ ആദിവാസികൾക്കെതിരെ വയനാട് വിധിയെഴുതി. ഒരു പൊലീസുകാരനെ നിഷ്കരുണമായി കൊലചെയ്ത ക്രൂരന്മാരെന്ന്. കണ്ണൂർ കെ.എ.പി. നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ വിനോദാണ് ഭരണകൂടത്തിന്റെ പിടിപ്പുകേടു മൂലം ബലിയാടായത്. ഇന്നലെ പിടികൂടിയ ആദിവാസികളിൽ വളരെ കുറച്ചുപേർ മാത്രമേ തകരപ്പാടിയിൽ ഉണ്ടായിരുന്നുള്ളുവെന്നത് നിഷേധിക്കാനാവാത്ത യാഥാർഥ്യം.

പൊലീസ് വേട്ടയെ ന്യായീകരിക്കാൻ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞേക്കും. പ്രതിപക്ഷം ഗവണ്മെന്റിനെ മുൾമുനയിൽ നിറുത്തി രാഷ്ട്രീയലാഭവും കയ്യടിയും നേടുമായിരിക്കും. ജാനുവും ഗീതാനന്ദനും തന്ത്രപരമായ പിൻമാറ്റങ്ങളിലൂടെ മാധ്യമങ്ങളുടെ പ്രിയതാരങ്ങളായിമാറും. പക്ഷേ പാവം ആദിവാസിയുടെ ശാപഗ്രസ്തമായ ദിനങ്ങൾക്കോ അവന്റെ പട്ടിണിക്കോ പരിഹാരം നേടാൻ അവന്റെ അമ്പിനോ വില്ലിനോ കഴിഞ്ഞില്ല. അവൻ കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിച്ചനേതാക്കലാകട്ടെ അവസാനനിമിഷം അവരെ ഉപേക്ഷിച്ച് കടന്നുകളഞ്ഞു. പക്ഷേ ആദിവാസികൾക്ക് മോഹനവാഗ്ദാനങ്ങൾ നൽകി അവരെ തെരുവിലിറക്കിയ ആരും ഇക്കുറി പ്രതിസ്ഥാനത്തുണ്ടാകില്ല. അവരോടൊപ്പം ചുവടുവച്ചും അവരുടെ വേഷം ധരിച്ചും വാഗ്ദാനങ്ങളുടെ പട്ടിക സമർപ്പിച്ചവരെ നാമെന്ത് വിളിക്കും? അടിയോരുടെ ഉയിരെടുത്തവനെന്നോ? അതോ ഒരമ്മയുടെ അരുമയുടെ സ്വപ്നം കാർന്നു തിന്നവനെന്നോ?

തീവ്രവാദി പിന്തുണ: അന്വേഷണം നടക്കുന്നെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ആദിവാസി ഗോത്ര മഹാസഭയുടെ പിന്നിലുള്ള ശക്തികളെക്കുറിച്ച് അന്വേഷണം നടന്നുവരികയാണെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി അറിയിച്ചു. എന്തു പ്രകോപനമുണ്ടായാലും സംയമനത്തോടെ ആദിവാസികളുടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ വേരുകളുള്ള തീവ്രവാദി ഗ്രൂപ്പുകളടക്കം പല ഘടകങ്ങളുടെയും ഇടപെടലിനെക്കുറിച്ച് സന്ദേഹങ്ങളുണ്ടെന്ന് മന്ത്രിസഭാതീരുമാനങ്ങൾ വിശദീകരിക്കവെ മുഖ്യമന്ത്രി പറഞ്ഞു. പൂർണ്ണ വിവരങ്ങൾ ലഭ്യമാകാതെ വെളിപ്പെടുത്താനാവില്ല.

ആഗോളനിക്ഷേപകസംഗമത്തിനിടയ്ക്ക് ഇവരിൽ നിന്ന് ഭീഷണിയുണ്ടാകുമെന്ന് വിവരം ലഭിച്ചതിനെ തുടർന്ന് മുൻകരുതലുകളെടുത്തിരുന്നു. എങ്കിലും കേരളത്തിൽ ഇങ്ങനെയൊരു സായുധ അക്രമം ഉണ്ടാകുമെന്ന് കരുതിയില്ല. മുത്തങ്ങയിൽ പൊലീസ് അവരുടെ ഉത്തരവാദിത്തം നിർവ്വഹിക്കുക മാത്രമാണ് ചെയ്തതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പോലീസ് സ്വന്തം ചുമതല ഭംഗിയായി നിറവേറ്റിയെന്ന് കരുതുന്നുണ്ടോ എന്ന ചോദ്യത്തിനുത്തരം പറയുകയായിരുന്നു അദ്ദേഹം. സംരക്ഷിത വനപ്രദേശം കയ്യടക്കിയ ആദിവാസികളുടെ കാര്യത്തിൽ സർക്കാർ പരമാവധി സംയമനം പാലിച്ചു. ചർച്ചകൾ കൊണ്ട് പ്രശ്നം പരിഹരിക്കാമെന്ന് കരുതിയതാണ് നടപടി വൈകാൻ കാരണം.



പൊൻകുഴിയിൽ ആദിവാസികൾ ഒളിപ്പിച്ചുവച്ച മാരകായുധങ്ങൾക്കായി പൊലീസ് തിരച്ചിൽ നടത്തുന്നു

ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷന്റെ പ്രവർത്തനം നിലയ്ക്കുന്നു

വർത്തമാനം ബ്യൂറോ

കൊച്ചി: ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷണിലെ അമോണിയ പ്ലാന്റിന്റെ പ്രവർത്തനം ഇന്നലെ ഉച്ചയോടെ നിർത്തിവച്ചു.

അസംസ്കൃത വസ്തുക്കൾ വാങ്ങാൻ പണമില്ലാത്തതിനെത്തുടർന്ന് പ്ലാന്റുകൾ രണ്ടാഴ്ചത്തേക്ക് അടച്ചിടുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന് ട്രേഡ് യൂണിയനുകളെ മാനേജ്മെന്റ് അറിയിച്ചു.

എന്നാൽ വാർഷിക അറ്റകുറ്റപ്പണികൾക്കു വേണ്ടിയാണ് പ്ലാന്റ് അടയ്ക്കുന്നതെന്നാണ് മാനേജ്മെന്റിന്റെ ഔദ്യോഗിക വിശദീകരണം. സാധാരണ പ്ലാന്റുകൾ ഏപ്രിൽ-മെയ് മാസങ്ങളിലാണ് അടയ്ക്കാറ്.

അമോണിയ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചതിനാൽ ഉദ്യോഗമണ്ഡൽ ഡിവിഷന്റെ പ്രവർത്തനം മുഴുവനായി രണ്ടുദിവസത്തിനകം നിൽക്കും. ഇതോടൊപ്പം തന്നെ കൊച്ചിൻ ഡിവിഷനിലെ പ്ലാന്റുകളും പ്രവർത്തനരഹിതമാകും.

പ്ലാന്റുകൾ അടച്ചിടുന്നതിൽ പ്രതിഷേധിച്ച് വിവിധ യൂണിയനുകളുടെ ആഭിമുഖ്യത്തിൽ കോർപ്പറേറ്റ് ഓഫീസിലേക്ക് മാർച്ച് നടത്തി. തുടർന്ന് നടന്ന യോഗത്തിൽ ഫാക്ട് ടെക്നിക്കൽ ഡയറക്ടർ ഡി.സി. സോർട്ടയുടെ കോലം കത്തിച്ചു.

യൂണിയൻ നേതാക്കളായ കെ.എൻ. ചന്ദ്രൻ പിള്ള, കെ. വിജയൻ പിള്ള, സാജു വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

മുത്തങ്ങ സംഭവം: സർക്കാറിന് രൂക്ഷ വിമർശം

കല്പറ്റ: മുത്തങ്ങ സംഭവത്തിന്റെ ഉത്തരവാദിയായ മുഖ്യമന്ത്രിക്കെതിരെ കൊലകുറ്റത്തിന് കേസെടുക്കണമെന്ന് നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രദീപ് പാറപ്പുറം, വയനാട് ജില്ലാ പ്രസിഡന്റ് സുരേഷ് ബാബു എന്നിവർ ആവശ്യപ്പെട്ടു.

ജാനുവിനെ വിശ്വാസത്തിലെടുത്ത് ആദിവാസികൾക്ക് ഭൂമി നൽകാമെന്ന് കരാറുണ്ടാക്കിയ സർക്കാർ ആദിവാസി മസൂഹത്തെ വഞ്ചിക്കുകയായിരുന്നു. മുത്തങ്ങയിലെ കൈയേറ്റം ഒരു മാസത്തോളം നീണ്ടിട്ടും നടപടിയെടുക്കാതെ സർക്കാർ ജീവനക്കാരുടെ ജീവൻവെച്ച് വിലപേശാൻ അവസരമൊരുക്കിയതിലൂടെ സർക്കാറിന്റെ പിടിപ്പുകേട് പുറത്തായിരിക്കുകയാണ്. വയനാട്ടിലെ തീവ്രവാദ പ്രവർത്തനങ്ങളെകുറിച്ചും, അവർക്ക് ലഭിക്കുന്ന വിദേശ പണത്തെക്കുറിച്ചും സിറ്റിംഗ് ജഡ്ജിയെകൊണ്ട് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ വനഭൂമി ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ ദാരുണ സംഭവങ്ങൾക്ക് പൂർണ്ണ ഉത്തരവാദി സർക്കാറാണെന്ന് ജനതാദൾ സംസ്ഥാന സമിതി അംഗം കെ.കെ. ഹംസ കുറ്റപ്പെടുത്തി.

കഴിഞ്ഞ ഒന്നര മാസത്തോളമായി കുടിൽകെട്ടി താമസിക്കുന്ന ആദിവാസികളെ യഥാസമയം കുടിയൊഴിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ കാണിച്ച അനാസ്ഥയാണ് ഇപ്പോഴത്തെ സംഭവങ്ങൾക്ക് കാരണം. പോരാട്ടങ്ങൾ നടത്തുന്നവരെ തോക്കുപയോഗിച്ച് നേരിടുന്ന സർക്കാർ നടപടി പ്രതിഷേധാർഹമാണെന്നും ഹംസ പറഞ്ഞു.

കഴിഞ്ഞ ഒന്നര മാസമായി മുത്തങ്ങയിൽ പൊതുജന ജീവിതത്തിന് യാതൊരു തടസ്സവും സൃഷ്ടിക്കാതെ നടത്തിയ സമരത്തിൽ വെടിവെപ്പ് നടത്തിയത് സർക്കാരിന്റെ അനാസ്ഥമൂലമാണെന്നും പ്രശ്നത്തെകുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും കെ.ഡി.സി. ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

പൊലീസ് വെടിവെപ്പിൽ പ്രതിഷേധിച്ച് കേരള ദളിത് പാന്തേഴ്സിന്റെ ആഭിമുഖ്യത്തിൽ പടിഞ്ഞാറത്തറയിൽ പ്രകടനം നടത്തി. തുടർന്ന് നടന്ന യോഗത്തിൽ ജില്ലാ പ്രസിഡന്റ് ബിനു വീട്ടിക്കാമൂല അധ്യക്ഷം വഹിച്ചു. രമേശൻ, ശ്രീനാഥ്, രാമദാസ്, സുരേഷ്, സന്തോഷ്, മധു, വിനോദ് കുമാർ, പ്രേംനാഥ് എന്നിവർ സംസാരിച്ചു.

അർഹതപ്പെട്ട ഭൂമിക്ക് വേണ്ടി സമരം ചെയ്ത ആദിവാസി ജനതയെ കൂട്ടക്കുരുതി നടത്തിയ ആന്റണി സർക്കാർ രാജി വെക്കണമെന്നും ആന്റണിക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നും സമാജവാദി ജനപരിഷത്ത് സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

അന്യാധീനപ്പെട്ട ഭൂമിക്ക് വേണ്ടി ജനാധിപത്യ രീതിയിൽ സമരരംഗത്തിറങ്ങിയ ആദിവാസി ഗോത്ര മഹാ സഭയുമായി ഉണ്ടാക്കിയ കരാർ നഗ്നമായി ലംഘിച്ച സർക്കാർ കേരളത്തിലെ ആദിവാസി ദളിത് ദുർബല വിഭാഗങ്ങളെ തീവ്രവാദികളായി മുദ്രകുത്തുകയാണെന്നും സമിതി വിലയിരുത്തി.



മാരകായുധവുമായി സഞ്ചരിച്ച ആദിവാസി ഗോത്ര മഹാ സഭാ പ്രവർത്തകനെ ബത്തേരി ബസ്സ് സ്റ്റാൻഡിൽ നിന്നും പൊലീസ് അറസ്റ്റ് ചെയ്യുന്നു.


ആദിവാസി ഗോത്ര മഹാ സഭാ പ്രവർത്തകരെ നേരിടാനെത്തിയ ഉന്നത പൊലീസ് ഉദ്യോഗസ്ഥർ


ഒളിച്ചിരിക്കുന്ന ആദിവാസി മഹാ സഭാ പ്രവർത്തകരെ തെരയുന്ന പൊലീസ്

ഹർത്താൽ ജില്ലയിൽ പ്രതികരണമുളവാക്കിയില്ല

കല്പറ്റ: മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെ പൊലീസ് വെടിവെപ്പ് നടത്തിയതിൽ പ്രതിഷേധിച്ച് ആഹ്വാനം ചെയ്ത ഹർത്താൽ ജില്ലയിൽ പ്രതികരണമുളവാക്കിയില്ല.

ആദിവാസി ഗോത്ര മഹാ സഭ, ആദിവാസി വിമോചന മുന്നണി, ബഹുജൻ സമാജ് വാദി പാർട്ടികൾ എന്നി കക്ഷികൾ സംയുക്തമായാണ് ഹർത്താലിന് ആഹ്വാനം ചെയ്തത്. മാനന്തവാടിയിൽ രാവിലെ കടകൾ അടഞ്ഞു കിടന്നിരുന്നെങ്കിലും പിന്നീട് തുറന്നു പ്രവർത്തിച്ചു. വാഹന ഗതാഗതത്തിന് തടസ്സം നേരിട്ടില്ല.

ജില്ലയിൽ തിരിച്ചറിയൽ കാർഡ് വിതരണം ഇന്നു മുതൽ

കല്പറ്റ: ജില്ലയിൽ സുൽത്താൻബത്തേരി മണ്ഡലത്തിൽ വോട്ടർ പട്ടികയിൽ പേരുള്ള തിരിച്ചറിയൽ കാർഡ് ലഭിക്കാത്തവർക്ക് കാർഡ് നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തി.

കാർഡുകൾ ലഭിച്ചിട്ടില്ലാത്ത വോട്ടർമാർക്ക് സൗകര്യപ്രദമായ ഏതെങ്കിലും കേന്ദ്രത്തിൽ ഹാജരായി കൈപ്പറ്റാം. ലഭിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റ് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ലഭിക്കും.

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടും വോട്ടർപട്ടികയിൽ കാർഡ് നമ്പർ ചേർക്കാത്തവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസിലോ, താലൂക്ക് ഓഫീസിലോ കാർഡ് നമ്പർ ഹാജരാക്കി വോട്ടർപട്ടികയിൽ ചേർക്കണം. പട്ടികയിൽ ചേരാത്ത മുഴുവൻ വോട്ടർമാരും കാർഡ് കൈപ്പറ്റണം. അല്ലാത്തവരുടെ പേരുകൾ പട്ടികയിൽനിന്നും നീക്കം ചെയ്യും.തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ: 21-ന് താഴത്തൂർ, ചീരാൽ വില്ലേജ് ഓഫീസ്, 22- ചിങ്ങേരി വില്ലേജ് ഓഫീസ് അമ്പലവയൽ, 23-ന് ചേകാടി- പാക്കം, 24-ന് ചീങ്ങവല്ലം, തോമാട്ടുചാൽ, 25-ന് നെല്ലാറച്ചാൽ, പുറ്റാട്, 26-ന് പൂതാടി വില്ലേജ് ഓഫീസ്, നടവൽ വില്ലേജ് ഓഫീസ്, മാർച്ച് മൂന്നിന് അമ്പുകുത്തി ആനപ്പാറ, 4 ന് കോളിപ്പാടി പുത്തൻകുന്ന്, അഞ്ചിന്, വാകേരി, ഇരുളം, ആറിന് പുൽപ്പള്ളി, അടികൊല്ലി, എട്ടിന് മുള്ളൻകൊല്ലി, പാടിച്ചിറ, 10-ന് കാപ്പിസെറ്റ്, 11-ന് ബിനാച്ചി സർജന ഹൈസ്കൂൾ, 12-ന് ചെതലയം, 17-ന് വില്ലേജ് ഓഫീസ് കഴങ്ങനാട്, 18-ന് വില്ലേജ് ഓഫീസ് മുത്തങ്ങ, 19-ന് നെന്മേനിക്കുന്ന്, ചെട്ട്യാലത്തൂർ, എന്നിവിടങ്ങളാണ് വിതരണ കേന്ദ്രം.

ആദിവാസിവേട്ട അവസാനിപ്പിക്കണം

കല്പറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ നടക്കുന്ന ആദിവാസിവേട്ട അവസാനിപ്പിക്കണമെന്ന് സി.പി.ഐ. എം.എൽ.എ (റഡ്ഫ്ളാഗ്) ആവശ്യപ്പെട്ടു. ജില്ലാ സെക്രട്ടറി കുന്നേൽ കുഞ്ഞിക്കണ്ണന്റെ നേതൃത്വത്തിൽ ഇന്നുരാവിലെ 10-ന് സുൽത്താൻബത്തേരി സ്വതന്ത്രമൈതാനിയിൽ ഉപവാസം നടത്തും.

പ്രവേശന പരീക്ഷ

കല്പറ്റ: മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനായി പട്ടിക ജാതി വികസന ആഫീസിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ 22-ന് രാവിലെ 10 മണിക്ക് കൽപ്പറ്റ എസ്.കെ.എം.ജെ. ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷക്ക് ഹാജരാകണമെന്ന് ജില്ലാ പട്ടിക ജാതി വികസന ഓഫീസർ അറിയിച്ചു.

ആസൂത്രണ സമിതിയോഗം

കല്പറ്റ: ജില്ലാ ആസൂത്രണ സമിതി യോഗം 26-ന് രണ്ട് മണിക്ക് ഇല ക്ട്രേറ്റ് ഡി.പി.ഇ.പി. ഹാളിൽ ചേരുമെന്ന്ജില്ലാ കലക്ടർ അറിയിച്ചു.

ഫുട്ബോൾ റഫറിയോഗം

കല്പറ്റ: ജില്ലയിലെ ഫുട്ബോൾ റഫറിമാരുടെ യോഗം ഞായറാഴ്ച രണ്ടിന് ജില്ലാ ഫുട്ബോൾ അസോസിയേഷൻ ഓഫിസിൽ ചേരും.

പഞ്ചായത്ത് ദിന മാചരിച്ചു

മൂട്ടിൽ: ബൽവന്തറായി മേത്തയുടെ ജൻമദിനം പഞ്ചായത്ത് ദിനമായി ആചരിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി. എം. സരസമ്മ പതാക ഉയർത്തി. സെക്രട്ടറി വി. കെ. ഗോപിനാഥൻ, വി. ഇ. ഒ. ജെ സുരേന്ദ്രൻ, കുടുബശ്രീ പ്രവർത്തകർ, ഭരണസമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

എരുമാട് മഖാം ഉറൂസ് മാർച്ച് ഏഴിന് തുടങ്ങും

മാനന്തവാടി: കർണാടകത്തിലെ കുടക് ജില്ലയിലെ തീർത്ഥാടന കേന്ദ്രമായ എരുമാട് മഖാം ഉറൂസ് മാർച്ച് ഏഴു മുതൽ 14 വരെ നടക്കും. മതപ്രഭാഷണം, സാമൂഹ്യ സംഗമം, അന്നദാനം എന്നിവ ഉണ്ടാകും.

കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ, കാസർഗോഡ് ഖാസി ടി. കെ. എം. ബാവ മുസ്ലിയാർ എന്നിവർ പങ്കെടുക്കും.

അമ്മായിയമ്മ മരുമകളെ റോഡിലിട്ട് മർദ്ദിച്ചതായി പരാതി

തൃശൂർ: സ്ത്രീ പീഡനത്തിന് കോടതി ശിക്ഷിച്ച അമ്മായിഅമ്മ മരുമകളെ നടുറോഡിലിട്ട് തല്ലി. ഗുരുതരമായി പരിക്കേറ്റ യുവതിയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാവിലെ ഒമ്പത് മണിയോടെ നൃത്താധ്യാപികയായ യുവതി ക്ലാസിൽ പോകുമ്പോൾ തടഞ്ഞു നിർത്തി തള്ളിയിട്ട് നടുറോഡിലിട്ട് മുടിയിൽ കുത്തിപിടിച്ച് തലയിലും മർദ്ദിക്കുകയായിരുന്നു. ബോധം നഷ്ടപ്പെട്ട യുവതിയെ ഓടിക്കൂടിയ നാട്ടുകാരാണ് ആശുപത്രിയിൽ എത്തിച്ചത്. മുടിക്കോട് സ്വദേശി പരേതനായ കുമ്പപ്പിള്ളി ഭാസ്കരന്റെ ഏക മകളാണ് പരിക്കേറ്റ അമ്പിളി (28). ചിറക്കേകോട് ആനന്ദനഗർ സ്വദേശി തോട്ടുങ്ങൽ അരവിന്ദാക്ഷനാണ് അമ്പിളിയുടെ ഭർത്താവ്.

94 സെപ്തംബർ 11നായിരുന്നു ഇവരുടെ വിവാഹം. വിവാഹ സമയത്ത് 5 പവന്റെ ആഭരണങ്ങളാണ് അമ്പിളിയുടെ വീട്ടുകാർ നൽകിയിരുന്നത്. സ്ത്രീധനമൊന്നും വേണ്ടെന്ന് പറഞ്ഞാണ് അരവിന്ദാക്ഷൻ അമ്പിളിയെ വിവാഹം ചെയ്തത്. വിവാഹ ശേഷം യുവതിയെ സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവും ബന്ധുക്കളും പീഡിപ്പിച്ചതായി പരാതി ഉണ്ടായിരുന്നു.

വിവാഹസമയത്ത് അരവിന്ദാക്ഷൻ സിനിതിയേറ്ററിലെ ജോലിക്കാരനായിരുന്നു. ഇപ്പോൾ ചിറക്കേകോട് റൂട്ടിലോടുന്ന സ്വകാര്യബസ്സിൽ ക്ലീനറാണ്. വിവാഹശേഷം 5 മാസം മാത്രമാണ് ഇവർ ഒരുമിച്ച് താമസിച്ചത്.: അതിനുശേഷം യുവതി സ്വന്തം വീട്ടിലായിരുന്നു. അച്ഛൻ മരിച്ചശേഷം അമ്മ രാധയും അമ്പിളിയും തനിച്ചാണ് മുടിക്കോടുള്ള വീട്ടിൽ താമസിച്ചു വരുന്നത്.



മുത്തങ്ങ വന്യ ജീവി സംരക്ഷണ കേന്ദ്രത്തിലെത്തിയ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ നീക്കങ്ങളെക്കുറിച്ചറിയാൻ പുറത്ത് കൂട്ടം കൂടിയ ജനങ്ങൾ


മുത്തങ്ങ പൊൻകുഴികോളനിയും വെടിവെപ്പു നടന്ന പരിസര പ്രദേശങ്ങളിലും ഒളിച്ചിരിക്കുന്ന അക്രമികളെ പിടികൂടാൻ തയ്യാറെടുക്കുന്ന പൊലീസ്

ലോകസമാധാനത്തിനായി വിദ്യാർത്ഥികളുടെ റാലി

തൃശൂർ: ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സമാധാന പ്രേമികളുടെ കൂട്ടായ്മയ്ക്ക് 'മുണ്ടൂർ സൽസബിൽ' സ്കൂൾ വിദ്യാർത്ഥികളും 'കേരളീയ'വും ചേർന്ന് സമാധാന റാലി സംഘടിപ്പിക്കുന്നു. നാളെ രാവിലെ 10ന് പാലസ് ഗ്രൗണ്ടിൽ(ഇൻഡോർ സ്റ്റേഡിയം) നിന്ന് തുടങ്ങി സ്വരാജ് റൗണ്ട് ചുറ്റിതെക്കേഗോപുരനടയിൽ റാലി അവസാനിക്കും. സൽസബിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളായ ഷാദിയ ഷെരീഫ്, അൽതാഫ് മുഹമ്മദ്, സാറ അലക്സാണ്ടർ, രമ്യ മുസ്തഫ എന്നിവരാണ് റാലി നടത്തുന്നത്.


മുത്തങ്ങ ഐ ജി വിൻസെന്റ് എം പോൾ കെ എ പി നാലാം ബറാലിയൻ കമാൻണ്ടന്റ് രജ്പുത് പുരോഹിത് എന്നിവർ ചർച്ചയിൽ

ഗ്യാസിലും ഇനി ബൈക്കോടിക്കാം

മഞ്ചേരി: ഓട്ടോറിക്ഷകൾക്കും മോട്ടോർ സൈക്കിളുകൾക്കും ലാഭകാലം വരുന്നു. കാറുകളിലും വാനുകളിലുമെന്ന പോലെ ത്രിചക്ര-ഇരുചക്ര വാഹനങ്ങളിലും എൽ.പി.ജി. ഗ്യാസ് ഇന്ധനമായി ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. സാമ്പത്തിക ലാഭം തന്നെയാണ് വാഹന ഉടമകളെ ഇതിലേക്കാകർഷിക്കുന്നത്.

ഓട്ടോറിക്ഷക്ക് ഈ സംവിധാനം ഏർപ്പെടുത്തുതിന് 6000 രൂപയിൽ താഴെ മാത്രമേ ചെലവ് വരൂ. 115 രൂപ റീഫിൽ ചാർജ് വരുന്ന നാലു കിലോഗ്രാം സിലിണ്ടർ ഉപയോഗിക്കുമ്പോൾ പെട്രോൾ വാഹനത്തേക്കാൾ അൻപതു ശതമാനമെങ്കിലും ലാഭമാണെന്ന് പറയുന്നു.

പെട്രോൾ വാഹനങ്ങളിൽ ഇന്ധനത്തിന്റെ 28 ശതമാനമെങ്കിലും ആവിയായി നഷ്ടപ്പെടുന്നു എന്നാണ് കണക്ക്. ഗ്യാസ് ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിന്നുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം വളരെ നിസ്സാരമാണ് എന്നത് മറ്റൊരാകർഷണമാണ്.

ബൈക്കിനും സ്കൂട്ടറിനും അറുപതു രൂപയിൽ താഴെ വില വരുന്ന രണ്ടുലിറ്റർ ഗ്യാസ് സിലിണ്ടറുകളാണ് ഉപയോഗിക്കുന്നത്. ചെറിയ വാഹനങ്ങൾക്ക് തുടക്കത്തിൽ ഭംഗികേടു തോന്നുമെങ്കിലും സാമ്പത്തിക ലാഭം മൂലം പ്രിയമേറുന്നു.

വാഹനങ്ങളിൽ ഗ്യാസ് ഉപയോഗിക്കുന്നതിന് മൾട്ടി വാൾവ് സംവിധാനം ഏർപ്പെടുത്തണമെന്ന് നിയമമുള്ളതിനാൽ പ്രത്യേക കൺവെർഷൻ സെന്ററുകളും ഗ്യാസ് സ്റ്റേഷനുകളും അനിവാര്യമാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഇത്തരത്തിലുള്ള ഒരു ഗ്യാസ് സ്റ്റേഷൻ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്നുണ്ട്. ചെലവേറിയ ഈ സംവിധാനം താമസിയാതെ കേരളത്തിലും എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്യാസ് ഉപയോഗിക്കുന്ന ഒരു ലക്ഷത്തോളം കാറുകളും വാനുകളും ഇപ്പോൾ കേരളത്തിലോടുന്നുണ്ട്.


ഗ്യാസിൽ ഓടുന്ന ഓട്ടോറിക്ഷ

തോട്ടം തൊഴിലാളികൾ പട്ടിണിയിൽ

വരന്തരപ്പിള്ളി: ഹാരിസൻ മലയാളം പ്ലാന്റേഷൻ തൊഴിലാളികൾക്ക് ബോണസ് പ്രശ്നം പരഹരിക്കാതെ സർക്കാർ മാനേജ്മെന്റിനെ സഹായിക്കുകയാണെന്ന് ടി.യു.സി.ഐ. സംസ്ഥാന പ്രസിഡണ്ട് കെ.കെ.മമ്മു ആരോപിച്ചു. മാർച്ച് 30 നകം ബോണസ് കൊടുക്കണമെന്ന് അദ്ദേഹം പറഞ്ഞു.

പാലപ്പിള്ളിയിൽ തൊഴിലാളി മാർച്ചിനു ശേഷം നടന്ന പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു മമ്മു മാസ്റ്റർ. സി.പി.ഐ.എം.എൽ ഏരിയാ സെക്രട്ടറി എ.വി.ജോണി അദ്ധ്യക്ഷത വഹിച്ചു.

അഗതികളോട് കരുണയോടെ ജേക്കബ്ബും കൂട്ടരും

ചാവക്കാട്: ഈ കാരുണ്യസ്പർശമേറ്റ് രണ്ടാം ജന്മം നേടിയവർ ഇപ്പോൾ അമ്പതോളം പേർ. കൂപ്പത്തൊട്ടിയിൽ അന്നം കണ്ടെത്തിയിരുന്നവർ, നടക്കാനും ഇരിക്കാനും വയ്യെങ്കിലും വഴിനീളെ നടന്ന് കൈനീട്ടി നേടിയ നാണയത്തുട്ടുകൾകൊണ്ട് പശിയടക്കിയിരുന്നവർ.....അവർക്ക് താങ്ങായി ഗുരുവായൂർ കിഴക്കേ നടയിലെ സി.എൽ.ജേക്കബിന്റെ നേതൃത്വത്തിലുള്ള പാലയൂരിലെ പ്രാർത്ഥനാ ഗ്രൂപ്പ് മാറുന്നു. പത്തോളം പേരാണ് സന്നദ്ധ സേവക സംഘത്തിലെ അംഗങ്ങൾ.

എട്ടു വർഷം മുമ്പ് കൂപ്പത്തൊട്ടിക്കരികിൽ നിന്ന് ഒരു വൃദ്ധനെ രക്ഷിച്ച് പെരിന്തൽമണ്ണയിലെ അഗതി മന്ദിരത്തിൽ എത്തിച്ചതു മുതലാണ് ജേക്കബ്ബിന്റെ സന്നദ്ധപ്രവർത്തനം തുടങ്ങുന്നത്.

പിന്നീടിതു വരെ രക്ഷിച്ചത് അമ്പതോളം പേരെ. ഏറ്റവുമൊടുവിൽ, കഴിഞ്ഞയാഴ്ച ഗുരുവായൂർ പെരുന്തട്ട ക്ഷേത്രത്തിനടുത്ത റോഡുവക്കിൽ കണ്ട 85 കാരനായ തിരുവല്ല കുന്നത്ത് ഇല്ലത്തെ കൃഷ്ണൻ നമ്പൂതിരിപ്പാടക്കമുള്ളവർ. ഇരിങ്ങാലക്കുടയിലെ ദൈവപരിപാലന ആശ്രമത്തിലാക്കിയ നമ്പൂതിരിപ്പാടിനെ പത്രവാർത്ത കണ്ട് മകൻ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.


ജേക്കബ്ബും തിരുവല്ല കുന്നത്ത് കൃഷ്ണൻ നമ്പൂതിരിപ്പാടും

വീട്ടുകാരുടെ പൂർണസഹകരണം ഇത്തരം കാര്യങ്ങളിൽ തനിക്കുണ്ടെന്ന് ജേക്കബ്ബ് പറഞ്ഞു.തെരുവിൽ നിന്ന് കണ്ടെടുക്കുന്ന സ്ത്രീകളെ കുളിപ്പിക്കുന്നതും ശ്രുശ്രൂഷിക്കുന്നതും ഭാര്യയും ജ്യേഷ്ഠത്തിമാരും ചേർന്നാണ്.

മുഖ്യമന്ത്രിയുടെ പ്രസ്താവന നിർഭാഗ്യകരം:കെ പി രാജേന്ദ്രൻ

തൃപ്രയാർ: ജലസ്രോതസ്സുകളും പ്രകൃതിസമ്പത്തും വിൽക്കാനുള്ള നടപടികൾ എൽ.ഡി.എഫ് ഭരണത്തിന്റെ തുടർച്ചയാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കക്ഷിരാഷ്ട്രീയത്തിനതീതമായി ഉയർന്നുവരുന്ന ജനകീയ പ്രക്ഷോഭങ്ങളുടെ മുനയൊടിക്കുന്നതാണെന്ന് സി.പി.ഐ .നിയമസഭാ കക്ഷിനേതാവ് കെ.പി. രാജേന്ദ്രൻ എം.എൽ.എ അഭിപ്രായപ്പെട്ടു. എ.ഐ.വൈ.എഫ് ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 'ആഗോളനിക്ഷേപം പ്രകൃതിസമ്പത്തിൽ അനുഭവങ്ങളും മുൻകരുതലുകളും' എന്ന വിഷയത്തിൽ തൃപ്രയാറിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സെമിനാറിൽ പി.കെ. സുരോഷ് ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

കൊടിയേറ്റവും ആനയോട്ടവും

കൊടുങ്ങല്ലൂർ: തിരുവാഞ്ചിക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ ശിവരാത്രി മഹാസവത്തിന് ഞായറാഴ്ച (23) കൊടിയേറ്റവും ആനയോട്ടവും നടക്കുന്നു. രാവിലെ ബ്രഹ്മകലശാട്ടത്തിനുശേഷം ഉച്ചതിരിഞ്ഞ് നാലിനാണ് ആനയോട്ടം. ദീപാരാധനയ്ക്ക് ശേഷം കെ.പി.സി അനുജൻ ഭട്ടതിരിപ്പാടിന്റെ പ്രഭാഷണം ഉണ്ടായിരിക്കും. രാത്രി എട്ടിനാണ് കൊടിയേറ്റം. തുടർന്ന് ശ്രീബലിക്ക് ശേഷം കൊടിപ്പുറത്ത് വിളക്ക് നടക്കും.

അസംസ്കൃത വസ്തുക്കളുടെ വില വർദ്ധന

ഫാക്ട് പ്രതിസന്ധി രൂക്ഷമാവുന്നു

ജെയിംസ് പോൾ

കൊച്ചി: ഗൾഫിലെ യുദ്ധഭീഷണിയുടെ നിഴലിൽ അസംസ്കൃത വസ്തുക്കൾക്ക് വീണ്ടും വില വർദ്ധിച്ചതോടെ ഫാക്ടിന്റെ പ്രതിസന്ധി രൂക്ഷമായി.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത്തെ തുടർന്ന് രണ്ടാഴ്ചയായി ഉൽപാദനം നിർത്തിവെച്ച രണ്ടു യൂണിറ്റ് തുറക്കാനുള്ള സാദ്ധ്യതയും മങ്ങിയിരിക്കുകയാണ്.

കാപ്രോലാക്ടം പ്ലാന്റ് മാത്രമാണ് ഫാക്ടിൽ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. കാപ്രോലാക്ടത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ ബെൻസീന് ടണ്ണിന് 16,000 രൂപയാണ് അടുത്തിടെ കൂടിയത്.

ഇതോടെ കാപ്രോലാക്ടത്തിന്റെ വില വർദ്ധിപ്പിക്കാൻ ഫാക്ട് നിർബന്ധിതമായിരിക്കുകയാണ്. വില വർദ്ധിച്ചാൽ ഇപ്പോഴുള്ള വിപണി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്.

ഫാക്ടിന്റെ മറ്റൊരു പ്രധാന ഉൽപന്നമായ അമോണിയയുടെ സ്ഥിതിയും വ്യത്യസ്തമല്ല. 7500 രൂപയ്ക്ക് ഒരു ടൺ അമോണിയ ഇറക്കുമതി ചെയ്യാൻ കഴിയും. ഫാക്ടിൽ അമോണിയയുടെ ഉൽപാദനച്ചെലവ് ഇതിലും കൂടുതലാണ്. കൊച്ചിൻ റിഫൈനറിയിൽ നിന്നുള്ള നാഫ്ത വിതരണം മുടങ്ങിയതിനെ തുടർന്ന് ഫാക്ടിന്റെ അമോണിയ, യൂറിയ പ്ലാന്റുകൾ രണ്ടാഴ്ച മുമ്പ് അടച്ചു.

നാഫ്ത വാങ്ങിയ ഇനത്തിൽ 900 കോടി രൂപയാണ് കൊച്ചിൻ റിഫൈനറിക്ക് നൽകാനുള്ളത്.

ഫാക്ട് ആരംഭിക്കുന്ന കാലത്ത് ഒരു ടൺ നാഫ്തയ്ക്ക് 3,200 രൂപ മാത്രമായിരുന്നു വില. ഇന്നത് 14,500 രൂപയാണ്. നാഫ്തയ്ക്ക് പകരം പ്രകൃതി വാതകം ഉപയോഗിച്ചാൽ മാത്രമേ ഫാക്ടിനെ ലാഭകരമായി പ്രവർത്തിപ്പിക്കാനാവൂ എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. പ്രകൃതി വാതകം ഉപയോഗിക്കാൻ പാകത്തിലാണ് ഫാക്ടിലെ പ്ലാന്റുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ കൊച്ചിയിലെ പ്രകൃതി വാതക ടെർമിനൽ ഇപ്പോഴും അനിശ്ചിതത്വത്തിലാണ്.

ഇന്നത്തെ സാഹചര്യത്തിൽ അടച്ചിട്ട പ്ലാന്റുകൾ പ്രവർത്തിപ്പിച്ചാൽ ഫാക്ടിന്റെ നഷ്ടം വർദ്ധിക്കുമെന്ന് ഒരു ഉന്നത ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു.

ബെൻസീനിന് ടണ്ണിന് 20,000 രൂപയായിരുന്നു ഒരാഴ്ച മുമ്പു വരെയുള്ള വില. ഇന്നത് 36,000 രൂപയായി ഉയർന്നു. ബെൻസീനും അമോണിയയുമാണ് കാപ്രോലാക്ടത്തിന്റെ പ്രധാന അസംസ്കൃത വസ്തുക്കൾ. ഇപ്പോൾ ഫാക്ടിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന ഏക യൂണിറ്റ് ഇതാണ്.

അടച്ചുപൂട്ടിയ യൂറിയ, അമോണിയ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ ദിനംപ്രതി ഒന്നരക്കോടി രൂപയുടെ അസംസ്കൃത വസ്തുക്കൾ ആവശ്യമാണ്.

ബോയിലറിലെ അറ്റകുറ്റപ്പണിക്കായി 18 മാസം അടച്ചിട്ട യൂറിയ പ്ലാന്റ് കഴിഞ്ഞ ഡിസംബറിലാണ് പ്രവർത്തനം പുനഃരാരംഭിച്ചത്.

നാലരക്കോടി രൂപ ചെലവിലാണ് പ്ലാന്റിന് അറ്റകുറ്റപ്പണി നടത്തിയത്.

വിപണിയിലെ കടുത്ത മത്സരം അതിജീവിക്കാൻ ഫാക്ടിന്റെ ഉൽപന്നങ്ങൾക്കു കഴിയുന്നില്ല.

ഗുജറാത്തിലെ പ്രമുഖ വളം നിർമ്മാണക്കമ്പനിയിൽ നിന്നാണ് ഫാക്ട് പ്രധാന മത്സരം നേരിടുന്നത്. ഫാക്ടിലെ പ്ലാന്റുകളെല്ലാം 35 കൊല്ലത്തിലധികം പഴക്കമുള്ളവയാണ്. അതിനാൽ ആധുനിക യന്ത്ര സംവിധാനങ്ങളുടെ സഹായത്തോടെ ഉൽപാദനം നടത്തുന്ന കമ്പനികളുമായി മത്സരിക്കാൻ കഴിയാതെ വരുന്നു. ഫാക്ടിന്റെ ഉൽപാദനച്ചെലവ് ക്രമാതീതമാണെന്ന് കമ്പനി വൃത്തങ്ങൾ പറയുന്നു.

സ്വകാര്യവൽക്കരണം മാത്രമാണ് ഫാക്ടിനെ രക്ഷിക്കാൻ ഏക മാർഗ്ഗമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

സഹകരണ മേഖലയിലെ ഏതെങ്കിലും കമ്പനികൾ ഫാക്ട് ഏറ്റെടുക്കാൻ തയ്യാറായാൽ തൊഴിലാളികളുടെ ഭാഗത്തുനിന്ന് എതിർപ്പുണ്ടാവില്ലെന്ന് കണക്കാക്കപ്പെടുന്നു.

ഏറ്റെടുക്കാൻ താല്പര്യമുള്ള കമ്പനികൾക്ക് താൽപര്യം അറിയിക്കാനുള്ള അവസാന തീയതി ഈ മാസം ഇരുപത്തിയാറാണ്.

താത്പര്യം അറിയിച്ചു കൊണ്ട് സഹകരണ മേഖലയിൽനിന്നുള്ള കമ്പനികൾ ഉൾപ്പെടെ പലരും ഇതിനോടകം എത്തിയിട്ടുണ്ടെന്ന് ഫാക്ട് അസിസ്റ്റന്റ് മാനേജർ ടി.എം.എ ബ്രഹാം പറഞ്ഞു. 2002-03 സാമ്പത്തിക വർഷം ഫാക്ടിന് 208 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്ക്.

2001-2002ൽ 226.25 കോടി രൂപയുടെ പ്രവർത്തന നഷ്ടമുണ്ടായിരുന്നു. 5000 ടൺ കാപ്രോലാക്ടമാണ് ഫാക്ടിൽ ഉൽപാദിപ്പിക്കുന്നത്. ഇതിന്റെ ഉപോൽപന്നങ്ങളായി 225 ടൺ അമോണിയം സൾഫേറ്റും 3800 ടൺനൈട്രിക് ആസിഡും ഉൽപാദിപ്പിക്കുന്നുണ്ട്.



ഫാക്ടിലെ കാപ്രോലാക്ടം പ്ലാന്റ്

ഖുർആന്റെ അന്തസത്ത ഉൾക്കൊള്ളാൻ അവസരമൊരുക്കണം

കൊച്ചി: വിശുദ്ധ ഖുർആനിലെ പദപ്രയോഗങ്ങളോടുപോലും അസഹിഷ്ണുത പുലർത്തുന്നവർക്കും വിലപ്പെട്ട മൂല്യങ്ങളിൽ നിന്ന് പിന്നാക്കം പോകുന്നവർക്കും ഖുർആന്റെ അന്തസത്ത യഥാവിധി തിരിച്ചറിയാനും ഉൾക്കൊള്ളാനും അവസരമൊരുക്കുകയാണ് പ്രതിവിധിയെന്ന് ഐ.എസ്.എം. സംസ്ഥാന ജനറൽ സെക്രട്ടറി പി. മുസ്തഫാ ഫാറൂഖി അഭിപ്രായപ്പെട്ടു.

'ഖുർആൻ വിളിക്കുന്നു' കാമ്പയിന്റെ സമാപന സമ്മേളനത്തിനായി രൂപീകരിച്ച സ്വാഗതസംഘം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാർച്ച് 1ന് എറണാകുളം ടൗൺ ഹാളിൽ നടക്കുന്ന കാമ്പയിൻ സമാപന പരിപാടികൾക്ക് യോഗം അന്തിമ രൂപം നൽകി.

വിദേശ പ്രതിനിധികളടക്കം പ്രഗത്ഭമതികൾ പങ്കെടുക്കുന്ന ഖുർആൻ സെമിനാറും സമാപന സമ്മേളനവും ആണ് സംഘടിപ്പിച്ചിട്ടുള്ളത്.

സ്വാഗതസംഘം ചെയർമാൻ എം. സ്വലാഹുദ്ദീൻ മദനി അധ്യക്ഷത വഹിച്ചു.

ഐ.എസ്.എം. സംസ്ഥാന ട്രഷറർ എൻ.എം. അബ്ദുൾ ജലീൽ, വി. മുഹമ്മദ് സുല്ലമി, ബഷീർ മദനി കാഞ്ഞിരമറ്റം, മുഹമ്മദ് വാളറ, പി. ഐ.എ. ജലീൽ, അബ്ബാസ് സ്വലാഹി എന്നിവർ സംസാരിച്ചു.

വാറ്റ് നിയമത്തിൽ വിശദപരിശോധന വേണമെന്ന് എം എൽ എമാർ

തിരുവനന്തപുരം: മൂല്യവർദ്ധിതനികുതി (വാറ്റ്) നിയമം നിയമസഭയിൽ വിശദമായി പരിശോധിക്കാതെ പാസാക്കാനുള്ള നീക്കം പ്രതിഷേധാർഹമാണെന്ന് എം.എൽ.എമാരായ ഡോ.തോമസ് ഐസക്, ടി.കെ.ബാലൻ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

നികുതിപിരിവിനുള്ള അടിസ്ഥാനസൗകര്യം വികസിപ്പിക്കാതെ നിയമം നടപ്പാക്കുന്നത് വൻതോതിൽ നികുതി വെട്ടിപ്പിന് ഇടയാക്കും.

പുകയിലയ്ക്കും തുണിത്തരങ്ങൾക്കും വാറ്റ് ചുമത്താവുന്നതിനാൽ പ്രതിവർഷം 250 മുതൽ 300 കോടി രൂപയുടെ അധികവരുമാനമുണ്ടാകും. വിൽപനയുടെ ഓരോ ഘട്ടത്തിലും മൂല്യവർദ്ധനയുടെ മേൽ നികുതി ചുമത്താൻ കഴിയുന്നതിനാൽ നികുതി വരുമാനം വർദ്ധിക്കും. സ്ഥിതിഗതികൾ ഇങ്ങനെയിരിക്കെ റവന്യൂനഷ്ടം നികത്താനെന്ന പേരിൽ ഭൂരിപക്ഷം ഉൽപന്നങ്ങളുടെയും മേൽ അനുവദനീയമായ ഏറ്റവും ഉയർന്ന നിരക്കായ 12.5 ശതമാനം നികുതി പുതിയ ബില്ലിലൂടെ ചുമത്തിയിരിക്കുകയാണ്.

ഇതിലൂടെ ജനങ്ങൾക്ക് 500 കോടിയോളം രൂപയുടെ അധികഭാരം വരുമെന്ന് അവർ ചൂണ്ടിക്കാട്ടി.

നിലവിലെ വിൽപനനികുതി നിയമപ്രകാരം തേയില, കാപ്പി, റബ്ബർ, ഏലം, മരം, വ്യവസായ അസംസ്കൃത വസ്തുക്കൾ എന്നിവ ഒഴികെയുള്ള കാർഷികവിഭവങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നെങ്കിലും പുതിയ നിയമത്തിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതോടെ വിപണനത്തിനായി എന്തെങ്കിലും ഉത്പാദിപ്പിക്കുന്ന എല്ലാ ഇടത്തരം, ധനിക കർഷകരും ആദ്യവിൽപന എന്ന നിലയിൽ വാറ്റിന്റെ കീഴിലാവും. ഇത് കടുത്ത കർഷകദ്രോഹമാണെന്ന് അവർ പറഞ്ഞു.

ഡയറക്ട് മാർക്കറ്റിംഗ്, ഫ്രാഞ്ചൈസി സമ്പ്രദായം എന്നിവ നിർദ്ദിഷ്ട നിയമത്തിനു കീഴിൽ വരില്ല.

പുതിയ നിയമപ്രകാരം രണ്ടു ലക്ഷത്തിനു മേൽ വിറ്റുവരുമാനമുള്ള കച്ചവടക്കാരെല്ലാം രജിസ്റ്റർ ചെയ്യുകയും അഞ്ച് ലക്ഷം രൂപ വരെ വിറ്റുവരുമാനമുള്ളവർ പ്രതിവർഷം 20,000 രൂപ നികുതിയായി നൽകുകയും വേണം.

അഞ്ച് ലക്ഷത്തിനു മേൽ വിറ്റുവരുമാനമുള്ളവർ വാറ്റ് നികുതി നൽകണം. ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ഈ പരിധി 20 ലക്ഷമാണ്.

ഇവിടങ്ങളിൽ രണ്ടു ലക്ഷത്തിനും അഞ്ചു ലക്ഷത്തിനും ഇടയ്ക്ക് വിറ്റുവരുമാനമുള്ളവർ നൽകേണ്ട നികുതി തുകയായി നിശ്ചയിക്കാതെ, വിൽപ്പനയുടെ നിശ്ചിതശതമാനമായാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിൽ ചെറുകിട വ്യാപാരികൾക്ക് ബുദ്ധിമുട്ടുള്ളവാക്കുന്ന നിയമമാണ് നടപ്പാക്കാനിരിക്കുന്നതെന്ന് തോമസ് ഐസക് ആരോപിച്ചു.

വൻതോതിൽ നികുതിപിരിവ് ലക്ഷ്യമിടുന്ന നിയമം നടപ്പാക്കാൻ നികുതിവകുപ്പ് സജ്ജമല്ലെന്ന് ടി.കെ..ബാലൻ ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ നികുതിപിരിവ് ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

വാറ്റ് നികുതി സമ്പ്രദായത്തിന് അനുസ്യൂതമായ സോഫ്റ്റ് വെയർ പരിജ്ഞാനം ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടില്ല. നിയമം നടപ്പാക്കുമ്പോൾ 20 ലക്ഷത്തിൽ പരം വ്യാപാരികളുടെ വരവുകണക്കുകൾ വിലയിരുത്തണമെന്നിരിക്കെ ഇത് ഫലത്തിൽ വകുപ്പിൽ സമാന്തരനികുതി വെട്ടിപ്പിന് ഇടയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

വിട്ടുവീഴ്ചയില്ല: പുഷ്പഗിരി കോളെജ് അധികൃതർ

തിരുവല്ല: സ്വാശ്രയ മെഡിക്കൽ കോളെജ് പ്രവേശനം സംബന്ധിച്ച് വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലെന്ന് പുഷ്പഗിരി മെഡിക്കൽ കോളെജ് ഡയറക്ടർ റവ.ഡോ.എബ്രഹാം കാക്കനാട് പറഞ്ഞു.

മെഡിക്കൽ കോളെജിനു വേണ്ട അടിസ്ഥാന സൈകര്യങ്ങളുണ്ടെന്ന് കേന്ദ്രസർക്കാറിന് പൂർണ്ണബോധ്യമുള്ളതു കൊണ്ടാണ് എൻ.ഒ.സി തന്നത്. ഉന്നതവിദ്യാഭ്യാസ കോളെജിന്റെ നിയന്ത്രണങ്ങളും അവകാശങ്ങളും കേന്ദ്രസർക്കാറിനാണ്.

എൻ.ഒ.സി ആരുടെയും ഔദാര്യമല്ല. മാനേജ്മെന്റ് സീറ്റിൽ വ്യവസ്ഥകൾക്കനുസരിച്ച് ഇഷ്ടമുള്ളവരെ നിയമിക്കാൻ അവകാശമുണ്ട്.

75ശതനമാനം സീറ്റ് വേണമെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണെന്നും എബ്രഹാം കാക്കനാട് പറഞ്ഞു.

ഹയർ സെക്കൻഡറി, കോളെജ് വിദ്യാർത്ഥികളുടെ യാത്രാ ആനുകൂല്യം നിർത്താൻ നീക്കം

ശ്യാം സുന്ദർ

കാസർക്കോട്: സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വർഷങ്ങളായി ലഭിക്കുന്ന സ്വകാര്യ ബസ് യാത്രാ ആനുകൂല്യം നിർത്തലാക്കാൻ നീക്കം. ഡീസൽ, പെട്രോൾ വില കൂടിയതിനാൽ ഈ ആനുകൂല്യം തുടരാനാവില്ലെന്നാണ് ഉടമകളുടെ നിലപാട്. പത്താം ക്ലാസിനു മുകളിലുള്ളവരെയെങ്കിലും സൗജന്യ നിരക്കിൽ നിന്ന് ഒഴിവാക്കണമെന്നും സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ വാദിക്കുന്നു. മറ്റുസംസ്ഥാനങ്ങളിൽ ഈ സംവിധാനം ഇല്ലന്നാണ് ഇതിനു ന്യായീകരണമായി ബസ് ഉടമകൾ പറയുന്നത്.

വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യം വഴി ഉടമകൾക്ക് പ്രതിദിനം വരുമാനത്തിൽ 25% കുറവു വരുന്നുണ്ടത്രേ. 1988-ലെ മോട്ടോർ വാഹന നിയമം വിദ്യാർത്ഥികൾക്ക് യാത്രാ ചാർജിൽ കിഴിവു നൽകണമെന്നു പറയുന്നില്ല. വർഷങ്ങളായി തുടരുന്ന സംവിധാനം എന്ന നിലക്കാണ് ഇതുവരെ ആനുകൂല്യം തുടർന്നതെന്നു ഉടമകൾ വാദിക്കുന്നു. കിഴിവ് അനുവദിക്കുന്നതിനു പകരമായി സർക്കാരിൽ നിന്നും നികുതി ഇനത്തിലോമറ്റോ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നുമില്ല. കഴിഞ്ഞ വർഷത്തെ ചാർജ് വർധനയ്ക്കു ശേഷം 11 പ്രവശ്യം ഡീസൽ വില കൂടി. അധികഭാരം തുടരാനാവില്ല. സ്വകാര്യസ്കൂൾ അധികൃതർ വിദ്യാർഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതുപോലെ സർക്കാർ സ്കൂളിലെ കുട്ടികൾക്ക് സർക്കാർ, സൗകര്യം ഏർപ്പെടുത്തണമെന്ന അഭിപ്രായമാണ് ഉടമകൾക്കുള്ളത്. വർഷങ്ങളായി തുടരുന്ന ആനുകൂല്യം നിർത്താൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് ബോധവാൻമാരാണെന്നും ഉടമകൾ പറയുന്നു.

മുൻപ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായിരുന്നു. എന്നാൽ ആർക്കുവേണമെങ്കിലും സ്കൂളുകൾ തുടങ്ങാവുന്ന സ്ഥിതിയാണിന്ന്.

ഇവിടങ്ങളിലെയെല്ലാം വിദ്യാർത്ഥികളുടെ യാത്രാച്ചെലവ് ബസ് ഉടമകളുടെ മേലാണ് ചുമത്തുന്നത്. ഇതൊഴിവാക്കാൻ എന്തു വില നൽകാനും തയ്യാറാണെന്നാണ് ഉടമകൾ പറയുന്നത്.

ഇഖ്ബാലിനെ റിമാൻഡ് ചെയ്തു; പത്തനെയെ സി ബി ഐക്ക് കൈമാറി

മുംബൈ: അധോലോക നായകൻ ദാവൂദ് ഇബ്രാഹിമിന്റെ ഇളയ സഹോദരൻ ഇഖ്ബാൽ കസ്കറെ റിമാൻഡ് ചെയ്തു. കനത്ത സുരക്ഷാവലയത്തിൽ ഇന്നലെയാണ് കസ്ക്കറെ മെട്രോ പൊളിറ്റൻ കോടതിയിൽ ഹാജരാക്കിയത്.

മുംബൈ സ്ഫോടനക്കേസിലെ പ്രതിയായ ഇജാസ് പത്തനോടൊപ്പം കഴിഞ്ഞ ദിവസമാണ് കസ്കറിനെ ദുബൈ ഇന്ത്യക്ക് കൈമാറിയത്.

അതേസമയം ദാവൂദ് ഇബ്രാഹിമിന്റെ കൂട്ടാളികളിയായ ഇജാസ് പത്താനെ സി ബി ഐക്ക് കൈമാറിയതായി വൃത്തങ്ങൾ പറയുന്നു.

സ്വകാര്യവൽക്കരണം മാത്രമാണ് ഫാക്ടിനെ രക്ഷിക്കാൻ ഏക മാർഗ്ഗമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

സഹകരണ മേഖലയിലെ ഏതെങ്കിലും കമ്പനികൾ ഫാക്ട് ഏറ്റെടുക്കാൻ തയ്യാറായാൽ തൊഴിലാളികളുടെ ഭാഗത്തുനിന്ന് എതിർപ്പുണ്ടാവില്ലെന്ന് കണക്കാക്കപ്പെടുന്നു.

ഏറ്റെടുക്കാൻ താല്പര്യമുള്ള കമ്പനികൾക്ക് താൽപര്യം അറിയിക്കാനുള്ള അവസാന തീയതി ഈ മാസം ഇരുപത്തിയാറാണ്.

താത്പര്യം അറിയിച്ചു കൊണ്ട് സഹകരണ മേഖലയിൽനിന്നുള്ള കമ്പനികൾ ഉൾപ്പെടെ പലരും ഇതിനോടകം എത്തിയിട്ടുണ്ടെന്ന് ഫാക്ട് അസിസ്റ്റന്റ് മാനേജർ ടി.എം.എ ബ്രഹാം പറഞ്ഞു. 2002-03 സാമ്പത്തിക വർഷം ഫാക്ടിന് 208 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്ക്.

2001-2002ൽ 226.25 കോടി രൂപയുടെ പ്രവർത്തന നഷ്ടമുണ്ടായിരുന്നു. 5000 ടൺ കാപ്രോലാക്ടമാണ് ഫാക്ടിൽ ഉൽപാദിപ്പിക്കുന്നത്. ഇതിന്റെ ഉപോൽപന്നങ്ങളായി 225 ടൺ അമോണിയം സൾഫേറ്റും 3800 ടൺനൈട്രിക് ആസിഡും ഉൽപാദിപ്പിക്കുന്നുണ്ട്.

മുംബൈ സിറ്റി പോലീസ് കമ്മീഷണർ ആർ എസ് ശർമ്മ അറിയിച്ചു.സി.ബി ഐ ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ നടപടി. പത്താനെ ഇന്ന് ഉച്ചയ്ക്ക് ശേഷം പ്രത്യേകകോടതിയിൽ ഹാജരാക്കും. മറ്റു കേസുകളിൽ സിറ്റി പോലീസ് ഇയാളെ പിന്നീട് ചോദ്യം ചെയ്യും.

മയക്കു മരുന്ന് കള്ളക്കടത്ത്, നിയമ വിരുദ്ധമായി ആയുധങ്ങൾ കൈമാറൽ തുടങ്ങിയ കേസുകളിൽ പ്രതിയാണ് പത്താൻ. 1993ലെ മുംബൈ സ്ഫോടനത്തിനുപയോഗിച്ച നശീകരണായുധങ്ങൾ വിതരണം ചെയ്തതിലും ഇയാൾക്ക് പങ്കുണ്ടെന്ന് പോലീസ് പറഞ്ഞു.

257 പേർ കൊല്ലപ്പെടുകയും 700 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത മുംബൈ സ്ഫോടനക്കേസിൽ ഏകദേശം മുപ്പതുകോടി രൂപയുടെ വസ്തുക്കളാണ് നഷ്ടപ്പെട്ടത്. സ്ഫോടന

സമയത്ത് ഇന്ത്യ വിട്ട് പോയ പത്താനെ പോലീസ് പിടികിട്ടാപ്പുള്ളിയായി

പ്രഖ്യാപിച്ചിരുന്നു. പത്താന്റെ അറസ്റ്റോടെ മുംബൈ സ്ഫോടനക്കേസ് പുതിയ വഴിത്തിരിവിലെത്തുമെന്നാണ് കരുതപ്പെടുന്നത്.

അതിനിടെ ഏഴുരാഷ്ട്രങ്ങളുമായി കൂടി കുറ്റവാളികളെ കൈമാറാനുള്ള ഉടമ്പടി ഒപ്പിടാനും 30 രാഷ്ട്രങ്ങൾക്ക് ഇത് ബാധകമാക്കാനും ആലോചിക്കുന്നതായി വിദേശ സഹമന്ത്രി ദിഗ്വിജയ് സിങ്ങ് രാജ്യസഭയെ അറിയിച്ചു.

ഇതുവരെ 19 രാഷ്ട്രങ്ങളുമായി ഇത്തരം കരാറുണ്ട്. പോർച്ചുഗൽ ജയിലിൽ കഴിയുന്ന അബുസലിമിനെ ഇന്ത്യയിലേക്ക് കൊണ്ടുവരാത്തതിനു കാരണം പോർച്ചുഗലുമായി ഇത്തരം ഉടമ്പടിയില്ലാത്തതുകൊണ്ടാണെന്ന് മന്ത്രി പറഞ്ഞു.

കുടുംബശ്രീ പദ്ധതി: പഠനവൈകല്യ പരിഹാര കേന്ദ്രങ്ങൾ തുടങ്ങുന്നു

മലപ്പുറം: ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുട്ടികൾക്കായി കുടുംബശ്രീ പദ്ധതിയനുസരിച്ച് സംസ്ഥാനത്തുടനീളം പഠന വൈകല്യ പരിഹാര കേന്ദ്രങ്ങൾ ആരംഭിക്കുന്നു.

ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന ഇത്തരം കേന്ദ്രങ്ങൾക്കായി പ്രത്യേകം സോഫ്റ്റ് വെയർ വികസിപ്പിച്ചതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്റർ ടി. കെ.ജോസ് പറഞ്ഞു.

ഏപ്രിലിൽ തുടങ്ങുന്ന ഈ കേന്ദ്രങ്ങൾ സ്കൂൾ അവധിക്കാലത്താണ് പ്രവർത്തിക്കുക. എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ കുട്ടികൾക്കാണ് പ്രവേശനം. ഇംഗ്ലീഷ്, സയൻസ്, കണക്ക് എന്നീ വിഷയങ്ങളാണ് പഠിപ്പിക്കുക. ഇതിനായി പ്രത്യേക സിലബസ്സും തയ്യാറായി വരികയാണ്.

പാഠ്യവിഷയങ്ങൾക്കൊപ്പം വ്യക്തിത്വവികസനം സർഗാത്മകശേഷിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കൽ എന്നിവക്കുള്ള പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷാ പഠനത്തിനു മാത്രം 45 അദ്ധ്യായങ്ങളടങ്ങിയ പാഠ്യക്രമം ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം വിവിധ ഓഡിയോ, വീഡിയോ പഠനോപകരണങ്ങളും തയ്യാറാക്കുന്നു.

അയൽക്കൂട്ടങ്ങളിലെ ഉന്നത വിദ്യാഭ്യാസം നേടിയവരായിരിക്കും കേന്ദ്രങ്ങളിലെ അദ്ധ്യാപകർ. അവർക്ക് വേതനം നൽകുന്ന കാര്യം തീരുമാനമായിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുട്ടികളിൽ 18 ശതമാനം മാത്രമാണ് 1999ൽ പത്താം ക്ലാസ് വിജയിച്ചത്. അന്ന് ഗിരിവർഗമേഖലയായ അട്ടപ്പാടിയിൽപ്പോലും 21 ശതമാനം വിജയമുണ്ടായിരുന്നു.

ദാരിദ്ര്യവും വീട്ടിലേയും സ്കൂളിലേയും സാഹചര്യങ്ങളും കുട്ടികളെ തെറ്റിലേക്കും പഠനവൈകല്യങ്ങളിലേക്കും നയിക്കുന്നുവെന്ന് ബോധ്യമായതിനെ തുടർന്ന് 2000ൽ തിരുവനന്തപുരത്തെ അയൽകൂട്ടങ്ങളിൽ 36 പഠനവൈകല്യ പരിഹാരകേന്ദ്രങ്ങൾ ആരംഭിച്ചു. ദാരിദ്ര്യരേഖക്ക് താഴെയുള്ള പത്താം ക്ലാസ്സ് തോറ്റ വിദ്യാർത്ഥികൾക്കായിരുന്നു പ്രവേശനം.

ഇതിൽ 34 കേന്ദ്രങ്ങളിലെ വിദ്യാർത്ഥികളും നൂറു ശതമാനം വിജയം നേടി. 564 മാർക്കുവരെ ലഭിച്ചവരുണ്ടായിരുന്നു.

തുടർന്ന് മറ്റു ചില ജില്ലകളിലും പത്താംതരം തോറ്റ വിദ്യാർത്ഥികൾക്കായി. ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിന്റെ വിജയമാണ് സംസ്ഥാനത്തുടനീളം പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രചോദം.

പഠനപരിഹാര കേന്ദ്രങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കണ്ടെത്താനുമുള്ള പദ്ധതി ആവിഷ്കരിക്കുമെന്നും ടി.കെ.ജോസ് പറഞ്ഞു.

ക്ഷേത്രംപണി: വി എച്ച് പിയുടെ അന്തിമപദ്ധതി ഇന്ന്

അയോധ്യ: അയോധ്യയിൽ ക്ഷേത്രം നിർമിക്കുന്നതു സംബന്ധിച്ചി വിശ്വഹിന്ദു പരിഷത്തിന്റെ കേന്ദ്ര ഉപദേശക സമിതി ഇന്ന് ഡൽഹിയിൽ യോഗം ചേർന്ന് അന്തിമരൂപം നൽകും. നാളെ ചേരുന്ന പരിഷത്തിന്റെ ധർമ സൻസദിൽ ഈ നിർദ്ദേശം സമർപ്പിക്കും.

പരിഷത്തിന്റെ ഉയർന്ന നേതാക്കൾക്ക് പുറമേ ഇരുനൂറോളം സന്യാസിമാരും മതനേതാക്കളും യോഗത്തിൽ പങ്കെടുക്കുമെന്ന് സംഘടനയുടെ സെക്രട്ടറി പുരുഷോത്തം ദാസ് നാരായണൻസിങ്ങ് അറിയിച്ചു.

ക്ഷേത്രപ്രശ്നത്തിൽ തീരുമാനമെടുക്കാതെ നീട്ടികൊണ്ടുപോവുന്നത് ഉചിതമല്ലെന്ന് അദ്ദേഹം പറഞ്ഞു.

ഗോവധം നിരോധിക്കും: വാജ്പേയ്

മാണ്ഡി: ഗോവധം നിരോധിച്ച് ഉടൻ ഉത്തരവിറക്കുമെന്ന് പ്രധാനമന്ത്രി എ ബി വാജ്പേയിപറഞ്ഞു.

മാണ്ഡിയിൽ തെരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കവെയാണ് വാജ്പേയി ഈ പ്രഖ്യാപനം നടത്തിയത്. താൻ ഗോമാംസം തിന്നുമെന്ന പ്രതിപക്ഷ ആരോപണം കേട്ടപ്പോൾ ഞെട്ടിപ്പോയതായും അദ്ദേഹം പറഞ്ഞു.



കൊച്ചി കപ്പൽ നിർമ്മാണശാല സ്വകാര്യവത്ക്കരിക്കില്ലെന്ന് സിൻഹ

കൊച്ചി: കൊച്ചി കപ്പൽ നിർമ്മാണ ശാല സ്വകാര്യവൽക്കരിക്കില്ലെന്ന് കേന്ദ്ര കപ്പൽ ഗതാഗത വകുപ്പ് മന്ത്രി ശത്രുഘ്നൻ സിൻഹ വ്യക്തമാക്കി.

കപ്പൽ നിർമ്മാണ .ശാലയിൽ നിർമ്മിച്ച ആദ്യത്തെ കാർഗോവെസൽ കമ്മീഷൻ ചടങ്ങിന് ശേഷം പത്രസമ്മേളനത്തിൽ സംസാരിക്കവേയാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്.

എന്നാൽ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ സ്വകാര്യവൽക്കരിക്കുവാൻ സാദ്ധ്യതയുണ്ടെന്നും,കേന്ദ്ര സർക്കാരിന്റെ ഓഹരിവിറ്റഴിക്കൽ

വർത്തമാനം
2003 ഫെബ്രുവരി 21 വെള്ളി

1423 ദുൽഹിജ്ജ 20 • 1178 കുംഭം 9

മുത്തങ്ങയിലെ'യുദ്ധം'

മുത്തങ്ങയിൽ പൊലീസ് അതിരുവിട്ട് പെരുമാറുകയും അതിക്രമം കാണിക്കുകയും ചെയ്തുവെന്ന കാര്യം തർക്കമറ്റതാണ്. ഏത് സാഹചര്യത്തിലും ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങൾ കൈവിടുകയും തങ്ങൾ ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെട്ടവരാണെന്നത് വിസ്മരിച്ച് ആദിവാസികളെ യുദ്ധത്തിൽ തോൽപിക്കാൻ നിയുക്തരായ പട്ടാളക്കാരാണെന്ന ഭാവത്തോടെ പൊലീസ് പെരുമാറുകയും ചെയ്തത് ഗൗരവമുള്ള കാര്യമാണ്. ജനം അവിവേകം കാണിച്ചാലും അവിവേകത്തിന്നടിമപ്പെടാതെ ചുമതല നിർവഹിക്കാൻ പരിശീലിപ്പിക്കപ്പെട്ടവരാണ് പൊലീസ്. ആവർത്തിക്കാൻ പാടില്ലാത്ത പ്രവണതയാണ് മുത്തങ്ങയിൽ കണ്ടത്.

മുത്തങ്ങയിലെ സംഭവത്തിന്നുത്തരവാദികൾ ഗോത്ര മഹാസഭയുടെ പേരിൽ വനപാലകരെ പിടിച്ചുകെട്ടുകയും ദേഹോപദ്രവമേല്പിക്കുകയും ചെയ്ത ആദിവാസികളാണ്. പിന്നെ സർക്കാരും. വനഭൂമി കയ്യേറുന്നത് തന്നെ എന്തിന്റെ പേരിലായാലും അക്രമമാണ്. സർക്കാർ കൃത്യസമയത്ത് ചെയ്യേണ്ടത് ചെയ്തിരുന്നുവെങ്കിൽ മുത്തങ്ങയിലെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. സർക്കാർ കരുതിയത് അവഗണന ചില കാര്യങ്ങളിൽ നല്ല നടപടിയാണെന്നായിരിക്കണം. ഈ അവഗണന തുടരാൻ ജാനുവും സംഘവും അനുവദിക്കാൻ തയ്യാറായിരുന്നില്ല. പരാജയം ഒരു പക്ഷെ അവർ മണത്തറിഞ്ഞിട്ടുണ്ടാവും. ഇത് മറികടക്കാൻ അവർ കണ്ടെത്തിയ മാർഗ്ഗം വനപാലകരെ പിടിച്ചുകെട്ടിയിടുകയും ദേഹോപദ്രവമേല്പിക്കുകയുമാണ്. പ്രകോപനം സൃഷ്ടിക്കുക എന്നത് തന്നെയായിരുന്നു ലക്ഷ്യം. അവരെ പിന്നീട് വിട്ടയച്ചുവെങ്കിലും ഏറ്റുമുട്ടലിന്റെ പാത ആദിവാസികൾ സ്വീകരിക്കുകയായിരുന്നു. നിയമപാലകർക്ക് കീഴടങ്ങുകയും സമരത്തിന്റെ മാർഗ്ഗം സമാധാനപരമാക്കുകയുമാണ് ജനാധിപത്യത്തിന്റെ രീതി. ഇത് ജാനു ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

ഇന്നുവരെ കുറ്റകരമാംവിധം സമൂഹം അവഗണിച്ച ആദിവാസി സമൂഹത്തിന് അവകാശങ്ങളെക്കുറിച്ച് ബോധമുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ജാനു ഒരളവോളം വിജയിച്ചിട്ടുണ്ട്. ആദിവാസികളുടെ കൈകളിൽ വോട്ടുകൾ കുറവാണെന്ന ഒറ്റ കാരണം കൊണ്ട് എല്ലാ രാഷ്ട്രീയപ്പാർട്ടികളും ഇവരെ അവഗണിച്ചിട്ടേയുള്ളൂ. നേരായ വഴിക്ക് തന്നെ ഇതുവരെ നീങ്ങിയിരുന്ന, സാമൂഹിക അവകാശങ്ങൾക്ക് വേണ്ടിയുള്ള ആദിവാസികളുടെ പോരാട്ടത്തെ ആരോ റാഞ്ചിയിട്ടുണ്ടോയെന്ന് സംശയിക്കണം. ഇത് ആദിവാസി സമൂഹത്തിനും നാട്ടിനും ഗുണം ചെയ്യില്ലെന്ന് ആദിവാസികളും മനസ്സിലാക്കണം.

അമൃതം മോഷ്ടിക്കുന്നവർ

സാഹിത്യ അക്കാദമിയുടെ അധ്യക്ഷനായി പ്രൊഫ. ഗോപീചന്ദ് നാരംഗും ഉപാധ്യക്ഷനായി സുനിൽ ഗംഗോപാധ്യായയും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. രണ്ടു പേരെയും സ്നേഹത്തോടെ അഭിനന്ദിച്ചു കൊള്ളട്ടെ. ഇത്തവണ സാഹിത്യ അക്കാദമിയിലെ സാരഥികളുടെ തെരഞ്ഞെടുപ്പിന് പതിവിൽ കവിഞ്ഞ പ്രാധാന്യമാണ് ലഭിച്ചത്. സാഹിത്യത്തിന്റെ മൂല്യം കുറയുകയും അതിന്റെ ശ്രീകോവിലിലേക്ക് അതിക്രമിച്ചു കടക്കാൻ മുതിർന്ന, ഇന്ത്യയുടെ അധികാരപ്രമത്തമായ രാഷ്ട്രീയത്തിന്റെ മൂല്യധ്വംസന പരിശ്രമങ്ങൾ കൂടുകയും ചെയ്തതുകൊണ്ട് സംഭവിച്ചതാണ് ഇത്. അക്കാദമി സെക്രട്ടറിക്കെതിരെ കേന്ദ്ര ഭരണകക്ഷിയുടെ ശക്തികേന്ദ്രങ്ങൾ വൻതോക്കുകൾ നിരത്തി; തുടർന്ന് തെരഞ്ഞെടുപ്പ് മത്സരത്തിൽ നഗ്നമായി ഇടപെടാൻ ശ്രമിക്കുകയും ചെയ്തു. സ്ഫോടനത്തിന്റെ മുഴക്കം കേട്ട് ജനങ്ങളുടെ ശ്രദ്ധ അക്കാദമി തെരഞ്ഞെടുപ്പിലേക്ക് തിരിഞ്ഞു. ഇതാണ് വാർത്താപ്രാധാന്യത്തിന്റെ പിൻപുറം.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് ബംഗാളിലെ പ്രസിദ്ധ നോവലെഴുത്തുകാരിയും ആദിവാസികളുടെ സേവനത്തിൽ മുഴുകിക്കഴിയുന്ന വ്യക്തിയുമായ മഹാശ്വേതാ ദേവിയാണ്. ജയം നേടിയത് ഉറുദു സാഹിത്യകാരനായ പ്രൊഫ ഗോപീചന്ദ് നാരംഗ് ആണ്. കഥയുടെ തുടർച്ചയെന്ന നിലയ്ക്ക് ഉപാധ്യക്ഷസ്ഥാനത്തേക്ക് മത്സരിക്കാൻ പേരു നൽകിയ എം ടി വാസുദേവൻ നായർ സ്വയം പിൻവലിഞ്ഞപ്പോൾ ബംഗാളി എഴുത്തുകാരനായ സുനിൽ ഗംഗോപാധ്യായയ്ക്ക് എതിരില്ലാതെ സ്ഥാനാരോഹണം സാധിച്ചു. രാഷ്ട്രീയത്തിന്റെ വിഷവാതകം പരത്തിയതുകൊണ്ട് തോറ്റവർ ഇടതുപക്ഷക്കാരും ജയിച്ചവർ ബി ജെ പി ബന്ധക്കാരുമാണെന്ന കഥയ്ക്കും പ്രചാരമുണ്ടായി.

മഹാശ്വേതാ ദേവിയും എം ടിയും അതതു സാഹിത്യങ്ങളിൽ ഒന്നാംകിടക്കാരാണെന്നതാണ് ഇവിടെ മറക്കപ്പെട്ട സത്യം. അവരെ മറ്റൊരു തരത്തിൽ കാണുന്നത് സാഹിത്യത്തിനോട് അപരാധം ചെയ്യലായിരിക്കും. ഞങ്ങളുടെ അറിവുവെച്ച് പറഞ്ഞാൽ പ്രൊഫ ഗോപീചന്ദിന്റെ സാഹിത്യ വിജ്ഞാനം സ്വല്പം മാർക്സിയൻ ചായ്വുള്ളതാണ്. ഗംഗോപാധ്യായയുടെ കവിതയും നോവലും ആധുനികതയുടെ സ്പർശം ഉള്ളതുമാണ്. സാഹിത്യമാനദണ്ഡം വെച്ചുകൊണ്ട് ചിന്തിച്ചാൽ, ജയിക്കുന്നതിൽ മുൻതൂക്കം കിട്ടേണ്ടിയിരുന്നത് ഇപ്പോൾ തോറ്റവർക്കാണ്. രാഷ്ട്രീയക്കണ്ണടമാറ്റിയാൽ ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ. ബി ജെ പിയുടെ വിജയം അവരുടെ സ്ഥാനാർത്ഥികൾ ജയിച്ചതോ ഇടതുകാർ തോറ്റതോ അല്ല, സാഹിത്യ അക്കാദമിക്കാര്യങ്ങളിൽ രാഷ്ട്രീയവിഷം കുത്തിവെക്കാൻ അവർക്ക് കഴിഞ്ഞു എന്നതാണ്. മഹാശ്വേതാ ദേവിയും എം ടിയും ഇന്ത്യയിലെ അത്യുന്നതരായ എഴുത്തുകാർ എന്ന പേരിലും പരിവേഷത്തിലും മത്സരരംഗത്ത് നലയുറപ്പിച്ചാൽ മതിയായിരുന്നു. ഒരു നോവലിന് 'അഗ്നിഗർഭ' എന്നു പേരിട്ട മഹാശ്വേത സാഹിത്യത്തിൽ സ്വയം ഉള്ളിൽ തീയാളുന്ന എഴുത്തുകാരിയാണ്. അവർ ബി ജെ പിയുടെ വർഗ്ഗീയതക്കെതിരാണെന്ന് പറയുമ്പോൾ അവരുടെ വീക്ഷണവും ബി ജെ പിയുടെ വീക്ഷണവും നാം ഒരേ സഞ്ചിയിൽ ഇടുന്നു. കഴുതപ്പുറത്ത് കയറിയവനോട് എതിരിടുമ്പോൾ കഴുതപ്പുറത്തു തന്നെ കയറണമെന്നില്ല. സാഹിത്യ അക്കാദമി തെരഞ്ഞെടുപ്പിൽ അതല്ലേ നടന്നത്? പാൽക്കടൽ കടഞ്ഞ് അമൃതം ഉണ്ടാക്കിയ ദേവന്മാരുടെ കൈയിൽ നിന്ന് ദേവശത്രുക്കൾ എത്ര എളുപ്പത്തിൽ അത് മോഷ്ടിച്ചോടിയെന്ന പഴഞ്ചൻ കഥ അത്ര പഴഞ്ചനാണെന്ന് തോന്നുന്നില്ല.

• വീക്ഷണം •



കാടു പോയ കാട്ടുമക്കൾ

ഷിബു ടി ജോസഫ്

സി കെ ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ കേരളത്തിലെ പ്രധാനപ്പെട്ട വന്യജീവി സംരക്ഷണ കേന്ദ്രമായ മുത്തങ്ങ കയ്യേറി. പ്രകൃതി സ്നേഹികളും ഒരു വിഭാഗം സാംസ്കാരിക പ്രവർത്തകരും ഇതിനെതിരെ ശബ്ദമുയർത്തി. മുത്തങ്ങ കയ്യേറിയ ആദിവാസികളെ എത്രയും പെട്ടെന്ന് പുറത്താക്കാൻ കേന്ദ്രവനം മന്ത്രി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. മരിക്കേണ്ടിവന്നാൽ പോലും തങ്ങൾ കയ്യേറ്റഭൂമിയിൽ നിന്ന് ഒഴിഞ്ഞുപോകില്ലെന്ന് ആദിവാസികൾ ഉറച്ചു. ഒടുവിൽ കുടിയൊഴിപ്പിക്കൽ നടന്നു.

മണ്ണും കുടിയും നഷ്ടപ്പെട്ട ആദിവാസികൾ സി. കെ ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസിഗോത്രമഹാസഭ രൂപീകരിച്ച് മണ്ണിനുവേണ്ടി സമരങ്ങളും പ്രതിഷേധങ്ങളും നടത്തിയത് രാഷ്ട്രീയ നേതൃത്വമോ ഭരണകൂടമോ കാര്യമായി ഗൗനിക്കാതിരുന്നപ്പോഴാണ് കഴിഞ്ഞവർഷം സെക്രട്ടറിയേറ്റ് നടയിൽ കുടിൽ കെട്ടി സമരം നടത്തിയത്. ആഴ്ചകളോളം നീണ്ടുനിന്ന സമരം സർക്കാരുമായുണ്ടായ ചർച്ചയെത്തുടർന്ന് അവസാനിക്കുകയായിരുന്നു. ഒരുവർഷത്തിനകം കേരളത്തിലെ ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും അഞ്ചേക്കർ ഭൂമി നൽകാമെന്ന ഉറപ്പാണ് സർക്കാർ നൽകിയത്. ഇതിന്റെ തുടർനടപടിയായി ഇടുക്കിയിലും മറ്റും കുറെ ഭൂമി ആദിവാസികൾക്ക് വിട്ടുകൊടുത്തെങ്കിലും കേന്ദ്രസർക്കാരിന്റ അധീനതയിലുള്ള വനഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യാൻ കാലതാമസമുണ്ടായതായി സംസ്ഥാന സർക്കാർ വ്യക്തമാക്കിയിരുന്നു. ആറളം ഫാം ഉൾപ്പെടെയുള്ള വനഭൂമി ഏറ്റെടുക്കാനായിരുന്നു സംസ്ഥാന സർക്കാരിന്റെ ഉദ്ദേശ്യം. സർക്കാർ ഉറപ്പു നൽകിയ സമയമവസാനിച്ചപ്പോൾ ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസി ഗോത്രമഹാസഭ മുത്തങ്ങയിലെ വനഭൂമി കയ്യേറി ഇവിടം സ്വയംഭരണ പ്രദേശമായി പ്രഖ്യാപിച്ചു.

കയ്യേറ്റ ഭൂമിയിൽ ആദിവാസികൾ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും പുറത്തു നിന്ന് ആളുകളെ കടത്തി വിടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. മുത്തങ്ങയിലെ കയ്യേറ്റ ഭൂമിയിൽ ആയിരത്തി അറുനൂറോളം കുടുംബങ്ങളും അയ്യായിരത്തോളം ആളുകളുമുണ്ടായിരുന്നതായാണ് കണക്ക്. കുറിച്യർ, പണിയർ, കുറുമ്പർ, അടിയർ, കുറുമർ എന്നീ വിഭാഗങ്ങളിലുള്ളവരാണ് ഇവിടെയുണ്ടായിരുന്നത്. ഇവരെല്ലാം നീർവാരം, അമ്പുകുത്തി, കൊന്നക്കുന്ന്, കാരപ്പാടി, ഞണ്ടിറുക്കി എന്നീ സ്ഥലങ്ങളിലാണ് കുടിലുകൾ കെട്ടിയത്. ഓരോ ഊരിനും ഊരുമൂപ്പനുണ്ടാക്കി. അധിനിവേശ ഭൂമിയിൽ നിന്ന് മദ്യം പൂർണമായി ഒഴിവാക്കിയിരുന്നു.

ഈ മണ്ണ്
ഞങ്ങളുടേതാണ്.
എന്നാൽ
ഒന്നുമില്ലാത്തവരെപ്പോലെയാണ്
ഇവിടെ ഞങ്ങൾ
ജീവിക്കുന്നത്.

ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ വനംകയ്യേറ്റം നടന്നതിനു പിന്നാലേ സി പി എമ്മിന്റെ പിന്തുണയോടെ ആദിവാസി സംരക്ഷണ സമിതിയും മറ്റ് ചില സംഘടനകളും ഭൂമികയ്യേറ്റം നടത്തിയിരുന്നു. എന്നാൽ ജാനുവിനും സംഘത്തിനും ആരും പിന്തുണ നൽകിയില്ലെന്നു മാത്രമല്ല, അവരുടെ കയ്യേറ്റത്തെ വിമർശിക്കുകയും ചെയ്തു.

കോൺഗ്രസിനും മാർക്സിസ്റ്റ് പാർട്ടിക്കും ആദിവാസി പ്രേമം തീരെയില്ലെന്നു കണ്ട് ആർ എസ് എസ് മാനന്തവാടിയിൽ വനവാസി കല്ല്യാണ സംഗമം നടത്തി അവരുടെ സംസ്കാരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. ആർ എസ് എസ് തലവൻ സുദർശനനാണ് ഈ പരിപാടി ഉദ്ഘാടനം ചെയ്താനെത്തിയത്.

ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങയിലെ വന്യജീവി സംരക്ഷണകേന്ദ്രം കയ്യേറിയാൽ വനം നശിക്കുകയും വനസമ്പത്തും വന്യമൃഗങ്ങളും ഇല്ലാതാവുകയും ചെയ്യുമെന്നായിരുന്നു കേന്ദ്രവനം വകുപ്പിന്റെയും പ്രകൃതി സ്നേഹികളുടെയും വാദം. എന്നാൽ തങ്ങൾ കയ്യേറിയ മുത്തങ്ങയിലെ അയ്യായിരം ഏക്കറോളം ഭൂമിയിൽ വനവും വനസമ്പത്തും കടലാസിൽ മാത്രമാണെന്ന വാദമാണ് ആദിവാസികൾ നിരത്തിയത്. വനനിയമം രൂപീകരിക്കുന്നതിനു മുമ്പാണ് ഇന്ന് രേഖകളിലുള്ള വനമുണ്ടായിരുന്നത്. മുത്തങ്ങയിലെ സർക്കാർ ഭൂമിയിൽ വനവത്കരണം നടത്താനായി യൂക്കാലി മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അവ വെട്ടിമാറ്റിയപ്പോൾ അവശേഷിച്ച കാട്ടുമരങ്ങൾ അതോടൊപ്പം നാടുകയറുകയും ചെയ്തെന്നും ആദിവാസികൾ ആരോപിച്ചിരുന്നു.

കാടാണ് തങ്ങളുടെ ജീവനെന്നും പിടിച്ചെടുത്ത ഭൂമിയിൽ നിന്നും മരിക്കേണ്ടി വന്നാലും ഒഴിയില്ലെന്നും ജാനു പറഞ്ഞിരുന്നു. 'ഈ മണ്ണ് ഞങ്ങളുടേതാണ്. എന്നാൽ ഒന്നുമില്ലാത്തവരെപ്പോലെയാണ് ഇവിടെ ഞങ്ങൾ ജീവിക്കുന്നത്. ജീവിതം നിഷേധിക്കപ്പെട്ട ആദിവാസി ഇന്ന് അവകാശങ്ങളെപ്പറ്റി ബോധവാനാണ്. വനത്തിൽ ജീവിക്കാനും വനസമ്പത്ത് അനുഭവിക്കാനും വനവാസിക്ക് അവകാശമുണ്ട്. മുത്തങ്ങയിലെ അധിവാസ ഭൂമിയിൽ സ്വാതന്ത്ര്യവും ആത്മാഭിമാനവും കിട്ടുന്നുണ്ട്. ഞങ്ങൾ ഇവിടെ ജീവിച്ച് പത്തുകൊല്ലത്തിനകം കാടും ആവാസവ്യവസ്ഥയും പഴയതുപോലെ പുനഃസൃഷ്ടിക്കും. പരിഷ്കൃത സമൂഹത്തിന്റേതായി ഞങ്ങൾക്കൊന്നും ഇവിടെ വേണ്ട. ആചാരങ്ങളും ആരാധനകളും അപ്പാടെ പിന്തുടരുകയും കാടിന്റെ മക്കളായിത്തന്നെ ജീവിക്കുകയുമാണ് ഞങ്ങളുടെ ലക്ഷ്യം. മണ്ണിനും പ്രകൃതിക്കും കുഴപ്പമുണ്ടാകാതെ നഷ്ടപ്പെട്ടുപോയ കാടിനെ പുനഃസൃഷ്ടിക്കുകയാണ് ലക്ഷ്യം. കാടില്ലാതെ കാടിന്റെ മക്കൾക്ക് ജീവിതമില്ല. വനനശീകരണത്തിനിടെ നാമാവശേഷമായ ആറോളം കാവുകൾ ഇവിടെയുണ്ട്. പൂർവികന്മാർ പൂജ നടത്തിയിരുന്ന ഇവിടം സംരക്ഷിച്ച് നിന്നുപോയ ആചാരങ്ങളും കർമ്മങ്ങളും തുടങ്ങും. പരമ്പരാഗതമായ കൃഷിരീതികളിലൂടെ സ്വയംപര്യാപ്തതയിലെത്താനാണ് ശ്രമം. ' സമൂഹത്തിന്റെ മുഖ്യധാരയിലേക്കല്ല പ്രകൃതിയുടെ മടിത്തട്ടിലേക്കാണ് ആദിവാസികൾ എത്താൻ ശ്രമിക്കുന്നതെന്നും ജാനു പറഞ്ഞു.

സാമ്രാജ്യത്വം പത്തിവിടർത്തുന്നു

എം സി രാജനാരായണൻ



സദ്ദാം ഹുസൈൻ

ശീതയുദ്ധം കൊടുമ്പിരിക്കൊണ്ട കാലത്തും റഷ്യയും അമേരിക്കയും തമ്മിലുള്ള വാണിജ്യബന്ധം, ക്രയവിക്രയം വിഘാതമില്ലാതെ തുടർന്നിരുന്നു. ഗോതമ്പ് ഇറക്കുമതി ചെയ്തില്ലെങ്കിൽ ഗുരുതരമായ പ്രതിസന്ധി റഷ്യയിലും, കയറ്റുമതി ചെയ്തില്ലെങ്കിൽ കാർഷിക തകർച്ച അമേരിക്കയിലും ഉണ്ടാകുമെന്നതു തന്നെ കാരണം. പരസ്യമായും പലപ്പോഴും രഹസ്യമായും വൻശക്തികൾ തമ്മിലുണ്ടായിരുന്ന കയറ്റിറക്കുബന്ധം വിയറ്റ്നാം യുദ്ധത്തെപ്പോലും അതിജീവിച്ചു എന്നതാണ് വാസ്തവം. ഉൽപന്നങ്ങൾ



ജോർജ് ബുഷ്

വിൽക്കുന്നതും വാങ്ങുന്നതും സമ്പദ്ഘടനയുടെ നിലനിൽപിന് അനിവാര്യമാകുമ്പോൾ രാഷ്ട്രീയ വിശ്വാസങ്ങൾ വഴിമാറുന്നു. അവിടെ മുതലാളിത്തത്തിനും കമ്യൂണിസത്തിനും പരസ്പരം കൈ കോർക്കേണ്ടതായും വരുന്നു. കച്ചവടം ചെയ്യുവാൻ ഇന്ത്യയിലെത്തിയ ബ്രിട്ടീഷുകർ അധികാരം കയ്യാളിയത് ചരിത്രത്തിൽ പല രീതികളിൽ, തലങ്ങളിൽ ആവർത്തിക്കപ്പെടുന്നു ഇന്നും.

ഒരു പതിറ്റാണ്ടിലേറെയായി എണ്ണ വിൽക്കുന്നതിൽ ഇറാഖിന് പ്രതിബന്ധങ്ങളേർപ്പെടുത്തിയതിന്റെ അണിയറയിൽ ചലിച്ചത് സാമ്രാജ്യത്വത്തിന്റെ കറുത്ത കൈകൾ തന്നെ. ഇറാഖിന്റെ എണ്ണ സമ്പത്തിൽ കണ്ണുനട്ടാണ് അമേരിക്ക ഓരോ നീക്കവും ആസൂത്രണം ചെയ്തത്. സദ്ദാം ഹുസൈൻ പ്രധാന ശത്രുവായത് ഇറാഖ് കൈപ്പിടിയിലൊതുങ്ങണമെങ്കിൽ സദ്ദാമിനെ മാറ്റിയേ തീരൂ എന്നും സാമ്രാജ്യത്വശക്തികൾക്കെതിരെ തലയുയർത്തി നിൽക്കാൻ കെൽപുള്ള രാഷ്ട്രത്തലവനാണ് അദ്ദേഹം എന്നും ഗ്രഹിച്ചതിനാലാണ്.

റഷ്യയുടെ പതനം സദ്ദാം ഹുസൈനെ ഒറ്റപ്പെടുത്തി. സോവിയറ്റ് യൂണിയൻ പ്രബലമായി നിൽക്കുന്ന കാലത്താണ് കുവൈറ്റ് ആക്രമിച്ചിരുന്നതെങ്കിൽ ക്കൻ പട്ടാളക്കാർ നിലത്തിറങ്ങിയാൽ ഇത്തരം ഒരു സാഹചര്യം ഉരുത്തിരിഞ്ഞുകൂടെന്നുമില്ല. ആകാശയുദ്ധവും ഹൈടെക് സാമഗ്രികളും ഉപയോഗപ്പെടുത്തി ഇറാഖിനെ നിർവീര്യമാക്കിയാലും പട്ടാളക്കാർക്ക് ഇറാഖിന്റെ മണ്ണിൽ കാലുകുത്താതെ തരമില്ലല്ലോ. അധികാരം ഏറ്റെടുത്തതു മുതൽ അമേരിക്കൻ പ്രസിഡണ്ട് ബുഷ് ജൂനിയർ ഓരോ അവസരവും സദ്ദാം ഹുസൈനെതിരെ തീതുപ്പുവാനാണ് ഉപയോഗിച്ചത്. താതൻ തുടങ്ങിയത് തനയൻ തുടരുന്നതാണ് ഇന്നത്തെ അമേരിക്കൻ വിദേശ നയം. സി ഐ എയുടെ മേധാവി സ്ഥാനത്തുനിന്ന് അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തെത്തിയ ജോർജ്ജ് ഡബ്ല്യു ബുഷ് കുവൈറ്റ് പ്രതിസന്ധി ദിനങ്ങളിൽ തന്നെ ഇറാഖിനെതിരെ പടനയിക്കുവാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും അത് നടപ്പിൽ വരുന്നതിനുമുമ്പ് സ്ഥാനം ഒഴിയേണ്ടി വന്നു. ആയുധ പരിശോധക സംഘവും കൈവിട്ടതോടെ ഇരുട്ടിൽ തപ്പുക തന്നെയാണ് ബുഷ്. അതേ സമയം പ്രതികാരത്തിന്റെ കടൽ ഉള്ളിൽ ഇരമ്പിക്കൊണ്ടിരിക്കുന്നുമുണ്ട്. അമേരിക്കയുമായി ഇന്നത്തെ പരിതസ്ഥിതിയിൽ അകലാൻ ഒട്ടും ആഗ്രഹിക്കാത്ത റഷ്യക്കുപോലും ഉറച്ച നിലപാട് എടുക്കേണ്ടിവന്നത് ആയുധ പരിശോധകർ ഇറാഖിനു നൽകിയ സദ്ഭാവ സർട്ടിഫിക്കറ്റ് തന്നെയാണ്.

ഇത്രയും വിപുലമായ ആയുധശേഖര മുണ്ടാക്കുവാൻ സദ്ദാം ഹുസൈനെ സഹായിച്ച രാജ്യങ്ങൾ തന്നെയാണ് ഇന്ന് മുറവിളി കൂട്ടുന്നത് എന്നതാണ് ഏറെ വിചിത്രം. സദ്ദാമിന് ആയുധം വിൽക്കാത്തത് ഒരുപക്ഷെ, ഇസ്രയേൽ മാത്രമായിരിക്കും. ഇന്ന് ഇറാഖിനെ നിരായുധീകരിക്കുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ള അമേരിക്കയുടെ ഭൂമികയും വിവാദമുക്തമല്ല. ലോകത്തിലെ ഏറ്റവും വലിയ ആയുധവ്യാപാര രാഷ്ട്രമാണ് അമേരിക്ക. ലോകത്തിൽ യുദ്ധമില്ലാത്ത ഒരവസ്ഥ, രാജ്യങ്ങൾ ആയുധങ്ങൾ വാങ്ങാത്ത ഒരവസ്ഥ വന്നാൽ തകരുന്ന സമ്പദ്ഘടനയാണ് അമേരിക്കയുടേത്.

സദ്ദാമിന് ഇറാഖിലെ ജനങ്ങളുടെ സമ്മതിയില്ലെന്നും അധികാരം പിടിച്ചടക്കിയ സ്വേച്ഛാധിപതിയാണെന്നും അതുകൊണ്ട് സ്ഥാനഭ്രഷ്ടനാക്കുവാൻ ഏതുമാർഗ്ഗവും സ്വീകരിക്കാമെന്നും അമേരിക്ക തീരുമാനിക്കുന്നതിനെ ഹൃദയപൂർവ്വം പിന്താങ്ങുന്നത് ബ്രിട്ടൻ മാത്രമാണ്. സൂര്യനസ്തമിക്കാത്ത പഴയ സാമ്രാജ്യത്വത്തിന്റെ ഇന്നത്തെ നില ഏറെ പരിതാപകരമാണ്. അമേരിക്കയുടെ ഏറാൻമൂളിയായി നിൽക്കുന്ന ടോണി ബ്ലെയർ ബ്രിട്ടീഷ് പ്രധാനമന്ത്രിയാണോ അതോ അമേരിക്കൻ വിദേശകാര്യമന്ത്രിയാണോ എന്ന സംശയം ജനിപ്പിക്കുന്നു.

സ്വേച്ഛാധിപതികളെ സഹായിക്കുന്ന ജനാധിപത്യ സംസ്കാരമാണ് അമേരിക്കയുടേത്. സ്വേച്ഛാധിപതിയായ സദ്ദാമിന് എതിരാണെന്ന് പറയുമ്പോൾ തന്നെ ലോകമെമ്പാടും സ്വേച്ഛാധിപതികളെ പിന്താങ്ങിയ ചരിത്രമാണ് അമേരിക്കക്കുള്ളത് എന്നും കാണാം. മറ്റെന്ത് ദോഷങ്ങളുണ്ടെങ്കിലും സ്വന്തം ജനതയെ കൊള്ളയടിക്കാതെ രാജ്യത്തെ സമ്പത്ത് വിദേശത്തേക്ക് ചോർത്തിയിട്ടില്ലാത്ത ഭരണാധികാരി തന്നെയാണ് സദ്ദാം ഹുസൈൻ. സ്വിസ് ബാങ്കിലോ മറ്റോ സദ്ദാമിന് സമ്പാദ്യമുണ്ടായിരുന്നെങ്കിൽ അത് അമേരിക്ക ഇതിനകം തന്നെ അങ്ങാടിപ്പാട്ടാക്കുമായിരുന്നു. രാജ്യത്തോട് സദ്ദാം കൂറുപുലർത്തുന്നതു തന്നെയാണ് അമേരിക്കക്കാണുന്ന ഒരു കുറ്റം. രാജ്യത്തെ ഒറ്റുകൊടുക്കുന്ന രാഷ്ട്രത്തലവന്മാരെയാണ് അവർക്കാവശ്യം.

അറുപതുകളിൽ തന്നെ അമേരിക്ക ഇറാഖിൽ ഇടപെടുവാൻ തുടങ്ങിയിരുന്നു. അന്ന് സദ്ദാം ഹുസൈനോടൊപ്പം നിന്ന് കമ്യൂണിസ്റ്റ് വേട്ട നടത്തുന്നതിലായിരുന്നു അവയ്ക്ക് താൽപര്യം. ഫലസ്തീൻ പ്രശ്നം മാത്രം പരിശോധിച്ചാൽ മതി അമേരിക്കയുടെ ഇരട്ടത്താപ്പ് വ്യക്തമാകുവാൻ. സാമ്രാജ്യത്വ മോഹത്തിന്റെ സ്ഥാപിത താൽപര്യങ്ങളുമായി ലോക മേധാവിയായി ചമയുന്ന ബുഷും അമേരിക്കയും ചരിത്രത്തിന്റെ തിരിച്ചടികളെ പറ്റി മനസ്സിലാകുന്നില്ല. ഇറാഖിനെ കീഴ്പെടുത്തി എണ്ണയുടെ അവകാശം നേടുവാനുള്ള ശ്രമത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്നും.

ഇന്ത്യ അമേരിക്കക്കൊപ്പം നിന്ന് ഇറാഖിനെതിരെ യുദ്ധം ചെയ്യണമെന്ന് പറയുന്ന തൊഗാഡിയമാർക്ക് ഇന്നലെകളെക്കുറിച്ചറിയില്ല. എന്നും ഏതു പ്രശ്നത്തിലും ഇന്ത്യ യോടൊപ്പം നിന്ന രാഷ്ട്രത്തലവനാണ് സദ്ദാം ഹുസൈൻ.യുദ്ധസന്നാഹവുമായി പോർ വിളികൾ നടത്തുന്ന അമേരിക്ക ലോക രാഷ്ട്രങ്ങളും ലോകജനതയും തങ്ങൾക്കെതിരാണെന്ന സത്യം ഗ്രഹിക്കുന്നില്ല. അടുത്ത് യൂറോപ്യൻ തലസ്ഥാനങ്ങളിൽ നടന്ന യുദ്ധ വിരുദ്ധറാലികൾ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് മാനിഷാദാ എന്നു തന്നെയാണ്. ലണ്ടനിൽ മാത്രം പത്ത് ലക്ഷത്തോളം പേർ പങ്കെടുത്ത റാലി നടന്നപ്പോൾ നിശ്ശബ്ദമായത് ഏഷ്യൻ രാജ്യങ്ങൾ മാത്രം. വിധേയത്വം ഭരണാധിപന്മാർക്ക് മാത്രമല്ല, പ്രതിപക്ഷത്തിനുമുണ്ടെന്നാണോ ഇത് കാണിക്കുന്നത്? അരുന്ധതിറോയ് പറഞ്ഞതുപോലെ അമേരിക്കൻ ജനതയോട് ആർക്കും വെറുപ്പില്ല. അമേരിക്കൻ ഭരണകൂടത്തോടാണ് എതിർപ്പ്. ആ എതിർപ്പ് മാറ്റൊലി കൊള്ളുന്നതായിരുന്നു യുദ്ധവിരുദ്ധ റാലികൾ.

വർത്തമാനം പോസ്റ്റ്

കുടിയേറ്റക്കാർ കുറ്റക്കാരല്ല

ടി പി അസീസ്
വെള്ളിലശ്ശേരി

ജാനുവും കൂട്ടരും നാടുവിറപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വോട്ട് ബാങ്ക് പരിപോഷിപ്പിക്കുന്നതിൽ മാത്രമാണ് നമ്മുടെ രാഷ്ട്രീയ പാർട്ടികൾ കണ്ണ് വെച്ചത് എന്നു തോന്നുന്നു. ഇപ്പോഴത്തെ ബഹളങ്ങൾ രാജ്യത്തിന്റെയും ആദിവാസികളുടെ തന്നെയും വിശാലതാൽപര്യ സംരക്ഷണത്തിന് ഉതകില്ല. അന്ധമായ പക്ഷം ചേരലിന് പകരം യഥാർത്ഥ പ്രശ്നം തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള ശ്രമമാണുണ്ടാകേണ്ടത്. അഞ്ചേക്കർ ഭൂമി നൽകുമെന്ന് ലംഘിക്കാൻ വേണ്ടി മാത്രം വാഗ്ദാനം ചെയ്തതിന് പകരം ആദിവാസികളുടെ തനിമ സംരക്ഷിച്ചുകൊ

ഇറാഖ്,ഫലസ്തീൻ പ്രശ്ന പരിഹാരത്തിന് ചേരിചേരാ ഉച്ചകോടിയിൽ സമിതികൾ



കാലാലമ്പൂരിലെ പുത്ര ലോകവ്യാപാര കേന്ദ്രത്തിൽ നടക്കുന്ന 13ാം ചേരിചേരാ ഉച്ചകോടിയുടെ പ്രാരംഭസമ്മേളനത്തിൽ നിന്ന്

കാലാലമ്പൂർ: അംഗരാഷ്ട്രങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗത്തോടെ പതിമൂന്നാം ചേരിചേരാ ഉച്ചകോടിക്ക് ഔപചാരികമായ തുടക്കം ഇറാഖ് ,ഫലസ്തീൻ പ്രശ്നങ്ങൾ പരിഹരിക്കാൻ യോഗം രണ്ട് സമിതികൾ രൂപീകരിച്ചു.

ഉത്തര കൊറിയയുടെ ആണവ പരിപാടികളെച്ചൊല്ലിയുള്ള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഒരു കർമസമിതിക്കും രൂപം നൽകിയിട്ടുണ്ട്. ഉത്തരകൊറിയക്ക് പാകിസ്ഥാനുമായുള്ള രഹസ്യ ഇടപാടുകൾ പുറത്തുകൊണ്ടു വരാൻ ഈ സമിതിക്ക് കഴിയുമെന്ന് കരുതപ്പെടുന്നു.

തന്റെ രാജ്യത്തിന്റെ ആണവനയത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഉത്തരകൊറിയൻ പ്രതിനിധി നാം നേതാക്കളെ ധരിപ്പിക്കും

ഇറാഖ് പ്രശ്നത്തിൽ പൊതുനിലപാട് സ്വീകരിക്കാൻ ഉന്നതഉദ്യോഗസ്ഥതലയോഗം ചർച്ചതുടങ്ങി. ഉച്ചകോടിയുടെ അജണ്ടക്ക് അന്തിമരൂപം നൽകുന്നത് ഈ യോഗമാണ്.

വിദേശകാര്യ സെക്രട്ടറി കൻവൽ സിബൽ ആണ് ഇന്ത്യയെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുക്കുന്നത്. ഉച്ചകോടിയിൽ പ്രധാനമന്ത്രി വാജ്പേയ് പങ്കെടുക്കും.

ഇറാൻ പ്രസിഡന്റ് മുഹമ്മദ് ഖാത്തമി, പാകിസ്ഥാൻ പ്രസിഡന്റ് പർവേസ് മുശർറഫ്, ജോർദാൻ രാജാവ് അബ്ദുല്ല തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

എന്നാൽ ഉച്ചകോടിക്കുശേഷം ഫലസ്തീനിൽ തിരികെ പ്രവേശിക്കാൻ സാധിക്കില്ലെന്ന് കരുതി പ്രസിഡന്റ് യാസിർ അറഫാത്ത് ഉച്ചകോടിയിൽ പങ്കെടുക്കുന്നില്ല.

ഐക്യരാഷ്ട്ര സഭകഴിഞ്ഞാൽ ലോകരാഷ്ടങ്ങളുടെ ഏറ്റവും വലിയ സംഘടനയായ ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപകാംഗങ്ങളിലൊന്നാണ് ഇന്ത്യ.

ഇറാഖ് പ്രശ്നം,ആഗോള ഭീകരവാദം, ഇസ്രായേൽ ഫലസ്തീൻ പ്രശ്നം വ്യവസായവൽക്കൃത രാജ്യങ്ങളുടെ സംരക്ഷണ നടപടികളുടെ ഫലമായി ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയായിരിക്കും ഇത്തവണത്തെ ഉച്ചകോടിയിലെ പ്രധാന ചർച്ചാവിഷയങ്ങൾ .ഒരു പതിറ്റാണ്ടിലേറെയായി നിർജീവാവസ്ഥയിലുള്ള പ്രസ്ഥാനത്തിന് നവോൻമേഷം പകരാനുള്ള നടപടികളും ഉച്ചകോടി ചർച്ചചെയ്യും.

ഇന്നു സമാപിക്കുന്ന ഉന്നതോദ്യോഗസ്ഥ സമ്മേളനം മലേഷ്യൻ വിദേശകാര്യ മന്ത്രി സയിദ് ഹമീദ് അൽബർ ആണ് ഉദ്ഘാടനം ചെയ്തത്. സമ്പന്നരുടെയും ശക്തരുടെയും മേൽക്കോയ്മക്കെതിരേ ദുർബലരുടേയും അധികാര വിഹീനരുടെയും നായകസ്ഥാനം വഹിക്കാൻ അദ്ദേഹം സംഘടനയോടഭ്യർത്ഥിച്ചു.

വിവിധ പ്രശ്നങ്ങളിൽ സംഘടനക്കുള്ള പൊതു നിലപാട് വ്യക്തമാക്കുന്ന പ്രഖ്യാപനത്തിന്റെ കരടിനുംകാലാലം പൂർ പ്രഖ്യാപനത്തിനും സമ്മേളനം രൂപം നൽകുമെന്ന് കരുതുന്നു.

അടുത്ത തിങ്കൾ ,ചൊവ്വ ദിവസങ്ങളിൽ നടക്കുന്ന രാഷ്ട്ര നേതാക്കൻമാരുടെ ഉച്ചകോടി ഇതിന് അംഗീകാരം നല്കും

കാസ്ട്രോ വിയറ്റ്നാം സന്ദർശിക്കും

ഹാനോയി: ക്യൂബയിലെ പ്രസിഡന്റ് ഫിഡൽ കാസ്ട്രോ വിയറ്റ്നാംലന്ദർശിക്കുന്നു.ഇരുരാജ്യങ്ങളും തമ്മിലുള്ള വാണിജ്യ- നയതന്ത്ര ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഈ സന്ദർശനം പ്രയോജനപ്പെടുമെന്ന് വിയറ്റ്നാമിന്റെ വിദേശമന്ത്രാലയം അഭിപ്രായപ്പെട്ടു.

ഇന്ന് ഹാനോയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്ന കാസ്ട്രോ നാളെ ഉന്നത നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

കാസ്ട്രോയുടെ മൂന്നാമത്തെ വിയറ്റ്നാം സന്ദർശനമാണിത്. ഫെബ്രുവരി 24, 25 തീയതികളിൽ നടക്കുന്ന ചേരിചേരാ ഉച്ചകോടിയിൽ പങ്കെടുക്കാനുള്ള യാത്രക്കിടയിലാണ് അദ്ദേഹം വിയറ്റ്നാമിലെത്തുന്നത്.

കൂട്ടബലാത്സംഗം: ചൈനയിൽ വധശിക്ഷ

ബീജിംഗ്: എട്ട് പെൺകുട്ടികളെ ബലാത്സംഗം ചെയ്യുകയും കുറ്റം മൂടിവക്കാൻ പൊലീസിന് കൈക്കൂലി നൽകുകയും ചെയ്ത വ്യവസായ സംരംഭകന് ചൈനീസ് കോടതി വധശിക്ഷ വിധിച്ചു. ബീജിംഗ് യൂത്ത് ഡെയ്ലി പത്രമാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത് പ്രതിയിൽ നിന്ന് ഏതാണ്ട് 120000 ഡോളർ കൈക്കൂലിയായി വാങ്ങിയ് എട്ട് പോലീസുകാർ വിചാരണനേരിടുകയാണ് ലിയാവോ ലിംഗിലെ അൻഷാൻ നഗരത്തിലെ കോടതിയാണ് ലു സോങ് ദാലിന് (43) വധശിക്ഷ വിധിച്ചത്. 2000ലാണ് കേസിനാസ്പദമായ സംഭവം . 12നും 15നും ഇടക്ക് പ്രായമുള്ള എട്ട് ഹൈസകൂൾ വിദ്യാർത്ഥിനികളെയാണ് ഇയാൾ ബലാത്സംഗം ചെയ്തത്.

ഇറാൻ വിമാനദുരന്തം മരണസംഖ്യ 302

തെഹ്റാൻ: ഇറാനിലെ വിമാന ദുരന്തത്തിൽ മരിച്ചവരുടെ അവശിഷ്ടങ്ങൾക്കുവേണ്ടി ദുരിതാശ്വാസ പ്രവർത്തകർ മഞ്ഞുമൂടിയ കൊടുമുടികളിൽ തിരച്ചിൽ ആരംഭിച്ചു.

ഇറാനിലെ ഏറ്റവും വലിയ ഈ ആകാശദുരന്തത്തിൽ സേനാംഗങ്ങളും വിമാനജോലിക്കാരുമടക്കം 302 പേർ മരിച്ചതായി ഔദ്യോഗിക വാർത്താ ഏജൻസി അറിയിച്ചു. പാക്കിസ്ഥാൻ അതിർത്തിക്കടുത്ത സിസ്ഥാൻ ബലൂചസ്ഥാനിലെ തെക്കുകിഴക്കൻ സഹെദാനിൽ നിന്ന് കെർമാനിലേക്ക് ആഭ്യന്തര സർവീസ് നടത്തുകയായിരുന്ന വിമാനമാണ് തകർന്നത്.

ലക്ഷ്യസ്ഥാനത്തെത്താൻ 30 കിലോ മീറ്റർ മാത്രം ബാക്കിനിൽക്കേ ബുധനാഴ്ച രാത്രി ഇന്ത്യൻ സമയം 8. 24 നായിരുന്നു അപകടം. കൺട്രോൾ ടവറുമായി വിമാനത്തിനുള്ള വാർത്താ വിനിമയ ബന്ധം അറ്റ് പോകുന്നതിന് തൊട്ടുമുൻപായി പൈലറ്റ് മോശം കാലാവസ്ഥയെയും ശക്തമായ കാറ്റിനെയുംപറ്റി പറഞ്ഞതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

മരിച്ചവരിൽ 18 പേർ വിമാന ജോലിക്കാരാണ്.

ഇറാൻ വിപ്ലവഗാർഡുകളുടെ ഈ റഷ്യൻ നിർമ്മിത വിമാനം കനത്തകാറ്റിൽ മലമ്പ്രദേശത്ത് ബുധനാഴ്ച വൈകീട്ടാണ് തകർന്നു വീണത്. ലോകത്തിലെ തന്നെ വൻ വിമാന ദുരന്തങ്ങളിൽ ഒന്നാണിത്. മഞ്ഞുമൂടിയ മലകൾക്കു മുകളിൽ എത്തിച്ചേരുക ദുഷ്കരമാണെങ്കിലും ദുരിതാശ്വാസ പ്രവർത്തകർ മൃതദേഹങ്ങൾ കണ്ടെടുക്കുന്നതിന് അക്ഷീണം യത്നിക്കുന്നതായി ഔദ്യോഗിക വക്താവറിയിച്ചു.

ദുരന്തകാരണത്തെക്കുറിച്ച് ഔദ്യോഗിക വിശദീകരണമൊന്നും ലഭിച്ചിട്ടില്ല.

1979 ലെ ഇസ്ലാമിക വിപ്ലവത്തിന് ശേഷം രൂപീകൃതമായ വിപ്ലവഗാർഡുകൾ ഇറാന്റെ പതിവുസേനയിൽ നിന്നും സ്വതന്ത്രമാണ്.

1980 -1988ലെ ഇറാൻ , ഇറാഖ് യുദ്ധത്തിൽ വിപ്ലവഗാർഡുകൾ സജീവപങ്കു വഹിച്ചിരുന്നു. ഇപ്പോൾ ഈ സേനയിൽ 1,20,000 ഭടന്മാരുണ്ടെന്നാണ് കണക്ക്.

പരമോന്നത നേതാവായ ആയത്തൊള്ള അലി ഖമീനിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇവർ. ഇത്രയധികം സൈനികോദ്യോഗസ്ഥർ ഒരുമിച്ച് സഞ്ചരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഔദ്യോഗിക വൃത്തങ്ങൾ അഭിപ്രായമൊന്നും പറഞ്ഞിട്ടില്ല.

വിമാനത്തിന്റെ ഒരു ചിറക് അപകടസ്ഥലത്തിനടുത്തുനിന്ന് ഇന്നലെ രാവിലെ കണ്ടെത്തിയതായി വാർത്തയുണ്ട്. 1988ൽഇറാന്റെ ഒരു എയർബസ്സ് അമേരിക്കൻ പടക്കപ്പൽ തെറ്റിദ്ധരിച്ച് വെടിവെച്ചിട്ടിരുന്നു. അതിലുണ്ടായിരുന്ന 290 പേരും അന്ന് മരിച്ചു.

ഇപ്പോഴത്തെ അപകടത്തിലെ മരണസംഖ്യ അതിലും കവിഞ്ഞിരിക്കുകയാണ്.

അടുത്തകാലത്തായി ഇറാനിൽ വ്യോമ ദുരന്തങ്ങൾ വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അപകടത്തിനിരയാവുന്നതിലേറെയും റഷ്യൻ നിർമിത വിമാനങ്ങളാണ്. കഴിഞ്ഞ ഡിസംബറിൽ ഉക്രയിനിന്റെ അന്റോണോവ് വിമാനം മദ്ധ്യ ഇറാനിലെ കുന്നിൻ മുകളിൽ തകർന്നു വീണ് 46 പേർ മരിച്ചു.

കോളിൻ പവൽ ജപ്പാനിലേക്ക്



വാഷിംഗ്ടൺ: ഇറാഖിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നുവെന്ന ആരോപണത്തെ ചെറുക്കുന്നതിന് അമേരിക്കൻ ആഭ്യന്തരസെക്രട്ടറി കോളിൻ പവൽ സോൾ, ബീജിംഗ്, ടോക്കിയോ എന്നിവിടങ്ങൾ സന്ദർശിക്കുന്നു. ഇന്നദ്ദേഹം ടോക്കിയോയിലേയ്ക്ക് തിരിക്കും.

വടക്കൻ കൊറിയയുടെ ആണവായുധപദ്ധതിയുടെ പേരിൽ ഉയർന്നു വന്ന സംഘർഷങ്ങൾ ലഘൂകരിക്കാനാവും പവൽ സന്ദർശനത്തിൽ ശ്രദ്ധയുന്നുകയെന്ന് അമേരിക്കൻ ആഭ്യന്തര മന്ത്രാലവക്താവ് റിച്ചാർഡ് ബൗച്ചർ പറഞ്ഞു.

വടക്കൻ കൊറിയ പ്രശ്നത്തിൽ അമേരിക്കയും മറ്റ് മൂന്നുരാജ്യങ്ങളും തമ്മിൽ അഭിപ്രായഭിന്നത നിലനിൽക്കുന്നുണ്ടെന്ന വസ്തുത അംഗീകരിച്ച ബൗച്ചർ, ഭിന്നത കുറയ്ക്കാൻ പവലിന്റെ സന്ദർശനം ഉപകരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

ഉത്തരകൊറിയയിലെ സ്ഥിതിയെപ്പറ്റി സഖ്യകക്ഷികളുമായും സുഹൃദ്രാജ്യങ്ങളുമായും ചർച്ചചെയ്യാൻ ലഭിക്കുന്ന സുപ്രധാന അവസരമാണിത്. ഉത്തരകൊറിയ അവരുടെ ആണവപരിപാടി ഉപേക്ഷിക്കുമെന്ന പൊതുലക്ഷ്യം ഉറപ്പു വരുത്തേണ്ടതുണ്ട്- അദ്ദേഹം പറഞ്ഞു.

ഇറാഖിനെതിരെ യു എൻ രക്ഷാസമിതിയിൽ അവതരിപ്പിക്കാനിരിക്കുന്ന പ്രമേയത്തിന് ചൈനയുടെ പിന്തുണ ആർജ്ജിക്കുകയെന്നതിലുപരി, ആണവായുധപദ്ധതിയിൽ നിന്ന് കൊറിയയെ പിന്തിരിപ്പിക്കാൻ സമ്മർദ്ദം ചെലുത്താൻ ബീജിംഗിനോട് അഭ്യർത്ഥിക്കാനാവും പവൽ സമയം വിനിയോഗിക്കുക.

ഫെബ്രുവരി 25ന് സോളിൽ പ്രസിഡന്റ് റോ മൂ ഹ്യൂണിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കുന്ന അമേരിക്കൻ സംഘത്തെയും പവലാണ് നയിക്കുക.

സ്പെയിനിനെ വിചാരണ ചെയ്യണം: ഗ്രീൻപീസ്

ബ്രസൽസ്: പ്രസ്റ്റീജ് ടാങ്കർ ദുരന്തം കൈകാര്യം ചെയ്ത രീതി കണക്കിലെടുത്ത് സ്പെയിനിനെ വിചാരണ ചെയ്യണമെന്ന് പരിസ്ഥിതി സംഘടനയായ ഗ്രീൻ പീസ് യൂറോപ്യൻ കമ്മീഷനോട് ആവശ്യപ്പെട്ടു. കപ്പൽ മുങ്ങാനും അതിലെ വിഷമയമായ ഇന്ധന എണ്ണ കടലിൽ പടരാനും ഇടയാക്കുക വഴി സ്പെയിൻ യൂറോപ്യൻ യൂണിയന്റെ ഇതു സംബന്ധിച്ച നിയമങ്ങൾ ലംഘിച്ചതായി ഗ്രീൻപീസ് കുറ്റപ്പെടുത്തി.

പ്രസ്റ്റീജിലെ 77,000 ടൺ ഘന ഇന്ധന എണ്ണയിൽ പകുതിയോളം ചോർന്ന് ഗെലീഷ്യൻ തീരത്ത് ആപത്ക്കരമാം വിധം എണ്ണപ്പാട പടർന്നിരുന്നു. കപ്പൽ നവംബറിൽ മുങ്ങിയ ശേഷവും അതിൽ നിന്ന് എണ്ണ ചോർന്നിരുന്നു. ഇത് തടയാൻ സർക്കാർ നടപടികളൊന്നും കൈക്കൊണ്ടില്ലെന്നും ഗ്രീൻപീസ് യൂറോപ്യൻ യൂണിയൻ കമ്മീഷന് നൽകിയ കത്തിൽ കുറ്റപ്പെടുത്തി. അംഗരാജ്യങ്ങളെ വിചാരണ ചെയ്യാൻ കമ്മീഷന് അധികാരമുണ്ട്. പരാതി പരിശോധിക്കുകയാണെന്ന് കമ്മീഷൻ വൃത്തങ്ങൾ അറിയിച്ചു. സ്പെയിൻ നിയമം ലംഘിച്ചതിന് ഇതുവരെ സൂചനയൊന്നും ലഭിച്ചിട്ടില്ലെന്ന് വക്താവ് അറിയിച്ചു. സ്പെയിനിലെ ഒരു സംഘടനയും ഈ പ്രശ്നം സംബന്ധിച്ച് സർക്കാരിനെതിരെ ഗെലീഷ്യയിലെ കോടതിയിൽ പരാതി നൽകിയിട്ടുണ്ട്. സർക്കാറിന്റെ നടപടിയെ ഒരു ടെലിവിഷൻ പരിപാടിയിൽ സ്പാനിഷ് ഉപപ്രധാനമന്ത്രി റോഡ്രിഗോ റാറ്റോ ന്യായീകരിച്ചു.

ഹിമപാതം പ്രവചിക്കാൻ ഉപകരണം

ലണ്ടൻ: ഹിമപാതം പ്രവചിക്കുകയെന്ന വിഷമകരമായ പ്രശ്നം പരിഹരിക്കാൻ സിറ്റ് സർലാൻഡിലെ ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ ഒരു പരിധിയോളം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ ആരംഭിക്കുന്ന മഞ്ഞുവീഴ്ച കാരണം വർഷത്തിൽ 150 ലേറെ ആളുകൾ കൊല്ലപ്പെടുകയും ആയിരക്കണക്കിനാളുകൾക്ക് പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്.

പ്രത്യേക ഇലക്ട്രോണിക്സ് സംവിധാനത്തിന്റെ സഹായത്താൽഹിമപാതം ഏറക്കുറെ പ്രവചിക്കാൻ കഴിയുമെന്നാണ് സ്വിസ് ഫെഡറൽ ഇൻസ്റ്റിസ്റ്റ്യൂട്ടിലെ ശാസ്ത്രജ്ഞരുടെ അഭിപ്രായം. ന്യൂ സയന്റിസ്റ്റ് മാസികയാണ് ഇത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തിയത്. അമേരിക്ക, ഇന്ത്യ, ആസ്ട്രിയ എന്നിവിടങ്ങളിൽ പുതിയ യന്ത്രസംവിധാനം പരീക്ഷിച്ചിതായി റിപ്പോർട്ടുകൾ പറയുന്നു.

അർബുദമകറ്റാൻ പഴങ്ങൾ

ലണ്ടൻ: കുട്ടിക്കാലത്ത് ധാരാളം പഴം തിന്നവർക്ക് ചിലതരം അർബുദം പിടിപെടാനുള്ള സാധ്യത വളരെക്കുറവായിരിക്കുമെന്ന് ബ്രിട്ടീഷ് ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

ബാല്യകാലത്തെ പഴംതീറ്റയ്ക്ക് ഇങ്ങനെയൊരു ഗുണമുള്ളതായി 4000 ത്തോളം പേരിൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നു. ഇത്തരക്കാർക്ക് ശ്വാസംകോശം, ആമാശയം ,മാറിടം എന്നിവിടങ്ങളിൽ അർബുദം പിടിപെടുന്നതിനുള്ള സാധ്യത വിരളമാണെന്നാണ് ലണ്ടൻ മെഡിക്കൽ റിസർച്ച് കൗൺസിലിലെ ഡോക്ടർ മരിയ മെയ്നാഡ് സമർപ്പിച്ച റിപ്പോർട്ട് പറയുന്നത്. അർബുദത്തിന് ഇടയാക്കിയേക്കാവുന്ന ജനിതക കോട്ടങ്ങൾ തടയാൻ പഴങ്ങൾ സഹായിക്കുമെന്ന് അനുമാനിക്കുന്നു.

സമൗദ് മിസൈലുകൾ ദൂരപരിധി ലംഘിക്കുന്നില്ലെന്ന് ഇറാഖ്

ഐക്യരാഷ്ട്ര സഭ: തങ്ങളുടെ പക്കലുള്ള അൽ സമൗദ്-2 മിസൈലുകൾ നിയമവിരുദ്ധങ്ങളാണെന്ന പ്രസ്താവന ഇറാഖ് നിഷേധിച്ചു. ഐക്യരാഷ്ട്ര സഭ നിശ്ചയിച്ച ദൂര പരിധിയിൽപ്പെടുന്നവയാണ് ഇവയെന്നും ഇതു സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുമായുള്ള സംഭാഷണത്തിന് ബഗ്ദാദ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇറാഖിന്റെ യു എൻ അംബാസഡർ മുഹമ്മദ് അൽ ദൗരി പത്രലേഖകരോട് പറഞ്ഞു.

അൽ സമൗദ്-2 മിസൈലുകൾ നശിപ്പിക്കാൻ ഇറാഖിനോട് ആവശ്യപ്പെടുമെന്ന് ഐക്യരാഷ്ട്ര സഭയുടെ മുഖ്യ ആയുധ പരിശോധകൻ ഹാൻസ് ബ്ലിക്സ് അറിയിച്ചിരുന്നു. എന്നാൽ ഈ മിസൈലുകൾ ചലിപ്പിക്കുന്ന റോക്കറ്റ് എഞ്ചിനുകൾ നശിപ്പിക്കണമോ എന്ന കാര്യത്തിൽ തീരുമാനമൊന്നുമായിട്ടില്ലെന്ന് നയതന്ത്ര പ്രതിനിധികളും അമേരിക്കൻ വൃത്തങ്ങളും അറിയിച്ചു.

ഇറാഖ് ഈ മിസൈലുകൾ നശിപ്പിക്കുന്നുണ്ടോ എന്നത് ആക്രമണത്തിന് തയ്യാറെടുക്കുന്ന അമേരിക്കയെ സംബന്ധിച്ചിടത്തോളം നിർണായകമായിരിക്കുമെന്ന് നിരീക്ഷകർ കരുതുന്നു.പരിശോധകർ ഇറാഖിലെ ആയുധ വിവരങ്ങൾ സംബന്ധിച്ച പട്ടിക നൽകിക്കഴിഞ്ഞാലുടൻ ബ്ലിക്സ് ബാഗ്ദാദിലെ ഉദ്യോഗസ്ഥർക്ക് ഇതേക്കുറിച്ച് കത്തെഴുതുമെന്നാണ് കരുതുന്നത്.

അൽ സമൗദ്-2 മിസൈലുകൾ വികസിപ്പിച്ചതായി ഇറാഖ് അംഗീകരിച്ചതിൽ, ജനുവരി 27ന് രക്ഷാ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ബ്ലിക്സ് ഉത്കണ്ഠ രേഖപ്പെടുത്തിയിരുന്നു. യു എൻ നിർദേശിച്ച 150 കിലോമീറ്റർ പരിധിയിലും അധികമാണ് ഈ മിസൈലിന്റെ ശേഷി എന്നതിനാൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

അതിനിടെ, ഇറാഖിനെതിരേ ബല പ്രയോഗം നടത്തുന്നതിനെ രക്ഷാസമിതിയിൽ സംസാരിച്ച മിക്കരാജ്യങ്ങളുടേയും പ്രതിനിധികൾ എതിർത്തു. ഇറാഖ് പ്രതിസന്ധി സംബന്ധിച്ച് രക്ഷാസമിതിയിൽ പുനരാരംഭിച്ച ചർച്ചയിൽ പങ്കെടുത്ത ചില രാജ്യങ്ങളുടെ പ്രതിനിധികൾ യുദ്ധം ഒഴിവാക്കാൻ ആയുധ പരിശോധനയുമായി കൂടുതൽ സഹകരിക്കണമെന്ന് ബഗ്ദാദിനോട് അഭ്യർത്ഥിച്ചു.

യുദ്ധം ഇറാഖിന്റെ ശിഥിലീകരണത്തിലേക്ക് നയിക്കുമെന്നും മദ്ധ്യപൗരസ്ത്യ മേഖലയിൽ പ്രവചനാതീതമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കുമെന്നും ഐക്യരാഷ്ട്ര സഭയിലെ സൗദി അറേബ്യയുടെ അംബാസഡർ ഫൗസി ഷൊബോക്ഷി മുന്നറിയിപ്പ് നൽകി. ആണവ - ജൈവ - രാസായുധങ്ങൾ നശിപ്പിക്കണമെന്നാവശ്യപ്പെടുന്ന യു എൻ പ്രമേയങ്ങൾ ഇറാഖ് പാലിക്കണമെന്നും അതേസമയം ഇറാഖിന്റെ ഭൂപരമായ അഖണ്ഡത നിലനിർത്തണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

അമേരിക്കൻ ആക്രമണത്തിന്റെ സുനിശ്ചിതമായ ഫലം തീവ്രവാദത്തിന് വമ്പിച്ച നേട്ടമുണ്ടാകും എന്നതുമാത്രമാണെന്ന് ഇറാന്റെ പ്രതിനിധി ജാവേദ് സറീഫ് വ്യക്തമാക്കി.

മുസ്ലിം രാജ്യത്തിന്റെ ചുമതലക്കാരനായി സൈനിക കമാൻഡറെ പ്രതിഷ്ഠിക്കാമെന്ന് അമേരിക്കൻ ഉദ്യോഗസ്ഥർ കരുതുന്നുണ്ടെങ്കിൽ അത് വ്യാമോഹമാണെന്ന് അദ്ദേഹം പറഞ്ഞു.

രക്ഷാസമിതിയിൽ അംഗത്വമില്ലാത്ത രാജ്യങ്ങൾക്ക് അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം വേണമെന്ന അഭ്യർത്ഥനയെത്തുടർന്നാണ് സമിതി പ്രത്യേകയോഗം യോഗം വിളിച്ചു ചേർത്തത്.ഇറാഖിനെ ആക്രമിക്കുകയാണെങ്കിൽ തുർക്കിയുടെ സഹകരണം ലഭിക്കുമെന്ന് വിശ്വസിക്കുന്നതായി അമേരിക്കയുടെ പ്രതിരോധ സെക്രട്ടറി ഡൊണാൾഡ് റംസ്ഫെൽഡ് പറഞ്ഞു.

താവളങ്ങൾ ഉപയോഗിക്കാൻ അനുമതി നൽകുന്നത് സംബന്ധിച്ച് അറിയിക്കാൻ തുർക്കിക്ക് സമയപരിധി നൽകിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അദ്ദേഹം വ്യക്തമായ മറുപടി നൽകിയില്ല.



ഇറാഖിനെ ആക്രമിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയയിൽ അമേരിക്കൻ എംബസിക്കു മുൻപിൽ നടന്ന പ്രകടനം

രക്ഷാസമിതിയിലെ പ്രമേയം റിപ്പോർട്ട് ലഭിച്ചശേഷം മാത്രം

ഐക്യരാഷ്ട്ര സഭ: യു എൻ ആയുധപരിശോധകൻ ഹാൻസ് ബ്ലിക്സിന്റെ അടുത്ത റിപ്പോർട്ട് ലഭിക്കും മുമ്പ് ഇറാഖിനെതിരെ മറ്റൊരു പ്രമേയം യു എന്നിന്റെ പരിഗണനയ്ക്ക് വരാനിടയില്ലെന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഇറാഖിനെതിരായ യുദ്ധനീക്കം ഊർജ്ജിതമാക്കാൻ അമേരിക്ക മാർച്ച് മധ്യം വരെ കാത്തിരിക്കേണ്ടിവരും. ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം യുദ്ധപ്രഖ്യാപനത്തെ എതിർത്തതും യു എൻ രക്ഷാസമിതി അനുകൂലമായി പ്രതികരിക്കാതിരുന്നതും അമേരിക്കയെ ഒറ്റപ്പെടുത്തിയിരുന്നു. സൈനികനീക്കത്തിന് അന്തിമതീരുമാനം എടുക്കും മുമ്പ് ലോകരാഷ്ട്രങ്ങളുടെ പിന്തുണ നേടാനും അമേരിക്ക ശ്രമിക്കും.

അതിനിടെ യു എൻ രക്ഷാസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട പ്രമേയം അമേരിക്കയും ബ്രിട്ടനും ഇതുവരെ അംഗീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രമേയാവതരണവും അതിന്മേലുള്ള വോട്ടെടുപ്പും ഇനിയും വൈകും. പ്രമേയത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയും സമയവും മാറ്റണമെന്നാണ് അമേരിക്കയുടെ ആവശ്യം.

വൻ നശീകരണായുധങ്ങളെക്കുറിച്ചും ആയുധപരിശോധനയുമായുള്ള ഇറാഖിന്റെ സഹകരണത്തെക്കുറിച്ചുമുള്ള അടുത്ത റിപ്പോർട്ട് ബ്ലിക്സ് ഈ മാസാവസാനമോ മാർച്ച് ആദ്യമോ യു എന്നിൽ സമർപ്പിക്കും. അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ബ്ലിക്സ് സാങ്കേതിക വിദഗ്ധരും ഗവൺമെന്റ് ഉദ്യോഗസ്ഥരും അടങ്ങുന്ന 'കോളെജ് ഓഫ് കമ്മീഷണേഴ്സു'മായി ചർച്ച നടത്തും. അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി തലവനായ മുഹമ്മദ് എൽ ബറദേയിയുടെ റിപ്പോർട്ട് ഏപ്രിൽ 11 നെ ലഭിക്കൂ.

ആയുധ പരിശോധന സംബന്ധിച്ച് നവംബർ എട്ടിന് രക്ഷാസമിതി അംഗീകരിച്ച പ്രമേയം ഇറാഖ് ലംഘിച്ചെന്നതാവും പുതിയ പ്രമേയം. ഇത് ഇറാഖിനെതിരായ സൈനികനീക്കത്തിനുള്ള മറയായി ഉപയോഗിക്കാനാണ് അമേരിക്കയുടെ ശ്രമം.

രക്ഷാസമിതി നിബന്ധനകൾ അംഗീകരിക്കാൻ സദ്ദാം ഹുസൈന് പ്രമേയം സമയപരിധി വെയ്ക്കുമെങ്കിലും ഇതിനു മാത്രം മറ്റൊരു പ്രമേയം അമേരിക്കയും ബ്രിട്ടനും അവതരിപ്പിച്ചേക്കും.

ഇറാഖിനെതിരെയുള്ള അമേരിക്കൻ സൈനീകനീക്കത്തെ പിന്താങ്ങുന്ന ബ്രിട്ടനേയും മറ്റ് യൂറോപ്യൻ രാജ്യങ്ങളേയും സംബന്ധിച്ചിടത്തോളം സൈനികനടപടിക്ക് ഐക്യരാഷ്ട്ര സംഘടനയുടെ പിന്തുണ ലഭ്യമാക്കുക സുപ്രധാനമാണ്.

യുദ്ധത്തിനെതിരെ ലോകവ്യാപകമായി പ്രക്ഷോഭം നടക്കുന്നുണ്ടെങ്കിലും ഐക്യരാഷ്ട്രരക്ഷാസമിതിയിൽ തങ്ങൾക്കനുകൂലമായ നിലപാട് സൃഷ്ടിക്കാനാവുമെന്നാണ് അമേരിക്കയുടെ പ്രതീക്ഷ.

ഇറാഖി ലേഖകനെ പുറത്താക്കിയതിൽ പ്രതിഷേധം

ഐക്യരാഷ്ട്രസഭ: ഇറാഖി വാർത്താ ഏജൻസിയുടെ ഐക്യരാഷ്ട്രസഭാ പ്രതിനിധി മുഹമ്മദ് ഹസ്സൻ അല്ലാവിയെ പുറത്താക്കാനുള്ള അമേരിക്കയുടെ തീരുമാനത്തിൽ ഐക്യരാഷ്ട്ര പത്രലേഖക സമിതി പ്രതിഷേധം രേഖപ്പെടുത്തി.

അദ്ദേഹത്തിനെതിരായ ആരോപണങ്ങൾ വാഷിംഗ്ടൺ പരസ്യപ്പെടുത്തണമെന്ന് സംഘടന അഭ്യർത്

ആറളം ഫാമിനും പൊലീസ് സ്റ്റേഷനും തീവെക്കുമെന്ന് ആദിവാസികൾ

ഇരിട്ടി: മുത്തങ്ങയിലെ സംഭവവുമായി ബന്ധപ്പെട്ട് ആറളത്ത് നിന്നും മുൻകൂർ അറസ്റ്റുചെയ്ത ആദിവാസികളെ വിട്ടയച്ചില്ലെങ്കിൽ ഫാമിനും, പോലീസ് സ്റ്റേഷനും തീവെക്കുമെന്ന് ആദിവാസികൾ.

സംഘടിത ആദിവാസി മേഖലയായ ആറളത്തും പരിസരത്തു നിന്നും പോലീസ് 32 പേരെ അറസ്റ്റ് ചെയ്തിരുന്നു. ഇവരെ വിട്ടയക്കണമെന്നാണ് ആവശ്യം. കൈതക്കൊല്ലി, പുതിയങ്ങാടി, ചെങ്കായത്തോട്, ചേലംവയൽ, വീർപ്പാട്, അമ്പലക്കണ്ടി എന്നീ കോളനികളിൽ നിന്നാണ് ആദിവാസികളെ അറസ്റ്റ് ചെയ്തത്. കൈതക്കൊല്ലിയിൽ അറസ്റ്റിലായ മുത്തു, രാജൻ എന്നീ ആദിവാസികളെ പൊലീസ് മർദ്ദിച്ചതായും പരാതിയുണ്ട്.

തീവെപ്പ് ഭീഷണി ഉയർന്നതോടെ ആറളം ഫാമിലും കനത്ത പൊലീസ് സന്നാഹമുണ്ട്. ഇരിട്ടി സി.ഐ. ബേബിചാൾസ്, ആറളം എസ്.ഐ. എം.വി.കരുണാകരൻ എന്നിവരുടെ നേതൃത്വത്തിൽ അമ്പതിലേറെ പൊലീസുകാർ ഇന്നലെ അതിരാവിലെ മുതൽ ആറളം ഫാമിലെ ഓടന്തോട്, കൈതക്കൊല്ലി കോളനികളിൽ ക്യാമ്പ് ചെയ്തിരുന്നു. ഫാമിനകത്ത് പൊലീസ് പട്രോളിംഗും ഏർപ്പെടുത്തി.

മുത്തങ്ങയിൽ നിന്നും വനാന്തർ ഭാഗത്തെ ഊടുവഴികളിലൂടെ സി.കെ.ജാനുവും കൂട്ടരും ആറളം ഭാഗത്തെത്താനുള്ള സാധ്യതയും പൊലീസ് തള്ളിക്കളയുന്നില്ല. ഈ സാഹചര്യത്തിലാണ് പൊലീസിന്റെ മുൻകരുതൽ.

ആദിവാസി വിമോചന മുന്നണി നേതാക്കളായ അരുവിക്കൽ കൃഷ്ണൻ, ഗോത്രമഹാസഭാ നേതാവ് മുരിങ്ങോടി ഗോപാലൻ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഫാമിൽ ഒളിച്ചിരിക്കുന്നതായും പൊലീസിന് സംശയമുണ്ട്.

ഇരിട്ടി സി.ഐ ബേബി ചാൾസിന്റെ നേതൃത്വത്തിൽ കണ്ണൂർ എ. ആർ ക്യാമ്പിൽ നിന്നും രണ്ടു കമ്പനി പൊലീസ് ഫാമിനുള്ളിലെത്തിയത്.

ഫാമിലെ ഓടത്തോട് കൈതക്കൊല്ലി, വിളക്കോട്, വടക്കിനിയില്ലം, കീഴ്പള്ളി, ചതിരൂർ, നൂറ്റിപ്പത്ത് തുടങ്ങിയ കോളനികളിൽ ആദിവാസി ഗോത്രമഹാ സഭയ്ക്കും മറ്റ് ആദിവാസി സംഘടകൾക്കും സ്വാധീനമുണ്ട്.

മുത്തങ്ങയിലെ കൈയ്യേറ്റത്തിനു മുൻപ് ആദിവാസി സമരങ്ങൾക്ക് ശക്തിയും പിതൃക്കളുടെ അനുഗ്രഹവും തേടി ഗോത്രപൂജ നടത്തിയത് ഈ കോളനികളിലായിരുന്നു.

അതുകൊണ്ടുതന്നെ ജാനുവും കൂട്ടരും തെരഞ്ഞെടുക്കാനിടയുള്ള സുരക്ഷിത സങ്കേതങ്ങളിലൊന്നാണ് ഈ കോളനികളെന്ന് പൊലീസ് കരുതുന്നു.

മുത്തങ്ങയ്ക്കുശേഷം ഭൂമി കൈയേറ്റത്തിനായി ആദിവാസിസമരക്കാർ കണ്ട സ്ഥലവും ആറളമാണ്. ഇതും ഫാമിന്റെ സുരക്ഷ ശക്തമാക്കാൻ കാരണമായിട്ടുണ്ട്.

ആദിവാസി വിമോചന മുന്നണി പ്രഖ്യാപിച്ച ഹർത്താലിനെതുടർന്ന് ഇന്നലെ ഇരിട്ടി ടൗണിലും മറ്റും കനത്ത സുരക്ഷയാണ് പൊലീസ് ഏർപ്പെടുത്തിയത്.

എസ്.ഐ പ്രിൻസ് എബ്രഹാമിന്റെ നേതൃത്വത്തിലുള്ള പട്രോളിങിനു പുറമേ രണ്ട് കമ്പനി ആംഡ് റിസർവ് പോലീസും റോന്തുചുറ്റുന്നുണ്ട്. പ്രധാന റോഡുകൾക്കു പുറമെയുള്ള ഊടുവഴികൾ പോലും പൊലീസിന്റെ നിരീക്ഷണത്തിലാണ്. സായുധരായ വനിതാ പൊലീസും രംഗത്തുണ്ട്.



ബത്തേരി ബസ്റ്റാൻഡിൽ വെച്ച് ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകനെ പൊലീസ് അറസ്റ്റുചെയ്യുന്നു

പ്രശ്നകാരണം സർക്കാരിന്റെ പിടിപ്പുകേട്: ബലരാമൻ

ആലപ്പുഴ: കയ്യേറിയ സമയത്ത് ഒഴിപ്പിക്കാതിരുന്നതാണ് മുത്തങ്ങയിലെ പ്രശ്നങ്ങൾക്ക് വഴിവച്ചതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ഡോ. എസ്. ബലരാമൻ പറഞ്ഞു. സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമത ഇല്ലായ്മയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്ന് ആലപ്പുഴയിൽ പത്രലേഖകരോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പോലീസ് സ്വീകരിച്ച നടപടി ശരിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പോലീസുകാരെ ആക്രമിച്ചപ്പോഴാണ് അവർ തിരിച്ചടിച്ചത്.

ആദ്യം റബ്ബർ ബുള്ളറ്റാണ് ഉപയോഗിച്ചത്. അതു ഫലിക്കാതെ വന്നപ്പോഴാണ് പൊലീസ് വെടിവെച്ചതെന്ന് അദ്ദേഹം പറഞ്ഞു.

ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസി സംഘത്തിന് പീപ്പിൾസ് വാർപോലുള്ള സംഘടനകളുമായി ബന്ധമുണ്ടെന്ന ആരോപണം ശരിയാണെങ്കിൽ സർക്കാർ ഗൗരവമായി വീക്ഷിക്കണമെന്നും മനുഷ്യാവകാശ ലംഘനം വരാത്തരീതിയിൽ ഇവർക്കെതിരെ കർശന നടപടി എടുക്കണമെന്നും അദ്ദേഹം പറഞ്ഞു.



പൊലീസ് അക്രമത്തിൽ പരിക്കേറ്റ മാരി ബത്തേരി സർക്കാർ ആശുപത്രിയിൽ

സംഭവം വഷളാക്കിയത് സർക്കാർ

കോഴിക്കോട്: മുത്തങ്ങ സംഭവം ഇത്രയും വഷളാക്കിയത് സർക്കാറിന്റെ ഭരണ വൈകല്യവും കെടുകാര്യസ്ഥതയാണെന്ന് വിവിധ സംഘടനകൾ കുറ്റപ്പെടുത്തി. മുത്തങ്ങയിലേതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സത്വര നടപടി കൈകൊള്ളണമെന്ന് സമതാ പാർട്ടി സംസ്ഥാന സെക്രട്ടറി ജനറൽ കെ എസ് ഉണ്ണിയും എച്ച് എം കെ പി സംസ്ഥാന പ്രസിഡണ്ട് പരമേശ്വരൻ മുതുവനത്തറയും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. മുത്തങ്ങയിൽ ആദിവാസികളെ കൂട്ടക്കൊല നടത്തിയതിൽ സമാജവാദി ജന പരിഷത്ത് സംസ്ഥാന സമിതി പ്രതിഷേധിച്ചു. ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിൽ മാറിമാറി ഭരിച്ച ഇരുമുന്നണികളും പരാജയപ്പെട്ടു. ആദിവാസികൾക്കവകാശപ്പെട്ട ഭൂമി പെട്ടെന്ന് വിതരണം ചെയ്ത് പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കണമെന്ന് സംഘടനയുടെ പ്രസിഡണ്ട് അഡ്വ. വിനോദ് പയ്യട, ജനറൽ സെക്രട്ടറി സുരേഷ് നരിക്കുനി എന്നിവർ ആവശ്യപ്പെട്ടു. മുത്തങ്ങയിലെ അനിഷ്ട സംഭവങ്ങൾക്ക് ഉത്തരവാദി ഗവൺമെന്റിനാണെന്ന് അസോസിയേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ആരോപിച്ചു.

എക്സിക്യൂട്ടിവ് യോഗത്തിൽ എ എച്ച് ആർ ചെയർമാൻ അഡ്വ മഞ്ചേരി സുന്ദർരാജ്, ജനറൽ സെക്രട്ടറി ഡോ ബോസ് കൊട്ടപ്പും, സെക്രട്ടറി രാജൻ പള്ളത്ത്, വി ഉണ്ണികൃഷ്ണൻ, ഡോ എൻ ബിജു, പി പി സെയ്തലവി, രമേഷ് ബാബു എന്നിവർ സംസാരിച്ചു.

ആദിവാസികൾ ബലിയാടുകളായി: സുഗതകുമാരി

തിരുവനന്തപുരം: പ്രബലൻമാർ ഏതോ താല്പര്യങ്ങൾ മുൻ നിർത്തി ആദിവാസികളെ ബലിയാടാക്കുകയായിരുന്നുവെന്ന് സംശയിക്കുന്നതായി കവയത്രി സുഗതകുമാരി വർത്തമാനത്തോടു പറഞ്ഞു.

കൊല്ലപ്പെട്ട ആദിവാസികളെച്ചൊല്ലി നാട് ദുഃഖിക്കുന്നു. പക്ഷേ അവരെ കൊല്ലിച്ചതാരാണെന്ന ചോദ്യം ബാക്കി നിൽക്കുന്നു.

കൊല്ലപ്പെട്ട പോലീസുകാരനും ഒരു കുടുംബത്തിന്റെ പ്രിയപ്പെട്ടവനായിരുന്നുവെന്ന ഓർമ്മ എല്ലാവർക്കുമുണ്ടായിരിക്കണം. ജാനുവിൽ നിന്ന് നല്ല പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചിരുന്ന എന്റെ മനസ്സിൽ ഇന്നുള്ളത് ദുഃഖവും നിരാശയും മാത്രം അവർ പറഞ്ഞു. വനഭൂമി കയ്യേറുവാനും ആളുകളെ ബന്ദികളാക്കി വിലപേശുവാനും അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും വഴിതെളിക്കാനും ആദിവാസി കാരണക്കാരായിക്കൂടാ. ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ അവരുടെ ഭാവി താല്പര്യങ്ങൾക്കുതന്നെ ദോഷകരമായിത്തീർന്നിരിക്കുന്നു.

ഏറ്റവുമധികം ചൂഷിതരും ദുഃഖിതരുമായ ആദിവാസികളാണ് ഇങ്ങനെയൊരനുഭവമുണ്ടായത് നിർഭാഗ്യകരമായിപ്പോയി സുഗതകുമാരി പറഞ്ഞു.

മുത്തങ്ങയിൽ ആദിവാസികളുമായി പോലീസ് ഏറ്റുമുട്ടാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പി.പി. മുകുന്ദൻ ആവശ്യപ്പെട്ടു.

തൃശൂർ പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനത്തിലാണ് ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി ഈ ആവശ്യം ഉന്നയിച്ചത്.

സർക്കാർ അലംഭാവം, ആദിവാസികളുടെ ആക്രമണം, പോലീസ് വെടിവയ്പ്, ഫോറസ്റ്റ് വകുപ്പിന്റെ അനാസ്ഥ തുടങ്ങിയവയെല്ലാം അന്വേഷണ വിധേയമാകണമെന്ന് മുകുന്ദൻ പറഞ്ഞു.

സെക്രട്ടേറിയേറ്റിനു മുന്നിൽ ആദിവാസികൾ കുടിൽ കെട്ടിയ അവസരത്തിൽ തന്നെ സമരത്തിന്റെ ഗതിമാറിയിരുന്നു. ഇത് ഇന്റലിജൻസ് വകുപ്പിന്റെ റിപ്പോർട്ട് തള്ളിക്കളഞ്ഞതിന്റെ ഫലമായിരിക്കാം.

മുത്തങ്ങയിലേക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയുധപരിശാലകർ നുഴഞ്ഞുകയറി എന്നും കോഴിക്കോടെ ചില പി.ഡി.പി. നേതാക്കൾ ആദിവാസി സമരക്കാർക്ക് ഭക്ഷണമെത്തിച്ചിരുന്നുവെന്നും മുകുന്ദൻ ആരോപിച്ചു.

ആദിവാസി സമരത്തിനു പിറകിൽ സോളിഡാരിറ്റി എന്ന സംഘടന ഉള്ളതായി നേരത്തെ പ്രചാരമുണ്ടായിരുന്നു എന്നു പറഞ്ഞ മുകുന്ദൻ ജാനുവിന്റെ സമരമുറയെ ബി.ജെ.പി. അംഗീകരിക്കുന്നില്ലെന്നും വ്യക്തമാക്കി. പത്ര സമ്മേളനത്തിൽ ബി.ജെ.പി. ജില്ലാ പ്രസിഡണ്ട് ശ്രീശൻ അടിയാട്ടും പങ്കെടുത്തു.

'പോരാട്ടം തുടരും'

സുൽത്താൻ ബത്തേരി: ഞങ്ങ ഇനിയും പോരാടും; ഞങ്ങ മക്കളു ബേണ്ടി പോരാടും: കയ്യിലും തലയിലും ബാന്റേജിട്ട് മേലാസകലം കോവിവരഞ്ഞ അടയാളങ്ങളുമായി സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ കഴിയുന്ന പയ്യംപള്ളി ഗുളികൻ പറഞ്ഞു. ഊരു സമിതി അംഗമായ ഗുളികൻ ഇനിയും സമര രംഗത്തിറങ്ങാൻ തയ്യാർ. പോലീസുകാർ തങ്ങളെ വളഞ്ഞുവെച്ച് തല്ലുകയായിരുന്നുവെന്ന് പറഞ്ഞ ഈ ആദിവാസി യുവാവ് സർക്കാർ എന്തെങ്കിലും തീരുമാനമെടുക്കുന്നതുവരെ സമരത്തിൽ നിന്ന് പിന്മാറില്ലെന്ന് പറഞ്ഞു. അഞ്ചേക്കർ ഭൂമി തങ്ങൾക്ക് നൽകുമെന്ന് പറഞ്ഞ് സർക്കാർ അത് നൽകാതെ വഞ്ചിച്ച് ഇപ്പോൾ മർദ്ദിക്കുന്നത് നീതിയല്ലെന്ന് ഗുളികൻ പറഞ്ഞു.

നേതാക്കന്മാർ ആക്രമണസമയത്ത് അവിടെ ഉണ്ടായിരുന്നില്ല. മരിക്കുമെന്ന് ഉറപ്പുള്ളതിനാൽ തല്ലുകൊള്ളാൻ നിലത്ത് കിടന്നുകൊടുക്കുകയായിരുന്നു. പോലീസ് തങ്ങൾക്കെതിരെ നീങ്ങുന്നുവെന്ന് മുമ്പെ അറിയാമായിരുന്നു. യുവാവ് പറഞ്ഞു.

ബീനയാണ് തന്റെ ഭാര്യയെന്നും അനില എന്ന മകളുമുണ്ടെന്നും. പറഞ്ഞ ഗുളികൻ അവരെപറ്റി ഇപ്പോൾ യാതൊരു വിവരവുമില്ലെന്ന് പറഞ്ഞു.

31 പേരോളം പ്രവേശിപ്പിക്കപ്പെട്ട താലൂക്കാശുപത്രിയിലെ ഒരു വാർഡിൽ ഭൂരിഭാഗം പേർക്കും തലയ്ക്കും കാലുകൾക്കുമാണ് പരിക്കുള്ളത്.

സർക്കാറിന്റെ പരാജയം: സി പി എം

സുൽത്താൻ ബത്തേരി: മുത്തങ്ങയിലെ വനഭൂമി കയ്യേറിയ ആദിവാസികളെ പുറത്താക്കുന്നതിൽ ജില്ലാ ഭരണകൂടവും പോലീസും പരാജയപ്പെട്ടതാണ് സംഭവങ്ങൾ വഷളാവാൻ കാരണമെന്ന് സി പി എം ജില്ലാ സെക്രട്ടറി പി എ മുഹമ്മദ് പറഞ്ഞു. താലൂക്കാശുപത്രിയിൽ പത്രലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തുടക്കത്തിലെ ഓപ്പറേഷൻ പെട്ടെന്ന് നിർത്തിവെച്ചത് പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കുകയായിരുന്നു.

കലക്ടറും എസ് പിയുമടങ്ങുന്ന സംഘത്തെയാണ് ആദിവാസികൾ മണിക്കൂറുകളോളം വട്ടം കറക്കിയത്. കഴിഞ്ഞ ദിവസം വരെ വനം കയ്യേറിയ ആദിവാസികൾക്ക് വേണ്ട ഒത്താശകൾ ചെയ്യാനായിരുന്നു ഭരണകൂടം ശ്രമിച്ചത്.

ഒരു മന്ത്രിയുടെ വകുപ്പിൽ നിന്ന് കയ്യേറ്റഭൂമിയിലെ ആദിവാസികൾക്ക് മരുന്നും ഭക്ഷണവും നൽകുക വരെ ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: നിയമം കയ്യിലെടുക്കാനും സായുധസമരം നടത്താനും ആരെയും അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി നിയമസഭയിൽ പറഞ്ഞു.

സി.പി.എം. നിയമസഭാകക്ഷി ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ അടിയന്തിരപ്രമേയത്തിന് വിശദീകരണം നൽകുകയായിരുന്നു അദ്ദേഹം.

ജനുവരി അഞ്ചിന് 800 ആദിവാസി ഗോത്രസഭ പ്രവർത്തകർ, നിയമവിരുദ്ധമായി സംരക്ഷിതവനത്തിൽ പ്രവേശിച്ച് സ്വയംഭരണം പ്രഖ്യാപിച്ചതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. പൊൻകുഴി, തകരപ്പാടി, അമ്പുകുത്തി എന്നിവിടങ്ങളിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ച ആദിവാസികൾ ഫോറസ്റ്റ് ഗാർഡുകൾ പ്രവേശിക്കുന്നത് തടയുകയും ചെയ്തു. കഴിഞ്ഞ തിങ്കളാഴ്ച ആദിവാസികൾ വനം വകുപ്പുദ്യോഗസ്ഥന്മാരടക്കം 21 പേരെ ബന്ദികളാക്കി. ചർച്ചകൾക്കുശേഷം അവരെ അടുത്ത ദിവസം വിട്ടയച്ചു.

മാനന്തവാടി, കല്പറ്റ ഡിവൈ.എസ്. പി.മാരുടെ നേതൃത്വത്തിൽ അവരെ ഒഴിപ്പിക്കാൻ ബുധനാഴ്ച ചെന്ന പോലീസ് സംഘത്തെ കോടാലി, വാൾ, അരിവാൾ തുടങ്ങിയ ആയുധങ്ങൾ കൊണ്ട് ആദിവാസികൾ ആക്രമിച്ചു.

ഉച്ചയ്ക്കുശേഷം അവർ ഒരു കോൺസ്റ്റബിളിനെയും വനംവകുപ്പുദ്യോഗസ്ഥനെയും ബന്ദികളാക്കി. പോലീസ് മുന്നോട്ടുനീങ്ങിയാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ബന്ദികളെ മൃഗീയമായി ആക്രമിക്കുകയായിരുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മറ്റു വഴികളൊന്നുമില്ലാതെ വന്നപ്പോൾ പോലീസ് കണ്ണീർവാതകം പ്രയോഗിക്കുകയും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ ഉത്തരവ് പ്രകാരം 15 ചുറ്റ് വെടി ഒവയ്ക്കുകയും ചെയ്തു. പതിമൂന്ന് പൊലീസുകാർക്കും ഒരു വനംവകുപ്പ് ഉദ്യോഗസ്ഥനും 31 ആദിവാസികൾക്കും പരിക്കേറ്റു. ഏറ്റുമുട്ടലിൽ തടവുകാരനായി പിടിക്കപ്പെട്ട ഒരു കോൺസ്റ്റബിളും ഒരു ഗോത്രമഹാസഭാ പ്രവർത്തകനും മരിച്ചു. വീണ്ടും അക്രമം ഉണ്ടാകുന്നത് തടയാൻ ശക്തമായ പോലീസ് സംഘത്തെ സ്ഥലത്ത് വിന്യസിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്രസർക്കാരടക്കം വിവിധ കേന്ദ്രങ്ങളിൽ നിന്ന് മുത്തങ്ങയിൽ വനഭൂമി കയ്യേറിയ ആദിവാസികളെ പുറത്താക്കാൻ സമ്മർദ്ദമുണ്ടായിട്ടും അവരുടെ ആവശ്യങ്ങളോട് അനുഭാവമുണ്ടായിരുന്നതുകൊണ്ടാണ് കടുത്തനടപടികൾക്ക് മുതിരാതിരുന്നത്. കേന്ദ്രമന്ത്രി ടി.ആർ. ബാലു, കയ്യേറ്റക്കാരെ ഉടൻ ഒഴിപ്പിക്കണമെന്ന് സർക്കാരിനെഴുതിയിരുന്നു. പരിസ്ഥിതി പ്രവർത്തകരും ഇതേ ആവശ്യം ഉന്നയിച്ചു. നടപടികൾ വൈകിച്ച് സർക്കാർ പലതവണ ആദിവാസികളുമായി ചർച്ച നടത്തി. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളോടുള്ള അങ്ങേയറ്റത്തെ പരിഗണന മൂലമായിരുന്നു ഇത്. അതിനെ ദൗർബല്യമായി കാണരുത്. മറ്റൊരു സർക്കാരും ഇത്തരമൊരു ഉദാരനയം സ്വീകരിച്ചിട്ടില്ല. സർക്കാർ 1747 ഏക്കർ ഭൂമി 843 ആദിവാസി കുടുംബങ്ങൾക്കായി കഴിഞ്ഞ വർഷം നൽകുകയും അവർക്ക് കൃഷിസഹായമായി 5.552 കോടി രൂപ നൽകുകയും ചെയ്തു. മാസങ്ങൾക്കകം 1840 ഏക്കർ ഭൂമി വിതരണത്തിന് തയ്യാറായിട്ടുണ്ട്. കണ്ണൂരിലെ ആറളം ഫാമിലെ 7000 ഏക്കറിൽ പകുതി ഭൂമി ആദിവാസികൾക്ക് നൽകും.

അക്രമത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും പാത സ്വീകരിച്ചാൽ ശക്തമായ നടപടി സ്വീകരിക്കും. സായുധ കലാപം സർക്കാർ അനുവദിക്കില്ല. മുഖ്യമന്ത്രി പറഞ്ഞു.



പൊലീസ് ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ ഇന്ദുക്കുട്ടി, കാളൻ, രാജു എന്നിവർ ബത്തേരി ആശുപത്രിയിൽ

നല്ല വായനക്കാർ നല്ല ബന്ധങ്ങൾ

ഏറെ പുതുമകളും വൈവിധ്യങ്ങളും ഇടകലർന്ന വർത്തമാനം വൈവാഹിക പംക്തി മാർച്ച് മാസം 2-ാം തിയ്യതി, ഞായറാഴ്ച മുതൽ ആരംഭിക്കുകയാണ്. നല്ല വായനക്കാർ നല്ല ബന്ധങ്ങൾ എന്ന വർത്തമാനം വൈവാഹികപംക്തിയിലേക്ക് പരസ്യങ്ങൾ ക്ഷണിക്കുന്നു. നിബന്ധനകൾ ചുവടെ കൊടുക്കുന്നു.

- പതിനഞ്ച് വാക്കുകൾ ഉൾക്കൊള്ളുന്ന ഒരു പരസ്യത്തിന് ഇന്ത്യയിലെവിടെയും തപാൽ മാർഗം എത്തിക്കുന്നതിന് ബോക്സ് ചാർജ്ജടക്കം 180 രൂപയും വിദേശ രാജ്യങ്ങളിലേക്ക് 290 രൂപയുമാണ് പരസ്യ നിരക്ക്. അധികം വരുന്ന ഓരോ വാക്കിനും 10 രൂപ വീതം കൂടുതലായി അയച്ചുതരണം.
- 3 ആഴ്ചക്കുള്ളിൽ വരുന്ന മറുപടി കത്തുകൾ യഥാസമയം പരസ്യദാതാക്കളുടെ പേരിലയച്ചുതരുന്നതാണ്. ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങണമെന്നാഗ്രഹിക്കുന്നവർക്ക് അപ്രകാരം ചെയ്യാവുന്നതാണ്.
- പരസ്യമാറ്ററും മേൽവിലാസവും വ്യക്തമായി എഴുതുക.
- ഫോട്ടോകളും മറ്റു വിവരങ്ങളും കൈമാറിയ ശേഷം വരുന്ന പരാതികൾക്ക് മാനേജ്മെന്റ് ഉത്തരവാദിയാകുന്നതല്ല.
- വൈവാഹികപംക്തിയിലൂടെ പരസ്യം ചെയ്യുക, അതിന് വരുന്ന മറുപടികൾ അയച്ചു കൊടുക്കുക എന്നതിൽ കവിഞ്ഞ് മാനേജ്മെന്റിന് മറ്റു ബാധ്യതകളൊന്നും ഇക്കാര്യത്തിലില്ല.
- പരസ്യതുക ഓഫീസിൽ നേരിട്ടോ മണി ഓർഡർ/ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിലോ അടയ്ക്കാം. ചെക്കാണെങ്കിൽ ബാങ്ക് ക്ലിയറൻസിന് ശേഷമേ പരസ്യം പ്രസിദ്ധീകരിക്കുകയുള്ളൂ. ഒട്ട് സ്റ്റേഷൻ ചെക്കിന് കളക്ഷൻ ചാർജ് ചേർത്തയക്കേണ്ടതാണ്.
- പരസ്യമാറ്ററുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. പ്രായപൂർത്തിയാകാത്തവരുടെ പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല. ഇത് സംബന്ധമായി മറ്റ് കത്തിടപാടുകൾ നടത്തുന്നതല്ല.
- ഞായറാഴ്ചകളിൽ പ്രസിദ്ധീകരിക്കുന്ന വർത്തമാനം വൈവാഹിക പംക്തി പരസ്യങ്ങൾ വെള്ളിയാഴ്ചവരെ സ്വീകരിക്കുന്നതാണ്.
- വർത്തമാനം പത്രം ഏജന്റുമാർ, ന്യൂസ് ബ്യൂറോ, പ്രാദേശിക ലേഖകർ, എന്നിവർ കൂടാതെ തപാൽമാർഗവും ഓഫീസിൽ നേരിട്ടും പരസ്യം സ്വീകരിക്കുന്നതാണ്.

നല്ല വായനക്കാരിലൂടെ നല്ല വൈവാഹികബന്ധങ്ങൾ ഉണ്ടാകുവാൻ വർത്തമാനം വൈവാഹികപംക്തിയിൽ പരസ്യം ചെയ്യുക. കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ബന്ധപ്പെടുക

മാർക്കറ്റിങ്ങ് മാനേജർ (പരസ്യം)

വർത്തമാനം ദിനപത്രം

ചാലപ്പുറം പോസ്റ്റ്, കോഴിക്കോട്-673002

ഫോൺ: 0495-2304555, 230456, ഫാക്സ്: 2300507

'പൊലീസ് തെളിക്കുന്നിടത്തേക്ക് ഞങ്ങൾ പോകും'

എബി തരകൻ

സുൽത്താൻ ബത്തേരി: കിടപ്പാടം അഗ്നിക്കിരയായതോ, ഒരു ഭരണകൂടം മുഴുവൻ ശത്രുതയോടെ നോക്കുന്നതോ, പത്രത്താളുകളിൽ മലയാളി ആദിവാസിനാമങ്ങൾ തിരയുന്നതോ ഇവർക്കറിയില്ല.

വിനീതയും വിഷ്ണുവും അക്ഷരം പഠിച്ചുതുടങ്ങിയതേയുള്ളൂ. മുത്തങ്ങ വനത്തിൽ ആദിവാസി ഗോത്രമഹാസഭയുടെ അംഗനവാടിയിലെ വിദ്യാർത്ഥികളായിരുന്നു ഇവർ.

ഇപ്പോൾ ഇവരുടെ കണ്ണുകളിൽ ഭീതിയും വാക്കിൽ വേദനയും കരച്ചിലും മാത്രമേയുള്ളൂ.

സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ പൊലീസ് മർദ്ദനമേറ്റ മറ്റനേകം ആദിവാസികളോടൊപ്പം ഇവരും വേദന തിന്നുന്നു.

വിഷ്ണുവിന്റെ തലക്കാണ് ലാത്തികൊണ്ട് അടിയേറ്റത്. കാലിൽ മർദ്ദനമേറ്റ വിനീത വേദന കൊണ്ട് കരയുകയാണ്. മാധ്യമപ്രവർത്തകരും പൊലീസുകാരും കൂട്ടിലടച്ച മൃഗങ്ങളെ കാണുന്ന കൗതുകത്തോടെ ഇവരെ നോക്കുകയാണ്. വിനീതയുടെയും വിഷ്ണുവിന്റെയും അമ്മ ലത പറയുന്നു. " മുത്തങ്ങയിൽ വന്നാൽ ഞങ്ങൾക്ക് ഭൂമികിട്ടുമെന്ന് പറഞ്ഞു. മക്കളെ പഠിപ്പിക്കാമെന്ന് പറഞ്ഞു. അല്ലെങ്കിൽ ഇവരുടെ ഭാവി നോക്കാൻ ആരാണുള്ളത്." മരണത്തെ മുന്നിൽ കണ്ട നിമിഷത്തെ പറ്റി ശാന്തി വിവരിച്ചു. "ഞങ്ങൾ കുടിലിൽ വെറുതേയിരിക്കുകയായിരുന്നു.പൊലീസിനെ തല്ലാനൊന്നും ഞങ്ങൾ പോയില്ല. അപ്പോഴേക്കും ഭയങ്കരബഹളമായി. തോനെ പൊലീസുകാർ പാഞ്ഞുവന്നു. ഞങ്ങളെ ഭയങ്കരമായി അടിച്ചു."

പൊലീസ് മർദ്ദനത്തിൽ പരിക്കേറ്റ ശാന്തിയും ലതയും നമ്പിക്കൊല്ലിയിൽ നിന്നാണ് മുത്തങ്ങയിൽ എത്തിയത്. സി കെ ജാനു നമ്പിക്കൊല്ലിയിൽ എത്തി ആവശ്യപ്പെട്ടതനുസരിച്ചാണ് അവിടുത്തെ പണിയഗോത്രക്കാർ മുത്തങ്ങയിലെത്തിയത്.

നാല്പതുകാരനായ അപ്പുവിന്റെ അവസ്ഥ അതിദയനീയമാണ്. "എന്റെ ഇടതുകാൽ പോലീസ് തല്ലിയൊടിച്ചു. അതിനുശേഷം എഴുന്നേറ്റുനടക്കാൻ പറഞ്ഞു. നടക്കാൻ വയ്യാതായ എന്നെ വലിച്ചിഴച്ച് ആശുപത്രിയിലിട്ടു." മുത്തങ്ങയിൽ സംഘർഷം ഉണ്ടാവുമെന്ന് സ്വപ്നത്തിൽ പോലും കരുതിയില്ലെന്ന് അപ്പു പറയുന്നു.

'ഇനി എവിടേക്ക്' എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ആർക്കും കഴിയുന്നില്ല. "പൊലീസ് കൊണ്ടുപോകുന്നിടത്തേക്ക് പോകും." എന്ന് ശാന്തി.

സ്വന്തമായി ഒരു തുണ്ട് മണ്ണുപോലുമില്ലാത്ത ഇവരുടെ പ്രതീക്ഷകൾ അസ്തമിച്ചുതുടങ്ങിയിരിക്കുന്നു.



പൊലീസുകാരുടെ ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് അമ്മ ലതയ്ക്കൊപ്പം ബത്തേരി ആശുപത്രിയിൽ കഴിയുന്ന വിഷ്ണുവും വിനീതയും

സ്നേഹിത
സ്ത്രീകൾക്ക് പുതുമയാർന്ന ഒരു പ്രസിദ്ധീകരണം

FOUNDER EDITOR: K. SUKUMARAN B.A.

കേരളകൗമുദി

www.keralakaumudi.com

മലയാള സിനിമയുടെ കണ്ണാടി
വെള്ളിനക്ഷത്രം
മലയാളത്തിലെ ഏറ്റവും നല്ല സിനിമാവാരിക

Published from Thiruvananthapuram, Kollam, Alappuzha, Kottayam, Kochi, Kozhikode, & Bangalore ■ കോഴിക്കോട് ■ 2003 ഫെബ്രുവരി 21 വെള്ളി ■ വില 3 രൂപ 25 പൈസ ■ പേജ് 12



പൊലീസുമായുള്ള ഏറ്റുമുട്ടലിനെ തുടർന്ന് കാട്ടിനുള്ളിലേക്ക് പിൻവാങ്ങിയ ആദിവാസികളെ പിടികൂടാൻ അമ്പൂത്തിമലയിലേക്ക് നീങ്ങുന്ന പൊലീസ് സംഘം (ഫോട്ടോ: പി.ജെ.ഷെല്ലി)

മരണസംഖ്യയെക്കുറിച്ച് ഇപ്പോഴും അഭ്യൂഹം

പ്രദീപ് മാനന്തവാടി

മുത്തങ്ങ(വയനാട്): മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസികളെ തുരത്താനുള്ള പൊലീസ് വെടിവെപ്പിൽ എത്രപേർ മരിച്ചുവെന്ന കാര്യത്തിലുള്ള അഭ്യൂഹങ്ങൾക്ക് ശമനമായില്ല. ബുധനാഴ്ച വൈകീട്ട് പൊൻകുഴിയിൽ മുന്നൂറോളം വരുന്ന ആദിവാസികൾക്ക് നേരെ പൊലീസ് നടത്തിയ വെടിവെപ്പിൽ അഞ്ചോ അധിലധികമോ ആദിവാസികൾ മരിച്ചിട്ടുണ്ടാവാമെന്നാണ് ഇപ്പോഴും നിലനിൽക്കുന്ന സംശയം. എന്നാൽ, കാട്ടിൽ നടത്തിയ തിരച്ചിലിൽ മൃതദേഹങ്ങളൊന്നും കണ്ടെത്താനായില്ലെന്നാണ് പൊലീസ് പറയുന്നത്. പൊലീസിന്റെ ഈ വെളിപ്പെടുത്തൽ അധികമാരും വിശ്വസിക്കുന്നില്ല. മൃതദേഹങ്ങൾ പൊലീസ് രഹസ്യമായി നീക്കം ചെയ്തിട്ടുണ്ടാവാമെന്നാണ് പൊതുവെയുള്ള വിശ്വാസം.

ഇന്നലെ പൊലീസ് വെടിവെപ്പ് നടത്തുമ്പോൾ സ്ത്രീകളും കുട്ടികളുമടക്കം മുന്നൂറോളം പേരാണ് ആദിവാസി സംഘത്തിലുണ്ടായിരുന്നത്. 18 റൗണ്ട് വെടി ഉതിർത്തതായി ബുധനാഴ്ച വൈകീട്ട് മാധ്യമപ്രവർത്തകരോട് സംസാരിച്ച ഉത്തരമേഖലാ ഡി. ഐ. ജി. എൻ. ശങ്കർ റെഡ്ഡി വെളിപ്പെടുത്തിയിരുന്നു. എന്നാൽ ആൾക്കൂട്ടത്തിന് നേരെ ഇത്രയും ചുറ്റ് വെടിവെച്ചിട്ടും ഒരാൾ മാത്രമേ മരിച്ചുള്ളൂ എന്ന പൊലീസിന്റെ അവകാശവാദം ജനം തള്ളിക്കളയുന്നു. വെടിവെപ്പ് സമയത്ത് തൊട്ടടുത്ത് ഉണ്ടായിരുന്ന മാധ്യമപ്രവർത്തകരിൽ പലരും ആദിവാസികൾ വെടിയേറ്റ് വീഴുന്നത് നേരിൽ കണ്ടതാണ്. ഇവരുടെ ചിത്രങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വെടിയേറ്റ് വീണവരുടെ പടങ്ങൾ എടുക്കുമ്പോൾ മാധ്യമപ്രവർത്തകരെ പൊലീസ് അടിച്ചോടിച്ചതും സംശയം ബലപ്പെടുത്തുന്നു. ദാരുണമായി വീണുകിടക്കുന്ന ആദിവാസികളുടെ ചിത്രം അടിച്ചുവന്നാൽ സേനക്ക് കളങ്കമുണ്ടാക്കും എന്നതിനാലാണ് പൊലീസ് മാധ്യമപ്രവർത്തകരെ ഉടൻ തന്നെ ആട്ടിയകറ്റിയത്. വെടിയേറ്റ പരിക്കുകളുമായി ആദിവാസികളെ ആരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുമില്ല.

വെടിവെപ്പിന് ശേഷം ആളൊഴിഞ്ഞ മുത്തങ്ങ വനപ്രദേശം പൂർണ്ണമായും പൊലീസിന്റെ അധീനതയിലായിരുന്നു. വനപ്രദേശത്തി

(ശേഷം 3-ാം പേജ് കോളം 1)

മുത്തങ്ങയിൽ കയ്യേറ്റക്കാരെ പൂർണ്ണമായും ഒഴിപ്പിച്ചു

കെ. ടി. ശേഖരൻ

മുത്തങ്ങ(വയനാട്): മുത്തങ്ങ വന്യജീവി സങ്കേതം കയ്യേറി കുടിൽ കെട്ടിയ ആദിവാസികളെ പൊലീസ് പൂർണ്ണമായും തുരത്തി. വനത്തിൽ അവശേഷിക്കുന്ന ആദിവാസികൾക്കും കഴിഞ്ഞ ദിവസം നടന്ന വെടിവയ്പിൽ മരിച്ചിട്ടുണ്ടാവാമെന്ന് കരുതിയ ആദിവാസികളുടെ മൃതദേഹങ്ങൾക്കും വേണ്ടി ഇന്നലെ കാട്ടിൽ നടന്ന വ്യാപകമായ തിരച്ചിലിൽ പൊലീസ് സേനയ്ക്ക് ഒന്നും കണ്ടെത്താനായില്ല.

[illegible] ണ്ടായ പൊലീസ് നടപടിയെത്തുടർന്ന് ഒരു ആദിവാസിയും ഒരു പൊലീസുകാരനും മാത്രമേ മരിച്ചിട്ടുള്ളൂ എന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ പറഞ്ഞു.

ആദിവാസികളെ കാട്ടിൽ നിന്ന് തുരത്തിയതായി ഉത്തരമേഖലാ ഐ. ജി. വേണുഗോപാൽ കെ. നായർ പറഞ്ഞു. വെടിവയ്പിൽ, മരിച്ച ആദിവാസിയെ കൂടാതെ മറ്റാരും മരിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ, [illegible] സികൾ മരിച്ചിട്ടുണ്ടെന്നും മൃതദേഹങ്ങൾ പൊലീസ് ആരുമറിയാതെ നീക്കം ചെയ്യുകയായിരുന്നുവെന്നും വ്യാപകമായി അഭ്യൂഹം പരന്നിട്ടുണ്ട്.

കാട്ടിൽ ബുധനാഴ്ച രാത്രിയിൽ ശേഷിച്ചിരുന്ന ആദിവാസി സംഘം കർണ്ണാടക വനത്തിലേക്ക് പിൻവലിഞ്ഞിട്ടുണ്ടാവാമെന്നാണ് കരുതുന്നത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 240 ആദിവാസികളെ പൊലീസ് കസ്റ്റഡിയി[illegible] വിലെ ബസ്സുകളിലും മറ്റും കയറി രക്ഷപ്പെടാൻ ശ്രമിച്ച ആദിവാസികളിൽ ചിലരും പൊലീസിന്റെ പിടിയിലായിട്ടുണ്ട്.

ഇന്നലെ രാവിലെ എട്ട് മണിയോടെ പൊൻകുഴിയിൽ നിന്നാണ് പൊലീസിന്റേയും വനംവകുപ്പിന്റേയും സംയുക്ത സേന തിരച്ചിലിന് തുടക്കം കുറിച്ചത്. ബുധനാഴ്ച വൈകിട്ട് പൊൻകുഴിയുടെ ഉൾപ്രദേശത്ത് വച്ചുണ്ടായ വെടിവയ്പിലാണ് ജോഗി[illegible] ദിവാസികൾ ബന്ദിയാക്കിയ വിനോദ് എന്ന പൊലീസുകാരനെ വെട്ടിക്കൊല്ലുകയും ചെയ്തിരുന്നു. വിനോദിനോടൊപ്പം ബന്ദിയാക്കിയ ഫോറസ്റ്റർ സി. കെ. ശശിധരനെ, പൊലീസ് വെടിവയ്പു തുടങ്ങിയതോടെ ഉപേക്ഷിച്ച് കടന്നുകളയുകയായിരുന്നു ആദിവാസികൾ.

ഇവിടെ ആദിവാസികൾ തമ്പടിച്ചിരുന്ന വലിയ കൂടാരം ഇന്നലെ രാവിലെ പൊലീസ് തീവച്ച് [illegible] ണിയായുധങ്ങളും പാത്രങ്ങളും വസ്ത്രങ്ങളും ഇവിടെ ഉണ്ടായിരുന്നു. ഗോത്രമഹാസഭയുടേതായ ഐഡന്റിറ്റി കാർഡുകളും കുറിപ്പുകളും ഇവിടെ നിന്ന് പൊലീസ് കണ്ടെടുത്തു.

പൊൻകുഴിയിൽ നിന്ന് നേരെ ഉള്ളിലേക്ക് കടന്ന് തിരച്ചിൽ നടത്തിയ സായുധ സേനയ്ക്ക് ആദിവാസികളെയൊന്നും കണ്ടെത്താനായില്ല. തകരപ്പാടി മേഖലയും അരിച്ചുപെറുക്കിയ സേ[illegible] ത്തി മടങ്ങി.

രണ്ടാം ഘട്ടം തിരച്ചിൽ ഉച്ചയ്ക്ക് ഒരു മണിയോടെ അമ്പുകുത്തിയിൽ നിന്ന് തുടങ്ങി. വനപാലകരും പൊലീസും ചേർന്ന് രണ്ട് ഗ്രൂപ്പുകളായാണ് ഇവിടെ തിരച്ചിലിനിറങ്ങിയത്. രാവിലെ ഇതുവഴി ആദിവാസി സംഘം കടന്നുപോവുന്നത് കണ്ടു എന്ന അറിയിപ്പിനെ തുടർന്നായിരുന്നു ഈ തിരച്ചിൽ. ഇവിടേയും ആദിവാസികളെ കണ്ടെത്താനാവാതെ [illegible]

ഇന്നലെ മുത്തങ്ങ വനത്തിൽ നടന്ന തിരച്ചിലിന് ഉത്തരമേഖലാ ഐ. ജി. വേണുഗോപാൽ കെ. നായർ, ഇന്റലിജൻസ് ഐ. ജി. വിൻസൻ എം. പോൾ, ഉത്തരമേഖലാ ഡി. ഐ. ജി. എൻ. ശങ്കർ റെഡ്ഡി, ഡിവൈ. എസ്. പി. മാരായ സുരേഷ് രാജ് പുരോഹിത്, കാശ്യപ് തുടങ്ങിയവർ നേതൃത്വം നൽകി.



മലമ്പുഴ ഡാമിനെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ജലസംരക്ഷണ സമിതി മലമ്പുഴയിൽ സംഘടിപ്പിച്ച മനുഷ്യമതിൽ.

മലമ്പുഴയ്ക്ക് മുകളിൽ മനുഷ്യമതിൽ

എസ്. ജഗദീഷ്ബാബു

പാലക്കാട്: മധ്യാഹ്ന സൂര്യനു മുന്നിലെത്തിയ പതിനായിരങ്ങൾ മലമ്പുഴയ്ക്ക് മുകളിൽ മനുഷ്യമതിൽ തീർത്തപ്പോൾ അസ്തമയ സൂര്യൻ അതിന് സാക്ഷിയായി.

മലമ്പുഴ ജലാശയം വിൽക്കുന്നതിനെതിരെ മലമ്പുഴ ജലസംരക്ഷണ സമിതി തീർത്ത മനുഷ്യമതിലാണ് മലമ്പുഴക്ക് മുകളിൽ മറ്റൊരു മനുഷ്യ സമുദ്രമായി നിറഞ്ഞൊഴുകിയത്. ഉച്ചമുതൽ പാലക്കാട്ടെ എല്ലാ വഴികളും മലമ്പുഴയിലേക്ക് ഒഴുകിയെത്തി. വൈകുന്നേരം അഞ്ച് മണി ആയതോടെ മലമ്പുഴ ബസ് സ്റ്റാന്റ് മുതൽ ഡാമിന് മുകളിലുള്ള ഗവണേഴ്സ് സീറ്റുവരെ മനുഷ്യമതിൽ നിരന്നുകഴിഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന നാരായൺജിയായിരുന്നു മതിലിലെ ആദ്യ കണ്ണി. ഡാമിന് മുകളിൽ കേരളത്തിലെ സാംസ്കാരിക നായകരായ പ്രൊഫ. സുകുമാർ അഴീക്കോട്, എം. പി. വീരേന്ദ്രകുമാർ, ടി. പത്മനാഭൻ, പ്രൊഫ. എം. എൻ. വിജയൻ, വൈശാഖൻ, മുൻ മന്ത്രി കെ. ഇ. ഇസ്മയിൽ, മുൻ എം. എൽ. എ കെ. കൃഷ്ണൻകുട്ടി, സി. പി. എം നേതാവ് എം. ചന്ദ്രൻ, ജില്ലാ സെക്രട്ടറി പി. ഉണ്ണി തുടങ്ങിയ പ്രഗത്ഭർ മതിലിലെ കണ്ണികളാണ്. കൃത്യം അഞ്ച് മണിക്ക്

(ശേഷം 3-ാം പേജ് കോളം 1)

ദാവൂദിന്റെ സഹോദരനും കൂട്ടാളിയും റിമാൻഡിൽ

മുംബയ് : അധോലോക രാജാവായ ദാവൂദ് ഇബ്രാഹിമിന്റെ ഇളയ സഹോദരൻ ഇക്ബാൽ ഷെയ്ക്ക് കസ്കർ, ദാവൂദിന്റെ സഹായിയും മുംബയ് സ്ഫോടനക്കേസിലെ പ്രതിയുമായ ഇജാസ് പത്താൻ എന്നീ കുപ്രസിദ്ധ കുറ്റവാളികളെ കോടതി റിമാൻഡ് ചെയ്തു.

ഇക്ബാലിനെ മാർച്ച് 6 വരെയും പത്താനെ ഈ മാസം 27 വരെയുമാണ് റിമാൻഡ് ചെയ്തത്.

ദുബായിൽ അറസ്റ്റിലായ ഇവരെ ബുധനാഴ്ച രാത്രിയാണ് ഇവിടെ കൊണ്ടുവന്നത്. രണ്ടു കുറ്റവാളികളെയും ഇന്നലെ ഉച്ചയ്ക്ക് കനത്ത സെക്യൂരിറ്റി സന്നാഹത്തോടെയാണ് കോടതിയിൽ ഹാജരാക്കിയത്. പത്താനെ മുംബയ് സ്ഫോടനക്കേസ് വിചാരണ ചെയ്യുന്ന പ്രത്യേക 'ടാഡ' കോടതിയിലും ഇക്ബാലിനെ തെക്കൻ മുംബയിലെ ബല്ലാഡ് എസ്റ്റേറ്റ് മെട്രോ പൊളിറ്റൻ മജിസ്ട്രേട്ട് കോടതിയിലുമാണ് ഹാജരാക്കിയത്.

രാത്രി 10.50-ന് ഛത്രപതി ശിവജി വിമാനത്താവളത്തിൽ എത്തിച്ച രണ്ടുപേരെയും അവിടെ വച്ച് രണ്ടരമണിക്കൂറോളവും പിന്നീട് ക്രൈംബ്രാഞ്ച് സി. ഐ. ഡി. യുടെ ലോക്കപ്പിൽ വച്ച് ഉന്നത പൊലീസ് ഓഫീസർമാർ വിശദമായും ചോദ്യം ചെയ്തു.

മുഖം കറുത്ത തുണി കൊണ്ടു മറച്ചാണ് രണ്ടു കുറ്റവാളികളെയും വിമാനത്താവളത്തിന് പുറത്തേക്കു കൊണ്ടുപോയത്.

1993 മാർച്ച് 12നു മുംബയിലുണ്ടായ സ്ഫോടനങ്ങൾക്കുപയോഗിച്ച ആർ.ഡി. എക്സ് എത്തിച്ചത് പത്താൻ ആയിരുന്നു. കൂടാതെ ഇയാൾക്ക് മയക്കുമരുന്ന് കടത്തുമായും ബന്ധമുണ്ട്.

ദാവൂദിന്റെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്ന ഇക്ബാൽ കൊലപാതകങ്ങൾ, വധശ്രമങ്ങൾ, പണംപിടുങ്ങൽ, കൊള്ള തുടങ്ങി നിരവധി കുറ്റകൃത്യങ്ങളിൽ പ്രതിയാണ്.

കഴിഞ്ഞവർഷം ഇന്ത്യ പാകിസ്ഥാനു നല്കിയ 20 ഭീകരരുടെയും അധോലോക കുറ്റവാളികളുടെയും ലിസ്റ്റിൽ പത്താന്റെയും ഇക്ബാലിന്റെയും പേരുകൾ ഉണ്ടായിരുന്നു.

വെടിയേറ്റ് മരിച്ച ആദിവാസിയുടെ മൃതദേഹം തിരിച്ചറിഞ്ഞു

മുത്തങ്ങ: മുത്തങ്ങ വന്യജീവി സങ്കേതത്തിലെ കൗണ്ടൻ വയൽ ഭാഗത്തുവച്ച് ബുധനാഴ്ച വൈകിട്ട് പോലീസിന്റെ വെടിയേറ്റ് മരിച്ച ആദിവാസിയുടെ മൃതദേഹം തിരിച്ചറിഞ്ഞു.

മാനന്തവാടി പയ്യമ്പള്ളി ചെമ്മാട് കോളനിയിലെ ജോഗി (55)യുടെതാണ് മൃതദേഹമെന്ന് ഇവരുടെ ബന്ധുവായ മാരൻ തിരിച്ചറിഞ്ഞു. ഇന്നലെ കാലത്ത് 11.30നാണ് മൃതദേഹം ജോഗിയുടെതാണെന്ന് സ്ഥിരീകരിച്ചത്.

മുത്തങ്ങയിലെ കയ്യേറ്റ ഭൂമിയിൽ നിന്ന് പൊലീസുമായുള്ള ഏറ്റുമുട്ടലിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന മാരനെ മൃതദേഹം പൊലീസ് കാണിച്ചപ്പോഴാണ് തന്റെ ബന്ധുകൂടിയായ ജോഗിയുടെതാണ് മൃതദേഹമെന്ന് തിരിച്ചറിഞ്ഞത്.

മരിച്ച ആദിവാസി ആരാണെന്ന് തിരിച്ചറിയാൻ കഴിയാതിരുന്ന പൊലീസ് പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന രണ്ട് പേരെ മൃതദേഹം കാണിച്ചു. ആദ്യം വന്ന

(ശേഷം 3-ാം പേജ് കോളം 6)

കൊല്ലപ്പെട്ട പൊലീസുകാരന്റെ കുടുംബത്തിന് അഞ്ചുലക്ഷം

തിരുവനന്തപുരം : മുത്തങ്ങയിൽ ആദിവാസി കലാപത്തിൽ മരണമടഞ്ഞ പൊലീസ് കോൺസ്റ്റബിൾ കെ.വി. വിനോദ് കുമാറിന്റെ കുടുംബത്തിന് ആദ്യഘട്ടമായി അഞ്ചുലക്ഷം രൂപ ധനസഹായം നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഔദ്യോഗിക കൃത്യനിർവഹണം നിർവഹിക്കുന്നതിനിടയിലുണ്ടായ മരണമായതുകൊണ്ടാണ് ഈ സഹായം നൽകുന്നതെന്നും കൂടുതൽ എന്തു സഹായം നൽകണമെന്ന് പിന്നീട് ആലോചിക്കുമെന്നും മന്ത്രിസഭായോഗത്തിനുശേഷം മുഖ്യമന്ത്രി എ.കെ. ആന്റണി വാർത്താലേഖകരോട് പറഞ്ഞു.

കലാപത്തിൽ പരിക്കേറ്റ വനംവകുപ്പ് ഉദ്യോഗസ്ഥനായ സി.കെ. ശശിധരന് ഒരു ലക്ഷം രൂപ ധനസഹായം നൽകും.



വിദേശ മാർക്കറ്റിൽ ഏറെ പ്രിയങ്കരമായ
Le-style മോഡൽ -103
ഇപ്പോൾ കേരളത്തിൽ !



Art No. 103

MRP:
Rs.185/-
Colours in Black & Brown

- ഇറക്കുമതി ചെയ്ത ഉന്നത ഗുണമേന്മയുള്ള സിന്തറ്റിക് അപ്പർ (ലെതർ ഫിനിഷ്)
- 100% പരിശുദ്ധമായ മൈക്രോ സെല്ലുലാർ പോളിമർ സോൾ
- എയർ ഇഞ്ചക്ഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചത്.

Le-style Slippons & Sandals

കേരളത്തിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന, കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യപ്പെടുന്ന എയർ ഇഞ്ചക്റ്റഡ് പാദരക്ഷകൾ

Mfd. by: Fortune Elastomers Pvt. Ltd.
Mkld by: PEARL Marketing Co., Calicut - 673 655

എന്നും... എവിടേയും... Le-style

അംഗീകൃത മൊത്തവ്യാപാരികൾ

CALICUT: • Macven & Company ✆2721810 • Surabhi Footwear ✆2721452 • R.K. Footwear ✆2720703 • Friends Enterprises ✆2722467 • National Footwear Company ✆2704187 • Varghese & Company ✆2702684 • Shallmar Footwear Traders ✆2722868 • Babu Footwear, Vadakara ✆2524161 WYANAD: • Golden Agencies, Kaniyampatta ✆0493-686180 KANNUR: • Shoe Zone, Thalassery ✆2341762 • United Footwear, ✆2701726 • Brothers Footwear, Taliparamba ✆2202718 • Brothers Footwear, Payyannur ✆2502381 • Brothers Footwear, Kanhangad ✆2704377 • Majestic Wear, Kasargod ✆2426334 MALAPPURAM: Surabi Enterprises, ✆731630 • United Footwear, Kondotty ✆710459 • Deluxe Footwear, Manjeri ✆767801 • Elite Agencies, Perinthalmanna ✆327828 • Goel Agencies, Perinthalmanna ✆325769



പൊൻകുഴിയിൽ നിന്നും പൊലീസ് പിടിച്ചെടുത്ത ആയുധങ്ങൾ കൊണ്ടുപോകുന്നു



തകരപ്പാടി ആദിവാസി കുടിലുകളിൽ നിന്നും പൊലീസ് പിടിച്ചെടുത്ത ആയുധങ്ങൾ



മുത്തങ്ങയിൽ പൊലീസ് ദൗത്യത്തിന് നേതൃത്വം നൽകുന്ന എസ്. പി സുരേഷ് പുരോഹിത്, ഡി. ഐ. ജി ശങ്കർ റെഡ്ഡി, ഇന്റലിജൻസ് ഐ. ജി വിൻസന്റ് പോൾ എന്നിവർ

മുത്തങ്ങ:ചരിദ്രശക്തികളെ ഒറ്റപ്പെടുത്തണം

കല്പറ്റ: മുത്തങ്ങയിൽ ഇന്നലെ നടന്ന ദൗർഭാഗ്യകരമായ സംഭവങ്ങളിൽ വ്യാജപ്രചരണം നടത്തി ആദിവാസികളെയും പൊതുജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ ചില കേന്ദ്രങ്ങൾ നടത്തുന്ന ബോധപൂർവ്വമായ ശ്രമത്തിൽ ഭാഗഭാക്കാകാതിരിക്കാൻ ജില്ലാ കളക്ടർ കെ.ഗോപാലൻ അഭ്യർത്ഥിച്ചു.

നിഷ്കളങ്കരും എല്ലാകാര്യത്തിലും പിന്നോക്കാവസ്ഥയിലുളളവരുമായ ആദിവാസി സുഹൃത്തുക്കളെ തെറ്റിദ്ധരിപ്പിക്കാനും അവരെ പൊതുജനങ്ങളുടെ ശത്രുക്കളാക്കാനും ബോധപൂർവ്വമായ ശ്രമം നടത്തുന്നുണ്ട്. ഇതിൽ വഞ്ചിതരാകാതിരിക്കണം.

മുത്തങ്ങയിലെ വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ അനധികൃത കയ്യേറ്റം ഒരു തരത്തിലും അനുവദിക്കാനാവാത്തതാണ്. കയ്യേറ്റമപസാനിപ്പിച്ച് റിപ്പോർട്ട് ചെയ്യാൻ ഇന്ത്യാഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുളളതുമാണ്. ജില്ലാ ഭരണകൂടം പരമാവധി സംയമനം പാലിച്ചും അനുഭാവപൂർവ്വവും പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയായിരുന്നു.

17ന് കാട്ടുതീ കെടുത്താൻ പോയ ഉദ്യോഗസ്ഥരും ആദിവാസി ദിവസക്കൂലിക്കാരായ 21 പേരെ ഗോത്രസഭക്കാർ ബന്ദിയാക്കിയിരുന്നത് ചർച്ചയിലൂടെ മോചിക്കപ്പെട്ടതായിരുന്നു. തുടർന്ന് അനധികൃത കയ്യേറ്റം അവസാനിപ്പിക്കാൻ 19ന് നടത്തിയ ശ്രമത്തിനിടെ മാരകായുധങ്ങളുമായി ഗോത്രസഭക്കാർ ഉദ്യോഗസ്ഥരെ കടന്നാക്രമിക്കുകയും രണ്ട് ഉദ്യോഗസ്ഥരെ ബന്ദികളാക്കുകയുമാണുണ്ടായത്.

ഇവരെ മോചിപ്പിക്കാൻ ഉച്ചക്ക് ഒന്നര മണി മുതൽ നടത്തിയ ചർച്ച അഞ്ചര മണിയായിട്ടും ഫലം കണ്ടില്ല. ബന്ദികളാക്കപ്പെട്ടവരെ ഗോത്രസഭക്കാർ ഗുരുതരമായി പരിക്കേൽപ്പിച്ച് അത്യാസന്ന നിലയിലുമായിരുന്നു. അതിക്രൂരമായ നിലയിലാണ് ബന്ദികളെ തടങ്കിലാക്കി പീഡിപ്പിച്ചത്. ഇവരെ അടയിന്തരമായി ചികിത്സക്ക് വിധേയമാക്കാനുളള രക്ഷാ പ്രവർത്തനത്തിനിടെയാണ് ദൗർഭാഗ്യകരമായ സംഘം ഉണ്ടായത്.

വയനാട്ടിലെ നിഷ്കളങ്കരും നിരാലംബരുമായ ആദിവാസികളുടെ പേരിൽ ഗോത്രസഭക്കാർ കാട്ടിക്കൂട്ടിയ അക്രമത്തിനെതിരെ അണി നിരക്കാനും സമാധാനശ്രമങ്ങൾക്ക് സഹകരണം നൽകാനും എല്ലാവരും തയ്യാറാകണമെന്നും ജില്ലാ കളക്ടർ കെ. ഗോപാലൻ അഭ്യർത്ഥിച്ചു.

ജുഡീഷ്യൽ അന്വേഷണം വേണം

കല്പറ്റ: മുത്തങ്ങ വന്യജീവി സങ്കേതത്തിൽ ആദിവാസികളെ കൂട്ടക്കൊല നടത്തിയ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു. ആദിവാസികൾക്ക് ഭൂമി നൽകാൻ കൂട്ടാക്കാത്ത ഇടത് വലത് സർക്കാരുകളുടെയും കുടിയേറ്റ രാഷ്ട്രീയത്തിന്റെയും പ്രതിഫലനമാണ് ആദിവാസികളെ കൂട്ടക്കൊല ചെയ്ത സംഭവത്തിലൂടെ വെളിവായതെന്ന് യോഗം കുറ്റപ്പെടുത്തി. സി.കെ. മാധവൻ അദ്ധ്യക്ഷത വഹിച്ചു. ബാലൻപൂതാടി, എം. നാരായണൻ, വി. എസ്. ജയാനന്ദൻ, ബാലൻ മാക്കുറ്റി എന്നിവർ പ്രസംഗിച്ചു.

മുത്തങ്ങ വെടിവെപ്പ് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് കേരള ദളിത് പാന്തേഴ്സ് ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു.

കഴിഞ്ഞ ഒന്നരമാസത്തോളമായി മുത്തങ്ങയിൽ പൊതുജന ജീവിതത്തിന് യാതൊരു തടസവും സൃഷ്ടിക്കാതെ സമാധാനപരമായി നടന്ന സമരത്തിൽ ഫോറസ്റ്റുകാരുടെ ഇടപെടൽ മൂലം പ്രകോപനം ഉണ്ടാവുകയായിരുന്നു. ബിജു വീട്ടിക്കാമൂല അദ്ധ്യക്ഷത വഹിച്ചു. രമേശൻ, ശ്രീനാഥ്, രാമദാസ്, സുരേഷ്, സന്തോഷ്, മധു, വിനോദ്കുമാർ, പ്രേംനാഥ് എന്നിവർ പ്രസംഗിച്ചു.

മുത്തങ്ങയിലെ വെടിവെപ്പ് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആർ. വൈ. എഫ്. ജില്ലാ കമ്മറ്റി യോഗം ആവശ്യപ്പെട്ടു. നെടിയഞ്ചേരി ബാബു അദ്ധ്യക്ഷത വഹിച്ചു. വാസു, എം. മോഹൻദാസ്, ശാന്തകുമാരി എന്നിവർ പ്രസംഗിച്ചു.

ഉത്തരവാദികൾ ഗോത്രമഹാസഭയും സർക്കാരും

കല്പറ്റ: മുത്തങ്ങ സംഭവത്തിന്റെ ഉത്തരവാദികൾ ആദിവാസി ഗോത്രമഹാസഭയും സർക്കാരുമാണെന്ന് കേരള വനവാസി വികാസ കേന്ദ്രം ജില്ലാ കമ്മറ്റി കുറ്റപ്പെടുത്തി. സർക്കാർ വനം കയ്യേറി ഒരു കൂട്ടം ആളുകൾ നടത്തുന്ന ശ്രമം അപലപനീയമാണ്. കമ്മറ്റി കുറ്റപ്പെടുത്തി.

വനവാസികളെപ്പോലും ബന്ദികളാക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്തതിന് സി.കെ. ജാനുവും കൂട്ടരും വനവാസി സമൂഹത്തോടും പൊതുജനങ്ങളോടും ക്ഷമ ചോദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കെ.സി.പൈതൽ അദ്ധ്യക്ഷത വഹിച്ചു. പള്ളിയറ രാമൻ, അഡ്വ: വി. അശോകൻ, ഗോവിന്ദൻ എന്നിവർ പ്രസംഗിച്ചു.

ആദിവാസികളെ അക്രമത്തിന് പ്രേരിപ്പിക്കരുത്

കല്പറ്റ: ആദിവാസികളെ അക്രമത്തിന് പ്രേരിപ്പിക്കുന്ന നയം തിരുത്തണമെന്ന് ഡി.സി.സി.ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. സാങ്കേതിക തടസങ്ങൾ എത്രയും പെട്ടെന്ന് നീക്കി ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുവാനുളള നടപടികൾ സർക്കാർ ആവിഷ്ക്കരിക്കുന്നുണ്ട്. ഇതുമായി സഹകരിക്കുകയാണ് വേണ്ടതെന്നും കമ്മറ്റി വ്യക്തമാക്കി.

ഡി.സി.സി. പ്രസിഡന്റ് പ്രൊഫ: കെ.പി. തോമസ് അദ്ധ്യക്ഷത വഹിച്ചു. പി.കെ. ഗോപാലൻ, കെ.സി. നാണു, കെ. എസ്. ജോസഫ്, കെ. വി. പോക്കർഹാജി, എം. സുബ്രഹ്മണ്യൻ, സി.പി. വർഗ്ഗീസ്, എം. രാഘവൻ, ടി. ജെ. ഐസക്, കെ. കെ. അബ്രഹാം, വി. എ. മജീദ്, കെ. കെ. വിശ്വനാഥൻ മാസ്റ്റർ, അഡ്വ: പി. ഡി.സജി, ഗോകുൽദാസ് കോട്ടയിൽ, പി. ചാത്തു, നജീബ് പിണങ്ങോട്, എം. എം.രമേശൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

കല്പറ്റ:മുത്തങ്ങ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നലെ ആഹ്വാനം നൽകിയ ഹർത്താലിന് വയനാട്ടിൽ കാര്യമായ പ്രതികരണമുണ്ടായില്ല.

പൊലീസ് വേട്ട അവസാനിപ്പിക്കണം

കല്പറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ ബത്തേരിയിലും പരിസര പ്രദേശങ്ങളിലും ആദിവാസികൾക്ക് നേരെ നടക്കുന്ന പൊലീസ് വേട്ട ഉടനെ അവസാനിപ്പിക്കണമെന്ന് സി.പി. ഐ. എം. എൽ. റെഡ് ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ ആവശ്യപ്പെട്ടു.

ബത്തേരി ടൗണിലും പരിസരങ്ങളിലും ഇന്നലെ കാലത്ത് മുതൽ ആദിവാസികളെ മൃഗീയമായി മർദ്ദിക്കുകയും സ്ത്രീകളും കുട്ടികളുമടക്കമുളളവരെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ആന്റണി സർക്കാരിന്റെ ഒത്താശയോടെയാണ് വിദേശ പണം പറ്റുന്ന സംഘടനകളുടെ നേതൃത്വത്തിൽ ആദിവാസി ഗോത്രമഹാസഭ ഒരു മാസം മുമ്പ് വന്യമൃഗ സംരക്ഷണ കേന്ദ്രം കയ്യേറിയത്.

ആദിവാസി ഭൂസമരത്തെ വഴി തിരിച്ച് വിടാനും ആദിവാസികളുടെ ഭൂമി തട്ടിയെടുക്കുന്ന വൻകിട ഭൂവുടമകളെ രക്ഷിക്കാനുമാണ് സി.കെ.ജാനുവിനെ മുന്നിൽ നിർത്തി വിദേശപണം പറ്റുന്ന സംഘടനകൾ ശ്രമിച്ച് വരുന്നത്. ഇത്തരം സംഘടനകൾക്കും മുത്തങ്ങ സംഭവത്തിന് പിന്നിലുളള ഛിദ്രശക്തികൾക്കും നേരെ നടപടിയെടുക്കണമെന്നും നിസ്സഹായരായ ആദിവാസികളെ തെരഞ്ഞ് പിടിച്ച് അടിച്ചമർത്തുന്നത് ഒരു കാരണവശാലും അനുവദിക്കാനാവില്ലെന്നും കുന്നേൽ കൃഷ്ണൻ പറഞ്ഞു.

എസ്. എഫ്. ഐ. ജില്ലാ സമ്മേളനം ഇന്ന് പ്രകടനത്തോടെ ആരംഭിക്കും

വൈത്തിരി: എസ് എഫ് ഐ വയനാട് ജില്ലാ സമ്മേളനം ഇന്ന് വൈകിട്ട് പ്രകടനത്തോടെ വൈത്തിരിയിൽ ആരംഭിക്കും.

ഇന്ന് വൈകിട്ട് നടക്കുന്ന പൊതു സമ്മേളനം എ. പി. അബ്ദുളളക്കുട്ടി എം. പി. ഉദ്ഘാടനം ചെയ്യും. എസ്, എഫ്. ഐ. സംസ്ഥാന സെക്രട്ടറി ടി.വി.രാജേഷ് പ്രസംഗിക്കും.

നാളെ നടക്കുന്ന പ്രതിനിധി സമ്മേളനം എസ്. എഫ്. ഐ. മുൻ അഖിലേന്ത്യ പ്രസിഡന്റ് പി. കൃഷ്ണ പ്രസാദ് ഉദ്ഘാടനം ചെയ്യും. ജി.മുരളീധരൻ, സി.ഭാസ്കരൻ, സി. കെ. ശശീന്ദ്രൻ, കെ. എസ്. ബാബു എന്നിവർ പ്രസംഗിക്കും. വൈകിട്ട് നടക്കുന്ന സെമിനാർ കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ: കെ. കെ. എൻ. കുറുപ്പ് ഉദ്ഘാടനം ചെയ്യും. ഇ.ടി.മുഹമ്മദ് ബഷീർ എം. എൽ. എ, കെ. എൻ. ബാലഗോപാൽ, പ്രൊഫ: ടി.കെ. തോമസ് എന്നിവർ പ്രസംഗിക്കും.

ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു

മാനന്തവാടി: മാനന്തവാടി ഗവ. എഞ്ചിനീയറിംഗ് കോളേജിൽ വിവിധ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു.

ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നി വിഷയങ്ങളിലാണ് ഒഴിവുളളത്. ഇവയിൽ യഥാക്രമം 4,3,1 എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം. ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് ബി. ടെക് ബിരുദമുളള ഉദ്യോഗാർത്ഥികൾ അസ്സൽ യോഗ്യതാ സർട്ടിഫിക്കറ്റുകളോടെ ഫെബ്രുവരി 25ന് കാലത്ത് 11.30ന് പ്രിൻസിപ്പാളിന് മുമ്പിൽ അഭിമുഖത്തിന് ഹാജരാകണം.

ആദിവാസികളെ അക്രമത്തിന് പ്രേരിപ്പിച്ചത് സർക്കാരുകൾ തന്നെ

പാലക്കാട്: വനംകയ്യേറിയ ആദിവാസികളെ കുടിയൊഴിപ്പിക്കാൻ മുത്തങ്ങയിൽ കാണിച്ച അക്രമങ്ങൾ മുന്നാറിൽ വനം കയ്യേറിയ ടാറ്റാ ക്കെതിരെയും, നെല്ലിയാമ്പതിയിൽ വനം കയ്യേറിയ പോബ്സൺ ഗ്രൂപ്പിനെതിരെയും നടത്താൻ കേരളാ സർക്കാരിന് ധൈര്യമുണ്ടോ എന്ന് കേരളാ പട്ടികജാതി-വർഗ്ഗ സംരക്ഷണ മുന്നണി ചീഫ് കോ- ഓർഡിനേറ്റർ വി. എസ്. രാധാകൃഷ്ണൻ ചോദിച്ചു. വനം സംരക്ഷിക്കാനും, ജീവിക്കാനുമാണ്ആദിവാസികൾ വനം കയ്യേറുന്നത്. ആദിവാസികൾക്കെതിരെ വെടിവെപ്പ്നടത്തിയ പൊലീസ് മത-രാഷ്ട്രീയ ശക്തികൾ നടത്തിയിട്ടുള്ള വനംകയ്യേറ്റത്തിന് നേരെ കണ്ണടയ്ക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജനിച്ച മണ്ണിൽ ജീവിക്കാനായി നിയമം കയ്യിലെടുക്കാനും ആയുധമെടുത്ത് പോരാടാനും ആദിവാസികളെയും ഗോത്രസഭയെയും പ്രേരിപ്പിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്തം കേരളത്തിൽ മാറിമാറി വന്ന രാഷ്ട്രീയ കക്ഷികൾക്കാണെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. വർഗീസ് കുര്യന് പുരസ്കാരം നൽകും

പാലക്കാട്: ഇന്ത്യയിലെ ധവള വിപ്ലവത്തിന്റെ പിതാവ് പത്മവിഭൂഷൻ ഡോ. വർഗീസ് കുര്യൻ മുഖ്യപ്രഭാഷണം നടത്തുന്ന 'ക്ഷീരവികസനവും ഗ്രാമീണ തൊഴിൽ സാദ്ധ്യതയും' എന്ന വിഷയത്തിലുള്ള സെമിനാർ റോട്ടറി ക്ളബ് സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. പാലക്കാട് മീഡിയാ സെന്ററിൽ നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു റോട്ടറി ഭാരവാരികൾ.

ഫെബ്രുവരി 22-ാം തിയതി ചന്ദ്രനഗർ ശ്രീപാർവ്വതി മണ്ഡപത്തിൽ വെച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പ് മന്ത്രി കെ. ആർ. ഗൗരിയമ്മ സെമിനാർ ഉദ്ഘാടനം ചെയ്യും. റോട്ടറി ജില്ലാ ഗവർണർ കെ. സി. ഫിലിപ്പ് അദ്ധ്യക്ഷനായിരിക്കും. ചടങ്ങിൽവെച്ച് ഡോ. കുര്യൻ ക്ഷീര വികസന മേഖലക്ക് നൽകിയ സുത്യർഹമായ സേവനം കണക്കിലെടുത്ത് അദ്ദേഹത്തിനെ പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ ആദരിക്കും. ജീവിതകാല നേട്ടത്തിനുള്ള റോട്ടറി പുരസ്കാരമായിരിക്കും ഡോ. കുര്യന് ലഭിക്കുക.

തൊഴിലാളികൾ ഉദ്ഘാടന ചടങ്ങ് ബഹിഷ്കരിച്ചു

പാലക്കാട്: ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഇന്നലെ നടന്ന സെയിൽസ് സ്റ്റോർ ഉദ്ഘാടനം ഗ്രാമലക്ഷ്മി മുദ്രാലയം എംപ്ലോയ്സ് യൂണിയൻ ബഹിഷ്കരിച്ചു. ജനപ്രതിനിധികളേയോ ഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ സംഘടനയേയോ അറിയിക്കാതെ ഏകപക്ഷീയമായി ഉദ്ഘാടനം നടത്തിയതിൽ പ്രതിഷേധിച്ചാചിരുന്നു ബഹിഷ്കരണം.

മുദ്രാലയത്തിലെ ജീവനക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ പ്രതിഷേധ ദിനം ആചരിച്ചുകൊണ്ടുകൂടിയായിരുന്നു ബഹിഷ്കരണം. പ്രതിഷേധ ദിനം എന്ന ബാഡ്ജ് ധരിച്ചാണ് ജീവനക്കാർ ജോലിക്ക് കയറിയത്. രാവിലെ മുദ്രാലയം ഗേറ്റിൽ ചേർന്ന യോഗത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയം എംപ്ലോയ്സ് യൂണിയൻ (സി.ഐ.ടി.യു) സെക്രട്ടറി കെ.ബി.പുരുഷോത്തമകൈമൾ സംസാരിച്ചു.

പാലത്തുള്ളി വിഷമദ്യ ദുരന്തം: മുഖ്യപ്രതി അറസ്റ്റിൽ

പാലക്കാട്: നാടിനെ നടുക്കിയ പാലത്തുള്ളി വിഷമദ്യ ദുരന്ത കേസിലെ മുഖ്യപ്രതിയെ പൊലീസ് അറസ്റ്റുചെയ്തു. തമിഴ്നാട് സ്വദേശിയായ ചെത്തുകാരൻ ശെൽവരാജിനെയാണ് പ്രത്യേക അന്വേഷണ സംഘം തമിഴ്നാട്ടിൽ വെച്ച് അറസ്റ്റുചെയ്തത്. അഞ്ചുപേരുടെ മരണത്തിനിടയാക്കിയ പാലത്തുള്ളി മദ്യദുരന്തത്തിൽ കള്ളിൽ വിഷം ചേർത്തത് ശെൽരാജായിരുന്നു. ദുരന്തം ഉണ്ടായ ഉടൻ തന്നെ ഒളിവിൽ പോയ ഇദ്ദേഹത്തെ പിടികൂടുന്നവർക്ക് പൊലീസ് ധനസഹായവും പ്രഖ്യാപിച്ചിരുന്നു.

ഇക്കഴിഞ്ഞ 12-ാം തീയതി വൈകുന്നേരമാണ് പാലത്തുള്ളിയിൽ വെച്ച് കീടനാശിനി കലർന്ന വിഷകള്ള് കുടിച്ച് അഞ്ചുപേർ മരണമടഞ്ഞത്. തെങ്ങിൻ തോപ്പിൽ നിന്നും എടുത്ത കള്ളിൽ കിടനാശിനി കലർത്തിയിരുന്നു. ഈ കള്ള് കുടിച്ചാണ് അഞ്ചുപേർ മരണമടഞ്ഞത്. ഒരു കുട്ടിയടക്കം അഞ്ചുപേർ കള്ള് കുടിച്ചതിനെ തുടർന്ന് അവശനിലയിലും ആയിരുന്നു. ഇവർ ഇപ്പോൾ അപകടനില തരണം ചെയ്തുകഴിഞ്ഞു. കള്ളിൽ വിഷം ചേർത്ത മുഖ്യപ്രതിയെ പിടികിട്ടിയതോടെ കേസ് പുതിയ വഴിത്തിരിവിലെത്തി. സംഭവത്തിൽ ഒരു എക്സൈസ് ഉദ്യോഗസ്ഥന് പങ്കുണ്ടെന്ന് ആരോപണം ഉയർന്നിരുന്നു. മുഖ്യപ്രതി പിടിയിലായതോടെ ഇതെക്കുറിച്ചും തെളിയിക്കാൻ സാധിക്കുമെന്നാണ് അന്വേഷണ സംഘത്തിന്റെ കണക്കുകൂട്ടൽ.

ജാനുവിന് അഭിവാദ്യം അർപ്പിച്ച ദളിത് സംഘടനാ പ്രവർത്തകർ അറസ്റ്റിൽ

പാലക്കാട്: സി. കെ. ജാനുവിന് അഭിവാദ്യം അർപ്പിച്ച് പ്രകടനം നടത്തിയ പട്ടികജാതി പട്ടികവർഗ സംരക്ഷണ മുന്നണി പ്രവർത്തകരെ പൊലീസ് അറസ്റ്റുചെയ്തു.

ഇന്നലെ വൈകുന്നേരം മുനിസിപ്പൽ ബസ്സ്റ്റാന്റ് പരിസരത്ത് പ്രകടനം നടത്തിയ സമിതി നേതാവ് ആറു ഉൾപ്പടെയുള്ള 36 പേരെയാണ് പൊലീസ് അറസ്റ്റുചെയ്തത്. വൈകുന്നേരം ആദിവാസി ഗോത്രസഭാ നേതാവ് സി. കെ. ജാനുവിനും, മുത്തങ്ങാ വനത്തിൽ പോരാട്ടം നടത്തിയ ആദിവാസികൾക്കും അഭിവാദ്യം അർപ്പിച്ചുകൊണ്ടായിരുന്നു സമിതി പ്രവർത്തകർ പ്രകടനം നടത്തിയത്. സംഭവമറിഞ്ഞയുടൻ സംഭവസ്ഥലത്ത് എത്തിയ പൊലീസ് സംഘം ഇവരെ അറസ്റ്റുചെയ്ത് കൊണ്ടുപോവുകയായിരുന്നു. മുത്തങ്ങയിൽ ഉണ്ടായ സംഭവവികാസങ്ങളെ തുടർന്ന് ഇന്നലെ പാലക്കാട് നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം വൻ പൊലീസ് സന്നാഹം നിലയുറപ്പിച്ചിരുന്നു. എന്നാൽ എങ്ങും അക്രമസംഭവങ്ങൾ ഉണ്ടായിട്ടില്ല.

അതേസമയം സി. കെ. ജാനുവിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് വിളയോടി വേണുഗോപാലിന്റെ നേതൃത്വത്തിലും നഗരത്തിൽ പ്രകടനം നടത്തി. സ്ത്രീകളും കുട്ടികളും ഉൾപ്പടെ 70 ഓളം പേർ സമരം നടത്തിയെങ്കിലും ഇവരെയാരെയും തന്നെ പൊലീസ് അറസ്റ്റുചെയ്തില്ല. ബസ്സ്റ്റാന്റ് പരിസരത്ത് പ്രകടനം നടത്തിയ ശേഷം ഇവർ സ്വയം പിരിഞ്ഞുപോവുകയായിരുന്നു.



സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കമ്മന നവോദയം എൽ. പി. സ്കൂൾ

കാഞ്ഞങ്ങാട് കേന്ദ്രീകരിച്ച് വ്യാജ പാസ്പോർട്ട് നിർമ്മാണ സംഘം

കാഞ്ഞങ്ങാട്: ഹൊസ്ദുർഗ് പൊലീസിന്റെ പിടിയിലായ വ്യാജ പാസ്പോർട്ട് തട്ടിപ്പ് സംഘം ജില്ല കേന്ദ്രീകരിച്ച് നിരവധി തട്ടിപ്പുകൾ നടത്തിയതായി പുറത്തുവന്നു. നാട്ടിലില്ലാത്തവരുടേയും ജീവിച്ചിരിപ്പില്ലാത്തവരുടെയും പേരിലാണ് ഈ തട്ടിപ്പ് സംഘം വ്യാജപാസ്പോർട്ട് ഉണ്ടാക്കുന്നത്.

സ്പെഷൽ ബ്രാഞ്ച് പൊലീസ് നൽകിയ പരാതിയെ തുടർന്നാണ് ഹൊസ്ദുർഗ് പൊലീസ് വ്യാജപാസ്പോർട്ട് സംഘത്തെ കുറിച്ച് അന്വേഷണം ആരംഭിച്ചത്. അന്വേഷണം വ്യാപിപിച്ചപ്പോഴാണ് ഈ സംഘം ഒട്ടേറെ തട്ടിപ്പുകൾ നടത്തിയതായി തെളിഞ്ഞത്. സംഘത്തിന്റെ സൂത്രധാരൻ കാഞ്ഞങ്ങാട് ബസ്റ്റാന്റ് പരിസരത്തെ ട്രാവൽസ് ഉടമയായ അജാനൂർ ഇട്ടമ്മലിലെ അബ്ദുൾ റഹ്മാനാണെന്ന് പൊലീസ് പറഞ്ഞു. ഇതിനിടയിൽ മറ്റൊരു ട്രാവൽസ് ഉടമയായ ഇരിയ സ്വദേശി ടൈറ്റസിനേയും കേസിൽ പ്രതിയാക്കിയിട്ടുണ്ട്. ഇതേ തുടർന്ന് ഇയാൾ മുങ്ങിയിരിക്കുകയാണ്. കാഞ്ഞങ്ങാട് ആവിക്കരയിൽ താമസിക്കുന്ന മല്ലികാർജ്ജുനൻ ജീവിച്ചിരിക്കാത്ത ആളാണ്. ഇയാളുടെ മേൽവിലാസത്തിൽ നൽകിയ അപേക്ഷയാണ് വ്യാജ പാസ്പോർട്ട് സംഘത്തെ കുറിച്ച് സൂചന ലഭിക്കാൻ കാരണം. മല്ലികാർജ്ജുനന്റെ പേരിൽ പാസ്പോർട്ടിന് അപേക്ഷ നൽകിയത് ഒടയംഞ്ചാൽ ചുള്ളിയ റോഡിൽ താമസിക്കുന്ന ഗോപാലകൃഷ്ണന്റെ മകൻ കുഞ്ഞികൃഷ്ണനാണ്. കുഞ്ഞികൃഷ്ണൻ ഗൾഫിലാണുള്ളത്. ഇയാൾക്ക് വേണ്ടി പാസ്പോർട്ട് ഉണ്ടാക്കാൻ ചെന്നത് സഹോദരൻ കുമാരനായിരുന്നു.കുമാരനെ പൊലീസ് അസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിരവധി വ്യാജ പാസ്പോർട്ടുകൾ ഈ സംഘം ഉണ്ടാക്കിയിട്ടുണ്ടത്രെ. ഒരു വ്യാജ പാസ്പോർട്ട് ഉണ്ടാക്കാൻ 12,000 രൂപയാണത്രെ ട്രാവൽ ഏജന്റുമാർ വാങ്ങുന്നത്. അന്വേഷണം വ്യാപിപ്പിക്കുന്നതോടെ കൂടുതൽ പേർ കുടുങ്ങുമെന്ന് അറിയുന്നു.

പ്രവാസി സംഘം യുദ്ധ വിരുദ്ധ റാലി നടത്തും

കാഞ്ഞങ്ങാട്: അമേരിക്കയും സഖ്യകക്ഷികളും ഇറാഖിന് നേരെ നടത്തുന്ന യുദ്ധത്തിൽ പ്രധിഷേദിച്ച് കേരള പ്രവാസി സംഘം കാസർകോട് ജില്ലാകമ്മിറ്റി യുദ്ധവിരുദ്ധ റാലിനടത്തുന്നു. അമേരികെകയുടെ യുദ്ധക്കൊതി ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന മലയാളികളുടെ ജീവിതത്തെദുരിതപൂർണ്ണമാക്കും. മാർച്ച് ആറിന് വൈകിട്ട് മൂന്നിന്കാഞ്ഞങ്ങാട് മാന്തോപ്പ് മൈതാനിയിൽ നടക്കുന്ന റാലിയിലും തുടർന്ന് ഇഖ്ബാൽ ജൂംഗ്ഷനിൽ നടക്കുന്ന പൊതുയോഗത്തിലും മുഴുവനാളുകളും സംബന്ധിക്കണമെന്ന് പ്രവാസിസംഘം ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. മാർച്ച് 15 നകം ജില്ലയിലെ മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കും. ജില്ലാപ്രസിഡന്റ് പി. കെ. അബ്ദുള്ള യോഗത്തിൽ അധ്യക്ഷനായിരുന്നു. ബി. ബാലകൃഷ്ണൻ സംസാരിച്ചു.

സി. ഡിറ്റ് കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കാഞ്ഞങ്ങാട്: കേരള സർക്കാർ സ്ഥാപനമായ സി - ഡിറ്റ് ദേശീയ വികസന ഏജൻസിയായ ബി. എസ്. എസ്. ഐ. റ്റി. മിഷനുമായി ചേർന്ന് നടത്തുന്ന കമ്പ്യൂട്ടർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ കോഴ്സുകളിൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകളും നൽകും. അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കും സെന്റർ കോഓഡിനേറ്റർ, ബി. എസ്. എസ്. കമ്പ്യൂട്ടർ സെന്റർ ബസ്റ്റാന്റ് ബിൽഡിംഗ്, കാഞ്ഞങ്ങാട് എന്ന വിലാസത്തിൽ അമ്പത് രൂപയ്ക്ക് നേരിട്ടും,തപാലിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷാ ഫോറം സ്വീകരിക്കുന്ന അപേക്ഷാ ഫോറം ലഭിക്കേണ്ട അവസാന ദിവസം 05. 03. 2003 ആണ്.

സ്വന്തം വയനാട്

സുൽത്താൻ ബത്തേരിസാഗർ: ദ്യുൾ (4 കളി)
അതുല്യA/c: നമ്മൾ
ഐശ്വര്യ:കല്യാണ രാമൻ(4 കളി)
സന്തോഷ്: പരുവം ഒരു പാഠം
മുദ്ര: ഷാർജ ടു ഷാർജ
കല്പറ്റജൈത്ര: ഹമാര പാഗൽ ദിവാന (ഹിന്ദി 3 കളി) 11.00
പേയ് ഇൻമം 1.00 Bad Girls
അനന്തവീര: മീശമാധവൻ (4 ഷോ)
മാനന്തവാടിശ്രീലക്ഷ്മി: സ്റ്റോപ്പ് വയലൻസ് (4 കളി)MS & NS: തീരാത്ത ആശൈ
മാനന്തവാടി വീണ: സമസ്ഥാനം(തമിഴ് 3കളി, 2.30,5.30,8.30NSകാട്ടുചെമ്പകം 11.30
മാർബേസിൽ : നന്ദനം
പനമരം രാധേഷ്: കൈയെത്തും ദൂരത്ത് (മല. 3 കളി NS: മായാമാളിക
പടിഞ്ഞാറത്തറ ഉപാസന: കൈയെത്ത

KERALA KAUMUDI ESTD 1911 Kozhikode, 2003 February 21, Friday Rs. 3.25

ഇത് ആത്മാഭിമാനം വീണ്ടെടുക്കാനുള്ള സമരം: ഗ്രോ വാസു

കോഴിക്കോട്: ആത്മാഭിമാനം നഷ്ടപ്പെട്ട ഒരു ജനതയുടെ പൊട്ടിത്തെറിയാണ് മുത്തങ്ങയിലെ ആദിവാസി കലാപത്തിലേക്ക് നയിച്ചതെന്ന് തിരുനെല്ലി- തൃശ്ശിലേരി നക്സലൈറ്റ് ആക്രമണത്തിലെ പ്രധാന കണ്ണിയായ ഗ്രോ വാസു അഭിപ്രായപ്പെട്ടു.

അച്ഛനില്ലാത്ത കുഞ്ഞുങ്ങളെ പ്രസവിക്കാൻ വിധിക്കപ്പെട്ട നൂറുകണക്കിനുള്ള ആദിവാസി സ്ത്രീകളുടെ മോചനവും, വനപാലകരുടെ പീഡനത്തിന് ഇരയായിക്കൊണ്ടിരിക്കുന്ന ആദിവാസി യുവാക്കളുടെ ആത്മാഭിമാനവും ലക്ഷ്യം വച്ചാണ് സമരം നടക്കുന്നത്. ആദിവാസികളുടെ സ്വാഭാവികമായ തിരിച്ചടിയെ നക്സലിസവുമായി ബന്ധപ്പെടുത്തുന്നതിൽ അർത്ഥമില്ല.

'ഇനിയും ചൂഷണം ചെയ്താൽ കയ്യും കെട്ടി നിൽക്കാൻ ആദിവാസി ഗോത്രത്തിന് കഴിയില്ല. ഇവരിൽ നിന്ന് ഭാവിയിൽ ഗറില്ലാ പോരാളികൾ ഉണ്ടാവാനുള്ള സാധ്യത ഞാൻ കാണുന്നു'- ഗ്രോ വാസു കൂട്ടിച്ചേർത്തു.

സി. കെ. ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ അവകാശങ്ങൾക്ക് വേണ്ടി പോരാടാൻ തുടങ്ങിയിട്ട് പത്തു വർഷത്തോളമായി. ഗവൺമെന്റ് സമരത്തെ നിഷ്ക്കരുണം അടിച്ചമർത്താനും അവഗണിക്കാനുമാണ് ശ്രമിച്ചത്. ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ തുടങ്ങിയ ചൂഷണം സ്വാതന്ത്ര്യാനന്തരവും തുടരുകയാണ്. ആക്രമണത്തിന് പിന്നിൽ നക്സലൈറ്റുകളാണെന്ന് ഡി. ജി. പി പറയുന്നു. ഇത് തെറ്റാണ്. നക്സലൈറ്റുകളെപ്പോലെ പതിയിരുന്ന് തോക്ക് കൊണ്ട് ആക്രമിക്കുകയായിരുന്നില്ല ആദിവാസികൾ.

ആദിവാസികളുടെ മോചനപ്പോരാട്ടത്തിന്റെ തീക്ഷ്ണത കുറച്ചുകാണാനാണ് ഡി. ജി. പി. ശ്രമിക്കുന്നത്. ആദിവാസികളെ കണ്ടില്ലെന്ന് നടിക്കാൻ ഇനി സർക്കാരിനാവില്ല. കാടിന്റെ മക്കളെ കാട്ടിൽ നിന്ന് കുടിയിറക്കാൻ നടത്തുന്ന ശ്രമം എന്തു വില കൊടുത്തും തടയുമെന്ന ദൃഢനിശ്ചയത്തിലാണ് ജാനുവും കൂട്ടരും- രക്തസാക്ഷി വർഗ്ഗീസിന്റെ വലംകൈയായിരുന്ന വാസു രോഷം കൊണ്ടു.

ഈ സമരം കൃഷിഭൂമിക്ക് വേണ്ടി മാത്രമല്ല. അസഹിഷ്ണുതയുടെയും ആത്മരോഷത്തിന്റെയും അഗ്നിയാണ് വനപാലകരോടുള്ള രോഷമായി ആളിയത്. ഇനി ആദിവാസികളെ ചൂഷണം ചെയ്യാൻ ആരും പഴയപോലെ ധൈര്യപ്പെടില്ല. സമരം അക്രമാസക്തമായത് ആദിവാസി സമരത്തെ എതിർക്കാനും, അവരെ ഒറ്റപ്പെടുത്താനും പൊതുജനങ്ങളെ പ്രേരിപ്പിക്കില്ലേ എന്ന ചോദ്യത്തിന് അവർ നൂറ്റാണ്ടുകളായി ഒറ്റപ്പെട്ടുജീവിക്കുന്നവരാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ജാനുവിനെപ്പോലെ ഒരു നേതാവിന്റെ അഭാവമാണ് അവർ ഇത്രയും കാലം പീഡനം നിശ്ശബ്ദം സഹിച്ച് മിണ്ടാതിരുന്നതിന് കാരണം. എല്ലാറ്റിനും കുമ്പിടുന്ന അടിമകളായ ജനതയായി ഇനിയും തങ്ങൾ അടങ്ങിയിരിക്കില്ലെന്ന സൂചനയാണ് സമരത്തിലൂടെ ആദിവാസി ഗോത്രസഭ നൽകുന്നത്- അദ്ദേഹം പറഞ്ഞു.

പ്രശ്നം രൂക്ഷമാക്കിയത് നക്സലൈറ്റ് അനുഭാവികൾ: കെ. പാനൂർ

കണ്ണൂർ: മുത്തങ്ങയിൽ കഴിഞ്ഞ ദിവസം പൊലീസുകാരനും ആദിവാസിയും മരിക്കാനിടയായ സാഹചര്യമൊരുക്കിയത് ആന്ധ്ര പ്രദേശിലെ നക്സലൈറ്റ് വിഭാഗമായ പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ അനുഭാവികളാണെന്ന് ആദിവാസി മേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവന്ന പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകൻ കെ. പാനൂർ അഭിപ്രായപ്പെട്ടു. സി. കെ. ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസി ഗോത്ര സംരക്ഷണ സമിതിയുടെയും ആദിവാസി മുന്നണിയുടെയും പ്രവർത്തകരിൽ ചിലർ പീപ്പിൾസ് വാർ ഗ്രൂപ്പിനോട് ആഭിമുഖ്യമുള്ളവരാണ്. അവർ സമരത്തെ വഴിപിഴപ്പിക്കുകയാണുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. മുത്തങ്ങയിൽ കഴിഞ്ഞ ദിവസം നടന്ന മുത്തങ്ങ വന്യജീവി സങ്കേതത്തിൽ നടന്ന സംഭവങ്ങൾ വളരെ ദൗർഭാഗ്യകരമായിപ്പോയി. സമരത്തിനു പിന്നിലും സമരത്തെ നേരിട്ടതിനു പിന്നിലും ചില ഗൂഢ ലക്ഷ്യങ്ങളുണ്ട്. കേരളത്തിലെ ഭരണാധികാരികളുടെ ചരിത്രത്തിൽ മുഖ്യമന്ത്രി ആന്റണി ആദിവാസി സമരത്തോട് ആദ്യഘട്ടത്തിൽ ഏറെ അനുഭാവം പുലർത്തിയിരുന്നു. പിന്നീടാണ് ഇതിന് പിന്നിൽ ഗൂഢ ലക്ഷ്യങ്ങളുണ്ടെന്ന് തെളിയുന്ന തരത്തിൽ കാര്യങ്ങൾ നീങ്ങിയത്. അമ്പത് വർഷം മുമ്പ് അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ കഴിയാത്ത തരത്തിൽ ആദിവാസിഭൂസമരം പരാജയപ്പെട്ടിരിക്കയാണ്. അതേ സമയം സംഘടിത കുടിയേറ്റക്കാർക്ക് ഇത് വൻ വിജയമായി. ഏറ്റവുമൊടുവിൽ കൊട്ടിയൂരിൽ അനധികൃത കൈയേറ്റക്കരുടെ പട്ടയം അസാധുവാക്കാനുള്ള നീക്കം പോലും സംഘടിത കുടിയേറ്റക്കാർ തടഞ്ഞു. ഇതിനെ കുറിച്ച് ആർക്കും ഒന്നും പറയാനില്ല. സംഘടിതമായ വനം കൈയേറ്റമാണ് ഇവിടെ നടന്നത്. അവർ കൈയേറി നേടിയ ഭൂമി തിരിച്ചുനൽകേണ്ടതില്ല എന്ന അവസ്ഥയാണുള്ളതെന്നും പാനൂർ പറഞ്ഞു.

കേരളത്തിൽ സംഘടിത കുടിയേറ്റക്കാരെ സഹായിക്കാൻ ആളുണ്ടെന്ന് കെ. പാനൂർ ആരോപിച്ചു. അവർ രാഷ്ട്രീയക്കാർക്ക് വോട്ട്ബാങ്കാണ്. ഒരു ശതമാനം വരുന്ന ആദിവാസികൾക്ക് വേണ്ടി വാദിക്കാൻ ആരുമില്ല. രാഷ്ട്രീയ കക്ഷികളും മറ്റ് പരിസ്ഥിതി വാദികളും ഒരു ഭാഗം മാത്രമേ കാണുന്നുള്ളു. ഇവിടെ നടക്കുന്ന മനുഷ്യമലിനീകരണത്തെ അവർ കാണുന്നില്ല. രണ്ടു വിഭാഗവും അവരുടെ നിലപാടുകൾ പുനഃപരിശോധിച്ച് പ്രശ്നത്തിന് പരിഹാരം കാണണം. അടുത്ത ദിവസം ജനകീയ പ്രതിരോധ സമിതി പ്രവർത്തകർ മുത്തങ്ങ സന്ദർശിക്കും. സംഘം സംഭവങ്ങളെ കുറിച്ച് പ്രാഥമികാന്വേഷണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാരും ജാനുവുമായുള്ള ഗൂഢാലോചന: സി. പി. ഐ (എം. എൽ)

കോഴിക്കോട്: സർക്കാരും ആദിവാസി ഗോത്ര മഹാസഭ നേതാവ് സി. കെ. ജാനുവും ഇവർക്ക് പണം നൽകുന്ന വിദേശ ഏജൻസികളും ചേർന്നുള്ള ഗൂഢബന്ധത്തിന്റെ ഫലമാണ് മുത്തങ്ങയിൽ ആദിവാസികളുടെ കൂട്ടക്കൊലയിൽ പര്യവസാനിച്ച സംഭവങ്ങൾക്ക് പിന്നിലെന്ന് സി. പി. ഐ (എം. എൽ) റെഡ്ഫ്ളാഗ് നേതാവ് കെ. ടി. കുഞ്ഞിക്കണ്ണൻ പത്രസമ്മേളനത്തിൽ ആരോപിച്ചു. മുത്തങ്ങയിലെ സംഭവങ്ങളെയും വയനാട്ടിലെ ആദിവാസി മേഖലയിൽ വിദേശപണം പറ്റുന്ന സംഘടനകളെയും കുറിച്ച് അന്വേഷണം നടത്തണമെന്നും ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി രാജിവയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ബത്തേരിയിലും പരിസരപ്രദേശങ്ങളിലും ആദിവാസികളെ ഒന്നാകെ പൊലീസ് വേട്ടയാടുകയാണ്. പ്രതികാരബുദ്ധിയോടെയുള്ള പൊലീസ് നരനായാട്ടിൽ ആദിവാസി സ്ത്രീകളെയും കുട്ടികളേയും പൊലീസ് വളഞ്ഞിട്ട് പിടിക്കുകയാണ്.

ഭൂമി പ്രശ്നം സി. കെ. ജാനുവിനോ ആദിവാസി ഗോത്ര മഹാസഭയ്ക്കോ ഒരു പ്രശ്നമേയല്ലെന്നതാണ് അവസ്ഥ. സർക്കാർ ഭൂമി പതിച്ചുനൽകണമെന്നല്ലാതെ അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യണമെന്ന് ജാനു ആവശ്യപ്പെടുന്നില്ല. യഥാർത്ഥത്തിൽ വിദേശപണം നൽകുന്ന ഏജൻസികളുടെ വളർത്തുപുത്രിയാണ് ജാനു. ഇത് വേണ്ടപോലെ ഉപയോഗിച്ച സർക്കാർ ജാനുവിനെ ആദിവാസികളുടെ യഥാർത്ഥ നേതാവ് എന്ന നിലയിലേക്ക് വളർത്തിക്കൊണ്ടുവരാൻ പ്രോത്സാഹനം നൽകുകയായിരുന്നു. വയനാട്ടിലെ പ്രശ്നം ഇതുകൊണ്ട് അവസാനിക്കില്ല. കുറ്റവാളികളെ സംരക്ഷിക്കുകയും ആദിവാസി ഗോത്ര മഹാസഭാ നേതാക്കളായ ജാനുവിനേയും ഗീതാനന്ദനേയും പോലുള്ള കുറ്റവാളികളെ സംരക്ഷിക്കുകയും നിരപരാധികളായ ആദിവാസികളെ വേട്ടയാടുകയും ചെയ്യുന്ന പൊലീസ് നടപടി അനുവദിക്കാനാവില്ലെന്നും കെ. ടി. കുഞ്ഞിക്കണ്ണൻ പറഞ്ഞു.



മുത്തങ്ങയിൽ നിന്ന് ആദിവാസികളെ മുഴുവൻ തുരത്തിയശേഷം അവരുടെ താവളങ്ങൾ പൊലീസ് സംഘം തീവച്ച് നശിപ്പിക്കുന്നു



മുത്തങ്ങയിൽ പൊലീസ് സംഘം ആദിവാസികളെ തുരത്തിയിട്ടും ആളിപ്പടരുന്ന കാട്ടുതീ



മുത്തങ്ങയിൽ വെടിവെപ്പുണ്ടായ പൊൻകുഴിയിൽ പൊലീസ് അഗ്നിക്കിരയാക്കിയ കുടിലുകളിലൊന്നിന്റെ അവശിഷ്ടവും ആദിവാസികൾ ഉപേക്ഷിച്ചുപോയ സാധനസാമഗ്രികളും (ഈ കുടിലിൽവച്ചാണ് പൊലീസുകാരനെ വെട്ടിക്കൊന്നത്)

അഞ്ചേക്കർ ഭൂമി ആഗ്രഹിച്ചു; എത്തിപ്പെട്ടത് കുരുതിക്കളത്തിലേക്ക്

എൻ. എ. സതീഷ്

മുത്തങ്ങ: അഞ്ചേക്കർ ഭൂമി ആഗ്രഹിച്ച് ആദിവാസികർ എത്തിപ്പെട്ടത് കുരുതിക്കളത്തിലേക്ക്. സ്വന്തം ഭൂമിയിൽ നിലനിൽപ്പ് നഷ്ടപ്പെട്ടെത്തിയ കാടിന്റെ മക്കളായ ആദിവാസികളെ ചിലർ വ്യാമോഹിപ്പിച്ച് കൊണ്ട് വന്നത് കുരുതിക്കളത്തിലേക്കാണെന്ന് പാവം ആദിവാസികൾ അറിഞ്ഞില്ല.

നാട്ടിൽ സ്വന്തം ഭൂമിയും നിലനിൽപ്പും അന്യമായിക്കൊണ്ടിരിക്കുന്ന തങ്ങൾക്ക് അഞ്ചേക്കർ ഭൂമി നൽകാമെന്ന് പറഞ്ഞ് കൊണ്ടുവന്നതാണെന്ന് ആശുപത്രിയിൽ പരിക്കേറ്റ് കിടക്കുന്ന ആദിവാസികൾ പറഞ്ഞു. കാടിന്റെ മക്കളായ തങ്ങളെ എല്ലാവരും അവഗണിച്ചപ്പോൾ തങ്ങൾക്ക് സഹായഹസ്തം നീട്ടിയവരോടൊപ്പം ഇറങ്ങിതിരിച്ചതാണത്രെ. ഇപ്പോൾ തങ്ങൾ തീവ്രവാദികളും ആർക്കും വേണ്ടാത്തവരും സമൂഹം വെറുക്കപ്പെട്ടവരുമായെന്ന് തന്റെ പിഞ്ച് കുഞ്ഞിനെ കെട്ടിപ്പിടിച്ച് കൊണ്ട് ഒരു ആദിവാസി സ്ത്രീ വിലപിച്ചു.

പൊലീസ് ബലപ്രയോഗത്തിലൂടെ തങ്ങളെ കുടിയിറക്കാൻ വരുമെന്ന് വിവരം ഗോത്ര മഹാസഭയുടെ പ്രവർത്തകർ മുൻകൂട്ടി അറിയിച്ചിരുന്നില്ലെന്ന് പരിക്കേറ്റ മറ്റൊരു ആദിവാസി സ്ത്രീ വ്യക്തമാക്കി. ഒരു കാലത്ത് സ്വന്തമായിരുന്ന ഭൂമി പലരുടെ കൈകളിലായി എത്തിപ്പെട്ട തങ്ങൾക്ക് സ്വന്തമായി അഞ്ചേക്കർ ഭൂമി നൽകുമെന്ന് പറഞ്ഞപ്പോൾ പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. എന്നും മറ്റുള്ളവരുടെ അടിമയായി കിടക്കാൻ വിധിക്കപ്പെട്ടവർക്ക് ഒരു മോചനം. അത് മാത്രം പ്രതീക്ഷിച്ചാണ് തങ്ങൾ വന്നതെന്ന് മറ്റൊരു യുവാവ് പറഞ്ഞു.

കാടിന്റെ മക്കളായ തങ്ങളെ സർക്കാരുകൾ പോലും ഭൂമി നൽകാമെന്ന് പറഞ്ഞ് പറ്റിച്ചപ്പോൾ പിന്നെ മറ്റൊന്നും ചിന്തിക്കാതെയാണ് വനത്തിലേക്ക് കയറിയത്. വനദേവത രക്ഷിക്കുമെന്ന് തങ്ങളുടെ പൂർവ്വികരുടെ വാക്കുകൾ ഓർത്താണ് ഇവിടേക്ക് വന്നത്. തങ്ങൾ ചെയ്ത തെറ്റ് എന്തെന്ന് നിസംശയതയോടെ ഒരു വയസ്ക്ക ചോദിക്കുന്നു.

ആദിവാസികളായ തങ്ങളെ ഇത്തരത്തിലൊരു അവസ്ഥയിൽ കൊണ്ട് ചെന്നെത്തിച്ചതിന്റെ ഉത്തരവാദിത്തം ഇപ്പോൾ തങ്ങൾക്കെതിരെ അലമുറയിട്ട് രംഗത്ത് വന്ന രാഷ്ട്രീയക്കാർക്കും ഭരണകൂടത്തിനുമാണെന്ന് മറ്റൊരു യുവാവ് അമർഷത്തോടെ പൊട്ടിത്തെറിച്ചു. ആദിവാസികൾക്ക് ഭൂമി നൽകുമെന്ന് മാറി മാറി വന്ന സർക്കാരുകൾ ആവർത്തിച്ച് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഭൂമി നൽകുന്ന കാര്യത്തിൽ അമാന്തം തുടർന്നു. അവസാനമായി ആന്റണി സർക്കാരും ഭൂമി നൽകാമെന്ന് പറയുകയും ആദിവാസി നേതാവ് സി.കെ. ജാനു ഉൾപ്പെടെയുള്ളവരുമായി കരാറിൽ ഒപ്പ് വെക്കുകയും ചെയ്തു. 2002 ജനുവരി ഒന്നു മുതൽ ആദിവാസികൾക്ക് ഭൂമി നൽകാമെന്നായിരുന്നു കരാർ. എന്നാൽ ഈ കരാർപ്രകാരം വയനാട്ടിൽ കാര്യമായ ആർക്കും ഭൂമി ലഭിച്ചില്ല.

ഭൂമി ലഭിക്കാതെ വഞ്ചിതരായ ആദിവാസികൾക്കിടയിലേക്കാണ് ആദിവാസി ഗോത്രമഹാസഭാ നേതാവ് സി. കെ. ജാനുവിന്റെ കടന്ന് വരവ്. സെക്രട്ടറിയേറ്റ് നടയിൽ കുടിൽ കെട്ടിയുള്ള സമരവും സി. കെ. ജാനുവിനും സംഘത്തിനും കൂടുതൽ ശക്തി നൽകാൻ പ്രേരകമായി. 2003 ജനുവരിയിൽ കരാർ നടപ്പാക്കിയില്ലെങ്കിൽ ഭൂമി കയ്യേറുമെന്ന് സി.കെ. ജാനുവിന്റെ ആദിവാസി ഗോത്രമഹാസഭ പരസ്യപ്രഖ്യാപനം നടത്തിയിട്ടും സർക്കാർ അലംഭാവം തുടർന്നു. ഇതിന്റെ പരിണിതഫലമായായിരുന്നു ഗോത്രമഹാസഭ ജനുവരി 4ന് മുത്തങ്ങ വനഭൂമി കയ്യേറിയത്.

സമരമുഖത്ത് ജാനുവിന് കരുത്തായി ഗീതാനന്ദൻ

ഒ. സി. മോഹൻരാജ്

കണ്ണൂർ: ആദിവാസികളുടെ സമരമുഖങ്ങളിൽ ഗോത്രമഹാസഭ അധ്യക്ഷ സി.കെ. ജാനുവിന്കരുത്ത് പകർന്ന് മുന്നണിപ്പോരാളിയായി നിന്നിരുന്നത് കണ്ണൂർ തയ്യിൽ സ്വദേശിയായ എം. ഗീതാനന്ദൻ. ഒളിജീവിതത്തെയും ചെറുത്തു നിൽപ്പിനെയും കുറിച്ചുള്ള പുതിയ പാഠങ്ങൾ ഗീതാനന്ദൻ ജാനുവിന് പകർന്നു കൊടുത്തത് പഴയ നക്സലൈറ്റ് അനുഭവങ്ങളിൽ നിന്നാണ്. ആദിവാസി ഗോത്രമഹാസഭയുടെ കൺവീനർ കൂടിയായ ഗീതാനന്ദൻ ജാനുവിന്റെ പോരാട്ടപാതകളിൽ കരുത്തായി മാറിയപ്പോൾ നിരവധി പേർ ഇവർക്കൊപ്പം അണിചേരുകയായിരുന്നു.

കണ്ണൂർ ജില്ലയിലെ തയ്യിൽ കുറുവയിലെ റിട്ട. റെയിൽവെ ഉദ്യോഗസ്ഥന്റെ മകനായ ഗീതാനന്ദൻ നക്സലൈറ്റ് പ്രസ്ഥാനങ്ങളിലൂടെയാണ് സമരമുഖത്തെത്തിയത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും മറൈൻ ബയോളജിയിൽ ബിരുദമെടുത്ത ശേഷം തിരുവനന്തപുരം ഏജീസ് ഓഫീസിൽ ഓഡിറ്ററായി ജോലികിട്ടിയെങ്കിലും നക്സലൈറ്റ് ബന്ധത്തെ തുടർന്ന് ഉദ്യോഗത്തിൽ നിന്നും പിരിച്ചു വിടപ്പെട്ടു. തുടർന്ന് സി. പി. ഐ (എം. എൽ) സജീവപ്രവർത്തകനായി. പാർട്ടി പ്രബന്ധങ്ങൾ തയ്യാറാക്കാനും പ്രവർത്തകരെ സംഘടിപ്പിക്കാനും പാർട്ടിക്ലാസുകൾ കൈകാര്യം ചെയ്യുവാനും ഗീതാനന്ദൻ കാണിച്ചിരുന്ന മിടുക്കും ആത്മാർഥതയും ഈ യുവാവിനെ പ്രസ്ഥാനത്തിന്റെ ഉയരങ്ങളിലെത്തിച്ചു.

തുടർന്ന് നക്സലൈറ്റ് പ്രസ്ഥാനം പിളർന്നപ്പോൾ സി. ആർ. സി. സി. പി. ഐ (എം. എൽ) സംഘടനയിൽ ചേർന്ന ശേഷം കെ. വേണുവിന്റെ സന്തതസഹചാരിയായി. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗമായും ഗീതാനന്ദൻ പ്രവർത്തിച്ചിരുന്നു. കെ. വേണുവിന്റെ പ്രവർത്തനങ്ങൾക്ക് അക്കാലത്ത് ചൂടും ഉണർവ്വും പകർന്നു കൊടുത്തതും ഗീതാനന്ദനായിരുന്നു. വേണുവുമായി വഴി പിരിഞ്ഞപ്പോൾ ദളിത് പ്രവർത്തകരെ ഏകോപിപ്പിച്ചായിരുന്നു ഗീതാനന്ദന്റെ പ്രവർത്തനം. ദളിത് ഏകോപനസമിതിയുടെ സജീവപ്രവർത്തകനായ ഗീതാനന്ദൻ ദളിതരുടെ പ്രശ്നങ്ങൾ അധികാരസ്ഥാനങ്ങളിലെത്തിക്കാൻ മുന്നണിയിലായിരുന്നു. കശുവണ്ടി വികസനകോർപ്പറേഷനിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ദുരൂഹ മരണത്തിന് ഉത്തരവാദികളായവരെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് സമരം നയിച്ചതും ഗീതാനന്ദനായിരുന്നു. തുടർന്ന് പേരാവൂർ തിരുവോണപ്പുറത്തു നിന്നും ആദിവാസികളെ കുടിയിറക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ ആഴ്ചകളോളം നീണ്ടു നിന്ന സമരം നടത്താൻ ആദിവാസികളെ പ്രേരിപ്പിച്ചതിനു പിന്നിലും ഈ യുവാവിന്റെ സജീവ പങ്കാളിത്തമുണ്ടായിരുന്നു.

കുറിച്ചി സജീവോത്തമപുരം ഹരിജൻ കോളനിയിൽ ഹൈടെൻഷൻ വൈദ്യുതി ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് ഹരിജനങ്ങളെ സംഘടിപ്പിച്ച് പ്രക്ഷോഭം നടത്തിയിട്ടുണ്ട്.



ആർ. സി. എം. കണ്ണാശുപത്രി
ഹിൽപാലസ് റോഡ്, തൃപ്പൂണിത്തുറ

നേത്ര ചികിത്സയിൽ മികവിന്റെ 15-ാം വർഷം

ഡോ. ദീപക് ഖോസ്ല M.D FMRF
ഫെബ്രുവരി 23-ാം തീയതി ചാർജെടുക്കുന്നു.

ചെന്നൈ ശങ്കര നേത്രാലയ, പൂട്ടപർത്തി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ബാംഗ്ളൂർ സാഗർ അപ്പോളോ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ സേവനമനുഷ്ടിച്ചിട്ടുള്ള ഡോ. ഖോസ്ല കണ്ണിലെ റെറ്റിന, വിട്രിയസ്, മാക്കുല എന്നീ എല്ലാവിധ ശസ്ത്രക്രിയകളിലും പ്രത്യേക പരിശീലനം നേടിയിട്ടുണ്ട്.

ആൽക്കോൺ വിട്രിയോക്ടമി, എഫ്. എഫ്. എ, എൻഡോലേസർ, എൻഡോ ഡയതെർമി എന്നിവയ്ക്കുള്ള ഉപകരണങ്ങൾ, റെറ്റിന രോഗങ്ങൾക്കുള്ള സിലിക്കോൺ ഓയിൽ, പി. എഫ്. സി. എൽ ഉപകരണങ്ങൾ, ട്രാൻസ് പ്യൂപ്പലറി തെർമോ തെറാപ്പി (TTT) സൗകര്യങ്ങൾ എന്നിവയടക്കം നേത്ര ചികിത്സയിലെ എല്ലാ നൂതനസങ്കേതങ്ങളും (തിമിരം, ഗ്ലക്കോമ, ഡയബറ്റിക് റെറ്റിനോപതി എന്നിവയ്ക്കുള്ള ചികിത്സകൾ ഉൾപ്പെടെ) ഇവിടെ ലഭ്യമാണ്.

പരിശോധനയ്ക്ക് മുൻകൂട്ടി ഇന്ന് മുതൽ ബുക്കു ചെയ്യുവാൻ
0484 - 2777317 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഒരു ആർ. സി. എം. ഗ്രൂപ്പ് സമാപനം

Vol. No20 Issue No.51 R.No. 44655/86 (R.No. KL/NR/5-59/2003-05) Printed and published by M.S. Ravi from Kaumudi Buildings, Thondayad, Kozhikode-673016 on behalf of Kerala Kaumudi Pvt. Ltd. and Printed at Ravi Printers and Publishers(P) Ltd., Thondayad, Kozhikode-673016, Phone: 0495-2356023, 2355752, Fax: 2743973. e-mail: editor@ekaumudi.com Editor: A.P. Viswanathan*, Editor-in-Chief: M.S. Mani. * Responsible for selection of news under the PRB Act.

മംഗളം

21 ഫെബ്രുവരി 2003 വെള്ളി
9 കുംഭം 1178

www.mangalam.com

വില 2 രൂപ

കോഴിക്കോട് 10 പേജ്

PUBLISHED FROM KOTTAYAM, KOZHIKODE AND KOCHI

ഗീതാനന്ദൻ: ആദിവാസി പ്രക്ഷോഭത്തിന് പിന്നിലെ ബുദ്ധികേന്ദ്രം

ജാനുവിന്റെ ബുദ്ധികേന്ദ്രവും ഗോത്രമഹാസഭാ ജനറൽ കൺവീനറുമായ ഗീതാനന്ദന്റെ ജീവിതകഥ കണ്ണൂരിൽ നിന്ന് മൂർക്കോത്ത് രഞ്ജിത്തും തിരുവനന്തപുരത്തു നിന്ന് അനിൽ പത്മനാഭനും റിപ്പോർട്ടു ചെയ്യുന്നു

സാമൂഹിക ജീവശാസ്ത്രത്തിന്റെ പൊരുൾ തേടിയ മനസ്സാണ് പിന്നീട് വിപ്ലവത്തിന്റെ സ്വപ്ന സമുദ്രത്തിൽ നീന്താനിറങ്ങിയത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്ന് മറൈൻ ബയോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ഗീതാനന്ദൻ പഠന കാലത്തുതന്നെ കമ്മ്യൂണിസ്റ്റ് വിപ്ലവപ്രസ്ഥാനത്തിൽ ആകൃഷ്ടനായി. തിരുവനന്തപുരം ഏജീസ് ഓഫീസിൽ ഗുമസ്തനായി ജോലി ലഭിച്ച ഗീതാനന്ദന് നക്സലൈറ്റ് പ്രവർത്തനത്തിന്റെ പേരിൽ ജോലി നഷ്ടപ്പെടുകയായിരുന്നു. കെ. വേണു അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന സി.ആർ.സി.സി.പി.ഐ.എം.എല്ലിൽ സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു. പാർട്ടി പിളർന്നശേഷം ഗീതാനന്ദൻ സമാന്തര രാഷ്ട്രീയ -പരിസ്ഥിതി സംഘടനകളുമായും മറ്റും പ്രവർത്തിക്കുകയായിരുന്നു. ഇതിനിടയിൽ കണ്ണൂർ കേന്ദ്രീകരിച്ച് മുദ്ര പബ്ലിക്കേഷൻസ് എന്ന പേരിൽ പുസ്തക പ്രസാധനം ആരംഭിച്ചു.

ഓഷോ രജനീഷിന്റെ മുന്ന് പുസ്തകങ്ങളുടെ തർജമയാണ് പ്രസിദ്ധീകരിച്ചത്. പബ്ലിക്കേഷൻസ് സ്ഥാപനം നിർത്തിയശേഷമാണ് രണ്ടു വർഷം മുമ്പ് സി.കെ ജാനുവിനൊപ്പം ദളിത് രാഷ്ട്രീയ പ്രസ്ഥാനത്തിൽ സജീവമായി ഇറങ്ങിയത്. ദളിത് കുടുംബാംഗമായ ഗീതാനന്ദനാണ് ജാനുവിന്റെ ആദിവാസി പ്രക്ഷോഭത്തിന് മുഴുവൻ ഊർജവും നൽകിയത്.

ജാനുവിന്റെ ആദിവാസി പ്രക്ഷോഭത്തിന് പിന്നിലെ ശരിയായ ബുദ്ധികേന്ദ്രം ഗീതാനന്ദനേറെതായിരുന്നു. ഇപ്പോൾ ഗോത്രമഹാസഭ ജനറൽ കൺവീനറാണ്.

നക്സലൈറ്റ് പ്രസ്ഥാന പ്രവർത്തന പരിചയത്തിന്റെ പശ്ചാത്തലമുള്ളതിനാൽ ആദിവാസി പ്രക്ഷോഭത്തിലും നക്സലൈറ്റ് പ്രവർത്തന ശൈലിയാണ് ഗീതാനന്ദൻ നടപ്പാക്കിയത്. ആദിവാസി പ്രക്ഷോഭത്തിന് പിന്നിൽ നക്സലൈറ്റുകാരാണെന്ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് സമരകാലത്തും മറ്റും സർക്കാർ ആരോപിച്ചത് ഗീതാനന്ദന്റെ പഴയ നക്സലൈറ്റ് പരിവേഷം കാരണമാണ്. ഗോത്രമഹാസഭ ആറളം ഫാമിൽ രണ്ടു മാസം മുമ്പ് പ്രഖ്യാപിച്ച ഗോത്രമഹാസഭയും പൂജയും തടയാൻ ഫാം തൊഴിലാളികളും പോലീസും കനത്ത ഉപരോധം ഏർപ്പെടുത്തിയിട്ടും ജാനുവും കൂട്ടരും അവരുടെ കണ്ണുവെട്ടിച്ച് സമർഥമായി ഫാമിലെ കൈതക്കൊല്ലി കോളനിയിൽ പ്രവേശിച്ച് ഗോത്രമഹാസഭ കൂടിയിരുന്നു. നക്സലൈറ്റ് ശൈലിയിൽ നടത്തിയ ആ നീക്കത്തിന് പിന്നിലെ ബുദ്ധിയും ഗീതാനന്ദനേറതാണ്.

സാമൂഹ്യപ്രവർത്തനത്തിനിടയിൽ ഗീതാനന്ദന്റെ ദാമ്പത്യ ജീവിതം പാളിപ്പോയി. ഇവർക്ക് രണ്ടു മക്കളുണ്ട്. സ്വന്തം വീട്ടുകാരെ ഉപേക്ഷിച്ച് ഗീതാനന്ദനൊപ്പം ഇറങ്ങിത്തിരിച്ച നക്സൽ സഹയാത്രികയായിരുന്ന ഭാര്യയെ ഗീതാനന്ദന്റെ വീട്ടുകാരാണ് ഇപ്പോൾ സംരക്ഷിക്കുന്നത്. ഭാര്യയുമായി നല്ല ബന്ധത്തിലല്ലെങ്കിലും ഒന്നരയാഴ്ച മുമ്പും കുറുവയിലെ വീട്ടിൽ കുട്ടികളെ കാണാൻ ഗീതാനന്ദൻ എത്തിയിരുന്നു.

'എവിടെയായാലും ഗീതൻ കീഴടങ്ങുകയില്ല. അവന്റെ മനസ് അങ്ങനെയാണ്'-ഗീതാനന്ദന്റെ മനമറിഞ്ഞ തിരുവനന്തപുരം ഏജീസ് ഓഫീസിലെ സുഹൃത്തുക്കളുടെ അഭിപ്രായം. ഗീതന് എന്തെങ്കിലും സംഭവിച്ചോ? സുഹൃത്തുക്കളുടെ മുഖത്ത് ആകാംക്ഷപടർന്നു. അവരുടെ കണ്ണുകൾ മുത്തങ്ങാ വാർത്തകൾ നിറഞ്ഞുനിൽക്കുന്ന പത്രത്താളുകളിലേക്ക് അരിച്ചിറങ്ങുന്നു.

ഇരുപത്താറാം വയസിൽ സർവീസിൽ പ്രവേശിച്ചു. ആദ്യം സെക്രട്ടേറിയറ്റിൽ, പിന്നീട് ഏജീസ് ഓഫീസിലേക്കും മാറി. ഗീതന്റെ ഒഴിവുവേളകൾ ഹോക്കിക്കും വിപ്ലവത്തിനുമായിരുന്നു.

നേരംപോക്ക് പിന്നീട് ഗീതാനന്ദനെ നക്സലൈറ്റ് പ്രസ്ഥാനങ്ങളിൽ കൊണ്ടെത്തിച്ചു. അവിടെനിന്ന് ആദിവാസി ക്ഷേമ പ്രവർത്തനങ്ങളിലേക്കും. ഹോക്കിയോടുള്ള ഭ്രമം സെക്രട്ടേറിയറ്റിൽനിന്ന് ഏജീസ് ഓഫീസിലേക്ക്. ഷോർട്സും ബനിയനുമിട്ട് രാവിലെ ഹോക്കി പ്രാക്ടീസ് ചെയ്യുകയും വൈകിട്ട് ഉശിരൻ വിപ്ലവ പ്രകടനം നടത്തുകയുംചെയ്യുന്ന ഗീതാനന്ദനെ ഇന്നും സുഹൃത്തുക്കൾക്ക് ഓർമയുണ്ട്.

ഏതുവിഷയത്തിലും വ്യക്തവും ശക്തവുമായ അഭിപ്രായം. എന്തിനും മുൻപന്തിയിൽ. ഇങ്ങനെയൊക്കെയാണെങ്കിലും സൗമ്യത ഗീതാനന്ദനൊപ്പമുണ്ടായിരുന്നു. തീവ്രവിപ്ലവ ചിന്താഗതിയുമായി സർവസമ്മതനെന്ന മേൽവിലാസത്തോടുകൂടി ഗീതാനന്ദൻ സർക്കാർ ഓഫീസിലും സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയനിലും പ്രവർത്തിക്കാൻ കഴിഞ്ഞു. സംഘടനയുടെ പ്രവർത്തനങ്ങളുമായി കേരളം മുഴുവൻ സഞ്ചരിക്കാൻ തുടങ്ങി. അതോടെ ഓഫീസ് വരവും നിലച്ചു. പലതവണയായി ഗീതാനന്ദന് സർക്കാരിൽനിന്ന് ഷോക്കോസ് നോട്ടീസ് ലഭിച്ചുകൊണ്ടിരുന്നു.

തീർത്തും വരാതായപ്പോൾ 1985 ൽ 15 വർഷത്തെ സേവനവും പൂർത്തിയാക്കി ഗീതാനന്ദൻ സ്വയം പിരിയുകയായിരുന്നു.



■ ഗീതാനന്ദൻ



■ ജാനു

■ സ്വന്തം ലേഖകൻ

ജാനു എവിടെ...?

കൽപ്പറ്റ: ആദിവാസികളുടെ വിമോചന നേതാവായി പലരും ഉയർത്തിക്കാട്ടികൊണ്ടുവന്ന ജാനു എവിടെ? എപ്പോൾ വേണമെങ്കിലും ബന്ധപ്പെടാൻ പത്രമാഫീസുകളിൽ വിളിച്ചറിയിച്ച 94472 35335 നമ്പർ മൊബൈൽ ഫോൺ രണ്ടു ദിവസമായി സ്വിച്ച് ഓഫ് ചെയ്തിരിക്കയാണ്. പോലീസ് നടപടി ഉറപ്പായതോടെ അവർ സുരക്ഷാ കേന്ദ്രങ്ങളിലേക്ക് ഒളിഞ്ഞുകടന്നിരിക്കയാണെന്നു വേണം കരുതാൻ.

മുത്തങ്ങ വനംകയ്യേറ്റവും മരംമുറിക്കലും കാടുനശിപ്പിക്കലും ജീവികളെ കൊല്ലലും വനപാലകരെയും ബന്ദികളെയും തട്ടിയെടുത്ത് ബന്ധിച്ച് മർദ്ദിച്ച് വശരാക്കുകയും വഴി നിരവധി ക്രിമിനൽ കേസിൽ മുഖ്യപ്രതികളാണ് ഗോത്രസഭാ നേതാവ് ജാനുവും സന്തതസഹചാരിയായ ദളിത് നേതാവ് ഗീതാനന്ദനും. കയ്യേറ്റം തുടങ്ങിയ മൂന്നു മുതൽ കമാന്റോ ഓപ്പറേഷൻ ആരംഭിക്കുന്നതുവരെ ഇരുവരും ക്യാമ്പിനകത്തുണ്ട്. വെടിവെയ്പിന് മുമ്പ് രക്ഷപ്പെട്ട് അയൽ സംസ്ഥാനങ്ങളിലേക്ക് കടന്ന് ഒളിസങ്കേതത്തിലെത്തിയോ അതല്ല പോലീസ് വലയത്തിലകപ്പെട്ടോ എന്ന് വ്യക്തമല്ല.

ജാനു ആഴ്ചയിൽ ഒരു ദിവസമേ കേന്ദ്രത്തിലെത്താറുള്ളൂ. മുഖ്യമായും അനുയായികൾക്കുള്ള സ്റ്റഡി ക്ലാസ്സെടുക്കും. ഈ ഭൂമി നിങ്ങളുടെതാണെന്നും ഇതിൽ കയറി ഒഴിപ്പിക്കാൻ ആരു വന്നാലും നിർദാക്ഷിണ്യം വെട്ടിക്കൊല്ലണമെന്നും അല്ലാത്തപക്ഷം വിട്ടൊഴിഞ്ഞ് പോകേണ്ടിവരുമെന്നുമാണ് സ്വയംഭരണകേന്ദ്രത്തിൽ അംഗങ്ങളായെത്തുന്നവർക്കുള്ള കർശന നിർദേശം. ജാനുവിന്റെ സാന്നിധ്യത്തിലാണ് പുതിയ അംഗങ്ങളെ ചേർക്കൽ. 250 രൂപയും 25 കിലോ അരിയുമാണ് അംഗത്വ ഫീസ്. ഇതുനൽകി അകത്ത് അവർ സ്ഥാപിച്ച് ചെക്ക്പോസ്റ്റിനകത്തുകടന്നു കഴിഞ്ഞാൽ ആരും ഒന്നും ചെയ്യില്ലെന്നും ഗോത്രസഭാസേന കൂട്ടുണ്ടാകുമെന്നുമാണ് ഉറപ്പ്.

ഭൂമി കിട്ടുമെന്ന വ്യാമോഹത്തിൽ ഇവരുടെ നിർദേശങ്ങൾ അനുസരിച്ച് നടക്കുന്ന വയനാട്ടുകാരായ പാവപ്പെട്ട ആദിവാസികളാണ് മുത്തങ്ങയിലുണ്ടായിരുന്ന പകുതിയിലധികം പേരും. അവരിൽ ഓടിരക്ഷപ്പെട്ടവരൊഴിച്ച് കുറച്ചു പേരാണ് ഇപ്പോൾ പോലീസ് കസ്റ്റഡിയിലും ആശുപത്രിയിലും കഴിയുന്നത്. ഇവരെ സംബന്ധിച്ചിടത്തോളം ഭൂമി നൽകുന്ന കൺകണ്ട ദൈവങ്ങളായ ജാനുവും ഗീതാനന്ദനും കൽപ്പിക്കുന്നതിനപ്പുറം ഒന്നുമില്ല.

എന്നാൽ, ക്യാമ്പിലുണ്ടായിരുന്ന അസിസ്റ്റന്റ് കമാൻഡന്റ് അശോകൻ മുതലുള്ള മുന്നൂറിലധികം യുവാക്കൾ യഥാർത്ഥ തീവ്രവാദ പ്രവർത്തകരാണ്. അക്കൂട്ടത്തിൽപ്പെട്ട രണ്ടുപേർ മാത്രമേ പരുക്കേറ്റ നിലയിൽ പോലീസ് പിടിക്കാനായുള്ളൂ. മറ്റുള്ളവരെല്ലാം ഓപ്പറേഷൻ മുന്നേറുന്നതിനനുസരിച്ച് പിന്നോട്ട് നീങ്ങി കമാന്റോ ഓപ്പറേഷൻ നടന്ന മുഖ്യകേന്ദ്രത്തിൽ തമ്പടിക്കുകയായിരുന്നു.

അവിടെ ബന്ദികളാക്കിയ വിനോദിനെയും ഫോറസ്റ്റ് ഗാർഡ് ശശിധരനെയും വെട്ടിയും കുത്തിയും മുറിവുകളിൽ അമ്പുകുത്തിയിറക്കിയും മൂക്കും ചെവിയും ചെത്തിയും അവർ പീഡിപ്പിച്ചു. അഞ്ചരയോടെ കമാന്റോ ഓപ്പറേഷന് തുടക്കമായപ്പോൾ വിനോദിനെ വീണ്ടും വെട്ടിയിട്ട് എല്ലാവരും ഓടുകയായിരുന്നു. ഇവരിൽ എത്ര പേർക്ക് വെടിയേറ്റു എത്രപേർ പരുക്കേൽക്കാതെ രക്ഷപ്പെട്ടു എന്നറിയില്ല.

ഇവരിലേറെയും ആദിവാസിഗോത്രങ്ങളിൽപ്പെട്ടവരെങ്കിലും വയനാട്ടുകാരല്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ, കാസർകോഡ്, ജില്ലകളിൽ നിന്നുള്ളവരാണേറെയും. തമിഴ്നാട്, ആന്ധ്രാപ്രദേശ്, എന്നിവിടങ്ങളിൽ നിന്നുള്ള ചുരുക്കം പേരും ഇതിലുണ്ട്.

ചില പ്രത്യേക തീവ്രവാദസംഘടനകൾക്ക് കീഴിൽ ഗറില്ലായുദ്ധത്തിൽ ശരിയായ പരിശീലനം സിദ്ധിച്ച ഇവരെ കീഴ്പ്പെടുത്തുക അത്ര എളുപ്പമല്ല.

ബോഡോ കലാപക്കാരെ പോലെ ഉന്നതരെ ബന്ദിയാക്കി വിലപേശലിനുള്ള മുന്നൊരുക്കങ്ങൾ വരെ മുത്തങ്ങയിൽ നടന്നവത്രെ. ഇതിനായി പ്രത്യേകം പരിശീലനംനേടിയവരും ആയുധങ്ങളും എത്തിച്ചേർന്നിരുന്നു.

ഫോറസ്റ്റുകാരെ ബന്ദികളാക്കുന്നതിനു രണ്ടു ദിവസം മുമ്പ് കണ്ണൂർ രജിസ്ട്രേഷനുള്ള രണ്ട് വാനും മുത്തങ്ങയ്ക്കേറ്റ കേന്ദ്രത്തിലെത്തിയിരുന്നതായും അന്വേഷണ ഏജൻസികൾക്ക് വിവരം ലഭിച്ചിട്ടുണ്ട്.

പോലീസ് നടപടി സർക്കാർ നിർദ്ദേശപ്രകാരം: മുഖ്യമന്ത്രി

■ പിടിയിലായവരിൽ ശ്രീലങ്കൻ തമിഴനും ആന്ധ്രക്കാരനും

മുത്തങ്ങ മോചിപ്പിച്ചു

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങയിലുണ്ടായ പോലീസ് നടപടി സർക്കാരിന്റെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് മുഖ്യമന്ത്രി എ.കെ.ആന്റണി. മന്ത്രിസഭായോഗത്തിനുശേഷം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുത്തങ്ങയിലെ അനിഷ്ട സംഭവങ്ങളെക്കുറിച്ച് ഏതെങ്കിലും തലത്തിലുള്ള അന്വേഷണത്തിനോ സമരക്കാരുമായി ചർച്ചയ്ക്കോ സർക്കാർ തയ്യാറാല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരും മറ്റും ആവർത്തിച്ച് ആവശ്യപ്പെട്ടതിനെതുടർന്നാണ് ആദിവാസികളെ ഒഴിപ്പിക്കാൻ നിർദ്ദേശം നൽകിയത്. ആദിവാസികളായതിനാലാണ് ഇത്രയും കാലം സംയമനം പാലിച്ചത്. എന്നാൽ സായുധ കലാപം ഉണ്ടാകുമെന്ന് യാതൊരു സൂചനയും ഇല്ലായിരുന്നു. സമരത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കാനായിരുന്നു ശ്രമം. അവർ തയ്യാറായില്ലെങ്കിലും ചർച്ചയ്ക്ക് ശ്രമിച്ചുകൊണ്ടിരുന്നു.

എന്നാൽ ആദിവാസികളെ മുന്നിൽനിർത്തി മറ്റുചില ശക്തികളാണ് സമരം നടത്തിയത്. അവർ ആരൊക്കെയാണെന്ന് സർക്കാർ അന്വേഷിക്കുന്നുണ്ട്.



■ മുത്തങ്ങ വനത്തിനുള്ളിൽ ആദിവാസികൾ നിർമിച്ച താത്കാലിക കുടിലുകൾ പോലീസ് കത്തിച്ചപ്പോൾ.

■ സ്വന്തം ലേഖകൻ

മുത്തങ്ങ(വയനാട്) : മുത്തങ്ങ വനജീവി സങ്കേതം കയ്യേറ്റക്കാരിൽ നിന്നും പൂർണ്ണമായും മോചിപ്പിതായി അധികൃതർ അറിയിച്ചു. കസ്റ്റഡിയിലുള്ളവരിൽ ഒരു ശ്രീലങ്കൻ തമിഴനും ആന്ധ്ര സ്വദേശിയുമുണ്ടെന്ന് പോലീസ് പറഞ്ഞു. പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ പരിശീലനം ലഭിച്ചവരാണിവരെന്ന് പോലീസ് സംശയിക്കുന്നു. ഇവരുടെ ബന്ധത്തെ കുടുതലായി അന്വേഷിക്കുന്നണ്ടെന്ന് ഐ.ജി.വേണുഗോപാൽ ജി. നായർ പറഞ്ഞു.

കഴിഞ്ഞ ദിവസത്തെ വെടിവയ്പ്പിനെ തുടർന്ന് ഗോത്രമഹാസഭ നേതാക്കൻമാരിൽ നല്ലൊരു വിഭാഗം സർവ്വതും ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. മറ്റുള്ളവർ പോലീസിന് കീഴടങ്ങുകയായിരുന്നു. ശേഷിച്ച ഗോത്രസഭാ പ്രവർത്തകരെ കണ്ടെത്താനായി പൊൻകുഴി തേക്കിൻ പ്ലാന്റേഷൻ, തകരപ്പാടി അമ്പുകുത്തിവയൽ എന്നിവിടങ്ങളിൽ തെരച്ചിൽ നടത്തിയെങ്കിലും ഒരാളെയും കണ്ടെത്താനായില്ല. ശേഷിച്ച കുടിലുകളും കയ്യേറ്റക്കാരുടെ മറ്റു സാധനങ്ങളും വനം വകുപ്പുകാർ പൂർണ്ണമായും തീയിട്ടു നശിപ്പിച്ചു. കണ്ണൂർ മാങ്ങാട് പറമ്പ് കെ.എ.പി. ഒന്നാം ബറ്റാലിയൻ കമാന്റിംഗ് ചീഫ് പി.വിജയൻ, അഞ്ചാം ബറ്റാലിയൻ കമാന്റിംഗ് ചീഫ് ദിനേശ് കശബു, കെ.എ.പി.കമാന്റന്റ് സുരേഷ് രാജ് പുരോഹിത് എന്നിവർ നേതൃത്വം നൽകി.

മുന്നൂറിൽപരം ഗോത്രസഭാ പ്രവർത്തകർ ഓടി രക്ഷപ്പെട്ട് വിവിധ കോളനികളിലും ഉൾവനങ്ങളിലും കഴിയുന്നുണ്ട്. ഇവരിൽ പലരെയും ബാച്ചു ബാച്ചുകളായി പിടികൂടികൊണ്ടിരിക്കുകയാണ്. പ്രദേശത്ത് വീണ്ടും കയ്യേറ്റമുണ്ടാകാതിരിക്കാൻ ഫോറസ്റ്റ് വിഭാഗം ജാഗ്രത പാലിക്കുന്നുണ്ട്. ബത്തേരി, മാനന്തവാടി ടൗണുകളിൽ നിന്നായി എഴുപത്തിമൂന്ന് പേരെയും പുലിതുക്കി കോളനിയിൽ നിന്ന് പന്ത്രണ്ടു പേരെയും ഇന്നലെ പോലീസ് പിടികൂടി.

കൂടുതൽ വാർത്തകൾ പേജ് 10 ൽ

വെടിവയ്പ്പ് നടന്ന ദിവസം രാത്രിയിൽ പൊൻകുഴിയിലെ പ്രമുഖ വ്യക്തി മുഖേന 152 പ്രവർത്തകർ പോലീസിൽ കീഴടങ്ങിയിരുന്നു. ഓപ്പറേഷന്റെ ഭാഗമായി സ്ത്രീകളും കുട്ടികളുമടക്കം 35 പേർ കസ്റ്റഡിയിലെടുത്തു. ഇവരെല്ലാം ബത്തേരി താലൂക്കാശുപത്രിയിൽ ചികിത്സയിലാണ്. പിടികിട്ടാനുള്ളവർക്കായി പോലീസ് തിരച്ചിൽ തുടരുന്നുണ്ട്. വാഹനങ്ങളിൽ രക്ഷപ്പെടാതിരിക്കാൻ നിരീക്ഷണം ശക്തമാണ്. ചെക്ക് പോസ്റ്റുകളിലും അഞ്ച് ബറ്റാലിയൻ കെ.എ.പി വിഭാഗവും പോലീസും വനപാലകരുമടക്കം മുത്തങ്ങ പ്രദേശത്ത് തമ്പടിച്ചിട്ടുണ്ട്.

ഒരാഴ്ചയോളം ഈ നില തുടരാനാണ് സാധ്യത. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ സി.കെ.പത്മനാഭൻ, ഇ.പി.ജയരാജൻ എം.എൽ.എ, പി.കെ.കൃഷ്ണദാസ്, എ.കണാരൻ, പി.എ.മുഹമ്മദ്, പി.സി.മോഹനൻ മാസ്റ്റർ സംഭവസ്ഥലവും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെയും സന്ദർശിച്ചു. പ്രതിപക്ഷ നേതാവ് വി.എസ്.അച്ചുതാനന്ദനും, പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി എം.എ.കുട്ടപ്പനും, വനം മന്ത്രി കെ.സുധാകരനും മുത്തങ്ങയിൽ ഇന്നെത്തുമെന്ന് സൂചനയുണ്ട്.

നേരത്തെ വെടിയേറ്റു മരിച്ച ആദിവാസി ജോഗിയുടെയും വെട്ടേറ്റു മരിച്ച് കണ്ണൂർ കെ.എ.പി. ബറ്റാലിയനിലെ വിനോദിന്റെയും മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു.

പോലീസുകാർ അപകടനില തരണം ചെയ്തു

കോഴിക്കോട്: മുത്തങ്ങഏറ്റുമുട്ടലിൽ പരുക്കേറ്റ പോലീസുകാർ സുഖം പ്രാപിച്ചുവരുന്നു. ബത്തേരി റെയ്ഞ്ചിലെ ഫോറസ്റ്റർ പി.കെ.ശശിധരൻ (55) ഉം, കെ.എ.പി. ഫോർത്ത് ബറ്റാലിയൻ കണ്ണൂരിലെ കോൺസ്റ്റബിൾ ടി.കെ.വിനോദു(28)മാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ സുഖം പ്രാപിച്ചുവരുന്നത്. കഴുത്തിന് വെട്ടേറ്റ നോർത്ത് ബറ്റാലിയൻ കോൺസ്റ്റബിൾ അബ്ദുസലാം (29) സീകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്.

മരണമുഖത്ത് നിന്ന് രക്ഷപ്പെട്ടതിന്റെ ആശ്വാസവും ഭീതിയും നിഴലിച്ചാണ് ഇവർ കഴിയുന്നത്. ബത്തേരി റെയ്ഞ്ച് ഫോറസ്റ്റർ പി.കെ.ശശിധരന്റെ ഇടത്വാരിയെല്ലിന് മുറിവേറ്റ മാരകമായ നിലയിലായിരുന്നു ആശുപത്രിയിൽ കൊണ്ടുവന്നത്.

ലോട്ടറി ഫലങ്ങൾ പേജ് 8

ആനയും ഉറുമ്പും



ആദിവാസിക്ക് എന്നു ഭൂമി കൊടുക്കും?

'ജിമ്മി'ൽവന്ന കമ്പനികൾക്ക് ആദ്യം കൊടുക്കട്ടെ.

16 ആദിവാസികൾ കൊല്ലപ്പെട്ടു: സമരസഹായ സമിതി

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: ആദിവാസികൾക്കുനേരെ മുത്തങ്ങയിൽ പോലീസ് നടത്തിയ അക്രമത്തിൽ പതിനാറുപേർ കൊല്ലപ്പെട്ടതായി ആദിവാസി-ദളിത് സമരസഹായ സമിതി പത്രസമ്മേളനത്തിൽ അറിയിച്ചു.

മൂന്ന് സ്ത്രീകളും മൂന്നു കുട്ടികളുമടക്കം പതിനാറുപേർ കൊല്ലപ്പെട്ടെന്നാണ് തങ്ങൾക്ക് ലഭിച്ച അവസാന വിവരം. കേരളം കണ്ട തിൽവച്ച് ഏറ്റവും പൈശാചികമായ കൂട്ടക്കൊലയാണ് മുത്തങ്ങയിൽ നടന്നത്.

കുടിൽകെട്ടിയും, കൃഷിയിറക്കിയും സമാധാനപരമായി ജീവിച്ച ആദിവാസികളെ കുടിയൊഴിപ്പിക്കാൻ വനം മാഫിയയും ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ടും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമാണീ അക്രമം.

ആദിവാസികൾ സായുധസമരം നടത്തിയെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പോലീസിന്റെ സായുധ സമരത്തിനെതിരെ ചെറുത്തുനിൽപ്പ് നടത്തുകമാത്രമാണ് അവർ ചെയ്തത്. അവർക്ക് അവകാശപ്പെട്ട സ്ഥലം നൽകാതെ പോലീസ് നടപടിയെ ന്യായീകരിച്ച മുഖ്യമന്ത്രി രാഷ്ട്രീയ തന്ത്രം തിരിച്ചറിയണം.

ആദിവാസി സമരത്തിന്റെ സാധ്യത തകർക്കാനാണ് ഇവർക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്ന കഥകൾ പ്രചരിപ്പിക്കുന്നത്.

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗോത്രസഭയുമായി സർക്കാർ ചർച്ച നടത്തുക, ആദിവാസികൾക്ക് അടിയന്തര സഹായമെത്തിക്കുക, മാധ്യമ പ്രവർത്തകരെ സംഭവസ്ഥലത്ത് പ്രവേശിപ്പിക്കുക, ജുഡീഷ്യൽ അന്വേഷണം നടത്തുക എന്നീ ആവശ്യങ്ങൾ സമിതി ഉന്നയിച്ചു. പത്രസമ്മേളനത്തിൽ ആർ.പ്രസാദ്, വിനോദൻ, സി.എസ്. ചന്ദ്രിക, രഘു എന്നിവർ പങ്കെടുത്തു.

കമാൻഡോ ആക്ഷനിൽ മരിച്ചവരെത്ര ?

■ സ്വന്തം ലേഖകൻ

മുത്തങ്ങ(വയനാട്) : മുത്തങ്ങയിലെ കെ.എ.പി.കമാൻഡോ ആക്ഷനിൽ മരിച്ച ആദിവാസികളെത്ര?. മാനന്തവാടിയിലെ പയ്യമ്പള്ളി ചെറുമാട് കോളനിയിലെ ജോഗി (55) മാത്രമേ മരിച്ചിട്ടുള്ളുവെന്നാണ് ഔദ്യോഗിക ഭാഷ്യം. സംഭവത്തിന് സാക്ഷ്യം വഹിച്ചവർക്കും മുത്തങ്ങ പ്രദേശവാസികൾക്കും ഇത് വിശ്വസിക്കാനേ കഴിയുന്നില്ല. മൂന്നൂറിലധികം വരുന്ന ആദിവാസി ഗോത്രമഹാസഭയുടെ ക്യാമ്പിലേക്ക് പോലീസ് ഇരച്ചുകയറി വെടിയുതിർക്കുകയായിരുന്നു. പ്രാണരക്ഷാർത്ഥം എല്ലാവരും ഓടിയെങ്കിലും വെടിയേറ്റ് വീണവരുടെ എണ്ണം പതിനഞ്ചിലധികമുണ്ടെന്ന് ദൃക്സാക്ഷികൾ കണ്ടതാണ്. ഒരാൾ മാത്രമേ മരിച്ചിട്ടുവെങ്കിൽ വെടിയേറ്റ് വീണ മറ്റുള്ളവർ എവിടെയെന്ന ചോദ്യം അവശേഷിക്കുന്നു.

വെടിയേറ്റ് മരിച്ചവരുടെ എണ്ണം അഞ്ചെന്ന് ആദ്യം സാക്ഷ്യപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർപോലും ഇപ്പോൾ ഈ ചോദ്യം സ്വയം ചോദിക്കുന്നുണ്ടാവും. വെടിവയ്പ്പ് നടന്ന ദിവസം ഒരു മൃതദേഹം മാത്രമെ കണ്ടെടുക്കാൻ ആയുള്ളുവെങ്കിലും അടുത്ത ദിവസത്തെ തെരച്ചിലിൽ കൂടുതൽ മൃതദേഹങ്ങൾ കണ്ടെത്താനാവുമെന്നാണ് എല്ലാവരും ധരിച്ചത്. എന്നാൽ പ്രതീക്ഷയ്ക്ക് വിപരീതമായി തെരച്ചിലിൽ ഒരു മൃതദേഹം പോലും കണ്ടെത്താനായില്ല. പതിനഞ്ചിലധികം പേർക്ക് വെടിയേറ്റുവെന്നതിൽ പോലീസ് അധികാരികൾക്കുപോലും അന്ന് സംശയമുണ്ടായിരുന്നില്ല.

ജില്ലയിലേയും ജില്ലയ്ക്ക് പുറത്തുള്ള സർക്കാർ ആശുപത്രികളിലും സ്വകാര്യ സ്ഥാപനങ്ങളിലും വെടിയേറ്റ ഒരാളെപോലും ചികിത്സിക്കാൻ എത്തിച്ചിട്ടില്ലെന്നാണ് അന്വേഷണത്തിൽ അറിയാനായത്.

സംഭവ സ്ഥലത്ത് കൂടുതൽ മൃതദേഹങ്ങൾ ഉണ്ടായിരുന്നുവെന്നും അവ പുലർച്ചെ രണ്ടരയോടെ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നീക്കം ചെയ്യപ്പെട്ടതാണെന്നും സംസാരമുണ്ട്. ഒരു ദിനപത്രം കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച ചിത്രങ്ങളിൽ വെടിവയ്പ്പിൽ മരിച്ച രണ്ട് മൃതദേഹങ്ങളുണ്ടെന്നത് മരിച്ചവരുടെ എണ്ണം കൂടുതലുണ്ടെന്നതിന് ദൃഷ്ടാന്തമാണ്. മറ്റൊരാളുടെ ക്യാമറ ഒപ്പിയെടുത്തതിൽ അഞ്ച് മൃതദേഹങ്ങളുണ്ടെന്നും അറിയുന്നു. ഈ സാഹചര്യത്തിൽ ഔദ്യോഗിക ഭാഷ്യത്തിന്റെ വിശ്വാസ്യത സംശയത്തിലാണ്.

സേനാ വിമാനം തകർന്ന് പാക് വ്യോമസേനാ മേധാവി മരിച്ചു



■ മുഷാഫ് അലി മിർ

ഇസ്ലാമാബാദ്: പാകിസ്താനിൽ സൈനികവിമാനം തകർന്ന് വ്യോമസേനാ മേധാവി മുഷാഫ് അലി മിറും ഭാര്യയും ഉൾപ്പെടെ 17 പേർ മരിച്ചു.

രാജ്യത്തിന്റെ വടക്കുപടിഞ്ഞാറുള്ള പഞ്ചാബ് പ്രവിശ്യയിലെ കൊഹാത്തിൽ നിന്ന് 70 കിലോമീറ്റർ അകലെയായി ഗു



മുത്തങ്ങയിലുണ്ടായ അക്രമ സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് സി.കെ.പത്മനാഭൻ

മുത്തങ്ങ സംഭവം ജാനുവിൻെറയും സർക്കാരിൻെറയും ഗൂഢാലോചന: റെഡ്ഫ്ളാഗ്

കോഴിക്കോട്: ആദിവാസി ഗോത്രസഭാനേതാവ് സി.കെ.ജാനുവും ജാനുവിന് വിദേശ പണം നൽകുന്ന ഏജൻസികളും സർക്കാരും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് മുത്തങ്ങയിൽ അരങ്ങേറിയ സംഭവവികാസങ്ങളെന്ന് സി.പി.ഐ.(എം.എൽ.) റെഡ്ഫ്ളാഗ്.

വിദേശ പണം നൽകുന്നഏജൻസിയുടെ വളർത്ത് പുത്രിയാണ് ജാനുവെന്ന് റെഡ്ഫ്ളാഗ് സെക്രട്ടറിയേറ്റ് അംഗങ്ങളായ കെ.ടി.കുഞ്ഞിക്കണ്ണനും എം.ശിവശങ്കരനും പത്രസമ്മേളനത്തിൽ പറഞ്ഞു.

സൗത്ത്സോൺ ആദിവാസി ഫോറത്തിൻെറ നേതൃത്വത്തിൽ നീലഗിരി ജൈവമേഖല താവളമാക്കി സ്വയംഭരണ ആദിവാസി മേഖലയുണ്ടാക്കുകയാണ് ജാനുവിൻെറ ലക്ഷ്യം. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുക്കുകയല്ല സർക്കാർ തോട്ടമാണ് ജാനുവും സംഘവും കൈയ്യേറിയത്. ആദിവാസി ഭൂമി കൈവശം വച്ച മുതലാളിമാർക്കെതിരെ സമരം നടത്തിയില്ല.നിയമനടപടി സ്വീകരിച്ചില്ല. സർക്കാർ ജാനുവിനെ ഉപകരണമാക്കി വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്.

കേരളത്തിലെ ആദിവാസികളല്ല സമരത്തിൽ കൂടുതൽ ബന്ദിപ്പൂരിൽ നിന്നും നാഗർഹോളയിൽ നിന്നും എത്തിയ ആദിവാസികളാണ് സമരത്തിൽ ഏറെ. സർക്കാർ ജാനുവിനെ പ്രോത്സാഹിപ്പിക്കുകയാണ്. യഥാർഥ ആദിവാസി നേതാവാണ് ജാനുവെന്ന് മന്ത്രി കുട്ടപ്പൻ പോലും വ്യക്തമാക്കുകയുണ്ടായി. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി പ്രശ്നത്തിൽ നിന്ന് വഴിതെറ്റിക്കാൻ സർക്കാർ ജാനുവിനെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്.

ബത്തേരിയിൽ ആദിവാസികളെ പോലീസ് വേട്ടയാടുകയാണ്. റോഡിലിറങ്ങുന്ന ആദിവാസികളെയെല്ലാം അറസ്റ്റ് ചെയ്യുന്നു. സ്ത്രീകളെ പോലും വളഞ്ഞ്പിടിച്ച് മർദ്ദിക്കുന്നു.

മുത്തങ്ങയിലെ കൂട്ടക്കൊലയെക്കുറിച്ചും ജാനുവിന് പണം നൽകുന്ന വിദേശഏജൻസിയെകുറിച്ചും അന്വേഷണം നടത്തണമെന്നവർ ആവശ്യപ്പെട്ടു.

ആദിവാസികളെ സമരമുഖത്തേയ്ക്ക് നയിച്ച് ജാനുവും ഗീതാനന്ദനും രക്ഷപ്പെടുകയാണ് ചെയ്തത്. മുത്തങ്ങസംഭവത്തിനെറ ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നവർ ആവശ്യപ്പെട്ടു.

മുത്തങ്ങ സമരത്തിന് മുന്നണിപ്പടയുടെ പിന്തുണ

കോഴിക്കോട്: മുന്നണിപ്പടയും വർഗീസ് അനുസ്മരണ സമിതിയും ജാനുവിനെ പിന്തുണയ്ക്കും. സി.പി.എം-എൽ റെഡ്ഫ്ളാഗിൻെറ നേതൃത്വ നിരയിൽ നിന്നു അകന്നുമാറിയ മുന്നണിപ്പടയും ഗ്രോ വാസുവിൻെറ നേതൃത്വത്തിലുള്ള വർഗീസ് അനുസ്മരണ സമിതിയുമാണ് ജാനുവിന് പൂർണ പിന്തുണയുമായി രംഗപ്രവേശനം നടത്തിയിരിക്കുന്നത്.

'നഷ്ടപ്പെട്ട ഭൂമിക്ക് വേണ്ടി, ആത്മാഭിമാനത്തിനു വേണ്ടി ആദിവാസികൾ നടത്തുന്ന പോരാട്ടത്തിന് അഭിവാദ്യങ്ങൾ' എന്ന് പ്രഖ്യാപിക്കുന്ന ബോർഡുകളും പ്രിൻററുകളും നഗരത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ആദിവാസികളുടെ സമരത്തിന് കേരളത്തിലെ മറ്റൊരു നക്സൽ ഗ്രൂപ്പും പിന്തുണ പ്രഖ്യാപിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്

സി.പി.എം-എൽ റെഡ്ഫ്ളാഗ് ജാനുവിൻെറ സമരത്തിന് ആദ്യം മുതലേ എതിരായിരുന്നു. ആദിവാസി സമരസംഘം 'ഫണ്ട് ഏജൻസിയാണെന്ന ആരോപണവുമായാണ് റെഡ്ഫളാഗ് വിട്ടു നിന്നത്.

ആദിവാസി സമര സംഘം മാത്രമേ ജാനുവിൻെറ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളൂ. 'വനവാസി കല്യാൺ ആശ്രമം' എന്ന ആദിവാസി സംഘടന ജാനുവിന് എതിരാണ്.

ബി.ജെ.പി പ്രതിനിധാനം ചെയ്യുന്ന ഈ സംഘടനയാണ് 'വനവാസി സംഗമം' കഴിഞ്ഞ മാസം വയനാട്ടിൽ സംഘടിപ്പിച്ചത്. മുത്തങ്ങ സമരത്തെ ജനകീയ സമരമായി പോലും കാണാൻ കഴിയില്ലെന്ന നിലപാടാണ് ഇവർക്കുള്ളത്. പി.ഡി.പിയുടെ ഒരു വിഭാഗവും ആദിവാസികളെ സഹായിക്കാൻ രംഗത്തുവന്നിട്ടുണ്ട്.

ആദിവാസി വിമോചന മുന്നണി ഇന്നലെ ആഹ്വാനം ചെയ്ത ബന്ദ് ജനങ്ങൾ തള്ളിക്കളഞ്ഞത് ആദിവാസികളുടെ ജനപിന്തുണ നഷ്ടമായതിൻെറ സൂചനയാണ് കാണിക്കുന്നത്

ആശുപത്രിക്കെതിരായ ഹർജി തള്ളി

കൊച്ചി: നെട്ടൂരിൽ പുതുതായി തുടങ്ങിയ ലേക്ഷോർ ആശുപത്രിയുടെയും മറ്റും നിർമ്മാണം തീരപരിപാലന നിയമം ലംഘിച്ചാണെന്നാരോപിച്ചുള്ള ഹർജികൾ ഹൈക്കോടതി തള്ളി.

ലേക്ഷോർ ആശുപത്രി, എക്സ്പ്രസ് പ്രോപ്പർട്ടീസ്, നിപ്പോൺ ടൊയോട്ട മോട്ടോഴ്സ് എന്നീ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്ഥലം നികത്തും, കെട്ടിട നിർമ്മാണവും തീരപരിപാലന വിജ്ഞാപനത്തിനു വിരുദ്ധമായാണെന്നാരോപിച്ച് കളമശേരി സ്വദേശി അനിലും മറ്റും നൽകിയ പൊതു താൽപര്യ ഹർജികളാണ് ചീഫ് ജസ്റ്റിസ് ജെ.എൽ. ഗുപ്ത, ജസ്റ്റിസ് എം. രാമചന്ദ്രൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് നിരാകരിച്ചത്.

മനുഷ്യ നിർമ്മിതമായ തോടി നരികെയുള്ള നിർമ്മാണ പ്രവർത്തനം തീരപരിപാലന നിയമത്തിൻെറ പരിധിയിൽ വരുന്നതല്ലെന്ന അഡീഷണൽ അഡ്വക്കേറ്റ് ജനറൽ രാജൻ ജോസഫ് കോടതിയിൽ ബോധിപ്പിച്ചിരുന്നു.

നരനായാട്ടിനെ ഡി.ജി.പി വെള്ളപൂശുന്നു: ഗ്രോ വാസു

കോഴിക്കോട്: മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെ നടന്ന നരനായാട്ടിനെ ന്യായീകരിക്കാനാണ് ഡി.ജി.പി ശ്രമിക്കുന്നതെന്ന് മുൻ നക്സൽനേതാവ് ഗ്രോ വാസു. മുത്തങ്ങ ഏറ്റുമുട്ടലിനു പിന്നിൽ നക്സലുകളാണെന്ന ഡി.ജി.പിയുടെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു വാസു.

'ഡി.ജി.പി നക്സലൈറ്റ് പിന്തുണ എന്നോ, പ്രവർത്തനമെന്നോ പറഞ്ഞോട്ടെ, സി.കെ ജാനു സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്ത്രീയാണ് സ്വതന്ത്രമായി പ്രവർത്തിക്കുന്ന വ്യക്തിത്വം. ആരു പറഞ്ഞത് കേട്ടാലും തനിക്ക് ശരിയെന്ന് തോന്നുന്നതേ അവർ ചെയ്യൂ.'നക്സലുകളുടെ ആരുടെയും പിന്തുണ ജാനുവിനില്ല. മരിച്ചുവീണ ആദിവാസികളിൽ എത്ര പേർ നക്സലുകളാണെന്ന് ഡി.ജി.പി തന്നെപ റയട്ടെ. വാസുപറഞ്ഞു.മാനന്തവാടിയിലും ബത്തേരിയിലും കുമ്പിട്ടിരുന്ന ജനതയുടെ ഉയിർത്തെഴുന്നേൽപ്പ് ഇവിടുത്തെ വ്യവസ്ഥാപിത വ്യവസ്ഥയ്ക് ചിന്തിക്കാൻ പോലും കഴിയാത്തതാണ്. ഈ പോരാട്ടത്തിലൂടെ ആദിവാസികൾ തിരിച്ചുപിടിച്ചത് അവരുടെ ആത്മാഭിമാനമാണ്.ഇടതുപക്ഷ വലതുപക്ഷ കക്ഷികൾ ചട്ടുകമാക്കി വച്ചിരിക്കുന്ന ഒരു ജനതയുടെ പിന്തുണ ഈ സമരത്തിന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നും ഗ്രോ വാസുപ റഞ്ഞു.

സർക്കാർ അന്വേഷിക്കണം: എഫ്.ഡി.സി.എ

കോഴിക്കോട്: മുത്തങ്ങ സംഭവത്തെക്കുറിച്ച് സ്വതന്ത്രമായും സത്യസന്ധവുമായ അന്വേഷണത്തിന് സർക്കാർ തയാറാകണമെന്ന് എഫ്.ഡി.സി.എ ആവശ്യപ്പെട്ടു. ആദിവാസികളോട് പ്രതികാരബുദ്ധി അവസാനിപ്പിച്ച് അവരുടെ പ്രശ്നം പരിഹരിക്കാനുള്ള നടപടി മുഖ്യമന്ത്രി സ്ഥിരീകരിക്കണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

യൂസേഴ്സ് ഫീ പിൻവലിക്കുമെന്ന് ഉറപ്പ് ലഭിച്ചതായി കലക്ടർ

കോഴിക്കോട്: കോടതിയിലുള്ള കേസുകൾ പിൻവലിച്ചാൽ കരിപ്പൂർ വിമാനത്താവളത്തിലെ യൂസേഴ്സ് ഫീ പിൻവലിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം ഉറപ്പ്നൽകിയതായി മിയാഡ്സ് ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ ടി.ഒ സൂരജ് പത്രസമ്മേളനത്തിൽ അറിയിച്ചു.ഇതിൻെറ ഭാഗമായി കോഴിക്കോട്ട് 27ന് വൈകുന്നേരം ആറിന് കോടതിയിൽ കേസ് ഫയൽ ചെയ്ത കക്ഷികളുമായി ചർച്ച നടക്കും.

എയർപോർട്ട് ഡയറക്ടർ, വ്യോമയാന മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ, എന്നിവർ യോഗത്തിൽ സംബന്ധിക്കും. കേസ് ഫയൽ ചെയ്ത നാല് സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ സംബന്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പി.കെ കുഞ്ഞിമുഹമ്മത് കായക്കൊടി, കാസിം ഇരിക്കൂർ, പുത്തൂർ റഹ്മാൻ-കെ.എം.സി.സി, കരീം അബ്ദുള്ള-ഖത്തർ, സി.കെ അയമു, പി.എം മൻസൂർ, കെ.എം ബഷീർ-ഷാർജ മുസ്ലിം കൾച്ചറൽ സെൻറർ, എന്നിവരാണ് കേസ് ഫയൽ ചെയ്തത്. ഇതിൽ പി.എം മൻസൂർ മരിച്ചു. റമീല സുബ്ദേവും അഡ്വ. മുസ്തഫയും കേസിൽ കക്ഷിചേർന്നിട്ടുണ്ട്.

കേന്ദ്ര ഗവൺമെൻറിൻെറ നിയമോപദേശം ലഭിച്ച ശേഷമാണ് യോഗം വിളിച്ചു ചേർത്തിട്ടുള്ളത്. യൂസേഴ്സ് ഫീസിൻെറ ബാധ്യത യൊഴിവാക്കാൻ കേസ് പിൻവലിച്ചുകൊണ്ട് സത്യവാങ്മൂലം ഒപ്പിട്ടു നൽകുകയും വേണം. 55 കോടി രൂപയാണ് ഹഡ്കോയിൽ നിന്ന് വായ്പയെടുത്തത്. ജനുവരി15 വരെ യൂസേഴ്സ് ഫീസ് ഇനത്തിൽ 52,22,93,625 രൂപ പിരിച്ചെടുത്തു. കഴിഞ്ഞ ഡിസംബറിൽ 31 വരെ 45,53,85,156 രൂപ പലിശ ഹഡ്കോയ്ക്ക് നൽകി.

ഹഡ്കോയ്ക്ക് പ്രിൻസിപ്പൽ തുകയിനത്തിൽ 21,32,50,000 രൂപ അടയ്ക്കാനുണ്ട്. 36,87,949 രൂപയുടെ ബാധ്യത ബാക്കിയുണ്ട്. എയർപോർട്ട് അതോറിറ്റിയിൽ നിന്ന് 26,32,50,000 രൂപ കിട്ടാനുണ്ടെന്ന് അദ്ദേഹം അറിയിച്ചു.



■ പോലീസിൻെറ വെടിയേറ്റ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന ആദിവാസി സോമൻ

മന്ത്രി കുട്ടപ്പൻെറ പ്രസ്താവന രാജ്യദ്രോഹം

സുൽത്താൻ ബത്തേരി : ജാനുവിനെ മാതൃകയാക്കണമെന്ന മന്ത്രി കുട്ടപ്പൻെറ പ്രസ്താവന രാജ്യദ്രോഹപരമാണെന്നും അദ്ദേഹം ഭരണഘടനാ ലംഘനമാണ് നടത്തിയതെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകർ മുത്തങ്ങയിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ ആരോപിച്ചു.

മുത്തങ്ങയിൽ ഉണ്ടായ രക്തച്ചൊരിച്ചിലിൻെറ പൂർണ്ണ ഉത്തരവാദിത്വം ആൻറണി സർക്കാരും, ഗോത്രമഹാസഭയും എറ്റെടുക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

ആദിവാസികളേയും നിയമപാലകരേയും ബന്ദിയാക്കിവെച്ച് പീഡിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ സി.കെ.ജാനുവിനെ മാതൃകയാക്കാൻ ആഹ്വാനം നൽകിയ മന്ത്രി കുട്ടപ്പനെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കണം. തോമസ് അമ്പലവയൽ, ബാദുഷ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മുത്തങ്ങ സംഭവം : ജുഡീഷ്യൽ അന്വേഷണം നടത്തണം: സി.കെ.പത്മനാഭൻ

സുൽത്താൻ ബത്തേരി : മുത്തങ്ങയിലുണ്ടായ അക്രമ സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് സി.കെ.പത്മനാഭൻ ആവശ്യപ്പെട്ടു.

കേരളത്തിൽ ഒരു ഭരണ സംവിധാനം നിലവിലില്ലെന്ന് പത്മനാഭൻ അറിയിച്ചു. ആന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു നൽകാനുള്ള നിയമം ഇരു മുന്നണികളും നടപ്പിൽ വരുത്താൻ വൈമനസ്യം കാട്ടിയതാണ് ഇപ്പോഴത്തെ ദാരുണ സംഭവങ്ങൾക്ക് കാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മുത്തങ്ങയിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പത്മനാഭൻ.

കുടിയേറ്റക്കാരെ 45 ദിവസം വന്യജീവി സങ്കേതത്തിൽ താമസിക്കാൻ അനുവദിച്ച വനം വകുപ്പ് ഉദ്യോഗസ്ഥർ കുറ്റകരമായ അനാസ്ഥയാണ് കാട്ടിയത്. ഗോത്രമഹാസഭാ നേതാക്കളും, മുഖ്യമന്ത്രി ആൻറണിയും, നിരപരാധികളായ ആദിവാസികളെ വഞ്ചിക്കുകയായിരുന്നു. ആദിവാസികളെ ടൗണുകളിലും കോളനികളിലും കയറി പീഡിപ്പിക്കുന്ന പോലീസുകാരുടെ പ്രവർത്തിയെ പത്മനാഭൻ അപലപിച്ചു.

ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറിമാരായ പി.കെ.കൃഷ്ണദാസ്, പി.സി.മോഹനൻ മാസ്റ്റർ, ജില്ലാ പ്രസിഡൻറ് കുട്ടാറ ദാമോദരൻ, ജനറൽ സെക്രട്ടറി അഡ്വ.പി.സി.ഗോപിനാഥ്, പട്ടികമോർച്ച സംസ്ഥാന പ്രസിഡൻറ് പളളിയറ രാമൻ, ജില്ലാ സെക്രട്ടറി കെ.സദാനന്ദൻ, സി.എച്ച്.കേശവൻ നായർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മുത്തങ്ങ സംഭവത്തിനുത്തരവാദി മുഖ്യമന്ത്രി : ഇ.പി.ജയരാജൻ

സുൽത്താൻ ബത്തേരി : മുത്തങ്ങ സംഭവത്തിനുത്തരവാദി മുഖ്യമന്ത്രി എ.കെ.ആൻറണി മാത്രമാണെന്ന് ഇ.പി.ജയരാജൻ എം.എൽ.എ കുറ്റപ്പെടുത്തി. 45 ദിവസം വനാന്തരത്തിൽതീവ്രവാദി പ്രവർത്തനം നടത്തുവാനുള്ള സൗകര്യം ചെയ്തുകൊടുത്ത വനപാലകരുടെയും, പോലീസിൻെറയും അനാസ്ഥയെ ജയരാജൻ വിമർശിച്ചു. ആൻറണി ഒരു വർഷമായി ആദിവാസികൾക്ക് നൽകിയ വാക്ക് പാലിക്കാതെ അരാജകത്വം സൃഷ്ടിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.നിരപരാധികളായ ആദിവാസികളെ പീഡിപ്പിക്കരുതെന്നും ഇതിൻെറ പേരിൽ കേരളത്തിൽ ആദിവാസികളെ വേട്ടയാടരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുത്തങ്ങയിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ജയരാജൻ.

തൽസ്ഥിതി പാലിക്കണം

കൊച്ചി: വൈദ്യുതി ബോർഡിലെ 630 ഒന്നാം ഗ്രേഡ് ലൈൻമാൻമാരെ തരംതാഴ്ത്തുന്ന നടപടി തൽക്കാലം നിർത്തിവയ്ക്കാൻ ഹൈക്കോടതി ഉത്തരവായി.



■ സംസ്ഥാന യോഗാസന മത്സരത്തിൽ(41-50) രണ്ടാം സ്ഥാനം നേടിയ ശ്രീ കുറുമ്പ ഭഗവതി യോഗാസന മന്ദിരിലെ ബാബു കോരപ്പുഴ. കോഴിക്കോട് എലത്തൂർ സ്വദേശിയാണ്.

അംഗീകാരത്തിൻെറ നിറവിൽ പനങ്ങാട് ഗ്രാമപഞ്ചായത്ത്

■ സ്വന്തംലേഖകൻ

ബാലുശ്ശേരി: അധികാര വികേന്ദ്രീകരണത്തിൻെറ എല്ലാ സാധ്യതകളെയും കണ്ടെത്തുകയും, ഗ്രാമത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ജനകീയ കൂട്ടായ്മയും കരുത്തും തെളിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൻെറ അംഗീകരം.

1999-2000ലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പനങ്ങാട് പഞ്ചായത്തിനായിരുന്നു.

പൂർണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ ശ്രദ്ധേയമായ പദ്ധതികൾ ഇവിടെയുണ്ട്. 'ജലം ജീവാമൃതം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടുംബശ്രീ അംഗത്തിൻെറ വീട്ടിൽ ഒരു 'മഴക്കുഴി' എന്ന അടിസ്ഥാനത്തിൽ മൊത്തം 2318 കുഴികൾ നിർമ്മിച്ചു. ഇതിലൂടെ ഒരു വർഷം 1500 ലിറ്റർ മഴവെള്ളം സംഭരിക്കും. അതിരൂക്ഷമായി അനുഭവപ്പെട്ട കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെട്ടു കഴിഞ്ഞു. പൊതുജനങ്ങളുടെ സഹായത്തോടെ തെരുവു വിളക്കുകൾ സ്ഥാപിച്ചു. വിളക്ക് സ്ഥാപിക്കുവാനുള്ള ചെലവ് മാത്രമാണ് പഞ്ചായത്ത് വഹിച്ചത്. ഓരോ വിളക്കും കത്തിക്കുന്നത് ഓരോ വീട്ടുകാരും നൽകുന്ന വൈദ്യുതിയിലൂടെയാണെന്നതാണ് ഇതിൻെറ സവിശേഷത.

നിയമപരമായി നാല്ഗ്രാമസഭകളും 8 കർമ്മസമിതികളും 95 പ്രാവശ്യം സമ്മേളിക്കുകയും ചെയ്തതിലൂടെ പ്രതിബദ്ധത തെളിയിച്ചു. 100 ശതമാനം നികുതി പിരിവ് നടത്തുകയും സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ 99 ശതമാനം അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതി തുകയുടെ 86.7 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 92.27 ശതമാനം ചെലവഴിച്ചു. വികേന്ദ്രീകൃതാസൂത്രണ പദ്ധതി വിഹിതത്തിൻെറ 93.4 ശതമാനം തുകയും ചെലവഴിക്കുവാൻ സാധിച്ച് തികച്ചും മാതൃകാപരമാണ്.

15 ലക്ഷം രൂപ പദ്ധതിവിഹിതം ലഭിച്ചതിൽ 30 ലക്ഷം രൂപ തനതു ഫണ്ടും 31.06 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും കൂട്ടിച്ചേർത്ത് പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. ഇതിൽ 29.52 ശതമാനം ഗുണഭോക്തൃ സമിതി വിഹിതമാണ്. പഞ്ചായത്തിൽ മൊത്തം 104 പ്രൊജക്ടുകളും നിർവഹണ ചുമതല ഏറ്റെടുത്തത് ഗുണഭോക്തൃ സമിതികൾ തന്നെയാണ്.

പട്ടികജാതിക്കാർക്ക് 50 വീടുകൾ ഉൾപ്പെടെ 95 വീടുകളും 175 കക്കൂസുകളും ഈ കാലയളവിൽ പൂർത്തിയാക്കി. കാർഷിക മേഖലയിൽ 2 ഹെക്ടർ ഭൂമി പുതുതായി കൃഷിയോഗ്യമാക്കുകയും 2000 കിലോ നെല്ലും 2000 കിലോ പച്ചക്കറിയും ഉണ്ടാക്കി പാലിൻെറ ഉല്പാദനം 200 ലിറ്ററാക്കി വർധിച്ചതും ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ മുന്ന് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചു. 7.5 മീറ്റർ പുതിയ റോഡുകളും ഉണ്ടാക്കി. ചരിത്ര സ്മാരകങ്ങളെയും പൈതൃകത്തെയും സംരക്ഷിക്കാവുന്ന വരുംകാല തലമുറയ്ക്ക് ഉപയുക്തമാക്കാൻ വേണ്ടി കുറുമ്പായിൽ 'നളന്ദ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിച്ചു. ഇവിടെ ചരിത്രപ്രസിദ്ധമായ കൊണവായനല്ലൂരിലെ ശിലാലിഖിതങ്ങളും രേഖകളും ഉൾപ്പെടുത്തിയിരുന്നു. മത്സ്യമാർക്കറ്റ് സ്ഥാപിച്ചതിലൂടെ പഞ്ചായത്തിൽ 5000 രൂപ വരുമാനം ഉണ്ടാവും.

ഏഴ് പവർ ടില്ലർ വാങ്ങിയതിൽ 12000 രൂപയും ഈയിനത്തിൽ ലഭിക്കും. കുടുംബശ്രീ വനിതാ സ്വയം സഹായ സംഘങ്ങളിലൂടെ മൊത്തം 22.48 ലക്ഷം രൂപയുമായി സമ്പാദ്യമുണ്ടാകിയത്. ഇതിൽ 47.80 ലക്ഷം രൂപ വായ്പ നൽകുകയും 48 സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഈ കഴിഞ്ഞ ഓണച്ചന്ത സംഘടിപ്പിച്ച് വിൽപ്പന നടത്തുകയും ചെയ്തു.

നൂതനമായ പദ്ധതികൾ നാടിൻെറ സമഗ്ര വികസനത്തിനായി കണ്ടെത്തുകയും അവ രാഷ്ട്രീയ മത ജാതിഭേദങ്ങൾ മാറ്റിവച്ച് ജനകീയ കൂട്ടായ്മയിലൂടെ നടപ്പിൽ വരുത്താൻ ശ്രമിച്ചതാണ് പനങ്ങാട് ഗ്രാമപഞ്ചായത്തിൻെറ ഈ മഹത്വനേട്ടത്തിന് പിന്നിലെന്ന് പഞ്ചായത്ത് പ്രസിഡൻറ് പി.വിബാലൻ നായർ പറയുന്നു.

അക്ഷയ ഐ.ടി.പദ്ധതി: കോമൺവെൽത്തിൻെറ സഹായവാഗ്ദാനം

മലപ്പുറം: ജില്ലയിൽ നടപ്പാക്കുന്ന അക്ഷയ ഐ.ടി. പദ്ധതിക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകാൻ കോമൺവെൽത്ത് സന്നദ്ധത പ്രകടിപ്പിച്ചു. കോമൺവെൽത്ത് ഭരണകാര്യ-വികസന വിഭാഗം (ഇൻഫർമാറ്റിക്സ്) മേധാവി റോജേഴ്സ് വുക്കോട്ടുഉമ സംസ്ഥാന ഐ.ടി. മിഷന് അയച്ച സന്ദേശത്തിൽ വെളിപ്പെടുത്തിയത്.

കണ്ണൂരിൽ ആദിവാസി കേന്ദ്രങ്ങൾ നിരീക്ഷണത്തിൽ

കണ്ണൂർ: മുത്തങ്ങ സംഭവത്തെ തുടർന്ന് ആറളം ഫാമും ജില്ലയിലെ മറ്റ് ആദിവാസി കേന്ദ്രങ്ങളും പോലീസ് നിരീക്ഷണത്തിലായി.

കൈതക്കൊല്ലി, പുതിയങ്ങാടി, ചങ്കായത്തോട്, ചേലംവയൽ, വീർപ്പാട്, അമ്പലക്കണ്ടി കോളനികളിൽ നിന്നായി പോലീസ് ഇന്നലെ കാലത്ത് 32 ആദിവാസികളെ ചോദ്യം ചെയ്യാൻ കസ്റ്റഡിയിലെടുത്തിരുന്നു. ഇവരെ വിട്ടു കിട്ടിയില്ലെങ്കിൽ ആറളം ഫാമിലെ മെയിൻ ഓഫീസും പോലീസ് സ്റ്റേഷനും തീവെക്കുമെന്ന് ആദിവാസികൾ ഭീഷണി മുഴക്കി.

ഉച്ചക്ക് ശേഷം പോലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയച്ചു. ഇവരെ ചോദ്യം ചെയ്യാനാണ് കസ്റ്റഡിയിലെടുത്തത് എന്നാണ് പോലീസ് പറഞ്ഞത്.

അതിനിടെ കൈതക്കൊല്ലി കോളനിയിലെ രാജു, മുരളി എന്നിവരെ പോലീസ് മർദിച്ചതായും ആരോപണമുണ്ട്. ചേലംവയൽ, കൈതക്കൊല്ലി കോളനികളിൽ പോലീസ് വീടുകളിൽ കയറി സ്ത്രീകൾക്കു നേരെ അതിക്രമം നടത്തിയതായും പരാതിയുണ്ട്.

ഇരിട്ടി ടൗണിൽ ഇന്നലെ കാലത്തു മുതൽ കെ.എ.പി ക്കാർ റോന്തു ചുറ്റുന്നുണ്ടായിരുന്നു. മലയോരത്തെ എല്ലാ കോളനികളിലും പോലീസ് തെരച്ചിൽ നടത്തി. ആറളം ഫാമിൽ കനത്ത സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

മുത്തങ്ങ സംഭവം: പാലക്കാട് കലക്ടറെ ബന്ദിയാക്കിയതിൻെറ തനിയാവർത്തനം

■ സ്വന്തംലേഖകൻ

പാലക്കാട്: കഴിഞ്ഞ ഇടുതുമുന്നണി ഭരണത്തിൻെറ തുടക്കത്തിൽ പാലക്കാട് ജില്ലാകലക്ടർ ഡോ:ഡബ്ല്യു.ആർ.റെഡ്ഡിയെ എട്ടു മണിക്കൂർ ബന്ദിയാക്കിയ നൂലുണ്ട ബോംബിൻെറ മറ്റൊരു പതിപ്പാണ് മുത്തങ്ങയിൽ അരങ്ങേറിയത്. പാലക്കാട് ജില്ലാ കലക്ടറെ അയ്യങ്കാളിപ്പട 96 അവസാനത്തിൽ കലക്ട്രേറ്റിൽ ബന്ദിയാക്കി സംസ്ഥാന ഭരണകൂടത്തെ എട്ടുമണിക്കൂർ മുൾമുനയിൽ നിർത്തുകയുണ്ടായി. പാലക്കാട് ജില്ലാ കലക്ടറെ അയ്യങ്കാളിപ്പട ബന്ദിയാക്കിയത് 1975-ലെ ആദിവാസി ഭൂ നിയമത്തിൽ വെള്ളം ചേർക്കാതെ നടപ്പാക്കണമെന്ന ആവശ്യം ഉന്നയിച്ചായിരുന്നു.

കഴിഞ്ഞ ദിവസം മുത്തങ്ങയിൽ നടന്ന രക്തരൂക്ഷിത സംഘർഷത്തിനു കാരണവും ആദിവാസി ഭൂമി പ്രശ്നം തന്നെയാണ്. മാറിമാറി വന്ന സംസ്ഥാന സർക്കാറുകൾ ആദിവാസി ഭൂമി പ്രശ്നത്തിൽ കൃത്യമായ നിലപാട് എടുക്കാതെ അഴകൊഴമ്പൻ നയം സ്വീകരിച്ചതിൻെറ പരിണിതഫലമാണിത്.

ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കെ 1974-ൽ എല്ലാ സംസ്ഥാന സർക്കാറുകൾക്കും നിർദേശം കൊടുത്തതിൻെറ അനന്തരഫലമായിട്ടാണ് അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ച് പിടിച്ചു കൊടുക്കുന്ന നിയമം നിലവിൽ വന്നത്. അന്നത്തെ സംസ്ഥാന മുഖ്യമന്ത്രി സി.അച്യുതമേനോൻെറ നിർദേശപ്രകാരം കൊണ്ടുവന്നതാണ് ആദിവാസി ഭ



മന്ത്രിമാരെ തട്ടികൊണ്ടുപോകുന്നതിന് ആദിവാസികൾക്ക് പദ്ധതി ഉണ്ടായിരുന്നിരിക്കാം. ഇൻറലിജൻസ് വിഭാഗം ഇത് റിപ്പോർട്ട് ചെയ്തിരുന്നു.
മന്ത്രി കെ.എം.മാണി.

ഇന്ത്യ 2003

ആന്ധ്രയിൽ ജന്മിയുടെ വീട് നക്സലൈറ്റുകൾ അഗ്നിക്കിരയാക്കി

ഹൈദരാബാദ്: ആന്ധ്രാപ്രദേശിൽ ഭരണകക്ഷിയായ തെലുങ്കുദേശത്തിന്റെ പ്രവർത്തകനായ ജന്മിയുടെ വസതി പീപ്പിൾസ് വാർ ഗ്രൂപ്പിൽപ്പെട്ട നക്സലൈറ്റുകൾ തീയിട്ടു നശിപ്പിച്ചു.

ചിറ്റൂർ ജില്ലയിലാണ് സംഭവം. ബുധനാഴ്ച രാത്രി ഇരുപതോളം പി.ഡബ്ല്യു.ജി പ്രവർത്തകരാണ് വിനോദ് ബാബു റെഡ്ഡിയുടെ വീട് അഗ്നിക്ക് ഇരയാക്കിയതെന്ന് പോലീസ് പറഞ്ഞു. തെരച്ചിലിനിടെ ഒരു തീവ്രവാദിയെ പോലീസ് വെടിവച്ചു കൊന്നു.

അബു സലീമിനെ കൈമാറാമെന്ന് പോർച്ചുഗൽ സമ്മതിച്ചു

ന്യൂഡൽഹി: അധോലോക നായകൻ അബു സലീമിനെ കൈമാറാൻ പോർച്ചുഗീസ് സർക്കാർ സമ്മതിച്ചതായി കേന്ദ്ര ആഭ്യന്തരസഹമന്ത്രി ദിഗ്വിജയ് സിംഗ് രാജ്യസഭയെ അറിയിച്ചു.

'ഇന്ത്യയ്ക്ക് പോർച്ചുഗീസുമായി കുറ്റവാളി കൈമാറ്റ ഉടമ്പടി ഇല്ല. എന്നിട്ടും ആ രാജ്യം അബു സലീമിനെ വിട്ടുതരാമെന്ന് അറിയിച്ചിട്ടുണ്ട്.'–അദ്ദേഹം പറഞ്ഞു.

പോർച്ചുഗീസിലുള്ളത് അബുസലീം തന്നെയാണെന്ന് ആ രാജ്യം അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

രാജ്യമെങ്ങും ഗോവധം നിരോധിക്കുമെന്ന് വാജ്പേയി

മാണ്ഡി:രാജ്യമെങ്ങും ഗോവധം നിരോധിക്കാൻ ഉദ്ദേശിക്കുന്നതായി പ്രധാനമന്ത്രി എ.ബി.വാജ്പേയി.

ഗോവധം നിരോധിക്കാത്ത സംസ്ഥാനങ്ങളിൽക്കൂടി നിരോധനം എർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വാജ്പേയി പറഞ്ഞു. ബി.ജെ.പിയുടെ [illegible]ഞ്ഞെടുപ്പുറാലിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. താൻ ഇറച്ചി കഴിക്കുന്നുണ്ടെന്ന് മദ്ധ്യപ്രദേശിൽ കോൺഗ്രസ് പ്രചരിപ്പിക്കുന്നത് സത്യത്തിനു നിരക്കാത്തതും തരംതാണതുമായ അടവാണെന്ന് അദ്ദേഹം പറഞ്ഞു.

ദാവൂദിന്റെ സഹോദരനെ റിമാൻഡു ചെയ്തു

മുംബൈ: അധോലോക നേതാവ് ദാവൂദ് ഇബ്രാഹിമിന്റെ ഇളയ സഹോദരൻ ഇക്ബാൽ ഷെയ്ക്ക് കസ്കറിനെ മാർച്ച് ആറുവരെ മുംബൈയിലെ ബെല്ലാർഡ് പിയർ കോടതി റിമാൻഡ് ചെയ്തു. ബുധനാഴ്ച രാത്രിയാണ് ഇക്ബാലിനെ ദുബായിൽ നിന്ന് ഇന്ത്യയിൽ കൊണ്ടുവന്നത്.

ഇയാളോടൊപ്പം കൊണ്ടുവന്ന ഇജാസ് പതാനെ സിറ്റി പോലീസ് സി.ബി.ഐയ്ക്ക് ചോദ്യംചെയ്യാനായി കൈമാറി. 1993 ലെ ബോംബ് സ്ഫോടന കേസിൽ പ്രതിയാണ് ഇജാസ്. മയക്കുമരുന്ന് കള്ളക്കടത്ത്, ആയുധ കടത്ത് തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ് ഇയാൾ. 93 ലെ ബോംബു സ്ഫോടനത്തിന് ദാവൂദിന് സ്ഫോടക വസ്തുക്കളും മറ്റും എത്തിച്ചുകൊടുത്തത് ഇയാളാണെന്ന് വ്യക്തമായിട്ടുണ്ട്.

അയോധ്യാ കേസിൽ കക്ഷിചേരാൻ ബാബ്റി കമ്മിറ്റിക്ക് അനുമതി

ന്യൂഡൽഹി: അയോധ്യാ കേസിൽ കക്ഷിചേരാൻ ബാബ്റി മസ്ജിദ് മുവ്മെന്റ് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സുപ്രീംകോടതി അനുമതി നൽകി. അയോധ്യയിൽ തർക്ക ഭൂമിക്ക് ചുറ്റുമുള്ള 67 ഏക്കർ സ്ഥലത്ത് ഭൂമിപൂജ ഉൾപ്പെടെയുള്ള മതചടങ്ങുകൾ വിലക്കികൊണ്ടുള്ള ഉത്തരവ് നീക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാർഹർജിക്ക് എതിരെയാണ് കമ്മിറ്റി കോടതിയെ സമീപിച്ചത്.

മാഷ്



അച്യുതാനന്ദന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ വയനാട്ടിലെ മുത്തങ്ങയിലേയ്ക്ക്

തീയിടാനോ , അതോ തീകെടുത്താനോ യാത്ര



സാഹസികത വിനോദിന് വിനയായി

■ സ്വന്തം ലേഖകൻ

കണ്ണൂർ: മുത്തങ്ങയിൽ കാട്ടാനയ്ക്ക് മുന്നിൽ നിന്ന് രക്ഷപ്പെട്ട സാഹസികതയാണ് വർഷങ്ങൾക്ക് ശേഷം മുത്തങ്ങയിലെ ആദിവാസി പ്രക്ഷോഭത്തിന് മുന്നിൽ മരിച്ചു വീണത്.

കഴിഞ്ഞ ദിവസം വെട്ടേറ്റ് മരിച്ച മാങ്ങാട്ടുപറമ്പ് കെ.എ.പി നാലാം ബറ്റാലിയൻ കോൺസ്റ്റബിൾ കെ.വി വിനോദ് വർഷങ്ങൾക്ക് മുമ്പ് കോളജ് പഠനകാലത്ത് മുത്തങ്ങയിൽ സഹപാഠികളോടൊപ്പം വിനോദയാത്രക്ക് പോയപ്പോഴാണ് കാട്ടാനയ്ക്ക് മുന്നിൽ പെട്ടത്.

കാട്ടിൽ സഹപാഠികളേക്കാൾ ഏറെ ദൂരം മുന്നിലായിരുന്ന വിനോദ് ആനയ്ക്കു മുന്നിൽ നിന്ന് ഓടിരക്ഷപ്പെട്ടത് അതിസാഹസികമായിട്ടാണെന്ന് വിനോദിന്റെ സഹപാഠിയും കെ.എ.പി നാലാം ബറ്റാലിയനിൽ കോൺസ്റ്റബിളുമായ തലശേരി പിണറായിയിലെ പ്രജീഷ് പറഞ്ഞു. സാഹസികനായിരുന്നു വിനോദ്. ഈ സാഹസികത തന്നെയാണ് സമരക്കാരുടെ അടുത്തുചെല്ലാൻ വിനോദിനെ പ്രേരിപ്പിച്ചത്. അതവന് വിനയാവുകയും ചെയ്തു– പ്രജീഷ് വിറയാർന്ന സ്വരത്തിൽ അനുസ്മരിച്ചു



■ കെ.വി വിനോദ്

ശ്രീകണ്ഠാപുരം കൊയ്യത്തെ തെയ്യം കലാകാരൻ കെ.വി കുഞ്ഞിരാമ പെരുവണ്ണാന്റെയും നാരായണിയുടെയും മൂന്ന് മക്കളിൽ ഇളയവനായ വിനോദിന് വേണ്ടി വിവാഹലോചന നടന്നുവരവെയാണ് മരണം കടന്നുവന്നത്.

ജ്യേഷ്ഠസഹോദരൻ കെ.വി ബാബു അധ്യാപകനാണ്. ബാബു പി.എസ്.സി റാങ്ക് ലിസ്റ്റിൽ എസ്.ഐ നിയമനം കാത്തുകഴിയുകയാണ്. ഏക സഹോദരി രമണി ഐ.സി.ഡി.എസ് ജീവനക്കാരിയും.

ബിരുദപഠനത്തിന് ശേഷം എച്ച്.ഡി.സി കഴിഞ്ഞ് ശ്രീകണ്ഠാപുരത്ത് ചിട്ടികമ്പനിയിൽ കുറച്ചുകാലം ജോലി ചെയ്ത ശേഷം 1999ലാണ് കെ.എ.പിയിൽ സെലക്ഷൻ കിട്ടിയത്. മലപ്പുറം പാണ്ടിക്കാട്ട് ദ്രുതകർമ സേനാംഗമായി പരിശീലനം തേടവേ, മികച്ച കമാൻറോയായിരുന്നു. ആറു മാസം മുമ്പാണ് കെ.എ.പിയിൽ തിരിച്ചെത്തിയത്.

ഇന്നലെ രാവിലെയാണ് വിനോദിന്റെ മരണവാർത്ത വീട്ടിൽ അഛനും അമ്മയും അറിഞ്ഞത്. മരണവിവരം ജ്യേഷ്ഠൻ കെ.വി ബാബു മിനിഞ്ഞാന്ന് രാത്രി തന്നെ അറിഞ്ഞിരുന്നു.

മൃതദേഹം ഇന്നലെ സന്ധ്യക്ക് ശേഷം വീട്ടിലെത്തിയപ്പോൾ വീട്ടുകാരുടെ കൂട്ടനിലവിളി ഉയർന്നത് കണ്ടു നിന്നവരുടെ കണ്ണുകളെയും ഈറനണിയിച്ചു. വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിലാണ് പോലീസ് ബഹുമതികളോടെ മൃതദേഹം രാത്രി 8 മണിയോടെ സംസ്കരിച്ചത്. പോസ്റ്റ്മോർട്ടത്തിന് ശേഷം കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്നും റോഡുമാർഗം കൊണ്ടുവന്ന മൃതദേഹം മയ്യഴി പാലത്തിന് സമീപം വെച്ച് ജില്ലാ പോലീസ് അധികൃതർ ഏറ്റുവാങ്ങി.

കണ്ണൂർ പോലീസ് ക്ലബിലും മാങ്ങാട്ടുപറമ്പിലെ കെ.എ.പി ബറ്റാലിയൻ ക്യാമ്പിലും പൊതുദർശനത്തിന് വച്ച ശേഷമാണ് സ്വദേശത്തേക്ക് കൊണ്ടുപോയത്.

ആദിവാസി പുനരധിവാസ പദ്ധതി നിർത്തിവയ്ക്കില്ലെന്ന് ആൻറണി

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: ആദിവാസികളെ മുന്നിൽനിർത്തി ആരെങ്കിലും സായുധ കലാപത്തിന് ശ്രമിച്ചാൽ അതിനെ സർക്കാർ ശക്തിയുക്തം നേരിടുമെന്ന് മുഖ്യമന്ത്രി എ.കെ.ആൻറണി. ഇപ്പോഴത്തെ പ്രശ്നങ്ങളുടെ പേരിലൊന്നും ആദിവാസികളുടെ പുനരധിവാസ പദ്ധതി നിർത്തിവയ്ക്കില്ലെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം 843 കുടുംബങ്ങൾക്കായി ഇതുവരെ 1747.82 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 1839.12 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. ഇടുക്കി ചിന്നക്കനാലിൽ 1200 ഏക്കറും കോഴിക്കോട് വട്ടച്ചിറയിൽ 240 ഏക്കറും തൃശൂർ ആനമല സഹകരണസംഘംവക 166 ഏക്കറും വയനാട് കാരാപ്പുഴ കുന്നത്തിടവകയിലെ 187 ഏക്കറും ആലപ്പുഴ കല്ലട ഇറിഗേഷൻ പദ്ധതിയുടെ 31.44 ഏക്കറും കൊട്ടാരക്കരയിൽ 14.66 ഏക്കറുമാണ് വിതരണം ചെയ്യുന്നതിന് തയ്യാറായിട്ടുള്ളത്.

തിരുവനന്തപുരം ചെറ്റച്ചലിൽ 31.96 ഏക്കറും കൊല്ലം കുര്യോട്ടുമല ബഫല്ലോ ഫാമിലെ 100 ഏക്കറും പ്ലാൻറേഷൻ കോർപറേഷൻറെ കീഴിലുള്ള കണ്ണൂർ ആലക്കോട് എസ്റ്റേറ്റിലെ 1020.11 ഏക്കറും കോഴിക്കോട് പേരാമ്പ്ര എസ്റ്റേറ്റിലെ 463.56 ഏക്കർ ഭൂമിയും ആദിവാസികൾക്ക് വിതരണം ചെയ്യാൻവേണ്ടി കണ്ടെത്തിയിട്ടുണ്ട്. 7000 ഹെക്ടർ വിസ്തൃതിയുള്ള ആറളം ഫാം കേന്ദ്ര സർക്കാരിൽനിന്ന് വിലയ്ക്കുവാങ്ങി അതിൻറെ പകുതി ആദിവാസികൾക്ക് വിതരണം ചെയ്യും.ഈ സർക്കാർ കഴിഞ്ഞ ഒരുവർഷമായി ആദിവാസികൾക്ക് തുടർച്ചയായി സൗജന്യ റേഷൻ നൽകുകയാണ്. ജോലിക്ക് ഭക്ഷണം പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച ഭക്ഷ്യധാന്യത്തിൽ നല്ലൊരു പങ്ക് ആദിവാസികൾക്കാണ് നൽകുന്നത്. ഭക്ഷ്യധാന്യത്തോടൊപ്പം കൂലി നൽകാൻ സാമ്പത്തിക സ്ഥിതിയില്ലാത്ത പഞ്ചായത്തുകൾക്ക് ട്രൈബൽ മിഷനിൽനിന്നും സഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ആദിവാസികൾക്കായി ഫോറസ്റ്റ് ഗാർഡുമാരുടെ 300 തസ്തിക സർക്കാർ സൃഷ്ടിച്ചു. ഇതിൽ 120 പേർക്ക് നിയമനം നൽകി. 36 പേർക്ക് നിയമനത്തിന് അഡൈസ് അയച്ചിട്ടുണ്ട്.

ഭൂമി നൽകുന്നതിനുപുറമേ ആ ഭൂമിയുടെ വികസനത്തിനായി അഞ്ച് കോടി രൂപയുടെ പദ്ധതി നടപ്പാക്കികഴിഞ്ഞു. ആദിവാസികളെ സ്വയംപര്യാപ്തരാക്കാനാണ് ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.



■ പ്രണാമം: മുത്തങ്ങയിൽ ആദിവാസികളുടെ അക്രമത്തിൽ മരിച്ച കോൺസറ്റബിൾ വിനോദിൻറെ മൃതദേഹത്തിൽ കണ്ണൂർ എസ്.പി മനോജ് എബ്രഹാം റീത്ത് സമർപ്പിക്കുന്നു.

ജുഡീഷ്യൽ അന്വേഷണം വേണം: പി.പി. മുകുന്ദൻ

■ സ്വന്തം ലേഖകൻ

തൃശൂർ: വയനാട്ടിലെ മുത്തങ്ങയിലെ അനിഷ്ടസംഭവങ്ങളിലേക്ക് വഴിതെളിച്ച ആദിവാസ സമരത്തെയും പോലീസ് വെടിവെപ്പിനെയും കുറിച്ച് സമഗ്രമായ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി. സംസ്ഥാന ജനറൽസെക്രട്ടറി പി.പി. മുകുന്ദൻ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

സർക്കാരിൻറെ വൈകല്യമാണ് മുത്തങ്ങയിലെ സംഭവവികാസങ്ങൾക്ക് കാരണം. ആദിവാസികളെ സമരംഗത്തിറക്കി സായുധകലാപം നടത്താൻ ഏതോ കേന്ദ്രങ്ങൾ ഗൂഢശ്രമം. കുറെക്കാലമായി നടത്തിവരികയാണ്. മുത്തങ്ങയിൽ സമരം ആരംഭിച്ച ആദിവാസികൾക്ക് അരിയും മറ്റു പല വ്യഞ്ജനങ്ങളും പി.ഡി.പിയുടെ കോഴിക്കോട് ജില്ലാ നേതാവ് എത്തിച്ചുകൊടുത്തതിനു തെളിവുണ്ട്. ആദിവാസി സമരത്തെ നയിക്കുന്ന സി.കെ. ജാനുവിൻറെയും മറ്റും സോളിഡാരിറ്റി എന്ന സംഘടനയുമായുള്ള ബന്ധവും ജുഡീഷ്യൽ അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്ന് അദ്ദേഹമാവശ്യപ്പെട്ടു.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു കൊടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ കേരളം മാറിമാറി ഭരിച്ച സർക്കാരുകൾ ഇതുവരെ തയാറാകാത്തതിൻറെ ദുരന്തഫലമാണ് മുത്തങ്ങയിലെ സംഭവവികാസങ്ങളിലേക്ക് നയിച്ചത്. മുത്തങ്ങയിൽ കഴിഞ്ഞ 35 ദിവസമായി ആദിവാസികൾ സമരം തുടങ്ങിയിട്ടും ഗവൺമെൻറ് ലാഘവ ബുദ്ധിയോടെയാണ് പ്രശ്നം കൈകാര്യം ചെയ്തത്.

സി.കെ. ജാനുവിൻറെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ കുടിൽകെട്ടി ആദിവാസികൾ സമരം ചെയ്തപ്പോൾ മുഖ്യമന്ത്രി എ.കെ. ആൻറണി കാണിച്ച കൃത്യവിലോപമാണ് മുത്തങ്ങയിലെ സംഭവവികാസങ്ങൾക്ക് പ്രേരകമായത് എന്നും അദ്ദേഹം കുറ്റപ്പെടുത്തി. സെക്രട്ടറിയേറ്റ് നടയിൽ കുടിലുകൾ കെട്ടി സമരം ചെയ്യാൻ അനുവദിച്ച സമയത്ത് സർക്കാരിൻറെ കൈയിൽനിന്ന് പ്രശ്നം പാളിപ്പോയി. . സി.കെ. ജാനുവും കൂട്ടരും നടത്തുന്ന സമരങ്ങൾ പീപ്പിൾ വാർ ഗ്രൂപ്പിൻറെയും നക്സൽബാരി ഗ്രൂപ്പിൻറെയും ശൈലിയിലേക്ക് മാറിയിരിക്കുന്നു. മുത്തങ്ങയിലെ കുടിയേറ്റക്കാരിൽ ചിലർ അനൃജില്ലക്കാരാണ്. അദ്ദേഹം പറഞ്ഞു.

മുത്തങ്ങയിലേയ്ക്ക് പ്രതിപക്ഷം

തിരുവനന്തപുരം: പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദൻറെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ വയനാട്ടിലെ മുത്തങ്ങയിലേയ്ക്ക്. എം.എൽ.എ.മാരായ കെ.പി.രാജേന്ദ്രൻ, ബിനോയ് വിശ്വം, സി.കെ.നാണു, എ.സി.ഷൺമുഖദാസ്, വി.സി. കബീർ, കെ.രാധാകൃഷ്ണൻ എന്നിവരാണ് വി.എസിനോടൊപ്പം മുത്തങ്ങയിലേയ്ക്ക് പോയിട്ടുള്ളത്.

മുത്തങ്ങ സംഭവം : പ്രതിപക്ഷം സഭ സ്തംഭിപ്പിച്ചു

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം ഇന്നലെ നിയമസഭാ നടപടികൾ സ്തംഭിപ്പിച്ചു. രാവിലെ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനെ തുടർന്ന് ഇറങ്ങിപ്പോയ പ്രതിപക്ഷം പിന്നീട് മടങ്ങിവന്ന് മുഖ്യമന്ത്രിയുടെ മറുപടി ആവശ്യപ്പെട്ടു. എന്നാൽ മറുപടി നൽകാൻ മുഖ്യമന്ത്രി തയ്യാറായില്ല. ഇതോടെ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലേയ്ക്ക് ഇറങ്ങുകയായിരുന്നു.

സംഭവത്തെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്യാനും ജുഡീഷ്യൽ അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണമെന്ന് ഇറങ്ങിപ്പോക്കിനുമുമ്പ് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു.ഇറങ്ങിപ്പോക്കിനുശേഷം കോടിയേരി ബാലകൃഷ്ണൻറെ നേതൃത്വത്തിലാണ് പ്രതിപക്ഷം മടങ്ങിയെത്തിയത്. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ തയ്യാറുണ്ടോയെന്ന് കോടിയേരി ചോദിച്ചു. എന്നാൽ മുഖ്യമന്ത്രി മറുപടി നൽകാൻ തയ്യാറായില്ല. മുഖ്യമന്ത്രിയെ നിർബന്ധിക്കാനാവില്ലെന്ന് സ്പീക്കറും പറഞ്ഞതോടെ പ്രതിപക്ഷാംഗങ്ങൾ ഒത്തുകൂടി.

ഇതിനിടെ സ്പീക്കർ അടുത്ത നടപടികളിലേയ്ക്ക് കടന്നപ്പോൾ മുദ്രാവാക്യം വിളിയുമായി അവർ നടുത്തളത്തിലേയ്ക്ക് ഇറങ്ങുകയായിരുന്നു.

മുത്തങ്ങയിലുണ്ടായ സംഭവവികാസങ്ങൾ അത്യന്തം നിർഭാഗ്യകരമായിപ്പോയെന്ന് മുഖ്യമന്ത്രി എ.കെ.ആൻറണി സഭയെ അറിയിച്ചു. ആദിവാസികളുടെ പ്രശ്നങ്ങളോട് സർക്കാർ അനുഭാവപൂർവമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സാധാരണയിൽ കവിഞ്ഞ സംയമനമാണ് സർക്കാർ ആദിവാസികളുടെ പ്രശ്നത്തിൽ സ്വീകരിച്ചത്. ദുർബലരായ അവർ ഏറെ പരിഗണന അർഹിക്കുന്നതിനാലാണിത്. പോലീസുകാരെ ബന്ദികളാക്കുകയും കൊലപ്പെടുത്താൻ ഒരുങ്ങുകയും ചെയ്തപ്പോഴാണ് കടുത്ത നടപടിയുണ്ടായത്.

ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയാനുള്ള ശ്രമമാണ് മുഖ്യമന്ത്രിയുടേതെന്ന് പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. ടാറ്റാ 50000 ഏക്കർ ഭൂമിയും പോബ്സൺ 10,000 ഏക്കർ ഭൂമിയും കയ്യടക്കിവച്ചിട്ടുണ്ട്. വട്ടവിളയിൽ 10,000 ഏക്കർ ഭൂമിയിൽ കഞ്ചാവ് കൃഷി നടക്കുന്നു. ഇതെല്ലാം പിടിച്ചെടുത്ത് ആദിവാസികൾക്ക് നൽകണം. സർക്കാർ ആദിവാസികളെ പറഞ്ഞുപറ്റിക്കുകയാണ്. ഇതിൻറെ ഫലമായാണ് ജാനുവും കൂട്ടരും ആയുധമെടുത്തതെന്നും വി.എസ്. പറഞ്ഞു.

ചവറയിൽ സിന്തറ്റിക് പ്ലാൻറ്: ധാരണാപത്രമായി

ന്യൂഡൽഹി: ചവറയിൽ പുതിയ സിന്തറ്റിക് റൂട്ടെയ്ൽ പ്ലാൻറ് സ്ഥാപിക്കുന്നതിന് ഇന്ത്യൻ റെയർ എർത്ത്സ്, നാഷണൽ മിനറൽ ഡവലപ്മെൻറ് കോർപറേഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു. എൻ.കെ.പ്രേമചന്ദ്രനു മറുപടിയായി ആണവോർജമന്ത്രി എസ്.ബി.മുഖർജി രാജ്യസഭയിൽ അറിയിച്ചതാണ് ഇക്കാര്യം.

അടുത്ത സമരമുഖം നെല്ലിയാമ്പതി

■ സ്റ്റാഫ് പ്രതിനിധി

കോഴിക്കോട്: ആദിവാസി മേഖല കേന്ദ്രീകരിച്ച് നടക്കുന്ന അടുത്ത സായുധ സമരം പാലക്കാട്ടെ നെല്ലിയാമ്പതിയിൽ.

നെല്ലിയാമ്പതിയിൽ സർക്കാർ അധീനതയിലുള്ള ഒറഞ്ച് തോട്ടം ആദിവാസി സമുദായ-സന്നദ്ധ സേവന സംഘപ്രവർത്തകർ ഒരാഴ്ചയ്ക്ക് മുമ്പ് പിടിച്ചെടുക്കുകയായിരുന്നു.

ഭഗവതി മുപ്പൻറെ നേതൃത്വത്തിൽ നടന്ന ഈ പിടിച്ചടക്കൽ സമരത്തിൽ പരിശീലനം സിദ്ധിച്ച പീപ്പിൾസ് ഗറില്ലാ ആർമി അംഗങ്ങളുണ്ടായിരുന്നു. ഭൂസമരത്തിലേർപ്പെട്ട അംഗങ്ങൾക്ക് സായുധ പരിശീലനം നൽകുന്ന കാര്യം മംഗളം നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.നെല്ലിയാമ്പതിയിൽ സർവകക്ഷി അംഗങ്ങൾ ആദിവാസി ഭൂസമരത്തിന് പിന്തുണ പ്രഖ്യാപിച്ചതാണ് ഈ സമരത്തിൻറെ തീക്ഷ്ണത അൽപ്പമെങ്കിലും കുറയാൻ കാരണം. നെല്ലിയാമ്പതി പുലയമ്പാറയിൽ നടന്ന സർവകക്ഷിപൊതുയോഗം വാർ ഗ്രൂപ്പുൾപ്പെട്ട ആദിവാസി സമുദായ സേവന സംഘത്തിന് പൂർണ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

മുത്തങ്ങയിൽ നടത്തിയ കമാൻഡോ ഓപ്പറേഷൻറെ മോഡലിൽ നെല്ലിയാമ്പതിയിൽ പോലീസ് മുന്നേറ്റമുണ്ടായാൽ എന്തുവിലകൊടുത്തും ചെറുത്തുതോൽപ്പിക്കാനാണ് ആദിവാസികളുൾപ്പെട്ട വാർ ഗ്രൂപ്പിൻറെ തീരുമാനം.

ഫെബ്രുവരി ആറിന് നെല്ലിയാമ്പതിയിൽ ഭൂമി കയ്യേറിയ ആദിവാസികളുമായി ജില്ലാ കലക്ടർ ചർച്ച നടത്തിയെങ്കിലും പരാജയമായിരുന്നു.

കൈയേറിയ സ്ഥലങ്ങളിൽ നിന്നു പിൻവാങ്ങണമെന്നും മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്നും കലക്ടർ ഉറപ്പ് നൽകിയെങ്കിലും വ്യക്തമായ ധാരണയില്ലാതെ പിൻമാറില്ലെന്ന വാശിയിലാണ് ആദിവാസി സമുദായ സേവനസംഘം.

180 ഓളം കുടിലുകൾ കെട്ടിയ നെല്ലിയാമ്പതി ഓറഞ്ച് ഫാമിൽ അനധികൃത കുടിയേറ്റക്കാരെ തടയാൻ ആദിവാസി പ്രവർത്തകർ ചെക്ക് പോസ്റ്റുകൾ കെട്ടിയിട്ടുണ്ട്.

അധികാരികളുടെ ഭാഗത്ത് നിന്നുള്ള അക്രമത്തെ സായുധ സമരത്തിലൂടെ നേരിടാനാണ് ഇവരുടെയും തീരുമാനം.

ടോൾ പിരിവ് : ഇരുചക്ര വാഹനങ്ങളെ ഒഴിവാക്കും

തിരുവനന്തപുരം: പാലങ്ങളിലെ ടോൾ പിരിവിൽനിന്ന് ഇരുചക്ര വാഹനങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതായി തോമസ് ചാഴിക്കാടനെ മന്ത്രി എം.കെ.മുനീർ അറിയിച്ചു. ഒരുകോടി രൂപവരെ നിർമ്മാണചെലവുള്ള പാലങ്ങളെ ടോൾപിരിവിൽനിന്ന് ഒഴിവാക്കാനുള്ള നിയമനിർമ്മാണം സർക്കാർ പരിഗണിച്ചുവരുകയാണെന്ന് അദ്ദേഹം അറിയിച്ചു.

ചാക്കരിയിൽ മായംചേർത്ത് കുത്തരിയാക്കി പൊതുവിപണിയിൽ ഉയർന്നവിലയ്ക്ക് വില്പന നടത്തുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സ്റ്റാർ ഫൻ ജോർജ്, മാമ്മൻ മത്തായി, തോമസ് ഉണ്ണിയാടൻ, ജോസഫ് എം.പുതുശേരി എന്നിവരെ മന്ത്രി പി.ശങ്കരൻ അറിയിച്ചു. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനാൽ ഉദരരോഗങ്ങൾ സംസ്ഥാനത്ത് വർധിക്കുന്നുണ്ട്.

ചാക്കരിയിൽ മായംചേർത്ത് പൊതുവിപണിയിൽ വില്ക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ അരിയുടെ 450 സാമ്പിളുകൾ പരിശോധിച്ചിരുന്നു. അയർക്കുന്നം, ചാവശേരി, കല്യാട് എന്നീ പഞ്ചായത്തുകളിൽനിന്ന് സ്വീകരിച്ച സാമ്പിളുകളിലാണ് ക്രമക്കേട് കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രാഥമികാന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ സസ്പെൻഡ് ചെയ്തതായി ടി.കെ.ബാലനെ മന്ത്രി നാലകത്ത് സൂപ്പി അറിയിച്ചു.

പാമോയിൽകേസിൽ ആൻറണിയുടെ നയം ഇരട്ടത്താപ്പ്: അച്യുതാനന്ദൻ

തിരുവനന്തപുരം: പാമോയിൽ കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ ആൻറണി സർക്കാർ സ്വീകരിച്ചത് ഇരട്ടത്താപ്പ് നയമാണെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ.

പാമോയിൽ കേസിലെ ഒന്നാംപ്രതി കെ.കരുണാകരനെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതിന് ലോക്സഭാ സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന ഹൈക്കോടതി വിധി അഴിമതിക്കെതിരെയുള്ള പോരാട്ടത്തിന് ശക്തിപകരുന്നതാണ്. സ്പീക്കറുടെ അനുമതി വേണമെന്ന വിജിലൻസ് കോടതി വിധിക്കെതിരെ നായനാർ സർക്കാരാണ് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചത്.

എന്നാൽ ആൻറണി സർക്കാർ കേസ് നടത്താൻ ഒട്ടും ശുഷ്കാന്തി കാണിച്ചില്ല.പബ്ലിക് പ്രോസിക്യൂട്ടർ വാദിച്ചത് കരുണാകരനെതിരെ നടപടിക്ക് സ്പീക്കറുടെ അനുമതി വേണമെന്നാണ്.തനിക്കെതിരെ അഴിമതിക്ക് കേസില്ലെന്നും സർക്കാരിന് മൂന്നുകോടി രൂപ ലാഭമുണ്ടാക്കിയില്ലേ എന്നുമാണ് കരുണാകരൻ പറയുന്നത്. കക്ഷിരാഷ്ട്രീയത്തിൻറെ പരിഗണനയിൽ അഴിമതിക്കാരെ രക്ഷിക്കാൻ മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്ന ഇരട്ടത്താപ്പ് ഉപേക്ഷിച്ചില്ലെങ്ക

21
ഫെബ്രുവരി 2003
വെള്ളി
1178 കുംഭം 9

മലയാള മനോരമ

Established 1888

കോട്ടയം • കോഴിക്കോട് • കൊച്ചി • തിരുവനന്തപുരം • പാലക്കാട് • കണ്ണൂർ • കൊല്ലം • തൃശൂർ • മലപ്പുറം • മുംബൈ • ചെന്നൈ • ബാംഗ്ലൂർ

കോഴിക്കോട് • 16 പേജ് + കൈത്തിരി • 3.25 രൂപ

www.manoramaonline.com

അഭ്യൂഹങ്ങൾ തുടരുന്നു; നൂറോളം പേരെ പൊലീസ് പിടി കൂടി



മനോരമ

തമിഴ്ബന്ധം: അമ്പുകുത്തിയിലെ ആദിവാസി ക്കുടിലിൽ നിന്ന് തിരച്ചിൽസേന കണ്ടെടുത്ത തിരുച്ചിറപള്ളി സ്വദേശി കുഞ്ഞുപിള്ള വേടയ്യന്റെ പാസ്പോർട്ട്.

മുത്തങ്ങ: ആദിവാസി ഗോത്രസഭാ പ്രവർത്തകർക്കു നേരെ പൊലീസ് നടത്തിയ വെടിവയ്പിൽ എത്രപേർ കൊല്ലപ്പെട്ടു എന്നത് സംബന്ധിച്ച് അഭ്യൂഹങ്ങൾ പടരുമ്പോൾ വനം കയ്യേറിയവരിൽ നൂറോളംപേരെ പൊലീസ് പിടികൂടി. വനത്തിനു സമീപമുള്ള നൂൽപ്പുഴ പഞ്ചായത്തിലെ പുലിതൂക്കി ആദിവാസി കോളനിയിലടക്കം നടത്തിയ തിരച്ചിലിൽ ആണ് ഇവരെ പിടികൂടിയതെന്നു പൊലീസ് പറഞ്ഞു.

സി.കെ.ജാനുവിന്റെ വലംകൈയായി അറിയപ്പെടുന്ന തങ്കമണി എന്ന ആദിവാസി ഗോത്രസഭാ പ്രവർത്തകയും ഇതിൽ ഉൾപ്പെടുന്നതായി അറിയുന്നു. കഴിഞ്ഞദിവസം രാത്രി കീഴടങ്ങിയ സ്ത്രീകളും കുട്ടികളും ഉണ്ടെന്നാണു സൂചന.

എന്നാൽ പൊൻകുഴി, അമ്പുകുത്തി മേഖലകളിൽ വനം കയ്യേറിയ ആദിവാസികളെ പിടികൂടാൻ പൊലീസ് നടത്തിയ ശ്രമം വിഫലമായി.

ബുധനാഴ്ചത്തെ ഏറ്റുമുട്ടലിൽ അഞ്ചുമുതൽ 15 പേർ വരെ കൊല്ലപ്പെട്ടതായി കഥകൾ പ്രചരിക്കുമ്പോൾ ഒരു പൊലീസുകാരനും ആദിവാസി പ്രവർത്തകനുമുൾപ്പടെ രണ്ടുപേർ മാത്രമേ കൊല്ലപ്പെട്ടിട്ടുള്ളുവെന്നാണ് പൊലീസ് പറയുന്നത്. ഇന്നലെ നടത്തിയ തിരച്ചിലിൽ കൂടുതൽ മൃതദേഹങ്ങൾ കണ്ടെത്തിയിട്ടില്ല. അതിനാൽതന്നെ കൂടുതൽ മരണങ്ങളില്ല എന്നാണ് പൊലീസ് നിലപാട്.

ആദിവാസി ഗോത്രസഭയ്ക്കു പുറമേ സി. പി. എം. നേതൃത്വത്തിലുള്ള ആദിവാസി ക്ഷേമസമിതി, ആദിവാസി വിമോചനമുന്നണി പ്രവർത്തകർ എന്നിവർ കയ്യേറിയ വനഭൂമിയിലും ഒഴിപ്പിക്കൽ നടത്തുന്നതിനെക്കുറിച്ച് വനം വകുപ്പ് ആലോചിക്കുന്നു.

ഇതേസമയം പൊലീസും നാട്ടുകാരിൽ ചിലരും ചേർന്ന് വഴിയിൽ കാണുന്ന ആദിവാസികളെയെല്ലാം പിടികൂടുകയാണ്. സംശയത്തിന്റെ പേരിൽ പൊലീസ് പിടികൂടുന്ന പലർക്കും ഈ സംഭവവുമായി ബന്ധമില്ലെന്ന് വ്യക്തമായിട്ടും അവരെയും പ്രതി ചേർക്കാനാണ് പൊലീസ് ശ്രമമെന്ന് ആദിവാസി ക്ഷേമസമിതി നേതാക്കൾ ആരോപിച്ചു.

ഇന്നലെ ഏഴുമണി മുതൽ നാലുവരെയാണ് പൊലീസ് പൊൻകുഴി, അമ്പുകുത്തി വയൽ എന്നീ മേഖലകളിൽ തിരച്ചിൽ നടത്തിയത്. അവിടെ ഗോത്രമഹാസഭ പ്രവർത്തകർ കെട്ടിയ കുടിലുകൾ പൊളിച്ചു. പൊൻകുഴിയിൽ ഗോത്രസഭാ പ്രവർത്തകരുയെ കപ്പ, ചീര തുടങ്ങിയ കൃഷികളും നശിപ്പിച്ചു.

കുടിലുകൾക്കു തീ വയ്ക്കുകയും ചെയ്തു. വനംവകുപ്പ് ഉദ്യോഗസ്ഥർ രംഗത്തിറങ്ങി വൻതീപിടിത്തം ഒഴിവാക്കി.മുത്തങ്ങ റെയ്ഞ്ച് ഓഫിസർ സുരേഷ് കുടിലുകൾ കത്തിക്കരുതെന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നുവെങ്കിലും പൊലീസുകാർ പലസ്ഥലത്തും തീവയ്പു നടത്തി. കമൻഡാന്റ് സുരേഷ് രാജ് പുരോഹിത് കത്തിക്കാൻ നിർദേശം നൽകുന്നുമുണ്ടായിരുന്നു.

ഗോത്രമഹാസഭാ പ്രവർത്തകരുമായി ആദ്യദിനത്തിലുണ്ടായ ഏറ്റുമുട്ടലിലും പൊലീസിന്റെ ഉന്നതതലങ്ങളിൽനിന്നു വ്യക്തമായ ധാരണയില്ലാതെയുണ്ടായ നടപടികളാണ് വെടിവയ്പിലും മരണത്തിലും കലാശിച്ചതെന്നും അഭിപ്രായമുയർന്നിട്ടുണ്ട്.

പൊലീസ് വെടിവയ്പിൽ ഗുരുതരമായി പരുക്കേറ്റ നാൽപതോളം പ്രവർത്തകരെയും കൊണ്ടാണ് വനത്തിനുള്ളിൽ നിന്നു ആദിവാസി ഗോത്രസഭാ പ്രവർത്തകർ പിൻമാറിയിട്ടുള്ളതെന്നറിയുന്നു.

ഇന്നലെ ഉത്തരമേഖലാ ഡി.ഐ.ജി.: എൻ. ശങ്കർ റെഡ്ഡി ചീഫ് കൺസർവേറ്റർമാരായ എസ്. പി. സിങ്, കെ. കെ. തീവാരി, ഡി.എഫ്.ഒ.മാരായ കെ. കെ. ചന്ദ്രൻ, എം.ശ്രീധരൻ നായർ, വി. കെ. ശ്രീവത്സൻ, ഫണീന്ദർ കുമാർ റാവു, കെ. എ. പി. കമൻഡാന്റ് സുരേഷ് രാജ് പുരോഹിത് എന്നിവരാണ് തിരച്ചിലിന് നേതൃത്വം നൽകിയത്.

ലക്ഷ്യമിട്ടത് കുഞ്ഞാലിക്കുട്ടിയെയും മാണിയെയും റാഞ്ചാൻ

എ.ബി. ജിജിമോൻ

തിരുവനന്തപുരം: മന്ത്രിമാരായ പി.കെ.കുഞ്ഞാലിക്കുട്ടിയെയും കെ.എം.മാണിയെയും തട്ടിക്കൊണ്ടുപോകാനായിരുന്നു സമരംചെയ്യുന്ന ആദിവാസികളുടെ പദ്ധതി. അയ്യങ്കാളിപ്പട ഉൾപ്പെടെയുള്ള സംഘടനകളുമായിച്ചേർന്ന് ഇതു നടപ്പാക്കുകയായിരുന്നു സമരക്കാരുടെ ലക്ഷ്യമെന്നുള്ള റിപ്പോർട്ടാണ് ഇന്റലിജൻസ് സർക്കാരിനു നൽകിയിരുന്നത്.

സെക്രട്ടേറിയറ്റിൽ കയറി ഐ.എ.എസ്. ഉദ്യോഗസ്ഥരെ ബന്ദികളാക്കാനും പദ്ധതിയുണ്ടായിരുന്നു. ആദിവാസികൾക്കു റവന്യൂഭൂമി കണ്ടെത്തി നൽകുമെന്ന വാഗ്ദാനം പാലിക്കാത്തതിനു കെ.എം.മാണിയെയും ആഗോള നിക്ഷേപക സമ്മേളനത്തിനു വിദേശ കുത്തകകളെ ക്ഷണിക്കുന്നതിൽ എതിർപ്പു പ്രകടിപ്പിക്കാൻ കുഞ്ഞാലിക്കുട്ടിയെയും തട്ടിക്കൊണ്ടുപോവുകയായിരുന്നു ലക്ഷ്യം. ഇതു നടന്നില്ലെങ്കിൽ ഏതെങ്കിലും മന്ത്രിയെ തട്ടിക്കൊണ്ടുപോയി ജനശ്രദ്ധയാകർഷിക്കാനും പദ്ധതിയിട്ടിരുന്നു.

'ജിമ്മി'നെതിരേ വ്യാപക പ്രചാരവേലയാണു തീവ്രവാദി സംഘടനകൾ നടത്തിയത്. 'ജിമ്മി'നു മുന്നോടിയായി പലതവണ രഹസ്യയോഗങ്ങൾ നടന്നു. അവിടെ വരുന്ന വിദേശ പ്രതിനിധികളെ റാഞ്ചുന്നതുൾപ്പെടെ പദ്ധതികൾക്കും രൂപം നൽകി.

മുത്തങ്ങയിൽ ആദിവാസികൾ വനഭൂമി കൈയേറുമെന്ന് ആറുമാസം മുൻപുതന്നെ ഇന്റലിജൻസ് റിപ്പോർട്ട് നൽകിയിരുന്നു. പാലക്കാട്, ഇടുക്കി, കണ്ണൂർ ജില്ലകളിലെ ചില പ്രദേശങ്ങളിലും വനംകയ്യേറ്റം നടക്കുമെന്നു ചൂണ്ടിക്കാട്ടി. ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 'ജിമ്മി'നു മുന്നോടിയായി കർശനനടപടി സ്വീകരിക്കാൻ പൊലീസിനു സർക്കാർ നിർദേശം നൽകി. സെക്രട്ടേറിയറ്റ് കവാടങ്ങൾ അടച്ചു കർശനകാവൽ ഏർപ്പെടുത്തിയതും വടക്കൻ ജില്ലകളിൽ വ്യാപക അറസ്റ്റ് നടന്നതും ഇതിന്റെ ഫലമായിരുന്നു.

എന്നാൽ, മുത്തങ്ങ ഉൾപ്പെടെ വനഭൂമി കയ്യേറുമെന്ന മുന്നറിയിപ്പ് സർക്കാർ അവഗണിച്ചു. കയ്യേറിയിട്ടും വനംവകുപ്പ് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചില്ല. ഇതിനു പൊലീസിന്റെ സഹായം ആവശ്യപ്പെട്ടുമില്ല. ഒടുവിൽ ക്രമസമാധാന പ്രശ്നമുണ്ടായപ്പോൾ പൊലീസിന് ഇടപെടാതിരിക്കാനാവാത്ത സ്ഥിതിയാവുകയും ചെയ്തു.

മുത്തങ്ങ സമരക്കാർക്ക് പീപ്പിൾസ് വാർഗ്രൂപ്പിന്റെ സഹായമുണ്ടെന്നും പൊലീസിന് ആദ്യം വിവരം ലഭിച്ചിരുന്നെങ്കിലും സ്ഥിരീകരിച്ചിട്ടില്ല. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ചിലർക്ക് പീപ്പിൾസ് വാർഗ്രൂപ്പുമായി ബന്ധമുണ്ടെന്നും ഇവരുടെ പ്രവർത്തനം വയനാട്ടിൽ നടക്കുന്നുണ്ടെന്നും കേന്ദ്ര ഇന്റലിജൻസ് സംസ്ഥാന ആഭ്യന്തര വകുപ്പിനെ അറിയിച്ചിരുന്നു. ഇതു പക്ഷേ, പൊലീസിനു ബോധ്യമായിട്ടില്ല.

എൽ.ടി.ടി.ഇയുമായി മുത്തങ്ങ സമരത്തിനു ബന്ധമില്ലെന്നാണ് ഇന്റലിജൻസ് നിഗമനം. മൂന്നു തമിഴരെ അവിടെനിന്നു പിടിച്ചിട്ടുണ്ടെങ്കിലും രണ്ടു പേർ തിരുനെൽവേലിക്കാരും ഒരാൾ തിരുവനന്തപുരത്തു താമസിക്കുന്നയാളുമാണ്.

വാർ ഗ്രൂപ്പ് ബന്ധമെന്ന ആരോപണം പൊലീസ് പിൻവലിക്കുന്നു

അമ്പുകുത്തിവയൽ (വയനാട്):മുത്തങ്ങയിൽവെടിവയ്പ് നടന്ന ഉടനെ ഗോത്രമഹാസഭയ്ക്ക് പീപ്പിൾസ് വാർ ഗ്രൂപ്പുമായി ബന്ധമുണ്ടെന്നു സംശയിക്കുന്നതായി പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞിരുന്നുവെങ്കിലും ഇന്നലെ ആ നിലപാട് ഉപേക്ഷിച്ചു. ഇത്തരം ബന്ധങ്ങളുള്ളതായി തനിക്ക് അറിവൊന്നും ലഭിച്ചിട്ടില്ലെന്ന് ഉത്തരമേഖലാ ഡി. ഐ. ജി.: എൻ. ശങ്കർ റെഡ്ഡി പറഞ്ഞു.

പൊൻകുഴി, അമ്പുകുത്തി വയൽ എന്നിവിടങ്ങളിൽനിന്നു ലഭിച്ച ആയുധങ്ങളും പൊലീസിന്റെ ആദ്യദിനത്തിലെ വാദത്തെ നിഷേധിക്കാൻ തക്കതായിരുന്നു. അമ്പും വില്ലും, കത്തി, ഇരുചക്ര വാഹനത്തിന്റെ ഷോക്ക് അബ്സോർബറിലെ സ്പ്രിങ് ഘടിപ്പിച്ച കമ്പുകൾ എന്നിവ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. സാധാരണ തോക്കുപോലും ആദിവാസികൾ ഉപയോഗിച്ചിട്ടില്ലെന്നതാണ് പീപ്പിൾസ് വാർ ബന്ധം കൂടുതൽ പ്രചരിപ്പിക്കാൻ തയ്യാറാകാതെ പിൻവാങ്ങാൻ കാരണമെന്നു കരുതുന്നു.

അതിനിടെ വനഭൂമിയിൽനിന്നു പാസ്പോർട്ടും ആയുധങ്ങളും പിടിച്ചെടുത്തു. ഗോത്രസഭാ പ്രവർത്തകർ കുടിൽകെട്ടിയിരുന്ന മുത്തങ്ങ പൊൻകുഴിക്കു സമീപമുള്ള അമ്പുകുത്തിവയലിലെ കുറിച്യതോടിൽ നടത്തിയ അന്വേഷണത്തിലാണ് തമിഴ്നാട് സ്വദേശിയായ കുഞ്ചുപിള്ള വേടയ്യൻ എന്നയാളുടെ പാസ്പോർട്ട് ലഭിച്ചത്. ഇയാളെ ബുധനാഴ്ച പൊലീസ് അറസ്റ്റു ചെയ്തതായി അറിയുന്നു. എന്നാൽ ഇതു സംബന്ധിച്ച വിവരം ഒന്നുംതന്നെ പൊലീസ് പുറത്തുവിടുന്നില്ല.

തമിഴ്നാട്ടിലെ ആദിവാസി ദളിത് പ്രവർത്തകനാണ് ഇയാൾ എന്ന് സംശയിക്കുന്നു. തമിഴ്നാട്ടിലെ താന്നികോട്ടഗം എന്നാണ് പാസ്പോർട്ടിൽ വച്ചിട്ടുള്ള ജനനസ്ഥലം. തൃച്ചിയിൽ നിന്നാണ് പാസ്പോർട്ട് അനുവദിച്ചത്. 1996 നവംബർ നാലിനാണ് പാസ്പോർട്ട് നൽകിയിട്ടുള്ളത്.

ബംപർ ചോദ്യം നാളെ വീണ്ടും

മനോരമയും ബ്രൈറ്റ്ലൈറ്റും ചേർന്നു നടത്തുന്ന ലോകകപ്പ് പ്രവചന മൽസരത്തിലെ ബംപർ ചോദ്യം ദിവസേനയുള്ള മൽസരത്തിന്റെ കൂപ്പണിൽ നാളെ വീണ്ടും.

>> www.manoramaonline.com

ഇന്റർനെറ്റിലൂടെ വരിക്കാരാകാം



മനോരമ പ്രസിദ്ധീകരണങ്ങൾക്ക് വരിക്കാരാകാൻ മനോരമ ഓൺലൈൻ സൗകര്യമൊരുക്കുന്നു.

visit >> subscribe

കുഞ്ചുക്കുറുപ്പ്



മന്ത്രിമാരുടെ അംഗരക്ഷകർക്കു തോക്കില്ലെന്ന്.

അവരൊക്കെ വൻതോക്കുകളായതു കൊണ്ടല്ലേ?



മനോരമ / **ജോസ്കുട്ടി പനയ്ക്കൽ**

തീകൊണ്ടു മറുപടി: വയനാട് മുത്തങ്ങ പൊൻകുഴി കാടിനുള്ളിൽ ആദിവാസികൾ തീർത്ത ഭവനങ്ങൾക്കും ആദിവാസി ഗോത്ര സഭ പൊൻകുഴി ഓഫീസിനും പോലീസ് സംഘം തീയിട്ടപ്പോൾ.



അമ്മയുറക്കാൻ പാടിയ പാട്ടിലെ അൻപാണല്ലോ മലയാളം

–ഒ.എൻ.വി.

ലോകമാതൃഭാഷാദിനം ഇന്ന്

ഐക്യരാഷ്ട്ര സംഘടനയുടെ ഘടകമായ യുനെസ്കോ പ്രഖ്യാപിച്ചത്

കാഴ്ചപ്പാട് പേജിൽ

- കണക്കെടുപ്പു കാടുകയറി; കണക്കുകൂട്ടലുകൾ പാളി
- ദളിത് സമരങ്ങളുടെ ബുദ്ധികേന്ദ്രം
- മുത്തങ്ങ സഭ കുലുക്കി

പേജ് 9

- ആദിവാസിഭൂമി കൈമാറ്റം ഉടൻ; അക്രമം നേരിടും: ആന്റണി
- ആറളം ഫാം തീവെക്കുമെന്നു ഭീഷണി; ആദിവാസി യുവാവ് കസ്റ്റഡിയിൽ
- പ്രതിപക്ഷം നിയമസഭ സ്തംഭിപ്പിച്ചു
- ജാനുവിനുവേണ്ടി നിലമ്പൂർ മേഖലയിൽ തിരച്ചിൽ
- റാഞ്ചൽ പദ്ധതി അറിയില്ല, ശരിയായിരിക്കാം: മാണി
- പ്രശ്നം വഷളായതിന് ഉത്തരവാദി ആന്റണി: മുകുന്ദൻ
- ആദിവാസികളെ മുഴുവൻ തുരത്തിയെന്ന് ഐ.ജി
- മുത്തങ്ങ: കേന്ദ്രം ഇടപെടില്ല
- 'മുത്തങ്ങയിൽ നടന്നത് ജിമ്മിന്റെ തുടർച്ച'
- സേനയെ പിൻവലിക്കണം: സമര സഹായ സമിതി

അവസാന പേജിൽ

- മുത്തങ്ങയിൽ മൗനം ഭേദിക്കുന്നതു ബൂട്ടുകൾ മാത്രം
- നേതാക്കൾക്കായി തിരച്ചിൽ തുടരുന്നു
- ആദിവാസി ഗോത്രമഹാസഭയെ ബി. ജെ. പിക്കും വേണ്ട
- കൂടുതൽ ചിത്രങ്ങൾ

മനോരമ Britelite
ലോകകപ്പ് പ്രവചന മൽസരം

ലോക കപ്പ് പ്രവചന മത്സരം.

16 ലക്ഷത്തിൽപരം രൂപയുടെ സമ്മാനങ്ങൾ

944721
9177

ഒന്നാം സമ്മാനം ആൾട്ടോ കാർ AX [Automatic gear] from POPULAR VEHICLES AND SERVICES LTD.

രണ്ടാം സമ്മാനം (രണ്ടുപേർക്ക്) TVS

മൂന്നാം സമ്മാനം (മൂന്നുപേർക്ക്) TVS MAX 100





ബ്രൈറ്റ്ലൈറ്റ്, വിരൽത്തുമ്പിലെ സൂര്യൻ™ Britelite

ഫെബ്രുവരി 8 മുതൽ ഒന്നരമാസക്കാലത്തോളം മലയാള മനോരമയിൽ വരുന്ന കൂപ്പൺ പൂരിപ്പിക്കൂ, അതതു ദിവസത്തെ മത്സരങ്ങളുടെ വിജയിയെ പ്രവചിക്കൂ....ദിവസേനയുള്ള മൽസരത്തിൽ വിജയിക്കുന്ന 14 പേർക്ക് 2000/- ത്തിൽപരം രൂപാ വിലവരുന്ന ബ്രൈറ്റ്ലൈറ്റ് ഇംപാക്ട് ഹാലൊജൻ ഫ്ളാഷ് ലൈറ്റുകൾ (ഓരോ ജില്ലയിലും ഓരോന്ന്) സമ്മാനമായി നൽകുന്നു. കൂടാതെ ഫൈനൽ ജേതാവിനെ പ്രവചിക്കുന്ന ബംബർ ചോദ്യത്തിന് വമ്പൻ സമ്മാനങ്ങളും

മുത്തങ്ങ സംഭവം: ജുഡീഷ്യൽ അന്വേഷണം വേണം

കൽപറ്റ: മുത്തങ്ങ വന്യജീവി സങ്കേതത്തിൽ ആദിവാസികളെ കൊലപ്പെടുത്തിയ സംഭവത്തെകുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് സി.കെ.മാധവൻ അധ്യക്ഷതവഹിച്ചു.

മുത്തങ്ങയിലെ സംഭവവികാസങ്ങൾ വെടിവയ്പ്പിലും കൊലപാതകത്തിലുംവരെ എത്തിച്ചതിന്റെ പൂർണ ഉത്തരവാദിത്വം ആന്റണി സർക്കാറിനാണെന്ന് ആർ.എസ്.പി. ജില്ലാ സെക്രട്ടേറിയറ്റ് കുറ്റപ്പെടുത്തി. ആദിവാസി സമരത്തിന്റെ മറവിൽ തീവ്രവാദ പ്രവർത്തനം നടത്തുന്നതുപോലും നിരീക്ഷിക്കാൻ കഴിയാത്തത് പൊലീസിനുതന്നെ നാണക്കേടാണ്. സെക്രട്ടറി ഏച്ചോം ഗോപി അധ്യക്ഷതവഹിച്ചു.

മുത്തങ്ങയിൽ ആദിവാസി സമരത്തിന്റെ മറവിൽ സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടമാണ് നടന്നതെന്ന് കേരള കോൺഗ്രസ്(ജേക്കബ്) ജില്ലാ പ്രസിഡന്റ് എം.സി.സെബാസ്റ്റ്യൻ കുറ്റപ്പെടുത്തി. പൊലീസ് വെടിവയ്പ്പ് വരെ ഉണ്ടാവാനുള്ള സാഹചര്യത്തിലേക്ക് തീവ്രവാദ ഗ്രൂപ്പിനെ വളർത്തിയതിന്റെ ബാധ്യതയിൽനിന്ന് അധികൃതർക്കും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മുത്തങ്ങ സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാറിന് ഒഴിഞ്ഞുമാറാനാവില്ലെന്ന് കൽപറ്റ നേതി ഫിലിം സൊസൈറ്റി യോഗം വിലയിരുത്തി. ജീവിക്കാനുള്ള ആദിവാസികളുടെ അവകാശസമരത്തെ സർക്കാറും പൊതുസമൂഹവും അനുഭാവപൂർവം പരിഗണിച്ച് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ പ്രശ്നം കൂടുതൽ സങ്കീർണമാവുമെന്നും നേതി യോഗം മുന്നറിയിപ്പു നൽകി.



അമ്പുകുത്തിയിലേക്ക് പോകുന്ന തിരച്ചിൽ സേനയ്ക്ക് മുത്തങ്ങ ഫോറസ്റ്റ് റേഞ്ച് ഓഫിസിനു സമീപം ഡി. ഐ. ജി. സുരേഷ്രാജ് പുരോഹിത്, ഐ. ജി. വിൻസൺ പോൾ, ഡി. ഐ. ജി.: എൻ. ശങ്കർ റെഡ്ഡി എന്നിവർ നിർദേശങ്ങൾ നൽകുന്നു.

ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കാതെ നടന്ന സമരത്തിൽ ഫോറസ്റ്റുകാരുടെ ഇടപെടൽ മൂലം പ്രകോപനം ഉണ്ടാക്കുകയും അതിന്റെ പേരിൽ വെടിവയ്പ് നടത്തുകയും ചെയ്തത് ഗവൺമെന്റിന്റെ അനാസ്ഥ മൂലമാണെന്നും സംഭവത്തിൽ ജുഡീഷ്യൻ അന്വേഷണം നടത്തണമെന്നും കേരള ദളിത് പാന്തേഴ്സ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ബിജു വീട്ടിക്കമൂല അധ്യക്ഷത വഹിച്ചു.

മുത്തങ്ങ സംഭവത്തിന് മറവിൽ ബത്തേരിയിലും പരിസര പ്രദേശങ്ങളിലും ആദിവാസികൾക്ക് നേരെ നടക്കുന്ന പൊലീസ് വേട്ട അവസാനിപ്പിക്കണമെന്ന് സി.പി.ഐ(എം.എൽ) റെഡ്ഫ്ളാഗ് സെക്രട്ടറി കുന്നേൽ കൃഷ്ണൻ ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ വെടിവയ്പിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആർ.വൈ.എഫ് ല്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. നെടിയഞ്ചേരി ബാബു അധ്യക്ഷത വഹിച്ചു. മുത്തങ്ങ സംഭവത്തിന് ധാർമിക ഉത്തരവാദിത്വമുള്ള മുഖ്യമന്ത്രിക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രദീപ് പാറപ്പുറം, ജില്ലാ പ്രസിഡന്റ് സുരേഷ് ബാബു വാളൽ എന്നിവർ ആവശ്യപ്പെട്ടു. മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെ നടന്ന അതിക്രമത്തിൽ ഗൂഡല്ലൂർ ആദിവാസി മുന്നേറ്റ സംഘം പ്രതിഷേധിച്ചു.

മുത്തങ്ങ സംഭവത്തിനുത്തരവാദി മുഖ്യമന്ത്രി ആന്റണിയാണെന്ന് ആദിവാസി ക്ഷേമസമിതി ജില്ലാ കമ്മിറ്റി ആരോപിച്ചു. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു.

ഭൂമി കിട്ടുമെന്ന് കരുതിയെത്തി, ഇനി ജോലിപോലും കിട്ടില്ലെന്ന് ആശങ്ക

ബത്തേരി: ഭൂമി കിട്ടുമെന്ന് കരുതിയാണ് എത്തിയത്. ഇങ്ങനെയൊരു ഗതിയുണ്ടാവുമെന്ന് സ്വപ്നേപി വിചാരിച്ചില്ല. മുത്തങ്ങ സംഭവത്തിൽ പരുക്കേറ്റ ബത്തേരി ഗവ. ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന നൂൽപ്പുഴ പഞ്ചായത്തിലെ കണ്ണങ്കോട് കോളനിയിലുള്ള കറുപ്പി(45) പറയുന്നു. ഭൂമി കിട്ടുമെന്ന് പറഞ്ഞാണ് ഞങ്ങളെ കാട്ടിലേക്ക് കൊണ്ടുവന്നത്.

കുടിൽകെട്ടിയ സ്ഥലം സ്വന്തമാവുമല്ലോയെന്ന് കരുതി അത്യധ്വാനം ചെയ്തു.

എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ പണിയെടുത്തു.

ഇത്രയും ദിവസം പുറത്ത് പണിക്ക് പോയിരുന്നെങ്കിൽ കുറച്ചെങ്കിലും പൈസ ബാക്കിയാവുമായിരുന്നു. ഭർത്താവ് കുറുമൻ, മക്കളായ സന്ധ്യ,ലത, ലതയുടെ ഇരട്ടക്കുട്ടികളായ വിനീത, വിഷ്ണു, ലതയുടെ ഭർത്താവ് ബാലൻ എന്നിവരെല്ലാം ഒരുമിച്ചാണ് ഭൂമി കിട്ടുമെന്ന് വിശ്വസിച്ച് എത്തിയതെന്ന് കറുപ്പി പറയുന്നു.

ആരെങ്കിലുമായി വഴക്കുണ്ടാവുമെന്ന് അറിഞ്ഞിരുന്നെങ്കിൽ വരില്ലായിരുന്നു.

ഭൂമിയും വീടും ഇല്ലെങ്കിലും നാമാധാനത്തോടെ എവിടെയെങ്കിലും ചുരുണ്ടുകൂടാമായിരുന്നു. ഇതു പറയുമ്പോൾ കറുപ്പിയുടെ കണ്ണുകൾ നിറയുകയാണ്.

സമരഭൂമിയിൽ നിന്ന് ഇവരെ പിടികൂടിയാണ് ആശുപത്രിയിൽ എത്തിച്ചത്.



• മനോരമ.

മുത്തങ്ങയിലെ കാടിനുള്ളിൽ ആദിവാസികൾക്കായുള്ള തിരച്ചിലിനിടെ കാട്ടുചോലയിൽനിന്ന് വെള്ളം കുടിക്കുന്ന പൊലീസുകാർ.

ഇനിയെന്തൊക്കെയാണ് ഉണ്ടാവുകയെന്ന് കറുപ്പിക്കറിയില്ല.

ദേഹമാസകലം പരുക്കുണ്ട്. ഇത് മാറി എന്തെങ്കിലും ജോലി ചെയ്തു ജീവിക്കാൻ കഴിയുമോയെന്ന് പോലും ഈ ആദിവാസി സ്ത്രീ ഭയപ്പെടുന്നു.

●●●● ●●●● ●●●●

നൂൽപ്പുഴ പഞ്ചായത്തിലെ തന്നെ ചുണ്ടപ്പാടിയിലെ കുഞ്ഞ(32)ന്റെ ഭാര്യയും മക്കളും എവിടെയാണെന്ന് ഒരുപിടിയുമില്ല.

വിരൽ മുതൽ തലവരെ വേദനയാണ്. വേദനയിൽ ഇടയ്ക്ക് മയങ്ങിക്കിടക്കും. ഉണരുമ്പോൾ ഭാര്യയേയും മക്കളേയും കുറിച്ചുള്ള വേവലാതിയാണ് ഈയാൾക്ക്.

ചാലിഗദ്ദ അംബേദ്കർ കോളനിയിലെ ഗുളിക(35)ന്റെ ഭാര്യ ഇപ്പോഴും കാട്ടിലാണെന്ന് അയാൾ കരുതുന്നു.

ഭാര്യ ഗീതയുമൊരുമിച്ചാണ് ഇവർ സമര ഭൂമിയിലെത്തിയത്.

ബത്തേരി താലൂക്ക് ആശുപത്രിയിലെ പ്രത്യേക വാർഡിൽ പൊലീസ് നിരീക്ഷണത്തിലാണ് ആദിവാസികളെല്ലാം.

33 ആദിവാസികളാണ് ഈ വാർഡിലുള്ളത്.

ആദിവാസി പുനരധിവാസത്തിന് സഹകരിക്കണം: ഡി.സി.സി

കൽപറ്റ: സാങ്കേതിക തടസ്സം നീക്കി ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനും ആദിവാസി സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും കക്ഷിഭേദമന്യേ എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റി യോഗം അഭ്യർഥിച്ചു.

യോഗത്തിൽ ഡി.സി.സി പ്രസിഡന്റ് പ്രഫ.കെ.പി.തോമസ് അധ്യക്ഷത വഹിച്ചു.

പി.കെ.ഗോപാലൻ, കെ.സി.നാണു, കെ.എസ്.ജോസഫ്, കെ.വി.പോക്കർ ഹാജി, എം.സുബ്രഹ്മണ്യൻ, സി.പി.വർഗീസ്, എം.രാഘവൻ, ടി.ജെ.ഐസക്ക്, കെ.കെ.ഏബ്രഹാം, വി.എ.മജീദ്, കെ.കെ.വിശ്വനാഥൻ, പി.ഡി.സജി, ഗോകുൽദാസ് കോട്ടയിൽ, പി.ചാത്തു, നജീബ് പിണങ്ങോട്, എം.എം.രമേശൻ, ആര്യപ്പള്ളി തോമസ് പ്രസംഗിച്ചു.

ജാനുവും കൂട്ടരും ആദിവാസികളെ വഞ്ചിച്ചു: കെ.കെ.രാമചന്ദ്രൻ

കൽപറ്റ: ഭൂമിക്കു വേണ്ടി ദാഹിക്കുന്ന നിരക്ഷരരും പാവപ്പെട്ടവരുമായ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചും പ്രലോഭിപ്പിച്ചും സായുധ കലാപത്തിന് പ്രേരിപ്പിച്ച ജാനുവും കൂട്ടരും കടുത്ത ആദിവാസി ദ്രോഹവും വഞ്ചനയുമാണ് ചെയ്തതെന്ന് കെ.കെ.രാമചന്ദ്രൻ എം.എൽ.എ കുറ്റപ്പെടുത്തി.

ആദിവാസി ഭൂമി പ്രശ്നത്തിൽ ആദിവാസികളോട് അനുഭാവമുള്ള ജനങ്ങളുടെ വികാരം പോലും അവർക്കെതിരെ തിരിയുന്നതിന് മാത്രമെ സായുധ കലാപം സഹായിച്ചിട്ടുള്ളൂ.

ജാനു, ഗോത്രമഹാസഭയുടെ യഥാർഥ നേതാവല്ല. നിക്ഷിപ്ത താൽപര്യങ്ങളുള്ള ആദിവാസികളല്ലാത്ത ചില ബുദ്ധികേന്ദ്രങ്ങളാണ് ജാനുവിനെ നയിക്കുന്നത്.

ജാനു ഇവരുടെ കയ്യിലെ കളിപ്പാവ മാത്രമാണ്. മലയാളം അറിയാത്തവർ പോലും മുത്തങ്ങയിൽ സമരമുഖത്തുണ്ട്. സമര രംഗത്ത് ചെലവഴിക്കുന്ന പണം പിരിച്ചെടുക്കുന്നതല്ല. ഇന്ത്യയുടെ പുരോഗതി തടസ്സപ്പെടുത്താനും ശിഥിലീകരിക്കാനും ശ്രമിക്കുന്ന വിദേശ ശക്തികളുടേതാണ് ഈ പണം .

ഏത് ഏജൻസി മുഖേനയാണ് ഇവർക്ക് പണം ലഭിക്കുന്നതെന്ന് കേന്ദ്ര സംസ്ഥാന സർക്കാറുകൾ അന്വേഷിക്കണമെന്നും രാമചന്ദ്രൻ ആവശ്യപ്പെട്ടു.



പൊൻകുഴി ആദിവാസി താവളത്തിൽനിന്ന് പൊലീസ് കണ്ടെടുത്ത അമ്പും വില്ലും തകിലും.

പ്രതികൂട്ടിൽ സർക്കാരും ആദിവാസി ഗോത്രമഹാസഭയും

ബത്തേരി: മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസി ഗോത്രമഹാസഭ പ്രവർത്തകരും പൊലീസും തമ്മിൽ ഏറ്റുമുട്ടലുണ്ടാവുകയും രണ്ടുപേർ കൊല്ലപ്പെടുകയും ചെയ്ത സംഭവത്തിൽ സർക്കാരും ആദിവാസി ഗോത്രമഹാസഭാ നേതാക്കളും പ്രതിക്കൂട്ടിലാവുകയാണ്. സർക്കാരിന്റെ നിഷ്ക്രിയത്വവും പെട്ടെന്നുണ്ടായ ആക്രമണസ്വഭാവവും ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകരുടെ തിരിച്ചടിക്കാനുള്ള ശ്രമവും ആണ് കുഴപ്പങ്ങൾക്കു വഴിതെളിച്ചത്.

ജനുവരി മൂന്നിന് വനഭൂമി കയ്യേറി ഒന്നരമാസം കഴിഞ്ഞിട്ടും ഇവരുമായി ചർച്ച നടത്താൻ സർക്കാർ തയാറായില്ല. സമരം സംബന്ധിച്ച് തീരുമാനമെടുക്കാനും സർക്കാരിനായില്ല. വനംവകുപ്പുദ്യോഗസ്ഥർ മാത്രമാണ് ഇവരുമായി ചർച്ചക്കെത്തിയത്. 2001 ഓഗസ്റ്റ് 30 മുതൽ ഒക്ടോബർ 16 വരെ തിരുവനന്തപുരത്ത് കുടിൽകെട്ടി നടത്തിയ സമരത്തിലെ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടാണ് വനഭൂമി കയ്യേറിയത്. 2001 ഓഗസ്റ്റ് 25ന് നടന്ന ഗോത്രസഭയിൽ കരാർ ലംഘിച്ചാൽ ഭൂമി കയ്യേറുമെന്ന് ഇവർ പ്രഖ്യാപിച്ചിരുന്നു.

കഴിഞ്ഞ ഡിസംബർ 10 മുതൽ 30 വരെ ആറളത്ത് ഇവർ ഗോത്രപൂജ നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് വനംകയ്യേറ്റമാരംഭിച്ചത്. സമരം തുടങ്ങി ഒരു മാസവും മൂന്നു ദിവസവും കഴിഞ്ഞാണ് മന്ത്രിസഭ യോഗം ചേർന്ന് 1632 ഏക്കർ വനഭൂമി വിതരണം ചെയ്യാൻ തീരുമാനിച്ചത്. ആലക്കോട്, പേരാമ്പ്ര, കാരാപ്പുഴ, കൊട്ടാരക്കര എന്നിവിടങ്ങളിലാണ് ഭൂമി നൽകാൻ തീരുമാനിച്ചത്.

എന്നാൽ സമരം സംബന്ധിച്ച കാര്യങ്ങളൊന്നും ചർച്ച ചെയ്യാനോ നടപടി സ്വീകരിക്കാനോ ഈ യോഗം തയാറായില്ല. ഇത് ആദിവാസി ഗോത്രമഹാസഭയിൽ സംശയം ജനിപ്പിച്ചു. ഇതിനിടയിലാണ് വനത്തിൽ കഴിഞ്ഞ ദിവസം തീപിടിച്ചതും വനംവകുപ്പുദ്യോഗസ്ഥരടക്കം 21 പേരെ പിടികൂടിയതും. ഇവരിൽനിന്ന് തെളിവെടുപ്പ് നടത്തുക മാത്രമായിരുന്നു ബന്ദിയാക്കിയതിന്റെ ഉദ്ദേശ്യമെന്നും എന്നാൽ ആ സംഭവം മുതൽ നേതൃത്വം പ്രതീക്ഷിച്ചതിൽനിന്ന് കാര്യങ്ങൾ ദിശ തെറ്റുകയായിരുന്നു. തുടക്കം മുതൽ സർക്കാർ സുതാര്യമല്ലാത്ത നടപടികൾ സ്വീകരിച്ചതാണ് പ്രശ്നം വഷളാവാൻ ഇടയാക്കിയതെന്നും വിലയിരുത്തപ്പെടുന്നു.

മുത്തങ്ങ:ജനവികാരം ആദിവാസികൾക്ക് എതിരായി

ബത്തേരി: ആദിവാസികളെ തിരയാൻ പൊലീസിനേക്കാൾ ജാഗ്രത നാട്ടുകാർക്ക്. മുത്തങ്ങ മുതൽ ബത്തേരി വരെയുള്ള ഭാഗങ്ങളിൽനിന്ന് ഇന്നലെ പൊലീസ് കസ്റ്റഡിയിലെടുത്ത ആദിവാസികളിലേറെയും നാട്ടുകാർ വിവരമറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ്. കൂട്ടത്തോടെ ആദിവാസികൾ നടന്നുപോയ ഇടങ്ങളിൽ നാട്ടുകാർ തന്നെ ഇവരെ ചോദ്യം ചെയ്ത് വിവരം പൊലീസിൽ അറിയിക്കുകയായിരുന്നു.

മുത്തങ്ങ വന്യജീവി സങ്കേത്തിലുണ്ടായ സംഭവവികാസങ്ങൾ ഫലത്തിൽ ആദിവാസികൾക്ക് തന്നെ എതിരായി. ജീവിക്കാൻ ഒരുതുണ്ട് മണ്ണിനായുള്ള പ്രക്ഷോഭത്തിന് സംസ്കൃതചിത്തരായവരിൽ ഏതാണ്ടെല്ലാവരുടേയും മാനസിക പിൻതുണയുണ്ടായിരുന്നു.

വന്യജീവി സങ്കേതത്തിൽ ആരംഭിച്ച ശരിതെറ്റുകളെക്കുറിച്ചു മാത്രമായിരുന്നു കഴിഞ്ഞ 17 വരെയുള്ള ചർച്ചയും സംവാദവുമൊക്കെ. ആദിവാസികൾ വനം നശിപ്പിക്കില്ലെന്ന നിലപാടിൽ, ഒരു വിഭാഗമെങ്കിലും വന്യജീവി സങ്കേത്തിലെ സമരത്തിന് നീതികരണവും കണ്ടു. എന്നാൽ 17ന് അരങ്ങേറിയ ബന്ദിനാടകവും ഇതേതുടർന്നുണ്ടായ സംഘർഷങ്ങളും സമരത്തോടുള്ള ജനമനോഭാവം എതിരാക്കി.

പൊലീസ് വെടിവയ്പ്പിന് ശേഷം പലയിടത്തേക്കായി പലായനം ചെയ്ത ആദിവാസികളെ പിടികൂടി പൊലീസിനെ ഏൽപ്പിക്കുന്നതിൽ നാട്ടുകാർ ശ്രമിച്ചത്. ഒരു പൊലീസുകാരന്റെയും മറ്റൊരാദിവാസിയുടെയും മരണത്തിനിടയാക്കിയ സംഭവങ്ങൾ, ജനങ്ങൾ ആദിവാസി സമരത്തിന് എതിരാക്കാനിടയായി.

നിരപരാധികളായ ആദിവാസികളെ പോലും പൊലീസിൽ പിടിച്ചേൽപ്പിക്കുന്ന സ്ഥിതിയായി പലയിടത്തും. ഇന്നലെ ബത്തേരി ടൗണിൽ നിന്നും ഓടപ്പള്ളത്തെ വനം വകുപ്പ് കുരുമുളക് തോട്ടത്തിനു സമീപത്തുനിന്നുമൊക്കെ ആദിവാസികളെ കൂട്ടത്തോടെ പിടികൂടി പൊലീസിനെ വിവരമറിയിച്ചത് നാട്ടുകാരാണ്. ബത്തേരിയിലെ കോട്ടക്കുന്നിനടുത്ത കോളനിയിലും സമരത്തിൽ പങ്കെടുത്തവരുണ്ടെന്ന് ആളുകൾ പൊലീസിലേക്ക് വിളിച്ചറിയിച്ചു.

സാധാരണഗതിയിൽ ആക്ഷൻ നടക്കുമ്പോൾ ജനങ്ങൾ പൊലീസിന് എതിരാവുകയാണ് ചെയ്യുക. മുത്തങ്ങയിൽ അതുണ്ടായില്ലെന്ന് മാത്രമല്ല, പൊലീസിനെ പ്രോൽസാഹിപ്പിക്കാനും സഹായിക്കാനുമാണ് നാട്ടുകാർ എത്തിയത്. സമാധാനപരമായ സമരം അക്രമത്തിലേക്കും തട്ടിക്കൊണ്ടുപോകലിലേക്കും കടന്നതും ഇതിനിടയിൽ സമരത്തിന്റെ ഗതിതന്നെ തീവ്രവാദ ഗ്രൂപ്പുകൾ കയ്യടക്കിയതുമെല്ലാം നാട്ടുകാരുടെ നിലപാട് മാറാൻ ഇടയാക്കി.

തീവ്രവാദികൾക്ക് അവസരം ഒരുക്കി: സി.പി.എം.

കൽപറ്റ: ആദിവാസികൾക്ക് ഭൂമി നൽകുമെന്ന് ആവർത്തിച്ച് നൽകിയ വാഗ്ദാനം ലംഘിച്ച് തീവ്രവാദികൾക്ക് അവരെ ഉപകരണമാക്കാൻ അവസരമൊരുക്കുകയാണ് ആന്റണി സർക്കാർ ചെയ്തതെന്ന് സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് ആരോപിച്ചു.

റെഡ് ഫ്ളാഗ് ഉപവാസം ഇന്ന്

കൽപറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ നടക്കുന്ന ആദിവാസി വേട്ട അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സി.പി.ഐ(എം.എൽ) റെഡ് ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണന്റെ നേതൃത്വത്തിൽ 21ന് പത്തു മുതൽ ബത്തേരി സ്വാതന്ത്ര മൈതാനിയിൽ പാർട്ടി ഭാരവാഹികൾ ഉപവാസം നടത്തും.

എല്ലാം നഷ്ടമായി

ബത്തേരി: ഇത്തവണ ഭൂമി കയ്യേറ്റം സ്ഥിരമാണെന്നും ഭൂമിയുടെ ഉടസ്ഥരാവാതെ തിരിച്ചുപോവില്ലെന്നും പറഞ്ഞാണ് സകല സമ്പാദ്യങ്ങളും വീട്ടുപകരണങ്ങളും പണിയായുധങ്ങളുമായി ഒന്നര മാസം മുൻപ് കുടുംബ സമേതം ആദിവാസികളിൽ പലരും വനത്തിൽ താമസമാരംഭിച്ചത്. എന്നാൽ ബുധനാഴ്ച അപ്രതീക്ഷിതമായുണ്ടായ സംഘർഷത്തിൽ ഇവർക്ക് എല്ലാം വിട്ടെറിഞ്ഞ് ഓടേണ്ടിവന്നു. ആണുങ്ങളെല്ലാം ആദ്യംതന്നെ ഓടി. കുറെ സ്ത്രീകളും കുട്ടികളും വനത്തിൽ ഒറ്റപ്പെട്ടു. ഇവരിൽ ഭൂരിഭാഗം പേരും പൊലീസ് കസ്റ്റഡിയിലായി.

ഇത്രയും സേന വയനാട്ടിൽ ആദ്യം

മുത്തങ്ങ: വയനാട് ഇതുവരെ കാണാത്ത വിധത്തിലുള്ള സേനയാണ് കഴിഞ്ഞ ദിവസങ്ങളിൽ മുത്തങ്ങയിൽ അണിനിരന്നത്. വയനാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് എത്തിയ നാനൂറോളം പൊലീസുകാരും ഉത്തരമേഖലയിലെ എല്ലാ റേഞ്ചുകളിൽ നിന്നും എത്തിയ മുന്നൂറോളം വനപാലകരുമാണ് മുത്തങ്ങ ഓപ്പറേഷനിൽ പങ്കെടുത്തത്. ഡി.ഐ.ജി: എൻ.ശങ്കർ റെഡ്ഡി, കണ്ണൂർ കെ.എ.പി കമൻഡാന്റ് സുരേഷ് രാജ് പുരോഹിത്, വയനാട് എസ്.പി: യു.എൻ.നടേശൻ എന്നിവരുടെ നേതൃത്വത്തിലാണ് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സേനാനീക്കം ആരംഭിച്ചത്. ചൊവ്വാഴ്ച രാത്രിയോടെ ഉത്തരമേഖലാ ഐ.ജി: വേണുഗോപാൽ.കെ.നായർ, ഐ.ജി.വിൽസൻ.എം.പോൾ എന്നിവരും മുത്തങ്ങയിലെത്തി.

കുട്ടികളെ കാണാതായതായി അഭ്യൂഹം

മുത്തങ്ങ: വനത്തിലുണ്ടായ സംഘർഷത്തിനിടെ രണ്ടു കുട്ടികളെ കാണാതായതായി അഭ്യൂഹം. നാലും രണ്ടും വയസ് പ്രായമുള്ള രണ്ടു ആൺകുട്ടികളെ കാണാതായി എന്ന വാർത്ത ചൊവ്വാഴ്ച വൈകുന്നേരം മുതൽ മുത്തങ്ങ ഭാഗത്ത് പ്രചരിച്ചിരുന്നു.

അമ്പുകുത്തി ഭാഗത്ത് ഒരു ആദിവാസി സ്ത്രീ തന്റെ മക്കളെ കാണാനില്ലെന്ന് പറഞ്ഞ് അലമുറയിട്ടിരുന്നതായി തദ്ദേശവാസികൾ പറഞ്ഞു. പൊൻകുഴിയിലും തകരപ്പാടിയിലുമെല്ലാം ഇന്നലെയും ചിലർ കുട്ടികളെ തിരയുന്നുണ്ടായിരുന്നു. പൊലീസ് ബലപ്രയോഗം ആരംഭിച്ചപ്പോൾ കുട്ടികളുടെ അമ്മ ഓടുകയും ബഹളത്തിൽ കുട്ടികൾ ഒറ്റപ്പെട്ടുവെന്നുമാണ് പറയുന്നത്. എന്നാൽ പൊലീസ് ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്.

ജോഗിയുടെ ജഡം അനാഥമായി മോർച്ചറിയിൽ

ബത്തേരി: മുത്തങ്ങയിൽ വെടിയേറ്റുമരിച്ച മാനന്തവാടി പയ്യമ്പള്ളി ചെമ്മാട് കോളനിയിലെ ജോഗി(50)യുടെ ജഡം ബന്ധുക്കൾ ആരും എത്താതിരുന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് പോസ്റ്റുമോർട്ടത്തിന് കൊണ്ടുപോകുന്നതിന് ആശുപത്രി വികസന സമിതി നേതൃത്വം വഹിച്ചു.

ബുധനാഴ്ച വൈകീട്ട് ബത്തേരി താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ജഡം അന്വേഷിച്ച് ആരുമെത്തിയിരുന്നില്ല. ഇതിനെത്തുടർന്ന് വികസന സമിതിയംഗം ഡി.പി.രാജശേഖരന്റെ നേതൃത്വത്തിലാണ് ആംബുലൻസും മറ്റു ചെലവുകളും വഹിച്ചത്.

ഡോർമെറ്ററിയിൽ നിർത്താത്ത കരച്ചിൽ

ബത്തേരി: വനം വകുപ്പിന്റെ മുത്തങ്ങയിലെ ഡോർമെറ്ററിയിൽ ബുധനാഴ്ച വൈകിട്ട് മുതൽ സ്ത്രീകളേയും കുട്ടികളേയും കുറച്ച് പുരുഷന്മാരേയും കൊണ്ട് നിറഞ്ഞു. വിവിധ ഭാഗങ്ങളിൽനിന്ന് പിടികൂടിയവരെ ഇവിടെയാണ് പാർപ്പിച്ചത്. രക്ഷപ്പെട്ടു പോവാതിരിക്കാൻ വാതിലും അടച്ചു. പുറത്ത് പൊലീസ് കാവലും ഏർപ്പെടുത്തി. ആൾത്തിരക്കുകൊണ്ട് കുഞ്ഞുങ്ങൾക്ക് ശ്വാസംമുട്ടി. കോൺക്രീറ്റിന്റെ ചൂട് വേറെയും. ആദിവാസികൾക്ക് അന്യമായ ഈ സാഹചര്യമാണ് കുഞ്ഞുങ്ങൾ നിർത്താതെ കരയാനിടയാക്കിയത്. ഇവർക്ക് ഡോർമെറ്ററിയിൽ വെച്ചുതന്നെ ഭക്ഷണം ഉണ്ടാക്കിക്കൊടുത്തു.

നടുക്കം മാറാതെ ഉണ്ണികൃഷ്ണനും

മാനന്തവാടി: മുത്തങ്ങ വനത്തിലെ നടുക്കുന്ന ഓർമകളിലാണ് തലപ്പുഴ പൊലീസ് സബ് ഇൻസ്പെക്ടർ പി.വി.ഉണ്ണികൃഷ്ണൻ. കല്ലുകൊണ്ടുള്ള ഏറിൽ വലതു കൈക്ക് ഗുരുതരമായി പരുക്കേറ്റ ഉണ്ണികൃഷ്ണൻ ജില്ലാ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ചികിൽസയിലാണ്.

മുപ്പതോളം പൊലീസുകാരുടെ കൂട്ടത്തിനൊപ്പമായിരുന്നു ഉണ്ണികൃഷ്ണൻ. അഞ്ച് വനിതാ പൊലീസുകാരുമുണ്ടായിരുന്നു. ആദിവാസികളുടെ രൂക്ഷമായ ആക്രമണത്തിൽ പരുക്കേറ്റവരെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴാണ് കയ്യിൽ കല്ല് പതിച്ചത്. ഒപ്പമുണ്ടായിരുന്ന ജയ എന്ന പൊലീസുകാരി ഭാഗ്യംകൊണ്ട് രക്ഷപ്പെടുകയായിരുന്നു.

തനിക്ക് കല്ലുകൊണ്ടുള്ള പ്രഹരമേറ്റ് തിരിഞ്ഞപ്പോൾ പുറത്ത് മുഴുവൻ കല്ലേറ് കിട്ടിയതായി ഉണ്ണികൃഷ്ണൻ പറഞ്ഞു. പൊലീസുകാരെ വെട്ടുന്നതും പ്രഹരിക്കുന്നതും നോക്കിനിൽക്കാനേ അപ്പോൾ കഴിഞ്ഞുള്ളൂ. ആക്രമണം അത്രയ്ക്ക് രൂക്ഷമായിരുന്നു.

വനത്തിൽ മാൻവേട്ട നടന്നതായും സൂചന

ബത്തേരി: കയ്യേറ്റക്കാർ വനത്തിൽ മാൻവേട്ട നടത്തിയതായി സൂചന. വ്യാഴാഴ്ച തിരച്ചിലിനിടെ തകരപ്പാടി വനത്തിലെ ഒരു കുടിലിൽ നിന്നും മാനിറച്ചി കണ്ടെത്തിയെന്ന് നേതൃത്വം നൽകിയ ഒരു ഫോറസ്റ്റ് റേഞ്ച് ഓഫിസർ പറഞ്ഞു. കുടിലിന്റെ പരിസരത്ത് കുറ്റിക്കാട്ടിൽ മൃഗങ്ങളുടെ എല്ലും കണ്ടെത്തി. കുടുക്കുവെച്ചും അമ്പെയ്തും മൃഗവേട്ട നടത്തുന്നതായി നേരത്തെ തന്നെ വനം വകുപ്പിന് സൂചന ലഭിച്ചിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.



ആദിവാസികളും പൊലീസുമായി ഏറ്റുമുട്ടാൻ ഉപയോഗിച്ച മൃഗത്തിന്റെ എല്ല്.

ഇന്നത്തെ പരിപാടി

●മാനന്തവാടി താഴെ അങ്ങാടി മുത്തപ്പൻ മടപ്പുര: തിറ ഉൽസവം. തിരുവപ്പന 6.00, പോതി തിറ, അന്നദാനം 1.00

●മാനന്തവാടി കത്തീഡ്രൽ ദേവാലയം: തിരുനാൾ. കുർബാന 7.00, 5.30, പ്രദക്ഷിണം 7.00, അങ്കമാലി അരമന തിയറ്റേഴ്സിന്റെ നാടകം 8.00

●കണിയാമ്പറ്റ വില്ലേജ് ഓഫിസ്: തിരിച്ചറിയൽ കാർഡ് വിതരണം 9.00

●കാക്കവയൽ ഗവ.ഹൈസ്കൂൾ: യാത്രയയപ്പ് സമ്മേളനം 9.00

●തലപ്പ

മുത്തങ്ങ സംഭവം: ജുഡീഷ്യൽ അന്വേഷണം വേണം

കൽപറ്റ: മുത്തങ്ങ വന്യജീവി സങ്കേതത്തിൽ ആദിവാസികളെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് സി.കെ.മാധവൻ അധ്യക്ഷതവഹിച്ചു.

മുത്തങ്ങയിലെ സംഭവവികാസങ്ങൾ വെടിവയ്പ്പിലും കൊലപാതകത്തിലുംവരെ എത്തിച്ചതിന്റെ പൂർണ ഉത്തരവാദിത്വം ആന്റണി സർക്കാരിനാണെന്ന് ആർ.എസ്.പി. ജില്ലാ സെക്രട്ടേറിയറ്റ് കുറ്റപ്പെടുത്തി. ആദിവാസി സമരത്തിന്റെ മറവിൽ തീവ്രവാദ പ്രവർത്തനം നടത്തുന്നതുപോലും നിരീക്ഷിക്കാൻ കഴിയാത്തത് പൊലീസിനുതന്നെ നാണക്കേടാണ്. സെക്രട്ടറി ഏച്ചോം ഗോപി അധ്യക്ഷതവഹിച്ചു.

മുത്തങ്ങയിൽ ആദിവാസി സമരത്തിന്റെ മറവിൽ സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടമാണ് നടന്നതെന്ന് കേരള കോൺഗ്രസ്(ജേക്കബ്) ജില്ലാ പ്രസിഡന്റ് എം.സി.സെബാസ്റ്റ്യൻ കുറ്റപ്പെടുത്തി. പൊലീസ് വെടിവയ്പ് വരെ ഉണ്ടാവാനുള്ള സാഹചര്യത്തിലേക്ക് തീവ്രവാദ ഗ്രൂപ്പിനെ വളർത്തിയതിന്റെ ബാധ്യതയിൽനിന്ന് അധികൃതർക്കും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മുത്തങ്ങ സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാറിന് ഒഴിഞ്ഞുമാറാനാവില്ലെന്ന് കൽപറ്റ നേതി ഫിലിം സൊസൈറ്റി യോഗം വിലയിരുത്തി. ജീവിക്കാനുള്ള ആദിവാസികളുടെ അവകാശസമരത്തെ സർക്കാറും പൊതുസമൂഹവും അനുഭാവപൂർവം പരിഗണിച്ച് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ പ്രശ്നം കൂടുതൽ സങ്കീർണമാവുമെന്നും നേതി യോഗം മുന്നറിയിപ്പു നൽകി.



അമ്പുകുത്തിയിലേക്ക് പോകുന്ന തിരച്ചിൽ സേനയ്ക്ക് മുത്തങ്ങ ഫോറസ്റ്റ് റേഞ്ച് ഓഫിസിനു സമീപം ഡി. ഐ. ജി. സുരേഷ്രാജ് പുരോഹിത്, ഐ. ജി. വിൻസൺ പോൾ, ഡി. ഐ. ജി.: എൻ. ശങ്കർ റെഡ്ഡി എന്നിവർ നിർദേശങ്ങൾ നൽകുന്നു.

ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കാതെ നടന്ന സമരത്തിൽ ഫോറസ്റ്റുകാരുടെ ഇടപെടൽ മൂലം പ്രകോപനം ഉണ്ടാക്കുകയും അതിന്റെ പേരിൽ വെടിവയ്പ് നടത്തുകയും ചെയ്തത് ഗവൺമെന്റിന്റെ അനാസ്ഥ മൂലമാണെന്നും സംഭവത്തിൽ ജുഡീഷ്യൻ അന്വേഷണം നടത്തണമെന്നും കേരള ദളിത് പാന്തേഴ്സ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ബിജു വീട്ടിക്കമൂല അധ്യക്ഷത വഹിച്ചു.

മുത്തങ്ങ സംഭവത്തിന് മറവിൽ ബത്തേരിയിലും പരിസര പ്രദേശങ്ങളിലും ആദിവാസികൾക്ക് നേരെ നടക്കുന്ന പൊലീസ് വേട്ട അവസാനിപ്പിക്കണമെന്ന് സി.പി.ഐ(എം.എൽ) റെഡ്ഫ്ളാഗ് സെക്രട്ടറി കുന്നേൽ കൃഷ്ണൻ ആവശ്യപ്പെട്ടു.

മുത്തങ്ങയിലെ വെടിവയ്പിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആർ.വൈ.എഫ് ല്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. നെടിയഞ്ചേരി ബാബു അധ്യക്ഷത വഹിച്ചു. മുത്തങ്ങ സംഭവത്തിന് ധാർമിക ഉത്തരവാദിത്വമുള്ള മുഖ്യമന്ത്രിക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രദീപ് പാറപ്പുറം ജില്ലാ പ്രസിഡന്റ് സുരേഷ് ബാബു വാളൽ എന്നിവർ ആവശ്യപ്പെട്ടു. മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെ നടന്ന അതിക്രമത്തിൽ ഗൂഡല്ലൂർ ആദിവാസി മുന്നേറ്റ സംഘം പ്രതിഷേധിച്ചു.

മുത്തങ്ങ സംഭവത്തിനുത്തരവാദി മുഖ്യമന്ത്രി ആന്റണിയാണെന്ന് ആദിവാസി ക്ഷേമസമിതി ജില്ലാ കമ്മിറ്റി ആരോപിച്ചു. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു.

ഭൂമി കിട്ടുമെന്ന് കരുതിയെത്തി, ഇനി ജോലിപോലും കിട്ടില്ലെന്ന് ആശങ്ക

ബത്തേരി: ഭൂമി കിട്ടുമെന്ന് കരുതിയാണ് എത്തിയത്. ഇങ്ങനെയൊരു ഗതിയുണ്ടാവുമെന്ന് സ്വപ്നേപി വിചാരിച്ചില്ല. മുത്തങ്ങ സംഭവത്തിൽ പരുക്കേറ്റ് ബത്തേരി ഗവ. ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന നൂൽപ്പുഴ പഞ്ചായത്തിലെ കണ്ണങ്കോട് കോളനിയിലുള്ള കറുപ്പി(45) പറയുന്നു. ഭൂമി കിട്ടുമെന്ന് പറഞ്ഞാണ് ഞങ്ങളെ കാട്ടിലേക്ക് കൊണ്ടുവന്നത്.

കുടിൽകെട്ടിയ സ്ഥലം സ്വന്തമാവുമല്ലോയെന്ന് കരുതി അത്യധ്വാനം ചെയ്തു.

എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ പണിയെടുത്തു.

ഇത്രയും ദിവസം പുറത്ത് പണിക്ക് പോയിരുന്നെങ്കിൽ കുറച്ചെങ്കിലും പൈസ ബാക്കിയാവുമായിരുന്നു. ഭർത്താവ് കുറുമൻ, മക്കളായ സന്ധ്യ,ലത, ലതയുടെ ഇരട്ടക്കുട്ടികളായ വിനീത, വിഷ്ണു, ലതയുടെ ഭർത്താവ് ബാലൻ എന്നിവരെല്ലാം ഒരുമിച്ചാണ് ഭൂമി കിട്ടുമെന്ന് വിശ്വസിച്ച് എത്തിയതെന്ന് കറുപ്പി പറയുന്നു.

ആരെങ്കിലുമായി വഴക്കുണ്ടാവുമെന്ന് അറിഞ്ഞിരുന്നെങ്കിൽ വരില്ലായിരുന്നു.

ഭൂമിയും വീടും ഇല്ലെങ്കിലും നാമാധാനത്തോടെ എവിടെയെങ്കിലും ചുരുണ്ടുകൂടാമായിരുന്നു. ഇതു പറയുമ്പോൾ കറുപ്പിയുടെ കണ്ണുകൾ നിറയുകയാണ്.

സമരഭൂമിയിൽ നിന്ന് ഇവരെ പിടികൂടിയാണ് ആശുപത്രിയിൽ എത്തിച്ചത്.

ഇനിയെന്തൊക്കെയാണ് ഉണ്ടാവുകയെന്ന് കറുപ്പിക്കറിയില്ല.

ദേഹമാസകലം പരുക്കുണ്ട്. ഇത് മാറി എന്തെങ്കിലും ജോലി ചെയ്തു ജീവിക്കാൻ കഴിയുമോയെന്ന് പോലും ഈ ആദിവാസി സ്ത്രീ ഭയപ്പെടുന്നു.

●●●● ●●●● ●●●●

നൂൽപ്പുഴ പഞ്ചായത്തിലെ തന്നെ ചുണ്ടപ്പാടിയിലെ കുഞ്ഞ(32)ന്റെ ഭാര്യയും മക്കളും എവിടെയാണെന്ന് ഒരുപിടിയുമില്ല.

വിരൽ മുതൽ തലവരെ വേദനയാണ്. വേദനയിൽ ഇടയ്ക്ക് മയങ്ങിക്കിടക്കും. ഉണരുമ്പോൾ ഭാര്യയേയും മക്കളേയും കുറിച്ചുള്ള വേവലാതിയാണ് ഈയാൾക്ക്.

ചാലിഗദ്ദ അംബേദ്കർ കോളനിയിലെ ഗുളിക(35)ന്റെ ഭാര്യ ഇപ്പോഴും കാട്ടിലാണെന്ന് അയാൾ കരുതുന്നു.

ഭാര്യ ഗീതയുമൊരുമിച്ചാണ് ഇവർ സമര ഭൂമിയിലെത്തിയത്.

ബത്തേരി താലൂക്ക് ആശുപത്രിയിലെ പ്രത്യേക വാർഡിൽ പൊലീസ് നിരീക്ഷണത്തിലാണ് ആദിവാസികളെല്ലാം.

33 ആദിവാസികളാണ് ഈ വാർഡിലുള്ളത്.



• മനോരമ.

മുത്തങ്ങയിലെ കാടിനുള്ളിൽ ആദിവാസികൾക്കായുള്ള തിരച്ചിലിനിടെ കാട്ടുചോലയിൽനിന്ന് വെള്ളം കുടിക്കുന്ന പൊലീസുകാർ.

ആദിവാസി പുനരധിവാസത്തിന് സഹകരിക്കണം: ഡി.സി.സി

കൽപറ്റ: സാങ്കേതിക തടസ്സം നീക്കി ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനും ആദിവാസി സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും കക്ഷിഭേദമന്യേ എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റി യോഗം അഭ്യർഥിച്ചു.

യോഗത്തിൽ ഡി.സി.സി പ്രസിഡന്റ് പ്രഫ.കെ.പി.തോമസ് അധ്യക്ഷത വഹിച്ചു.

പി.കെ.ഗോപാലൻ, കെ.സി.നാണു, കെ.എ സ്.ജോസഫ്, കെ.വി.പോക്കർ ഹാജി, എം.സുബ്രഹ്മണ്യൻ, സി.പി.വർഗീസ്, എം.രാഘവൻ, ടി.ജെ.ഐസക്ക്, കെ.കെ.ഏബ്രഹാം, വി.എ.മജീദ്, കെ.കെ.വിശ്വനാഥൻ, പി.ഡി.സജി, ഗോകുൽദാസ് കോട്ടയിൽ, പി.ചാത്തു, നജീബ് പിണങ്ങോട്, എം.എം.രമേശൻ, ആര്യപ്പള്ളി തോമസ് പ്രസംഗിച്ചു.

ജാനുവും കൂട്ടരും ആദിവാസികളെ വഞ്ചിച്ചു: കെ.കെ.രാമചന്ദ്രൻ

കൽപറ്റ: ഭൂമിക്കു വേണ്ടി ദാഹിക്കുന്ന നിരക്ഷരരും പാവപ്പെട്ടവരുമായ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചും പ്രലോഭിപ്പിച്ചും സായുധ കലാപത്തിന് പ്രേരിപ്പിച്ച ജാനുവും കൂട്ടരും കടുത്ത ആദിവാസി ദ്രോഹവും വഞ്ചനയുമാണ് ചെയ്തതെന്ന് കെ.കെ.രാമചന്ദ്രൻ എം.എൽ.എ കുറ്റപ്പെടുത്തി.

ആദിവാസി ഭൂമി പ്രശ്നത്തിൽ ആദിവാസികളോട് അനുഭാവമുള്ള ജനങ്ങളുടെ വികാരം പോലും അവർക്കെതിരെ തിരിയുന്നതിന് മാത്രമെ സായുധ കലാപം സഹായിച്ചിട്ടുള്ളൂ.

ജാനു, ഗോത്രമഹാസഭയുടെ യഥാർഥ നേതാവല്ല. നിക്ഷിപ്ത താൽപര്യങ്ങളുള്ള ആദിവാസികളല്ലാത്ത ചില ബുദ്ധികേന്ദ്രങ്ങളാണ് ജാനുവിനെ നയിക്കുന്നത്.

ജാനു ഇവരുടെ കയ്യിലെ കളിപ്പാവ മാത്രമാണ്. മലയാളം അറിയാത്തവർ പോലും മുത്തങ്ങയിൽ സമരമുഖത്തുണ്ട്. സമര രംഗത്ത് ചെലവഴിക്കുന്ന പണം പിരിച്ചെടുക്കുന്നതല്ല. ഇന്ത്യയുടെ പുരോഗതി തടസ്സപ്പെടുത്താനും ശിഥിലീകരിക്കാനും ശ്രമിക്കുന്ന വിദേശ ശക്തികളുടേതാണ് ഈ പണം .

ഏത് ഏജൻസി മുഖേനയാണ് ഇവർക്ക് പണം ലഭിക്കുന്നതെന്ന് കേന്ദ്ര സംസ്ഥാന സർക്കാറുകൾ അന്വേഷിക്കണമെന്നും രാമചന്ദ്രൻ ആവശ്യപ്പെട്ടു.



പൊൻകുഴി ആദിവാസി താവളത്തിൽനിന്ന് പൊലീസ് കണ്ടെടുത്ത അമ്പും വില്ലും തകിലും.

പ്രതികൂട്ടിൽ സർക്കാരും ആദിവാസി ഗോത്രമഹാസഭയും

ബത്തേരി: മുത്തങ്ങയിൽ വനം കയ്യേറിയ ആദിവാസി ഗോത്രമഹാസഭ പ്രവർത്തകരും പൊലീസും തമ്മിൽ ഏറ്റുമുട്ടലുണ്ടാവുകയും രണ്ടുപേർ കൊല്ലപ്പെടുകയും ചെയ്ത സംഭവത്തിൽ സർക്കാരും ആദിവാസി ഗോത്രമഹാസഭാ നേതാക്കളും പ്രതിക്കൂട്ടിലാവുകയാണ്. സർക്കാരിന്റെ നിഷ്ക്രിയത്വവും പെട്ടെന്നുണ്ടായ ആക്രമണസ്വഭാവവും ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകരുടെ തിരിച്ചടിക്കാനുള്ള ശ്രമവും ആണ് കുഴപ്പങ്ങൾക്കു വഴിതെളിച്ചത്.

ജനുവരി മൂന്നിന് വനഭൂമി കയ്യേറി ഒന്നരമാസം കഴിഞ്ഞിട്ടും ഇവരുമായി ചർച്ച നടത്താൻ സർക്കാർ തയാറായില്ല. സമരം സംബന്ധിച്ച് തീരുമാനമെടുക്കാനും സർക്കാരിനായില്ല. വനംവകുപ്പുദ്യോഗസ്ഥർ മാത്രമാണ് ഇവരുമായി ചർച്ചക്കെത്തിയത്. 2001 ഓഗസ്റ്റ് 30 മുതൽ ഒക്ടോബർ 16 വരെ തിരുവനന്തപുരത്ത് കുടിൽകെട്ടി നടത്തിയ സമരത്തിലെ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടാണ് വനഭൂമി കയ്യേറിയത്. 2001 ഓഗസ്റ്റ് 25ന് നടന്ന ഗോത്രസഭയിൽ കരാർ ലംഘിച്ചാൽ ഭൂമി കയ്യേറുമെന്ന് ഇവർ പ്രഖ്യാപിച്ചിരുന്നു.

കഴിഞ്ഞ ഡിസംബർ 10 മുതൽ 30 വരെ ആറളത്ത് ഇവർ ഗോത്രപൂജ നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് വനംകയ്യേറ്റമാരംഭിച്ചത്. സമരം തുടങ്ങി ഒരു മാസവും മൂന്നു ദിവസവും കഴിഞ്ഞാണ് മന്ത്രിസഭ യോഗം ചേർന്ന് 1632 ഏക്കർ വനഭൂമി വിതരണം ചെയ്യാൻ തീരുമാനിച്ചത്. ആലക്കോട്, പേരാമ്പ്ര, കാരാപ്പുഴ, കൊട്ടാരക്കര എന്നിവിടങ്ങളിലാണ് ഭൂമി നൽകാൻ തീരുമാനിച്ചത്.

എന്നാൽ സമരം സംബന്ധിച്ച കാര്യങ്ങളൊന്നും ചർച്ച ചെയ്യാനോ നടപടി സ്വീകരിക്കാനോ ഈ യോഗം തയാറായില്ല. ഇത് ആദിവാസി ഗോത്രമഹാസഭയിൽ സംശയം ജനിപ്പിച്ചു. ഇതിനിടയിലാണ് വനത്തിൽ കഴിഞ്ഞ ദിവസം തീപിടിച്ചതും വനംവകുപ്പുദ്യോഗസ്ഥർ മാത്രമാണ് പിടികൂടിയതും. ഇവരിൽനിന്ന് തെളിവെടുപ്പ് നടത്തുക മാത്രമായിരുന്നു ബന്ദിയാക്കിയതിന്റെ ഉദ്ദേശ്യമെന്നും എന്നാൽ ആ സംഭവം മുതൽ നേതൃത്വം പ്രതീക്ഷിച്ചതിൽനിന്ന് കാര്യങ്ങൾ ദിശ തെറ്റുകയായിരുന്നു. തുടക്കം മുതൽ സർക്കാർ സുതാര്യമല്ലാത്ത നടപടികൾ സ്വീകരിച്ചതാണ് പ്രശ്നം വഷളാവാൻ ഇടയാക്കിയതെന്നും വിലയിരുത്തപ്പെടുന്നു.

മുത്തങ്ങ:ജനവികാരം ആദിവാസികൾക്ക് എതിരായി

ബത്തേരി: ആദിവാസികളെ തിരയാൻ പൊലീസിനേക്കാൾ ജാഗ്രത നാട്ടുകാർക്ക്. മുത്തങ്ങ മുതൽ ബത്തേരി വരെയുള്ള ഭാഗങ്ങളിൽനിന്ന് ഇന്നലെ പൊലീസ് കസ്റ്റഡിയിലെടുത്ത ആദിവാസികളിലേറെയും നാട്ടുകാർ വിവരമറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ്. കൂട്ടത്തോടെ ആദിവാസികൾ നടന്നുപോയ ഇടങ്ങളിൽ നാട്ടുകാർ തന്നെ ഇവരെ ചോദ്യം ചെയ്ത് വിവരം പൊലീസിൽ അറിയിക്കുകയായിരുന്നു.

മുത്തങ്ങ വന്യജീവി സങ്കേതത്തിലുണ്ടായ സംഭവവികാസങ്ങൾ ഫലത്തിൽ ആദിവാസികൾക്ക് തന്നെ എതിരായി. ജീവിക്കാൻ ഒരുതുണ്ട് മണ്ണിനായുള്ള പ്രക്ഷോഭത്തിന് സംസ്കൃതചിത്തരായവരിൽ ഏതാണ്ടെല്ലാവരുടേയും മാനസിക പിൻതുണയുണ്ടായിരുന്നു.

വന്യജീവി സങ്കേതത്തിൽ ആരംഭിച്ച ശരിതെറ്റുകളെക്കുറിച്ചു മാത്രമായിരുന്നു കഴിഞ്ഞ 17 വരെയുള്ള ചർച്ചയും സംവാദവുമൊക്കെ. ആദിവാസികൾ വനം നശിപ്പിക്കില്ലെന്ന നിലപാടിൽ, ഒരു വിഭാഗമെങ്കിലും വന്യജീവി സങ്കേത്തിലെ സമരത്തിന് നീതികരണവും കണ്ടു. എന്നാൽ 17ന് അരങ്ങേറിയ ബന്ദിനാടകവും ഇതേതുടർന്നുണ്ടായ സംഭവ വികാസങ്ങളും സമരത്തോടുള്ള ജനമനോഭാവം എതിരാക്കി.

പൊലീസ് വെടിവയ്പ്പിന് ശേഷം പലയിടത്തേക്കായി പലായനം ചെയ്ത ആദിവാസികളെ പിടികൂടി പൊലീസിനെ ഏൽപ്പിക്കുന്നതിൽ നാട്ടുകാർ ശ്രമിച്ചത്. ഒരു പൊലീസുകാരന്റെയും മറ്റൊരാദിവാസിയുടെയും മരണത്തിനിടയാക്കിയ സംഭവങ്ങൾ, ജനങ്ങൾ ആദിവാസി സമരത്തിന് എതിരാക്കാനിടയായി.

നിരപരാധികളായ ആദിവാസികളെ പോലും പൊലീസിൽ പിടിച്ചേൽപ്പിക്കുന്ന സ്ഥിതിയായി പലയിടത്തും. ഇന്നലെ ബത്തേരി ടൗണിൽ നിന്നും ഓടപ്പള്ളത്തെ വനം വകുപ്പ് കുരുമുളക് തോട്ടത്തിനു സമീപത്തുനിന്നുമൊക്കെ ആദിവാസികളെ കൂട്ടത്തോടെ പിടികൂടി പൊലീസിനെ വിവരമറിയിച്ച് നാട്ടുകാരാണ്. ബത്തേരിയിലെ കോട്ടക്കുന്നിനടുത്ത കോളനിയിലും സമരത്തിൽ പങ്കെടുത്തവരുണ്ടെന്ന് ആളുകൾ പൊലീസിലേക്ക് വിളിച്ചറിയിച്ചു.

സാധാരണഗതിയിൽ ആക്ഷൻ നടക്കുമ്പോൾ ജനങ്ങൾ പൊലീസിന് എതിരാവുകയാണ് ചെയ്യുക. മുത്തങ്ങയിൽ അതുണ്ടായില്ലെന്ന് മാത്രമല്ല, പൊലീസിനെ പ്രോൽസാഹിപ്പിക്കാനും സഹായിക്കാനുമാണ് നാട്ടുകാർ എത്തിയത്. സമാധാനപരമായ സമരം അക്രമത്തിലേക്കും തട്ടിക്കൊണ്ടുപോകലിലേക്കും കടന്നതും ഇതിനിടയിൽ സമരത്തിന്റെ ഗതിതന്നെ തീവ്രവാദ ഗ്രൂപ്പുകൾ കയ്യടക്കിയതുമെല്ലാം നാട്ടുകാരുടെ നിലപാട് മാറാൻ ഇടയാക്കി.

തീവ്രവാദികൾക്ക് അവസരം ഒരുക്കി: സി.പി.എം.

കൽപറ്റ: ആദിവാസികൾക്ക് ഭൂമി നൽകുമെന്ന് ആവർത്തിച്ച് നൽകിയ വാഗ്ദാനം ലംഘിച്ച് തീവ്രവാദികൾക്ക് അവരെ ഉപകരണമാക്കാൻ അവസരമൊരുക്കുകയാണ് ആന്റണി സർക്കാർ ചെയ്തതെന്ന് സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് ആരോപിച്ചു.

റെഡ് ഫ്ളാഗ് ഉപവാസം ഇന്ന്

കൽപറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ നടക്കുന്ന ആദിവാസി വേട്ട അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സി.പി.ഐ(എം.എൽ) റെഡ് ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണന്റെ നേതൃത്വത്തിൽ 21ന് പത്തു മുതൽ ബത്തേരി സ്വതന്ത്ര മൈതാനിയിൽ പാർട്ടി ഭാരവാഹികൾ ഉപവാസം നടത്തും.

എല്ലാം നഷ്ടമായി

ബത്തേരി: ഇത്തവണ ഭൂമി കയ്യേറ്റം സ്ഥിരമാണെന്നും ഭൂമിയുടെ ഉടസ്ഥരാവാതെ തിരിച്ചുപോവില്ലെന്നും പറഞ്ഞാണ് സകല സമ്പാദ്യങ്ങളും വീട്ടുപകരണങ്ങളും പണിയായുധങ്ങളുമായി ഒന്നരമാസം മുൻപ് കുടുംബ സമേതം ആദിവാസികളിൽ പലരും വനത്തിൽ താമസമാരംഭിച്ചത്. എന്നാൽ ബുധനാഴ്ച അപ്രതീക്ഷിതമായുണ്ടായ സംഘർഷത്തിൽ ഇവർക്ക് എല്ലാം വിട്ടെറിഞ്ഞ് ഓടേണ്ടിവന്നു. ആണുങ്ങളെല്ലാം ആദ്യംതന്നെ ഓടി. കുറെ സ്ത്രീകളും കുട്ടികളും വനത്തിൽ ഒറ്റപ്പെട്ടു. ഇവരിൽ ഭൂരിഭാഗം പേരും പൊലീസ് കസ്റ്റഡിയിലായി.

ഇത്രയും സേന വയനാട്ടിൽ ആദ്യം

മുത്തങ്ങ: വയനാട് ഇതുവരെ കാണാത്ത വിധത്തിലുള്ള സേനയാണ് കഴിഞ്ഞ ദിവസങ്ങളിൽ മുത്തങ്ങയിൽ അണിനിരന്നത്. വയനാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്ന് എത്തിയ നാനൂറോളം പൊലീസുകാരും ഉത്തരമേഖലയിലെ എല്ലാ റേഞ്ചുകളിൽ നിന്നും എത്തിയ മുന്നൂറോളം വനപാലകരുമാണ് മുത്തങ്ങ ഓപ്പറേഷനിൽ പങ്കെടുത്തത്. ഡി.ഐ.ജി: എൻ.ശങ്കർ റെഡ്ഡി, കണ്ണൂർ കെ.എ.പി കമൻഡാന്റ് സുരേഷ് രാജ് പുരോഹിത്, വയനാട് എസ്.പി: യു.എൻ.നടേശൻ എന്നിവരുടെ നേതൃത്വത്തിലാണ് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സേനാനീക്കം ആരംഭിച്ചത്. ചൊവ്വാഴ്ച രാത്രിയോടെ ഉത്തരമേഖലാ ഐ.ജി: വേണുഗോപാൽ.കെ.നായർ, ഐ.ജി.വിൽസൻ.എം.പോൾ എന്നിവരും മുത്തങ്ങയിലെത്തി.

കുട്ടികളെ കാണാതായതായി അഭ്യൂഹം

മുത്തങ്ങ: വനത്തിലുണ്ടായ സംഘർഷത്തിനിടെ രണ്ടു കുട്ടികളെ കാണാതായതായി അഭ്യൂഹം. നാലും രണ്ടും വയസ് പ്രായമുള്ള രണ്ടു ആൺകുട്ടികളെ കാണാതായി എന്ന വാർത്ത ചൊവ്വാഴ്ച വൈകുന്നേരം മുതൽ മുത്തങ്ങ ഭാഗത്ത് പ്രചരിച്ചിരുന്നു.

അമ്പുകുത്തി ഭാഗത്ത് ഒരു ആദിവാസി സ്ത്രീ തന്റെ മക്കളെ കാണാനില്ലെന്ന് പറഞ്ഞ് അലമുറയിട്ടിരുന്നതായി തദ്ദേശവാസികൾ പറഞ്ഞു. പൊൻകുഴിയിലും തകരപ്പാടിയിലുമെല്ലാം ഇന്നലെയും ചിലർ കുട്ടികളെ തിരയുന്നുണ്ടായിരുന്നു. പൊലീസ് ബലപ്രയോഗം ആരംഭിച്ചപ്പോൾ കുട്ടികളുടെ അമ്മ ഓടുകയും ബഹളത്തിൽ കുട്ടികൾ ഒറ്റപ്പെട്ടുവെന്നുമാണ് പറയുന്നത്. എന്നാൽ പൊലീസ് ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്.

ജോഗിയുടെ ജഡം അനാഥമായി മോർച്ചറിയിൽ

ബത്തേരി: മുത്തങ്ങയിൽ വെടിയേറ്റുമരിച്ച മാനന്തവാടി പയ്യമ്പള്ളി ചെമ്മാട് കോളനിയിലെ ജോഗി(50)യുടെ ജഡം ബന്ധുക്കൾ ആരും എത്താതിരുന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് പോസ്റ്റുമോർട്ടത്തിന് കൊണ്ടുപോകുന്നതിന് ആശുപത്രി വികസന സമിതി നേതൃത്വം വഹിച്ചു.

ബുധനാഴ്ച വൈകീട്ട് ബത്തേരി താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ജഡം അന്വേഷിച്ച് ആരുമെത്തിയിരുന്നില്ല. ഇതിനെത്തുടർന്ന് വികസന സമിതിയംഗം ഡി.പി.രാജശേഖരന്റെ നേതൃത്വത്തിലാണ് ആംബുലൻസും മറ്റു ചെലവുകളും വഹിച്ചത്.

ഡോർമെറ്ററിയിൽ നിർത്താത്ത കരച്ചിൽ

ബത്തേരി: വനം വകുപ്പിന്റെ മുത്തങ്ങയിലെ ഡോർമെറ്ററിയിൽ ബുധനാഴ്ച വൈകിട്ട് മുതൽ സ്ത്രീകളേയും കുട്ടികളേയും കുറച്ച് പുരുഷന്മാരേയും കൊണ്ട് നിറഞ്ഞു. വിവിധ ഭാഗങ്ങളിൽനിന്ന് പിടികൂടിയവരെ ഇവിടെയാണ് പാർപ്പിച്ചത്. രക്ഷപ്പെട്ടു പോവാതിരിക്കാൻ വാതിലും അടച്ചു. പുറത്ത് പൊലീസ് കാവലും ഏർപ്പെടുത്തി. ആൾത്തിരക്കുകൊണ്ട് കുഞ്ഞുങ്ങൾക്ക് ശ്വാസംമുട്ടി. കോൺക്രീറ്റിന്റെ ചൂട് വേറെയും. ആദിവാസികൾക്ക് അന്യമായ ഈ സാഹചര്യമാണ് കുഞ്ഞുങ്ങൾ നിർത്താതെ കരയാനിടയാക്കിയത്. ഇവർക്ക് ഡോർമെറ്ററിയിൽ വെച്ചുതന്നെ ഭക്ഷണം ഉണ്ടാക്കിക്കൊടുത്തു.

നടുക്കം മാറാതെ ഉണ്ണികൃഷ്ണനും

മാനന്തവാടി: മുത്തങ്ങ വനത്തിലെ നടുക്കുന്ന ഓർമകളിലാണ് തലപ്പുഴ പൊലീസ് സബ് ഇൻസ്പെക്ടർ പി.വി.ഉണ്ണികൃഷ്ണൻ. കല്ലുകൊണ്ടുള്ള ഏറിൽ വലതു കൈക്ക് ഗുരുതരമായി പരുക്കേറ്റ ഉണ്ണികൃഷ്ണൻ ജില്ലാ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ചികിൽസയിലാണ്.

മുപ്പതോളം പൊലീസുകാരുടെ കൂട്ടത്തിനൊപ്പമായിരുന്നു ഉണ്ണികൃഷ്ണൻ. അമ്പ് വനിതാ പൊലീസുകാരുമുണ്ടായിരുന്നു. ആദിവാസികളുടെ രൂക്ഷമായ ആക്രമണത്തിൽ പരുക്കേറ്റവരെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴാണ് കയ്യിൽ കല്ല് പതിച്ചത്. ഒപ്പമുണ്ടായിരുന്ന ജയ എന്ന പൊലീസുകാരി ഭാഗ്യംകൊണ്ട് രക്ഷപ്പെടുകയായിരുന്നു.

തനിക്ക് കല്ലുകൊണ്ടുള്ള പ്രഹരമേറ്റ് തിരിഞ്ഞപ്പോൾ പുറത്ത് മുഴുവൻ കല്ലേറ് കിട്ടിയതായി ഉണ്ണികൃഷ്ണൻ പറഞ്ഞു. പൊലീസുകാരെ വെട്ടുന്നതും പ്രഹരിക്കുന്നതും നോക്കിനിൽക്കാനേ അപ്പോൾ കഴിഞ്ഞുള്ളൂ. ആക്രമണം അത്രയ്ക്ക് രൂക്ഷമായിരുന്നു.

വനത്തിൽ മാൻവേട്ട നടന്നതായും സൂചന

ബത്തേരി: കയ്യേറ്റക്കാർ വനത്തിൽ മാൻവേട്ട നടത്തിയതായി സൂചന. വ്യാഴാഴ്ച തിരച്ചിലിനിടെ തകരപ്പാടി വനത്തിലെ ഒരു കുടിലിൽ നിന്നും മാനിറച്ചി കണ്ടെത്തിയെന്ന് നേതൃത്വം നൽകിയ ഒരു ഫോറസ്റ്റ് റേഞ്ച് ഓഫിസർ പറഞ്ഞു. കുടിലിന്റെ പരിസരത്ത് കുറ്റിക്കാട്ടിൽ മൃഗങ്ങളുടെ എല്ലും കണ്ടെത്തി. കുടുക്കുവെച്ചും അമ്പെയ്തും മൃഗവേട്ട നടത്തുന്നതായി നേരത്തെ തന്നെ വനം വകുപ്പിന് സൂചന ലഭിച്ചിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.



ആദിവാസികളും പൊലീസുമായി ഏറ്റുമുട്ടാൻ ഉപയോഗിച്ച മൃഗത്തിന്റെ എല്ല്.

ഇന്നത്തെ പരിപാടി

●മാനന്തവാടി താഴെ അങ്ങാടി മുത്തപ്പൻ മടപ്പുര: തിറ ഉൽസവം. തിരുവപ്പന 6.00, പോതി തിറ, അന്നദാനം 1.00

●മാനന്തവാടി കത്തീഡ്രൽ ദേവാലയം: തിരുനാൾ. കുർബാന 7.00, 5.30, പ്രദക്ഷിണം 7.00, അങ്കമാലി അരമന തിയറ്റേഴ്സിന്റെ നാടകം 8.00

●കണിയാമ്പറ്റ വില്ലേജ് ഓഫിസ്: തിരിച്ചറിയൽ കാർഡ് വിതരണം 9.00

●കാക്കവയൽ ഗവ.ഹൈസ്കൂൾ: യാത്രയയപ്പ് സമ്മേളനം 9.00

●തലപ്പു

21
ഫെബ്രുവരി 2003
വെള്ളി
1178 കുംഭം 9

മലയാള മനോരമ

Established 1888

കോട്ടയം • കോഴിക്കോട് • കൊച്ചി • തിരുവനന്തപുരം • പാലക്കാട് • കണ്ണൂർ • കൊല്ലം • തൃശൂർ • മലപ്പുറം • മുംബൈ • ചെന്നൈ • ബാംഗ്ലൂർ

കോഴിക്കോട് • 16 പേജ് + കൈത്തിരി • 3.25 രൂപ

www.manoramaonline.com

അഭ്യൂഹങ്ങൾ തുടരുന്നു; നൂറോളം പേരെ പൊലീസ് പിടി കൂടി



മനോരമ

തമിഴ്ബന്ധം: അമ്പുകുത്തിയിലെ ആദിവാസി ക്കുടിലിൽ നിന്ന് തിരച്ചിൽസേന കണ്ടെടുത്ത തിരുച്ചിറപള്ളി സ്വദേശി കുഞ്ഞുപിള്ള വേടയ്യന്റെ പാസ്പോർട്ട്.

മുത്തങ്ങ: ആദിവാസി ഗോത്രസഭാ പ്രവർത്തകർക്കു നേരെ പൊലീസ് നടത്തിയ വെടിവയ്പിൽ എത്രപേർ കൊല്ലപ്പെട്ടു എന്നത് സംബന്ധിച്ച് അഭ്യൂഹങ്ങൾ പടരുമ്പോൾ വനം കയ്യേറിയവരിൽ നൂറോളംപേരെ പൊലീസ് പിടികൂടി. വനത്തിനു സമീപമുള്ള നൂൽപ്പുഴ പഞ്ചായത്തിലെ പുലിതൂക്കി ആദിവാസി കോളനിയിലടക്കം നടത്തിയ തിരച്ചിലിൽ ആണ് ഇവരെ പിടികൂടിയതെന്നു പൊലീസ് പറഞ്ഞു.

സി.കെ.ജാനുവിന്റെ വലംകൈയായി അറിയപ്പെടുന്ന തങ്കമണി എന്ന ആദിവാസി ഗോത്രസഭാ പ്രവർത്തകയും ഇതിൽ ഉൾപ്പെടുന്നതായി അറിയുന്നു. കഴിഞ്ഞദിവസം രാത്രി കീഴടങ്ങിയ സ്ത്രീകളും കുട്ടികളും ഉണ്ടെന്നാണു സൂചന.

എന്നാൽ പൊൻകുഴി, അമ്പുകുത്തി മേഖലകളിൽ വനം കയ്യേറിയ ആദിവാസികളെ പിടികൂടാൻ പൊലീസ് നടത്തിയ ശ്രമം വിഫലമായി.

ബുധനാഴ്ചത്തെ ഏറ്റുമുട്ടലിൽ അഞ്ചുമുതൽ 15 പേർ വരെ കൊല്ലപ്പെട്ടതായി കഥകൾ പ്രചരിക്കുമ്പോൾ ഒരു പൊലീസുകാരനും ആദിവാസി പ്രവർത്തകനുമുൾപ്പടെ രണ്ടുപേർ മാത്രമേ കൊല്ലപ്പെട്ടിട്ടുള്ളൂവെന്നാണ് പൊലീസ് പറയുന്നത്. ഇന്നലെ നടത്തിയ തിരച്ചിലിൽ കൂടുതൽ മൃതദേഹങ്ങൾ കണ്ടെത്തിയിട്ടില്ല. അതിനാൽതന്നെ കൂടുതൽ മരണങ്ങളില്ല എന്നാണ് പൊലീസ് നിലപാട്.

ആദിവാസി ഗോത്രസഭയ്ക്കു പുറമേ സി. പി. എം. നേതൃത്വത്തിലുള്ള ആദിവാസി ക്ഷേമസമിതി, ആദിവാസി വിമോചനമുന്നണി പ്രവർത്തകർ എന്നിവർ കയ്യേറിയ വനഭൂമിയിലും ഒഴിപ്പിക്കൽ നടത്തുന്നതിനെക്കുറിച്ച് വനം വകുപ്പ് ആലോചിക്കുന്നു.

ഇതേസമയം പൊലീസും നാട്ടുകാരിൽ ചിലരും ചേർന്ന് വഴിയിൽ കാണുന്ന ആദിവാസികളെയെല്ലാം പിടികൂടുകയാണ്. സംശയത്തിന്റെ പേരിൽ പൊലീസ് പിടികൂടുന്ന പലർക്കും ഈ സംഭവവുമായി ബന്ധമില്ലെന്ന് വ്യക്തമായിട്ടും അവരെയും പ്രതി ചേർക്കാനാണ് പൊലീസ് ശ്രമമെന്ന് ആദിവാസി ക്ഷേമസമിതി നേതാക്കൾ ആരോപിച്ചു.

ഇന്നലെ ഏഴുമണി മുതൽ നാലുവരെയാണ് പൊലീസ് പൊൻകുഴി, അമ്പുകുത്തി വയൽ എന്നീ മേഖലകളിൽ തിരച്ചിൽ നടത്തിയത്. അവിടെ ഗോത്രമഹാസഭ പ്രവർത്തകർ കെട്ടിയ കുടിലുകൾ പൊളിച്ചു. പൊൻകുഴിയിൽ ഗോത്രസഭാ പ്രവർത്തകരുയെ കപ്പ, ചീര തുടങ്ങിയ കൃഷികളും നശിപ്പിച്ചു.

കുടിലുകൾക്കു തീ വയ്ക്കുകയും ചെയ്തു. വനംവകുപ്പ് ഉദ്യോഗസ്ഥർ രംഗത്തിറങ്ങി വൻതീപിടിത്തം ഒഴിവാക്കി.മുത്തങ്ങ റെയ്ഞ്ച് ഓഫിസർ സുരേഷ് കുടിലുകൾ കത്തിക്കരുതെന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നുവെങ്കിലും പൊലീസുകാർ പലസ്ഥലത്തും തീവയ്പു നടത്തി. കമൻഡാന്റ് സുരേഷ് രാജ് പുരോഹിത് കത്തിക്കാൻ നിർദേശം നൽകുന്നുമുണ്ടായിരുന്നു.

ഗോത്രമഹാസഭാ പ്രവർത്തകരുമായി ആദ്യദിനത്തിലുണ്ടായ ഏറ്റുമുട്ടലിലും പൊലീസിന്റെ ഉന്നതതലങ്ങളിൽനിന്നു വ്യക്തമായ ധാരണയില്ലാതെയുണ്ടായ നടപടികളാണ് വെടിവയ്പിലും മരണത്തിലും കലാശിച്ചതെന്നും അഭിപ്രായമുയർന്നിട്ടുണ്ട്.

പൊലീസ് വെടിവയ്പിൽ ഗുരുതരമായി പരുക്കേറ്റ നാൽപതോളം പ്രവർത്തകരെയും കൊണ്ടാണ് വനത്തിനുള്ളിൽ നിന്നു ആദിവാസി ഗോത്രസഭാ പ്രവർത്തകർ പിൻമാറിയിട്ടുള്ളതെന്നറിയുന്നു.

ഇന്നലെ ഉത്തരമേഖലാ ഡി.ഐ.ജി.: എൻ. ശങ്കർ റെഡ്ഡി ചീഫ് കൺസർവേറ്റർമാരായ എസ്. പി. സിങ്, കെ. കെ. തീവാരി, ഡി.എഫ്.ഒ.മാരായ കെ. കെ. ചന്ദ്രൻ, എം.ശ്രീധരൻ നായർ, വി. കെ. ശ്രീവത്സൻ, ഫണീന്ദർ കുമാർ റാവു, കെ. എ. പി. കമൻഡാന്റ് സുരേഷ് രാജ് പുരോഹിത് എന്നിവരാണ് തിരച്ചിലിന് നേതൃത്വം നൽകിയത്.

ലക്ഷ്യമിട്ടത് കുഞ്ഞാലിക്കുട്ടിയെയും മാണിയെയും റാഞ്ചാൻ

എ.ബി. ജിജിമോൻ

തിരുവനന്തപുരം: മന്ത്രിമാരായ പി.കെ.കുഞ്ഞാലിക്കുട്ടിയെയും കെ.എം.മാണിയെയും തട്ടിക്കൊണ്ടുപോകാനായിരുന്നു സമരംചെയ്യുന്ന ആദിവാസികളുടെ പദ്ധതി. അയ്യങ്കാളിപ്പട ഉൾപ്പെടെയുള്ള സംഘടനകളുമായിച്ചേർന്ന് ഇതു നടപ്പാക്കുകയായിരുന്നു സമരക്കാരുടെ ലക്ഷ്യമെന്നുള്ള റിപ്പോർട്ടാണ് ഇന്റലിജൻസ് സർക്കാരിനു നൽകിയിരുന്നത്.

സെക്രട്ടേറിയറ്റിൽ കയറി ഐ.എ.എസ്. ഉദ്യോഗസ്ഥരെ ബന്ദികളാക്കാനും പദ്ധതിയുണ്ടായിരുന്നു. ആദിവാസികൾക്കു റവന്യൂഭൂമി കണ്ടെത്തി നൽകുമെന്ന വാഗ്ദാനം പാലിക്കാത്തതിനു കെ.എം.മാണിയെയും ആഗോളനിക്ഷേപക സമ്മേളനത്തിനു വിദേശ കുത്തകകളെ ക്ഷണിക്കുന്നതിൽ എതിർപ്പു പ്രകടിപ്പിക്കാൻ കുഞ്ഞാലിക്കുട്ടിയെയും തട്ടിക്കൊണ്ടുപോവുകയായിരുന്നു ലക്ഷ്യം. ഇതു നടന്നില്ലെങ്കിൽ ഏതെങ്കിലും മന്ത്രിയെ തട്ടിക്കൊണ്ടുപോയി ജനശ്രദ്ധയാകർഷിക്കാനും പദ്ധതിയിട്ടിരുന്നു.

'ജിമ്മി'നെതിരേ വ്യാപക പ്രചാരവേലയാണു തീവ്രവാദി സംഘടനകൾ നടത്തിയത്. 'ജിമ്മി'നു മുന്നോടിയായി പലതവണ രഹസ്യയോഗങ്ങൾ നടന്നു. അവിടെ വരുന്ന വിദേശ പ്രതിനിധികളെ റാഞ്ചുന്നതുൾപ്പെടെ പദ്ധതികൾക്കും രൂപം നൽകി.

മുത്തങ്ങയിൽ ആദിവാസികൾ വനഭൂമി കൈയേറുമെന്ന് ആറുമാസം മുൻപുതന്നെ ഇന്റലിജൻസ് റിപ്പോർട്ട് നൽകിയിരുന്നു. പാലക്കാട്, ഇടുക്കി, കണ്ണൂർ ജില്ലകളിലെ ചില പ്രദേശങ്ങളിലും വനംകയ്യേറ്റം നടക്കുമെന്നു ചൂണ്ടിക്കാട്ടി. ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 'ജിമ്മി'നു മുന്നോടിയായി കർശനനടപടി സ്വീകരിക്കാൻ പൊലീസിനു സർക്കാർ നിർദേശം നൽകി. സെക്രട്ടേറിയറ്റ് കവാടങ്ങൾ അടച്ചു കർശനകാവൽ ഏർപ്പെടുത്തിയതും വടക്കൻ ജില്ലകളിൽ വ്യാപക അറസ്റ്റ് നടന്നതും ഇതിന്റെ ഫലമായിരുന്നു.

എന്നാൽ, മുത്തങ്ങ ഉൾപ്പെടെ വനഭൂമി കയ്യേറുമെന്ന മുന്നറിയിപ്പ് സർക്കാർ അവഗണിച്ചു. കയ്യേറിയിട്ടും വനംവകുപ്പ് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചില്ല. ഇതിനു പൊലീസിന്റെ സഹായം ആവശ്യപ്പെട്ടുമില്ല. ഒടുവിൽ ക്രമസമാധാന പ്രശ്നമുണ്ടായപ്പോൾ പൊലീസിന് ഇടപെടാതിരിക്കാനാവാത്ത സ്ഥിതിയാവുകയും ചെയ്തു.

മുത്തങ്ങ സമരക്കാർക്ക് പീപ്പിൾസ് വാർഗ്രൂപ്പിന്റെ സഹായമുണ്ടെന്നും പൊലീസിന് ആദ്യം വിവരം ലഭിച്ചിരുന്നെങ്കിലും സ്ഥിരീകരിച്ചിട്ടില്ല. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ചിലർക്ക് പീപ്പിൾസ് വാർഗ്രൂപ്പുമായി ബന്ധമുണ്ടെന്നും ഇവരുടെ പ്രവർത്തനം വയനാട്ടിൽ നടക്കുന്നുണ്ടെന്നും കേന്ദ്ര ഇന്റലിജൻസ് സംസ്ഥാന ആഭ്യന്തര വകുപ്പിനെ അറിയിച്ചിരുന്നു. ഇതു പക്ഷേ, പൊലീസിനു ബോധ്യമായിട്ടില്ല.

എൽ.ടി.ടി.ഇയുമായി മുത്തങ്ങ സമരത്തിനു ബന്ധമില്ലെന്നാണ് ഇന്റലിജൻസ് നിഗമനം. മൂന്നു തമിഴരെ അവിടെനിന്നു പിടിച്ചിട്ടുണ്ടെങ്കിലും രണ്ടു പേർ തിരുനെൽവേലിക്കാരും ഒരാൾ തിരുവനന്തപുരത്തു താമസിക്കുന്നയാളുമാണ്.



മനോരമ / **ജോസ്കുട്ടി പനയ്ക്കൽ**

തീകൊണ്ടു മറുപടി: വയനാട് മുത്തങ്ങ പൊൻകുഴി കാടിനുള്ളിൽ ആദിവാസികൾ തീർത്ത ഭവനങ്ങൾക്കും ആദിവാസി ഗോത്ര സഭ പൊൻകുഴി ഓഫീസിനും പോലീസ് സംഘം തീയിട്ടപ്പോൾ.

വാർ ഗ്രൂപ്പ് ബന്ധമെന്ന ആരോപണം പൊലീസ് പിൻവലിക്കുന്നു

അമ്പുകുത്തിവയൽ (വയനാട്):മുത്തങ്ങയിൽവെടിവയ്പ് നടന്ന ഉടനെ ഗോത്രമഹാസഭയ്ക്ക് പീപ്പിൾസ് വാർ ഗ്രൂപ്പുമായി ബന്ധമുണ്ടെന്നു സംശയിക്കുന്നതായി പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞിരുന്നുവെങ്കിലും ഇന്നലെ ആ നിലപാട് ഉപേക്ഷിച്ചു. ഇത്തരം ബന്ധങ്ങളുള്ളതായി തനിക്ക് അറിവൊന്നും ലഭിച്ചിട്ടില്ലെന്ന് ഉത്തരമേഖലാ ഡി. ഐ. ജി.: എൻ. ശങ്കർ റെഡ്ഡി പറഞ്ഞു.

പൊൻകുഴി, അമ്പുകുത്തി വയൽ എന്നിവിടങ്ങളിൽനിന്നു ലഭിച്ച ആയുധങ്ങളും പൊലീസിന്റെ ആദ്യദിനത്തിലെ വാദത്തെ നിഷേധിക്കാൻ തക്കതായിരുന്നു. അമ്പും വില്ലും, കത്തി, ഇരുചക്രവാഹനത്തിന്റെ ഷോക്ക് അബ്സോർബറിലെ സ്പ്രിങ് ഘടിപ്പിച്ച കമ്പുകൾ എന്നിവ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. സാധാരണ തോക്കുപോലും ആദിവാസികൾ ഉപയോഗിച്ചിട്ടില്ലെന്നതാണ് പീപ്പിൾസ് വാർ ബന്ധം കൂടുതൽ പ്രചരിപ്പിക്കാൻ തയ്യാറാകാതെ പിൻവാങ്ങാൻ കാരണമെന്നു കരുതുന്നു.

അതിനിടെ വനഭൂമിയിൽനിന്നു പാസ്പോർട്ടും ആയുധങ്ങളും പിടിച്ചെടുത്തു. ഗോത്രസഭാ പ്രവർത്തകർ കുടിൽകെട്ടിയിരുന്ന മുത്തങ്ങ പൊൻകുഴിക്കു സമീപമുള്ള അമ്പുകുത്തിവയലിലെ കുറിച്യതോടിൽ നടത്തിയ അന്വേഷണത്തിലാണ് തമിഴ്നാട് സ്വദേശിയായ കുഞ്ചുപിള്ള വേടയ്യൻ എന്നയാളുടെ പാസ്പോർട്ട് ലഭിച്ചത്. ഇയാളെ ബുധനാഴ്ച പൊലീസ് അറസ്റ്റു ചെയ്തതായി അറിയുന്നു. എന്നാൽ ഇതു സംബന്ധിച്ച വിവരം ഒന്നുംതന്നെ പൊലീസ് പുറത്തുവിടുന്നില്ല.

തമിഴ്നാട്ടിലെ ആദിവാസി ദളിത് പ്രവർത്തകനാണ് ഇയാൾ എന്ന് സംശയിക്കുന്നു. തമിഴ്നാട്ടിലെ താന്നികോട്ടഗം എന്നാണ് പാസ്പോർട്ടിൽ വച്ചിട്ടുള്ള ജനനസ്ഥലം. തൃച്ചിയിൽ നിന്നാണ് പാസ്പോർട്ട് അനുവദിച്ചത്. 1996 നവംബർ നാലിനാണ് പാസ്പോർട്ട് നൽകിയിട്ടുള്ളത്.

ബംപർ ചോദ്യം നാളെ വീണ്ടും

മനോരമയും ബ്രൈറ്റ്ലൈറ്റും ചേർന്നു നടത്തുന്ന ലോകകപ്പ് പ്രവചന മൽസരത്തിലെ ബംപർ ചോദ്യം ദിവസേനയുള്ള മൽസരത്തിന്റെ കൂപ്പണിൽ നാളെ വീണ്ടും.

>> www.manoramaonline.com

ഇന്റർനെറ്റിലൂടെ വരിക്കാരാകാം



മനോരമ പ്രസിദ്ധീകരണങ്ങൾക്ക് വരിക്കാരാകാൻ മനോരമ ഓൺലൈൻ സൗകര്യമൊരുക്കുന്നു.

visit >> subscribe

കുഞ്ചുക്കുറുപ്പ്



മന്ത്രിമാരുടെ അംഗരക്ഷകർക്കു തോക്കില്ലെന്ന്.

അവരൊക്കെ വൻതോക്കുകളായതു കൊണ്ടല്ലേ?



അമ്മയുറക്കാൻ പാടിയ പാട്ടിലെ അൻപാണല്ലോ മലയാളം

-ഒ.എൻ.വി.

ലോകമാതൃഭാഷാദിനം ഇന്ന്

ഐക്യരാഷ്ട്ര സംഘടനയുടെ ഘടകമായ യുനെസ്കോ പ്രഖ്യാപിച്ചത്

കാഴ്ചപ്പാട് പേജിൽ

- കണക്കെടുപ്പു കാടുകയറി; കണക്കുകൂട്ടലുകൾ പാളി
- ദളിത് സമരങ്ങളുടെ ബുദ്ധികേന്ദ്രം
- മുത്തങ്ങ സഭ കുലുക്കി

പേജ് 9

- ആദിവാസിഭൂമി കൈമാറ്റം ഉടൻ; അക്രമം നേരിടും: ആന്റണി
- ആറളം ഫാം തീവെക്കുമെന്നു ഭീഷണി; ആദിവാസി യുവാവ് കസ്റ്റഡിയിൽ
- പ്രതിപക്ഷം നിയമസഭ സ്തംഭിപ്പിച്ചു
- ജാനുവിനുവേണ്ടി നിലമ്പൂർ മേഖലയിൽ തിരച്ചിൽ
- റാഞ്ചൽ പദ്ധതി അറിയില്ല, ശരിയായിരിക്കാം: മാണി
- പ്രശ്നം വഷളായതിന് ഉത്തരവാദി ആന്റണി: മുകുന്ദൻ
- ആദിവാസികളെ മുഴുവൻ തുരത്തിയെന്ന് ഐ.ജി
- മുത്തങ്ങ: കേന്ദ്രം ഇടപെടില്ല
- 'മുത്തങ്ങയിൽ നടന്നത് ജിമ്മിന്റെ തുടർച്ച'
- സേനയെ പിൻവലിക്കണം: സമര സഹായ സമിതി

അവസാന പേജിൽ

- മുത്തങ്ങയിൽ മൗനം ഭേദിക്കുന്നതു ബൂട്ടുകൾ മാത്രം
- നേതാക്കൾക്കായി തിരച്ചിൽ തുടരുന്നു
- ആദിവാസി ഗോത്രമഹാസഭയെ ബി. ജെ. പിക്കും വേണ്ട
- കൂടുതൽ ചിത്രങ്ങൾ

മനോരമ Britelite
ലോകകപ്പ് പ്രവചന മൽസരം

ലോക കപ്പ് പ്രവചന മത്സരം.

16 ലക്ഷത്തിൽപരം രൂപയുടെ സമ്മാനങ്ങൾ

944721
9177

ഒന്നാം സമ്മാനം ആൾട്ടോ കാർ AX (Automatic gear) from POPULAR VEHICLES AND SERVICES LTD.

രണ്ടാം സമ്മാനം (രണ്ടുപേർക്ക്) TVS

മൂന്നാം സമ്മാനം (മൂന്നുപേർക്ക്) TVS MAX 100





ബ്രൈറ്റ്ലൈറ്റ്. വിരൽത്തുമ്പിലെ സൂര്യൻ™ Britelite

ഫെബ്രുവരി 8 മുതൽ ഒന്നരമാസക്കാലത്തോളം മലയാള മനോരമയിൽ വരുന്ന കൂപ്പൺ പൂരിപ്പിക്കൂ, അതതു ദിവസത്തെ മത്സരങ്ങളുടെ വിജയിയെ പ്രവചിക്കൂ....ദിവസേനയുള്ള മൽസരത്തിൽ വിജയിക്കുന്ന 14 പേർക്ക് 2000/- ത്തിൽപരം രൂപാ വിലവരുന്ന ബ്രൈറ്റ്ലൈറ്റ് ഇംപാക്ട് ഹാലൊജൻ ഫ്ളാഷ് ലൈറ്റുകൾ (ഓരോ ജില്ലയിലും ഓരോന്ന്) സമ്മാനമായി നൽകുന്നു. കൂടാതെ ഫൈനൽ ജേതാവിനെ പ്രവചിക്കുന്ന ബംബർ ചോദ്യത്തിന് വമ്പൻ സമ്മാനങ്ങളും

21 ഫെബ്രുവരി 2003
വെള്ളി
9 കുംഭം 1178

5 ആയുധപരിശോധന: സമ്മർദ്ദം പാടില്ലെന്ന് റഷ്യ
7 വൈദ്യുതി ബോർഡിൽ വിജിലൻസ് റെയ്ഡ്
11 പ്രതിഷേധം ആഘോഷത്തിനു വഴിമാറി
12 ദുരന്തഭൂമിയിൽ ശ്മശാന പ്രതീതി

ദീപിക

Published from Kottayam, Thiruvananthapuram, Kochi, Thrissur, Kannur, Kozhikode · Established in 1887 · The First Malayalam Daily · Vol. 2 No. 51 · 12 പേജ് · 3.25 രൂപ · കോഴിക്കോട്

മുത്തങ്ങയിൽ പ്രതിപക്ഷ അന്വേഷണം

എസ്.എൽ. ശ്യാം

തിരുവനന്തപുരം: മുത്തങ്ങയിൽ മരിച്ചത് രണ്ടുപേർ മാത്രമാണെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി ആവർത്തിക്കുമ്പോൾ മരണസംഖ്യ അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രതിപക്ഷപ്രതിനിധി സംഘം വയനാട്ടിലേക്ക്.

മുത്തങ്ങയിലെ പോലീസ് വെടിവയ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നിരസിച്ച സാഹചര്യത്തിൽ കൂടിയാണ് പ്രതിപക്ഷനേതാക്കളുടെ യാത്ര. ഇന്നലെ വൈകുന്നേരം വയനാട്ടിലേക്കു തിരിച്ച അവർ ഇന്നു മുത്തങ്ങയിലെത്തി അന്വേഷണം നടത്തും.

പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദൻ, ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, കെ.പി.രാജേന്ദ്രൻ, ഡോ.എ.നീലലോഹിതദാസ് നാടാർ, എ.സി.ഷൺമുഖദാസ് എന്നിവരാണ് വയനാട്ടിലേക്ക് തിരിച്ചത്. പിണറായി വിജയനും ഇവരോടൊപ്പമുണ്ട്. പി.സി.ജോർജ് കോഴിക്കോട്ട് നിന്ന് സംഘത്തോടൊപ്പം ചേരും.

മുത്തങ്ങയിൽ എട്ടു പുരുഷന്മാരും മൂന്നു സ്ത്രീകളും മൂന്നുകുട്ടികളുമടക്കം 14 പേർ മരിച്ചതായി സി.പി.ഐ നിയമസഭാകക്ഷി നേതാവ് കെ.പി. രാജേന്ദ്രന് അജ്ഞാത സന്ദേശം ലഭിച്ചു. വയനാട്ടിൽ നിന്നുള്ള ആദിവാസിയെന്നു പറഞ്ഞായിരുന്നു സന്ദേശം. ഉടൻതന്നെ അദ്ദേഹം പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദനെ വിവരമറിയിച്ചു.

പ്രതിപക്ഷനേതാവ് ഈ വിവരം മുഖ്യമന്ത്രിയെ അറിയിക്കുകയും തുടർന്ന് അദ്ദേഹം ഡിജിപിയുമായി ബന്ധപ്പെടുകയും ചെയ്തു. മരണസംഖ്യ ഉയർന്നതായ വിവരമൊന്നുമില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ഏതായാലും പ്രതിപക്ഷനേതാവിന്റെ ആശങ്ക ഗൗരവത്തോടെ കാണുമെന്നും വിവരങ്ങൾക്കായി അപ്പപ്പോൾ ബന്ധപ്പെടുന്നുണ്ടെന്നും മുഖ്യമന്ത്രി വി.എസിനെ അറിയിച്ചു.

മുത്തങ്ങയിൽ പോലീസ് സർക്കാർനിർദേശം നിർവഹിക്കുകമാത്രമായിരുന്നു എന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി മന്ത്രിസഭായോഗത്തിനു ശേഷം പറഞ്ഞു.

സായുധവിപ്ലവത്തിലേക്ക് ആദിവാസി പ്രശ്നം നീങ്ങുമെന്ന് കരുതിയിരുന്നില്ലെന്നും മുഖ്യമന്ത്രി പത്രലേഖകരോട് പറഞ്ഞു. മുത്തങ്ങയിൽ ഒരു പോലീസ്

(ശേഷം പേജ് 7 കോളം 1)

185 ആദിവാസികൾ അറസ്റ്റിൽ, തെരച്ചിൽ ഊർജിതം

ഫ്രാൻസിസ് തടത്തിൽ

മുത്തങ്ങ (വയനാട്): വനം കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പോലീസ് വെടിവയ്പുണ്ടായ മുത്തങ്ങ വനമേഖലയിൽ സ്ഥിതിഗതികൾ ശാന്തം. കൈയേറ്റക്കാരെ പൂർണമായി ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വനമേഖലയിൽ ഇവർ നിർമിച്ചിരുന്ന കുടിലുകൾ പൂർണമായി പോലീസ് പൊളിച്ചുമാറ്റി.

സംഭവങ്ങളുമായി ബന്ധപ്പെട്ട് 185 ആദിവാസികളെ പോലീസ് അറസ്റ്റുചെയ്തു. അറസ്റ്റിലായ 14 പേർക്ക് വെടിയുണ്ടയേറ്റ പരിക്കുകളുണ്ട്. വാഹനങ്ങൾതടഞ്ഞുനിർത്തിയും മറ്റുമാണ് ആദിവാസികളെ പിടികൂടിയിരിക്കുന്നത്. കൈയേറ്റവുമായി ബന്ധമില്ലാത്തവരും പിടിയിലായതായി ആക്ഷേപമുണ്ട്. കൂടുതൽ ആദിവാസികൾക്കായി തെരച്ചിൽ ഊർജിതമാക്കി.

ബുധനാഴ്ച പോലീസ് വെടിവയ്പിൽ മരിച്ച ആദിവാസിയെ തിരിച്ചറിഞ്ഞു. പയ്യമ്പള്ളി ചെറുമാട് കോളനിയിലെ ജോഗി (55)യാണ് മരിച്ചത്.

അക്രമത്തിൽ കൂടുതൽ മരണം ഉണ്ടാകുമെന്ന് അഭ്യൂഹം ഉയർന്നെങ്കിലും ഔദ്യോഗികമായി രണ്ടുമരണമാണ് സ്ഥിരീകരിച്ചത്. പോലീസ് നടപടിക്കു ദൃക്സാക്ഷികളായവർ മരണസംഖ്യ ഇനിയും ഉയരുമെന്ന് തന്നെയാണ് പറയുന്നത്. വെടിവയ്പിൽ ഇരുപതിലേറെ പേർ പിടഞ്ഞുവീണതായാണ് ദൃക്സാക്ഷികൾ പറയുന്നത്.

പോലീസ് നടപടിയെ തുടർന്ന് മുത്തങ്ങ കാട് വിട്ടോടിയ ആദിവാസി ഗോത്രമഹാസഭാ പ്രവർത്തകർ ഉൾക്കാടുകളിലേക്ക് വലിഞ്ഞിരിക്കുകയാണ്. കല്ലൂർ ക്ഷേത്രത്തിനുസമീപം നൂറോളം ഗോത്രമഹാസഭാ പ്രവർത്തകർ തമ്പടിച്ചിട്ടുള്ളതായി ഇന്നലെ രാത്രി ഏറെ വൈകി റിപ്പോർട്ടുണ്ട്. സേന ഘട്ടംഘട്ടമായി പിൻവാങ്ങുമ്പോൾ കൈയേറ്റ ഭൂമിയിലേക്ക് മടങ്ങിവരാനിരിക്കുകയാണ് ഇവരെന്നറിയുന്നു.

ബുധനാഴ്ച രാവിലെമുതൽ വെടിയൊച്ചകൊണ്ടും കൊലവിളികൊണ്ടും മുഖരിതമായിരുന്ന മുത്തങ്ങ വന്യജീവി സംരക്ഷണമേഖലയിൽ ഇന്നലെ എങ്ങും ശ്മശാന മൂകതയായിരുന്നു. പോരാട്ടം തീർന്ന യുദ്ധഭൂമി പോലെ അങ്ങിങ്ങായി കുടിലുകൾ കത്തുന്നതും വെടിവയ്പ് നടന്ന ആദിവാസികളുടെ സങ്കേതത്തിന് സമീപം രക്തം കട്ടപിടിച്ച് കിടക്കുന്നതും അവരുടെ സ്ഥാവര ജംഗമവസ്തുക്കൾ ഭാഗികമായി കത്തിയെരിഞ്ഞ് കിടക്കുന്നതും കാണാമായിരുന്നു. കലാപഭൂമിയിലെ കുടിലുകൾ പോലീസ്സേന തീവച്ച് നശിപ്പിച്ചു.

സംഭവവുമായി ബന്ധപ്പെട്ട് 185 പേരെ ഇതിനകം അറസ്റ്റുചെയ്തതായി ഉത്തരമേഖലാ ഐജി വേണുഗോപാൽ കെ. നായർ പറഞ്ഞു. ഇതിൽ 144 പേരെ സംഭവ സ്ഥലത്തുനിന്നാണ് കസ്റ്റഡിയിലെടുത്തത്.

തമിഴ്നാട് സ്വദേശികളായ രണ്ടുപേരെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇവർക്ക് ഗോത്രമഹാസഭയുമായുള്ള ബന്ധം പോലീസ് അന്വേഷിച്ചുവരികയാണ്. ചില തീവ്രവാദ സംഘടനയുമായി ഇവർക്ക് ബന്ധമുണ്ടെന്ന് സൂചനയുമുണ്ട്.



തീയണയാത്ത മുത്തങ്ങ...മുത്തങ്ങ വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്നലെ പൊൻകുഴി വനപ്രദേശത്തെ ആദിവാസിക്കുടിലുകൾ പോലീസ് കത്തിക്കുന്നു.

-ഡൊമിനിക് സെബാസ്റ്റ്യൻ

ആശുപത്രിക്കിടക്കയിലും ഭീതിയുടെ നിഴലിൽ...

സ്വന്തം ലേഖകൻ

സുൽത്താൻ ബത്തേരി: താലൂക്ക് ആശുപത്രിയിലെ ജനറൽ വാർഡിലെ കുടുസുമുറിയിൽ മൂന്നാമത്തെ ബെഡിന് സമീപം തറയിൽ കിടന്നുകൊണ്ട് ചാലിക്കൽ നാഗപ്പൻ (60) വേദനയോടെ പിടയുന്നു. കൈയിൽതറച്ച ഫ്ളൂയിഡ്സൂചി അനങ്ങിയപ്പോൾ രക്തം ചിന്തിയതാണ് മൃതപ്രായനായ ഈ വൃദ്ധന് വേദനകൊണ്ട് പുളയേണ്ടിവന്നത്. സമീപത്ത് ബന്ധുക്കളായി ആരുമില്ല. ബുധനാഴ്ച മുത്തങ്ങ വനത്തിൽനടന്ന ആദിവാസി സംഘട്ടനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുകയാണ് നാഗപ്പൻ. പോലീസ് വെടിവയ്പിനെ തുടർന്ന് കുറ്റിക്കാട്ടിലൂടെ ലക്ഷ്യമില്ലാതെ ഓടിയപ്പോൾ തട്ടിതടഞ്ഞ് വീണ് ചുള്ളിക്കമ്പുകൾ തറച്ചുകയറി ദേഹമാസകലം മുറിവുണ്ട്.മുറിവുവച്ചുകെട്ടിയ കോട്ടൻ പറിഞ്ഞ [illegible] അലസമായി കിട്ടുന്നത്.

എനിക്ക് ഭൂമിയും വേണ്ട പ്രസ്ഥാനവും വേണ്ട എന്നെ എങ്ങനെയെങ്കിലും രക്ഷിച്ചെടുത്താൻമതി''- കാലിൽ തറച്ചുകയറിയ വെടിയുണ്ട നീക്കം ചെയ്ത് മുറിവിൽഡ്രസുമായി മുക്കിലാടി മാരിയെന്ന നാൽപതുകാരി തന്നെ കാണാൻവരുന്ന പോലീസുകാരോട് അഭ്യർഥിക്കുകയാണ്.

താലൂക്ക് ആശുപത്രിയിലെ ജനറൽ വാർഡിൽ പ്രവേശിക്കപ്പെട്ട ആദിവാസികളുടെ അവസ്ഥ

(ശേഷം പേജ് 7 കോളം 1)



മുത്തങ്ങയിൽ പോലീസ് വെടിവയ്പിലും ലാത്തിച്ചാർജിലും പരിക്കേറ്റ ഒരു ആദിവാസിബാലിക ബത്തേരി താലൂക്ക് ആശുപത്രിയിൽ.

-ദീപിക

ആദിവാസികൾക്കുമേൽ കൊലപാതക ശ്രമമടക്കം കടുത്ത ആരോപണങ്ങൾ

കൽപ്പറ്റ: മുത്തങ്ങയിൽ അറസ്റ്റിലായ ആദിവാസികൾക്കുമേൽ ചുമത്തിയിരിക്കുന്നത് കടുത്ത കുറ്റാരോപണങ്ങൾ. കൊലപാതക ശ്രമവും വധഗൂഢാലോചനയുമടക്കമുള്ള എല്ലാ വകുപ്പുകളും ജാമ്യം കിട്ടാത്തവയാണ്.

തട്ടിക്കൊണ്ടുപോകൽ (ഐ.പി.സി. 363, 364, 365-പരമാവധി ശിക്ഷ ഏഴു വർഷം), വനഭൂമി കൈയേറ്റം, വന്യജീവി ആക്ട് (കേരള ഫോറസ്റ്റ് ആക്ടിന്റെ 27(സി)-പരമാവധി ശിക്ഷ മൂന്നു വർഷം), സർക്കാർ ഉദ്യോഗസ്ഥരെ തടയൽ (ഐ.പി.സി. 353-രണ്ടു വർഷം, 332-മൂന്നുവർഷം) സർക്കാർ ഉദ്യോഗസ്ഥരെ മാരകമായി പരിക്കേൽപ്പിക്കൽ (ഐ.പി.സി. 326-ശിക്ഷ കുറ്റകൃത്യവുമായി ബന്ധപ്പെട്ട്), കൊലപാതക ശ്രമം (ഐ.പി.സി 307-പത്തു വർഷം), മാരകായുധങ്ങൾ കൊണ്ടുനടക്കൽ (കേരള പോലീസ് ആക്ട് 41(1ഡി)-ശിക്ഷ കുറ്റകൃത്യവുമായി ബന്ധപ്പെട്ട്), അനധികൃതമായ കൂട്ടംചേരൽ (ഐ.പി.സി 143-ആറുമാസവും പിഴയും), കലാപമുണ്ടാക്കൽ (ഐ.പി.സി. 147-രണ്ടു വർഷം), വധഗൂഢാലോചന (ഐ.പി.സി. 149-ചുരുങ്ങിയത് രണ്ടുവർഷം), കൂടാതെ സംസ്ഥാനത്തിനെതിരേയുള്ള ഗൂഢാലോചനയ്ക്ക് ഐ.പി.സി. 120-ബി (ചുരുങ്ങിയത് രണ്ടു വർഷം) പ്രകാരവും കേസെടുക്കും.

www.deepika.com
Opinion Poll

തമിഴ്നാട്ടിലും കർണാടകത്തിലും നടപ്പാക്കാത്ത മൂല്യവർധിത നികുതി കേരളത്തിൽ നടപ്പാക്കേണ്ടതുണ്ടോ?

ഉണ്ട്	- 22%
ഇല്ല	- 72%
അറിയില്ല	- 6%

മുത്തങ്ങയിൽ പിഴച്ചതാർക്ക്?

വിദേശമലയാളികളുടെ പ്രതികരണം ആറാം പേജിൽ

ലോകകപ്പിൽ എന്റെ ടീം

ഡോ.എ.കെ.കൃഷ്ണ കുമാർ



(റബർ പ്രൊഡക്ഷൻ കമ്മീഷണർ, കോട്ടയം (കാർഷിക യൂണിവേഴ്സിറ്റിയിലെ മുൻ ക്രിക്കറ്റ് ടീം അംഗം)

ലോകകപ്പ് ഓസ്ട്രേലിയ നേടാനാണു സാധ്യത. പരിശീലനം ഏറ്റവും കുറവുള്ള ടീം ഇന്ത്യയുടേതായിരിക്കും. ഇന്ത്യൻ ടീം ഒട്ടും പ്രഫഷണലുമല്ല.

വിപണി

സ്വർണം (പവൻ)	4128	
വെള്ളി (കിലോ)	- -	
വെളിച്ചെണ്ണ	5850	
റബർ RSS-5 (Board)	4300	
കുരുമുളക് (അൺഗാർബിൾഡ്)	7800	
സെൻസെക്സ്	3303	(+1)
ഡോളർ	47.70	
റിയാൽ	12.00	
യൂറോ	51.37	(-0.13)

കാലാവസ്ഥ

നാളെ രാവിലെവരെ കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴയുണ്ടാകുമെന്ന് കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തിൽ നിന്നറിയിച്ചു. പുനലൂർ ഒരു സെന്റീമീറ്റർ മഴ രേഖപ്പെടുത്തി. പ്രധാന നഗരങ്ങളിൽ രേഖപ്പെടുത്തിയ കൂടിയതും കുറഞ്ഞതും (ബ്രാക്കറ്റിൽ) ആയതാപനില: തിരുവനന്തപുരം-31.6 (23.4), കൊച്ചി 31.6 (25.0), കോഴിക്കോട് 32.5 (24.5).

ONLINE EDITIONS
www.deepika.com
www.deepikaglobal.com

റബർ, കാപ്പി, തേയില കർഷകർക്കുള്ള വിലസ്ഥിരതാഫണ്ട് വഞ്ചനയായി

ജോർജ് കള്ളിവയലിൽ

ന്യൂഡൽഹി: റബ്ബർ, കാപ്പി, തേയില, പുകയില കർഷകർക്കായി വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കാൻ കേന്ദ്രമന്ത്രിസഭയുടെ സാമ്പത്തികകാര്യ ഉപസമിതി തീരുമാനിച്ചു.

എന്നാൽ, കർഷകരെ സഹായിക്കാനെന്ന പേരിൽ ആരംഭിക്കുന്ന 'പ്രൈസ് സ്റ്റൈബിലൈസേഷൻ ഫണ്ട്' ഫലത്തിൽ കടുത്ത കർഷക വഞ്ചനയാകുമെന്നു വ്യക്തമായി.

വർഷത്തിൽ വെറും ആയിരം രൂപയുടെ സഹായം കിട്ടാൻ അത്രയും തുക ചെലവു വരുന്നതാണ് 'സഹായ ഫണ്ട്' എന്നതാണ് ശ്രദ്ധേയം. കാർഷികോൽപന്നത്തിന് സർക്കാർ നിശ്ചയിക്കുന്നതിനേക്കാൾ വില കൂടിയാൽ കർഷകർ ഈ ഫണ്ടിലേക്ക് ആയിരം രൂപ തിരിച്ചടക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അടിസ്ഥാന വില മാറ്റമില്ലാതെ തുടർന്നാലും കർഷകൻ 500 രൂപ ഫണ്ടിലേക്ക് നൽകണം. നാലു ഹെക്ടറിൽ താഴെയുള്ള കർഷകരെ മാത്രമേ പദ്ധതിക്ക് പരിഗണിക്കുകയുമുള്ളൂ.

റബ്ബർ, കാപ്പി, തേയില, പുകയില എന്നിവയുടെ ഏഴു വർഷത്തെ അന്താരാഷ്ട്ര വിലയുടെ ശരാശരിയേക്കാൾ 20 ശതമാനത്തിലേറെ വില താഴുകയാണെങ്കിൽ ആ വർഷത്തിൽ ആകെ ആയിരം രൂപ സഹായധനം നൽകുന്നതാണ് വിലസ്ഥിരതാ ഫണ്ട്.

ഇതിനായി അപേക്ഷിക്കണമെങ്കിൽ ഒരു ദേശസാത്കൃത ബാങ്കിൽ കർഷകൻ പ്രത്യേകമായി പുതിയ അക്കൗണ്ട് തുടങ്ങണം. [illegible] ശന ഫീസായി 500 രൂപ ഈ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും വ്യവസ്ഥയുണ്ട്.

വിലസ്ഥിരതാ ഫണ്ട് രൂപീകരണത്തിന് നൂറ്റമ്പത് കോടി രൂപ അനുവദിക്കാൻ ഇന്നലെ ചേർന്ന സാമ്പത്തികകാര്യ മന്ത്രിസഭാ ഉപസമിതി (കാബിനറ്റ് കമ്മിറ്റി ഓൺ എക്കണോമിക് അഫയേഴ്സ്) തീരുമാനിച്ചു.

അടുത്ത സാമ്പത്തിക വർഷം ഈ ഫണ്ടിലേക്ക് 150 കോടി രൂപ കൂടി

(ശേഷം പേജ് 7 കോളം 2)

നിയമസഭയിൽ പത്രപ്രവർത്തകനെ കൈയേറ്റം ചെയ്തു

തിരുവനന്തപുരം: നിയമസഭാ കോംപ്ലക്സിനുള്ളിൽ വാച്ച് ആൻഡ് വാർഡ് പത്രപ്രവർത്തകനെ കൈയേറ്റം ചെയ്തു. സംഭവത്തേക്കുറിച്ച് അന്വേഷിക്കുവാൻ നിയമസഭാസെക്രട്ടറിയോട് സ്പീക്കർ വക്കം പുരുഷോത്തമൻ നിർദേശിച്ചു.

ഇന്ത്യൻ എക്സ്പ്രസ് ലേഖകൻ ഗി[illegible]സർ ആശാരിയെയാണ് [illegible]റ്റം ചെയ്തത്. [illegible]ന്നലെ രാവിലെയാണ് [illegible]വം.

[illegible]നിയമസഭാമന്ദിരത്തിനു[illegible]ൽ കടന്ന ഗിൽവെസ്റ്ററിനെയാതൊരു പ്രകോപനവും കൂടാതെയാണ് കൈയേറ്റം ചെയ്തത്. ഇത് കണ്ടെത്തിയ മറ്റു പത്രപ്രവർത്തകരാണ് ഇദ്ദേഹത്തെ രക്ഷപ്പെടുത്തിയത്.

തുടർന്ന് ഗിൽവെസ്റ്റർ സ്പീക്കർക്ക് പരാതി നൽകി.

വിമാനം തകർന്ന് പാക് വ്യോമസേനാ മേധാവിയും 16 പേരും മരിച്ചു

ഇസ്‌ലാമാബാദ്: പാക്ക് എയർ ചീഫ് മാർഷൽ മുഷാഫ് അലി മിറും വ്യോമസേനയിലെ മുതിർന്ന ഉദ്യോഗസ്ഥരും ഉൾപ്പെടെ 17 പേർ പാക് വ്യോമസേനയുടെ വിമാനം തകർന്ന് മരിച്ചു.

കൊല്ലപ്പെട്ട വ്യോമ മേധാവി മുഷാഫ് അലി മിർ, ഭാര്യ ബീഗം ബൾക്കീസ്, എയർ മാർഷൽ സലിം നവാസ്, എയർ മാർഷൽ റസാഖ്, എയർ കമ്മഡോർമാരായ ജാവീദ്, രാജാ റിസ്വാൻ എന്നിവരുടെ ജഡങ്ങൾ തിരിച്ചറിഞ്ഞു.

ഒരു പട്ടാള ജനറലും മരിച്ചവരിൽ ഉണ്ടെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്.



മുഷാഫ് അലി മിർ

അഫ്ഗാനോട് ചേർന്നുള്ള വടക്കു പടിഞ്ഞാറൻ

(ശേഷം പേജ് 7 കോളം 1)

മുത്തങ്ങയിൽ കൊല്ലപ്പെട്ട പോലീസുകാരന്റെ ബന്ധുക്കൾക്ക് അഞ്ചുലക്ഷം

തിരുവനന്തപുരം: മുത്തങ്ങയിൽ ആദിവാസി ഗോത്രസഭാ പ്രവർത്തകരുടെ വെട്ടേറ്റു മരിച്ച കോൺസ്റ്റബിൾ വിനോദിന്റെ ബന്ധുക്കൾക്ക് താൽക്കാലിക സഹായമായി അഞ്ചുലക്ഷം രൂപ നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഗുരുതരമായി പരിക്കേറ്റ ഫോറസ്റ്റർ സി.കെ. ശശിധരന് ഒരുലക്ഷം രൂപ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി പത്രലേഖകരോടു പറഞ്ഞു.

മരിച്ച ആദിവാസിയുടെ പശ്ചാത്തലവും വിപ്ലവത്തിലുള്ള പങ്കും പരിശോധിച്ചശേഷമേ മറ്റു കാര്യങ്ങളെക്കുറിച്ച് തീരുമാനിക്കുകയുള്ളൂ.

മരുന്ന്മാറി കുത്തിവയ്പ്: 202 കുട്ടികൾ ആശുപത്രി വിട്ടു

തിരുവനന്തപുരം: മെഡിക്കൽ ക്യാംപിൽ പ്രതിരോധമരുന്നിന് പകരം ഇൻസുലിൻ കുത്തിവച്ചതിനെ തുടർന്ന് ആശുപത്രിയിലായ കുട്ടികളിൽ 202 പേർ ഇന്നലെ ആശുപത്രി വിട്ടു. ആറുപേർ എസ്.എ.ടി.ആശുപത്രിയിലും മെഡിക്കൽ കോളേജ് ആശുപത്രിയിലുമായി ചികിത്സയിലാണ്.എല്ലാപേരുടേയും നിലമെച്ചപ്പെട്ടിട്ടുണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു.

ബുധനാഴ്ചയാണ് കല്ലിയൂർ തെറ്റിവിള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ

ഹൈപ്പറ്റിറ്റീസ് വാക്സിന് പകരം ഇൻസുലിൻ കുത്തിവച്ചതിനെ തുടർന്ന് കുട്ടികളടക്കം 223 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

രക്തത്തിൽ പഞ്ചസാരയുടെ അളവ് പെട്ടന്ന് കുറഞ്ഞതിനെ തുടർന്ന് ഇവരിൽ പലരുടേയും അവസ്ഥ ഗുരുതരമായിരുന്നു.



വനം കയ്യേറിയ ആദിവാസികൾക്കായി വയനാട്ടിലെ മുത്തങ്ങ അമ്പുകുത്തി വനത്തിൽ ഇന്നലെ പോലീസ് തെരച്ചിൽ നടത്തുന്നു.

-ദീപിക

വിനോദിന് നാടിന്റെയും സേനയുടെയും ബാഷ്പാഞ്ജലി

കണ്ണൂർ: കെ.എ.പി നാലാം ബറ്റാലിയൻ കവാടത്തിനു മുന്നിൽ അവൻ അവരെ കാത്തുനിന്നു... മുത്തങ്ങയുടെ വനാന്തരത്തിൽ വഴിമാറിയ സഹപ്രവർത്തകർ അപ്പോഴും ഒരു നിമിഷം വൈകി... അവരെ കാണാതെ അവൻ ക്യാമ്പിനോട് വിടചൊല്ലി വീട്ടിലേക്കു യാത്രയായി... ഒരു നിമിഷം വൈകിയാണെങ്കിലും പോരാട്ടത്തിന്റെ ക്ഷീണമറിയാതെ ഓടിയെത്തിയ സഹപ്രവർത്തകർ വിനോദിന്റെ വിലാപയാത്രയെ വീട്ടിലേക്ക് അനുഗമിച്ചു. ക്യാമ്പിൽനിന്ന് ഒരുമിച്ച് കാട്ടിലേക്ക് പോയവർ തന്റെ യാത്രയുടെ അവസാനംവരെ തന്നോടൊപ്പം വരണമെന്ന് അവനും ആഗ്രഹിച്ചിരിക്കാം...

മുത്തങ്ങ വനത്തിൽ ഇഞ്ചിഞ്ചായി മരിച്ച കെ.എ.പി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ കെ.വി വിനോദിന്റെ മൃതദേഹം ഇന്നലെ വൈകുന്നേരം 6.50നായിരുന്നു ക്യാമ്പിലെത്തിച്ചത്. തങ്ങളുടെ സഹപ്രവർത്തകനെ ഒരു

(ശേഷം പേജ് 7 കോളം 7)



മുത്തങ്ങയിൽ ആദിവാസികൾ കൊലപ്പെടുത്തിയ കോൺസ്റ്റബിൾ കെ.വി. വിനോദിന്റെ മൃതദേഹം ഇന്നലെ രാത്രി ജന്മനാടായ കണ്ണൂർ തളിപ്പറമ്പ് കൊയ്യത്തിനടുത്തെ പാറക്കാട്ട് ഗ്രാമത്തിൽ പൊതുദർശനത്തിനു വച്ചപ്പോൾ.

-എസ്.കെ. മോഹൻ



ജില്ലാ എ ഡിവിഷൻക്രിക്കറ്റ് ചാമ്പ്യന്മാരായ ബത്തേരി എക്സിക്യൂട്ടീവ് ക്ലബിന് ടി.ആർ. വിജയലക്ഷ്മി ട്രോഫി എം.പി ചാന്ദനാഥ് സമ്മാനിക്കുന്നു.

ആദിവാസി ക്ഷേമസമിതി വഴിതടഞ്ഞു

തലപ്പുഴ: ആദിവാസി ക്ഷേമസമിതി പ്രവർത്തകർ തലപ്പുഴയിൽവഴിതടയൽ സമരം നടത്തി. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുക, ജനകീയാസൂത്രണപദ്ധതിപ്രകാരം ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം നടത്തിയത്.

ലോക്കൽ സെക്രട്ടറി പി. വാസു സമരം ഉദ്ഘാടനം ചെയ്തു

സായുധപോരാട്ടം അംഗീകരിക്കാനാവില്ല: ഡി.സി.സി

കൽപ്പറ്റ: ആദിവാസികളെ ഭൂമി കൈയേറ്റത്തിന് പ്രേരിപ്പിക്കുന്നതും ആയുധമെടുത്ത് ഒളിപ്പോർ നടത്താൻ പരിശീലിപ്പിക്കുന്നതും അംഗീകരിക്കാൻ കഴിയില്ലെന്ന് ഡി.സി.സി പ്രസ്താവനയിൽ പറഞ്ഞു. ആദിവാസികളുടെ ആവശ്യങ്ങളോട് യു.ഡി.എഫ് സർക്കാർ അനുഭാവപൂർണമായ സമീപനമാണ് സ്വീകരിച്ചുപോരുന്നതെന്ന ഡിസിസി അവകാശപ്പെട്ടു. ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ അടിയന്തരമായി ചേർന്ന നേതൃയോഗത്തിൽ ഡി.സി.സി പ്രസിഡന്റ് പ്രഫ. കെ.പി.തോമസ് അധ്യക്ഷത വഹിച്ചു.

ഐ.എൻ.ടി. യു.സി സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഗോപാലൻ, ഡി.സി.സി വൈസ് പ്രസിഡന്റ് കെ.സി. നാണു, കെ.എസ്. ജോസഫ്, കെ.വി. പോക്കർഹാജി, എം. സുബ്രഹ്മണ്യൻ, സി.പി. വർഗീസ്, എം. രാഘവൻ, ടി.ജെ. ഐസക്, കെ.കെ. ഏബ്രഹാം, വി.എ. മജീദ്, കെ.കെ. വിശ്വനാഥൻ, യൂത്ത് കോൺ.ജില്ലാ പ്രസിഡന്റ് അഡ്വ. പി.ഡി. സജി, കെ.എസ്. യു ജില്ലാ പ്രസിഡന്റ് ഗോകുൽ ദാസ് കോട്ടയിൽ, പി.ചാത്തു, നജീബ് പിണങ്ങോട്, എം.എം. രമേശൻ, ആര്യപ്പള്ളി തോമസ് എന്നിവർ പ്രസംഗിച്ചു.

വൈ.എം.സി.എ ബാലകലോത്സവം

മീനങ്ങാടി: മീനങ്ങാടി വൈ.എം.സി.എയുടെ പരിധിയിൽ വരുന്ന സൺഡേസ്കൂൾ കുട്ടികൾക്കായി ബാലകലോത്സവം സംഘടിപ്പിച്ചു. ചീങ്ങേരി സെന്റ് മേരീസ് സൺഡേസ്കൂൾ ഒന്നാംസ്ഥാനം നേടി. മീനങ്ങാടി സെന്റ് മേരീസ്, മീനങ്ങാടി സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് എന്നീ സ്കൂളുകൾ രണ്ടാംസ്ഥാനം പങ്കിട്ടു. മൂന്നാംസ്ഥാനം സെന്റ് തോമസ് കൊളഗപ്പാറ സൺഡേസ്കൂളും കരസ്ഥമാക്കി.

പ്രസിഡന്റ് മുളയങ്കോട് ഗീവർഗീസ് കോർ എപ്പിസ്കോപ്പയുടെ അധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ വിജയികൾക്ക് സമ്മാനങ്ങളും ട്രോഫികളും വിതരണം ചെയ്തു. ഫാ. മത്തായി അതിരംപുഴയിൽ, കെ.എസ് ഡെന്നിസൺ, കെ.എം. കുര്യാക്കോസ്, വി.എം. പൗലോസ്, സാബുകുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ടി.കെ. എൽദോ തുരുത്തുമ്മേൽ സ്വാഗതവും ടി.ജി. സജി നന്ദിയും പറഞ്ഞു.

എസ്.എഫ്.ഐ സമ്മേളനം ഇന്നു മുതൽ

കൽപ്പറ്റ: എസ്.എഫ്.ഐ ജില്ലാ സമ്മേളനം ഇന്ന് വൈത്തിരിയിൽ ആരംഭിക്കും. ഉച്ചയ്ക്ക് രണ്ടിന് വിദ്യാർഥി റാലി നടക്കും. തുടർന്ന് പൊതു സമ്മേളനത്തോടെ ദ്വിദിന സമ്മേളനം ആരംഭിക്കും. എ.പി അബ്ദുള്ളക്കുട്ടി എം.പി ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സെക്രട്ടറി ടി.വി രാജേഷ് പ്രസംഗിക്കും. നാളെ രാവിലെ ഒമ്പതിന് പ്രതിനിധി സമ്മേളനം എസ്.എഫ്.ഐ മുൻ അഖിലേന്ത്യ പ്രസിഡന്റ് വി കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്യും. അഖിലേന്ത്യ ജോയിന്റ് സെക്രട്ടറി ജി മുരളീധരൻ, സി.ഐ.ടി.യു ജില്ലാ സെക്രട്ടറി സി ഭാസ്കരൻ, സി.പി.എം ജില്ലാ സെക്രട്ടറിയേറ്റംഗം സി.കെ ശശീന്ദ്രൻ, ഡി.വൈ.എഫ്.ഐ സംസ്ഥാന കമ്മിറ്റിയംഗം കെ.എസ് ബാബു എന്നിവർ പ്രസംഗിക്കും.

വൈകുന്നേരം അഞ്ചിന് നടക്കുന്ന വിദ്യാഭ്യാസ സംവാദം കാലിക്കറ്റ് സർവകലാശാല മുൻ വി.സി ഡോ. കെ.കെ.എൻ കുറുപ്പ് ഉദ്ഘാടനം ചെയ്യും. മുൻ വിദ്യാഭ്യാസ മന്ത്രി ഇ.ടി മുഹമ്മദ് ബഷീർ, സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം കെ.എൻ ബാലഗോപാൽ, കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റംഗം പ്രഫ. ടി.കെ തോമസ് എന്നിവർ പങ്കെടുക്കും. വയനാടിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പ്രക്ഷോഭങ്ങൾക്ക് സമ്മേളനം നേതൃത്വം നൽകുമെന്ന് ജില്ലാ ഭാരവാഹികൾ അറിയിച്ചു.

കൽപ്പറ്റ മാരിയമ്മൻ ക്ഷേത്രത്തിൽ ഉത്സവം

കൽപ്പറ്റ: കൽപ്പറ്റ ശ്രീ മാരിയമ്മൻ ക്ഷേത്രത്തിൽ ഉത്സവം ഏപ്രിൽ മൂന്നു മുതൽ ഏഴു വരെ നടത്താൻ ആഘോഷക്കമ്മിറ്റി തീരുമാനിച്ചു. പ്രസിഡന്റ് എ.പി കേശവൻനായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംഘാടക സമിതി രൂപീകരിച്ചു.

ടെലി. ഡയറക്ടറി പ്രസിദ്ധീകരിക്കാത്തതിൽ പ്രതിഷേധം

കൽപ്പറ്റ: രണ്ടുവർഷങ്ങൾക്കുമുമ്പ് പ്രസിദ്ധപ്പെടുത്തിയ ടെലിഫോൺ ഡയറക്ടറി വയനാട്ടിൽ ഇതുവരെ വിതരണം ചെയ്തിട്ടില്ല. പുതിയ എക്സ്ചേഞ്ചുകളും നിരവധി കണക്ഷനുകളും ഇതിനിടയിൽ നിലവിൽ വന്നിട്ടുണ്ട്. വളരെയധികം മാറ്റങ്ങൾ വന്നതുമൂലം ഡയറക്ടറിക്കുവേണ്ടിയുള്ള ആവശ്യം ശക്തമായിട്ടുണ്ട്. വാടക ഉയർത്തി കൊള്ളലാഭം കൊയ്യാൻ മാത്രമാണ് ബി.എസ്.എൻ.എലിന് താൽപര്യമെന്ന് ടെലിഫോൺ വരിക്കാരനായ പുളിയാർമല ശ്രീരാഗം പി. മാധവൻ കുറ്റപ്പെടുത്തി.

തേയില കൃഷി സെമിനാർ

ചേരമ്പാടി: ടീ ബോർഡ്, ഉപാസി ഉദംമണ്ഡലം സോഷ്യൽ സർവീസ് സൊസൈറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചെറുകിട തേയില കൃഷിക്കാർക്കായി ചേരമ്പാടിയിൽ സെമിനാർ നടത്തി. ടി. എക്സ്റ്റൻഷൻ ഓഫീസർമാരായ പി.ആർ.ദിലീപ്, കെ. ജഗദീശൻ എന്നിവർ തേയിലകൃഷിയെപ്പറ്റി ക്ലാസെടുത്തു. മലർമേഘം സ്വാഗതവും കോകില നന്ദിയും പറഞ്ഞു.

യാത്രയയപ്പ് നൽകും

കാക്കവയൽ: കാക്കവയൽ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും വിരമിക്കുന്ന അധ്യാപകരായ കെ.ഐ തോമസ്, ടി.കെ മുഹമ്മദ്, എന്നിവർക്ക് ഇന്ന് സ്കൂളിൽ യാത്രയയപ്പ് നൽകും.പി.ടി.എ പ്രസിഡന്റ് പി.ടി ഗോപാലക്കുറുപ്പ് അധ്യക്ഷത വഹിക്കും. എൻ.ഡി അപ്പച്ചൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ പൗലോസ്, വൈസ് പ്രസിഡന്റ് കെ.കെ. അഹമ്മദ്, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നജീബ് കാരാടൻ, മുട്ടിൽ പഞ്ചായത്ത് പ്രസിഡന്റ് സരസമ്മ തുടങ്ങിയവർ പ്രസംഗിക്കും.

നേരായ സമരം പ്രതീക്ഷിച്ചെത്തിയവർക്ക് ഉള്ള സമ്പാദ്യവും നഷ്ടമായി

കൽപ്പറ്റ: ആദിവാസി ഗോത്രമഹാസഭയുടെ സമരം മുത്തങ്ങയിൽ ആയുധകലാപത്തിലേക്ക് വഴിതിരിഞ്ഞ് കത്തിയമർന്നപ്പോൾ ഭൂമിമാത്രം പ്രതീക്ഷിച്ച് ഇറങ്ങിത്തിരിച്ച സാധാരണക്കാരായ ആദിവാസികൾക്ക് ഉള്ള സമ്പാദ്യവും നഷ്ടപ്പെട്ടു.

ജാനുവിനോടടുത്ത, തീവ്രവാദ പ്രവർത്തനശൈലി സ്വീകരിച്ചിരിക്കുന്ന ആദിവാസികൾ തങ്ങൾ മരിക്കാനും തയാറാണെന്ന് ഇപ്പോഴും ആവർത്തിക്കുമ്പോൾ സംഘർഷം സ്വപ്നത്തിൽപോലും പ്രതീക്ഷിക്കാതെ ഉള്ളത് വിറ്റുപെറുക്കി സമരത്തിനെത്തിയ കുറച്ച് ആദിവാസികളുടെ വാക്കിൽ സമരവീര്യമില്ല.ശേഷിക്കുന്നത് എല്ലാം നഷ്ടപ്പെട്ടവരുടെ വിലാപം. മുത്തങ്ങയിലെ ദുരന്തഭൂമിയിൽ ചിതറിക്കിടക്കുന്നത് വസ്ത്രങ്ങൾ, പാത്രങ്ങൾ, ചില്വരത്തുടുകൾ , അരി തുടങ്ങിയ അവശ്യ സാധന സാമഗ്രികളാണ്.

സമരം തീരുമാനമാകാതെ ഒരുമാസത്തിലധികം നീണ്ടപ്പോൾ പുൽപ്പള്ളി, നടവയൽ പ്രദേശങ്ങളിലെ കുറേ ആദിവാസികൾ മുത്തങ്ങയിലെ ജീവിതം മടുത്ത് കോളനികളിലേക്ക് തിരിച്ചുപോയിരുന്നു. സമരകേന്ദ്രത്തിൽ ആയുധധാരികളായ ചെറുപ്പക്കാരുടെ സാന്നിധ്യവും കർശനമായ ചിട്ടകളും ഇവരിൽ മടുപ്പുളവാക്കിയിരുന്നു. 250മുതൽ 500 വരെ തോതിൽ രൂപ മിക്ക കുടുംബങ്ങളും ജാനുവിനെ ഏൽപിച്ചിരുന്നു. പങ്കുകൃഷിയെടുത്ത് സ്വരുക്കൂട്ടിയ അരിയും ജാനുവിന് നൽകി. അറസ്റ്റുചെയ്താൽ ജാമ്യത്തിലിറക്കാനാണ് പണം ഈടാക്കുന്നതെന്ന് ഇവരോട് പറഞ്ഞിരുന്നു. പോലീസ് നടത്തിയ നായാട്ടിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നിരപരാധികളായ ഇത്തരം കുറേ ആദിവാസികളും പിടിയിലായിട്ടുണ്ട്.

എല്ലാ നഷ്ടമായ ഇവർക്കിനിയും വിശാലമായ ആകാശം തന്നെ മേൽക്കൂര. വാഗ്ദാനം നൽകി പ്രലോഭിപ്പിച്ചാൽ കൂടെ വരുമെന്ന ആദിവാസികളുടെ ദൗർബല്യം മുതലെടുത്ത നേതാക്കൾ തടിതപ്പുകയും ചെയ്തിരിക്കുന്നു.

ദ്വാരക എ.യു.പി.എസ് ജൂബിലി മാർച്ചിൽ

ദ്വാരക: ദ്വാരക എ.യു.പി സ്കൂൾ സുവർണ ജൂബിലി മാർച്ച് അവസാന വാരത്തിൽ ആഘോഷിക്കും. വിരമിക്കുന്ന ഹെഡ്മാസ്റ്റർ എം.പി ജോസഫിന് യാത്രയയപ്പും നൽകും.

101 അംഗ സ്വാഗത സംഘം രൂപീകരിച്ചു. മാനന്തവാടി ബിഷപ് മാർ എമ്മാനുവേൽ പോത്തനാമുഴിയാണ് മുഖ്യ രക്ഷാധികാരി.

രക്ഷാധികാരികളായി കോർപ്പറേറ്റ് മാനേജർ ഫാ. ജോസ് കൊച്ചറയ്ക്കൽ, സ്കൂൾ മാനേജർ ഫാ. വിജയൻ, എ.പി അബ്ദുള്ളക്കുട്ടി എം.പി, രാധാ രാഘവൻ എം.എൽ.എ, എടവക പഞ്ചായത്ത് പ്രസിഡന്റ് കെ.എം ലില്ലിക്കുട്ടി എന്നിവരേയും തെരഞ്ഞെടുത്തു.

ആസൂത്രണസമിതി യോഗം

കൽപ്പറ്റ: ജില്ലാ ആസൂത്രണസമിതിയോഗം 26 ന് ഉച്ചയ്ക്കുശേഷം രണ്ടിന് കളക്ടറേറ്റ് ഡി.പി.ഇ.പി ഹാളിൽ ചേരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ബത്തേരി മണ്ഡലത്തിൽ തിരിച്ചറിയൽ കാർഡ് വിതരണം

കൽപ്പറ്റ: ബത്തേരി അസംബ്ളിനിയോജക മണ്ഡലത്തിൽ വോട്ടർ പട്ടികയിൽ പേരുള്ള, തിരിച്ചറിയൽ കാർഡ് എടുക്കാത്ത വോട്ടർമാർക്ക് കാർഡുകൾ നൽകുന്നു. തിരിച്ചറിയൽ കാർഡ് എടുത്തിട്ടില്ലാത്തവരുടെ [illegible] വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ലഭിക്കും.

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടും വോട്ടർ പട്ടികയിൽ നമ്പറില്ലാത്തവർ ഓഫീസുകളിൽ ഹാജരായി കാർഡ് നമ്പർ പട്ടികയിൽ ചേർക്കണം.പേര് ഇരട്ടിപ്പായി കാണുന്നുവെങ്കിൽ നീക്കം ചെയ്യുന്നതിന് താലൂക്ക് തഹസീൽദാർക്ക് അപേക്ഷ നൽകണം.

വോട്ടർ കാർഡ് എടുത്തിട്ടില്ലാത്തവരുടേയും കാർഡ് നമ്പർ ചേർത്തിട്ടില്ലാത്തവരുടേയും പേരുകൾ പട്ടിക [illegible] നീക്കം ചെയ്യുമെന്ന് ജില്ലാ കളക്ടർ കെ ഗോപാലൻ അറിയിച്ചു. കാർഡ് വിതരണ തിയതി, സ്ഥലം ചുവടെ: ഇന്ന് താഴത്തൂർ ചീരാൽ വില്ലേജ് ഓഫീസ്, 22 ന് ചീങ്ങേരി വില്ലേജ് ഓഫീസ്, 23 ന് ചേകാടി പാക്കം, 24 ന് ചീങ്ങവല്ലം, 25 ന് നെല്ലറച്ചാൽ, 26 ന് പൂതാടി വില്ലേജ് ഓഫീസ്, മാർച്ച് മൂന്നിന് അമ്പുകുത്തി, നാലിന് കോളിയാടി, അഞ്ചിന് വാകേരി ഇരുളം വില്ലേജ് ഓഫീസുകൾ. ആറിന് പുൽപ്പള്ളി വില്ലേജ് ഓഫീസ്, എട്ടിന് മുള്ളൻകൊല്ലി, പാടിച്ചിറ വില്ലേജ് ഓഫീസുകൾ, പത്തിന് കാപ്പിസെറ്റ്, 11ന് ബീനാച്ചി സർവജന സ്കൂൾ പരിസരം, 12ന് ചെതലയം, 17 ന് കിടങ്ങനാട് വില്ലേജ് ഓഫീസ്, 18ന് നൂൽപ്പുഴ വില്ലേജ് ഓഫീസ്, 19ന് നെന്മേനിക്കുന്ന്.

പന്തല്ലൂർ, ചേരമ്പാടി ടൗണുകളിൽ നായ്ശല്യം വർധിച്ചു

ചേരമ്പാടി: പന്തല്ലൂർ, ചേരമ്പാടി ടൗണുകളിലും പരിസരങ്ങളിലും തെരുവുനായ്ക്കളുടെ ശല്യം വർധിച്ചു.

കഴിഞ്ഞദിവസം പന്തല്ലൂർടൗണിൽ ഇരുപതോളം പേരെ പേവിഷബാധയുള്ള നായ്ക്കൾ കടിച്ചു. വളർത്തുനായ്ക്കളെയും ഓടിച്ചിട്ട് കടിക്കുന്നു.

നെല്ലിയാളം പഞ്ചായത്തിൽ പരാതിപ്പെട്ടെങ്കിലും നടപടിയില്ലെന്ന് നാട്ടുകാർപരാതിപ്പെട്ടു.



ചേരമ്പാടി ടൗണിൽ അലഞ്ഞുതിരിയുന്ന നായ്ക്കൂട്ടം.

മുത്തങ്ങ സംഭവത്തിന് മറവിലെ പോലീസ് വേട്ട അവസാനിപ്പിക്കണം

കൽപ്പറ്റ: മുത്തങ്ങ സംഭവത്തിന്റെ മറവിൽ പോലീസ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിരപരാധികളായ ആദിവാസികളെ വേട്ടയാടുന്നതിനെതിരെ പ്രതിഷേധമുയരുന്നു. ഇന്നലെ രാവിലെ മുതൽ ബത്തേരി ടൗണിലും പരിസരങ്ങളിലും പോലീസ് ആദിവാസികളെ മൃഗീയമായി മർദിക്കുകയും സ്ത്രീകളും കുട്ടികളുമടക്കമുള്ളവരെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തുവെന്ന് സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് ചൂണ്ടിക്കാട്ടി.

മുത്തങ്ങ സംഭവത്തിനു പിന്നിലുള്ള ഛിദ്ര ശക്തികൾക്കു നേരെ നടപടിയെടുക്കാതെ നിസഹായരായ ആദിവാസികളെ തെരഞ്ഞ് പിടിച്ച് അടിച്ചമർത്തുന്നത് അനുവദിക്കാനാവില്ലെന്ന് ജില്ലാ കൗൺസിൽ പ്രസ്താവനയിൽ പറഞ്ഞു.

മുത്തങ്ങ സംഭവത്തിന്റെ പേരിൽ നടക്കുന്ന ആദിവാസി വേട്ട അവസാനിപ്പിക്കണമെന്നും നിരപരാധികളെ വിട്ടയയ്ക്കണമെന്നും ആവശ്യപ്പെട്ട് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണന്റെ നേതൃത്വത്തിൽ ഇന്നുരാവിലെ പത്തുമുതൽ ബത്തേരി സ്വതന്ത്രമൈതാനിയിൽ ഉപവാസം നടത്തും.

ജീപ്പ് മറിഞ്ഞ് രണ്ടുപേർക്ക് പരിക്കേറ്റു

പുൽപ്പള്ളി: പുൽപ്പള്ളി–മുള്ളൻകൊല്ലി റൂട്ടിൽ വടാനക്കവലയിൽ ജീപ്പുമറിഞ്ഞ് രണ്ടുപേർക്ക് പരിക്കേറ്റു. പാടിച്ചിറ മുണ്ടച്ചാലിൽ കുട്ടൻ എന്ന പുരുഷോത്തമൻ (33), അപ്പാക്കുഴിയിൽ ശശിധരൻ (45) എന്നിവർക്കാണ് പരിക്കേറ്റത്.

പുരുഷോത്തമനെ സാരമായ പരിക്കുകളോടെ കൽപ്പറ്റയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശശിധരനെ പുൽപ്പള്ളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും.

എതിരെ വരികയായിരുന്ന ബൈക്കിന് സൈഡുകൊടുക്കുന്നതിനിടെയാണ് നിയന്ത്രണംവിട്ട് ജീപ്പ് മറിഞ്ഞത്.

ചുങ്കത്തെ കെട്ടിടം പൊളിച്ചു നീക്കണം

കൽപ്പറ്റ: ചുങ്കം മൈതാനി റോഡ് മിനി ബൈപ്പാസായി മാറ്റുന്നതിന് തടസമായി മുൻസിപ്പാലിറ്റി പരിധിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കണമെന്ന് റോഡ് വിപുലീകരണ കമ്മിറ്റി ചെയർമാൻ പി.ഒ മുഹമ്മദ് ആവശ്യപ്പെട്ടു.

ഇതു സംബന്ധിച്ച് കൽപ്പറ്റ നഗരസഭയ്ക്കും ജില്ലാ കളക്ടർക്കും നിവേദനം നൽകി.



ദേശീയ ബഹുമതിയായ ഹീമാലയ വുഡ് ബാഡ്ജ് അവാർഡിന് അർഹയായ ഏച്ചോം സർവോദയ ഹൈസ്കൂളിലെ ഗൈഡ് ക്യാപ്റ്റൻ സിസ്റ്റർ ഗ്രേസ് മരിയ.

എം.സി.എഫ് വാർഷികം ഇന്ന്

കൽപ്പറ്റ: വയനാട് മുസ്ലിം കൾച്ചറൽ ഫൗണ്ടേഷന് കീഴിലുള്ള എം.സി.എഫ് പബ്ലിക് സ്കൂളിന്റെ ഒന്നാം വാർഷികം ഇന്ന് കൽപ്പറ്റ മുനിസിപ്പൽ ടൗൺഹാളിൽ നടക്കും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ. അഹമ്മദ് ഉദ്ഘാടനം ചെയ്യും. എം.സി.എഫ് ജില്ലാ പ്രസിഡന്റ് പി.സി. അഹമ്മദ് അധ്യക്ഷത വഹിക്കും. വി.പി. മുഹമ്മദ് സഈദ് മുഖ്യപ്രഭാഷണം നടത്തും.

സ്വാഗത സംഘം ഓഫീസ് തുറന്നു

കൽപ്പറ്റ: ലൈസൻസ്ഡ് എഞ്ചിനീയേഴ്സ് ആൻഡ് സൂപ്പർവൈസേഴ്സ് ഫെഡറേഷൻ ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് കൽപ്പറ്റയിൽ സ്വാഗത സംഘം ഓഫീസ് തുറന്നു. സംസ്ഥാന സെക്രട്ടറി മനോജ് ഉദ്ഘാടനം ചെയ്തു.

സമ്മേളനം മാർച്ച് 12 ന് കൽപ്പറ്റയിൽ നടക്കും. സംസ്ഥാന സമ്മേളനം മെയ് ആദ്യവാരത്തിൽ കണ്ണൂരിലും. കൽപ്പറ്റ മുൻസിപ്പൽ ചെയർമാൻ ടി.എസ് രാധാകൃഷ്ണൻ ചെയർമാനായി സ്വാഗത സംഘം കമ്മിറ്റി രൂപീകരിച്ചു.



ഒഴക്കോടി നാഷണൽ എൽ.പി. സ്കൂളിന്റെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ സൗജന്യ മെഡിക്കൽക്യാമ്പിൽ ഡോ. സുരേഷ്കുമാർ രോഗികളെ പരിശോധിക്കുന്നു.

ഇന്നത്തെ പരിപാടി

കണിയാമ്പറ്റ: വില്ലേജ് ഓഫീസിൽ വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം –രാവിലെ ഒമ്പതുമുതൽ.

പുൽപ്പള്ളി: സീതാമൗണ്ട് സെന്റ് ജോസഫ്സ് ദേവാലയത്തിൽ ത്രിദിന വചനപ്രഘോഷണവും തിരുനാൾ ആഘോഷവും. ദിവ്യബലി –രാവിലെ ഏഴിന്. ഗാനശുശ്രൂഷ, വചനപ്രഘോഷണം –വൈകുന്നേരം 6.30 മുതൽ.

തലപ്പുഴ: ഗവ. യു.പി സ്കൂളിൽ വാർഷികാഘോഷവും ഹെഡ്മാസ്റ്റർക്കുള്ള യാത്രയയപ്പും.

മേപ്പാടി: മാരിയമ്മൻ ക്ഷേത്രത്തിൽ ഉത്സവം. വിവിധ പരിപാടികൾ – രാവിലെ മുതൽ.

പുൽപ്പള്ളി: പുൽപ്പള്ളിയിൽ ആദിവാസി ക്ഷേമസമിതി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്ന സെമിനാർ.

അരപ്പറ്റ: ഫ്ളഡ്ലിറ്റ് സ്റ്റേഡിയത്തിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് –വൈകുന്നേരം 6.30 മുതൽ

മാനന്തവാടി: താഴെ അങ്ങാടി മുത്തപ്പൻ മാപ്പുര ക്ഷേത്രത്തിൽ തിര മഹോത്സവം –വിവിധ പരിപാടികൾ –രാവിലെ മുതൽ.

സുൽത്താൻ ബത്തേരി: പുമല വി. കുരിശിന്റെ ദേവാലയത്തിൽ തിരുനാൾ. കൊടിയുയർത്തൽ –വൈകുന്നേരം അഞ്ചിന്.

അച്ചൂർ: മിനി സ്റ്റേഡിയത്തിൽ ലേബർ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സെവൻസ് ഫുട്ബോൾ ടൂർണമെന്റ് –വൈകുന്നേരം 4.30 മുതൽ.

കൽപ്പറ്റ: ഡി.പി.ഇ.പി ഹാളിൽ ജില്ലാ പട്ടികവർഗ യുവജനോത്സവം. സംഘാടകസമിതിയോഗം –വൈകുന്നേരം നാലിന്.

സുൽത്താൻ ബത്തേരി: ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംസ്ഥാന വനിതാകമ്മീഷന്റെ ആഭിമുഖ്യത്തിലേക്കുള്ള ഏകദിന ബോധവത്കരണ സെമിനാർ –രാവിലെ ഒമ്പതുമുതൽ.

സിനിമ

കൽപ്പറ്റ

വിജയ: ചതുരംഗം (3.00, 6.00, 9.00)

ജൈത്ര: ഹമാരാ പാഗൽ ദീവാന (2.30, 6.00,9.00) പേയ് ജന്മം (11.00). Bad Girls (1.00)

മഹാവീർ (DTS):എന്റെ ഹൃദയത്തിന്റെ ഉടമ (10.30,1.30, 4.30, 7.30)

അനന്ത വീര: യാത്രക്കാരുടെ ശ്രദ്ധയ്ക്ക് (11.30, 2.30, 6.00,9.00)

മാനന്തവാടി

ജോസ്:രമണ (4കളി)

വീണ: ബാംബു ബോയ്സ് (4 കളി)

ലക്ഷ്മി: ആല (3 കളി) N.S: Erotic

സരിഗ: The Replicant (3 കളി)N.S:മധുരിക്കുന്ന രാത്രി

മാരുതി: Die Another Day (4 കളി)

സുൽത്താൻബത്തേരി

ഐശ്വര്യ(A/c): കല്യാണരാമൻ(10.30, 1.30, 4.30, 7.30)

അതുല്യ (A/c): നമ്മൾ (10.30,1.30, 4.30, 7.30)

സീന: ചിന്നത്തമ്പി (3 കളി)

മാർബേസിൽ: നന്ദനം (4 കളി)

സാഗർ: ദുൾ (തമിഴ് 4 കളി)

മാതാ: ഫാന്റം മമ്മി (4 കളി)

പുൽപ്പള്ളി

ജോസ്: ഭഗവതി (3 കളി)

ബ്ലൂമൂൺ: അഖില (3 കളി)

പാടിച്ചിറ

പ്രതീക്ഷ: പ്രണയമണിത്തൂവൽ (2 കളി)

മുത്തങ്ങ സംഭവം: സർക്കാർ നിലപാടിൽ വ്യാപകമായ പ്രതിഷേധം

കൽപ്പറ്റ: മുത്തങ്ങയിലെ ആക്രമണത്തിലും മരണത്തിൽ കലാശിച്ച വെടിവെപ്പിലും സർക്കാരിനെതിരെ പ്രതിഷേധമുയരുന്നു. സർക്കാരിന്റെ അയഞ്ഞ നിലപാടാണ് പ്രശ്നം രൂക്ഷമാക്കിയതെന്ന് ഭരണകക്ഷിയടക്കമുള്ള വിവിധരാഷ്ട്രീയ പാർട്ടികളും സംഘടനകളും കുറ്റപ്പെടുത്തുന്നു.

പ്രശ്ന പരിഹാരത്തിന് ജനാധിപത്യരീതിയിലുള്ള സമരമാർഗങ്ങൾ അവലംബിക്കുന്നവരെ വാഗ്ദാനങ്ങൾ നൽകി അവഹേളിക്കുന്ന സർക്കാർ നയമാണ് തീവ്രവാദി പ്രസ്ഥാനങ്ങളെ സൃഷ്ടിക്കുന്നതെന്ന് ഇൻഫാം കുറ്റപ്പെടുത്തി. അതിസങ്കീർണമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം. ആദിവാസികൾ സമചിത്തത പാലിച്ച് വ്യക്തികളെ ഉപദ്രവിക്കുന്ന ശൈലി ഉപേക്ഷിക്കണമെന്ന് ജില്ലാ ഡയറക്ടർ ഫാ. റോബിൻ വടക്കുഞ്ചേരി അഭ്യർഥിച്ചു.

സംസ്ഥാന സർക്കാർ തന്നെയാണ് സി.കെ ജാനുവിന്റെ നേതൃത്വത്തിലുള്ള തീവ്രവാദി പ്രവർത്തനങ്ങളെ വളർത്തിക്കൊണ്ടു വന്നതെന്ന് സി.പി.ഐ ജില്ലാ കൗൺസിൽ കുറ്റപ്പെടുത്തി.സർക്കാരിന്റെ നിസംഗതയും വഞ്ചനയുമാണ് രൂക്ഷമായ സംഘർഷത്തിൽ കലാശിച്ചത്. മധ്യമന്ത്രിയും ജില്ലയിലെ എം.എൽ.എ മാരും രാജി വെക്കണമെന്നും ആവശ്യപ്പെട്ടു. ടി. സുരേഷ്ചന്ദ്രൻ അധ്യക്ഷനായിരുന്നു.

മുത്തങ്ങ സംഭവത്തിൽ സർക്കാരിന് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയാനാവില്ലെന്ന് നേതി ഫിലിം സൊസൈറ്റി ചൂണ്ടിക്കാട്ടി. മാറി മാറി വരുന്ന സർക്കാരുകളുടെ വഞ്ചനയാണ് ആദിവാസികളെ സമരമുഖത്തേക്ക് വലിച്ചിഴച്ചത്. സമരക്കാരുമായി ചർച്ച നടത്തുവാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായില്ല. അലംഭാവത്തിന് ശേഷം കൂട്ടക്കൊലയിലൂടെ പ്രശ്ന പരിഹാരത്തിന് ശ്രമിച്ച ന്റ നടപടി കിരാതമായിപ്പോയി.

ആദിവാസി ഭൂപ്രശ്നത്തിൽ ആന്റണി സർക്കാർ സ്വീകരിച്ച നിരുത്തരവാദപരമായ സമീപനമാണ് മുത്തങ്ങയിലെ കൂട്ടക്കൊലയിൽ കലാശിച്ചതെന്ന് സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ കുറ്റപ്പെടുത്തി.

ആന്റണി സർക്കാരിന്റെ കുൽസിത നീക്കങ്

ദീപിക

പുസ്തകം 2 • ലക്കം 51
1178 കുഭം 9 • 1423 ദുൽഹജ്ജ് 19 • 1924 ഫാൽഗുനം 2

തെറ്റ് തെറ്റുതന്നെയാണ്. അത് ആരു ചെയ്തു, ആരു പറഞ്ഞു എന്നതു പ്രശ്നമേയല്ല.
മാൽക്കം എക്സ്

അന്യോന്യം പഴി ചാരിയാൽ കൈത്തറി രക്ഷപ്പെടുമോ?

വ്യവസായ സ്വർഗമാകാൻ പോകുന്ന കേരളത്തെ സ്വപ്നം കണ്ട്, മനോരഥങ്ങളിലേറി നടക്കുകയാണ് ജിമ്മിന്റെ വിജയലഹരി വിടാത്ത ഭരണാധികാരികൾ. വികസനത്തെപ്പറ്റി സ്വപ്നം കാണുന്നത് തെറ്റല്ല. എന്നു മാത്രമല്ല അതു വേണ്ടതുമാണ്. കാരണം വലിയ നേട്ടങ്ങൾക്കായി പരിശ്രമിക്കുന്നതിനു പ്രചോദനമേകാൻ സ്വപ്നങ്ങൾക്കു കഴിയും. എന്നാൽ ദിവാസ്വപ്നങ്ങളിൽ മുഴുകി യാഥാർത്ഥ്യങ്ങളെ പാടേ അവഗണിക്കുന്നത് അപകടമാണ്. പക്ഷേ കേരളത്തിലിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതല്ലേ? പരമ്പരാഗത വ്യവസായങ്ങൾ മിക്കതും ഇവിടെ തകർന്നടിയുകയാണ്. എന്നിട്ടും സർക്കാർ അതു കാണുന്നില്ല; അഥവാ കണ്ടില്ലെന്നു നടിക്കുന്നു.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖ സ്ഥാനമാണ് കൈത്തറിക്കുള്ളത്. പതിനായിരക്കണക്കിനു കുടുംബങ്ങളുടെ ഉപജീവന മാർഗമാണത്. ഏതാനും വർഷങ്ങളായി വൻ തകർച്ചയിലാണ് കൈത്തറി മേഖല. ഇതിനു കാരണങ്ങൾ പലതുണ്ടെങ്കിലും സർക്കാരിന്റെ അവഗണനയുടെയും അനാസ്ഥയുടെയും പങ്ക് ചെറുതല്ല. ഏതാനും ദിവസം മുമ്പ് തിരുവനന്തപുരത്തു വന്ന കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി കാശിറാം റാണ വിരൽ ചൂണ്ടിയതും ഇതിലേക്കായിരുന്നു. കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനും തൊഴിലാളികളെ സഹായിക്കാനും കേന്ദ്രം ആവിഷ്കരിച്ച പദ്ധതികളുടെ പ്രയോജനം കേരളത്തിനു ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ശുഷ്കാന്തി കാട്ടുന്നില്ലെന്നാണ് കേന്ദ്രമന്ത്രി കുറ്റപ്പെടുത്തിയത്. എന്നാൽ സംസ്ഥാന സർക്കാർ അതു നിഷേധിക്കുകയാണ്. കൈത്തറി മേഖലയിൽ കേന്ദ്രം നടപ്പാക്കുന്ന പദ്ധതികൾക്കായി മൊത്തം 12.32 കോടി രൂപയുടെ പദ്ധതികൾ കേരളം സമർപ്പിച്ചിട്ടുണ്ടെന്നാണ് സംസ്ഥാന കൈത്തറി ഡയറക്ടറേറ്റ് പത്രക്കുറിപ്പിൽ അറിയിച്ചത്. ഇവിടെ ആരു പറയുന്നതാണ് ശരി?

കൈത്തറി മേഖലയെ സമുദ്ധരിക്കാൻ നിരവധി പദ്ധതികൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പാവപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് സൗജന്യമായി തറികൾ നല്കാനുള്ള പദ്ധതിയാണ് ഇതിലൊന്ന്. ഇതിനാവശ്യമായ ചെലവിൽ 70 ശതമാനം കേന്ദ്രം ഗ്രാന്റായി നൽകും. ബാക്കി തുക സംസ്ഥാന സർക്കാരും ധനകാര്യ സ്ഥാപനങ്ങളും കൂടി കണ്ടെത്തിയാൽ മതി. കൈത്തറിയുടെ നൂതന സങ്കേതങ്ങളെക്കുറിച്ച് തൊഴിലാളികളെ പരിശീലിപ്പിക്കുന്ന ഒരു പദ്ധതിയും കേന്ദ്രത്തിനുണ്ട്. ഒരു ലക്ഷം പേരെയാണ് ഇതിൽ പെടുത്തിയിരിക്കുന്നത്. സബ്സിഡി നിരക്കിൽ നൂൽ നൽകാൻ നൂൽ ബാങ്ക്, പഴയ തറികൾ മാറ്റി പുതിയവ സ്ഥാപിക്കാൻ ധനസഹായം തുടങ്ങിയവയാണ് ഇതര പദ്ധതികൾ. കേരളത്തിലെ രണ്ടു ലക്ഷം കൈത്തറിക്കാർക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ലെന്നും കേരളം പദ്ധതി നിർദേശങ്ങൾ സമർപ്പിക്കാത്തതു കൊണ്ടാണ് ഇതെന്നുമാണ് കേന്ദ്ര മന്ത്രിയുടെ കുറ്റപ്പെടുത്തൽ.

അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേരളത്തിൽ നടപ്പുവർഷം 12.32 കോടി രൂപ ചെലവിട്ടതായി സംസ്ഥാന സർക്കാർ അവകാശപ്പെടുന്നു. ഇതിൽ 3.74 കോടി രൂപ കേന്ദ്ര സഹായമാണ്. ദീൻ ദയാൽ ഹത്കർഘ പ്രോത്സാഹൻ സ്കീമിൽ 9.69 കോടി രൂപയുടെ പദ്ധതി നിർദേശങ്ങൾ കേരളം സമർപ്പിച്ചിട്ടുണ്ട്. നെയ്ത്തുകാരുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 3.89 കോടി രൂപയുടെ പദ്ധതിയും സമർപ്പിച്ചു. കണ്ണൂരിൽ 40 കോടി രൂപയുടെ ഐ.സി.ഡി പദ്ധതി കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തിട്ടുണ്ടത്രേ. ഇതു ശരിയെങ്കിൽ കേന്ദ്രമന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനമെന്താണ്? ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമിക്കാനുള്ള അപ്പാരൽ പാർക്കുകൾക്കു കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നുണ്ട്. എന്നാൽ തിരുവന്തപുരത്തെ അപ്പാരൽ പാർക്കിന്, കേന്ദ്ര പദ്ധതി പ്രഖ്യാപിക്കപ്പെടും മുമ്പ് സ്ഥാപിക്കപ്പെട്ടതായതിനാൽ ഗ്രാന്റ് നൽകാനാവില്ല എന്നാണ് കേന്ദ്ര നിലപാട്. സംസ്ഥാന സർക്കാരിന്റെ അനാസ്ഥയെ കുറ്റം പറയുന്നവർ ഇത്തരം നിഷേധാത്മക സമീപനം തിരുത്താൻ തയാറാകണം. തൊടു ന്യായങ്ങൾ പറഞ്ഞ് കേരളത്തിനുള്ള സഹായങ്ങൾ നിഷേധിക്കാതെ, അർഹമായതു നൽകാനാണ് കേന്ദ്രം ശ്രമിക്കേണ്ടത്. ഇല്ലെങ്കിൽ കേന്ദ്ര മന്ത്രിയുടെ വെളപ്പെടുത്തലിനു പിന്നിലെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടും.

റിബേറ്റ് കുടിശ്ശിക നൽകാത്തത് അടക്കമുള്ള കാരണങ്ങളാൽ കൈത്തറിവ്യവസായം കടുത്ത പ്രതിസന്ധിയിലാണിന്ന്. കോടിക്കണക്കിനു രൂപയുടെ തുണി കെട്ടിക്കിടക്കുന്നു. കൈത്തറി തൊഴിലാളികളിൽ നല്ലൊരു പങ്ക് പണിയില്ലാതെ പട്ടിണിയിലാണ്. കേരളത്തിൽ കൈത്തറിയുടെ കേന്ദ്രമായ കണ്ണൂരിൽ നിന്ന് പ്രതിവർഷം ഏകദേശം 250 കോടി രൂപയുടെ കൈത്തറി കയറ്റുമതി ചെയ്യുന്നുണ്ട്. അവിടമിന്ന് തറികളുടെ ശവപ്പറമ്പായി മാറുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് സത്വര നടപടികൾ ഉണ്ടായില്ലെങ്കിൽ കൈത്തറി മേഖല സമ്പൂർണമായി നശിക്കും. ജിമ്മിലെ മോഹന വാഗ്ദാനങ്ങളിൽ മയങ്ങി പരമ്പരാഗത മേഖലകളെ പാടേ അവഗണിച്ചാൽ തകരുന്നത് കുറേയേറെ തൊഴിലാളികൾ മാത്രമാവില്ല, കേരളം മൊത്തത്തിലായിരിക്കും.

ചരിത്രത്തിൽ ഇന്ന് - ഫെബ്രുവരി - 21

സി.ഐ.എ. തലവൻ അറസ്റ്റിൽ


ട്രെവിതിക്

* റെയിൽപാളത്തിൽ ഉപയോഗിക്കാനുള്ള ആദ്യ ആവിഎൻജിൻ ബ്രിട്ടീഷ് എൻജിനീയർ റിച്ചാർഡ് ട്രെവിതിക് പ്രദർശിപ്പിച്ചു (1804)
* ഫിഡൽകാസ്ട്രോ ക്യൂബയിലെ എല്ലാ സ്വകാര്യബിസിനസുകളും ദേശസാൽകരിച്ചു (1960)
* സോവ്യറ്റ് യൂണിയനുവേണ്ടി ചാര വൃത്തി നടത്തിയതിന് അമേരിക്കൻ ചാരസംഘടനയായ സി.ഐ.എയുടെ മുൻ തലവൻ ആൽഡ്രിച്ച് ഗാസെൻ ആംസിനെയും പത്നിയേയും അറസ്റ്റു ചെയ്തു (1994)
* കർദിനാൾ ജോൺ ഹെൻറി ന്യൂമാൻ (1801), റോബർട്ട് മുഗാബേ (1924) ജന്മദിനം.
* കറുത്ത വംശജനായ അമേരിക്കൻ മുസ്ലിം നേതാവ് മാൽകം എക്സ് വെടിയേറ്റു മരിച്ചു (1965).

അനുരോഷണം

ആരും മോശക്കാരല്ല

ഞാൻ സമർഥൻ, മറ്റുള്ളവരെല്ലാം മോശക്കാർ എന്നു കരുതുന്ന ചിലരുണ്ട്. അതിരുകവിഞ്ഞ ആത്മവിശ്വാസവും തദ്ഫലമായുണ്ടാകുന്ന അഹന്തയുമാണ് ഇവരുടെ മുഖമുദ്ര. ഓരോ മനുഷ്യനും അവരവരുടേതായ വ്യക്തിത്വവും കഴിവുകളും നന്മകളുമൊക്കെ ഉണ്ടെന്ന് മനസിലാക്കണം. ഒരുപേക്ഷ ഇതൊക്കെ അല്പം കുറവാണെങ്കിൽപോലും അങ്ങനെയുള്ളവരെ അപഹസിക്കാൻ നമുക്കവകാശമില്ല. മറ്റുള്ളവരെ നാം മോശക്കാരായി കാണുന്നുവെങ്കിൽ അത് അവരുടെ കുറ്റമല്ല. നമ്മുടെ തന്നെ കുറ്റമാണ്. നമ്മുടെ അഹന്തയുടെ പ്രതിഫലനമാണത്. അല്ലെങ്കിൽത്തന്നെ സ്വയം വലിയവനെന്നു നടിക്കാൻ നമുക്ക് എങ്ങിനെ കഴിയും? എന്താണ് നമ്മുടെ മേന്മ. ഈശ്വരൻതന്ന കഴിവിനും ആരോഗ്യത്തിനും ബുദ്ധിശക്തിക്കും അപ്പുറം നമ്മുടേതായി ഒന്നുമില്ല.അതിനുതക്ക അമാനുഷരല്ല നാമാരും.

Edited, printed and published by Jose Thomas Pattara* on behalf of Rashtra Deepika Ltd., East Nadakkave P. O, Kozhikode, and printed at Thoufeeque Offset Press, East Nadakkave P.O, Kozhikode-6.
Chief Editor: Fr. Jose Panthaplamthottiyil. Managing Director: Jose Thomas Pattara.
Phone: 0495- 2762190, 2762191, 2762192, 2762193, 2762194
E-mail: deepikaclt@deepika.com
*Responsible for selection of news under PRB Act.

കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം

രാഷ്ട്രീയവത്കരണംമൂലം ജനങ്ങളുടെ യഥാർഥപ്രശ്നങ്ങൾ സഭയിൽനിന്ന് അകന്നുപോകുകയാണ്.ഇതുമൂലം ജനങ്ങളോടു പൂർണമായും ഉത്തരവാദിത്വം നിറവേറ്റാൻ ജനപ്രതിനിധിക്കോ നിയമസഭാസമ്മേളനങ്ങൾക്കോ കഴിയുന്നില്ല. വികസനകാര്യങ്ങൾ സഭയിൽ പറഞ്ഞാൽ മാധ്യമങ്ങൾപോലും കാര്യമായി ശ്രദ്ധിക്കാറില്ല. എന്നാൽ രാഷ്ട്രീയം പറഞ്ഞാൽ പതിവിലേറെ പ്രാധാന്യം ലഭിക്കുകയും ചെയ്യും. മാധ്യമങ്ങളിൽ സ്ഥാനംപിടിക്കാനുള്ള ഈ ഫോർമുല യുവ എംഎൽഎമാർവരെ പഠിച്ചുകഴിഞ്ഞു.



ഷിബു ബേബി ജോൺ (ആർ.എസ്.പി-ബി)
ചവറ

നിയമസഭയിലെ ഭരണ-പ്രതിപക്ഷങ്ങളുടെ നിലപാടുകൾ കാണുമ്പോൾ പലപ്പോഴും വിഷമം തോന്നാറുണ്ട്. പ്രതിപക്ഷമാണെങ്കിൽ എതിർക്കാൻവേണ്ടി മാത്രം എതിർക്കുകയും ഭരണപക്ഷം അനുകൂലിക്കാൻവേണ്ടി അനുകൂലിക്കുകയും ചെയ്യുന്ന രീതിയാണ് എന്നെപ്പോലുള്ള കന്നി അംഗങ്ങളെ നിരാശപ്പെടുത്തുന്നത്. എന്നാൽ, മുത്തങ്ങയിലെ ആദിവാസികളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടലിനെക്കുറിച്ച് ഇന്നലെ സഭയിൽ വന്ന അടിയന്തരപ്രമേയം പതിവിനു വിപരീതമായി ഏറെ ആകർഷിച്ചു.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി വികാരഭരിതമായാണ് സംഭവം അവതരിപ്പിച്ചത്. ആദിവാസിമേഖലയുമായി ബന്ധപ്പെട്ട അനേകം വസ്തുതകൾ കോടിയേരി നിരത്തിവച്ചു. നിഷ്പക്ഷമായി വിലയിരുത്തിയാൽ രണ്ടുപക്ഷത്തു നിന്നും പറഞ്ഞ ആശയങ്ങൾ ഏതാണ്ട് സമാനസ്വഭാവമുള്ളതായിരുന്നു. ആ മേഖലയിൽ തീവ്രവാദം വളരുന്നതിന്റെ ദുഃഖം കൊടിയുടെ നിറവ്യത്യാസമില്ലാതെ എല്ലാവർക്കും അനുഭവപ്പെട്ടു. സഭയുടെ നിലവാരം ഉയർത്തിയ ചർച്ചകൂടി ഇതോടൊപ്പം നടന്നു.

എന്നാൽ, നല്ലൊരു ശതമാനം അടിയന്തരപ്രമേയങ്ങളും പൊതുവേ രാഷ്ട്രീയപ്രേരിതമായി അവതരിപ്പിക്കുന്നതുകൊണ്ട് പ്രഹസനമായിത്തീരുന്നതായാണ് കണ്ടുവരുന്നത്. എന്റെ പിതാവ് ബേബി ജോൺ അംഗമായിരുന്നകാലത്ത് പലപ്പോഴും നിയമസഭാചർച്ചകൾ ഗാലറിയിലിരുന്നും പുറത്തു മാധ്യമങ്ങളിലൂടെയും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്രയും പ്രാധാന്യമുള്ള സംഭവങ്ങൾമാത്രമേ അടിയന്തരപ്രമേയം ആകാറുള്ളു. അതു സംസ്ഥാനത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റാറുമുണ്ട്.

എന്നാൽ ഇപ്പോൾ തൊട്ടതിനും പിടിച്ചതിനുമൊക്കെ അടിയന്തരപ്രമേയവും വാക്കൗട്ടും നടക്കുന്നതുകൊണ്ട് പ്രാധാന്യം നഷ്ടപ്പെട്ടുവരികയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ അതീവപ്രാധാന്യമുള്ള ജനകീയപ്രശ്നങ്ങളാണ് അടിയന്തരപ്രമേയമാകേണ്ടത്.

കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം നിയമസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നാണ് എന്നെപ്പോലുള്ള അംഗങ്ങളുടെ അഭിപ്രായം. രാഷ്ട്രീയവത്കരണംമൂലം ജനങ്ങളുടെ യഥാർഥപ്രശ്നങ്ങൾ സഭയിൽനിന്ന് അകന്നുപോകുകയാണ്. എന്റെ പിതാവ് ബേബി ജോൺ അംഗമായിരുന്നകാലത്ത് പലപ്പോഴും നിയമസഭാചർച്ചകൾ ഗാലറിയിലിരുന്നും പുറത്തു മാധ്യമങ്ങളിലൂടെയും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്രയും പ്രാധാന്യമുള്ള സംഭവങ്ങൾമാത്രമേ അടിയന്തരപ്രമേയം പതിവിനു വിപരീതമായി ഏറെ ആകർഷിച്ചു.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി വികാരഭരിതമായാണ് സംഭവം അവതരിപ്പിച്ചത്. ആദിവാസിമേഖലയുമായി ബന്ധപ്പെട്ട അനേകം വസ്തുതകൾ കോടിയേരി നിരത്തിവച്ചു. നിഷ്പക്ഷമായി വിലയിരുത്തിയാൽ രണ്ടുപക്ഷത്തുനിന്നും പറഞ്ഞ ആശയങ്ങൾ ഏതാണ്ട് സമാനസ്വഭാവമുള്ളതായിരുന്നു. ആ മേഖലയിൽ തീവ്രവാദം വളരുന്നതിന്റെ ദുഃഖം കൊടിയുടെ നിറവ്യത്യാസമില്ലാതെ എല്ലാവർക്കും അനുഭവപ്പെട്ടു. സഭയുടെ നിലവാരം ഉയർത്തിയ ചർച്ചകൂടി ഇതോടൊപ്പം നടന്നു.

എന്നാൽ, നല്ലൊരു ശതമാനം അടിയന്തരപ്രമേയങ്ങളും പൊതുവേ രാഷ്ട്രീയപ്രേരിതമായി അവതരിപ്പിക്കുന്നതുകൊണ്ട് പ്രഹസനമായിത്തീരുന്നതായാണ് കണ്ടുവരുന്നത്. എന്റെ പിതാവ് ബേബി ജോൺ അംഗമായിരുന്നകാലത്ത് പലപ്പോഴും നിയമസഭാചർച്ചകൾ ഗാലറിയിലിരുന്നും പുറത്തു മാധ്യമങ്ങളിലൂടെയും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്രയും പ്രാധാന്യമുള്ള സംഭവങ്ങൾമാത്രമേ അടിയന്തരപ്രമേയം പതിവിനു വിപരീതമായി ഏറെ ആകർഷിച്ചു.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി വികാരഭരിതമായാണ് സംഭവം അവതരിപ്പിച്ചത്. ആദിവാസിമേഖലയുമായി ബന്ധപ്പെട്ട അനേകം വസ്തുതകൾ കോടിയേരി നിരത്തിവച്ചു. നിഷ്പക്ഷമായി വിലയിരുത്തിയാൽ രണ്ടുപക്ഷത്തുനിന്നും പറഞ്ഞ ആശയങ്ങൾ ഏതാണ്ട് സമാനസ്വഭാവമുള്ളതായിരുന്നു. ആ മേഖലയിൽ തീവ്രവാദം വളരുന്നതിന്റെ ദുഃഖം കൊടിയുടെ നിറവ്യത്യാസമില്ലാതെ എല്ലാവർക്കും അനുഭവപ്പെട്ടു. സഭയുടെ നിലവാരം ഉയർത്തിയ ചർച്ചകൂടി ഇതോടൊപ്പം നടന്നു.

എന്നാൽ, നല്ലൊരു ശതമാനം അടിയന്തരപ്രമേയങ്ങളും പൊതുവേ രാഷ്ട്രീയപ്രേരിതമായി അവതരിപ്പിക്കുന്നതുകൊണ്ട് പ്രഹസനമായിത്തീരുന്നതായാണ് കണ്ടുവരുന്നത്. എന്റെ പിതാവ് ബേബി ജോൺ അംഗമായിരുന്നകാലത്ത് പലപ്പോഴും നിയമസഭാചർച്ചകൾ ഗാലറിയിലിരുന്നും പുറത്തു മാധ്യമങ്ങളിലൂടെയും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്രയും പ്രാധാന്യമുള്ള സംഭവങ്ങൾമാത്രമേ അടിയന്തരപ്രമേയം ആകാറുള്ളു. അതു സംസ്ഥാനത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റാറുമുണ്ട്.

എന്നാൽ ഇപ്പോൾ തൊട്ടതിനും പിടിച്ചതിനുമൊക്കെ അടിയന്തരപ്രമേയവും വാക്കൗട്ടും നടക്കുന്നതുകൊണ്ട് പ്രാധാന്യം നഷ്ടപ്പെട്ടുവരികയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ അതീവപ്രാധാന്യമുള്ള ജനകീയപ്രശ്നങ്ങളാണ് അടിയന്തരപ്രമേയമാകേണ്ടത്.

കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം നിയമസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നാണ് എന്നെപ്പോലുള്ള അംഗങ്ങളുടെ അഭിപ്രായം. രാഷ്ട്രീയവത്കരണംമൂലം ജനങ്ങളുടെ യഥാർഥപ്രശ്നങ്ങൾ സഭയിൽനിന്ന് അകന്നുപോകുകയാണ

കടൽമണൽഖനനം മന്ത്രി നിഷേധിക്കുന്നു; വെബ്സൈറ്റിൽ സമ്മതിക്കുന്നു

ഷാജൻ സി. മാത്യു

തിരുവനന്തപുരം: കേരളതീരത്തുനിന്നു കടൽമണൽ ഖനനം ചെയ്യുന്നതിന് മുംബൈ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിരിക്കേയാണ് ഇക്കാര്യം പരിഗണനയിലേയില്ലെന്ന് വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറയുന്നതെന്നു വ്യക്തമായി. കെ.എസ്.ഐ.ഡി.സിയുടെ വെബ്സൈറ്റിൽത്തന്നെ ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ നല്കിയിട്ടുണ്ട്. പദ്ധതിക്കുള്ള അന്തിമാനുമതി സംബന്ധിച്ച നടപടികൾ വ്യവസായ വികസന കോർപ്പറേഷനിൽ പുരോഗമിക്കുകയുമാണ്.

സുജാതൻ എന്ന മലയാളിയുടെ മുംബൈയിലെ ക്രൗൺ മാരിടൈം ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനവുമായാണ് കടൽമണൽഖനനത്തിനുള്ള ധാരണാപത്രം വ്യവസായ വികസന കോർപ്പറേഷൻ ഒപ്പുവച്ചിരിക്കുന്നത്. പരിസ്ഥിതിവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പ് ആരംഭിക്കാമെന്ന് ധാരണാപത്രത്തിൽ പറയുന്നു. 180 കോടിയാണ് പദ്ധതിയുടെ മൊത്തം ചെലവെന്നും വെബ്സൈറ്റിൽ പറയുന്നുണ്ട്.

എന്നാൽ, കടൽമണൽ ഖനനം പരിഗണനയിലേയില്ലെന്നാണ് ബുധനാഴ്ച നിയമസഭയിൽ വകുപ്പുമന്ത്രി കുഞ്ഞാലിക്കുട്ടി പറഞ്ഞത്. "എത്ര തവണയായി പദ്ധതിയില്ലെന്നു ഞാൻ പറയുന്നു. എന്നിട്ട് വെറുതേ പ്രചാരണത്തിനായി മാത്രം ഇതേപ്പറ്റി ബഹളമുണ്ടാക്കുകയാണ്." എന്നാണ് ഏ.നീലലോഹിതദാസിന്റെ ശ്രദ്ധക്ഷണിക്കലിന് മന്ത്രി മറുപടി നല്കിയത്.

കടൽമണൽ ഖനനത്തിന്റെ പരിസ്ഥിതി പഠനം മാത്രമാണ് നടക്കുന്നതെന്നാണ് സർക്കാർ നിലപാട്. മുംബൈയിലെ ക്രൗൺ മാരിടൈം കമ്പനിയാണ് രണ്ട് കോടി മുടക്കി ഈ പഠനം നടത്തുന്നത്.

പദ്ധതിയെപ്പറ്റിയാതൊരു ഉറപ്പുമില്ലാതെ പഠനത്തിനായി മാത്രം ഏതെങ്കിലും കമ്പനി രണ്ടുകോടി മുടക്കുമോയെന്ന ചോദ്യവും ശ്രദ്ധേയമാണ്. www.ksidc.org എന്ന വെബ് സൈറ്റിൽ ജിംബ്രിംഗ് സ് ഇൻവെസ്റ്റ്മെന്റ്സ് ടു ദ സ്റ്റേറ്റ് എന്ന പേജിൽ ധാരണാപത്രത്തെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാണ്.

ബി.എസ്.എൻ.എൽ മൊബൈൽ ഇൻകമിംഗ് കോൾ സൗജന്യമാക്കി

തിരുവനന്തപുരം: ബി.എസ്.എൻ.എൽ.മൊബൈൽ ഫോണിലേക്ക് മറ്റു ടെലിഫോൺ, മൊബൈൽഫോൺ ശൃംഖലകളിൽനിന്നുള്ള മുഴുവൻ ഇൻകമിംഗ് കോളുകളും സൗജന്യമാക്കി. പ്രീ-പെയ്ഡ് എക സൽ, പോസ്റ്റ് പെയ്ഡ് സെൽ വൺ സർവീസുകളിൽ ഇന്നു മുതൽ മാർച്ച് 31 വരെയാണ് ഈ സൗജന്യമെന്ന് ബി.എസ്.എൻ.എൽ വാർത്താകുറിപ്പിൽ അറിയിച്ചു. അടുത്തയാഴ്ച മുതൽ കൂടുതൽ മൊബൈൽ കണക്ഷനുകൾ നൽകുമെന്നും വാർത്താകുറിപ്പിൽ പറഞ്ഞു.

മുത്തങ്ങ സംഭവം: നിയമസഭ സ്തംഭിച്ചു

തിരുവനന്തപുരം: വയനാട്ടിലെ മുത്തങ്ങ വനത്തിൽ കഴിഞ്ഞ ദിവസമുണ്ടായ അക്രമസംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം ഇന്നലെ നിയമസഭ സ്തംഭിപ്പിച്ചു.

വാക്കൗട്ടും ബഹിഷ്കരണവും നടത്തിയ പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ മുഴക്കി. ഇതോടെ ഏതാനും മിനിട്ടുകൾക്കകം മറ്റ് നടപടികൾ പൂർത്തിയാക്കി സഭ ഇന്നലത്തേക്ക് പിരിയുന്നതായി സ്പീക്കർ വക്കം പുരുഷോത്തമൻ പ്രഖ്യാപിച്ചു. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭാകവാടത്തിൽ ധർണ നടത്തി.

രാവിലെ കറുത്ത ബാഡ്ജുകൾ ധരിച്ച് പ്ലക്കാർഡുകളുമേന്തിയാണ് പ്രതിപക്ഷാംഗങ്ങൾ സഭയിലേക്ക് കടന്നു വന്നത്. ശൂന്യവേളയിൽ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ കെ.പി. രാജേന്ദ്രൻ, എ.സി.ഷണ്മുഖദാസ്, വി.സി. കബീർ, സി.കെ.നാണു, ഡോ. കെ.സി. ജോസഫ്, കോവൂർ കുഞ്ഞുമോൻ എന്നിവർ ചേർന്ന് മുത്തങ്ങ പ്രശ്നത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടി. എന്നാൽ മുഖ്യമന്ത്രിയുടെ വിശദീകരണത്തെത്തുടർന്ന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് ആദ്യം ഇറങ്ങിപ്പോക്ക് നടത്തിയ പ്രതിപക്ഷം പിന്നീട് തിരിച്ചെത്തി സഭാനടപടികൾ സ്തംഭിപ്പിക്കുകയായിരുന്നു.

സംസ്ഥാനത്ത് സായുധകലാപത്തിനോ, ചോരപ്പുഴയൊഴുക്കാനോ ആരെങ്കിലും ശ്രമിച്ചാൽ ശക്തമായിത്തന്നെ സർക്കാർ നേരിടുമെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി വ്യക്തമാക്കി.

മുത്തങ്ങയിലരങ്ങേറിയ സംഭവം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. സമൂഹത്തിലെ ദുർബലരിലും ദുർബല വിഭാഗമായതുകൊണ്ടാണ് ഇത്രയും നാൾ അങ്ങേയറ്റം സംയമനം പാലിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പാക് വ്യോമസേനാ മേധാവിയും 16 പേരും മരിച്ചു

(ഒന്നാം പേജ് തുടർച്ച)

അതിർത്തി പ്രവിശ്യയിൽ കൊഹട്ട് നഗരത്തിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ പടിഞ്ഞാറാണ് വിമാനം തകർന്നു വീണത്. ഛക്‌ലാല വ്യോമതാവളത്തിൽ വാർഷിക പരിശോധന നടത്തിയ ശേഷം കൊഹട്ടിനു സമീപമുള്ള വ്യോമ താവളത്തിൽ വിദേശത്തുനിന്ന് പുതുതായി ലഭിച്ച യുദ്ധവിമാനം പരിശോധിക്കാൻ പോവുകയായിരുന്നു മിറും സംഘവും..

ഛക്‌ലാല വ്യോമതാവളത്തിൽ നിന്ന് പറന്നുപയർന്ന വിമാനത്തിന് 17 മിനിറ്റ് കഴിഞ്ഞപ്പോൾ നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നു. 8.35-ന് ടൊളഞ്ച് മലനിരകളിൽ വിമാനം തകർന്ന് വീണതായി പാക് വ്യോമസേന പത്രക്കുറിപ്പിൽ അറിയിച്ചു.

രാമക്ഷേത്രം വേണം;ഗോവധം നിരോധിക്കും: വാജ്പേയി

മാൻഡി: ഹിമാചൽപ്രദേശ് നിയമസഭാതെരഞ്ഞെടുപ്പു പ്രചാരണത്തിന് ഹിന്ദുത്വ നിലപാടുമായി പ്രധാനമന്ത്രി വാജ്പേയി. അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കുക എന്ന ബി.ജെ.പി നിലപാടിൽ യാതൊരു മാറ്റവും ഇല്ലെന്ന് പ്രധാനമന്ത്രി പ്രചാരണയോഗത്തിൽ പറഞ്ഞു.

രാജ്യം മുഴുവൻ ഗോവധം നിരോധിക്കാനാണ് ബി.ജെ.പിക്കു താൽപര്യം. ഇതിനായി നിയമംകൊണ്ടുവരും-പ്രധാനമന്ത്രി വ്യക്തമാക്കി. ബി.ജെ.പി. ഗോവധം നിരോധിക്കില്ലെന്നും വാജ്പേയി ഗോമാംസം കഴിക്കുന്നുണ്ടെന്നുമുള്ള മധ്യപ്രദേശിലെ കോൺഗ്രസ് നേതാക്കളുടെ ആരോപണത്തോടു പ്രതികരിക്കുകയായിരുന്നു വാജ്പേയി. "ഗോമാംസം കഴിക്കുന്നതിനേക്കാൾ ഞാനിഷ്ടപ്പെടുക മരണമാണ്"-വികാരഭരിതനായി വാജ്പേയി പറഞ്ഞു.

രാജ്യത്തിന്റെ പലഭാഗത്തും ഗോവധം നിരോധിച്ചിട്ടുണ്ട്. ഇനി അത് രാജ്യവ്യാപകമാക്കാൻ പഴുതുകൾ അടയ്ക്കുന്ന നിയമം കൊണ്ടുവന്നാൽ മതി-പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

നിയമസഭാതെരഞ്ഞെടുപ്പു നടക്കാനിരിക്കുന്ന മധ്യപ്രദേശിൽ ഭരണത്തിലുള്ള കോൺഗ്രസ് വാജ്പേയി ഗോമാംസം കഴിക്കുന്നതായി പ്രചരിപ്പിക്കുന്നുണ്ട്. ഗോവധത്തിനനുകൂലമായ നിലപാടും മധ്യപ്രദേശിലെ കോൺഗ്രസ് എടുക്കുന്നു. ഈ സാഹചര്യത്തിലാണ് വാജ്പേയിയുടെ നീക്കം.

അയോധ്യയിൽ രാമക്ഷേത്രം ഉണ്ടായിരുന്നതിന് ചരിത്രത്തിൽ തെളിവുകളുണ്ടെന്ന് പറഞ്ഞ വാജ്പേയി ക്ഷേത്ര നിർമ്മാണം സംബന്ധിച്ച കോൺഗ്രസ് നിലപാട് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു.

ക്ഷേത്രനിർമ്മാണത്തിനനുകൂലമായ വിധിയാവും സുപ്രീംകോടതിയിൽനിന്നുണ്ടാവുകയെന്ന പ്രതീക്ഷ പ്രധാനമന്ത്രി പ്രകടിപ്പിച്ചു.

അയോധ്യയിൽ തർക്കസ്ഥലത്ത് ക്ഷേത്രം നിലനിന്നിരുന്നു എന്നതിനു തെളിവുകളുണ്ട്-അദ്ദേഹം കൂട്ടിച്ചേർത്തു. എന്തായാലും കോടതിവിധി ബി.ജെ.പി. സ്വീകരിക്കുമെന്ന് വാജ്പേയി പറഞ്ഞു.

മൂല്യവർധിത നികുതി: സബ്ജക്ട് കമ്മിറ്റി കൂടി, അരിക്കും ഗോതമ്പിനും നികുതിയിളവ്

ടി. ദേവപ്രസാദ്

തിരുവനന്തപുരം: കേരളത്തിൽ അരിയുടെയും ഗോതമ്പിന്റെയും നികുതി ഏപ്രിൽ ഒന്നുമുതൽ ഒരു ശതമാനമായി കുറയും. ഇതടക്കമുള്ള വിവിധ നിർദേശങ്ങൾ ഇന്നലെ കൂടിയ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തു.

ഇപ്പോൾ നാലു ശതമാനമാണ് നികുതി. വാറ്റ് നിയമം നടപ്പാകുന്നതോടെയാണ് ഈ മാറ്റം ഉണ്ടാകുക. സ്വർണം, വെള്ളി തുടങ്ങിയവയ്ക്കും ഒരുശതമാനമാകും നികുതി.ഈ നിയമം നടപ്പാകുന്നതോടെ സംസ്ഥാനങ്ങളിലെ നികുതിക്ക് അഖിലേന്ത്യാതലത്തിൽ ഏകീകരണം ഉണ്ടാകും. നികുതിനിരക്കുകൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് ദേശീയതലത്തിൽ എംപവർ കമ്മിറ്റിയുണ്ടാകും. എല്ലാ സംസ്ഥാനത്തിനും പ്രാതിനിധ്യമുള്ള ഈ കമ്മിറ്റിയുടെ അനുവാദം ഇല്ലാതെ നികുതിനിരക്കുകൾ കൂട്ടാനോ കുറയ്ക്കാനോ കഴിയില്ല.

തമിഴ്നാട്ടിലും കർണാടകത്തിലും ഇപ്പോൾ അരിക്കും ഗോതമ്പിനും നികുതി ഒരുശതമാനമാണ്.

പുതിയനിരക്കു പ്രാബല്യത്തിൽ വരുന്നതോടെ അരിവില കുറയും.

നിയമത്തെക്കുറിച്ച് ഒരു ചർച്ചയും നടത്താതെയാണ് സഭ ബില്ല് സബ്ജക്ട് കമ്മിറ്റിക്കയച്ചതെങ്കിലും ഇന്നലെ ചേർന്ന സബ്ജക്ട് കമ്മിറ്റിയിൽ ബില്ലിനെക്കുറിച്ച് ഗൗരവതരമായ വിചിന്തനം നടന്നു.

ധനമന്ത്രിതന്നെ ധാരാളം ഭേദഗതികൾ നിർദേശിച്ചു. ബില്ലിന്റെ പരിഗണന ഇന്നലെ പൂർത്തിയാക്കി. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് അന്തിമരൂപം നൽകി.

നെല്ലിനെ നികുതിയിൽനിന്നും ഒഴിവാക്കി.

കർഷകരെയും കാർഷികവിളകളെയും നികുതിയിൽനിന്ന് ഒഴിവാക്കി. നികുതി നൽകേണ്ടിവരുന്നവർക്ക് പുത്തൻ നിർവചനം നൽകി.

ഇരുപതുലക്ഷം രൂപവരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് പ്രസംപ്റ്റിവ് ടാക്സ് നൽകാൻ അനുമതി നൽകി. രണ്ടുലക്ഷം മുതൽ അഞ്ചുലക്ഷം വരെ രൂപ വിറ്റുവരവുള്ളവർക്ക് നൽകിയിരുന്ന ഈ ആനുകൂല്യമാണ് 20 ലക്ഷം രൂപവരെ ടേണോവർ ഉള്ളവർക്ക് നൽകുന്നത്.

ഇത്തരം കച്ചവടക്കാർ 5,000 രൂപ പ്രസംപ്റ്റിവ് ടാക്സായി അടച്ച് വാറ്റിൽനിന്നും രക്ഷപ്പെടുകയായിരുന്നു. ടേണോവർ പരിധി ഉയർത്തിയപ്പോൾ അടയ്ക്കേണ്ട നികുതി 5,000 രൂപയിൽനിന്നും രണ്ടു ശതമാനമാക്കി.

ലോട്ടറി ടിക്കറ്റ് കച്ചവടക്കാർ, ഗ്രാനൈറ്റ് മെറ്റൽ ട്രഷറർ, പാകം ചെയ്ത ഭക്ഷണങ്ങൾ വിൽക്കുന്നവർ എന്നിവരെയും നികുതിയുടെ പരിധിയിലാക്കി.ദിവസ ലോട്ടറിക്ക് ഓരോ നറുക്കെടുപ്പിനും 10,000 രൂപ, പ്രതിവാര ലോട്ടറിക്ക് 20,000 രൂപ, ദ്വൈവാര ലോട്ടറിക്ക് 25,000 രൂപ, ബംപറിന് ഒരു ലക്ഷം രൂപ,

മുത്തങ്ങയിൽ പ്രതിപക്ഷ അന്വേഷണം

(ഒന്നാം പേജ് തുടർച്ച)

കോൺസ്റ്റബിളും ഒരു ആദിവാസിയും മാത്രമേ മരിച്ചിട്ടുള്ളൂ എന്നാണ് ഔദ്യോഗിക റിപ്പോർട്ടെന്ന് അദ്ദേഹം അറിയിച്ചു.

വനത്തിന്റെ പലമേഖലകളിലായി കൂടുതൽപേർ മരിച്ചിട്ടുണ്ടെന്ന അഭ്യൂഹം ശക്തമാണല്ലോ എന്നു ചോദിച്ചപ്പോൾ, ഔദ്യോഗികമായി ലഭിച്ച കണക്കു മാത്രമേ മുഖ്യമന്ത്രിക്കു പറയാനാകൂ എന്നായിരുന്നു ആന്റണിയുടെ മറുപടി. മുത്തങ്ങയിൽ ആദിവാസികളെ മാനുഷികമായി നേരിടും. വനത്തിൽ ആദിവാസികൾ കൈയേറ്റം ആരംഭിച്ചപ്പോൾത്തന്നെ പോലീസ് നടപടി കൈക്കൊള്ളാതാത്തത് അത്യാഹിതം ഇതിലും വർധിക്കുമെന്നു കരുതിയാണ്.

ആദിവാസികളെ മുൻനിർത്തി പ്രവർത്തിക്കുന്ന ശക്തികളെ വൈകാതെ രംഗത്തുകൊണ്ടുവരും. മറ്റു സംസ്ഥാനങ്ങളിലെ ചില ഘടകങ്ങളും ഇതിൽപ്പെടുന്നോ എന്നു സന്ദേഹമുണ്ട്. ആഗോളനിക്ഷേപക സമ്മേളനത്തോടെതന്നെ ചില പ്രത്യേക തരം ഗ്രൂപ്പുകൾ കേരളത്തിൽ തലപൊക്കിത്തുടങ്ങിയെന്ന് റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ അവർ ഒരുഘട്ടത്തിനപ്പുറം പോകുമെന്ന് കരുതിയതേയില്ല.

കൈയേറ്റഭൂമിയിൽനിന്ന് ആദിവാസികളെ ഇറക്കിവിടണമെന്ന് കേന്ദ്ര വനംമന്ത്രി ടി.ആർ. ബാലു, വനംവകുപ്പ് തുടങ്ങിയവർ ഉൾപ്പെടെ ശക്തമായ സമ്മർദം ചെലുത്തിയിരുന്നു. എന്നാൽ ആദിവാസികളായതുകൊണ്ട് സർക്കാർ ഭൂമിയോളം ക്ഷമിക്കുകയാണുണ്ടായത്.

നല്ലവാക്കു പറഞ്ഞ് ആദിവാസികളെ പിന്തിരിപ്പിക്കാനായിരിക്കും ഇനിയും ശ്രമം. ആദിവാസികളുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടില്ല. എന്നാൽ അനൗദ്യോഗിക ചർച്ച നടത്തിയിരുന്നു. ജില്ലാ കളക്ടറുമായും നിരന്തരം ബന്ധപ്പെട്ടിട്ടുണ്ട്.

മാധ്യമപ്രവർത്തകർക്ക് അവിടം സന്ദർശിക്കുന്നതിന് കാര്യമായ തടസമൊന്നുമില്ല. എന്നാൽ ഇത്തരമൊരു സംഭവം നടക്കുമ്പോൾ ചില അത്യാഹിതം സംഭവിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വൈദ്യുതി ബോർഡിൽ വിജിലൻസ് റെയ്ഡ്: വൻ ക്രമക്കേടു കണ്ടെത്തി

സി.പി.ശ്രീഹർഷൻ

തിരുവനന്തപുരം: വൈദ്യുതി കണക്ഷൻ ഇടപാടുകളിൽ വൻക്രമക്കേടുകൾ നടക്കുന്നതായി ഇന്നലെ നടന്ന വിജിലൻസ് റെയ്ഡിൽ കണ്ടെത്തി. ഈ രംഗത്ത് അഴിമതി വ്യാപകമാകുന്നുവെന്ന പരാതിയെത്തുടർന്നാണ് സംസ്ഥാനത്ത് കെ.എസ്.ഇ.ബി മേജർ സെക്ഷൻ ഓഫീസുകളിൽ ഇന്നലെ വിജിലൻസ് റെയ്ഡ് നടത്തിയത്.

ഉച്ചയ്ക്ക് ഒരു മണിയ്ക്കാണ് സംസ്ഥാനത്തെ 40 മേജർ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് സംഘം മിന്നൽ പരിശോധന തുടങ്ങിയത്. വിജിലൻസ് ഡയറക്ടർ ഹോർമീസ് തരകന്റെ നിർദേശപ്രകാരം വൈദ്യുതിബോർഡ് സെക്ഷൻ എൻജിനീയർമാരുടെ സഹായത്തോടെയായിരുന്നു റെയ്ഡ്. ഇത് രാത്രിവരെ നീണ്ടു.

മിക്ക ഓഫീസുകളിലും വൈദ്യുതി കണക്ഷൻ ഇടപാടിൽ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായും കാർഷിക കണക്ഷൻ ദുരുപയോഗം ചെയ്യപ്പെടുന്നതായും പരിശോധനയിൽ കണ്ടെത്തിയതായി വിജിലൻസ് വൃത്തങ്ങൾ അറിയിച്ചു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ ഓഫീസുകളിലാണ് ഇത് ഏറ്റവും കൂടുതൽ. മിക്ക ഓഫീസുകളിലും ഡ്യൂട്ടിസമയത്ത് ഉദ്യോഗസ്ഥർ കൃത്യമായി ഹാജരാകുന്നില്ലെന്നും തെളിഞ്ഞതായി വിജിലൻസ് ഉദ്യോഗസ്ഥർ പറഞ്ഞു.

അന്വേഷണ റിപ്പോർട്ട് ഉടൻ സർക്കാരിന് കൈമാറും. റെയ്ഡിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്കനടപടിക്ക് സർക്കാരിനോട് ശിപാർശ ചെയ്യുമെന്ന് വിജിലൻസ് ഐ.ജി സിബി മാത്യൂസ് പറഞ്ഞു.

ഓരോ ജില്ലയിലും തെരഞ്ഞെടുത്ത രണ്ടോ മൂന്നോ സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ചായിരുന്നു റെയ്ഡ്. തിരുവനന്തപുരം ജില്ലയിൽ മാത്രം അഞ്ച് ഓഫീസുകളിൽ റെയ്ഡ് നടന്നു.

അയൽ ജില്ലകളിൽനിന്നുള്ള സെക്ഷൻ എൻജിനീയർമാരെ പങ്കെടുപ്പിച്ചാണ് ഓരോ ജില്ലയിലും റെയ്ഡ് നടത്തിയത്. ഇവരെ ഡ്യൂട്ടിക്കായി വിട്ടു തരാൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് വിജിലൻസ് പ്രത്യേകം അപേക്ഷ നൽകിയിരുന്നു.

ജില്ലയിൽ ആറ്റിങ്ങൽ, നെടുമങ്ങാട്, വെള്ളറട, ഫോർട്ട്, പുത്തൻചന്ത ഓഫീസുകൾ കേന്ദ്രീകരിച്ചാണ് പരിശോധന നടത്തിയത്. കൊല്ലം ജില്ലയിൽ കൊല്ലം ടൗൺ, ശക്തികുളങ്ങര ഓഫീസുകളിൽ പരിശോധന നടന്നു.

എറണാകുളം ജില്ലയിൽ എറണാകുളം ടൗൺ, ഗിരിനഗർ, മൂവാറ്റുപുഴ ഓഫീസുകളിലും ആലപ്പുഴയിൽ അരൂർ, ചേർത്തല, അമ്പലപ്പുഴ ഓഫീസുകളിലും പരിശോധന നടന്നു.

കാർഷിക കണക്ഷന് യൂണിറ്റിന് 50 പൈസയാണ് വൈദ്യുതി നിരക്ക്. ഈ കണക്ഷനാകട്ടെ ഉദ്യോഗസ്ഥർ വ്യവസായങ്ങൾക്ക് മറിച്ചുകൊടുത്ത് വൈദ്യുതിബോർഡിനും സർക്കാരിനും വൻ നഷ്ടം വരുത്തിവയ്ക്കുന്നതായി ശ്രദ്ധയിൽ പെട്ടതായി വിജിലൻസ് വൃത്തങ്ങൾ പറഞ്ഞു.

ഇതിനു പുറമേ മിക്ക ഓഫീസുകളിലും ചാർജ് അടയ്ക്കാത്തവരുടെ കണക്ഷൻ റദ്ദാക്കുന്നതായി രേഖകളിൽ കാണിക്കുകയും എന്നാൽ കണക്ഷൻ തുടരുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇതിനു പിന്നിൽ കൈക്കൂലി ഇടപാടുകൾ നടക്കുന്നതായി ആക്ഷേപമുയർന്ന സാഹചര്യത്തിലാണ് റെയ്ഡ് നടന്നത്. കൈക്കൂലി നൽകാത്തവരിൽ നിന്ന് അമിത ചാർജ് ഈടാക്കുക, അനാവശ്യമായി കണക്ഷൻ റദ്ദാക്കുക തുടങ്ങിയ പരാതികളും വ്യാപകമായിരുന്നു.

വിനോദിന് നാടിന്റെ ബാഷ്പാഞ്ജലി

(ഒന്നാം പേജ് തുടർച്ച)

നോക്കു കാണാൻ വിതുമ്പുന്ന മനസോടെ ക്യാമ്പിലുള്ളവർ കാത്തു നിൽക്കുകയായിരുന്നു. പൊതുദർശനത്തിനു വച്ച മൃതദേഹത്തിന് അരികിലെത്തിയ വിനോദിന്റെ ജ്യേഷ്ഠൻ ബാബുരാജ് പൊട്ടിക്കരഞ്ഞു. പ്രിയ സുഹൃത്തിന്റെ ജ്യേഷ്ഠനെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ അനുജന്റെ സഹപ്രവർത്തകർ വിഷമിച്ചു.

അച്ചടക്കത്തോടെ അന്ത്യാഭിവാദ്യം അർപ്പിക്കാനെത്തിയ സഹപ്രവർത്തകരും തേങ്ങലടക്കാൻ പാടുപെട്ടു. ക്യാമ്പംഗങ്ങളുടെ ഭാര്യമാരും കുട്ടികളും നാട്ടുകാരും വിനോദിന് ആദരാഞ്ജലി അർപ്പിക്കാനെത്തിയിരുന്നു.

ആംഡ് ബറ്റാലിയൻ ഐജി വിൻസൺ എം. പോൾ, കെ.എ.പി നാലാം ബറ്റാലിയൻ കമാൻഡന്റ് സുരേഷ് രാജ് പുരോഹിത്, മുൻ കമാൻഡന്റ് ടി.വി കുഞ്ഞിക്കണ്ണൻ, കണ്ണൂർ എസ്പി മനോജ് ഏബ്രഹാം, തളിപ്പറമ്പ് നഗരസഭാ ചെയർപേഴ്സൺ പി.കെ ശ്യാമള എന്നിവർ മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചു.

നേരത്തേ കോഴിക്കോടുനിന്ന് പോസ്റ്റുമോർട്ടത്തിനുശേഷം കൊണ്ടുവന്ന മൃതദേഹം മാഹി പാലത്തിൽ ജില്ലാ പോലീസ് സുപ്രണ്ട് മനോജ് ഏബ്രഹാം ഏറ്റുവാങ്ങി. തുടർന്ന് നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ കണ്ണൂരിലെത്തിച്ച് പോലീസ് ക്ലബിൽ പൊതുദർശനത്തിനു വച്ചു.

ജില്ലയിലെ പോലീസ് സേനാംഗങ്ങളും നിരവധി നാട്ടുകാരും അന്ത്യാഭിവാദ്യമർപ്പിക്കാനെത്തി. തുടർന്ന് കെ.എ.പി ക്യാമ്പിൽനിന്ന് രാത്രി വൈകി മൃതദേഹം ജന്മനാടായ പാറക്കാട്ട് ഗ്രാമത്തിലെത്തിച്ചു. വിലാപയാത്ര നീങ്ങിയ തളിപ്പറമ്പ് -ശ്രീകണ്ഠപുരം റോഡിന്റെ ഇരുവശവും നിറഞ്ഞ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസും നാട്ടുകാരും പാടുപെട്ടു. വീടിനു സമീപം പൊതുദർശനത്തിനുവച്ച മൃതദേഹത്തിൽ മന്ത്രി സുധാകരനുവേണ്ടി തളിപ്പറമ്പ് റേഞ്ചർ പി. രാജനും അഡീഷണൽ ഡിജിപി എം.ജി രാമനുവേണ്ടിയും പുഷ്പചക്രം അർപ്പിച്ചു.

ആദിവാസികളെ മുൻനിർത്തിയുള്ള നിയമലംഘനം അനുവദിക്കില്ല:ആന്റണി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങ സംഭവത്തിന്റെ പേരിൽ ആദിവാസി പുനരധിവാസ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ ഒരു അലംഭാവവും കാട്ടില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി. ആദിവാസി സംരക്ഷണം സർക്കാരിന്റെ പ്രഖ്യാപിത അജൻഡയാണ്.

എന്നാൽ ഇതിന്റെ പേരിൽ അവരെ മുന്നിൽ നിർത്തി ആരെങ്കിലും നിയമലംഘനത്തിന് മുതിർന്നാൽ ശക്തിയുക്തം നേരിടും- ഇന്നലെ നിയമസഭയിൽ മുഖ്യമന്ത്രി വ്യക്തമാക്കി.

2002 ജനുവരി ഒന്നുമുതൽ നടപ്പാക്കി വരുന്ന ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം 843 കുടുംബങ്ങൾക്ക് ഇതുവരെ 1747.82 ഏക്കർ ഭൂമി സർക്കാർ വിതരണം ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു.

ഇതുകൂടാതെ ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ 1200 ഏക്കർ, കോഴിക്കോട് ജില്ലയിലെ വട്ടച്ചിറയിൽ 240 ഏക്കർ, തൃശൂർ ജില്ലയിലെ ആനമല സഹകരണസംഘം വക 166 ഏക്കർ, വയനാട് ജില്ലയിലെ കാരാപ്പുഴ കുന്നത്തിടവകയിലെ 187 ഏക്കർ, ആലപ്പുഴ ജില്ലയിലെ കല്ലട ഇറിഗേഷൻ പദ്ധതി വക 31.44ഏക്കർ, കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലെ 14.66ഏക്കർ എന്നിങ്ങനെ മൊത്തം 1839.12 ഏക്കർ ഭൂമി ഏതാനും മാസങ്ങൾക്കകം വിതരണം ചെയ്യും.

തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ 31.96 ഏക്കർ, കൊല്ലം ജില്ലയിലെ കുരിയോട്ടുമല ബഫലോ ഫാമിലെ 100 ഏക്കർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് എസ്റ്റേറ്റിൽ പെട്ട 1020.11 ഏക്കർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എസ്റ്റേറ്റിൽ 463.56 ഏക്കർ എന്നിവയുൾപ്പെടെ 1615ഏക്കർ സ്ഥലം കൂടി ഇതിന് പുറമേ വിതരണം ചെയ്യാൻ കണ്ടെത്തി.

കണ്ണൂർ ജില്ലയിലെ ആറളം ഫാം കേന്ദ്ര സർക്കാരിൽ നിന്നേറ്റെടുത്ത് അതിൽ നിന്ന് 7000 ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകാൻ കേന്ദ്രവുമായി ചർച്ച നടത്തിവരികയാണ്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് ലഭ്യമായ നിക്ഷിപ്ത വനഭൂമി ആദിവാസികൾക്ക് നൽകാനും സർക്കാർ ആത്മാർഥമായി ശ്രമിച്ചുവരുന്നു. ആദിവാസികൾക്ക് തുടർച്ചയായി സൗജന്യറേഷൻ നൽകി വരികയാണ്.

ഫുഡ് ഫോർ വർക്ക് പദ്ധതിപ്രകാരം കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഭക്ഷ്യധാന്യത്തിൽ നല്ലൊരു പങ്ക് ആദിവാസികൾക്കാണ് നൽകി വരുന്നത്. ഇതിൽ കുലി നൽകാൻ സാമ്പത്തിക സ്ഥിതിയില്ലാത്ത പഞ്ചായത്തുകൾക്ക് ട്രൈബൽ മിഷനിൽ നിന്ന് സഹായം നൽകും.

ഭൂമി നൽകിയതിനു പുറമേ ഭൂമിയുടെ വികസനത്തിനായി അഞ്ചു കോടി രൂപയുടെ പദ്

മുത്തങ്ങ സംഘർഷം: പരിക്കേറ്റവരുടെ നില മെച്ചപ്പെടുന്നു

മുത്തങ്ങ (വയനാട്): മുത്തങ്ങ വനത്തിൽ കഴിഞ്ഞദിവസമുണ്ടായ വെടിവയ്പിലും അക്രമത്തിലും 38 ആദിവാസികൾക്കും 14 പോലീസുകാർക്കുമാണ് പരിക്കേറ്റതെന്ന് ആശുപത്രികളിലെ രജിസ്റ്ററിൽനിന്ന് അറിയുന്നു. പരിക്കേറ്റനിരവധി ആദിവാസികൾ കാട്ടിൽനിന്ന് ഓടിപ്പോയിട്ടുണ്ട്. ഇവർ എവിടേക്കാണ് കടന്നതെന്ന് പോലീസിന് ഇതുവരെ അറിവായിട്ടില്ല. മുത്തങ്ങ കാടുകൾ അരിച്ചുപെറുക്കിയിട്ടും ഒരാളെപോലും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

പരിക്കേറ്റവരുടെ പേരുവിവരങ്ങൾ: ആദിവാസികൾ: പയ്യമ്പള്ളി അംബേദ്കർ കോളനിയിലെ ഗുളികൻ (35), നെയ്യാറ്റിൻകര സ്വദേശി ബിനു (30), അംബേദ്കർ കോളനി സ്വദേശി മാരൻ (60), പയ്യമ്പള്ളി നെല്ലിയാട്ട് കോളനി മാരൻ (30), പയ്യമ്പള്ളി ചെമ്മാട് സ്വദേശി ലീല (38), അപ്പപ്പാറ സ്വദേശി ബാബു (26), നെന്മേനിക്കുന്ന് സ്വദേശി അപ്പു (46), മാനന്തവാടി മഠത്തിൻകര സ്വദേശി കുറുമൻ (46), മുരിക്കിലാട്ട് കോളനി സ്വദേശികളായ കറപ്പി (45), ശാന്ത (20), കാട്ടിക്കുളം സ്വദേശിനി കവിത (25), മുത്തങ്ങ മുരിങ്ങ (50), മുരിക്കിലാടി മാരി (40), പടിപ്പുര വേണുഗോപാലൻ (38), കല്ലൂർ രാജു (23), കണ്ണൻകോട് ബാലൻ (28), ചാലിക്കൽ നാഗപ്പൻ (60), മുരിക്കിലാടി ബൊമ്മൻ (45). (എല്ലാവരും ബത്തേരി താലൂക്ക് ആശുപത്രിയിൽ).

പൊൻകുഴി സോമനെ (37) ബുധനാഴ്ച രാത്രി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. പരിക്കേറ്റ പോലീസുകാർ: കണ്ണൂർ കെ.എ.പി ബറ്റാലിയനിലെ സന്തോഷ് (30), സുകുമാർ (30), പ്രകാശൻ (30), അബ്ദുൾഗഫൂർ (31), അഖിലേഷ് (28), വിനോദ് (29), അബ്ദുൾസലാം (28), കോഴിക്കോട് റൂറലിലെ ഹെഡ്കോൺസ്റ്റബിൾ പ്രേമവല്ലി (50), വടകരയിലെ ഹെഡ്കോൺസ്റ്റബിൾ ശാന്ത (55), കൽപ്പറ്റയിലെ വനിതാ ഹെഡ്കോൺസ്റ്റബിൾ ബേബി (38), കോൺസ്റ്റബിൾമാരായ രാജൻ (34അമ്പലവയൽ), ജയകുമാരി (30 മാനന്തവാടി), തലപ്പുഴ എസ്ഐ ഉണ്ണികൃഷ്ണൻ (42), കൽപ്പറ്റ ഫോറസ്റ്റർ ശശിധരൻ (51). (എല്ലാവരും ബത്തേരി താലൂക്ക് ആശുപത്രിയിൽ).



വയനാട്ടിലെ മുത്തങ്ങ വനത്തിലെ പോലീസ് നടപടിക്കു ശേഷം ആദിവാസികളുടെ തുണിയും പാത്രങ്ങളും ചിതറിക്കിടക്കുന്ന നിലയിൽ. –ദീപിക

റേഞ്ചർ ശശിധരനെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി

കോഴിക്കോട്: മുത്തങ്ങയിൽ ആദിവാസി അക്രമണത്തിൽ പരിക്കേറ്റ വയനാട് തോൽപെട്ടി റേഞ്ചിലെ ഫോറസ്റ്റർ ശശിധര(53)നെ അടിയന്തര ശസ്ത്രക്രിയയ്ക്കുശേഷം തൊറാസിക് വിഭാഗത്തിലെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി.

വാരിയെല്ലിന് ഗുരുതരമായി വെട്ടേറ്റ ശശിധരന്റെ കരളിന് ക്ഷതം സംഭവിച്ചതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. അക്രമത്തിൽ പരിക്കേറ്റ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന പോലീസ് കോൺസ്റ്റബിൾ അബ്ദുൾ സലാമിന്റെ നില ഗുരുതരമായി തുടരുകയാണ്. വെന്റിലേറ്ററിന്റെ അഭാവത്തിൽ ഇദ്ദേഹത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റാനും ആലോചനയുണ്ട്.

ആന്റണി ആഭ്യന്തരം ഒഴിയണം: സിറിയക് ജോൺ

സുൽത്താൻ ബത്തേരി: മുത്തങ്ങ വനത്തിലുണ്ടായ പൈശാചിക നരഹത്യയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് ആന്റണി ആഭ്യന്തരവകുപ്പ് ഒഴിയണമെന്ന് എൻ.സി.പി സംസ്ഥാന പ്രസിഡന്റ് സിറിയക് ജോൺ. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ വെടിവയ്പിൽ പരിക്കേറ്റവരെ സന്ദർശിക്കാനെത്തിയ അദ്ദേഹം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു.



വനത്തിലെ പോലീസ് നടപടിക്കു ശേഷം ഇന്നലെ മുത്തങ്ങയിലെത്തിയ പോലീസ് സംഘത്തിന് ഐജി വിൻസൻ പോൾ, ഉത്തരമേഖല ഡിഐജി ശങ്കർ റെഡ്ഡി, കെ.എ.പി.കമാൻഡന്റ് സുരേഷ് രാജ് പുരോഹിത് എന്നിവർ നിർദേശങ്ങൾ നൽകുന്നു. –ദീപിക

മുത്തങ്ങ വെടിവയ്പ്: ജുഡീഷ്യൽ അന്വേഷണം വേണം -സി.കെ.പദ്മനാഭൻ

സ്വന്തം ലേഖകൻ

മുത്തങ്ങ (വയനാട്): മുത്തങ്ങ വനത്തിൽ ആദിവാസികളും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെകുറിച്ചും വനംകൈയേറ്റക്കാരെ ഒഴിപ്പിക്കാൻ താമസം വരുത്തിയതിനെക്കുറിച്ചും സമഗ്രമായ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് സി.കെ. പത്മനാഭൻ.

മുത്തങ്ങ കാട്ടിൽ അരങ്ങേറിയ അക്രമസംഭവങ്ങളെക്കുറിച്ച് വിലയിരുത്താൻ വനത്തിലെത്തിയ അദ്ദേഹം പത്രലേഖകരുമായി സംസാരിക്കുകയായിരുന്നു. ഒരു പോലീസുകാരനും ഒരു ആദിവാസിയും കൊല്ലപ്പെട്ട സംഭവത്തിൽ യഥാർഥ ഉത്തരവാദി സംസ്ഥാന സർക്കാരാണ്. ഭൂമി പതിച്ചുകൊടുക്കാമെന്ന് പറഞ്ഞ് സംസ്ഥാന സർക്കാർ നൽകിയ വാഗ്ദാനം മാസങ്ങളായിട്ടും നടപ്പാക്കിയില്ല. അതുകൊണ്ടുതന്നെ വനഭൂമി കൈയേറ്റത്തിന്റേയും വെടിവയ്പിന്റേയും ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന സർക്കാരിന് ഒഴിഞ്ഞുമാറാൻ കഴിയില്ല.

ഇവർ ഭൂമി കൈയേറി 45 ദിവസം കഴിഞ്ഞിട്ടാണ് കുടിയൊഴിപ്പിക്കൽ ആരംഭിക്കുന്നത്. ഇത്രയും കാലം സർക്കാർ ഉറങ്ങുകയായിരുന്നു. ദിവസങ്ങൾ ഇത്രയും വലിച്ചുനീട്ടുകവഴി ഇവർക്ക് കുടിൽ നിർമിക്കാനും കൃഷിചെയ്യുവാനും അവസരം ഒരുക്കിക്കൊടുത്തു. അതിലുപരി ആയുധങ്ങൾ ശേഖരിക്കാൻ അവസരമുണ്ടാക്കി. അക്രമം അഴിച്ചുവിടുകവഴി ഗോത്രമഹാസഭ പാവപ്പെട്ട ആദിവാസികളെ ബലിയാടാക്കുകയായിരുന്നു. ഭൂമി നൽകാമെന്ന് വ്യാമോഹിപ്പിച്ച് ക്ഷണിച്ചുവരുത്തിയിട്ട് അക്രമം ഉണ്ടായപ്പോൾ നേതാക്കൾ രക്ഷപ്പെടുകയും ചെയ്തു.

സി.കെ.ജാനു ആരുമല്ല. ജാനുവിന്റെ മുമ്പിൽ പ്രവർത്തിക്കുന്ന രാക്ഷസന്മാരെ കണ്ടെത്തി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. ഇവരുടെ പിന്നിൽ കറുത്തരായ അന്തർദേശീയ ശക്തികൾവരെയുണ്ട്. ഇക്കാര്യവും ജുഡീഷ്യൽഅന്വേഷണത്തിന്റെ ഭാഗമാക്കണം –പത്മനാഭൻ പറഞ്ഞു.

ജാനുവിനെ പിടിക്കാൻ നിലമ്പൂരിൽ കനത്ത ജാഗ്രത

നിലമ്പൂർ: ആദിവാസി ഗോത്രമഹാസഭ നേതാക്കളായ സി.കെ. ജാനുവും എം. ഗീതാനന്ദനും നിലമ്പൂരിലേക്ക് കടന്നതായി സൂചന ലഭിച്ചതിനെത്തുടർന്ന് നിലമ്പൂർ വനാന്തരങ്ങളിൽ പോലീസും വനംവകുപ്പും കനത്ത ജാഗ്രതയിൽ. പോലീസ് സ്പെഷൽ ഫോഴ്സ് അംഗങ്ങൾ നിലമ്പൂരിൽ എത്തിച്ചേർന്നിട്ടുണ്ട്.

ഇതിനിടെ നിലമ്പൂർ നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകളിൽപ്പെട്ട വനങ്ങളിലും ആദിവാസി കോളനികളിലും വനപാലകരെ നിയമിച്ചുകഴിഞ്ഞു. അപരിചിതരെയെല്ലാം പോലീസ് നിരീക്ഷിക്കുന്നുണ്ട്. വഴിക്കടവ്, നാടുകാണി, ഗൂഡല്ലൂർ, എടക്കര, നിലമ്പൂർ ഭാഗങ്ങളിൽ വാഹനപരിശോധനയും നടത്തുന്നുണ്ട്.

മുത്തങ്ങയിൽ നിന്ന് തമിഴ്നാട് വനമായ മധുമല വഴി കേരളത്തിന്റെ വനമായ നിലമ്പൂർ പുഞ്ചക്കൊല്ലി മലവാരത്തിലൂടെ നിലമ്പൂർ വനങ്ങളിലോ ആദിവാസി കോളനികളിലോ ജാനുവും നേതാക്കളും അഭയം തേടാൻ സാധ്യതയുണ്ടെന്നാണ് പോലീസ് കരുതുന്നത്.

വയനാട് കഴിഞ്ഞാൽ ആദിവാസി ഗോത്രമഹാസഭയ്ക്ക് ഏറ്റവും അധികം വേരോട്ടമുള്ളത് നിലമ്പൂർ വനങ്ങളിലാണ്. കഴിഞ്ഞ ദിവസങ്ങളിൽ മുത്തങ്ങകാടുകളിൽ കൈയേറി കുടിൽ കെട്ടിയതിനൊപ്പം നിലമ്പൂർ വനങ്ങളും കൈയേറാൻ ഗോത്രസഭ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. മുന്നോടിയായി ചില കോളനികളിൽ നേതാക്കളെത്തി യോഗങ്ങൾ വിളിച്ചുചേർത്തതായും പ്രവർത്തനങ്ങൾ നടത്തിയതായും വിവരമുണ്ട്.

നിലമ്പൂരിലെ ചാട്ടക്കരിമ്പ്, ചുങ്കത്തറ, എടക്കര ഭാഗങ്ങളിലെ ചില കോളനികളാണ് നിരീക്ഷണത്തിലുള്ളത്.



മുത്തങ്ങ വനം കയ്യേറിയ ആദിവാസികളിൽ നിന്നു പോലീസ് പിടിച്ചെടുത്ത മാരകായുധങ്ങൾ. –ദീപിക

കെ.എ.പി ക്യാമ്പിൽ അസ്വസ്ഥത; പോലീസുകാർ പട്ടിണിയിൽ

സ്വന്തം ലേഖകൻ

കൽപ്പറ്റ: മുത്തങ്ങ വനം കൈയേറ്റക്കാരെ ഒഴിപ്പിക്കുവാൻ കണ്ണൂരിൽനിന്നുവന്ന കെ.എ.പി ബറ്റാലിയനിലെ വിനോദ് മരിച്ചതിനെ തുടർന്ന് പോലീസുകാർ ഉന്നത ഉദ്യോഗസ്ഥർക്കുനേരേ രോഷം കൊണ്ടു. പോലീസ് നേതൃത്വത്തിന്റെ കഴിവുകേടുകൊണ്ടാണ് ഇവർ ആദിവാസികൾക്കിടയിൽ അകപ്പെടാൻ ഇടയായതെന്ന് ക്യാമ്പിലുള്ളവർ പറഞ്ഞു. മാത്രമല്ല ഇവർക്ക് ഭക്ഷണം നൽകാൻപോലും ക്രമീകരണങ്ങൾ ചെയ്തിട്ടില്ല. പലരും ഇന്നലെ രാത്രി പട്ടിണിയിലുമായി.

ഇന്നലെ വനഭൂമിയിൽ പ്രവേശിച്ചപ്പോൾ മുതൽ വ്യക്തമായ ഒരു പ്ലാനുണ്ടാക്കി അത് നടപ്പിലാക്കാൻ നേതൃത്വം നൽകിയവർക്ക് കഴിഞ്ഞില്ല. കാടിനെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത ക്യാമ്പിലെ പോലീസുകാർക്ക് യഥാസമയം നിർദേശം നൽകാനും അവരുടെ നീക്കങ്ങൾ പരിശോധിക്കുവാനും കൂടെയുണ്ടായിരുന്ന ഓഫീസർമാർക്ക് കഴിഞ്ഞില്ല.

ഒരു ഗ്രൂപ്പിനെ കാണാതായിട്ടുപോലും ഉന്നത പോലീസ് ഉദ്യോഗസ്ഥർ അറിഞ്ഞില്ല. എല്ലാ ഗ്രൂപ്പും ഭക്ഷണത്തിന് വന്നപ്പോൾപോലും പരിശോധിക്കാൻ ഒഴിപ്പിക്കലിന് നേതൃത്വം നൽകിയവർക്ക് സാധിച്ചില്ല.

തങ്ങളുടെ കൂടെയുള്ള ഒരാൾ ബന്ദിയായത് അറിഞ്ഞപ്പോൾമുതൽ പോലീസുകാർ അസ്വസ്ഥരായി കാണപ്പെട്ടു. വനിതാപോലീസും ഭക്ഷണം കിട്ടാതെ വലഞ്ഞു. പലപ്പോഴും അവർ രോഷപ്രകടനം മേലുദ്യോഗസ്ഥരോട് പ്രകടിപ്പിച്ചു.

വിനോദിന്റെ മരണം യഥാസമയം ഇടപെട്ടിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നുവെന്ന് സഹപ്രവർത്തകർ പറഞ്ഞു.

ജാനുവിന്റെ പിന്നിൽ വാർഗ്രൂപ്പിന്റെ ആരാധകർ: കെ. പാനൂർ

കണ്ണൂർ: മുത്തങ്ങയിൽ നടന്ന ആദിവാസി സമരത്തിൽ അക്രമസംഭവങ്ങളുണ്ടാകാൻ കാരണം ആന്ധ്രയിലെ പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ ആരാധകർ കടന്നുകൂടിയതുകൊണ്ടാണെന്ന് ജനകീയപ്രതിരോധ സമിതി പ്രസിഡന്റും ആദിവാസി ക്ഷേമപ്രവർത്തകനുമായ കെ. പാനൂർ. ആന്ധ്രയിലെ പ്രശ്നവും കേരളത്തിലെ ആദിവാസിപ്രശ്നവും രണ്ടും രണ്ടാണെന്ന് ഇക്കൂട്ടർ മനസിലാക്കണം –പാനൂർ ഓർമിപ്പിച്ചു.

മുത്തങ്ങ സംഭവം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. പോലീസ് സേനാംഗത്തിന്റെയും ആദിവാസിയുടെയും ജീവൻ നഷ്ടപ്പെട്ട സംഭവത്തിന് ഉത്തരവാദി സി.കെ. ജാനു തന്നെയാണ്. കാരണം അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതു സംബന്ധിച്ച് 1975-ൽ വന്ന നിയമം നടപ്പാക്കാൻ ജാനു പോരാടിയില്ല. എന്നാൽ സുഗന്ധഗിരി നിക്ഷിപ്ത വനഭൂമിയിലെ കൂട്ടുകൃഷി ഫാം പിരിച്ചുവിടുന്നതിൽ അമിതാവേശമാണ് ജാനു കാട്ടിയത്. 1975ലെ നിയമം നടപ്പാക്കാൻ പോരാടാത്ത ജാനു എന്തിനായിരുന്നു സുഗന്ധഗിരി കൂട്ടുകൃഷി ഫാം പിരിച്ചുവിടുന്നതിൽ അമിതാവേശം കാട്ടിയത്...? കഴിഞ്ഞ ഇടതുസർക്കാർ കുടിയേറ്റക്കാരെ സഹായിക്കാൻ കൂട്ടുനിന്നപ്പോൾ ജാനു മൗനം അവലംബിക്കുകയായിരുന്നു –അദ്ദേഹം ആരോപിച്ചു.

യഥാർഥത്തിൽ ആദിവാസി ഭൂസമരം കണ്ണൂരിൽ ഉദ്ഘാടനംചെയ്തത് ഞാനായിരുന്നു. പക്ഷേ, പിന്നീട് ജാനുവിന്റെ നയത്തോട് എനിക്ക് യോജിക്കാൻ കഴിഞ്ഞില്ല. അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതു സംബന്ധിച്ച 1975-ലെ നിയമം നടപ്പാക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ, ജാനു ഇതിനു വിമുഖത കാട്ടി –പാനൂർ പറഞ്ഞു.

എന്നെപോലുള്ള ആദിവാസി ക്ഷേമപ്രവർത്തകർ പിന്നീട് ജാനുവുമായി അകന്നു. ഇതേതുടർന്ന് മറ്റു ചില സംഘടനകളുമായി കൂട്ടുചേർന്ന് ജാനു സമരം ആരംഭിച്ചു. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാനാണ് ജാനു ഇപ്പോൾ വാദിക്കുന്നത്. ഇത് നല്ല കാര്യമാണെങ്കിലും യഥാർഥപ്രശ്നത്തിലേക്ക് ആരും കടന്നുചെല്ലുന്നില്ല.

എന്നാൽ ഇപ്പോൾ നടന്ന സമരത്തിന്റെ ഫലം അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതു സംബന്ധിച്ച 1975-ലെ നിയമം നടപ്പാക്കണമെന്നാണ് വർഷമായി ഭൂമി അന്യാധീനപ്പെടുത്തിയവരും മേലിൽ അന്യാധീനപ്പെടുത്താൻ ആഗ്രഹിക്കുന്നവരുടെയും വിജയമാണ്. ഇവിടെ വീണ്ടും ആദിവാസികൾ തോൽക്കുന്നു. യഥാർഥത്തിൽ ആദിവാസികളുടെ പ്രശ്നത്തിൽ ഇത്രസജീവമായി ശ്രദ്ധചെലുത്തിയ ആന്റണിയെപോലെ മറ്റൊരു മുഖ്യമന്ത്രി കേരളത്തിലുണ്ടായിട്ടില്ല.

അടിയന്തരമായി ചെയ്യേണ്ടത് ആദിവാസിപ്രശ്നം പരിഹരിക്കുകയാണ്. 12,000 ഹെക്ടർ ഭൂമി ആദിവാസികൾക്കു പതിച്ചുനൽകാൻ സർക്കാർ തയാറാവണം. ഇതിന് കേന്ദ്രാനുമതി ലഭിക്കാൻ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും രംഗത്തിറങ്ങണമെന്നും പാനൂർ ആവശ്യപ്പെട്ടു.

ആറളം ഫാം കൈമാറ്റം മാർച്ചിൽ പൂർത്തിയാകും: മന്ത്രി

നെടുമ്പാശേരി: കേന്ദ്ര സർക്കാരിന്റെ കൈവശമുള്ള ആറളം ഫാം കേരളത്തിന് കൈമാറുന്ന നടപടി അടുത്ത മാസം പൂർത്തിയാകുമെന്ന് മന്ത്രി കെ. കുട്ടപ്പൻ നെടുമ്പാശേരി വിമാനത്താവളത്തിൽ പത്രലേഖകരോട് പറഞ്ഞു. ഇതു സംബന്ധിച്ച ചർച്ചയ്ക്കുശേഷം ഡൽഹിയിൽനിന്ന് തിരിച്ചെത്തിയതായിരുന്നു അദ്ദേഹം.

ഫാം മൊത്തം 7000 ഏക്കറുണ്ട്. ഇതിന്റെ വില കണക്കാക്കുന്നത് കേന്ദ്ര അഗ്രികൾച്ചറൽ ഫൈനാൻസ് കോർപറേഷനാണ്. ഈ മാസം 28-ന് ഇവരുടെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് കുട്ടപ്പൻ വ്യക്തമാക്കി. മാർച്ച് നാലിന് കേന്ദ്ര സംഘം തിരുവനന്തപുരത്തെത്തി ഔദ്യോഗിക ചർച്ച പൂർത്തിയാക്കും. മുഖ്യമന്ത്രിയും പ്രധാനമന്ത്രിയുമാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് മന്ത്രി വ്യക്തമാക്കി.

ഫാമിന്റെ പകുതി ആദിവാസികൾക്ക് പതിച്ചു കൊടുക്കുമെന്നും ബാക്കി ഫാം ആയി നിലനിർത്തുമെന്നും മന്ത്രി പറഞ്ഞു.

അമേരിക്കയെ ന്യായീകരിക്കുന്ന വി.എച്ച്.പി നിലപാട് വിചിത്രം: മുസ്ലിം ലീഗ്

കോഴിക്കോട്: അമേരിക്കൻ പ്രസിഡന്റിന്റെ യുദ്ധക്കൊതിയേയും അക്രമണോത്സുകതയെയും ന്യായീകരിക്കാനും പിന്തുണയ്ക്കാനും വിശ്വഹിന്ദു പരിഷത്തിലെ തൊഗാഡിയയെ പോലുള്ളവർ തയാറാകുന്നത് വിചിത്രമാണെന്ന് മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കൊരമ്പയിൽ അഹമ്മദ് ഹാജി എംപി അഭിപ്രായപ്പെട്ടു.

അമേരിക്കൻ പ്രസിഡന്റിന്റെ ധാർഷ്ട്യവും അധികാര മുഷ്കും മനസിൽ ആവാഹിച്ച ഇന്ത്യൻ പ്രതിരൂപങ്ങളാണ് ഇത്തരം തൊഗാഡിയമാർ-- കൊരമ്പയിൽ പറഞ്ഞു.

മുസ്ലിംകളല്ലാത്ത ഡോക്ടർമാർ കാഷ്മീർ വിടണമെന്ന് തീവ്രവാദികളുടെ ശാസനം

ശ്രീനഗർ: മുസ്ലിംകളല്ലാത്ത ഡോക്ടർമാരെല്ലാം പത്തു ദിവസത്തിനകം ജമ്മു കാഷ്മീരിൽ നിന്ന് ഒഴിഞ്ഞു പോകണമെന്ന് ലഷ്കർ ഇ ജബ്ബാർ തീവ്രവാദികളുടെ അന്ത്യശാസനം. മുസ്ലിം കളല്ലാത്തവരെ ജമ്മു കാഷ്മീരിൽ നിന്നു പുകച്ചു പുറത്തു ചാടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഭീഷണി. ഇത്തരത്തിലുള്ള ഭീഷണിയും അക്രമങ്ങളും കാരണം ഹിന്ദുക്കളായ നാലര ലക്ഷം കാഷ്മീരി പണ്ഡിറ്റുകൾ തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് ഇതുവരെ നാടുവിട്ടിട്ടുണ്ട്.

ദിവസവും വെടിവയ്പും കുഴിബോംബ് സ്ഫോടനവും ഷെല്ലാക്രമണങ്ങളും നേരിടേണ്ടിവരുന്ന കാഷ്മീരികളെ സംബന്ധിച്ചിടത്തോളം ഡോക്ടർമാരുടെ സേവനം അവശ്യം ആവശ്യമാണ്. സംഘർഷ ഭരിതമായ അന്തരീക്ഷം നിലനിൽക്കുന്നതിനാൽ കാലം തികയാതെയുള്ള പ്രസവവും വൈകല്യമുള്ള ശിശുക്കളുടെ ജനനവും കാഷ്മീരിൽ സാധാരണമാണ്. ഈ സാഹചര്യത്തിൽ മുസ്ലിംകളല്ലാത്ത ഡോക്ടർമാരെ വിരട്ടിയോടിക്കാനുള്ള നീക്കം തികച്ചും മനുഷ്യത്വ രഹിതമായാണ് കാഷ്മീരിലെ സാധാരണ ജനങ്ങൾ കാണുന്നത്.

കാഷ്മീരിലുള്ളവർ എങ്ങനെ പെരുമാറണമെന്നു നിർദ്ദേശിക്കുന്ന ശാസനങ്ങളും തീവ്രവാദികൾ പുറപ്പെടുവിക്കുന്നത് സാധാരണമാണ്. താലിബാൻ ഭരണകാലത്ത് അഫ്ഗാനിസ്ഥാനിൽ നടപ്പാക്കിയ വിധമുള്ള കാര്യങ്ങളാണ് തീവ്രവാദികൾ കല്പനയെന്ന പോലെ പുറപ്പെടുവിക്കുന്നത്. നേരത്തേ മുസ്ലിം സ്ത്രീകൾ ബുർക്ക ധരിക്കണമെന്നും പുരുഷന്മാർ താടി വളർത്തണമെന്നും തീവ്രവാദികൾ ശാസന നൽകിയിരുന്നു. മുസ്ലിം സ്ത്രീകൾ ഇസ്ലാമിക പാരമ്പര്യമനുസരിച്ച് സ്കൂളിലോ കോളജിലോ പോകുന്നതിനെയും തീവ്രവാദികൾ വിലക്കി.

ശാസനങ്ങൾ അനുസരിക്കാത്തതിന്റെ പേരിൽ പെൺകുട്ടികൾ പലസ്ഥലങ്ങളിലും ആക്രമിക്കപ്പെട്ടു. ബുർക്ക ധരിക്കാത്തതിന്റെ പേരിൽ മൂന്നു കോളജ് കുമാരികളെ തീവ്രവാദികൾ വധിക്കുകയും ചെയ്തിരുന്നു.

എങ്കിലും കാഷ്മീരിലെ മുസ്ലിം സ്ത്രീകളിൽ സിംഹഭാഗവും തീവ്രവാദികളുടെ ഭീഷണി വകവച്ചില്ല. ബുർക്ക ധരിക്കണമെന്നു ശഠിക്കുന്ന തീവ്രവാദികൾ പാക് ടെലിവിഷൻ കാണട്ടെയെന്നാണ് സ്ത്രീകളുടെ വാദം. കാരണം, പക് ടെലിവിഷനിൽ വാർത്ത വായിക്കുന്ന സ്ത്രീകളിലാരും തന്നെ തല മറയ്ക്കാറില്ല. ജനങ്ങൾ അനുസരിക്കാൻ തയാറാകാത്തതിനെ തുടർന്ന് ബുർക്ക ധരിക്കണമെന്ന ശാസന തീവ്രവാദികൾ പിന്നീട് പിൻവലിക്കുകയും ചെയ്തു.

യൂസേഴ്സ് ഫീ: സംഘടനകൾ കേസുകൾ പിൻവലിക്കണമെന്ന് കളക്ടർ

കോഴിക്കോട്: കരിപ്പൂർ വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ യൂസേഴ്സ് ഫീസിനെതിരേ സമർപ്പിച്ച കേസുകൾ പിൻവലിക്കാൻ സംഘടനകൾ തയാറാകണമെന്ന് ജില്ലാ കളക്ടർ ടി.ഒ. സൂരജ് പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കേസുകൾ പിൻവലിച്ചാൽ എയർപോർട്ട് അഥോറിറ്റി ബാക്കി തുക അനുവദിക്കുകയും യൂസേഴ്സ് ഫീ നിർത്തലാക്കുകയും ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് കളക്ടർ പറഞ്ഞു.

ഇതുസംബന്ധിച്ച് സംഘടനകളുമായി 27-ന് മലബാർ പാലസിൽ ചർച്ച നടത്തും.

22-09- 1995 നാണ് 500 രൂപ നിരക്കിൽ യൂസേഴ്സ് ഫീസ് പിരിക്കാൻ തീരുമാനിച്ചത്. ഇതിനെതിരേയാണ് ഏഴ് സംഘടനകൾ കോടതിയെ സമീപിച്ചത്.

2001 ജനുവരി അഞ്ചിന് യൂസേഴ്സ് ഫീ 375 രൂപയായി കുറച്ചിരുന്നു.

വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി ഹഡ്കോ 55 കോടി രൂപയായിരുന്നു അനുവദിച്ചത്. ഇതിന്റെ പലിശയിനത്തിലായി 2002 ഡിസംബർ 31 വരെ 45.53 ലക്ഷം രൂപ മിയാഡ്സ് അടച്ചതായും കളക്ടർ പറഞ്ഞു.

ഇനി ഹഡ്കോയ്ക്ക് 21.32 ലക്ഷം രൂപ നൽകാനുണ്ട്. അതേസമയം എയർപോർട്ട് അഥോറിറ്റി 26.32 കോടി രൂപ മിയാഡ്സിന് നൽകാനുണ്ട്.

സംഘടനകൾ കേസുകൾ പിൻവലിക്കുകയാണെങ്കിൽ ഈ തുക ഉടൻ ലഭിക്കുമെന്നും കളക്ടർ പറഞ്ഞു.

ഇന്റർ സിറ്റി എക്സ് പ്രസ് കാസർഗോഡ് വരെ നീട്ടില്ല

ജയിംസ് പുതുക്കുളം

ന്യൂഡൽഹി: കോഴിക്കോട്-മംഗലാപുരം പാത ഇരട്ടിപ്പിക്കൽ പത്താം പദ്ധതിക്കാലയളവിൽ പൂർത്തിയാക്കുമെന്ന് റെയിൽവേ സഹമന്ത്രി ബന്ദാരു ദത്താത്രേയ ലോക് സഭയിൽ വ്യക്തമാക്കി. വിരുഡ് നഗർ -കൊല്ലം- തിരുനൽവേലി പാത ബ്രോഡ് ഗേജായി ഉയർത്തുമെന്നും മന്ത്രി പറഞ്ഞു. ഷൊർണൂർ-മംഗലാപുരം പാതയുടെ വൈദ്യുതീകരണത്തിന് മുഖ്യമന്ത്രി നിവേദനം നൽകിയെങ്കിലും സാമ്പത്തിക പരിമിതിമൂലം ഉടൻ നടപ്പാക്കാൻ കഴിയില്ലെന്ന് എൻ.എൻ.കൃഷ്ണദാസിനെ മന്ത്രി അറിയിച്ചു. ഇന്റർസിറ്റി എക്സ്പ്രസ് കാസർഗോഡ് വരെ നീട്ടാൻ തീരുമാനമില്ലെന്ന് ടി. ഗോവിന്ദന്റെ ചോദ്യത്തിന് മന്ത്രി മറുപടി നൽകി. ഷൊർണൂരിൽ പുതിയ റെയിൽവേ ജഗ്ഷന് നിർദേശം ലഭിച്ചിട്ടുണ്ടെങ്കിലും വൻ മുതൽ മുടക്ക് വേണ്ടിവരുമെന്നതിനാൽ ഇപ്പോൾ പരിഗണനയിലില്ലെന്നു മന്ത്രി എ.കെ. പ്രേമജത്തെ അറിയിച്ചു. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിൽ പാലങ്ങളൊന്നും അപകടാവസ്ഥയിലല്ലെന്നും കേടുപാടു സംഭവിച്ചിട്ടുള്ള രണ്ടുപാലങ്ങൾ നന്നാക്കാൻ നടപടി സ്വീകരിച്ചതായും മന്ത്രി പി.രാജേന്ദ്രനെ അറിയിച്ചു.

പ്രധാന മന്ത്രിയുടെ കുമരകം സന്ദർശനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിനായി 1000 കോടിരൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചുവരികയാണെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്നും സി.ഒ പൗലോസ്, എ.വിജയരാഘവൻ എന്നിവരുടെ ചോദ്യത്തിനു മറുപടി നൽകി. ധാതുമണൽ ഖനന സാധ്യതയെക്കുറിച്ച് പഠിക്കാൻ ചവറയിൽ സിന്തറ്റിക് റൂട്ടയിൽ പ്ലാന്റ് സ്ഥാപിക്കാൻ ഇന്ത്യൻ റേയർ എർത്ത്സ് ലിമിറ്റഡ്, നാഷണൽ മിനറൽ ഡവലപ്മെന്റ് കോർപറേഷൻ, കെ.എസ്.ഐ.ഡി.സി എന്നി പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചതായി ആണവോർജ സഹമന്ത്രി എ.സ്.ബി മുഖർജി രാജ്യസഭയിൽ എൻ.കെ പ്രേമചന്ദ്രൻ എംപിയ

ദുരന്തഭൂമിയിൽ ശ്മശാന പ്രതീതി

ഫ്രാൻസിസ് തടത്തിൽ

മുത്തങ്ങ: നരഹത്യ നടന്ന മുത്തങ്ങ വനഭൂമിയിലെ സ്ഥിതിഗതികൾ ശാന്തമായി. ദുരന്തഭൂമിയിലെങ്ങും ശ്മശാന പ്രതീതിയാണ്.

ആദിവാസികൾ കൈയേറിയ ഭൂമിയിൽ അവർ കെട്ടിയ കുടിലുകൾ ഒന്നൊന്നായി വനംവകുപ്പും പോലീസും ചേർന്ന് തീയിട്ട് നശിപ്പിക്കുന്നുണ്ട്. രണ്ട് ജീവനുകൾ പൊലിഞ്ഞ ഇവിടെ ഒരു പ്രേതഭൂമിയുടെ അവസ്ഥയാണ്. കത്തിച്ചാമ്പലായ കുടിലുകൾക്കുള്ളിൽ പാത്രങ്ങളും മറ്റും ചിന്നിച്ചിതറി കിടപ്പുണ്ട്. കഞ്ഞിക്കലത്തിലെ ചോറ് അഗ്നിയിൽ കത്തിക്കരിഞ്ഞനിലയിൽ. അങ്ങിങ്ങ് അമ്പ്, വില്ല്, കുറുവടി തുടങ്ങിയ മാരകായുധങ്ങൾ ഉപേക്ഷിക്കപ്പെട്ടനിലയിൽ കാണാം.

സേനാംഗങ്ങളെ ബന്ദിയാക്കിയ കുടിലിന് സമീപം മരിച്ച ആദിവാസിയുടെ ശിരസ് പിളർന്നുണ്ടായ രക്തം തളംകെട്ടി കിടക്കുന്നു. തലച്ചോറിന്റെ ചിലഭാഗങ്ങളും രക്തത്തോടൊപ്പം കട്ട പിടിച്ചുകിടക്കുന്നു. പോലീസുകാരിൽനിന്ന് രക്ഷപ്പെടാനായി ആദിവാസികൾ ഉണ്ടാക്കിയ കുന്തമുനകളും സമീപത്തുണ്ട്. സേനാംഗങ്ങളെ ചതിക്കുഴിയിൽ വീഴ്ത്താനായി അങ്ങിങ്ങ് കിടങ്ങുകൾ നിർമിച്ചിട്ടുണ്ട്. ഇവ ചപ്പുചവറുകളെക്കൊണ്ട് മൂടിയ നിലയിലാണ്.

ആദിവാസികളുടെ വെട്ടേറ്റ് മരിച്ച പോലീസുകാരനെയും കൊണ്ട് കാട്ടിൽനിന്ന് ദേശീയപാതയിലേക്ക് കൊണ്ടുപോയ വഴിയിലുടനീളം രക്തപാടുകൾ കാണാം.

വെന്റിലേറ്ററില്ല; പോലീസുകാരന് ചികിത്സ സ്വകാര്യ ആശുപത്രിയിൽ

കോഴിക്കോട്: വെന്റിലേറ്ററിന്റെ അഭാവം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് വിദഗ്ധചികിത്സ അസാധ്യമാക്കുന്നതായി പരാതി. മുത്തങ്ങയിലെ ആദിവാസി അക്രമത്തിൽ കഴുത്തിനും കാലിനും ഗുരുതരമായി പരിക്കേറ്റ് ബുധനാഴ്ച രാത്രിയോടെ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിയ പോലീസ് കോൺസ്റ്റബിൾ അബ്ദുൾ സലാമിനെ ഇന്നലെ ഉച്ചയോടെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി.

ബുധനാഴ്ച അർധരാത്രിയിൽ ചികിത്സയ്ക്കായി എത്തിയ അബ്ദുൾ സലാമിന് അടിയന്തര ശസ്ത്രക്രിയ നടത്തിയ ശേഷം സർജറി വാർഡ് 14- ലേക്ക് മാറ്റുകയായിരുന്നു. ഇദ്ദേഹത്തിന്റെ നില കൂടുതൽ വഷളാകുമെന്ന് തോന്നിയപ്പോൾ ഐ.സി.യുവിലേക്ക് മാറ്റാൻ നിർദേശം ഉണ്ടായെങ്കിലും അവിടെ വെന്റിലേറ്റർ ഇല്ലെന്നുപറഞ്ഞ് അധികൃതർതന്നെ സ്വകാര്യ ആശുപത്രിയെ സമീപിക്കാൻ നിർദേശിക്കുകയായിരുന്നുവത്രെ.



വനം കയ്യേറിയ ആദിവാസികൾക്കായി വയനാട്ടിലെ മുത്തങ്ങ പൊൻകുഴി വനത്തിൽ ഇന്നലെ പോലീസ് തെരച്ചിൽ നടത്തുന്നു. -ഡൊമിനിക് സെബാസ്റ്റ്യൻ



വയനാട്ടിലെ മുത്തങ്ങ വനത്തിലെ പോലീസ് നടപടിക്കു ശേഷം ആദിവാസികളുടെ തുണിയും പാത്രങ്ങളും ചിതറിക്കിടക്കുന്ന നിലയിൽ. -ദീപിക

'എന്റെ മക്കളെവിടെ, സോമൻ വിതുമ്പുന്നു'

കോഴിക്കോട്: 'എനക്ക് ഗോത്തറമില്ല; ഗോത്തറസഭയുമില്ല. കൂലിവേലക്ക് പോയി കാട്ടിൽ തിരിച്ചെത്തിയതാണ് ഞാൻ. എന്നെ പൊലീസുകൾ വെടിവച്ചു. ഞാൻ പറയുന്നത് കേൾക്കാനും ആരും തായാറില്ല. ന്റെ പെണ്ണ് ചോമിയും 19 കാരിയായ മകൾ സരോജിനിയും മകൻ ബിജുവും നിൽക്കുമ്പോഴാണ് വെടിയേറ്റത്. പിന്നീട് ആരെയും കണ്ടില്ല. എന്റെ മക്കളെവിടെ? പെണ്ണെവിടെ?'

പോലീസുകാരുടെ കുടിയൊഴിപ്പിക്കലിനിടെ ഉണ്ടായ സംഘർഷത്തിൽ ഇടതുകാൽപാദത്തിന് വെടിയേറ്റ മുത്തങ്ങ പൊൻകുഴി ആദിവാസി കോളനിയിലെ സോമൻ മെഡിക്കൽ കോളജ് ആശുപത്രിയിലെ ബെഡിൽകിടന്ന് വിതുമ്പി. ചാലിഗദ്ദ അംബേദ്കർ കോളനിയിലെ താമസക്കാരനായ സോമൻ ബുധനാഴ്ച രാവിലെയാണ് കാര്യമറിയാതെ സംഘർഷബാധിത പ്രദേശത്ത് എത്തിയതത്രെ. മുത്തമകനായ ചന്ദ്രൻ കൽപ്പറ്റയിലെ ഒരു ഹോട്ടലിൽ കൂലിവേലക്കാരനായി ജോലി നോക്കുകയാണ്. സംഘർഷഭൂമിയിൽ നിസഹായരായ ആദിവാസികളെ കൂടാതെ മറ്റാരെയും തനിക്ക് കാണാനായില്ലെന്നും പോലീസ് ക്രൂരമായി തങ്ങളോട് പെരുമാറുകയായിരുന്നുവെന്നും സോമൻ പറഞ്ഞു. ഇന്നലെ ഏറെക്കുറെ അബോധാവസ്ഥയിലായ സോമന് ബോധം തിരിച്ചുകിട്ടിയിട്ടുണ്ട്. സോമനെ മെഡിക്കൽ കോളജിലെ അത്യാഹിത വിഭാഗത്തിലെ എമർജൻസി ഓപറേഷൻ തീയറ്ററിലേക്ക് മാറ്റാനുള്ള തയാറെടുപ്പിലാണ് ആശുപത്രി അധികൃതർ. കനത്ത പോലീസ് ബന്തവസിൽ സ്ട്രെക്ച്ചറിൽ കിടക്കുന്ന സോമന് ഉടവസ്ത്രംപോലുമില്ല. കമ്പളികൊണ്ട് പുതച്ചാണ് കിടപ്പ്. സോമനുമായി കൂടുതൽ സംസാരിക്കാൻ ഒപ്പമുണ്ടായിരുന്ന പോലീസുകാർ പത്രക്കാരെ അനുവദിച്ചില്ല.



മുത്തങ്ങ വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാനുള്ള പോലീസ് നടപടിക്കിടയിൽ ഇടതുകാൽപാദത്തിന് വെടിയേറ്റ മുത്തങ്ങ പൊൻകുഴി ആദിവാസി കോളനിയിലെ സോമൻ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ. -ദീപിക

സഹകരണ മേഖല പിടിച്ചുപറി കേന്ദ്രമായെന്ന് പി.സി ജോർജ് എംഎൽഎ

കാസർഗോഡ്: സഹകരണ മേഖല പിടിച്ചുപറി കേന്ദ്രങ്ങളായിമാറിയിരിക്കുകയാണെന്ന് പി.സി. ജോർജ് എംഎൽഎ. കർഷകനെ സഹായിക്കാനെന്നപേരിലെത്തിയ സഹകരണ ബാങ്കുകൾ കർഷകന് ദുരിതമാണ് നൽകുന്നത്.

ഒൻപതുമാസം മുമ്പ് മുഖ്യമന്ത്രി പ്രഖ്യാപിച്ച പത്തുകോടി രൂപ കാർഷിക സബ്സിഡിയിൽ രണ്ടര കോടി രൂപമാത്രമാണ് അനുവദിച്ചിട്ടുള്ളത്. കാർഷിക വിളകൾക്ക് നല്ല വിലയുണ്ടായിരുന്ന സമയത്ത് കർഷകരെക്കൊണ്ട് നിർബന്ധിച്ച് വായ്പയെടുപ്പിച്ച നബാർഡ് ഇപ്പോൾ ജപ്തിയുമായി മുന്നിട്ടിറങ്ങിയിരിക്കുകയാണെന്ന് എംഎൽഎ പറഞ്ഞു.

കാർഷിക കടങ്ങളുടെ പേരിലുള്ള ജപ്തിലേല നടപടികൾ നിർത്തിവയ്ക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ജില്ലാ കിസാൻ സേനയും കർഷക മുന്നണിയും സംയുക്തമായി കളക്ടറേറ്റിനു മുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജപ്തിചെയ്യാൻ കർഷകരുടെ വീടുകളിൽ പോയതുപോലെ തിരിച്ചുവരാമെന്ന ഉദ്യോഗസ്ഥരുടെ ധാരണ ശരിയല്ല. മുത്തങ്ങ സംഭവമൊക്കെ മുന്നിൽ കാണേണ്ടിയിരിക്കുന്നു.

അടയ്ക്കാ സംഘം ചെയർമാൻ ഡോ. പി.കെ.എസ് ഭട്ട് അധ്യക്ഷത വഹിച്ചു. കിസാൻസേന ജനറൽ സെക്രട്ടറി മാനുവൽ കാപ്പൻ, ജില്ലാപഞ്ചായത്ത് മെംബർ സഞ്ജീവറായ്, ജനതാദൾ ജില്ലാ പ്രസിഡന്റ് എം.എ. മൊഗ്രാൽ, സി.പി.ഐ നേതാവ് പി.എ. നായർ എന്നിവർ പ്രസംഗിച്ചു.

യമുനാറായ്, സി.കെ. ഖാദർ, അബ്ബാസ് ഹാജി, വോർക്കാടി സുബ്രഹ്മണ്യ ഭട്ട്, ചന്ദ്രശേഖര ഭട്ട്, സൂര്യനാരായണ ഭട്ട്, പി.ടി. ജോൺ എന്നിവർ ധർണയ്ക്കു നേതൃത്വം നൽകി.



വിവിധ ആവശ്യങ്ങളുന്നയിച്ച് ജില്ലാ കിസാൻ സേനയും കർഷക മുന്നണിയും സംയുക്തമായി കാസർഗോഡ് കളക്ടറേറ്റിനു മുന്നിൽ നടത്തിയ ധർണ പി.സി. ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു (ഇടത്ത്). ധർണയ്ക്കെത്തിയ കർഷകർ കാർഷിക വിളകൾ കളക്ടറേറ്റ് കവാടത്തിനു മുന്നിൽ കൂട്ടിയിട്ടിരിക്കുന്നു.

ഫോറസ്റ്ററുടെ നില മെച്ചപ്പെട്ടു

കോഴിക്കോട്: വയനാട് മുത്തങ്ങയിൽ കുടിയൊഴിപ്പിക്കലിനിടെ നടന്ന അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ ഫോറസ്റ്ററുടെനില മെച്ചപ്പെട്ടതായും അപകടനില തരണം ചെയ്തതായും ആശുപത്രിവൃത്തങ്ങൾ അറിയിച്ചു.

ബുധനാഴ്ച ആദിവാസികൾ ബന്ദിയാക്കിയ വയനാട് തോൾപട്ടി റേഞ്ചിലെ ഫോറസ്റ്റർ ശശിധരൻ(53)നെ ഇന്നലെ രാത്രി പത്തോടെ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. അടിയന്തര ശസ്ത്രക്രിയയ്ക്കുശേഷം തോറാസിക് സർജറി വിഭാഗത്തിലെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റിയിരുന്നു.

ശശിധരൻ കൊയിലാണ്ടി കോരയങ്ങാട് തെരു സ്വദേശിയാണ്.

വാരിയെല്ലിനു മുകളിലായി വെട്ടേറ്റ ഇദ്ദേഹത്തിന്റെ കരളിൽ ക്ഷതം സംഭവിച്ചതായി ഡോക്ടർമാർ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളജിലെ ഫാർമസിസ്റ്റായ ലളിതാമണിയാണ് ഭാര്യ. കഴിഞ്ഞ ആറുവർഷമായി വയനാട്ടിൽ ജോലിചെയ്തുവരികയായിരുന്നു ശശിധരൻ.



മുത്തങ്ങയിൽ ആദിവാസികളെ കുടിയൊഴിപ്പിക്കലിനിടെ വെട്ടേറ്റ് ദാരുണമായി കൊല്ലപ്പെട്ട കെ.എ.പി നാലാം ബറ്റാലിയനിലെ കോൺസ്റ്റബിൾ കെ.വി വിനോദിന്റെ മൃതദേഹം കണ്ണൂർ പോലീസ് ക്ലബിൽ കൊണ്ടുവന്നപ്പോൾ.

നെല്ലിയാമ്പതിയിൽ ഭൂമി കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ നീക്കം

നെന്മാറ: നെല്ലിയാമ്പതിയിൽ സർക്കാർ ഭൂമി കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ പോലീസ് തയാറെടുക്കുന്നു. ഉന്നതതലങ്ങളിൽനിന്നും ഉത്തരവ് ലഭിച്ചാൽ ഉടൻ ബലപ്രയോഗം നടത്തിയും ആദിവാസികളെ ഒഴിപ്പിക്കുമെന്നാണ് അറിയുന്നത്.

മുത്തങ്ങയിൽ ആദിവാസിപ്രശ്നം വഷളായതോടെയാണ് ഭൂമി കൈയേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിനായി നൂറോളം വരുന്ന പോലീസ് സന്നാഹം കഴിഞ്ഞദിവസം രാത്രി ഒൻപതുമണിയോടെ നെല്ലിയാമ്പതിയിൽ എത്തിയിരുന്നു. കഴിഞ്ഞ ജനുവരി 26-നാണ് സർക്കാർ ഓറഞ്ച് ഫാമിലെ 375 ഏക്കർ ഭൂമി 186 ആദിവാസി കുടുംബങ്ങൾ കൈയേറി കുടിൽ കെട്ടി താമസം തുടങ്ങിയത്. പലതവണ കളക്ടറുമായി ചർച്ച നടത്തിയെങ്കിലും ഭൂമി നല്കാതെ സമരത്തിൽനിന്നും പിന്മാറില്ലെന്നാണ് ആദിവാസി നേതാക്കൾ തറപ്പിച്ചു പറഞ്ഞത്. ആദിവാസികൾ ഭൂമി കൈയേറി താമസിക്കുന്നതിന് നേരത്തെ അധികൃതർ മൗനാനുവാദം നല്കിയിരുന്നു. എന്നാൽ, മുത്തങ്ങയിൽ പ്രശ്നം വഷളായതോടെയാണ് സർക്കാർ കർശന നടപടി കൈക്കൊള്ളാൻ പോലീസിനു നിർദേശം നല്കിയിരിക്കുന്നത്.

എന്നാൽ, ഒഴിപ്പിക്കാനുള്ള ഒരുക്കം മാത്രമേ പൂർത്തീകരിക്കാൻ നെന്മാറ പോലീസിന് നിർദേശം നല്കിയിട്ടുള്ളൂ. ഓപ്പറേഷൻ എപ്പോൾ നടത്തണമെന്ന ഉത്തരവ് കാത്തു നില്ക്കുകയാണ് പോലീസ്.

ആദിവാസികളെ തോക്കിനിരയാക്കരുത്: സാംസ്കാരിക നായകർ

തൃശൂർ: ആദിവാസിപ്രശ്നം മാനുഷികമായ രീതിയിൽ പരിഹരിക്കുവാൻ സർക്കാർ മുന്നോട്ടുവരണമെന്ന് സാംസ്കാരിക നായകർ ഒരു പ്രസ്താവനയിൽ സർക്കാരിനോടാവശ്യപ്പെട്ടു.

നിരാലംബരായ ആദിവാസികളെ തോക്കിനിരയാക്കാതെ അവരുടെ അടിസ്ഥാന ജീവിതപ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുകയാണ് വേണ്ടതെന്ന് അവർ അഭിപ്രായപ്പെട്ടു.

വി.കെ.എൻ, ആനന്ദ്, പുനത്തിൽ കുഞ്ഞബ്ദുള്ള, പ്രഫ. സാറാ ജോസഫ്, കെ. വേണു തുടങ്ങിയവരാണ് പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളത്.

മുത്തങ്ങയിലെ കൂട്ടക്കൊല:

വഴിയൊരുക്കിയത് ആന്റണി സർക്കാരും ജാനുവും -സി.പി.ഐ.എം.എൽ

കോഴിക്കോട്: ജാനുവിനെ ഉപകരണമാക്കി പ്രവർത്തിച്ച ആന്റണി സർക്കാരാണ് മുത്തങ്ങയിലെ കൂട്ടക്കൊലയ്ക്ക് വഴിയൊരുക്കിയതെന്ന് സി.പി.ഐ.എം.എൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ കെ.ടി. കുഞ്ഞിക്കണ്ണൻ, എം. ശിവശങ്കരൻ എന്നിവർ പത്രസമ്മേളനത്തിൽ ആരോപിച്ചു. ആദിവാസികളെ കൂട്ടക്കുരുതി നടത്തിയ സംഭവത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പോലീസ് മന്ത്രി രാജിവയ്ക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു.

ആദിവാസി സമരത്തെ വഴിതിരിച്ചുവിടാൻ സർക്കാർ ജാനുവിനെ ഉപയോഗിക്കുകയായിരുന്നു. വിദേശ ഫണ്ടിംഗ് ഏജൻസികളാകട്ടെ ജാനുവിനെക്കൊണ്ട് തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയാണ്. മുത്തങ്ങക്കാടുകളിൽ പരിക്കുപറ്റിയും രക്ഷപ്പെട്ടും നിരവധി ആദിവാസികൾ കഴിയുന്നുണ്ട്. ഇവർക്ക് വൈദ്യസഹായവും മറ്റും നൽകുന്നതിന് പകരം നാട്ടിലുള്ള ആദിവാസികളെക്കൂടി തെരഞ്ഞുപിടിച്ച് അറസ്റ്റുചെയ്യുകയും പീഡിപ്പിക്കുകയുമാണ് പോലീസ് ചെയ്യുന്നത്. ഇവരെയൊക്കെ കൈയൊഴിഞ്ഞ് ആദിവാസി ഗോത്രസഭാ നേതാക്കളായ ജാനുവും ഗീതാനന്ദനും തടിതപ്പുകയാണ്. പോലീസ് സഹായത്തോടെ രക്ഷപ്പെട്ട ഇവർ കേരളത്തിൽതന്നെ സുരക്ഷിതരായി കഴിയുന്നുണ്ടെന്നും കുഞ്ഞിക്കണ്ണൻ പറഞ്ഞു. വിദേശ ഫണ്ടിംഗ് ഏജൻസിയുടെ വളർത്തുപുത്രിയായ ജാനുവും സർക്കാരും നടത്തിയ ഗൂഡാലോചനയുടെ പരിണിതഫലമാണ് മുത്തങ്ങയിൽ നടന്നത്. കാട്ടിൽ തങ്ങൾ സംഘടിപ്പിച്ച ആദിവാസികൾ തണുപ്പും വന്യമൃഗശല്യവും കാരണം മടങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ ഗത്യന്തരമില്ലാതെ ജാനുവും ഗീതാനന്ദനും നടത്തിയതാണ് ബന്ദിനാടകവും തുടർന്നുള്ള അക്രമവും.

ആദിവാസികളെ പ്രകോപിപ്പിച്ച് സംഭവം കൂട്ടക്കൊലയിലെത്തിച്ച ജാനുവിനെയും ഗീതാനന്ദനെയും ഇവർക്ക് സ്തുതിപാടി നടക്കുന്ന കേരളത്തിലെ ബുദ്ധിജീവികളെയും പോലീസ് അറസ്റ്റുചെയ്യണം. മുത്തങ്ങ സംഭവത്തിനുപിന്നിൽ പ്രവർത്തിച്ച ഏജൻസിയെയും ഇവർക്ക് പണമൊഴുകിയെത്തിയ ഉറവിടവും അന്വേഷണവിധേയമാക്കണമെന്ന് ഇവർ പറഞ്ഞു.

ആദിവാസികളെ കൂട്ടക്കൊല ചെയ്യുകയും തുടർന്നും ഇവരെ ദ്രോഹിക്കുകയും ചെയ്യുന്ന നടപടിക്കെതിരേ സി.പി.ഐ.എം.എൽ ശക്തമായ പ്രക്ഷോഭ സമരങ്ങൾ ആരംഭിക്കുമെന്ന് കെ.ടി. കുഞ്ഞിക്കണ്ണൻ പറഞ്ഞു.

കുടിവെള്ളത്തിന്റെ നിലവാരം:

കർശന മാനദണ്ഡങ്ങൾ ഏപ്രിൽ ഒന്നു മുതൽ

ന്യൂഡൽഹി: വിവിധ ബ്രാൻഡിൽ കുപ്പികളിലാക്കി വിപണനം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ കേന്ദ്ര സർക്കാർ ഏപ്രിൽ ഒന്നു മുതൽ കർശനമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുമെന്ന് ആരോഗ്യ മന്ത്രി സുഷമാ സ്വരാജ് ലോക് സഭയിൽ വ്യക്തമാക്കി.

ഇതിനായി നിലവിലുള്ള ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കൽ നിരോധന നിയമം ഭേദഗതി ചെയ്യുമെന്ന് സുഷമ പറഞ്ഞു. കുപ്പിവെള്ളത്തിൽ കീടനാശിനികൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ അംശങ്ങൾ കണ്ടെത്തിയിനെ ചൊല്ലി ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിനു മറുപടി പറയുകയായിരുന്നു അവർ. നിയമ ഭേദഗതിക്കു മുന്നോടിയായി ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് സമർപ്പിച്ച ശിപാർശ പ്രകാരം ഒരു ഡ്രാഫ്റ്റ് തയാറാക്കി അഭിപ്രായങ്ങൾ അറിയാൻ വിതരണം ചെയ്യും.

മാലിന്യങ്ങളുടെ അളവ് ലിറ്ററിന് 0.0005 മില്ലിഗ്രാം എന്ന അന്താരാഷ്ട്ര നിലവാരം നിർബന്ധമാക്കും. അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ള പരിശോധനാ രീതികൾ അടിസ്ഥാനമാക്കി 32 തരം കീടനാശിനികളുടെ അളവു എത്രയുണ്ട് എന്ന് പരിശോധിക്കണം.

വിദേശ കമ്പനിയായ പെപ്സി വിപണനം ചെയ്യുന്ന അക്വഫിന എന്ന കുപ്പിവെള്ളത്തിനും മുംബൈയിൽ ഇയോൺ എക്സ്ചേഞ്ച് കമ്പനിയുടെ ഉത്പന്നങ്ങൾക്കും ഐഎസ്ഐ മുദ്ര ഉപയോഗിക്കാൻ പാടില്ലെന്ന് സർക്കാർ വിലക്കി.

ഗുരുവായൂർ ക്ഷേത്രത്തിൽ ഉത്സവബലി നാളെ

ഗുരുവായൂർ: ഉത്സവം എട്ടാം വിളക്ക് ദിവസമായ നാളെ ക്ഷേത്രത്തിൽ ഉത്സവബലി നടക്കും. ഉത്സവത്തിന്റെ താന്ത്രിക ചടങ്ങുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഉത്സവബലി.

ക്ഷേത്രത്തിലെ സകല ദേവന്മാർക്കും ഗുരുവായൂരപ്പന്റെ സാന്നിധ്യത്തിൽ പൂജാവിധികളോടെ ഹവിസ് തൂവുന്നത് ഉത്സവബലിക്കാണ്. രാവിലെ ഒൻപതിന് ആരംഭിച്ച് വൈകിട്ട് 4.30 വരെ ചടങ്ങ് നീണ്ടുനില്ക്കും.

തന്ത്രി ചേന്നാസ് സതീശൻ നമ്പൂതിരിപ്പാട് ഉത്സവബലി നിർവഹിക്കും.

8,15,300 രൂപ നഷ്ടപരിഹാരം നൽകാൻ വിധിച്ചു

മഞ്ചേരി: ഓട്ടോമറിഞ്ഞ് തീപിടിച്ച് മുന്നു യാത്രക്കാർ പൊള്ളലേറ്റ് മരിച്ച കേസിൽ ആശ്രിതകർക്ക് 8,15,300 രൂപ നഷ്ടപരിഹാരം നൽകാൻ മഞ്ചേരി എം.എ.സി.ടി.ജഡ്ജി എം.സി.സുധാകരൻ ഉത്തരവിട്ടു.

1998 മെയ് എട്ടിനായിരുന്നു അപകടം. നിലമ്പൂരിൽനിന്നു എടവണ്ണ കുണ്ടുതോട്ടിലേക്ക് വരികയായിരുന്ന ഓട്ടോ ചളിരിങ്ങൽ വളവിൽ മറിഞ്ഞ് തീപിടിക്കുകയും ഇതിൽ യാത്ര ചെയ്തിരുന്ന കുണ്ടുതോട് സ്വദേശികളായ പിടക്കോഴി മുഹമ്മദ് റാഫിയുടെ ആശ്രിതർക്ക് 2,80,300 രൂപയും പള്ളിക്കത്തൊടി വിജയന്റെ ആശ്രിതർക്ക് 2,65,900 രൂപയും പരശുരാമൻകുന്നത്ത് ഫിറോസ് ഖാന്റെ ആശ്രിതർക്ക് 2,69,100 രൂപയും നഷ്ടപരിഹാരം നൽകാനാണ് കോടതി വിധി. മഞ്ചേരി ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയാണ് തുക നൽകേണ്ടത്.

NOT TO MISS 'SAYAHNA!!'
Holy cross VTI
presents a fabulous food festival in their campus near manorama on 22nd feb-2003 at 3 p.m till 10 pm.
Ph: 2761749
note: Entries are limited to pass holders only. No entries after 9 p.m.

കുട്ടിച്ചാത്തൻ മഹിമ
ജാതിമത ഭേദമന്യെ സർവ്വർക്കും അനുഗ്രഹം

മാഠാധിപതി
കെ.വി. പത്മനാഭൻ സ്വാമി
നിങ്ങളെ അലട്ടുന്ന എത്ര പ്രശ്നപരിഹാരത്തിനും ജാതിമത ഭേദമന്യേ സർവ്വർക്കും അനുഗ്രഹം നൽകുന്ന മാന്ത്രികത്തിലെ ഹൈന്ദവദൈവമായ കുട്ടിച്ചാത്തൻ ക്ഷേത്രം. ഞെഴിനീ ഉന്നതി, ദുർവ്വിധയായ അഭിവൃദ്ധി, വന്ധ്യത, ഭയത്തിൽ ഭയം, കുടുംബ ഐശ്വര്യം, വിവാഹം, വിദേശജോലി, മനോദുഃഖം എന്നിവയ്ക്ക് ശ്രീ ചാത്തൻ സ്വാമി കരുണയിലൂടെ ശാശ്വത പരിഹാരം ഉടനെ ഉണ്ടാക്കുന്നു.
മാഠാധിപതി കെ.വി. പത്മനാഭൻ സ്വാമി
കാരണയിൽ മഠം
എട്ടുമന, പി.ഒ. കരുവന്നൂർ, തൃശ്ശൂർ - 680 711, കേരളം
Ph : 0487 - 2342693, Fax:91-487-2342693
E-mail: kvpadmanabhan@karanayilmadomtemple.org
Visit us : www.karanayilmadomtemple.org

മാതൃഭൂമി

A Product of Poombukar

Poomer
SLIPS • PANTIES
AISWARYA ENTERPRISES
Orkkatteri-1, Ph : (0496) 2547425
FULLMOON SALES CORPORATION
Calicut-4, Ph : (0495) 2725526 Cell : 98470-80743

2003 ഫിബ്രുവരി 21 വെള്ളി
1178 കുംഭം 9
Mathrubhumi, The National Daily in Malayalam
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Mumbai ◆ Chennai ◆ Bangalore
കോഴിക്കോട് ◆ പേജ് 16 + 4 (Tabloid) ◆ വില രൂപ 3.25
www.mathrubhumi.com

◆ ചുരുക്കത്തിൽ ◆

വി.എസും സംഘവും മുത്തങ്ങയിലേക്ക്

തിരുവനന്തപുരം: മുത്തങ്ങയിലെ സംഘർഷ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനായി പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനും മറ്റ് പ്രതിപക്ഷ ഘടകകക്ഷി നേതാക്കളും മുത്തങ്ങയിലേക്ക് യാത്ര തിരിച്ചു.

കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷണ്മുഖദാസ്, ഡോ. നീലലോഹിതദാസൻനാടാർ, ഡോ. കെ.സി. ജോസഫ്, ബിനോയ് വിശ്വം, എം.പി. ജയരാജൻ, കോവൂർ കുഞ്ഞുമോൻ തുടങ്ങിയവർ സംഘത്തിലുണ്ട്.

വെള്ളിയാഴ്ച രാവിലെ പത്തുമണിയോടെ മുത്തങ്ങയിൽ സംഘം എത്തിച്ചേരും.

മുത്തങ്ങയിൽ നടന്ന പോലീസ് വെടിവയ്പിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും എണ്ണം മുഖ്യമന്ത്രി വെളിപ്പെടുത്തണമെന്ന് സി.പി.ഐ. നിയമസഭാ കക്ഷി നേതാവ് കെ.പി. രാജേന്ദ്രൻ ആവശ്യപ്പെട്ടു.

ബി. എസ്. എൻ. എൽ. എല്ലാ ഇൻകമിങ് കോളും സൗജന്യമാക്കി

തിരുവനന്തപുരം: ബി. എസ്. എൻ. എൽ. മൊബൈൽ സർവീസിലേക്കുള്ള എല്ലാ ഇൻകമിങ് കോളുകളും സൗജന്യമാക്കി. മുമ്പ് പോസ്റ്റ് പെയ്ഡ് കണക്ഷനിൽ മാത്രമുണ്ടായിരുന്ന ഇൻകമിങ് സൗജന്യം പ്രീ പെയ്ഡിനും ബാധകമാക്കി. മറ്റ് മൊബൈൽ ഫോൺ സർവീസിൽ നിന്നുള്ള വിളികൾക്കും നിരക്ക് ഈടാക്കില്ലെന്ന് ബി. എസ്. എൻ. എൽ. ചീഫ് ജനറൽ മാനേജർ അറിയിച്ചു. സൗജന്യങ്ങൾ വ്യാഴാഴ്ച രാത്രി നിലവിൽ വന്നു.

ബി. എസ്. എൻ. എൽ. മൊബൈൽ കണക്ഷനുകൾ നൽകുന്നത് അടുത്ത ആഴ്ച പുനരാരംഭിക്കും. സിം കാർഡ് ക്ഷാമം കാരണം ഇത് നിർത്തിവച്ചിരിക്കുകയായിരുന്നു.

ഉൾപേജുകളിൽ



പേജ് 3
എല്ലാം പോലീസിന് വിട്ട് ഭരണനേതൃത്വം മാറിനിന്നു



പേജ് 14
സൂപ്പർ സിക്സ്: ഇന്ത്യക്ക് പ്രതീക്ഷ



പേജ് 16
ഇറാൻ വിമാനദുരന്തം: മരണം 302 തിരച്ചിൽ തുടരുന്നു



കൂടെ
നർമ്മ ഭൂമിയും

നിരവധി സമരക്കാരെ കാണാനില്ല

പുല്പള്ളി: ആദിവാസി ഗോത്രമഹാസഭയുടെ ആഹ്വാനപ്രകാരം മുത്തങ്ങയിൽ വനംകയ്യേറ്റത്തിനുപോയ നിരവധി ആദിവാസി കുടുംബങ്ങളെക്കുറിച്ച് യാതൊരു വിവരവുമില്ല. ഇവരിൽ എത്രപേർ ജീവനോടെയുണ്ടെന്നുപോലും അറിയാതെ മറ്റു കോളനിവാസികളും വ്യഥയനുഭവിക്കുന്നു.

ഏറ്റവുമധികം ആദിവാസികളും മുത്തങ്ങയിലെ കയ്യേറ്റത്തിനുപോയത് പുല്പള്ളി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽപ്പെട്ട കൊടുമുരട് പണിയ കോളനിയിൽ നിന്നാണ്. 48 കുടുംബങ്ങളിലായി 276 പേരാണ് കൊടുമുരട് കോളനിയിൽ നിന്നും കിളിയന്റെ മകൻ വള്ളിയെന്ന വാസുവിന്റെ നേതൃത്വത്തിൽപോയത്. ഇവരിൽ 30-ഓളം പേർ ബുധനാഴ്ച രാത്രി കോളനിയിൽ തിരിച്ചെത്തി. മറ്റുള്ളവരെക്കുറിച്ച് ഒരു വിവരവുമില്ലെന്നാണ് കോളനിയിൽ തിരിച്ചെത്തിയവർ പറയുന്നത്.

വാസുവും ഏതാനും യുവാക്കളും തകരപ്പാടിയിലെ ചെക്കുപോസ്റ്റിലായിരുന്നു 'ഡ്യൂട്ടി'യിലുണ്ടായിരുന്നത്. ബുധനാഴ്ച പോലീസും വനംവകുപ്പുകാരും ചേർന്ന് കുടിയൊഴിപ്പിക്കൽ ആരംഭിച്ചതോടെ ഇവരെല്ലാം ചിതറി വനത്തിന്റെ വിവിധ ഭാഗങ്ങളിലേക്കോടി. ബഹുഭൂരിപക്ഷവും ഉൾക്കാട്ടിലേക്കാണ് ഓടികയറിയതെന്ന് രക്ഷപ്പെട്ടവർ പറഞ്ഞു. കാട്ടാനകളും മറ്റു വന്യമൃഗങ്ങളും സ്വൈര്യവിഹാരം നടത്തുന്ന നിബിഡ വനത്തിനുള്ളിലേക്കോടിപ്പോയ സ്ത്രീകളും കുട്ടികളുമടങ്ങുന്നവരിൽ എത്ര പേർ ജീവനോടെ പുറത്തുവരുമെന്ന് കണ്ടറിയണം. ബുധനാഴ്ച രാത്രി കോളനിയിലെത്തിയത് വളരെയേറെ ക്ഷീണിച്ച് അവശരായാണ്.

വനവുമായി ഏറെയൊന്നും ബന്ധമില്ലാത്തവരാണ് ഇപ്പോഴും വനത്തിനുള്ളിൽ കുടുങ്ങിയിരിക്കുന്നതെന്നതാണ് മറ്റൊരു വസ്തുത. മാസങ്ങൾക്കുമുമ്പേ കോളനികളിൽ വനംകയ്യേറ്റത്തിനുള്ള പരിശീലനം ചിലർ നൽകിയിരുന്നു. വിലപിടിപ്പുള്ളതൊന്നും കാട്ടിനുള്ളിലേക്ക് കൊണ്ടുപോകരുതെന്നും 'ജീവൻ നഷ്ടമായാലും സ്ഥലം പിടിച്ചെടുക്കണ'മെന്നുമുള്ള ജാനുവിന്റെയും മറ്റു നേതാക്കളുടെയും ആഹ്വാനമാണ് ആദിവാസികളെ കുടിയേറ്റത്തിന് പ്രേരിപ്പിച്ചത്. എങ്കിലും വീട്ടിലുള്ള ചട്ടിയും കലങ്ങളും മുഴുവൻ വസ്ത്രങ്ങളുമായാണ് മിക്ക ആദിവാസികളും വനംകയ്യേറ്റത്തിനു പോയത്. അധികൃതരുടെ ഇടപെടലിനെ തുടർന്ന് വനംവിട്ട് ഓടിപ്പോന്ന പലർക്കും ഉടുതുണിയല്ലാതെ മറ്റൊന്നും തിരികെ ലഭിച്ചില്ല.

കയ്യേറ്റസ്ഥലത്തുനിന്നും വ്യാഴാഴ്ച രാവിലെ തിരികെ വന്നവരെ പുല്പള്ളിയിലേക്കുള്ള സ്ഥലങ്ങളിൽ പോലീസ് പിടികൂടി. ബസ്സുകളും പരിശോധിച്ചാണ് ഗോത്രമഹാസഭയിലെ ആദിവാസികളെ പിടികൂടിയത്. ഇവരെ സുൽത്താൻബത്തേരിയിലേക്കയച്ചതായറിയുന്നു.

മരണസംഖ്യ: ദുരൂഹത തുടരുന്നു

മുത്തങ്ങ (വയനാട്): ബുധനാഴ്ച വൈകിട്ട് മുത്തങ്ങ വന്യജീവി സങ്കേതത്തിൽ ആദിവാസി ഗോത്രമഹാസഭ പ്രവർത്തകർക്കുനേരെ പോലീസ് നടത്തിയ വെടിവെപ്പിൽ മരിച്ചത് ഒരാദിവാസി മാത്രമാണെന്ന ഔദ്യോഗിക വിശദീകരണം ജനങ്ങളം അംഗീകരിക്കുന്നില്ല. നേർക്കുനേരെയുള്ള ഏറ്റുമുട്ടലിൽ ഒട്ടേറെ ആദിവാസികളം മരിച്ചുവെന്ന് അഭ്യൂഹം പടരുകയാണ്.

വെടിവെപ്പിൽ ഒരു ആദിവാസിയേ മരിച്ചുള്ളുവെന്ന് പോലീസ് വൃത്തങ്ങളം വ്യാഴാഴ്ചയും ഉറപ്പിച്ചുപറയുന്നു. എന്നാൽ, പല മാധ്യമങ്ങളും മരണസംഖ്യ പത്തുവരെയെന്നെഴുതിയിട്ടും മുത്തങ്ങയിലെ ഒരു പോലീസുദ്യോഗസ്ഥനും അതിനെതിരെ ഒന്നും പറയുന്നില്ല. ഒമ്പതോളം ആദിവാസികളം മരിച്ചുവെന്നാണ് പി.സി. തോമസ് എം.പി. പറയുന്നത്. ജെ.സി.ബി ഉപയോഗിച്ച് ജഡങ്ങളം മറവുചെയ്യുകകയായിരുന്നെന്നും അദ്ദേഹം ആരോപിച്ചു. മരണസംഖ്യ കൂടുതലാണെന്ന് ചില പോലീസുകാരും വനപാലകരും രഹസ്യമായി പറയുന്നുണ്ട്.

240 ആദിവാസികൾ അറസ്റ്റിൽ

മുത്തങ്ങ: കയ്യേറ്റക്കാരെ ഒഴിപ്പിച്ചു

ടി.വി.രവീന്ദ്രൻ

മുത്തങ്ങ(വയനാട്): മുത്തങ്ങ വന്യജീവി സങ്കേതത്തിലെ കയ്യേറ്റ ഭൂമിയിൽ നിന്ന് ആദിവാസികളെ പൂർണമായും ഒഴിപ്പിച്ചതായി ജില്ലാ കലക്ടർ കെ.ഗോപാലൻ അറിയിച്ചു. ബുധനാഴ്ചത്തെ പോലീസ് വെടിവെപ്പിൽ ഒന്നിലധികം പേർ മരിച്ചിട്ടില്ലെന്ന് ഉത്തരമേഖലാ ഐ.ജി. വേണുഗോപാൽ കെ. നായർ ആവർത്തിച്ചു. മുത്തങ്ങയിൽ പോലീസ് വ്യാഴാഴ്ച വ്യാപകമായ തിരച്ചിൽ നടത്തിയിരുന്നു. 240 പേരെ കസ്റ്റഡിയിലെടുത്തതായും ഐ.ജി. അറിയിച്ചു.

വ്യാഴാഴ്ച രാവിലെയും ഉച്ചയ്ക്കുമായി വൻ പോലീസ് -വനപാലകവ്യൂഹം പൊൻകുഴി കാട്ടുനായ്ക്ക കോളനിക്കു സമീപത്തും അമ്പുകുത്തിയിലും തിരച്ചിൽ നടത്തി. അവിടെ കയ്യേറ്റക്കാർ കെട്ടിയ കുടിലുകളം പൂർണമായും നശിപ്പിച്ചു.

മുഴുവൻ ആദിവാസികളെയും ഒഴിപ്പിച്ചെടുത്തുവെന്ന് കലക്ടർ അവകാശപ്പെടുമ്പോഴും ഒട്ടേറെ ഗോത്രമഹാസഭാ പ്രവർത്തകർ ഉൾക്കാടുകളിൽ തങ്ങുന്നുണ്ടെന്ന അഭ്യൂഹവും വ്യാപകമായി. കല്ലൂർ എരവണ്ണൂർ അമ്പലപരിസരത്ത് ആയുധങ്ങളുമായി ഒരുകൂട്ടം ഗോത്രമഹാസഭക്കാർ തമ്പടിച്ചതായി പറയപ്പെടുന്നു. വ്യാഴാഴ്ച രാവിലെ മുത്തങ്ങയിലെ ഡോർമിറ്ററിക്കുസമീപം മുപ്പതോളം ആദിവാസിയുവാക്കൾ എത്തിയിരുന്നുവത്രെ. പോലീസ് ഇവരെ പിന്തുടരാൻ ശ്രമിച്ചപ്പോൾ അവർ കാട്ടിലേക്കുതന്നെ തിരിച്ചു.

കയ്യേറ്റഭൂമിയിൽ നിന്നും രക്ഷപ്പെട്ടുപോരുന്ന ആദിവാസികളെ സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ നിന്നും പോലീസ് പിടികൂടിയിട്ടുണ്ട്. നാട്ടുകാരുടെ സഹായവും പോലീസിനു ലഭിച്ചു. ശ്രീലങ്കൻ അഭയാർഥിയായ തമിഴ് യുവാവും ഇക്കൂട്ടത്തിലുണ്ട്. എന്നാൽ, അക്കാര്യം ഉത്തരമേഖല ഐജി നിഷേധിച്ചു.

ആന്ധ്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുള്ളവരും കയ്യേറ്റഭൂമിയിലെത്തിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ വേടസമുദായക്കാരും പാലക്കാട്, ഇടുക്കി ജില്ലകളിൽ നിന്നുള്ളവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. നെയ്യാറ്റിൽകര സ്വദേശിയായ യുവാവാണ് തോൽപ്പെട്ടി ഫോറസ്റ്റർ ടി.കെ.ശശിധരനെ പരിക്കേല്പിച്ചത്. ഇയാളുടെ പേരുവിവരം പോലീസ് വെളിപ്പെടത്തിയിട്ടില്ല. ബുധനാഴ്ച വൈകുന്നേരത്തെ പോലീസ് നടപടിക്കുശേഷം കയ്യേറ്റ ഭൂമിയിൽ നിന്ന് ഓടിരക്ഷപ്പെട്ട 148 പേർ പൊൻകുഴിയിൽ നടക്കാവ് സി.ഐ. ആർ.കെ.കൃഷ്ണകുമാർ, കോഴിക്കോട് ടൗൺ സി.ഐ അജിത് എന്നിവർക്കു മുമ്പാകെ കീഴടങ്ങിയിരുന്നു. ശക്തമായ പോലീസ് സന്നാഹം മുത്തങ്ങയിൽ ജാഗ്രത തുടരുകയാണ്. കൂടുതൽപേരെ വരുംദിനങ്ങളിൽ പിൻവലിക്കുമെന്ന് ഉത്തരമേഖലാ ഐ.ജി. പറഞ്ഞു.



എരിയുന്ന മുത്തങ്ങ: ബുധനാഴ്ച പോലീസ് വെടിവെപ്പ് നടന്ന മുത്തങ്ങ വനത്തിൽ വ്യാഴാഴ്ചയും അണയാതെ നിന്ന തീ - ഫോട്ടോ: *ആർ. ജെ. വിഷ്ണു*

കേന്ദ്രം റിപ്പോർട്ട് ആവശ്യപ്പെട്ടു

ന്യൂഡൽഹി: മുത്തങ്ങ സംഭവത്തെക്കുറിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം സമഗ്ര റിപ്പോർട്ട് ആവശ്യപ്പെട്ടു.

മുത്തങ്ങയിൽ ആദിവാസികളും, പോലീസും തമ്മിൽ ഉണ്ടായ ഏറ്റുമുട്ടൽ സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന ക്രമസമാധാന പ്രശ്നമാണെങ്കിലും, സംരക്ഷിത വനഭൂമി കയ്യേറുന്നതിലേക്ക് ആദിവാസികളെ നയിച്ച സാഹചര്യങ്ങളെ കുറിച്ചാണ് കേന്ദ്രം റിപ്പോർട്ട് ആവശ്യപ്പെട്ടതെന്ന് കേന്ദ്രവനം പരിസ്ഥിതിമന്ത്രി ടി.ആർ.ബാലു അറിയിച്ചു.

പോലീസുകാരന്റെ കുടുംബത്തിന് 5 ലക്ഷം

തിരുവനന്തപുരം: വയനാട്ടിലെ മുത്തങ്ങയിൽ ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കെ കൊലചെയ്യപ്പെട്ട പോലീസുകാരൻ വിനോദിന്റെ കുടുംബത്തിന് താൽക്കാലിക ആശ്വാസമായി അഞ്ചുലക്ഷം രൂപ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മറ്റ് സഹായങ്ങളെക്കുറിച്ച് പിന്നീട് മന്ത്രിസഭ പരിശോധിക്കും. ഗുരുതരമായി പരിക്കേറ്റ ഫോറസ്റ്റ് ഉദ്യോഗസ്ഥന് ഒരുലക്ഷം രൂപയും താൽക്കാലിക ആശ്വാസമായി നൽകുമെന്ന് മന്ത്രിസഭായോഗത്തിനുശേഷം മുഖ്യമന്ത്രി എ.കെ.ആൻറണി പത്രലേഖകരോട് പറഞ്ഞു.

മുത്തങ്ങ സംഭവം: പ്രതിപക്ഷം സഭാനടപടികൾ സ്തംഭിപ്പിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം നിയമസഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികളം സ്തംഭിപ്പിച്ചു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് മൂല്യവർദ്ധിത നികുതി (വാറ്റ്) ബിൽ ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. പിന്നീട് സഭ പിരിഞ്ഞതായി സ്പീക്കർ വക്കം പുരുഷോത്തമൻ അറിയിച്ചു. നേരത്തെ വാക്കൗട്ട് നടത്തിയ പ്രതിപക്ഷം തിരിച്ചെത്തിയാണ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് സഭാനടപടികളം സ്തംഭിപ്പിച്ചത്.

പ്രതിപക്ഷംഗങ്ങളം കറുത്ത ബാഡ്ജ് ധരിച്ചുകൊണ്ടാണ് സഭയിൽ വന്നത്. ചോദ്യോത്തരവേള കഴിഞ്ഞയുടൻ മുത്തങ്ങയിലെ വെടിവയ്പുമായി ബന്ധപ്പെട്ട് കോടിയേരി ബാലകൃഷ്ണനും മറ്റും അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ വിവരം സ്പീക്കർ അറിയിച്ചു. ആദിവാസികളം വെടിയേറ്റ് മരിക്കുന്നത് ചരിത്രത്തിൽ ആദ്യമാണെന്ന് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. പ്രശ്നം ഗൗരവമേറിയതാണെങ്കിലും മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നതായി സ്പീക്കർ അറിയിച്ചു.

തുടർന്ന് പ്രസ്താവനയ്ക്കായി പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ എണീറ്റു. സർക്കാരിന്റെ നിരുത്തരവാദപരമായ നിലപാടാണ് മുത്തങ്ങയിലെ സംഭവമുണ്ടായതെന്ന് അദ്ദേഹം പറഞ്ഞു. ആദിവാസികളെ പറഞ്ഞു പറ്റിച്ചതിനാണ് അവർ ആയുധമെടുത്തതെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു.

തുടർന്ന് പ്രതിപക്ഷ കക്ഷി നേതാക്കളായ കെ.പി.രാജേന്ദ്രൻ, എ.നീലലോഹിതദാസൻനാടാർ, ഡോ.കെ.സി.ജോസഫ് എന്നിവരും കോവൂർ കുഞ്ഞുമോനും പ്രസ്താവന നടത്തിയിട്ട് സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

സ്പീക്കർ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കാൻ പ്രയാർ ഗോപാലകൃഷ്ണന്റെ പേരുവിളിച്ചു. അപ്പോഴേക്കും ഇറങ്ങിപ്പോയ പ്രതിപക്ഷാംഗങ്ങളം മുദ്രാവാക്യം വിളിയുമായി തിരിച്ചെത്തിയിരുന്നു. ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടണമെന്ന ആവശ്യം അവർ ആവർത്തിച്ചു. ഭരണപക്ഷം പ്രതികരിക്കുന്നില്ലെന്ന് കണ്ടപ്പോൾ മുദ്രാവാക്യം വിളിയുമായി സഭയുടെ നടുത്തളത്തിലിറങ്ങി. പ്രതിപക്ഷ ബഹളത്തിനിടെ മൂല്യവർദ്ധിത നികുതി ബിൽ ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിട്ട് സഭ പിരിഞ്ഞതായി സ്പീക്കർ പ്രഖ്യാപിച്ചു.

മാതൃഭൂമി-എസ്കോട്ടൽ
ജനശബ്ദം
ഇന്നലത്തെ സർവെ ഫലം*
സിംബാബ്വെയ്ക്കെതിരായ ജയം ഇന്ത്യയുടെ കിരീട സാദ്ധ്യത വർദ്ധിപ്പിക്കുന്നുണ്ടോ?


ഇന്നത്തെ ചോദ്യം
മുത്തങ്ങ സംഭവങ്ങളെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടോ?
അഭിപ്രായം രേഖപ്പെടുത്താൻ എസ്കോട്ടൽ വരിക്കാർക്ക് 6666ലേക്ക് SMS അയക്കാവുന്നതാണ്.
* സർവെഫലം, എസ്കോട്ടൽ SMS സംവിധാനത്തിൽ മറുപടി നൽകിയവരുടെ അഭിപ്രായം മാത്രമാണ്. ഇതു പൊതുജനങ്ങളുടെ മുഴുവൻ അഭിപ്രായമായി പരിഗണിക്കേണ്ടതില്ല.

മാതൃഭൂമി Adlux
CTV, VCD, HOME THEATRE, DVD...
15 ലക്ഷം രൂപയുടെ സമ്മാനങ്ങൾ


◆ കുഞ്ഞമ്മാൻ ◆



കാടെവിടെ മക്കളെ
മേടെവിടെ മക്കളെ...
....അമ്പുവില്ലണിയിച്ച് വായ്ത്താരി ചൊല്ലിച്ച തമ്പ്രാക്കളൊക്കെയെ-
വിടെയെൻ മക്കളെ...?

അമേരിക്ക ഉറച്ചുതന്നെ; യുദ്ധപ്രമേയം ഉടൻ

വാഷിംഗ്ടൺ: ഇറാഖിനെതിരായ സൈനിക നീക്കത്തിന് സാധൂകരണം നൽകുംവിധമുള്ള പുതിയൊരു പ്രമേയം ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ അവതരിപ്പിക്കുമെന്ന് അമേരിക്ക ആവർത്തിച്ചു വ്യക്തമാക്കി. യു.എസ്. വിദേശകാര്യ വക്താവ് റിച്ചാർഡ് ബൗച്ചറാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. വെള്ളിയാഴ്ചയോ അടുത്തയാഴ്ച ആദ്യമോ പ്രമേയം അവതരിപ്പിക്കും എന്നാണ് സൂചന.

മാർച്ച് ഒന്നിന് മുഖ്യ ആയുധപരിശോധകൻ ഹാൻസ് ബ്ലിക്സ് അടുത്ത റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമേ പ്രമേയം വോട്ടിനിടൂ എന്ന് യു.എസ്-ബ്രിട്ടീഷ് കേന്ദ്രങ്ങം സൂചിപ്പിച്ചിട്ടുണ്ട്. ഫ്രാൻസ്, റഷ്യ തുടങ്ങിയ രാജ്യങ്ങം 'വീറ്റോ' ഭീഷണി മുഴക്കിയാലും പ്രമേയം വോട്ടിനിടുമെന്ന് അവർ പറഞ്ഞു.

വൈദ്യുതി ബോർഡ് ഓഫീസുകളിൽ റെയ്ഡ്

തിരുവനന്തപുരം: വൈദ്യുതി ബോർഡ് ഓഫീസുകളിൽ നടന്ന വിജിലൻസ് റെയ്ഡിൽ വ്യാപകമായ ക്രമക്കേടുകം കണ്ടെത്തി. വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരും വൻകിട ഉപഭോക്താക്കളും ചേർന്ന് നടത്തിയ തിരിമറിയിൽ ബോർഡിന് ലക്ഷങ്ങളുടെ നഷ്ടമുണ്ടായതായി വ്യക്തമായി.

സംസ്ഥാനത്തെ 41 മേജർ സെക്ഷൻ ഓഫീസുകളിലാണ് വ്യാഴാഴ്ച ഒരേ സമയം 'ഓപ്പറേഷൻ ശക്തി' എന്ന പേരിൽ റെയ്ഡ് നടത്തിയത്. പൊതുജനങ്ങളിൽനിന്ന് കൂടുതൽ പരാതി കിട്ടിയ ഓഫീസുകളാണ് റെയ്ഡിനു തിരഞ്ഞെടുത്തത്.

കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലെ വൻകിട ഹോട്ടലുടമകംക്കാണ് കൂടിശ്ശിക അടയ്ക്കാതിരുന്നിട്ടും വൈദ്യുതി നൽകിയതായി കണ്ടെത്തിയത്. അതേ സമയം, പണമടച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. വിജിലൻസ് ഡയറക്ടർ ഹോർമിസ് തരകൻ, ഐ.ജി. സിബിമാത്യു തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്.

പാക് വ്യോമസേനാ മേധാവി വിമാനം തകർന്ന് മരിച്ചു

ഇസ്ലാമാബാദ്: പാക് വ്യോമസേനാ മേധാവി മുഷാഫ് അലി മിറും അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് എയർ വൈസ് മാർഷൽമാരുമുൾപ്പെടെ 17 പേർ വിമാനാപകടത്തിൽ മരിച്ചു. വടക്കുപടിഞ്ഞാറൻ പാകിസ്താനിലെ പഞ്ചാബ് പ്രവിശ്യയിൽ ഗംബത്ത് എന്ന മലയോര പട്ടണത്തിനു സമീപം വ്യാഴാഴ്ച രാവിലെയായിരുന്നു ദുരന്തം. പട്ടാള ഉദ്യോഗസ്ഥരും വിമാന ജീവനക്കാരുമാണ് മരിച്ച ബാക്കിയുള്ളവർ. അപകടകാരണം വ്യക്തമായിട്ടില്ലെങ്കിലും മോശമായ കാലാവസ്ഥയാണ് ദുരന്തത്തിന് കാരണമെന്ന് സൂചനയുണ്ട്.


മുഷാഫ് അലി മിർ

മുത്തങ്ങ സംഭവം: പ്രതിപക്ഷം സഭാനടപടികൾ സ്തംഭിപ്പിച്ചു


മലമ്പുഴ അണക്കെട്ടിന് മുകളിൽത്തീർത്ത മനുഷ്യമതിലിൽ പങ്കെടുത്ത കെ.പി. രാമകൃഷ്ണൻ, വൈശാഖൻ, ഡോ. സുകുമാർ അഴീക്കോട്, കെ.ഇ. ഇസ്മായിൽ, എം.എൻ. വിജയൻ, എം. ചന്ദ്രൻ, ടി. പത്മനാഭൻ, എം.പി. വീരേന്ദ്രകുമാർ, കെ. കൃഷ്ണൻകുട്ടി, പ്രൊഫ. പി.എ. വാസുദേവൻ തുടങ്ങിയവർക്ക് എൻ.എൻ. കൃഷ്ണദാസ് എം.പി. പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നു

ജലവിൽപ്പനയ്ക്കെതിരെ മലമ്പുഴയിൽ മനുഷ്യമതിൽ

പ്രത്യേകലേഖകൻ

പാലക്കാട്: മലമ്പുഴ വിൽക്കുന്നവരെയും അത് വാങ്ങാൻ വരുന്നവരെയും പ്രവേശിപ്പിക്കില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് പതിനായിരങ്ങം മലമ്പുഴയിൽ നിർമിച്ച മനുഷ്യമതിൽ മനുഷ്യക്കോട്ടയായി മാറി. സ്വാതന്ത്ര്യസമരസേനാനി നാരായണൻജി ആയിരുന്നു മനുഷ്യമതിലിലെ ആദ്യകണ്ണിയെങ്കിൽ കിലോമീറ്ററുകം അകലെ അവസാനത്തെ കണ്ണിയായത് കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് ജേതാവായ ഇന്ദുവായിരുന്നു. ആയിരക്കണക്കിന് സ്ത്രീകളും പങ്കെടുത്തു.

മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ, ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. എം.എൻ. വിജയൻ, ടി. പത്മനാഭൻ, വൈശാഖൻ, മുണ്ടൂർ സേതുമാധവൻ, പ്രൊഫ. പി.എ.വാസുദേവൻ, കെ.ടി. ഗോപി, എൻ.എൻ. കൃഷ്ണദാസ് എം.പി., മുൻമന്ത്രി കെ.ഇ. ഇസ്മായിൽ, ചെന്താമരാക്ഷൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. രാമകൃഷ്ണൻ, സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം. ചന്ദ്രൻ, പാർട്ടി ജില്ലാ സെക്രട്ടറി പി. ഉണ്ണി, സി.പി.ഐ. ജില്ലാ സെക്രട്ടറി വി. ചാമുണ്ണി, അസി. സെക്രട്ടറി സുരേഷ്രാജ്, മുൻ എം.എൽ.എ. മാരായ ജോസ് ബേബി, സി.ടി. കൃഷ്ണൻ, ജനതാദം സംസ്ഥാന സെക്രട്ടറി ജനറൽ കെ. കൃഷ്ണൻകുട്ടി

പാത്രവും വളർത്തുമൃഗങ്ങളുമായി കാടുകയറിയവർ ഒന്നുമില്ലാതെ മടങ്ങി

എൻ. വി. പ്രമോദ്

കൽപ്പറ്റ: പാത്രങ്ങളും വീട്ടുസാധനങ്ങളും വളർത്തുമൃഗങ്ങളുമായി മുത്തങ്ങയിൽ വനഭൂമി കൈയേറിയവരിൽ ഒരു വിഭാഗം ഉടുതുണിക്ക് മറുതുണിയില്ലാതെ ബുധനാഴ്ച പുലർച്ചെയോടെ കോളനികളിൽ തിരിച്ചെത്തി. പത്തും ഇരുപതും പേർ കൈയേറ്റത്തിനുപോയ കോളനികളിൽ വിരലിലെണ്ണാവുന്നവരേ തിരിച്ചെത്തിയുള്ളൂ.

കാട്ടിലെ ഊടുവഴികളിലൂടെ പലവഴികളായി രാത്രി മുഴുവൻ സഞ്ചരിച്ച് കിലോമീറ്ററുകൾക്കകലെ ഗ്രാമങ്ങളിൽ എത്തിപ്പെട്ടവരുണ്ട്. ഇവിടെ നിന്ന് ഇവർ രണ്ടും മൂന്നും പേരടങ്ങുന്ന ചെറുസംഘങ്ങളായി കോളനികളിലേക്ക് നീങ്ങി.

ക്ഷീണിച്ച് അവശരായി ബത്തേരിയിലും മറ്റും ബസ്സ് കാത്തുനിന്ന ചിലരെ പോലീസ് പിടികൂടുകയും ചെയ്തു. പാത്രങ്ങൾ, ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങൾ, വസ്ത്രങ്ങൾ എന്നിവയുമായി കാടുകയറിയ ആദിവാസികൾ വെറുംകൈയോടെയാണ് തിരിച്ചെത്തിയത്.

നാട്ടിൽ എത്തിയിട്ടും ഇവരിലെ സമരവീര്യം കുറഞ്ഞിട്ടില്ല.

നിരപരാധികളായ ആദിവാസികളും പീഡിപ്പിക്കപ്പെടുന്നു

ബാബു നമ്പൂടാകം

കല്പറ്റ: മുത്തങ്ങയിലെ കൈയേറ്റ ഭൂമിയിൽ നിന്നെത്തിയവരാണെന്ന സംശയത്തിൽ വഴിയിൽ കാണുന്ന ആദിവാസികൾപോലും പീഡിപ്പിക്കപ്പെടുന്നു. നിരത്തിലൂടെ നടന്നുപോകുന്ന ആദിവാസികളെ നാട്ടുകാരിൽ ചിലർ തടഞ്ഞുനിർത്തി ചോദ്യം ചെയ്തു. ചിലരെ നാട്ടുകാർ തന്നെ പോലീസിലേല്പിച്ചു. ജില്ലയിലെല്ലായിടത്തും ആദിവാസികളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന സ്ഥിതി വന്നിട്ടുണ്ട്.



പരിക്കേറ്റ് ബത്തേരി താലൂക്ക് ആസ്പത്രിയിൽ എത്തിയവർ ഫോട്ടോ: ആർ. ജെ. വിഷ്ണു

ആസൂത്രിതമായ ആക്രമണം

കല്പറ്റ: ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനുവിനെ മുൻനിർത്തി ക്രിസ്ത്യൻ മതപരിവർത്തകരും പീപ്പിൾസ് വാർ ഗ്രൂപ്പും ആസൂത്രിതമായി നടത്തിയ ആക്രമണമാണ് മുത്തങ്ങയിൽ നടന്നതെന്ന് ആർ.എസ്.എസ്. ജില്ലാ കാര്യവാഹ് സി.കെ. ബാലകൃഷ്ണൻ പ്രസ്താവിച്ചു. മുത്തങ്ങ സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയ്യാറാകണമെന്ന് ബാലകൃഷ്ണൻ ആവശ്യപ്പെട്ടു. മുത്തങ്ങ സംഭവം കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് സമതാപാർട്ടി ദേശീയ സമിതി അംഗം എബ്രഹാം ബെൻഹർ രാജ്യരക്ഷാമന്ത്രി ജോർജ് ഫെർണാണ്ടസിനയച്ച സന്ദേശത്തിൽ ആവശ്യപ്പെട്ടു.



ആദിവാസികൾ കെട്ടി ഉയർത്തിയ കുടിലുകൾ തീവെപ്പിൽ കത്തിച്ചാമ്പലായപ്പോൾ

ഒരു ആദിവാസി കൂടി ആസ്പത്രിയിൽ

കോഴിക്കോട്: മുത്തങ്ങയിൽ പോലീസുകാരുടെ വെടിയേറ്റ് പരിക്കേറ്റ ഒരു ആദിവാസി യുവാവിനെ കൂടി മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ബത്തേരി കല്ലൂർ തിക്കുവള്ളൂർ ബാലൻ (27) ആണ് വ്യാഴാഴ്ച ഉച്ചയോടെ ആസ്പത്രിയിൽ എത്തിയത്. കൈകാലുകൾക്ക് മാരകമായി മുറിവേറ്റിട്ടുണ്ട്.

റെഡ്ഫ്ലാഗ് ഭാരവാഹികൾ ഉപവസിക്കും

കല്പറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ നടക്കുന്ന ആദിവാസി വേട്ട അവസാനിപ്പിക്കുക, നിരപരാധികളെ വിട്ടയയ്ക്കുക, പരിക്കേറ്റവർക്ക് വൈദ്യസഹായം ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് വെള്ളിയാഴ്ച 10 മണിക്ക് ബത്തേരി സ്വതന്ത്ര മൈതാനിയിൽ സി.പി.ഐ (എം.എൽ) റെഡ്ഫ്ലാഗ് ഭാരവാഹികൾ ഉപവസിക്കുമെന്ന് സെക്രട്ടറി കുന്നേൽ കൃഷ്ണൻ അറിയിച്ചു.

സീതയുടെ കണ്ണീർ വീണ മണ്ണിൽ നിരപരാധികളുടെ രക്തവും

ടി. പി. ബാലകൃഷ്ണപ്പിള്ള

സുൽത്താൻബത്തേരി: സീതാദേവിയുടെ മണ്ണിൽ വീണ രക്തത്തിന്റെ ഉത്തരവാദിത്വം ആർക്കെന്ന ചോദ്യത്തിന് ഉത്തരമില്ല. ഐതിഹ്യങ്ങൾ നിറഞ്ഞ പൊൻകുഴി ശ്രീരാമസ്വാമി-സീതാദേവി ക്ഷേത്രത്തിനു മുന്നിലാണ് ഒരുകാലത്ത് ഈപുണ്യഭൂമിയെ കാത്തുരക്ഷിച്ചിരുന്ന ആദിവാസിയുടെ രക്തവും നീതി നടപ്പാക്കാനെത്തിയ തെയ്യംകലാകാരൻ കൂടിയായ നിയമപാലകന്റെ രക്തവും ഒഴുകിയത്.

ശ്രീരാമനാൽ ഉപേക്ഷിക്കപ്പെട്ട് സീതാദേവി ഇരുന്നു കരഞ്ഞ് കണ്ണീർ വീണുത്ഭവിച്ച കണ്ണീർതടാകത്തിന് 250 മീറ്ററകലെയാണ് ബന്ദിയാക്കപ്പെട്ട പോലീസുകാരനെ മൃഗീയമായി വെട്ടിക്കൊന്നത്. തുടർന്ന് പോലീസ് നടത്തിയ വെടിവെപ്പിൽ കൊല്ലപ്പെട്ടത് പാവപ്പെട്ട ആദിവാസിവൃദ്ധനും. സീതത്തറയും കണ്ണീർതടാകവും ഉൾപ്പെടുന്ന ഈ വനം എന്നും കാത്തുസൂക്ഷിക്കാൻ മുന്നിൽനിന്നിരുന്നത് ആദിവാസികൾതന്നെയായിരുന്നു.

ഏറ്റുമുട്ടലുണ്ടായതിനെ തുടർന്ന് ബുധനാഴ്ച പൊൻകുഴി ശ്രീരാമസ്വാമി ക്ഷേത്രത്തിൽ നടക്കേണ്ടിയിരുന്ന ഉത്സവം പൂജകൾ മാത്രമായി ചുരുക്കി.

വ്യാഴാഴ്ച മുത്തങ്ങ ഫോറസ്റ്റ് ഓഫീസിനു സമീപമുള്ള ആലുങ്കുളം തറയിൽ നടക്കേണ്ട തിറമഹോത്സവത്തിനും പൂജാചടങ്ങുകൾ മാത്രമേ ഉണ്ടാകൂ. കലാപരിപാടികളും ഘോഷയാത്രകളും ഒഴിവാക്കിയതായി അമ്പലം ഭാരവാഹികൾ അറിയിച്ചു.

ജാനുവിനെ ഓർത്ത് അമ്മ വെള്ളച്ചി കരയുന്നു

ജി.ടി.കെ. അനിൽ

പനവല്ലി: ആദിവാസി ഗോത്രമഹാസഭ അധ്യക്ഷ സി.കെ. ജാനുവിനെ ഓർത്ത് പനവല്ലി കോളനിയിലെ കൂരയിലെ കോലായിലിരുന്ന് അമ്മ വെള്ളച്ചി നിർത്താതെ കരയുകയാണ്. പേരക്കുട്ടികളോടൊപ്പം കഴിയുന്ന വെള്ളച്ചി ആരോടും ഒരു വാക്കുപോലും പറയുന്നില്ല. ജാനുവിനെയും മുത്തങ്ങയെയും പരാമർശിക്കുമ്പോൾ അവർ ചെവിയോർക്കും.

മുത്തങ്ങയിൽനിന്നുള്ള വാർത്തകൾ ബുധനാഴ്ച വൈകിയാണ് വെള്ളച്ചി അറിഞ്ഞത്. അതു കേട്ടപ്പോൾ 'ജാനൂ, ജാനൂ' എന്നു വിളിച്ച് കുറേനേരം കരഞ്ഞു. അതിനുശേഷം ഒരു തുള്ളി വെള്ളംപോലും അവർ ഇറക്കിയിട്ടില്ല. ജാനുവിന്റെ ജ്യേഷ്ഠത്തിയുടെ മകൻ ബൈജുവിനെ ജാനുവിനെ കണ്ട് വിശേഷങ്ങളറിയിക്കാനായി ചൊവ്വാഴ്ച മുത്തങ്ങയിലേക്ക് അയച്ചതായിരുന്നു. പക്ഷേ, ബൈജുവിന് തിരിച്ചു പനവല്ലിയിലേക്ക് എത്താനായില്ല.

മുത്തങ്ങയിൽ കുടങ്ങിയ ബൈജുവിനെ വെള്ളച്ചി അന്വേഷിച്ചെങ്കിലും കോളനിക്കാർക്കും ഒരു മറുപടി നൽകാൻ കഴിഞ്ഞില്ല. ഗോത്രമഹാസഭയുടെ പ്രവർത്തകർ അവർക്കു ചുറ്റുമിരുന്ന് അവരെ ആശ്വസിപ്പിക്കുന്നു.

കയ്യേറ്റഭൂമിയിൽനിന്ന് ആദിവാസികളെ ഒഴിപ്പിക്കരുത്

തിരുവനന്തപുരം: കയ്യേറ്റഭൂമിയിൽനിന്ന് ആദിവാസികളെ ഒഴിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും മുഖ്യമന്ത്രി എ.കെ. ആൻറണി രാജിവയ്ക്കണമെന്നും ബി. ആർ.പി. ഭാസ്കർ, സിവിക് ചന്ദ്രൻ, ഡോ. എം.ഗംഗാധരൻ, കെ. പാനൂർ എന്നിവരുൾപ്പെടെ 13 പേർ ഒപ്പിട്ട പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ഒരു ചെറുസംഘം നടത്തിയ സമരത്തിന്റെ പേരിൽ ആദിവാസി സമൂഹത്തെ ഒന്നടങ്കം പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന് ഡി.വൈ.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ടി. ശശിധരൻ ആവശ്യപ്പെട്ടു. മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 1975-ലെ ആദിവാസി ഭൂനിയമം നടപ്പാക്കുവാൻവേണ്ട സമ്മർദ്ദ സമരങ്ങൾക്ക് ആദിവാസി സമൂഹം ഒന്നടങ്കം തയ്യാറാകണമെന്ന് മനുഷ്യാവകാശ ഏകോപനസമിതി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

മുത്തങ്ങയിൽ ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിന്റെ ഭാഗമായി നടന്ന സംഭവങ്ങൾക്കിടയിൽ പത്രപ്രവർത്തകരെ പോലീസ് ആക്രമിച്ച സംഭവത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ പ്രതിഷേധിച്ചു. പോലീസിന് സർക്കാർ നൽകുന്ന സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി പത്രപ്രവർത്തകർക്കെതിരെ പോരിനിറങ്ങിയാൽ യൂണിയൻ എതിർക്കുമെന്ന് പ്രസിഡണ്ട് കെ.ജി. മുരളീധരനും ജനറൽ സെക്രട്ടറി എസ്. ജയശങ്കറും പറഞ്ഞു.

മുത്തങ്ങ സംഭവത്തിൽ പ്രതിഷേധിച്ച് വ്യാഴാഴ്ച പ്രകടനം നടത്താൻ ഒരുങ്ങിയ പ്രവർത്തകരെ അറസ്റ്റു ചെയ്തതിൽ കേരള ദളിത് മഹാസഭ പ്രതിഷേധിച്ചു.

മുത്തങ്ങ സംഭവത്തിൽ ഭാരതീയ ഡൊമോക്രാറ്റിക് പാർട്ടി പ്രതിഷേധിച്ചു.

കരാർ ലംഘനം നടത്തിയ സംസ്ഥാന സർക്കാരാണ് മുത്തങ്ങ സംഭവത്തിന് ഉത്തരവാദിയെന്ന് എംപ്ലോയീസ് ഫോറം ഫോർ സോഷ്യൽ ഇക്വാലിറ്റി ആരോപിച്ചു. സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം വേണമെന്ന് അവർ ആവശ്യപ്പെട്ടു.



വെടിവെപ്പുനടന്ന സ്ഥലത്ത് ആദിവാസികളുടെ വീട്ടുപകരണങ്ങളും വസ്ത്രങ്ങളും ചിതറിക്കിടക്കുന്നു

തിരുനെല്ലിയിൽ ആദിവാസികളും നാട്ടുകാരും തമ്മിൽ സംഘർഷം

തിരുനെല്ലി: ആദിവാസി വിമോചന മുന്നണിയുടെ ഹർത്താലാഹ്വാനമനുസരിച്ച് ആദിവാസികൾ കടകളടപ്പിക്കാൻ ശ്രമിച്ചത് തിരുനെല്ലിയിൽ സംഘർഷത്തിനിടയാക്കി.

തിരുനെല്ലി വിഷ്ണുക്ഷേത്രത്തിനു മുന്നിലെ കടകളെല്ലാം ഹർത്താലനുകൂലികൾ നിർബന്ധപൂർവ്വം അടപ്പിച്ചു. പൊലീസ് സ്റ്റേഷനുസമീപത്തെ കടകൾ തകർക്കുമെന്ന് ആദിവാസികൾ പരസ്യമായി ഭീഷണിയുയർത്തി. കൂമ്പാരക്കുനി മാന്താനം കോളനിയിലെ ആദിവാസിയായ മൂക്കൻ എന്ന വികലാംഗന്റെ പെട്ടിക്കട കയ്യേറാനും കൂവാട്ടുമൂല ഉണ്ണിയുടെ പുല്ലുമേഞ്ഞ കടയ്ക്ക് തീവെയ്ക്കാനും അവർ ശ്രമിച്ചു. സ്ത്രീകളടക്കമുള്ള ഇരുപത്തഞ്ചോളം ആദിവാസികളാണ് സംഘത്തിലുണ്ടായിരുന്നത്. തുടർന്ന് നാട്ടുകാർ സംഘം ചേർന്ന് പൂട്ടിയ കടകളൊക്കെയും തുറപ്പിച്ചു. ഇതിനിടയിൽ ആദിവാസികൾ പിൻവലിയുകയും ചെയ്തു.

തീർത്ഥാടകർ തിരുനെല്ലിയിൽ കുടുങ്ങി

ഹർത്താൽമൂലം ബസുകൾ സർവീസ് നടത്താൻ തയ്യാറാകാത്തതിനെത്തുടർന്ന് തീർത്ഥാടകർ തിരുനെല്ലിയിൽ കുടുങ്ങി. ആദിവാസികളുടെ അക്രമം ഭയന്ന് സ്വകാര്യ വാഹനങ്ങളിലെത്തിയവർ ഒന്നിനുപുറകെ ഒന്നായാണ് പോയത്.



മുത്തങ്ങ വനത്തിലേക്ക് വ്യാഴാഴ്ച രാവിലെ ഡി.ഐ.ജി. ശങ്കർറെഡ്ഡിയുടെ നേതൃത്വത്തിൽ പോലീസ് തിരച്ചിലിന് ഒരുങ്ങുന്നു

കെ.എ.എച്ച്.എസ്.ടി.എ. സമ്മേളനം ഇന്ന് തുടങ്ങും

കോഴിക്കോട്: കേരളാ എയിഡഡ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം വെള്ളിയാഴ്ച കോഴിക്കോട്ട് തുടങ്ങും. 21-ന് വൈകുന്നേരം സംസ്ഥാന കമ്മിറ്റി അക്കാദമിക് കൗൺസിൽ യോഗം ആരംഭിക്കും. 22-ന് സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി അഡ്വ. പി. ശങ്കരൻ നിർവഹിക്കും. കെ.എ.എച്ച്.എസ്.ടി.എ. സംസ്ഥാന പ്രസിഡണ്ട് ജോഷി ആൻറണി അധ്യക്ഷത വഹിക്കും.

ആദിവാസി പ്രശ്നത്തിൽ ഗവൺമെൻറിന് നയരാഹിത്യം

കോഴിക്കോട്: സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾക്ക് ആതലത്തിൽ പരിഹാരം കാണാൻ ശ്രമിക്കാത്തതാണ് വയനാട്ടിലെ സംഭവങ്ങൾക്ക് കാരണമെന്ന് ജനതാദൾ (എസ്) സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വറുഗീസ് ജോർജ് കുറ്റപ്പെടുത്തി. ഭൂമി കൊടുക്കുന്നതിൽ കാലതാമസം വരുത്തിയതും വന്യജീവി മേഖല അവർ കയ്യേറിയപ്പോൾ മൗനാനുമതി കൊടുത്തതും ഗവൺമെൻറ് തന്നെയാണ്. ആദിവാസി ഭൂ പ്രശ്നത്തിലുള്ള ഗവൺമെൻറിന്റെ സമ്പൂർണമായ നയരാഹിത്യമാണ് ഇതു കാണിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

വൈദ്യുതി ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തി

കൽപ്പറ്റ: വൈദ്യുതി ഓഫീസുകളിൽ വ്യാഴാഴ്ച വിജിലൻസ് അധികൃതർ നടത്തിയ പരിശോധനയിൽ വൻക്രമക്കേടുകൾ കണ്ടെത്തി. കൽപ്പറ്റ വൈദ്യുതി ഓഫീസിൽ നടത്തിയ പരിശോധനയിലാണ് ക്രമക്കേടുകൾ കാണപ്പെട്ടത്. കണിയാമ്പറ്റ സെക്ഷന് കീഴിൽ കാർഷികാവശ്യത്തിന് കണക്ഷൻ കൊടുത്തതിൽ ക്രമക്കേടുണ്ടെന്നാണ് സൂചന. പമ്പ്സെറ്റ് ഇല്ലാത്തിടത്താണ് വൈദ്യുതി നൽകിയത്.

പെൻഷൻ അദാലത്തും ശില്പശാലയും

തിരുവനന്തപുരം: കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലുള്ള വിരമിച്ചവരും ഇപ്പോൾ സർവീസിലുള്ളവരുമായ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ, പ്രോവിഡൻറ് ഫണ്ട് കാര്യങ്ങളിൽ അക്കൗണ്ടൻറ് ജനറൽ ഓഫീസിൽ തീർപ്പാക്കാത്ത ഫയലുകളിൽ അടിയന്തര തീർപ്പ് കല്പിക്കാനായി അക്കൗണ്ടൻറ് ജനറൽ മാർച്ച് അഞ്ചിന് രാവിലെ 9.30 മുതൽ കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ (കണ്ണൂർ സിവിൽ സ്റ്റേഷന് എതിർവശം) അദാലത്ത് നടത്തുന്നു. പെൻഷൻ, പ്രോവിഡൻറ് ഫണ്ട് അപേക്ഷകൾ കൈകാര്യം ചെയ്യുന്ന കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലെ മേലധികാരികളാൽ നിർദ്ദേശിക്കപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് തലേദിവസം (മാർച്ച് നാലിന്) രാവിലെ 10 മണിമുതൽ പ്രസ്തുത ഹാളിൽ ശില്പശാലയും നടത്തും.

മന്ത്രി കുട്ടപ്പനെ അറസ്റ്റ് ചെയ്യണം

മുത്തങ്ങ (വയനാട്): സി.കെ. ജാനുവിനും കൂട്ടർക്കും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നത് മന്ത്രി കുട്ടപ്പനാണെന്നും മന്ത്രിയെ അറസ്റ്റ് ചെയ്ത് ജയിലിലടക്കണമെന്നും വയനാട് പ്രകൃതിസംരക്ഷണസമിതി ഭാരവാഹികളായ എൻ. ബാദുഷ, തോമസ് അമ്പലവയൽ എന്നിവർ ആവശ്യപ്പെട്ടു. ജാനുവിനെ ഒരു താരമായി മാറ്റുന്നതരത്തിൽ മന്ത്രി നടത്തിയ ചില പ്രസ്താവനകൾ മന്ത്രിസ്ഥാനത്തിന് ചേർന്നതല്ല.

വടംവലി മത്സരം

വെള്ളിപറമ്പ്: ഗോപാലൻനായർ മെമ്മോറിയൽ എവർറോളിങ് ട്രോഫിക്കുവേണ്ടി കീഴ്മാട് എം.കെ. ബ്രദേഴ്സ് സംഘടിപ്പിക്കുന്ന അഖിലകേരള വടംവലി മത്സരം മാർച്ച് രണ്ടിന് കീഴ്മാട്ട് നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ കോഴിക്കോട് 2358411, 2355629 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

മുത്തങ്ങ സംഭവം: പ്രതിഷേധം വ്യാപകം

കല്പറ്റ: മുത്തങ്ങ വെടിവെപ്പിന് കാരണക്കാരനായ മുഖ്യമന്ത്രി എ.കെ. ആൻറണി സ്ഥാനം ഒഴിയണമെന്ന് ആർ.വൈ.എഫ്. ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. വെടിവെപ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പരിക്കേറ്റ ആദിവാസികൾക്ക് അടിയന്തര സഹായം അനുവദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. എൻ. വി. ബാബു അധ്യക്ഷത വഹിച്ചു.

മുത്തങ്ങയിൽ ആദിവാസിയും പോലീസും മരിക്കാനിടയായതിനു കാരണം സർക്കാറിന്റെ അലംഭാവവും നിഷ്ക്രിയതയുമാണെന്ന് ആദിവാസി ജനതാദൾ ജില്ലാ പ്രസിഡണ്ട് എം. വി. മണിയനും സെക്രട്ടറി കെ. രാമൻകുട്ടിയും ആരോപിച്ചു. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കെതിരെ കൊലക്കുറ്റത്തിനു കേസ്സെടുക്കണമെന്ന് നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രദീപ് പാറപ്പുറം, ജില്ലാ പ്രസിഡണ്ട് സുരേഷ്ബാബു വാളൽ എന്നിവർ ആവശ്യപ്പെട്ടു.

സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. സി.കെ. മാധവൻ അധ്യക്ഷത വഹിച്ചു.

മുത്തങ്ങയിലുണ്ടായ അനിഷ്ടസംഭവങ്ങൾക്ക് പൂർണ ഉത്തരവാദി സർക്കാരാണെന്ന് ജനതാദൾ സംസ്ഥാന സമിതി അംഗം കെ.കെ. ഹംസ കുറ്റപ്പെടുത്തി. ആദിവാസികളെ കൈയേറ്റത്തിന്റെ ആദ്യഘട്ടത്തിൽ ഒഴിപ്പിക്കാതിരുന്നത് സർക്കാറിനേറ്റ കനത്ത പരാജയമാണ് ഹംസ പറഞ്ഞു. മുത്തങ്ങയിലും പരിസരങ്ങളിലും ആദിവാസികൾക്കു നേരെ നടത്തിയ പോലീസ് വേട്ട അവസാനിപ്പിക്കണമെന്ന് സി.പി.ഐ. (എം.എൽ.) റെഡ് ഫ്ളാഗ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ആദിവാസി മേഖലയിൽ വിദേശപ്പണം പറ്റുന്ന സംഘടനകളെക്കുറിച്ച് അന്വേഷണം നടത്തണമെന്നും പാവപ്പെട്ട ആദിവാസികളെ ക്രൂരമർദനത്തിനിരയാക്കുന്നത് നിർത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

ആദിവാസികൾക്കുനേരെ കിരാതമർദനമുറകൾ അഴിച്ചുവിട്ട സർക്കാറിന്റെ നടപടിയിൽ നേതി ഫിലിം സൊസൈറ്റി പ്രവർത്തക യോഗം പ്രതിഷേധിച്ചു.

◆ ഇന്നത്തെ സിനിമ ◆

◆ **കല്പറ്റ ജൈത്ര (DTS):** യൂണിവേഴ്സിറ്റി (ത) (3) 11AM: കാമിനിയെത്തേടി 1 PM: Night Club
അനന്തവീര: യാത്രക്കാരുടെ ശ്രദ്ധയ്ക്ക് - ജയറാം, സൗന്ദര്യ (11.30, 2.30, 6, 9)
വിജയ: ചതുരംഗം - മോഹൻലാൽ, നവ്യ നായർ (3, 6, 9)
മഹാവീർ (DTS): Collateral Damage (10.30, 1.30, 4.30, 7.30)
◆ **മേപ്പാടി വിവാടാക്കീസ്:** റോജാക്കൂട്ട് (ത) (3)
◆ **മാനന്തവാടി-ജോസ്:** രമണ - വിജയകാന്ത്, സിമ്രാൻ (4)
വീണ: ഭൂൾ (ത) (11.30, 2.30, 5.30, 8.30)
സരിഗ: ഫാൻറം മമ്മി (2.30, 6, 8.30) NS: സ്വീറ്റ് ലവർ
മാരുതി (DTS): വിക്രം ധർമ്മ (ത) - വാണി വിശ്വനാഥ് (12.15, 3, 6.30, 9.30)
◆ **പനമരം-സന്ധ്യമൂവീസ്:** മാരൻ (ത) - സത്യരാജ് (3)
◆ **പുല്പള്ളി-ജോസ്:** വില്ലൻ (തമിഴ്) - അജിത് (3)
ബ്ലൂമൂൺ: കുഞ്ഞിക്കൂനൻ - ദിലീപ്, നവ്യനായർ (3) ഞായർ MS
◆ **സുൽത്താൻബത്തേരി-സീന:** വിക്രംധർമ്മ (3) (11.30, 2.30, 6.30)
മാർബേസിൽ: നന്ദനം (11.30, 2.30, 6.30)
സാഗർ: ദൂൾ - ജ്യോതിക, വിക്രം (4)
ഐശ്വര്യ A/c: കല്യാണരാമൻ - ദിലീപ്, നവ്യ (10.30, 1.30, 4.30, 7.30)
അതുല്യ: നമ്മൾ (10.30, 1.30, 4.30, 7.30)
മാത: പോലീസ് ഫൈറ്റർ (11, 2, 5.30, 8.30)
◆ **കമ്പളക്കാട്-ഉജ്ജയിൻ:** രാജ (ത) അജിത്, ജ്യോതിക (2.45, 6.30, 9.15)

◆ ഇന്നത്തെ പരിപാടി ◆

◆ സംസ്ഥാന വനിതാ കമ്മീഷന്റെ ഏകദിന ശില്പശാല സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് - 9.30
◆ ജില്ലാ പട്ടികവർഗ യുവജനോത്സവം സംഘാടകസമിതി യോഗം കലക്ടറേറ്റ് ഡി.പി.ഇ.പി. ഹാൾ - 4.00
◆ എസ്.എഫ്.ഐ വയനാട് ജില്ലാ സമ്മേളനം വൈത്തിരിയിൽ ഉദ്ഘാടനം എ.പി. അബ്ദുള്ളക്കുട്ടി എം.പി. - 2.00
◆ കാക്കവയൽ ഗവ. ഹൈസ്കൂളിൽ നിന്ന് വിരമിക്കുന്ന കെ.ഐ. തോമസ്, ടി.ജെ. മുഹമ്മദ് എന്നിവർക്ക് യാത്രയയപ്പ്. സ്കൂളിൽ രാവിലെ 9.00
◆ കല്പറ്റ എംസി.എഫ്.പബ്ലിക് സ്കൂൾ വാർഷികം നഗരസഭാ ടൗൺ ഹാൾ - 2.30
◆ കെ.എസ്.ആർ.ടി.സി അദാലത്ത് കല്പറ്റ ബാർ അസോസിയേഷൻ ഹാൾ - 10
◆ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് ഗ്രാമസഭ ബപ്പന്ന മദ്രസയിൽ. മൂന്നാം വാർഡ് ഗ്രാമസഭായോഗം പുതുശ്ശേരി വിവേകോദയം എൽ.പി. സ്കൂൾ. നാലാം വാർഡ് ഗ്രാമസഭായോഗം മൂൺലൈറ്റ് എൽ.പി. സ്കൂൾ മുണ്ടക്കുറ്റി. ആറാം വാർഡ് ഗ്രാമസഭായോഗം എസ്.എ.എൽ.പി. സ്കൂൾ. കുപ്പാടിത്തറ, ഏഴാം വാർഡ് ഗ്രാമസഭ ജി.യു.പി. സ്കൂൾ കുറുമ്പാല. 10-ാം വാർഡ് ഗ്രാമസഭ ജിഎൽ.പി. സ്കൂൾ തെങ്ങുമുണ്ട. എല്ലാസഭകളും - 2.00
◆ തോമാട്ട്ചാൽ ദേവാലയത്തിൽ തിരുനാൾ മഹോത്സവം കൊടിയേറ്റ് - 4.30

എ.കെ.എസ്. പ്രവർത്തകർ വഴിതടഞ്ഞു

കല്പറ്റ: അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ആദിവാസി ക്ഷേമസമിതി പ്രവർത്തകർ വഴിതടഞ്ഞു.

മുട്ടിലിൽ ദേശീയപാത ഉപരോധം സി.പി.എം. ജില്ലാ സെക്രട്ടറി പി.എ. മുഹമ്മദും മേപ്പാടിയിൽ വി. പി. ശങ്കരൻനമ്പ്യാരും വൈത്തിരിയിൽ ടി.എസ്. രാധാകൃഷ്ണനും പൊഴുതനയിൽ എം. സെയ്തും ഉദ്ഘാടനം ചെയ്തു.

പടിഞ്ഞാറത്തറയിൽ കെ. വി. മോഹനനും തലപ്പുഴയിൽ കെ.സി. കുഞ്ഞിരാമനും വെള്ളമുണ്ടയിൽ എ. എൻ. പ്രഭാകരനും തൊണ്ടർനാടിൽ പി.ജെ. ആൻറണിയും ഉദ്ഘാടനം നിർവഹിച്ചു.

എക്സ്ചേഞ്ച് ഓഫർ IFB



IFB Fully Automatic Washing Machine

◆ 4000 രൂപ വരെ ലാഭിക്കൂ.
നിങ്ങളുടെ പഴയ വാഷിംഗ് മെഷീൻ ഏതു മാവട്ടെ പുതിയ No:1 IFB വാഷിംഗ് മെഷീനുമായി കൈമാറ്റം ചെയ്യുവാൻ സുവർണ്ണാവസരം.

◆ ആകർഷകമായ സമ്മാനം

◆ വെറും 1550* രൂപ മാത്രം
മുടക്കി IFB വാഷിംഗ് മെഷീൻ സ്വന്തമാക്കാം.

*ബാക്കി തുക ലളിതമായ തവണ വ്യവസ്ഥകളിലൂടെ അടച്ചു തീർത്താൽ മതി.

◆ Finance Arranged by K.S.F.E

Thomsons ASSOCIATES
കൽപ്പറ്റ, Ph: 602394, 602787. മാനന്തവാടി, Ph: 542187
സുൽത്താൻ ബത്തേരി, Ph: 621457



പോലീസിന്റെ അടിയേറ്റ് ബത്തേരി താലൂക്ക് ആസ്പത്രിയിൽ കഴിയുന്ന ആദിവാസികൾ

ആദിവാസികളോട് പ്രതികാരബുദ്ധി അരുത്: കൃഷ്ണയ്യർ

കോഴിക്കോട്: മുത്തങ്ങ സംഭവത്തെക്കുറിച്ച് സ്വതന്ത്രമായ അന്വേഷണം നടത്തണമെന്നും ആദിവാസികളോട് പ്രതികാരബുദ്ധിയോടെ പെരുമാറാതെ പ്രശ്നം പരിഹരിക്കണമെന്നും ഫോറം ഫോർ ഡെമോക്രസി ആൻഡ് കമ്മ്യൂണൽ അമിറ്റി ചെയർമാൻ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അഭ്യർത്ഥിച്ചു.

സമാധാനപരമായും മനുഷ്യത്വപരമായും പരിഹരിക്കാമായിരുന്നതാണ് ആദിവാസി പ്രശ്നം.

ആദിവാസികൾക്ക് ഭൂമി അനുവദിക്കുന്നതിലും, പുനരധിവാസത്തിലും മാറിമാറി വന്ന സർക്കാരുകൾ അനാസ്ഥ കാട്ടി.

ആദിവാസികളുടെ രോഷത്തിൽനിന്ന് മുതലെടുക്കുക തീവ്രവാദി സംഘങ്ങളായിരിക്കുമെന്ന് മുൻകൂട്ടി കാണാൻ സർക്കാരിന് കഴിഞ്ഞില്ല. ഗോത്രമഹാസഭയുടെ പ്രക്ഷോഭം രക്തച്ചൊരിച്ചിലിന്റെ വഴി തേടിയത് നീതീകരിക്കത്തക്കതല്ല.

പീപ്പിൾസ് വാർ ഗ്രൂപ്പുപോലുള്ള തീവ്രവാദി സംഘങ്ങളുടെ ശൈലി ജനങ്ങളുടെ അനുഭാവം നഷ്ടപ്പെടുത്താൻ മാത്രമേ സഹായിക്കൂ എന്നും കൃഷ്ണയ്യർ പറഞ്ഞു.

എല്ലാം പോലീസിന് വിട്ട് ഭരണനേതൃത്വം മാറിനിന്നു

എം.പി. സൂര്യദാസ്

മുത്തങ്ങ (വയനാട്): മുത്തങ്ങയിൽ ഒരു പോലീസുകാരനും ആദിവാസിയുമുൾപ്പെടെ രണ്ടുപേർ മരണപ്പെടുകയും സ്ഫോടകാത്മകമായ അന്തരീക്ഷം തുടരുകയും ചെയ്തുപോന്ന ഭരണതലത്തിലോ രാഷ്ട്രീയതലത്തിലോ പ്രശ്നപരിഹാരത്തിനുള്ള നടപടിയൊന്നുമുണ്ടായില്ല. പകരം പോലീസുദ്യോഗസ്ഥർക്ക് പരിപൂർണമായും വിട്ടുകൊടുത്ത് ഭരണനേതൃത്വം മാറിനിൽക്കുകയായിരുന്നു.

ബുധനാഴ്ച വെടിവെപ്പ് നടന്ന മുത്തങ്ങ കാടും പരിസരവും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നൂറുകണക്കിന് പോലീസുകാർ വളഞ്ഞിരുന്നു. കാടും സമീപ പ്രദേശങ്ങളും അരിച്ചുപെറുക്കി ചുറ്റുവട്ടത്തുമുള്ള ആദിവാസികളെയെല്ലാം പിടികൂടിയിട്ടുണ്ട്. മുത്തങ്ങയിൽനിന്ന് കഷ്ടിച്ച് രണ്ടുകിലോമീറ്റർ ദൂരത്തായി പൊൻകുഴി ഭാഗത്ത് കാട്ടുതീ പടർന്നുപിടിക്കുന്നുണ്ട്. കാടിൽ ആദിവാസികളും ഒളിച്ചിട്ടുണ്ടാവുമെന്ന സംശയത്തിൽ പോലീസുകാർ തീവെച്ചതാണെന്നാണ് നാട്ടുകാരുടെ പക്ഷം.

പ്രശ്നത്തെ പൂർണമായും ക്രമസമാധാന പ്രശ്നമായിട്ടാണ് ഭരണതലത്തിൽ നിയന്ത്രിച്ചത്. ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്ത് ക്യാമ്പുചെയ്ത് തങ്ങൾക്ക് യുക്തമെന്ന നിലയിലായിരുന്നു സ്ഥിതി നിയന്ത്രിച്ചത്. ആദിവാസികൾക്കു പിന്നിൽ പീപ്പിൾസ് വാർ ഗ്രൂപ്പ് തുടങ്ങിയ ചില തീവ്രവാദി സംഘടനകളും ഉണ്ടെന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ ആവർത്തിക്കുന്നുണ്ടെങ്കിലും അത് സ്ഥിരീകരിക്കുന്ന തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

ബുധനാഴ്ച വൈകുന്നേരമാണ് വെടിവെപ്പുംപ്പെടെയുള്ള സംഭവങ്ങൾ അരങ്ങേറുന്നത്. എന്നാൽ, വ്യാഴാഴ്ച രാത്രിവരെ സ്ഥലത്ത് ഒരു മന്ത്രിപോലും എത്തിയില്ല. ചെറിയ സംഭവം പോലും ഉണ്ടാവുമ്പോൾ പടയായി കുതിച്ചെത്തുന്ന മന്ത്രിമാർ, പക്ഷേ, ആദിവാസികൾ രാഷ്ട്രീയമായോ സാമുദായികമായോ വോട്ടുബാങ്ക് അല്ലാത്തതു കൊണ്ടോ വാം വരാൻ മടിക്കുന്നതെന്ന് നാട്ടുകാർ പറയുന്നു.

ആദിവാസികൾ മുഴുവൻ തീവ്രവാദികളാണെന്നു മുദ്രകുത്തിയുള്ള പോലീസ് മുറ ശരിയല്ലെന്നു പറയാൻ പ്രതിപക്ഷമോ ബിജെപിയോ തയ്യാറാവുന്നില്ല. മുത്തങ്ങ പ്രദേശത്തെ ആദിവാസികളിൽ പലരും ഗോത്രമഹാസഭയുടെ ഭൂമി കയ്യേറലിൽ പങ്കെടുത്തിരുന്നില്ലെന്ന് പൊൻകുഴി ആദിവാസി കോളനിയിലെ ചിണ്ടൻ പറയുന്നു. എന്നാൽ, കോളനിയിലെ കൊച്ചുകുട്ടികളുൾപ്പെടെ മുഴുവൻ ആദിവാസികളും ഭയന്നാണ് ഇപ്പോൾ കഴിയുന്നത്. യുദ്ധഭൂമിയിലെന്നതുപോലെ നൂറോളം പോലീസ് വാഹനങ്ങളും ഫയർ എഞ്ചിനുകളും ആയുധധാരികളായ പോലീസുകാരുടെ തിരച്ചിലും എല്ലാമായി ഇന്നുവരെ കണ്ടിട്ടില്ലാത്ത കാഴ്ചകളാണ് ഇതൊക്കെയെന്ന് ചിണ്ടൻ പറഞ്ഞു. ബുധനാഴ്ചത്തെ പോലീസ് വെടിവെപ്പിൽ ആദിവാസികളും നാലുപാടും ചിതറി ഓടുകയായിരുന്നു. നാലഞ്ചുപേരെക്കുറിച്ചുള്ള വിവരങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് പരാതിയുണ്ട്.

വെള്ളിയാഴ്ച രാവിലെ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനും പിണറായി വിജയൻ, എം. പി. വീരേന്ദ്രകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഇടതുപക്ഷ മുന്നണി നേതാക്കളും സ്ഥലത്തെത്തുന്നുണ്ട്. ബിജെപി സംസ്ഥാന പ്രസിഡണ്ട് സി.കെ. പത്മനാഭൻ വ്യാഴാഴ്ച സ്ഥലം സന്ദർശിച്ചിരുന്നു. എന്നിട്ടും മന്ത്രിമാരോ യു.ഡി.എഫ്. നേതാക്കളോ മുത്തങ്ങയ്ക്ക് ഇതുവരെ തിരിച്ചിട്ടില്ല. തീവ്രവാദി സംഘടനകൾക്ക് പ്രശ്നത്തിലിടപെടാൻ അവസരമൊരുക്കാതെ ഭരണതലത്തിൽ പ്രശ്നപരിഹാരമുണ്ടാവുകയാണ് അടിയന്തരാവശ്യം.

ഗൂഢാലോചന നടന്നത് ആറളം ഫാമിൽ

ജാനുവിനെത്തേടി ആറളത്ത് റെയ്ഡ്

മട്ടന്നൂർ(കണ്ണൂർ): വയനാട്ടിലെ മുത്തങ്ങയിൽ വനംവകുപ്പിന്റെ ഭൂമി കയ്യേറാനുള്ള ഗൂഢാലോചന നടന്നത് ആറളം ഫാമിൽ.

ആറളം ഫാമിൽ ഗോത്രമഹാസഭയുടെ ആഭിമുഖ്യത്തിൽ ദിവസങ്ങളോളം നീണ്ടുനിന്ന ഗോത്രപൂജ നടന്നിരുന്നു. ഫാമിലെ കൈതക്കൊല്ലി കോളനിയിലായിരുന്നു പൂജ. ഈ സന്ദർഭത്തിൽ ഗോത്രമഹാസഭയുടെ സി.കെ.ജാനു ഉൾപ്പെടെയുള്ള നേതാക്കളും സ്ഥലത്തെത്തുന്നുണ്ട്. ബിജെപി സംസ്ഥാന പ്രസിഡണ്ട് സി.കെ. പത്മനാഭൻ വ്യാഴാഴ്ച സ്ഥലം സന്ദർശിച്ചിരുന്നു. എന്നിട്ടും മന്ത്രിമാരോ യു.ഡി.എഫ്. നേതാക്കളോ മുത്തങ്ങയ്ക്ക് ഇതുവരെ തിരിച്ചിട്ടില്ല. തീവ്രവാദി സംഘടനകൾക്ക് പ്രശ്നത്തിലിടപെടാൻ അവസരമൊരുക്കാതെ ഭരണതലത്തിൽ പ്രശ്നപരിഹാരമുണ്ടാവുകയാണ് അടിയന്തരാവശ്യം.

ഇരിട്ടി (കണ്ണൂർ): മുത്തങ്ങയിലെ പോലീസ് നടപടിക്ക് ശേഷം ഒളിവിൽ പോയ സി.കെ.ജാനുവും മറ്റ് ആദിവാസി ഗോത്രമഹാസഭാ നേതാക്കളും ആറളം മേഖലയിൽ എത്തിയിട്ടുണ്ടെന്ന വിവരത്തെ തുടർന്ന് ഈ മേഖലയിലെ ആദിവാസികോളനികളിൽ പോലീസ് വ്യാപകമായി റെയ്ഡ് നടത്തി. 40 ഓളം ആദിവാസികളെ മുൻകരുതലെന്നനിലയിൽ അറസ്റ്റുചെയ്തു. ഇവരെ പിന്നീട് വിട്ടയച്ചു.

ആറളം ഫാമിനുള്ളിലെ കൈതക്കൊല്ലി കോളനി, ആറളം പഞ്ചായത്തിലെ പുതിയങ്ങാടി, അമ്പലക്കണ്ടി, കളരിക്കാട്, വീർപ്പാട്, ചങ്കായത്തോട് കോളനികളിലാണ് വ്യാഴാഴ്ച ഉച്ചയോടെ ഇരിട്ടി സി.ഐ. ബേബി ചാംസിന്റെ നേതൃത്വത്തിൽ 50 ഓളം പോലീസുകാർ റെയ്ഡ് നടത്തിയത്. മുൻകരുതൽ എന്ന നിലയിലാണ് അറസ്റ്റെന്ന് പോലീസ് പറഞ്ഞു. ഇവരെ ചോദ്യം ചെയ്തെങ്കിലും നേതാക്കളെപ്പറ്റി കാര്യമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

ആറളം ഫാമിനുള്ളിലെ കൈതക്കൊല്ലി കോളനി ഗോത്ര മഹാസഭയുടെ ശക്തികേന്ദ്രമാണ് ഭൂമി പിടിച്ചെടുക്കൽ സമരത്തിന്റെ ഭാഗമായുള്ള ഗോത്രപൂജ ഇവിടെയാണ് നടന്നത്. മുത്തങ്ങയിലെ സമരത്തിന് ഇവിടെനിന്ന് നിരവധി പേർ പോയതായാണറിവ്. കൂടാതെ ഫിബ്രുവരി 23 ന് സി.കെ.ജാനുവും നേതാക്കളും ഒരുയോഗത്തിനായി ഇവിടെ എത്തിച്ചേരുമെന്ന് വിവരമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് റെയ്ഡ് നടത്തിയത്. 40 ഓളം വീടുകളിലും പരിശോധന നടത്തിയ പോലീസ് മിക്ക ആദിവാസികളെയും ചോദ്യം ചെയ്തു. മുത്തങ്ങയിലേക്ക് പോയവരെപ്പറ്റി ചോദിച്ചെങ്കിലും കാര്യമായ വിവരങ്ങളൊ ലഭിച്ചില്ല.

ഗൂഡലൂരിലെന്ന് സംശയം

മുത്തങ്ങ (വയനാട്): വനം കയ്യേറ്റ സമരത്തിന് നേതൃത്വം കൊടുത്ത ഗോത്രമഹാസഭാധ്യക്ഷ സി.കെ. ജാനു അതിർത്തി പട്ടണമായ ഗൂഡലൂരിലേക്കു രക്ഷപ്പെട്ടതായി സംശയിക്കുന്നു. ബന്ദിനോടകം അരങ്ങേറിയപ്പോഴും പിന്നീട് പോലീസ് ഉണ്ടായപ്പോഴും ജാനു സംഭവസ്ഥലത്തു പ്രത്യക്ഷപ്പെട്ടിരുന്നില്ല. മാധ്യമ പ്രവർത്തകർക്കു മുന്നിൽ സമരകാലത്ത് സ്ഥിരമായി എത്തിയിരുന്ന ജാനു സമരത്തിന്റെ അവസാനനാളുകളിൽ അപ്രത്യക്ഷയാവുകയായിരുന്നു.

ബുദ്ധികേന്ദ്രം ഗീതാനന്ദൻ

പ്രകാശൻ പുതിയേട്ടി



എം. ഗീതാനന്ദൻ

തിരുവനന്തപുരം: ആദിവാസി സമരനേതാവ് സി. കെ. ജാനുവിന്റെ ശക്തിയും ബുദ്ധിയുമായി പ്രവർത്തിക്കുന്നത് ഗോത്രമഹാസഭ ജനറൽ കൺവീനർ എം. ഗീതാനന്ദൻ. ആദിവാസികൾക്കുവേണ്ടി ശബ്ദമുയർത്താൻ ആദിവാസി സ്ത്രീയായ ജാനുവെത്തിയപ്പോൾ ഏറെ വാർത്താപ്രാധാന്യം ലഭിച്ചിരുന്നെങ്കിലും ഗോത്രമഹാസഭയുടെ നീക്കങ്ങൾക്ക് വേഗവും ചിട്ടയുമുണ്ടായത് മുൻകാല നക്സലൈറ്റായ ഗീതാനന്ദൻ ജാനുവിന്റെ സഹപ്രവർത്തകനായതോടെയാണ്. മുത്തങ്ങ വന്യജീവിസങ്കേതത്തിൽ ഗോത്രമഹാസഭാ പ്രവർത്തകർ പോലീസിനെയും വനപാലകരെയും ബന്ദിയാക്കുമ്പോഴും പോലീസുകാരുമായി ഏറ്റുമുട്ടുമ്പോഴും നിർദ്ദേശങ്ങളുമായി ഗീതാനന്ദനുണ്ടായിരുന്നു. പോലീസ് വെടിവയ്പ് തുടങ്ങിയതോടെയാണ് ജാനുവിനോടൊപ്പം ഗീതാനന്ദൻ ഒളിസങ്കേതത്തിലേക്ക് നീങ്ങിയത്.

കണ്ണൂർ മരക്കാർകണ്ടിയിലെ റിട്ട. രജിസ്ട്രാർ പനയാൽ അമ്പുവിന്റെയും പരേതയായ എം. സരസ്വതിയുടെയും ഏഴുമക്കളിൽ നാലാമനാണ് 46-കാരനായ ഗീതാനന്ദൻ. ഭാര്യയും രണ്ട് മക്കളുമുള്ള ഇദ്ദേഹം നക്സൽ പ്രവർത്തനങ്ങളിൽ നിന്നകന്ന് കണ്ണൂരിൽ പഠിപ്പിക്കലും പുസ്തകപ്രസാധനവുമായി കഴിയുമ്പോഴാണ് 1999- ലാണ് ജാനുവിന്റെ പ്രസ്ഥാനവുമായി അടുക്കുന്നത്. അതോടെ പഴയ വിപ്ലവവീര്യം വീണ്ടുമുണർന്നു.

വേഗത്തിൽ സഭയുടെ മുഖ്യസംഘാടകനായ ഗീതാനന്ദൻ പത്രസമ്മേളനങ്ങളിൽ പലപ്പോഴും ജാനുവിനുവേണ്ടി സംസാരിച്ചു. ഗീതാനന്ദന്റെ സ്റ്റഡിക്ലാസ് സഭാ പ്രവർത്തനങ്ങളെ നയിച്ചു.

''കടം വാങ്ങിയാണ് അദ്ദേഹം 'മുദ്ര ബുക്സ്'' കണ്ണൂരിൽ തുടങ്ങിയത്. ജാനുവുമായി അടുത്തതോടെ അത് തകർന്നു. ഇപ്പോഴും കടക്കാരുടെ അലട്ടാണ്'' - ഗീതാനന്ദന്റെ ഭാര്യ വർക്കല സ്വദേശിനി വത്സല പറയുന്നു. മകന്റെ പ്രവർത്തനങ്ങളോട് അച്ഛൻ അമ്പുവിനും താല്പര്യമില്ല.

''അവൻ നല്ലൊരു സയൻറിസ്റ്റാകേണ്ടതായിരുന്നു. കൊച്ചി യൂണിവേഴ്സിറ്റിയിൽ നിന്ന് മറൈൻ ബയോളജിയിൽ ഉന്നതവിജയം നേടിയശേഷം വിദേശപഠനത്തിന് സ്കോളർഷിപ്പിനു ശ്രമിച്ചതാണ്. അവൻ തിരുവനന്തപുരത്തായതിനാൽ ജാതി സർട്ടിഫിക്കറ്റു കിട്ടാൻ വൈകിയത് പ്രശ്നമായി.....'' അമ്പു പറഞ്ഞു.

ഇംഗ്ലീഷിലും ബിരുദാനന്തരബിരുദം നേടിയ ഗീതാനന്ദന് പഠനം കഴിഞ്ഞ ഉടനെ സെക്രട്ടേറിയറ്റിൽ അസിസ്റ്റൻറായി ജോലി ലഭിച്ചിരുന്നു. അക്കൗണ്ടൻറ് ജനറൽ ഓഫീസിൽ പിന്നീട് നിയമനം ലഭിച്ചപ്പോഴേക്കും ഹോക്കി താല്പര്യം കാരണം കേന്ദ്രസർവീസിലേക്ക് മാറി. എ. ജി. ഓഫീസിൽ അന്ന് ഹോക്കി ടീമുണ്ടായിരുന്നു. എ. ജി. ഓഫീസ് ജീവനക്കാരുടെ ഇടതുപക്ഷ അനുഭാവ സംഘടനയുടെ ജനറൽ സെക്രട്ടറിയായിരുന്നു ഗീതാനന്ദൻ. ജീവനക്കാരുടെ എല്ലാ പരിപാടികളിലും സജീവസാന്നിദ്ധ്യമായിരുന്ന ഇദ്ദേഹം പൊടുന്നനെയാണ് നക്സൽ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലെത്തിയത്. നേരത്തെയുള്ള സുഹൃത്തുക്കളും ആശയങ്ങളും ഇതിനു കാരണമായി. അതോടെ ജോലിക്കെത്തുന്നത് വല്ലപ്പോഴുമായി. സീനിയർ അക്കൗണ്ടൻറായിരിക്കുമ്പോൾ ഗീതാനന്ദന് നിർബന്ധിത രാജി നൽകേണ്ടിവന്നു. തൊണ്ണൂറുകളുടെ തുടക്കത്തിലായിരുന്നു ഇത്. ഏറെക്കാലം കേരളത്തിലുടനീളം നക്സൽ ചിന്തയുമായി അലഞ്ഞുനടന്ന ഗീതാനന്ദൻ ഇടയ്ക്ക് അവരുമായി അകന്നിരുന്നു. മെയ് ദിന തൊഴിലാളി കേന്ദ്രത്തിലും മറ്റും അംഗമാവുകയും ചെയ്തു. ജോലിയും കളഞ്ഞ് വരുമാനമൊന്നുമില്ലാതെ നടക്കുമ്പോഴും ഭർത്താവിനെ 'നിയന്ത്രിക്കാൻ' ആയിട്ടില്ലെന്ന് വത്സല പറഞ്ഞു. പിന്നാക്കക്കാർക്കുവേണ്ടി ആരെങ്കിലും വേണമെന്ന ഗീതാനന്ദന്റെ വിപ്ലവസ്വപ്നങ്ങൾ, ഗോത്രമഹാസഭയുടെയും ജാനുവിന്റെയും ശക്തമായ പിന്തുണ ലഭിച്ചതോടെ ഇപ്പോഴെത്തി നിൽക്കുന്നത് സായുധ വിപ്ലവത്തിലാണ്.



മുത്തങ്ങ പൊൻകുഴിയിലെ കാട്ടിൽ തിരച്ചിൽ നടത്തി മടങ്ങുന്ന പോലീസ് സംഘം

ഗോത്രസഭയുടെ തീവ്രവാദിബന്ധം

രേഖകൾ കിട്ടിയെന്ന് ഉദ്യോഗസ്ഥർ

മുത്തങ്ങ (വയനാട്): ആദിവാസി ഗോത്രമഹാസഭയ്ക്ക് തെക്കുവടക്കൻ സംസ്ഥാനങ്ങളിലെയും ശ്രീലങ്കയിലെയും തീവ്രവാദി സംഘടനകളുമായി ബന്ധമുള്ളതായി വ്യക്തമാക്കുന്ന ചില രേഖകൾ ബുധനാഴ്ചത്തെ റെയ്ഡിൽ ലഭിച്ചതായി വനംവകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു. മുത്തങ്ങയിലെ കൈയേറ്റഭൂമിയിൽനിന്ന് ആദിവാസികളെ ഒഴിപ്പിക്കുന്നതിനിടയിലാണ് പൊൻകുഴിയിലെ ഒരു കുടിലിൽനിന്ന് തെളിവുകളടങ്ങിയ രേഖകൾ കണ്ടെത്തിയത്. പശ്ചിമബംഗാൾ, ത്രിപുര, ആന്ധ്ര, ശ്രീലങ്ക, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നുള്ള ഭടന്മാരുടെ നിർദ്ദേശം അനുസരിക്കണമെന്നാണ് കണ്ടെത്തിയ രേഖകളിലുള്ളതെന്ന് ഉദ്യോഗസ്ഥൻ പറഞ്ഞു.

വെടിവെപ്പിൽ മരിച്ച ആദിവാസിയെ തിരിച്ചറിഞ്ഞു

സുൽത്താൻബത്തേരി: മുത്തങ്ങയിലെ കയ്യേറ്റഭൂമിയിൽ പോലീസ് നടത്തിയ വെടിവെപ്പിൽ മരിച്ച ആദിവാസി മാനന്തവാടി ചെമ്മാട് കോളനിയിലെ ജോഗി (55) യാണെന്ന് തിരിച്ചറിഞ്ഞു. മാരൻ എന്ന ആദിവാസിയാണ് മരിച്ചതെന്നായിരുന്നു നേരത്തെ ലഭിച്ച വിവരം. ജോഗിയുടെ ബന്ധുവായ മാരനും പരിക്കേറ്റ് ചികിത്സയിലാണ്. ജോഗിക്ക് അഞ്ചു മക്കളുണ്ട്.

സർക്കാർ നടപടി ന്യായം- ബലരാമൻ

ആലപ്പുഴ: മുത്തങ്ങയിലെ സർക്കാർ നടപടി ന്യായമായിരുന്നുവെന്ന് മനുഷ്യാവകാശ കമ്മീഷൻ അംഗം എസ്. ബലരാമൻ പത്രലേഖകരോട് പറഞ്ഞു. ആദിവാസികളെ അക്രമാസക്തമായതും നിയമം കയ്യിലെടുക്കാൻ ശ്രമിച്ചതും തടഞ്ഞ പോലീസിന് ജീവൻ നഷ്ടമാകേണ്ടിവന്നത് ദുഃഖകരമാണെന്നും ബലരാമൻ അഭിപ്രായപ്പെട്ടു.

മുത്തങ്ങയിൽ അക്രമാസക്തരായ ആദിവാസികളെ പിരിച്ചുവിടാൻ ആദ്യം റബ്ബർ ബുള്ളറ്റ് പ്രയോഗിക്കാനാണ് ഡിജിപി പറഞ്ഞത്. ഫലമില്ലാതെ വന്നപ്പോഴാണ് വെടിവെച്ചത്. ഡി.ജി.പി പറയുന്നത് ശരിയെങ്കിൽ പോലീസിന്റെ നടപടി ന്യായമാണ്. അക്രമത്തിനു പിന്നിൽ പീപ്പിൾസ് വാർ ഗ്രൂപ്പെങ്കിൽ സർക്കാർ കർശനമായി നേരിടണം. പാവപ്പെട്ട ആദിവാസികളെ ചിലർ ഉപകരണങ്ങളാക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതെന്നും ബലരാമൻ അഭിപ്രായപ്പെട്ടു.

ആദിവാസികളെ തീവ്രവാദികളുടെ കൈയിലേക്ക് എറിഞ്ഞുകൊടുത്തു -സി.കെ. പത്മനാഭൻ

മുത്തങ്ങ (വയനാട്): ആദിവാസികളെ തീവ്രവാദികളുടെ കൈയിലേക്ക് എറിഞ്ഞുകൊടുക്കുകയാണ് സർക്കാർ ചെയ്തതെന്ന് ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. പത്മനാഭൻ കുറ്റപ്പെടുത്തി. വ്യാഴാഴ്ച പതിനൊന്ന് മണിയോടെ മുത്തങ്ങ സന്ദർശിച്ച പത്മനാഭൻ, സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു.

പിന്നിൽ ബാഹ്യശക്തികൾ - പി.പി. മുകുന്ദൻ

തൃശ്ശൂർ: മുത്തങ്ങ വനപ്രദേശത്തുണ്ടായ സംഭവങ്ങളുടെ പുറകിൽ ബാഹ്യശക്തികളുണ്ടെന്നും സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം വേണമെന്നും ബി.ജെ.പി. സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി പി.പി. മുകുന്ദൻ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. 35 ദിവസമായി നടന്നുവന്ന സമരത്തോട് സർക്കാർ തികഞ്ഞ അലംഭാവം കാട്ടിയെന്നും പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ആൻറണി സർക്കാർ പരാജയപ്പെട്ടെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ആദിവാസികളല്ലാത്തവരും പോലീസിനെ നേരിടാനുണ്ടായിരുന്നു. സമരദിവസങ്ങളിൽ ആദിവാസികൾക്ക് ഭക്ഷണസാധനങ്ങളും എത്തിച്ചുകൊടുത്തത് കോഴിക്കോട്ടുകാരനായ പി.ഡി.പി. നേതാവായിരുന്നു-മുകുന്ദൻ പറഞ്ഞു.

ജുഡീഷ്യൽ അന്വേഷണം വേണം

പാലക്കാട്: ആൻറണി ഗവൺമെൻറിന്റെ നയരാഹിത്യമാണ് വയനാട്ടിലെ മുത്തങ്ങ സംഭവത്തിനു കാരണമെന്ന് ജനതാദൾ സംസ്ഥാന പ്രസിഡണ്ട് എം.പി. വീരേന്ദ്രകുമാർ കുറ്റപ്പെടുത്തി. സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വന്യമൃഗസംരക്ഷണമേഖലയായ മുത്തങ്ങയിൽ ആദിവാസികളെ കടന്ന് കുടിൽ കെട്ടി താമസം ആരംഭിച്ചിട്ട് ഒന്നരമാസമായി. അവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത ശേഷം ആയുധം കൊണ്ട് നേരിടേണ്ടിവന്നു. ആദിവാസികൾക്ക് ഭൂമി നല്കുന്ന കാര്യത്തിൽ മുഖ്യമന്ത്രി വാശാനലംഘനം നടത്തിയെന്നും വീരേന്ദ്രകുമാർ കുറ്റപ്പെടുത്തി.

കല്പറ്റ: മുത്തങ്ങയിൽ നിയമം ലംഘിച്ച് സമരം ചെയ്ത ആദിവാസികൾക്കുനേരെ നടന്ന കിരാതമായ സായുധാക്രമണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഒരു സംഘം സാംസ്കാരിക പ്രവർത്തകർ ആവശ്യപ്പെട്ടു.

സ്ത്രീകളും കുട്ടികളും നിർദ്ദയം ആക്രമിക്കപ്പെട്ടു. വയനാട്ടിന് പുറത്തും പോലീസ് ആദിവാസി വേട്ട തുടരുകയാണ്- മാധ്യമപ്രവർത്തകൻ ശശികുമാർ, സംവിധായകരായ രവീന്ദ്രൻ, ലെനിൻ രാജേന്ദ്രൻ, ഒ. കെ. ജോണി എന്നിവർ പ്രസ്താവനയിൽ ആരോപിച്ചു.

ആദിവാസികളെ ആക്രമിക്കുന്നു-റെഡ്ഫ്ലാഗ്

കോഴിക്കോട്: മുത്തങ്ങ സംഭവത്തിന്റെ മറവിൽ വയനാട്ടിലെ ആദിവാസികളെ പോലീസ് ഭീകരമായി ആക്രമിക്കുകയാണെന്ന് സി.പി.ഐ.എം.എൽ. റെഡ്ഫ്ലാഗ് ജന. സെക്രട്ടറി കെ.ടി.കുഞ്ഞിക്കണ്ണൻ കുറ്റപ്പെടുത്തി. സർക്കാറും ഗോത്രമഹാസഭയും ചേർന്നു നടത്തിയ നാടകത്തിന്റെ അന്ത്യമാണ് മുത്തങ്ങ കൂട്ടക്കൊലയെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.



മുത്തങ്ങയിൽ ആദിവാസികളുടെ വെടിയേറ്റുമരിച്ച പോലീസ് കോൺസ്റ്റബിൾ വിനോദ്കുമാറിന്റെ മൃതദേഹം കോഴിക്കോട് പോലീസ് കൺട്രോൾ റൂമിൽ പൊതുദർശനത്തിനുവെച്ചപ്പോൾ

• സ്വകാര്യം •

നമുക്കും വേണം ഒരു 'പാണക്കാട്'

പാണക്കാട് തങ്ങളെപ്പോലെ ഒരു വ്യക്തി സ്വന്തമായി ഇല്ലാത്തതിനാൽ തന്റെ സമുദായം അനുഭവിക്കുന്ന വ്യഥകം ഈയിടെയാണ് വെള്ളാപ്പള്ളി നടേശന് ബോധ്യമായത്. ഒരു പാണക്കാടില്ലാതെ ഇനി സമുദായത്തിന് ഒരടി മുന്നോട്ടു വയ്ക്കാനാവില്ല. 'അതുകൊണ്ട് നമുക്കും വേണം പാണക്കാട്' എന്നതാണ് ഇപ്പോഴത്തെ വെള്ളാപ്പള്ളിയുടെ ലൈൻ. തലസ്ഥാന ജില്ലയിൽ ബാലരാമപുരത്ത് നടന്ന ശ്രീനാരായണീയ മഹാസംഗമത്തിലാണ് വെള്ളാപ്പള്ളി ഈ ലൈൻ വെളിപ്പെടുത്തിയത്. ഇനിയിപ്പോഴും ഒരു 'പാണക്കാടിനെ' വളർത്തിയെടുക്കാൻ ബുദ്ധിമുട്ടായ സ്ഥിതിക്ക് കേട്ടുനിന്നവരിൽ പലരും ഉള്ളിലിരിപ്പ് പിടികിട്ടിയതിനാൽ ഊറി ചിരിച്ചുപോയി.

മന്ത്രി ചെർക്കളത്തിന്റെ പൊട്ടാണ് വെള്ളാപ്പള്ളിക്ക്



ഈ ഉംക്കാഴ്ച നൽകിയത്. 'ചെർക്കളം പൊട്ടുകുത്തിയപ്പോഴാണ് ഒരു വിഭാഗം കേറി കൊത്തി. പാണക്കാട്ട് എത്തിയപ്പോഴും പ്രശ്നം രാജിയായി.' സമുദായത്തിനും ഒരു പാണക്കാട് ഉണ്ടായാൽ സമുദായക്കാരുടെ തമ്മിലടി കൊഴുപ്പിക്കാൻ മാധ്യമങ്ങൾക്ക് അവസരം കിട്ടുമായിരുന്നില്ലെന്നാണ് വെള്ളാപ്പള്ളിയുടെ വിലയിരുത്തൽ.

സമുദായ പ്രശ്നങ്ങളുടെ പശ്ചാത്തലംകൂടി അറിയുമ്പോഴാണ് വരാനിരിക്കുന്ന 'പാണക്കാടി'ന്റെ പ്രവർത്തന മണ്ഡലത്തിന്റെ വിശാലതയെക്കുറിച്ചോർത്ത് ഞെട്ടിപ്പോകുന്നത്. സി.പി.ഐ. നേതാവ് വെളിയം ഭാർഗവൻ ഈയവർക്കെതിരെ നിൽക്കുന്നു: സി.പി.എമ്മിൽ വി.എസും പിണറായിയും തമ്മിലടിക്കുന്നു. പിന്നാക്കക്കാരെക്കൊണ്ട് പിന്നാക്കക്കാരെ പറയിപ്പിക്കുന്നതും പിന്നാക്കക്കാരെ തമ്മിലടിപ്പിക്കുന്നതും ചില രാഷ്ട്രീയതമ്പുരാക്കന്മാരുടെ ഗൂഢാലോചനയെന്നാണ് വെള്ളാപ്പള്ളിയുടെ സിദ്ധാന്തം.

ഇനിയുമുണ്ട് സിദ്ധാന്തങ്ങൾ. സി.പി.ഐയുടെ വളർച്ച പടവലങ്ങപോലെ താഴോട്ട്. പടവലങ്ങ താഴോട്ട് വളരാൻ അതിന്റെ അറ്റത്ത് ഒരു കല്ല് കെട്ടിത്തൂക്കണം. ആ കല്ലാണ് വെളിയം ഭാർഗവൻ. എന്തു വിദ്യകാണിച്ചും പണം തട്ടുന്ന പാഷാണം വർക്കിയെപ്പോലെയാണ് സി.പി.എം. വോട്ട് തട്ടാൻ നാരായണഗുരുവിനെയും വിവേകാനന്ദനെയും അയ്യൻകാളിയെയുമൊക്കെ ബോർഡിൽ ഭംഗിയായി വരച്ചുവയ്ക്കും.

ഈഴവർ തമ്മിലടിച്ചാൽ കേരളത്തിലെ മാധ്യമങ്ങളം ആഘോഷിക്കും. മറ്റുള്ളവർ തമ്മിലടിച്ചാൽ അതു മുങ്ങിപ്പോകും. ആഘോഷമൊഴിവാക്കാൻ പരിഹാരമൊന്നേയുള്ളൂ. സ്വന്തം പാണക്കാട് അഥവാ സ്വയം പാണക്കാട്.

കായികരംഗത്തും വരുന്നു പോസ്റ്റർ പ്രളയം

കോൺഗ്രസ്സിൽ എല്ലാറ്റിനും പോസ്റ്റർ യുദ്ധമാവുമ്പോഴം അതു നേതൃത്വം നൽകുന്ന സ്പോർട്സ്സും അതിൽ നിന്നും വിഭിന്നമാകരുതല്ലോ. കായികപ്രേമികളൊക്കെ ലോകകപ്പ് ക്രിക്കറ്റിന്റെ ആഫ്രിക്കൻ വിശേഷങ്ങളിൽ ലയിച്ചിരിക്കുമ്പോഴായാലും ഇതിനു കോട്ടം വരരുത്. കൊച്ചിയിൽ ഈയ്യിടെ നടന്ന കോളേജ് ഗെയിംസിന്റെ പ്രചാരണം തന്നെ ഇതിനുദാഹരണം. നഗരത്തിലാകെ പെട്ടെന്ന് പോസ്റ്ററുകളം നിറഞ്ഞു. മുഖ്യമന്ത്രി, സ്പോർട്സ് മന്ത്രി കൂടെ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് ഇവരുടെ കൂറ്റൻ തലകം പതിച്ച ബഹുവർണ്ണപോസ്റ്ററുകം. താഴെ ചെറിയക്ഷരത്തിൽ കോളേജ് ഗെയിംസിന്റെ തിയ്യതികം. ക്രിക്കറ്റ് ജ്വരത്തിനിടയിൽ ഗെയിംസ് നിറംമങ്ങിയെങ്കിലും പോസ്റ്റർ കലക്കിയെന്നതെ അധികൃതരുടെ വിലയിരുത്തൽ. കോൺഗ്രസ് - യൂത്ത് കോൺഗ്രസ് കെഎസ്യു ഭാരവാഹികളുടെ പട്ടികയിൽ കയറിക്കൂടുന്നവരുടെയൊക്കെ തലവച്ച് പോസ്റ്ററുകം ഇറങ്ങിക്കൊണ്ടിരിക്കെയായിരുന്നു ഗെയിംസിന്റെ പോസ്റ്ററുകളും ഇറങ്ങിയത്. സ്പോർട്സ് കൗൺസിൽ സ്ഥാനം കിട്ടിയപ്പോഴം മറന്നുപോയ 'പോസ്റ്റർ സുഷ്പം' ഗെയിംസിലൂടെ പൂവണിയിയ്ക്കാനായി ചിലർക്കെന്നും അണിയറവർത്തമാനവുമുണ്ട്. ക്രിക്കറ്റിനിടെ ഗെയിംസ് വേണ്ടെന്ന ഉപദേശം തള്ളപ്പെട്ടതും അടിച്ചുപോയ ബഹുവർണ്ണപോസ്റ്ററിന്റെ പേരിലാണെന്നും പറയുന്നു.

മാധ്യമപ്രവർത്തകരെ സൂക്ഷിക്കണം

മാധ്യമങ്ങളും മാധ്യമപ്രവർത്തകരും കരിങ്കാലികളാണെന്നും അതിനാൽ അവരുടെ മുഖത്തുപോലും നോക്കരുതെന്നുമാണത്രെ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് ലഭിച്ചിരിക്കുന്ന പുതിയ നിർദേശം. പത്രമാധ്യമങ്ങളുമായി മേലിൽ ബന്ധപ്പെട്ടുപോകരുതെന്നു കാണിച്ച് സർക്കുലർ ഇറക്കിയിരിക്കുന്നത് സർക്കാരിന്റെ ഔദാര്യത്തിൽ കസേരയിലിരിക്കുന്ന മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണെന്നറിയുന്നു. തുമ്മിയാൽ തെറിക്കുന്ന മൂക്കുള്ളവരാണ് എല്ലാത്തരം അടിതടയും പഠിച്ച ബാങ്ക് യൂണിയനെ നിലയ്ക്കുനിർത്താൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്നാണ് ചില രസികന്മാർ ഇതിനെക്കുറിച്ചു പറഞ്ഞത്.



ഇതിനെതിരെ നിർഭയം യൂണിയനുകംതന്നെ പരസ്യപ്രസ്താവനകളുമായി രംഗത്തെത്തി. കേരളത്തിൽ ഇത്തരം പരിഷ്കാരം ഏർപെടുത്തിയിട്ടുള്ള ഏക ജില്ലാ ബാങ്ക് ഇടുക്കിയിലേതാണെന്നാണ് ചില സംഘടനകളുടെ വിശദീകരണം.

യൂണിയനുകം പ്രസ്താവന നടത്തിയാൽ ബാങ്കിന്റെ സൽപേരിനു കളങ്കം വരുമെന്നാണത്രെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ വിലയിരുത്തൽ. കളങ്കരഹിതമായിരുന്നു പ്രവർത്തനമെങ്കിൽ ബാങ്കിന് ഇത്തരത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആവശ്യമായിവരില്ലായിരുന്നുവെന്നാണ് ചിലർ ചൂണ്ടിക്കാണിക്കുന്നത്. ബാങ്ക് ഭരിക്കാൻ നോക്കിയിരിക്കുന്നവരാണ്, ജില്ലയിലെ പല പ്രമുഖരുമെന്നും കേംക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ബാങ്കിൽ നടക്കുന്ന കാര്യങ്ങം പുറത്തറിയരുതെന്ന ഉദ്ദേശ്യത്തോടെയാണ് പുതിയ സർക്കുലർ എന്ന് പലരും സ്വകാര്യം പറയുന്നു.

ഭൂമിയോളം ക്ഷമിച്ചത് ബലഹീനതയല്ല-ആൻറണി

തിരുവനന്തപുരം: ഭൂമിയോളം ക്ഷമിച്ചത് സർക്കാരിന്റെ ബലഹീനതയായി കാണരുതെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി പറഞ്ഞു. അനിതരസാധാരണമായ സംയമനമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചതെന്ന് അദ്ദേഹം നിയമസഭയിൽ അറിയിച്ചു. ഒരു പോലീസുകാരനെ വെട്ടിപ്പരിക്കേല്പിച്ച് അയാളെ മണ്ണെണ്ണ ഒഴിച്ച് തീകൊളുത്താൻ തയ്യാറെടുക്കുമ്പോഴാണ് പോലീസ് വെടിവച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മുത്തങ്ങ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കോടിയേരി ബാലകൃഷ്ണനും മറ്റും നൽകിയ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസിനു മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

800 ഗോത്രസമിതി പ്രവർത്തകർ മുത്തങ്ങയിലെ നിബിഡവനം കയ്യേറുകയായിരുന്നു. പുറത്തുനിന്ന് വരുന്നവരെ നിയന്ത്രിക്കാൻ ചെക്ക് പോസ്റ്റുവരെ സ്ഥാപിച്ചു. വനപാലകർക്ക് ഗോത്രസഭയുടെ പാസ് വേണമെന്ന സ്ഥിതിവന്നു. ഗോത്രസഭാ പ്രവർത്തകരെ ഒഴിപ്പിക്കുന്നതിന് ബുധനാഴ്ച എത്തിയ പോലീസുകാരെ മാരകായുധങ്ങം ഉപയോഗിച്ച് ആക്രമിച്ചു. ഒരു പോലീസുകാരനെയും ഫോറസ്റ്റ് ജീവനക്കാരനെയും മഴുകൊണ്ട് വെട്ടി. ദേഹത്തും പരിസരത്തും മണ്ണെണ്ണ ഒഴിച്ചു. മറ്റ് മാർഗങ്ങളൊന്നുമില്ലാത്തതിനാലാണ് 15 റൗണ്ട് വെടിവച്ചത്.

പ്രശ്നം പരിഹരിക്കാൻ തുടർന്നും ശ്രമിക്കും. ആദിവാസികളുടെ പ്രശ്നം ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പരിഹരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിയമം കയ്യിലെടുത്തു: അപ്പച്ചൻ

ഒരു വിഭാഗം ആളുകം നിയമം കയ്യിലെടുത്തു സംഭവമാണ് അവിടെ നടന്നതെന്ന് മുത്തങ്ങ ഉംപ്പെടുന്ന പ്രദേശത്തെ നിയമസഭാംഗം എൻ. ഡി. അപ്പച്ചൻ പറഞ്ഞു. ആദിവാസികളുടെ പ്രശ്നം കാലതാമസം കൂടാതെ പരിഹരിക്കണം. പ്രശ്നത്തെ രാഷ്ട്രീയമായി കാണരുത്. മുത്തങ്ങയിലെ സംഭവത്തെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്ന് അപ്പച്ചൻ ആവശ്യപ്പെട്ടു.

തോട്ടവിള വിലയിടിവ് തടയാൻ വിലസ്ഥിരതാ നിധി; കർഷകർക്ക് വർഷം 1000 രൂപ

മനോജ്മേനോൻ

ന്യൂഡൽഹി: കാർഷിക വിളകളുടെ വിലയിടിവ് നേരിടുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മുന്നൂറ് കോടിരൂപയുടെ 'വിലസ്ഥിരതാ നിധി' നിലവിൽ വന്നു. റബ്ബർ, കാപ്പി, തേയില, പുകയില, എന്നീ തോട്ടവിളകളെയാണ് പദ്ധതിയിൽ ഉംപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരം നാല് ഹെക്ടർ കൃഷി ഭൂമിയുള്ള കർഷകന് വിലത്തകർച്ചാവേളയിൽ വർഷം ആയിരം രൂപ കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നല്കും. വിളലാകേരമായ സമയത്ത് കർഷകർ നിധിയിലേക്ക് ആയിരം രൂപ നല്കണമെന്നും വ്യവസ്ഥയുണ്ട്.

2002-2003, 2003-2004 വർഷങ്ങളിൽ പദ്ധതിക്ക് പ്രാബല്യമുണ്ടായിരിക്കും. ഇതിനായി കേന്ദ്രസർക്കാർ രണ്ട് തവണകളിലായി 150കോടി രൂപ വീതം മൂന്നൂറ് കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ ഉപസമിതിയാണ് വിലസ്ഥിരതാനിധിയെക്കുറിച്ച് അന്തിമതീരുമാനമെടുത്തത്. നാല് ഹെക്ടർ കൃഷി ഭൂമിയുള്ള കർഷകർക്ക് വിലസ്ഥിരതാനിധിയിൽ അംഗമായി ചേരാം. ഇതിനായി ഓരോ കർഷകനും ഒരു ദേശസാൽകൃത ബാങ്കിൽ അഞ്ഞൂറ് രൂപ നിക്ഷേപിച്ച് അംഗത്വം എടുക്കണം. തുടർന്ന് കാർഷികവിളകളുടെ വിലയിൽ ഏറ്റക്കുറച്ചിലുകളില്ലാത്ത വർഷങ്ങളിൽ കർഷകനും കേന്ദ്രസർക്കാരും അഞ്ഞൂറ് രൂപവീതം നിധിയിൽ നിക്ഷേപിക്കണം.

ഇഖ്ബാൽ റിമാണ്ടിൽ; 'മോക്ക' പ്രകാരം കേസെടുത്തേക്കും

സ്വന്തം ലേഖകൻ

മുംബൈ: ദുബായിൽനിന്ന് വീട്ടുകിട്ടിയ അധോലോക നേതാവ് ഇഖ്ബാൽ ഷേഖ് കാസ്സറെ മാർച്ച് ആറുവരെ കോടതി പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്തു.

ഇഖ്ബാലിനെപ്പം ബുധനാഴ്ച രാത്രി മുംബൈ വിമാനത്താവളത്തിൽവെച്ച് അറസ്റ്റിലായ സ്ലോടനകേസിലെ പ്രതി ഇജാസ് പത്താനെ സി.ബി.ഐ. ചോദ്യംചെയ്യാൻ തുടങ്ങി.

അധോലോകനായകൻ ദാവൂദ് ഇബ്രാഹിമിന്റെ ഇളയ സഹോദരനായ ഇഖ്ബാൽ കാസ്സറെ കനത്ത രക്ഷാസന്നാഹങ്ങളോടെയാണ് ബല്ലാർഡ് പിയറിലുള്ള അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയത്. 1998-ൽ നടന്ന രവീന്ദ്രബാബുലാൽ സിങ് കൊലക്കേസിന്റെ തെളിവെടുപ്പിനായി ഇഖ്ബാളെ കസ്റ്റഡിയിൽ വിട്ടുകിട്ടാനാണ് പോലീസ് കോടതിയിൽ അപേക്ഷിച്ചത്.

ബുധനാഴ്ച രാത്രി അറസ്റ്റുചെയ്തശേഷം പോലീസ് തനിക്ക് ഭക്ഷണംപോലും നൽകിയിട്ടില്ലെന്ന് ഇഖ്ബാൽ കോടതിയിൽ ആരോപിച്ചു. എന്നാൽ, ഈ ആരോപണം പോലീസ് നിഷേധിച്ചു.

ഓഹരി വില്പന: ലോകസഭയിൽ ബഹളം

സഖ്യകക്ഷികളും സർക്കാരിനെതിരെ

കെ.എം. ജോഷി

ന്യൂഡൽഹി: എണ്ണക്കമ്പനികളായ എച്ച്.പി.സി.എൽ, ബി.പി.സിഎൽ എന്നിവയുടെ ഓഹരിവില്പനയ്ക്കെതിരെ പാർലമെന്റിൽ വീണ്ടും പ്രതിഷേധം. പാർലമെന്റിന്റെ അനുമതികൂടാതെ ഓഹരി വിറ്റഴിക്കാനുള്ള സർക്കാർ നീക്കത്തിനു തടയിടണമെന്ന് ഭരണ,പ്രതിപക്ഷ ഭേദമന്യേ എം.പി.മാർ സ്പീക്കറോട് ആവശ്യപ്പെട്ടു. റിയലൻസ് ഗ്രൂപ്പിനു വേണ്ടിയാണു ലാഭത്തിൽപ്രവർത്തിക്കുന്ന എണ്ണക്കമ്പനികം വിറ്റഴിക്കാൻ ശ്രമിക്കുന്നതെന്ന സമത-ജനതാദം(യു) ആരോപണം സർക്കാറിന് അപ്രതീക്ഷിത തിരിച്ചടിയായി. ഭരണ-പ്രതിപക്ഷ പാർട്ടികം ശക്തമായി രംഗത്തുവന്നതോടെ പ്രശ്നം സഭയിൽ വിശദമായി ചർച്ച ചെയ്യാമെന്നും സ്പീക്കർ സമ്മതിച്ചു. ലോകസഭയുടെ കാര്യോപദേശക സമിതി യോഗത്തിൽ ചർച്ചയുടെ ദിവസം നിശ്ചയിക്കാമെന്നും സ്പീക്കർ അറിയിച്ചു.

സർക്കാർ അപ്പീൽ ഇന്ന് സുപ്രീം കോടതി പരിഗണിക്കും

ന്യൂഡൽഹി: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീൽ ഹർജി വെള്ളിയാഴ്ച സുപ്രീം കോടതി പരിഗണിക്കും. വ്യാഴാഴ്ചയാണ് അപ്പീൽ ഹർജി ഫയൽ ചെയ്തത്.

ഹൈക്കോടതി വിധിക്കെതിരെ ഓർത്തഡോക്സ് സഭ സുപ്രീം കോടതിയിലേക്ക്

കോട്ടയം: സഭാ കേസിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു. ഓർത്തഡോക്സ് സഭക്കെതിരെ സംസ്ഥാന സർക്കാർ കൈക്കൊണ്ട നിലപാടാണ് കേസ് നടത്തിപ്പിൽ സഭയ്ക്കുതിരായത്.

സംസ്ഥാന സർക്കാരിനെതിരെ കടുത്ത വിമർശനമുയർന്ന യോഗത്തിൽ സഭയ്ക്കനുകൂലമായി മുഖ്യമന്ത്രി ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് അംഗങ്ങം പറഞ്ഞു.

രാജഗോപാലിനെതിരെ ചെന്നിത്തല അവകാശലംഘന നോട്ടീസ് നൽകി

ന്യൂഡൽഹി: കേരളത്തിൽനിന്നുള്ള എം.പിമാരെ അപമാനിച്ചുവെന്നാരോപിച്ച് രമേശ് ചെന്നിത്തല എം.പി. പ്രതിരോധ സഹമന്ത്രി ഒ. രാജഗോപാലിനെതിരെ അവകാശലംഘന നോട്ടീസ് നൽകി.

കേരളത്തിൽനിന്നുള്ള എം.പിമാർ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നില്ലെന്നും അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നില്ലെന്നുമുള്ള മന്ത്രിയുടെ പ്രസ്താവന അത്യന്തം അപമാനകരമാണെന്നും ചെന്നിത്തല ലോക്സഭയിൽ ആരോപിച്ചു.

ലൈംഗികാപവാദകേസ്: ഹോട്ടലുടമകൾ റിമാൻറിൽ

അഹമ്മദാബാദ്: രണ്ടുപഞ്ചാബ് മന്ത്രിമാർ ഉംപ്പെടുന്ന ലൈംഗികാപവാദകേസുമായി ബന്ധപ്പെട്ട് അഹമ്മദാബാദിലെ മൂന്നു ഹോട്ടലുടമകളെ കോടതി റിമാൻറുചെയ്തു. ഇവരെ അഞ്ചുദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്തിട്ടുണ്ട്.

സൈനർ, പ്ലാറ്റിനം, സമീർ എന്നീ ഹോട്ടലുകളുടെ ഉടമകളെയാണ് റിമാൻറ് ചെയ്തത്.

മൂസാ മണിക്ഫെൻ ലക്ഷദ്വീപ് കോൺഗ്രസ് പ്രസിഡണ്ട്

ന്യൂഡൽഹി: ലക്ഷദ്വീപ് പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ടായി മൂസാ മണിക്ഫെൻ കല്പിഗോത്തിയെ കോൺഗ്രസ് പ്രസിഡണ്ട് സോണിയാഗാന്ധി നിയമിച്ചു.

അബുസലീമിനെ ഇന്ത്യക്ക് കൈമാറാൻ പോർട്ടുഗൽ സമ്മതിച്ചു

ന്യൂഡൽഹി: അധോലോക കുറ്റവാളിയും ഒരു കാലത്ത് ദാവൂദ് ഇബ്രാഹിമിന്റെ വിശ്വസ്തനുമായിരുന്ന അബുസലീമിനെ ഇന്ത്യക്ക് കൈമാറാൻ പോർട്ടുഗീസ് സർക്കാർ സമ്മതിച്ചു. വിദേശകാര്യ സഹമന്ത്രി ദിഗ്വിജയ് സിങാണ് വ്യാഴാഴ്ച രാജ്യസഭയിൽ ഇക്കാര്യം അറിയിച്ചത്. ദാവൂദ് ഇബ്രാഹിമിന്റെ സഹോദരൻ ഇഖ്ബാൽ കാസ്ക്കറെയും കൂട്ടാളിയായ ഇജാസ് പത്താനെയും ദുബായ് ബുധനാഴ്ച ഇന്ത്യക്ക് കൈമാറിയിരുന്നു. മാസങ്ങം നീണ്ടുനിന്ന ഇന്ത്യൻ നടി മോണിക്കാബേദിയോടൊപ്പമാണ് അബുസലീം പോർട്ടുഗലിൽ അറസ്റ്റിലായത്. നിരവധി കേസുകളിൽ പ്രതിയായ ഇയാളെ വിട്ടുകിട്ടാൻ ഇന്ത്യ ശ്രമം ആരംഭിച്ചിരുന്നെങ്കിലും അത് ഫലപ്രദമായിരുന്നില്ല.

അയോധ്യ: 'സ്റ്റേ' പിൻവലിച്ചാൽ ക്ഷേത്രം പണിയും -കാഞ്ചി ശങ്കരാചാര്യർ

വിജയവാഡ: അയോധ്യയിലെ തർക്കരഹിത ഭൂമിയിൽ മതപരമായ പ്രവർത്തനങ്ങം തടയുന്ന സ്റ്റേ ഉത്തരവ് സുപ്രീംകോടതി പിൽവലിച്ചാൽ അവിടെ രാമക്ഷേത്രം പണിയുമെന്ന് കാഞ്ചി ശങ്കരാചാര്യർ ജയേന്ദ്ര സരസ്വതി സൂചിപ്പിച്ചു. 'സ്റ്റേ' പിൻവലിക്കണമെന്നഭ്യർഥിച്ച് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.

'സ്റ്റേ' ഉത്തരവ് വൈകാതെ പിൻവലിക്കുമെന്നാണ് പ്രതീക്ഷ. അതോടെ തർക്കരഹിത ഭൂമിയിൽ രാമക്ഷേത്രം പണിയാൻ സാധിക്കും. എന്റെ മാധ്യസ്ഥം ഫലമുണ്ടാക്കുമെന്ന് ഉറപ്പുണ്ട്'- ജയേന്ദ്ര സരസ്വതി പറഞ്ഞു.

ഗോവധം നിരോധിക്കുമെന്ന് പ്രധാനമന്ത്രി

മാണ്ഡി (ഹിമാചൽപ്രദേശ്): രാജ്യത്ത് ഗോവധം നിരോധിക്കുമെന്ന് പ്രധാനമന്ത്രി എ.ബി. വാജ്പേയി പ്രഖ്യാപിച്ചു. ബി.ജെ.പി.യുടെ തിരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ഗോവധം അനുവദിക്കുന്ന സംസ്ഥാനങ്ങൾക്ക് കൂടി ബാധകമാകുന്ന സമ്പൂർണ ഗോവധ നിരോധനമാണ് ഉദ്ദേശിക്കുന്നതെന്ന് വാജ്പേയി വ്യക്തമാക്കി.

വാജ്പേയി ഗോമാംസം ഭക്ഷിക്കുമെന്ന മധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്വിജയ് സിംഗിന്റെ ആരോപണത്തെ പരാമർശിച്ചുകൊണ്ട്, ഗോമാംസം കഴിക്കുന്നതിനേക്കാം മരണമാണ് തനിക്ക് സ്വീകാര്യമെന്ന് വാജ്പേയി പറഞ്ഞു.

താലൂക്ക് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇനി കമ്പ്യൂട്ടറിലൂടെ

തിരുവനന്തപുരം: താലൂക്ക് ഓഫീസുകളിൽനിന്ന് ജനങ്ങൾക്ക് ഇനി കമ്പ്യൂട്ടർ മുഖേന സർട്ടിഫിക്കറ്റുകം നൽകും. 28ന് ഇത് നിലവിൽ വരുമെന്ന് റവന്യൂ മന്ത്രി കെ. എം. മാണി പത്രസമ്മേളനത്തിൽ പറഞ്ഞു.

സമുദായം, നേറ്റിവിറ്റി, സോംവൻസി, ആദായം, മേൽത്തട്ട്, ഇതരവിഭാഗമാണെന്ന രേഖ തുടങ്ങി ഇപ്പോം താലൂക്ക് ഓഫീസുകം വഴി നൽകുന്ന 19 സർട്ടിഫിക്കറ്റുകളാണ് കമ്പ്യൂട്ടർ മുഖേനയാക്കുന്നത്. ഈ സർട്ടിഫിക്കറ്റുകം കിട്ടാൻ അച്ചടിച്ച പ്രത്യേക അപേക്ഷാഫോമുകം പൂരിപ്പിച്ച് നൽകണം. ഇത് താലൂക്ക് ഓഫീസുകളിൽ കിട്ടും.

ആർ.ടി. ഓഫീസുകളും ചെക്ക് പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ എൺപതോളം വരുന്ന ആർ.ടി.ഒ. ഓഫീസുകളും ചെക്ക്പോസ്റ്റുകളും ഒരുവർഷത്തിനുള്ളിൽ കമ്പ്യൂട്ടർവൽക്കരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പിലാക്കുക.

മനുഷ്യമതിൽ മന്ത്രിമാർക്കുള്ള താക്കീത്: എം.പി. വീരേന്ദ്രകുമാർ

പ്രത്യേകലേഖകൻ

പാലക്കാട്: പുഴകളും അണക്കെട്ടുകളും വില്പുന്ന കേരളത്തിലെയും ഇന്ത്യയിലെയും മന്ത്രിമാർക്കുള്ള താക്കീതാണ് മലമ്പുഴയിൽ തീർത്ത മനുഷ്യമതിൽ എന്ന് ജനതാദം സംസ്ഥാന പ്രസിഡണ്ട് എം.പി. വീരേന്ദ്രകുമാർ അഭിപ്രായപ്പെട്ടു.

മലമ്പുഴജലസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ വ്യാഴാഴ്ച വൈകീട്ട് മലമ്പുഴയിൽ മനുഷ്യമതിൽ തീർത്തതോടൊപ്പം ചേർന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

''എല്ലാത്തിനും പകരം ഉണ്ട്. വെള്ളത്തിനു മാത്രം പകരം ഇല്ല. ചോറ്റാനിക്കരയിലെ വെള്ളം കുവൈറ്റിൽ കുപ്പിയിലാക്കി വില്ലുന്ന കച്ചവടമാണ് ഇവിടെ നടക്കുന്നത്.''

മലമ്പുഴ വിൽക്കാൻ ജിജി തോംസൺ എന്ന ഉദ്യോഗസ്ഥനു അധികാരം നൽകിയതാരെന്നു വീരേന്ദ്രകുമാർ ചോദിച്ചു. മലമ്പുഴ വില്പാൻ അമേരിക്കയിലെ 'വാഷിങ്ടൺ പോസ്റ്റ്' പത്രത്തിൽ പരസ്യം നൽകിയിരുന്ന കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി.

അധികമുള്ള വെള്ളം വിൽക്കുന്നതിൽ തെറ്റ് എന്താണെന്നാണ് മന്ത്രിമാർ ചോദിക്കുന്നത്. ഒരു കൈ മതിയെങ്കിൽ മറ്റേ കൈ വിൽക്കുമോ?

മലമ്പുഴയും നിളയും പമ്പയും കബനിയും കാവേരിയും ഗംഗയും യമുനയും ജീവജലത്തിന്റെ സ്രോതസ്സുകം ആണെന്ന് വീരേന്ദ്രകുമാർ ചൂണ്ടിക്കാട്ടി.

മലമ്പുഴ വിൽക്കുമ്പോം നമ്മുടെ നാവാണ് വരളുന്നതെന്ന് ഡോ. സുകുമാർ അഴീക്കോട് പറഞ്ഞു.

പ്രൊഫ. എം.എൻ. വിജയൻ, ടി. പത്മനാഭൻ, സ്വാതന്ത്ര്യസമരസേനാനി നാരായണൻ ജി, വൈശാഖൻ, പ്രൊഫ. പി.എ. വാസുദേവൻ, മുണ്ടൂർ സേതുമാധവൻ, എം. എൻ. രാവുണ്ണി, കെ.ഇ. ഇസ്മായിൽ, എം. ചന്ദ്രൻ, പി. ഉണ്ണി, വി. ചാമുണ്ണി, റസാക്ക് മൗലവി, അഡ്വ. കെ.വി. മാണി, വി. ചെന്താമരാക്ഷൻ എം.എൽ.എ. തുടങ്ങിയവർ സംസാരിച്ചു. എൻ.എൻ. കൃഷ്ണദാസ് എം.പി. സ്വാഗതവും പി.എ. ഗോകുൽദാസ് നന്ദിയും പറഞ്ഞു.

ജാനുവിന് തെറ്റു പറ്റി -മുണ്ടൂർ രാവുണ്ണി

ബാംഗ്ലൂർ: ആദിവാസി ഭൂപ്രശ്നം കൈകാര്യം ചെയ്യുതിൽ സി.കെ. ജാനുവിന് തെറ്റു പറ്റിയെന്ന് ആദിവാസിപ്രശ്നങ്ങം ഉയർത്തിയ 'പോരാട്ടം' സംഘടനയുടെ നേതാവ് മുണ്ടൂർ രാവുണ്ണി മാതൃഭൂമിയോട് പറഞ്ഞു. കേരളത്തിന്റെ മൊത്തം ഭൂപ്രശ്നമായി ബന്ധപ്പെടുത്തി ഉയർത്തേണ്ട പ്രക്ഷോഭമായിരുന്നു അത്. മുഖ്യമന്ത്രി ആൻറണിയും ജാനുവും ഒത്തുകളിച്ചതിന്റെ അനന്തരഫലമാണ് മുത്തങ്ങയിലെ സംഭവങ്ങളെന്നും മുണ്ടൂർ രാവുണ്ണി പറഞ്ഞു. വയനാട്ടിൽ പൂർവസ്ഥിതി പുനഃസ്ഥാപിക്കണം. 'പോരാട്ടം' അതിനുവേണ

ഒടുവിൽ മുത്തങ്ങയും സജീവചർച്ചയ്ക്ക് വിഷയമായി

തിരുവനന്തപുരം: മുത്തങ്ങയിൽ മനുഷ്യച്ചോര വീണപ്പോഴും നിയമസഭയ്ക്ക് മിണ്ടാതിരിക്കാനാവില്ലെന്നായി. ആദിവാസി ഗോത്രമഹാസഭക്കാർ സംരക്ഷിത വനം കൈയേറി ചൂക്കകം സ്ഥാപിച്ച് അവിടം 'സ്വയംഭരണ പ്രദേശ'മായി പ്രഖ്യാപിച്ചിട്ടും മിണ്ടാതിരുന്നസഭ, പോലീസിനെറ തോക്കുകൾ നിറയൊഴിച്ചും ആദിവാസികളുടെ മഴുകൊണ്ടുള്ള വെട്ടേറ്റും കബന്ധങ്ങൾ വീണപ്പോൾ, ഒരു പൊട്ടിത്തെറിയുടെ വക്കിലേക്ക് നീങ്ങി.

ആദ്യം ഇറങ്ങിപ്പോക്കും പിന്നെ തിരികെവന്ന് നടുത്തളത്തിലിറങ്ങിയുള്ള പ്രകടനവുമായി പ്രതിപക്ഷം കഴിഞ്ഞ ദിവസങ്ങളിലെ വീഴ്ചയ്ക്ക് പാപപരിഹാരം ചെയ്തു. ആദിവാസികളോട് കാട്ടിയ അനിതരസാധാരണമായ അനുഭാവത്തിൻെറയും സഹായനടപടികളുടെയും തെളിവുകൾ നിരത്തിയാണ് മുഖ്യമന്ത്രി ആൻറണി പ്രതിപക്ഷത്തെ നേരിട്ടത്. പിന്നെ ചോദിച്ചു: ''വെട്ടേറ്റ് ചോര വാർന്നുകിടക്കുന്ന പോലീസുകാരനെ ചുറ്റും പുല്ലിട്ട് എണ്ണയൊഴിച്ച് ചുട്ടുകൊല്ലാൻ തുടങ്ങുമ്പോഴേ പോലീസ് എന്തു ചെയ്യണം?''

◆ സഭാതലം ◆

സണ്ണിക്കുട്ടി ഏബ്രഹാം

സർക്കാരിനെതിരെ പ്രധാനമായും അഞ്ച് കുറ്റാരോപണങ്ങളാണ് വി.എസ്. അച്യുതാനന്ദനും കോടിയേരി ബാലകൃഷ്ണനും മറ്റു പ്രതിപക്ഷ നേതാക്കളും ഉന്നയിച്ചത്.

ഒന്ന്: ആദിവാസികൾക്ക് ഭൂമി നൽകാമെന്ന വാഗ്ദാനം സർക്കാർ ലംഘിച്ചു. രണ്ട്: ജാനു തിരുവനന്തപുരത്തുവന്ന് കുടിൽ കെട്ടി സമരം നടത്തിയപ്പോഴും ആൻറണിയും കൂട്ടരും അവരെ പ്രോത്സാഹിപ്പിച്ചു. മൂന്ന്: ആദിവാസി ഗോത്രമഹാസഭക്കാർ മുൻകൂട്ടി പ്രഖ്യാപിച്ച് മുത്തങ്ങ വനം കൈയേറാൻ വന്നപ്പോഴും തടഞ്ഞില്ല. നാല്: പ്രശ്നം തീർക്കാൻ സമരക്കാരുമായി കൂടിയാലോചനയ്ക്ക് തയ്യാറായില്ല. അഞ്ച്: പോലീസ് നടപടിക്കുമുമ്പ് വേണ്ടത്ര മുൻ കരുതൽ ഉണ്ടായില്ല.

ജാനുവിനോടുള്ള ശത്രുത പ്രകടിപ്പിക്കുമ്പോഴെന്തെ വെടിവയ്പിൻെറ പേരിൽ സർക്കാരിനെ പ്രഹരിക്കുന്നതന്ത്രമാണ് പ്രതിപക്ഷം സ്വീകരിച്ചത്.

മുത്തങ്ങയിലെ വെടിവയ്പും അക്രമവുംകൊണ്ട് പ്രകോപിതരാകാതെ ആദിവാസികൾക്ക് ഭൂമി നൽകുന്ന പരിപാടികളുമായി മുന്നോട്ടുപോവും; എന്നാൽ സായുധകലാപം അനുവദിക്കില്ല എന്നതായിരുന്നു പ്രതിപക്ഷത്തിനു മറുപടി പറഞ്ഞ ആൻറണിയുടെ നിലപാട്.

പീപ്പിൾസ് വാർ ഗ്രൂപ്പ് അടക്കമുള്ളവർ ആദിവാസി സമരത്തിൻെറ മറവിൽ മുതലെടുക്കുന്നു എന്ന പ്രതിപക്ഷ പരാമർശം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ പൂർണവിവരമില്ലാതെ അതേപ്പറ്റി പറയാനാവില്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നോമിനി സമ്പ്രദായം നിയന്ത്രിക്കും

തിരുവനന്തപുരം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന പദ്ധതികളിൽ 25,000 രൂപയ്ക്കുമേൽ ചെലവ് വരുന്നവ ടെണ്ടർ ക്ഷണിച്ചുമാത്രമേ പണി നടത്താവൂ എന്ന് നിർദ്ദേശം നൽകിയതായി തദ്ദേശഭരണ മന്ത്രി ചെർക്കളം അബ്ദുള്ള നിയമസഭയിൽ പറഞ്ഞു.

◆ നിയമസഭാ ചോദ്യോത്തരം ◆

ഈ വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് ഗഡുക്കളിലായി 1006 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്ന് കെ.ബാബുവിനെ മന്ത്രി അറിയിച്ചു.

2001-02 വരെയുള്ള പെർഫോമൻസ് ഓഡിറ്റ് പൂർത്തിയാക്കിയപ്പോഴാണ് ജനകീയാസൂത്രണ പദ്ധതിയിൽ 270.31 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. നടപ്പാക്കാത്ത പദ്ധതികൾക്കായി നൽകിയ 74.41 കോടി രൂപ കൺവീനർമാരിൽ നിന്ന് പലിശസഹിതം തിരിച്ചുപിടിക്കും-അദ്ദേഹം പറഞ്ഞു.

ഗ്രാമവികസനത്തിന് കേന്ദ്രം അനുവദിച്ച 8053.60 ലക്ഷം രൂപയിൽ 5076.37 ലക്ഷം രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളുവെന്ന് എ.കെ.ബാലൻ, ടി.കെ.ബാലൻ, വി.ചെന്താമരാക്ഷൻ, ഡോ. തോമസ് ഐസക് എന്നിവരെ ഗ്രാമവികസന മന്ത്രി സി.എഫ്. തോമസ് അറിയിച്ചു.

കോഴിക്കോട് മെഡിക്കൽകോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പണിയാൻ ഷാർജയിലെ ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനിയുമായി 20 കോടി രൂപയുടെ ധാരണയിൽ എത്തിയിട്ടുള്ളതായി ആരോഗ്യമന്ത്രി പി.ശങ്കരൻ പറഞ്ഞു. കെ.രാധാകൃഷ്ണൻ, പി.കെ. ശ്രീമതിടീച്ചർ, വി.കെ.സി. മമ്മത്കോയ, സാജു പോൾ എന്നിവരുടെ ചോദ്യത്തിനാണ് ഈ മറുപടി ലഭിച്ചത്.

സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി പല വിഭാഗത്തിൽപ്പെട്ട 17,168 തസ്തികകൾ അധികമായി കണ്ടെത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി കെ.കുട്ടി അഹമ്മദ് കുട്ടിയെ രേഖാമൂലം അറിയിച്ചു. ഇതിൽ ഏറ്റവും കൂടുതൽ കൃഷി വകുപ്പിലാണ്-5296.

കേരള പോലീസ് ഹൗസിംഗ് സഹകരണ സംഘം ക്ളിപ്തം നമ്പർ - 4348

എറണാകുളം, കൊച്ചി - 20

19-ാമത് വാർഷിക പൊതുയോഗ നോട്ടീസ്

കേരള പോലീസ് ഹൗസിംഗ് സഹകരണ സംഘം ക്ളിപ്തം നമ്പർ 4348-ൻെറ 19-ാമത് വാർഷിക പൊതുയോഗം 2003 മാർച്ച് 9-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് സംഘം മന്ദിരത്തിൽ വച്ച് ഇതോടനുബന്ധിച്ചുള്ള കാര്യപരിപാടി അനുസരിച്ച് കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്നതിനാൽ എല്ലാ അംഗങ്ങളും കൃത്യസമയത്ത് യോഗ നടപടികളിൽ പങ്കുകൊള്ളുന്നതിന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

എറണാകുളം 18-2-2003

ആജ്ഞാനുസരണം (ഒപ്പ്) സെക്രട്ടറി

അജണ്ട

1) പ്രാർത്ഥന 2) പൊതുയോഗ നോട്ടീസ് വായിച്ച് റിക്കാർഡ് ചെയ്യൽ 3) സ്വാഗത പ്രസംഗം 4) അദ്ധ്യക്ഷ പ്രസംഗം 5) 18-ാമത് വാർഷിക പൊതുയോഗ മിനിട്ട്സ് അംഗീകരിക്കുക. 6) 2001-2002 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുക 7) 2001-2002 വർഷത്തെ വരവ് ചെലവ് കണക്ക്, ലാഭ-നഷ്ട കണക്ക്, ബാക്കിപത്രം എന്നിവ അംഗീകരിക്കുക. 8) 2000-2001 വർഷത്തെ ആഡിറ്റ് റിപ്പോർട്ടും ന്യൂനതാ പരിഹരണ റിപ്പോർട്ടും അംഗീകരിക്കുക. 9) 2000-01 വർഷത്തെ ലാഭവിഭജനം അംഗീകരിക്കുക. 10) 2002-2003 വർഷത്തേക്കുള്ള ബഡ്ജറ്റ് അംഗീകരിക്കുക 11) ബൈലോ ഭേദഗതി അംഗീകരിക്കുക 12) ചോദ്യോത്തരങ്ങൾ 13) പ്രമേയങ്ങൾ 14) ഉപസംഹാരം 15) കൃതജ്ഞത.

ബൈലോ ഭേദഗതി

നിലവിലുള്ളത്	ഭേദഗതിക്കുശേഷം
8 (എ) ഓരോ അംഗവും കുറഞ്ഞത് ഒരു ഓഹരിയെങ്കിലും എടുത്തിരിക്കേണ്ടതും എന്നാൽ പരമാവധി 20,000/- രൂപയിൽ കൂടുതൽ ഓഹരികൾ എടുക്കുവാൻ പാടില്ലാത്തതുമാകുന്നു.	8 (എ) ഓരോ അംഗവും കുറഞ്ഞത് ഒരു ഓഹരിയെങ്കിലും എടുത്തിരിക്കേണ്ടതാണ്.
9 എ (2) മൂന്നു വർഷത്തിൽ കുറയാത്ത കാലത്തേക്ക് അയാൾ സംഘത്തിൽ അംഗമായിരിക്കുകയും ഓഹരി പിൻവലിക്കാനുമുള്ള അപേക്ഷ 6 മാസത്തിന് മുമ്പ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ.	9എ (2) മൂന്നു വർഷത്തിൽ കുറയാത്ത കാലത്തേക്ക് അയാൾ സംഘത്തിൽ അംഗമായിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ.
34 ഡി സംഘം അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്ക് സംഘം ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളുടെ പലിശ നിരക്കിന് അനുസരണമായി ഭരണസമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും സംഘം ഒരു ശതമാനത്തിലധികം മാർജിൻ എടുക്കുവാൻ പാടില്ലാത്തതാകുന്നു.	34 ഡി സംഘം അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്ക് സംഘം ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളുടെ പലിശ നിരക്കിന് അനുസരണമായി ഭരണ സമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.
35 (7) ബാക്കിയുണ്ടെങ്കിൽ ആ സംഖ്യ റിസർവ് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. ഭാഗിക്കാത്തതും നിബന്ധനകൾ അനുസരിച്ച് വീതിച്ചിട്ടില്ലാത്തതുമായ ലാഭം കരുതൽ ധനത്തിൽ ചേർക്കേണ്ടതാണ്.	35 (7) 15 ശതമാനത്തിൽ അധികരിക്കാത്ത തുക സംഘാംഗങ്ങളെ ഇൻഷർ ചെയ്യുന്നതിനു വേണ്ടി വിനിയോഗിക്കാവുന്നതാണ്.
35 (8) നിലവിലില്ല.	35 (8) ബാക്കിയുണ്ടെങ്കിൽ ആ സംഖ്യ റിസർവ് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. ഭാഗിക്കാത്തതും നിബന്ധനകൾ അനുസരിച്ച് വീതിച്ചിട്ടില്ലാത്തതുമായ ലാഭം കരുതൽ ധനത്തിൽ ചേർക്കേണ്ടതാണ്.

കുറിപ്പ്: (1) പൊതുയോ�ഗത്തിൽ ഹാജരാകുന്ന എല്ലാ അംഗങ്ങളും സംഘത്തിൽ നിന്നും നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ്/ഫാഠം കൊണ്ടു വരേണ്ടതും പൊതുയോഗ ഹാജർ പുസ്തകത്തിൽ ഒപ്പുവയ്ക്കേണ്ടതുമാണ്. (2) പ്രമേയങ്ങളും ചോദ്യങ്ങളും 2003 മാർച്ചുമാസം 1-ാം തീയതി പകൽ 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഒരംഗം ഉപചോദ്യങ്ങൾ ഉൾപ്പെടെ അഞ്ച് ചോദ്യങ്ങളിൽ അധികം ചോദിക്കുവാൻ പാടുള്ളതല്ല. (3) വാർഷിക റിപ്പോർട്ട് കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും അടങ്ങിയ നോട്ടീസ് സംഘം ഓഫീസിലും പോലീസ് ജില്ലാ/യൂണിറ്റ് ആഫീസുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. അംഗങ്ങൾക്ക് പ്രത്യേക അറിയിപ്പ് നൽകുന്നതല്ല.

REGIONAL RESEARCH LABORATORY
(COUNCIL OF SCIENTIFIC & INDUSTRIAL RESEARCH)
THIRUVANANTHAPURAM-695 019

Advertisement No. 01/2003®

Applications are invited from suitable candidates for the following Positions in the Regional Research Laboratory, Thiruvananthapuram, (CSIR) to work under various projects funded by external agencies. The various positions to be filled up under each projects are given below along with qualifications.

PROJECT No.1 Investigations on Gadolinium Silicide alloys for magnetic refrigeration applications.

1. **Sr. Project Fellow (1 No.):** Ist class M.Tech/M.E. in Metallurgy/Materials Science OR Ist class MSc in organic Chemistry /BE/BTech in Mettalurgy/Material Science with a minimum of two years experience in R & D in the area of mineral processing. Pyrometallurgy solid state synthesis, alloy preparation etc.
STIPEND: RS. 9500/-+HRA as admissible.

PROJECT No. II: Synthesis of Novel Heterocycles as potential insect control agents.

1. **Jr. Project Fellow (I No.):** Ist Class M.Sc. Chemistry with experience in organic synthesis preferred.
STIPEND: Rs. 5000/-+HRA as admissible.

PROJECT No.III: Silica Aerogel Low Dielectric Substrates and Super Insulators.

1. Jr. Project Fellow (4 nos) Ist Class M.Sc. Chemistry preferably in organic/M.Sc. Physics. NET qualifications will be an added advantage. Job requirement: Synthesis, characterisation and application studies of Nanoporous materials.

STIPEND: Rs. 5000/-+HRA as admissible.

PROJECT No. IV Development and Demonstration of Environment Friendly Technologies.

1. Sr. Project Assistant (4 nos.) Ist Class B.Sc. Chemistry/ Physics/ Mathematics above 70% marks. Experience in analytical methods and working experience in reputed Research Laboratory will be advantage job Requirement. To develop and domonstrate novel technologies based on building materials/clays/bricks.

STIPEND Rs. 3000/- (Consolidated).

Age limit: Not exceeding 32 years for SPF and 28 years for JPF as on 24th March, 2003. Relaxation in age limit is admissible for SC/ST/OBC/PH and women candidates as per GOI/CSIR orders. Candidates have an option to reply in Hindi also in interview. If the option is required please indicate in the applications.

Cadidates should submit their application on plain paper giving details of academic qualification, date of birth, experience, caste certificate etc along with attested copies of testimonials to the Controller of Administration, Regional Research Laboratory, Thiruvananthapuram-695019 on or before 24th March 2003. Candidate should clearly mention the post and project no. on ther application, those who apply for more than one position should submit seperate application. Incomplete and late applications will not be considered. Bringing in any influence, political or otherwise shall disqualify the candidates.

Director, RRL, Trivandrum reserves the right to shortlist the candidates for being called for interview.
Interim inquiries will not be attended to:

കേരള സർക്കാർ

പൊതുമരാമത്ത് വകുപ്പ് - റോഡുകളും പാലങ്ങളും, ഉത്തരമേഖല, കോഴിക്കോട്

നമ്പർ ഡി.സി. 13/175/2003

പരസ്യ നമ്പർ: 5/2003

കേരള ഗവർണർക്കുവേണ്ടി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറങ്ങൾ വില്പനയ്ക്കുള്ളതും സ്വീകരിക്കുന്നതുമായ തീയതിയും, സമയവും യഥാക്രമം താഴെ കൊടുത്തിരിക്കുന്നു. ദർഘാസുകൾ സ്വീകരിക്കുന്ന ദിവസം വൈകുന്നേരം 4.30ന് കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ക്രമ നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽതുക, ദർഘാസ് ഫോറത്തിൻെറ വില, നിർമ്മാണകാലാവധി, കരാറുകാരൻെറ യോഗ്യത എന്നക്രമത്തിൽ.

1. കാസർകോട് ജില്ലയിലെ വിദ്യാനഗർ മായപ്പടി സീതാംഗോളി റോഡ് കി.മീ. 0/00 മുതൽ 9/620വരെ അഭിവൃദ്ധിപ്പെടുത്തൽ. 60.00 ലക്ഷം, 1000 + വി.നി., 12 മാസം, 'എ' ക്ലാസ്

2. കോഴിക്കോട് ജില്ലയിലെ കല്ലാച്ചി വിലങ്ങാട് റോഡ് കി.മീ. 0/00 മുതൽ 13/930 വരെ അഭിവൃദ്ധിപ്പെടുത്തൽ (ഒന്നാം ഘട്ടം കി.മീ. 1/00 മുതൽ 5/00 വരെ). 34.50 ലക്ഷം, 1000 + വി.നി., 12 മാസം, 'ബി' ക്ലാസ്സും അതിന് മുകളിലും.

3. കോഴിക്കോട് ജില്ലയിലെ ആരാമ്പ്രം കാഞ്ഞിരമുക്ക് റോഡ് കി.മീ. 0/00 മുതൽ 7/500 വരെ അഭിവൃദ്ധിപ്പെടുത്തൽ. 80.00 ലക്ഷം, 2000 + വി.നി., 12 മാസം, 'എ' ക്ലാസ്.

4. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം അഗസ്ത്യമൂഴി റോഡ് കി.മീ. 10/00 മുതൽ 13/00 വരെ അഭിവൃദ്ധിപ്പെടുത്തൽ. 50.00 ലക്ഷം, 1000 + വി.നി., 12 മാസം, 'ബി' ക്ലാസും അതിന് മുകളിലും.

ഒന്നുമുതൽ നാലുവരെ പ്രവൃത്തികൾക്ക് നിരതദ്രവ്യം രൂപ 50,000 ആയിരിക്കും. പ്രവൃത്തിദർഘാസ് ഫോറങ്ങൾ കൊടുക്കുന്ന തീയതി, ദർഘാസ് സ്വീകരിക്കുന്ന തീയതി എന്നിവ യഥാക്രമം താഴെകൊടുത്തിരിക്കുന്നു.

ക്രമ നമ്പർ 1 : 12.3.2003 മുതൽ 18.3.2003 1 മണിവരെ. സ്വീകരിക്കുന്ന തീയതി 25.3.2003.

2 മുതൽ 4 വരെ: 3.4.2003 മുതൽ 10.4.2003 1 മണിവരെ. സ്വീകരിക്കുന്ന തീയതി 22.4.2003.

ദർഘാസ് സംബന്ധിച്ച് നിലവിലുള്ള പൊതുമരാമത്ത് വകുപ്പിൽ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കം എന്നിവയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകളനുസരിച്ച് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് രേഖകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കൂടുതൽ വിവരങ്ങളും ഈ ഓഫീസിൽനിന്നും പ്രവൃത്തിദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

(ഒപ്പ്) **സൂപ്രണ്ടിങ് എഞ്ചിനീയർ**

2952/G1/03/PR

നം. പി.എച്ച്.സി.കെ.എ1-2429/2000.

കേരള ജല അതോറിട്ടി

ലഘുദർഘാസ് പരസ്യം

കേരള ജല അതോറിട്ടിക്ക് വേണ്ടി കോട്ടയം പി.എച്ച്. സർക്കിളും, സൂപ്രണ്ടിംഗ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവർത്തികൾക്കുവേണ്ടി കേരളാ ജല അതോറിട്ടിയിലെ 'എ' ക്ലാസ് കരാറുകാരിൽ നിന്നോ മറ്റ് വകുപ്പുകളിലേയോ യോഗ്യതയുള്ള കരാറുകാരിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. കരാറുകാർ ഇതേ രൂപത്തിലുള്ള ജോലികൾ രൂപകല്പന ചെയ്യുന്നതിനും അവ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതിനും മുൻപരിചയവും പ്രാഗത്ഭ്യവും ഉള്ളവരുമായിരിക്കണം.

1. ദർഘാസ് നമ്പർ: 18/എസ്.ഇ./പി.എച്ച്.സി.കെ/2002-03

ഹഡ്കോ ധനസഹായത്തോടെ ആലപ്പുഴ നഗരത്തിൻെറ ശുദ്ധജലവിതരണ വിപുലീകരണ പദ്ധതിക്കുവേണ്ടി ആലപ്പുഴയിലുള്ള തൂക്കുകുളത്ത് 27.8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി രൂപകല്പന ചെയ്ത് നിർമിച്ച് പ്രവർത്തനക്ഷമമാക്കുന്ന ജോലി. ദർഘാസ് വില്പന നടത്തുന്ന തീയതികം 18.3.2003 മുതൽ 26.3.2003 വരെ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 21.4.2003, 1.00 പി.എം.വരെ. ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 21.4.2003, 4 പി.എം.വരെ.

2. ദർഘാസ് നമ്പർ: 19/എസ്.ഇ/പി.എച്ച്.സി.കെ/2002-03

കുട്ടിശ്ശേരി, ഭരണിക്കാവ് സമീപ വില്ലേജുകൾക്കുമായി കേന്ദ്രീകൃത ത്വരിതഗത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി 8.25 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല രൂപകല്പന ചെയ്ത്, നിർമിച്ച് പ്രവർത്തനക്ഷമമാക്കുന്ന ജോലി. ദർഘാസ് വില്പന നടത്തുന്ന തീയതികം 18.3.2003 മുതൽ 26.3.2003 വരെ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 21.4.2003, 1.00 പി.എം.വരെ. ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 21.4.2003, 3 പി.എം.വരെ.

3. ദർഘാസ് നമ്പർ: 20/എസ്.ഇ/പി.എച്ച്.സി.കെ/2002-03

ഭരണിക്കാവും സമീപവില്ലേജുകൾക്കുമായി കേന്ദ്രീകൃത ത്വരിതഗത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി കുറത്തിക്കാട്ടിൽ 8.85 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി രൂപകല്പന ചെയ്ത് നിർമിച്ച് പ്രവർത്തനക്ഷമമാക്കുന്ന ജോലി. ദർഘാസ് വില്പന നടത്തുന്ന തീയതികം 1.4.2003 മുതൽ 10.4.2003 വരെ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 6.5.2003, 1.00 പി.എം.വരെ. ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 6.5.2003, 3 പി.എം.വരെ.

4. ദർഘാസ് നമ്പർ: 21/എസ്.ഇ/പി.എച്ച്.സി.കെ/2002-03.

മാന്നാർ, കുരുട്ടിശ്ശേരി, ചെന്നിത്തല, തൃപ്പെരുംതുറ എന്നീ വില്ലേജുകൾക്കുമായി കേന്ദ്രീകൃത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി രൂപകല്പന ചെയ്ത് നിർമിച്ച് പ്രവർത്തനക്ഷമമാക്കുന്ന ജോലി. ദർഘാസ് വില്പന നടത്തുന്ന തീയതികം 1.4.2003 മുതൽ 10.4.2003 വരെ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 6.5.2003, 1.00 പി.എം.വരെ. ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 6.5.2003, 3.30 പി.എം.വരെ.

5. ദർഘാസ് നമ്പർ: 22/എസ്.ഇ/പി.എച്ച്.സി.കെ/2002-03.

പി.എം.ജി.വൈ.യിൽപ്പെടുത്തി മാരാരിക്കുളം വടക്ക് പടിഞ്ഞാറ് ഭാഗത്തിന് വേണ്ടിയുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽപെടുത്തി ചേന്നാവേലിയിൽ 2.75 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി രൂപകല്പന ചെയ്ത് നിർമിച്ച് പ്രവർത്തനക്ഷമമാക്കുന്ന ജോലി. ദർഘാസ് വില്പന നടത്തുന്ന തീയതികം 1.4.2003 മുതൽ 10.4.2003 വരെ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 6.5.2003, 1.00 പി.എം.വരെ. ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 6.5.2003, 3.30 പി.എം.വരെ.

നിരതദ്രവ്യം: ഐറ്റം ഒന്നിന് 3 ലക്ഷം (മൂന്ന് ലക്ഷം) രൂപയും മറ്റ് വേലകംക്ക് 50,000 രൂപ. ദർഘാസ് പ്രമാണങ്ങൾക്ക് ഓരോ വേലയ്ക്കും രൂപ 2000 + വി.നികുതി (രൂ. 200), അസ്സൽ രൂപ 1000 + വി.നികുതി (രൂപ. 100) (പകർപ്പ്) പോസ്റ്റേജ് രൂപ. 100/- രൊക്കമായോ, മണിയോർഡർ/ഡിമാൻഡ് ഡ്രാഫ്റ്റായോ, ചെക്കുകൾ, ഔട്ട്സ്റ്റേഷൻ ഡി.ഡി., വി.പി.പി. മുതലായവ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ദർഘാസുകൾ രജിസ്റ്റേർഡ് തപാലിലോ കൊറിയർ മുഖേനയോ മാത്രം. നിശ്ചിതസമയത്തിനശേഷം ലഭിക്കുന്നതും, ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ അടുത്ത പ്രവർത്തിദിവസം മേല്പറഞ്ഞ സമയംവരെ ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിസമയങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിലോ, ടെലഫോൺ നമ്പരിലോ ബന്ധപ്പെടുക. ദർഘാസുകളെ സംബന്ധിച്ച് കേരള ജലഅതോറിട്ടിയിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസുകൾക്കും ബാധകമായിരിക്കും.

കോട്ടയം 5.2.2003
ടെലഫോൺ: 0481 2562745
ഫാക്സ്: 0481 2562745

(ഒപ്പ്) **സൂപ്രണ്ടിംഗ് എഞ്ചിനീയർ**
പി.എച്ച്. സർക്കിൾ
കേരളാ വാട്ടർ അതോറിട്ടി
കോട്ടയം. 686 002.

GL6/586/02-03

BHARAT SANCHAR NIGAM LIMITED
PALAKKAD TELECOMMUNICATIONS

NOTICE INVITING TENDERS

For and on behalf of Bharat Sanchar Nigam Limited, Sealed Tenders are invited for the supply of
PART I : Installation Materials of Optical Fibre Equipment
PART II : Optical Fibre Cable/System Accessories
for Palakkad Secondary Switching Area, for a period of one year.

No. Plg.I/TENDER/OFC/System Accessories/2002-2003/1 dated at Palakkad the 14-02-2003

1. Cost of Tender Document	:	Rs.546/- (inclusive of ST & AST), at the Cash Counter, BSNL, O/o. GMT, Palakkad-14.
2. Place of Issue of Tender forms	:	**O/o. Assistant General Manager (Eqpt. Planning), CTO Bldg., Palakkad-1.**
3. Time & Date of issue of Tender forms	:	From 1100 hrs. to 1500 hrs. on all working days and upto 1200 hrs. on the day of opening Tender
4. EMD	:	Rs.5000/- for each part
5. Time & Date of closing Tender Box	:	**1500 hrs. on 17-03-2003**
6. Time & Date of opening of Tenders	:	**1530 hrs. on 17-03-2003**

GMTD/PGT/ADVT/2002-03/55 Dtd.17-02-2003

Assistant General Manager (PR), For G.M. Telecom, BSNL, Palakkad.

Connecting India

Department of Posts, India
CHIEF POSTMASTER GENERAL
Kerala Circle, Trivandrum-695033

NOTIFICATION

Recruitment to the Cadre of Postal Assistant in the Office of the Chief Postmaster General, Kerala Circle, Trivandrum-695033

Applications are invited for recruitment to the cadre of Postal Assistant in the Office of the Chief Postmaster General, Kerala Circle, Trivandrum-695033.

Further details regarding vacancy position, age, educational qualification, scale of pay etc and specimen application form are exhibited on the notice boards of the Office of the Chief Postmaster General, Kerala Circle, Trivandrum-695033, Postmaster General. Central Region,Kochi-682016, Postmaster General, Northern Region, Kozhikode-673011, Office of the Divisional Superintendents of Post Offices in Kerala Circle and all Head Post Offices in Kerala Circle.

Intending candidates may submit their application as in the specimen application prepared on plain paper with attested copies of certificates to prove age, educational qualification, community etc by registered Post/speed post to the Assistant Director (Rectt), office of the Chief Postmaster General, Kerala Circle, Trivandrum-695033 so as to reach him on or before 31.3.2003.

Sd/- Chief Postmaster General
Kerala Circle, Trivandrum-33
dated at Trivandrum-33 the 18.2.2003
No. Rectt/8-1/Dlg/2002

No. A1-1560/2001

കക്കോടി ഗ്രാമപഞ്ചായത്ത് ഓഫീസ്
പോസ്റ്റ് കക്കോടി, തീയതി: 19.2.2003
ഫോൺ:

ജലസേചന പദ്ധതി പൂർത്തികരിക്കണം

കല്പറ്റ: മുട്ടിൽ, മേപ്പാടി, അമ്പലവയൽ എന്നീ ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കാരാപ്പുഴ പദ്ധതിപ്രദേശങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് ജലസേചന പദ്ധതിയുടെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് കിസാൻ ജനത ജില്ലാ ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു. മുത്തങ്ങ വന്യമൃഗസങ്കേതത്തിൽ കുടിയേറിയിരിക്കുന്ന ആദിവാസികളെ ഒഴിപ്പിച്ച് പകരം ഭൂമിനൽകി പ്രശ്നം പരിഹരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. വി.പി.വർക്കി അധ്യക്ഷത വഹിച്ചു.

പാടശേഖര സമിതിക്കെതിരെ പരാതി

പീച്ചാംകോട്: എടവക ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ പാടശേഖരസമിതിയുടെയും കുരുമുളക് സമിതിയുടെയും പ്രവർത്തന വൈകല്യങ്ങളെക്കുറിച്ച് വയനാട് കുന്ദമംഗലം തെന്നാട്ടിൽ തോമസ് കൃഷിവകുപ്പ് മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടർക്ക് പരാതി നൽകി. അർഹരായ എല്ലാവർക്കും ആനുകൂല്യങ്ങൾ നൽകുന്നില്ലെന്നും ഇരുസമിതികളിലും എട്ടുപ്രദേശങ്ങൾ ഉൾപ്പെട്ട വാർഡിലെ എല്ലാ പ്രദേശങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നും തോമസ് പരാതിയിൽ പറയുന്നു.

പൊതുയോഗങ്ങൾ വിളിച്ചു ചേർക്കുന്നതിൽ വലിയവീഴ്ചകളാണ് സമിതികൾക്കുണ്ടായത്. രണ്ടുതവണ ദ്വാരക യു.പി.സ്കൂളിൽ വിളിച്ചുചേർത്ത പൊതുയോഗങ്ങൾ നടത്തിയില്ല. തുടർന്നുണ്ടായ ബഹളത്തിൽ പഞ്ചായത്തംഗം സഫിയാ ഉസ്മാന്റെ സാന്നിദ്ധ്യത്തിൽ ഭാരവാഹികൾ ജനുവരി 28 ന് കുരുമുളക് സമിതിയും ഫിബ്രുവരി 12 ന് പാടശേഖരസമിതിയും വിളിക്കുമെന്ന് പറഞ്ഞെങ്കിലും പുനഃസംഘടനയും യോഗവും നടന്നില്ലെന്നും പരാതിയിൽ ചൂണ്ടിക്കാട്ടുന്നു.

വിവാഹം

വെള്ളമുണ്ട: എട്ടേനാലിലെ ഖാൻസ് ഹൗസിലെ പരേതനായ മൊയ്തുമാസ്റ്ററുടെയും കുഞ്ഞാഞ്ഞുവിന്റെയും മകൻ സമീർഖാനും പനമരം കുണിയൻ വീട്ടിലെ കെ. ഉസ്മാന്റെ മകൾ താജുന്നീസയും വിവാഹിതരായി.

വനംവകുപ്പ് ഓഫീസും പോലീസ് സ്റ്റേഷനും ആക്രമണഭീതിയിൽ

കൽപ്പറ്റ: ബുധനാഴ്ച മുത്തങ്ങയിലുണ്ടായ പോലീസ് നടപടിയെത്തുടർന്ന് വയനാട് ജില്ലയിലെ വനംവകുപ്പ് ഓഫീസുകളും വനാതിർത്തികളിലെ പോലീസ് സ്റ്റേഷനുകളും ആക്രമഭീതിയിലായി. ഗോത്രമഹാസഭ പ്രവർത്തകരുടെ തിരിച്ചടി ഏതുവിധേനയുമുണ്ടാകാമെന്ന ആശങ്കയിലാണ് പോലീസ്-വനപാലക സേനകളും.

ബുധനാഴ്ച ഏറ്റുമുട്ടലിനുശേഷം വനത്തിലേക്ക് കയറിയ ആദിവാസി സംഘങ്ങളും ഇപ്പോഴും അവിടെത്തന്നെ തമ്പടിച്ചതായാണ് സൂചന. സ്ത്രീകളും കുട്ടികളുമടങ്ങുന്ന കുറച്ചുപേർ ബുധനാഴ്ച രാത്രി കിലോമീറ്ററുകളും വനത്തിലൂടെ നടന്ന് കുടിലുകളിലെത്തിയതായും റിപ്പോർട്ടുണ്ട്. യുവാക്കളുടെ സംഘം വനത്തിനുള്ളിൽ അവശേഷിക്കുന്നതായാണ് സൂചനകളും. മുത്തങ്ങയിലെ കൈയേറ്റ ഭൂമി ഒഴിപ്പിച്ചാൽ തന്നെയും ഈ ഭാഗത്ത് കാവൽനിൽക്കുകയെന്നതും പരിശോധനനടത്തുന്നതും പേടിസ്വപ്നമായിരിക്കും. വനാതിർത്തികളിലെ പോലീസ് സ്റ്റേഷനുകളിൽ ഗോത്രമഹാസഭ സായുധാക്രമണം നടത്താൻ തയ്യാറായേക്കുമെന്നും ആശങ്കകളുണ്ട്. സഭയുടെ ശക്തികേന്ദ്രങ്ങളിൽ പോലീസിനെതിരെയും വനപാലകർക്കെതിരെയും കടുത്ത അമർഷം രൂപംകൊണ്ടിരിക്കുകയാണ്.

വ്യാഴാഴ്ച പുലർച്ചെ സായുധരായ ഒരു സംഘം യുവാക്കൾ മുത്തങ്ങ വനംവകുപ്പ് കേന്ദ്രത്തിനുസമീപംവരെ എത്തിയതായി റിപ്പോർട്ടുകളുണ്ട്. ഇവരെ കണ്ട വനപാലകർ മറ്റുള്ളവരെ വിവരമറിയിച്ച് വിളിച്ചുകൂട്ടുന്നതിനിടയിൽ വനവാർ പിൻതിരിഞ്ഞ് ഓടുകയായിരുന്നുവത്രെ. വനപാലകർ പിടികൂടിയ തങ്ങളുടെ സഹപ്രവർത്തകരെ രക്ഷിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യമെന്ന് കരുതുന്നു.

വ്യാഴാഴ്ച പോലീസ്, വനപാലക സേനകൾ കാട് അരിച്ചുപെറുക്കി പരിശോധിച്ചെങ്കിലും ആരെയും കണ്ടെത്താനായില്ല.



പരിക്കേറ്റ കുഞ്ഞുമായി ബത്തേരി ആസ്പത്രിയിലെത്തിയ ആദിവാസി സ്ത്രീ

തിരിച്ചറിയൽ കാർഡ് വിതരണം ഇന്നുമുതൽ

കല്പറ്റ: സുൽത്താൻബത്തേരി അസംബ്ലി നയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരുള്ള തിരിച്ചറിയൽ കാർഡ് എടുക്കാത്ത വോട്ടർമാർക്ക് കാർഡ് നല്കുന്നു. തിരിച്ചറിയൽ കാർഡില്ലാത്തവരുടെ ലിസ്റ്റ് വില്ലേജോഫീസുകളിലും താലൂക്ക് ഓഫീസുകളിലും ലഭിക്കും.

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടും വോട്ടർപട്ടികയിൽ കാർഡ് നമ്പർ ചേർക്കാത്തവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസിലോ താലൂക്ക് ഓഫീസിലോ അസ്സൽ തിരിച്ചറിയൽ കാർഡ് ഹാജരാക്കി കാർഡ് നമ്പർ വോട്ടർപട്ടികയിൽ ചേർക്കണം. തിരിച്ചറിയൽ കാർഡ് എടുത്തിട്ടില്ലാത്തവരുടേയും കാർഡ്നമ്പർ പട്ടികയിൽ ചേർത്തിട്ടില്ലാത്തവരുടേയും പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്യും. വോട്ടർമാർക്ക് സൗകര്യപ്രദമായ കേന്ദ്രത്തിൽ നിന്ന് തിരിച്ചറിയൽ കാർഡ് കൈപ്പറ്റാം. കാർഡ് വിതരണം ചെയ്യുന്ന വില്ലേജ് ഓഫീസുകളുടെ വിവരം താഴെ.

ഫിബ്രുവരി 20 വില്ലേജ് ഓഫീസ് പുറക്കാടി, മൈലമ്പാടി, കൊളഗപ്പാറ, 21 താഴത്തൂർ, ചീരാൽ ഓഫീസ്, 22 ചീങ്ങേരിഓഫീസ്, അമ്പലവയൽ, 23 ചേകാടിപാക്കം, 24 ചീങ്ങവല്ലം, തോമാട്ടുചാൽ, 25 നെല്ലാറച്ചാൽ പുറ്റാട്ട് 26 പൂതാടി, നാവയൽ, മാർച്ച് 3 അമ്പുകുത്തി ആനപ്പാറ, കോളിയാടി പുത്തൻകുന്നു 5 വാകേരി, ഇരുളം, 6 പുല്ലള്ളി, ആടിക്കൊല്ലി, 8 മുള്ളൻകൊല്ലി, പാടിച്ചിറ, 10 കാപ്പിസെറ്റ്, മാർച്ച് 11 ബീനാച്ചി, സർവജനസ്കൂൾ പരിസരം, 12 ചെതലയം, 17 കിടങ്ങുനാട്, 18 നൂൽപ്പുഴ, മുത്തങ്ങ, 19 നെന്മേനിക്കുന്ന്, ചെട്ടിയാലത്തൂർ.

നസിറുദ്ദീനും സംഘവും യു.ഡി.എഫിന് കീഴടങ്ങി

മാനന്തവാടി: വ്യാപാരിദ്രോഹ നിയമത്തിൽ പ്രതിഷേധിക്കാതെ യു.ഡി.എഫ്. സർക്കാരിന് മുന്നിൽ നസിറുദ്ദീനും സംഘവും കീഴടങ്ങിയിരിക്കുകയാണെന്ന് കേരള സംസ്ഥാന വ്യാപാരി വ്യവസായി ജില്ലാ കമ്മിറ്റി യോഗം ആരോപിച്ചു. ഏകോപനസമിതി നേതാക്കൾക്ക് എതിരെയുള്ള വിജിലൻസ് കേസും കാർഗിൽ-ഗുജറാത്ത് ഫണ്ട് തിരിമറികളും സംബന്ധിച്ച അന്വേഷണവുമാണ് വ്യാപാരികളെ ദ്രോഹിക്കുന്ന നിയമത്തിനെതിരെ പ്രതികരിക്കുന്നതിൽനിന്നും ഇവരെ വിലക്കുന്നത്.

ബാബു ഷജിൽകുമാർ അധ്യക്ഷനായിരുന്നു. വി.കെ. തുളസീദാസ്, കെ.എം. ശിവൻ, സി. ചന്ദ്രൻ, പി.പി. ഗോപാലകൃഷ്ണൻ, എം. ഉമ്മർ, ടി. പ്രഭാകരൻ, പി.പി. ബിനു എന്നിവർ പ്രസംഗിച്ചു.

ലെൻസ്ഫെഡ് സ്വാഗതസംഘം ഓഫീസ് തുറന്നു

കല്പറ്റ: ലൈസൻസ്ഡ് എഞ്ചിനീയേഴ്സ് ആൻഡ് സൂപ്പർവൈസേഴ്സ് ഫെഡറേഷൻ ജില്ലാ സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് ഗൂഡലായിക്കുന്ന് റോഡിൽ പ്രവർത്തനമാരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം സംസ്ഥാന സെക്രട്ടറി മനോജ് നിർവഹിച്ചു. മാർച്ച് 12ന് കല്പറ്റയിൽ നടക്കുന്ന സമ്മേളനത്തിന്റെ നടത്തിപ്പിനായി നഗരസഭാ ചെയർമാൻ ടി.എസ്. രാധാകൃഷ്ണൻ ചെയർമാനായി സ്വാഗതസംഘം രൂപവത്കരിച്ചിട്ടുണ്ട്.

വർഗീസ് രക്തസാക്ഷിദിനം

മാനന്തവാടി: സി.പി.ഐ (എംഎൽ) റെഡ്ഫ്ലാഗ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വർഗീസ് രക്തസാക്ഷിദിനം ആചരിച്ചു. മാനന്തവാടിയിൽ നടന്ന പ്രകടനത്തിന് കുന്നേൽ കൃഷ്ണൻ, ചോമൻ മൂപ്പൻ, വിജയൻ കുഴിവേലി എന്നിവർ നേതൃത്വം നല്കി. സംസ്ഥാന സെക്രട്ടറി പി.സി. ഉണ്ണിച്ചെക്കൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

അനുശോചിച്ചു

മാനന്തവാടി: കാശ്മീരിൽ വീരമൃത്യു വരിച്ച രാഷ്ട്രീയ റൈഫിൾസ് ജവാൻ ജിനേഷിന്റെ ദേഹവിയോഗത്തിൽ കേരള സ്റ്റേറ്റ് എക്സ്സർവീസ് ലീഗ് ജില്ലാ കമ്മിറ്റിയും മാനന്തവാടി താലൂക്ക് കമ്മിറ്റിയും അനുശോചിച്ചു. ക്യാപ്റ്റൻ ഇ.എം. ജോസഫ്, കെ.എം. എബ്രഹാം, കെ.പി. ജോർജ്, രാജശേഖരൻ, അഡ്വ. ഇ.എം. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

ബ്രെയിൻസ് കലോത്സവ് ശനിയാഴ്ച

മുട്ടിൽ: ബ്രെയിൻസ് പബ്ലിക്ക് സ്കൂളിന്റെ കലോത്സവം ഫിബ്രുവരി 22ന് ശനിയാഴ്ച വൈകുന്നേരം 5മണിക്ക് സിനിമാ തിരക്കഥാകൃത്ത് റോബിൻ തിരുമല ഉദ്ഘാടനം ചെയ്യും.

സീനിയർ സിറ്റിസൺ ഫോറംഏച്ചോം യൂനിറ്റ്

ഏച്ചോം: സീനിയർ സിറ്റിസൺഫോറം ഏച്ചോം യൂനിറ്റ് പ്രസിഡണ്ടായി സി.കെ. ഉണ്ണികൃഷ്ണനും സെക്രട്ടറിയായി എം.പി. കുമാരൻനായരും തിരഞ്ഞെടുക്കപ്പെട്ടു. എം.എം. ദേവസ്യ വൈസ് പ്രസിഡണ്ടും എം.യു.ഔസേപ്പ് ജോ. സെക്രട്ടറിയും പി.കെ.ശ്രീധരൻ നമ്പ്യാർ ഖജാൻജിയുമാണ്.

കുന്ദമംഗലം വയൽകോളനിക്കാരുടെ വീടിനായുള്ള കാത്തിരിപ്പ് നീളുന്നു

മേപ്പാടി: കുന്ദമംഗലം വയൽ കോളനിയിലെ അമ്പതോളം കുടുംബങ്ങളുടെ വീടിനു വേണ്ടിയുള്ള കാത്തിരിപ്പ് നീളുന്നു. ഭിത്തികളൊന്നുമില്ലാതെ പ്ലാസ്റ്റിക്ഷീറ്റും ചാക്കുംകൊണ്ട് മറച്ച് മേൽക്കൂരനിറയെ സുഷിരങ്ങൾമാത്രമുള്ള കൂരക്കകത്താണ് വർഷങ്ങളായുള്ള ഇവരുടെ ജീവിതം.

വല്ലപ്പോഴും മാത്രമുള്ള കൂലിപ്പണികൊണ്ട് ജീവിതം തള്ളിനീക്കുന്ന ഇവർ വീടിനുള്ള അനുമതി ലഭിച്ചിട്ടും അധികാരികളുടെ അനാസ്ഥയുമുമ്പിൽ നിസ്സഹായരാവുകയാണ്. തങ്ങളോടൊപ്പം അപേക്ഷിച്ചവരിൽ പലർക്കും വീട് നിർമിച്ചുകൊടുത്തിട്ടും അർഹരായവർക്ക് വീടിനായും കിട്ടിയില്ലെന്നാണ് ഇവരുടെ ആക്ഷേപം.

കൈവശരേഖ ആവശ്യപ്പെട്ടുകൊണ്ടാണ് കോളനിയിലെ പത്തോളം പേർക്ക് വീട് നിഷേധിച്ചിരിക്കുന്നത്. എന്നാൽ ഭൂമിയുടെ അവകാശത്തെക്കുറിച്ച് തർക്കം നിലവിലുള്ള സ്ഥലത്ത് കൈവശരേഖയില്ലാതെ തന്നെയാണ് ചിലർക്ക് വീടിപ്പോം അനുവദിച്ചതെന്നാണ് ഇവരുടെ പരാതി. പദ്ധതിവഴി നിർമിച്ച വീട് വാടകയ്ക്ക് കൊടുത്ത സംഭവവുമുണ്ടത്രേ. വിവാദ ഭൂമി ചെമ്പ്ര കമ്പനി അവരുടെതെന്നും സർക്കാർ ഗവ.ഭൂമിയാണെന്നും വാദിക്കുമ്പോഴും വർഷങ്ങളായി താമസിച്ചു വരുന്ന സ്ഥലം തങ്ങളുടെതാണെന്നാണ് കോളനിവാസികളുടെ മറുപടി. കൈവശാവകാശത്തെ ചൊല്ലി ഹൈക്കോടതിയിൽ ആറോളം കേസുകളും നിലനിൽക്കുന്നുണ്ട്. എടക്കരകത്ത് കദീശയെന്ന എഴുപതുകാരി പറയുന്നത് പഞ്ചായത്ത് മെമ്പർ അഞ്ചുമാസം മുമ്പ് വന്നു കൂര പൊളിച്ച് വീടിന്റെ പണി തുടങ്ങിക്കോയെന്നുവരെ വീട്ടിൽ വന്നു പറഞ്ഞവെന്നാണ്. അന്ന് കൂര പൊളിച്ചെങ്കിൽ താനും മകനും ഭാര്യയും അവരുടെ മൂന്നു കുഞ്ഞു മക്കളും എവിടെ കഴിയുമായിരുന്നുവെന്ന ചോദ്യത്തിന് ആർക്കും മറുപടിയില്ല.

ടെലഫോൺലൈൻ യാത്രയ്ക്ക് തടസ്സം

ചെല്ലങ്കോട്: ചെല്ലങ്കോട് നിന്ന് എടക്കോട്ടേക്ക് പോകുന്ന റോഡിൽ 300 മീറ്ററോളം ദൂരത്തിൽ ടെലഫോൺ ലൈൻ താഴ്ന്ന് നിലം തൊടാറായിക്കിടക്കുന്നു. ഇത് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതായി ആക്ഷേപമുയർന്നു.

അഭിനന്ദിച്ചു

കല്പറ്റ: പൊഴുതന-വെങ്ങപ്പള്ളി നിവാസികളുടെ ഏറെ നാളത്തെ സ്വപ്നമായ വെങ്ങപ്പള്ളി-ആഗ്-നാത്ത്-പൊഴുതന റോഡ് പ്രവൃത്തിക്ക് 98ലക്ഷംരൂപ അനുവദിപ്പിച്ച കെ.കെ. രാമചന്ദ്രൻഎം.എൽ.എയെ പൊഴുതനമണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റി അഭിനന്ദിച്ചു. കെ.ഷാജി അധ്യക്ഷത വഹിച്ചു.

കുന്ദമംഗലം വയൽ കോളനി അങ്കണവാടി കുഞ്ഞുങ്ങൾ ദുരിതത്തിൽ

മേപ്പാടി: കുന്ദമംഗലംവയൽ കോളനിയിലെ അങ്കണവാടിയിലെ കുട്ടികൾ ദുരിതത്തിൽ. അങ്കണവാടിയുടെ പ്രവർത്തനത്തിൽ നിരന്തരം പരാതികൾ ഉയരുന്നുണ്ടെങ്കിലും അവഗണിക്കപ്പെടുകയാണ്.

കുട്ടികളെ വേണ്ട രീതിയിൽ നോക്കാൻ മുഴുവൻ സമയവും അധ്യാപിക എത്താത്തതിനാൽ അമ്മമാർ പരാതികളുമായി രംഗത്തുവന്നതോടെയാണ് പ്രശ്നങ്ങൾ തുടങ്ങിയത്. വൈഖരി കുടുംബശ്രീയിലെ അംഗങ്ങളും കുന്ദമംഗലം വയൽ സ്വദേശികളുമായ 44 പേർ പരാതിയൊപ്പിട്ട് ഗ്രാമസഭയിൽ പഞ്ചായത്തംഗത്തെ ഏല്പിച്ചിട്ടുണ്ട്.

പാചകവും പഠിപ്പിക്കലുമെന്ന ഇരട്ടവേഷത്തിലാണ് അങ്കണവാടിയിലെ ആയ. അമിത ജോലിഭാരത്താൽ പൊറുതിമുട്ടുന്ന ഇവർക്ക് പരാതികളേയില്ല. പതിനൊന്നുമണിവരെ അധ്യാപിക ഇല്ലാത്ത സമയങ്ങളിൽ ആയ ആവശ്യങ്ങൾക്ക് പുറത്തുപോവുമ്പോൾ കുഞ്ഞുങ്ങളെ വാതിലടച്ച് അങ്കണവാടിക്ക് അകത്താക്കുകയേ നിർവാഹമുള്ളൂ. അകത്തുതന്നെയാണ് പാചകത്തിനുള്ള അടുപ്പുമുള്ളത്. ചെറിയ കുട്ടികളും ഇതിനകത്ത് തനിച്ചാകുന്നതിനെ ചൊല്ലിയാണ് അമ്മമാർക്ക് ആധി.

മലമൂത്രവിസർജനത്തിന് കുട്ടികളെ തനിയെ വിടുന്നതിൽ അമ്മമാരിൽ ചിലർക്ക് വിഷമമുണ്ട്. പല പ്രവൃത്തിദിവസങ്ങളിലും അധ്യാപിക എത്താത്തതിനാൽ അങ്കണവാടി അടഞ്ഞുകിടക്കുന്നുണ്ട്.

പരാതി പഞ്ചായത്തധികൃതർക്ക് നൽകിയപ്പോഴാം ആദ്യം അധ്യാപികയോട് വിശദീകരണം ചോദിച്ച് യുക്തമായ പരിഹാരമുണ്ടാക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും പിന്നീട് തുടർനടപടി ഉണ്ടായില്ല.



ഒയിസ്ക ഇന്റർനാഷണൽ കല്പറ്റ ചാപ്റ്റർ ടോക്യോഫിസൻ യൂണിവേഴ്സിറ്റിയിലെ നരവംശ ശാസ്ത്രജ്ഞൻ പ്രൊഫ.സുയുഷിനാരാ ഉദ്ഘാടനംചെയ്യുന്നു

പാൻമസാല നിരോധനം:പഞ്ചായത്ത് പ്രസിഡൻറുമാരെ ആദരിക്കുന്നു

മാനന്തവാടി: ജില്ലയിലെ 20 പഞ്ചായത്തുകളിലും കല്പറ്റ നഗരസഭയിലും നടപ്പിലായ പാൻമസാല നിരോധനത്തിനു പിന്നിൽ പ്രവർത്തിച്ചവരെയും നടപടി സ്വീകരിച്ച പഞ്ചായത്ത് അധികൃതരേയും ആദരിക്കുമെന്ന് കെ.സി. വൈ.എം മാനന്തവാടി രൂപതാ സമിതി ഭാരവാഹികൾ അറിയിച്ചു.

ഭരണസമിതിയുടെ പ്രതിനിധി എന്ന നിലയിലാണ് പ്രസിഡൻറിനെ ആദരിക്കുന്നത്.

ഫിബ്രുവരി 22ന് ദ്വാരക പാസ്റ്ററൽ സെൻററിൽ നടക്കുന്ന നേതൃസംഗമത്തിൽ കർമപദ്ധതി ഉദ്ഘാടനത്തോടെ അനുബന്ധിച്ചാണ് ആദരിക്കൽ. എൻ.ഡി. അപ്പച്ചൻ എം.എൽ.എ. പഞ്ചായത്ത് പ്രസിഡൻറ്മാർക്കും പ്രവർത്തകർക്കും പ്രശംസാഫലകം നൽകും. മാനന്തവാടി രൂപതാ വികാരി ജനറാം മോൺ. ജോർജ് ഞരളക്കാട്ട് മാർഗരേഖ പ്രകാശനം ചെയ്യും.

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ രജത ജൂബിലിയോട് അനുബന്ധിച്ച് ദ്വിദിന യുവജനകൺവൻഷൻ നടത്തും.

രജിമോൻ പുന്നാലിൽ, ഫാ. ജെയിംസ് പുത്തൻപറമ്പിൽ, സണ്ണിജോസ് ചാലിൽ, ബെന്നി വെട്ടിക്കൽ, സ്റ്റാനി ഇലവുങ്കൽ, സി. ക്രിസ്റ്റീന, ഷീജ വാത്താച്ചിറ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കാറ്റിലും മഴയിലും നേന്ത്രവാഴത്തോട്ടം നിലംപൊത്തി

കോട്ടത്തറ: കഴിഞ്ഞ ഞായറാഴ്ച ഉണ്ടായ കനത്ത മഴയിലും കാറ്റിലും കോട്ടത്തറ പഞ്ചായത്തിലെ കണ്ണംമൂല വയലിൽ വാഴകൃഷി നടത്തിയിരുന്ന 30ൽപരം കർഷകരുടെ രണ്ടായിരത്തിൽപ്പരം കുലച്ച നേന്ത്രവാഴകം നിലംപൊത്തി. അരലക്ഷത്തിനു മുകളിൽ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു.

ആരോപണം അടിസ്ഥാനരഹിതം

മാനന്തവാടി: വനിതാ വൊക്കേഷണൽ ടെയിനിംഗ് സെൻറർ നഴ്സുമാർക്ക് വിദേശതൊഴിൽ കിട്ടാനുപകരിക്കുന്ന സി.ജി.എഫ്.എൻ.എൽ പരീക്ഷയ്ക്ക് നടത്തുന്ന കോച്ചിംഗ് ക്ലാസുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ട്രയിനിംഗ് സെൻറർ പത്രക്കുറിപ്പിൽ അറിയിച്ചു.

ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ഇത്തരത്തിലുള്ള കോഴ്സുകളുണ്ട്. കരിയർ ഗൈഡൻസിന്റെ ഭാഗമായി തൊഴിൽ രഹിതരായ നഴ്സുമാർക്ക് പ്രമുഖരായ ഇൻറർനാഷണൽ റിക്രൂട്ടിങ്ങ് ഗ്രൂപ്പിന്റെ സഹായത്തോടെയാണ് മാനന്തവാടിയിലെ കോഴ്സ് നടത്തുന്നത്.

പോലീസിനെതിരെ നടപടിവേണം

കല്പറ്റ: യൂത്ത് കോൺഗ്രസ് സംസ്ഥാന നേതാക്കളായ സോഷ്യലിസ്റ്റ് യൂത്ത് എഡിറ്റർ ആറ്റിപ്ര അനിലിനേയും തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് മണക്കാട് സുരേഷിനേയും മർദിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് അഡ്വ. പി.ഡി.സജിത്ത് ആവശ്യപ്പെട്ടു.

കുപ്പാടി ദുർഗാഭഗവതി ക്ഷേത്രോത്സവം

കല്പറ്റ: കുപ്പാടി ദുർഗാഭഗവതി ക്ഷേത്രത്തിലെ ഈ വർഷത്തെ ഉത്സവം ഫിബ്രുവരി 23 ഞായറാഴ്ച കാലത്ത് തുടങ്ങും. 25ന് ചൊവ്വാഴ്ച രാത്രി സമാപിക്കും. പറയെടുപ്പ്, സാംസ്കാരിക സമ്മേളനം, വെള്ളാട്ട്, തിറ, വാദ്യം, സാമൂഹ്യനാടകം എന്നിവ മൂന്ന് ദിവസത്തെ പരിപാടിയിൽ ഉൾപ്പെടും.

ജീവനക്കാർ വിട്ടുനിൽക്കണം

മാനന്തവാടി: ഒരു വിഭാഗം ജീവനക്കാരും അധ്യാപകരും ഫിബ്രുവരി 27ന് നടത്തുന്ന പണിമുടക്കിൽ നിന്ന് ജീവനക്കാർ വിട്ടുനിൽക്കണമെന്ന് കേരള എൻ.ജി.ഒ. അസോസിയേഷൻ ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. അനിശ്ചിതകാല പണിമുടക്ക് അവസാനിപ്പിക്കുമ്പോൾ മുഖ്യമന്ത്രി നൽകിയ ഉറപ്പ് ഓരോന്നായി നടപ്പിലാക്കുകയാണെന്നും യോഗം വിലയിരുത്തി. എൻ.പി. ജയകൃഷ്ണൻ അധ്യക്ഷനായിരുന്നു.



വയനാട് ജില്ലാ 'എ'ഡിവിഷൻ ക്രിക്കറ്റ് ചാമ്പ്യന്മാരായ എക്സ്കിയൂട്ടീവ് സീനിയർ ക്ലബ്ബിന് എം.പി.ചന്ദ്രനാഥ് ട്രോഫി സമ്മാനിക്കുന്നു

പടപുരം ആദിവാസികോളനിയിലെ വീടുനിർമാണത്തിൽ ക്രമക്കേടെന്ന്

കൽപ്പറ്റ: പുഴമുടിക്കടുത്ത് പടപുരം പണിയകോളനിയിൽ ടൈബൽ ഫണ്ടുപയോഗിച്ച് നിർമിക്കുന്ന വീടു പണിയിൽ ക്രമക്കേടുണ്ടെന്ന് ആരോപണം. കോളനിയിലെ ഓണൻ, നങ്ങി, കൊയിമ, അമ്മിണി എന്നിവർക്കായി നാലു വീടുകളാണ് ഇവിടെ നിർമിച്ചിട്ടുള്ളത്. ഒരു വീടിന് ടൈബൽ വകുപ്പ് 42,100 രൂപയാണ് അനുവദിച്ചിട്ടുള്ളത്. വീട്, ക്കൂസ്, വയറിംഗ് എന്നിവയെല്ലാം ഈ തുകകൊണ്ട് ചെയ്യണം.

പക്ഷേ, ആസ്ബസ്റ്റോസ് ഷീറ്റ്മേഞ്ഞ് വീടു നിർമിക്കുക മാത്രമേ ഇവിടെ നടന്നിട്ടുള്ളൂ. സിമൻറ് കട്ടകം കൊണ്ട് നിർമിച്ച വീടിന് മൂന്നു മുറികളാണ്. കട്ടിലയും വാതിലും ജനലുമെല്ലാം നിർമിച്ചത് പെട്ടെന്നു നശിക്കുന്ന മോശമരങ്ങളം കൊണ്ടാണെന്ന് ആദിവാസികളം ഉപഭോക്താക്കളം പറയുന്നു.

ടൈബൽ പ്രമോട്ടറായ ഒരാളാണ് വീടുനിർമാണത്തിന് നേതൃത്വം നൽകിയത്. ഇനി തുകയുടെ അവസാന ഗഡു മാത്രമേ കൈപ്പറ്റാനുള്ളൂ. ആദിവാസികളം ബാങ്കിൽ ചെന്ന് ഒപ്പിട്ട് കൊടുത്താൽ പണം കൈപ്പറ്റുന്നതും ചെലവഴിക്കുന്നതും ടൈബൽ പ്രമോട്ടറാണ്.

വീടുപണി കഴിഞ്ഞിട്ടും കക്കൂസ് നിർമിക്കാനും വയറിംഗ് നടത്താനും നീക്കം തുടങ്ങിയില്ല. കക്കൂസ് നിർമിക്കാനൊന്നും പണമില്ലെന്നാണ് ഇപ്പോഴം പറയുന്നത്. കോളനിയിലെ അമ്മിണി സ്വന്തം ചെലവിൽ കക്കൂസ് കുഴിക്കാനുള്ള പണി തുടങ്ങി. ഓണൻ കക്കൂസ് സ്വന്തം ചെലവിൽ ഉണ്ടാക്കിക്കഴിഞ്ഞു.

പ്രവേശന പരീക്ഷ നാളെ

കല്പറ്റ: മോഡൽ റസിഡൻഷ്യൽ സ്കൂളം പ്രവേശനത്തിനായി പട്ടികജാതി വികസന ആപ്പീസിൽ അപേക്ഷ സമർപ്പിച്ച പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് ശനിയാഴ്ച 10 മണിക്ക് കല്പറ്റ എസ്.കെ.എം.ജെ. ഹയർസെക്കണ്ടറി സ്കൂളിൽ പരീക്ഷനടത്തും.

ഫുട്ബാൾ റഫറി യോഗം

കല്പറ്റ: ജില്ലയിലെ ഫുട്ബാം റഫറിമാരുടെ യോഗം ഫിബ്രുവരി 23നു രണ്ടുമണിക്ക് ജില്ലാഫുട്ബാം അസോസിയേഷൻ ഓഫീസിൽ ചേരും.

കെ.എസ്.ആർ.ടി.സി. അദാലത്ത്

കല്പറ്റ: കെ.എസ്.ആർ.ടി.സിയുമായി ബന്ധപ്പെട്ട് തീർപ്പായ വാഹന അപകടക്കേസ്സുകളിൽ ഉടനെ നഷ്ടപരിഹാരത്തുക നല്കുന്നതിന് ഫിബ്രുവരി 21നു 10മണി മുതൽ കല്പറ്റ എം.എ.സി.ടി. കോടതി ബാർ അസോസിയേഷൻ ഹാളിൽ അദാലത്ത് നടത്തും. നഷ്ടപരിഹാരത്തുകയ്ക്ക് പലിശ വേണ്ടെന്ന് കക്ഷികളം സമ്മതിക്കുന്ന കേസുകളിലാണ് വേഗത്തിൽ തുക കെട്ടിവെക്കുന്നത്.

സ്കൂൾ വാർഷികം

മേപ്പാടി: സെൻറ് ജോസഫ് യു.പി. സ്കൂളം വാർഷികം ഫിബ്രുവരി 23ന് അഞ്ചരമണിക്ക് ആഘോഷിക്കും. ഒ.കെ. ജോണി ഉദ്ഘാടനം നിർവഹിക്കും.

കല്പറ്റ: വയനാട് മുസ്ലിം കോച്ചറൽ ഫൗണ്ടേഷന്റെ മാനേജ്മെൻറിലുള്ള എം.സി.എഫ് പബ്ലിക് സ്കൂളിന്റെ വാർഷികം വെള്ളിയാഴ്ച 2.30ന് ടൗൺഹാളിൽ നടക്കും. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡണ്ട് കെ.കെ.അഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്യും.

തീവെച്ച് നശിപ്പിച്ചു

മാനന്തവാടി: കല്ലുമുട്ടംകുന്ന് താനിക്കുന്നിൽ മേരിയുടെ നെൽപ്പാടത്തിൽ